TRAINING SCHOOL KOTTAYAM LOWER GRADE

# PREFACE.

The പുരാണകഥാ നിഘണ്ടു which was published in 1899 has been out of print since some years. There having been a great demand for the book recently, a second edition of it was decided upon and I have availed myself of the opportunity to revise and considerably enlarge it by adding more than 800 new subjects bearing upon the Literatures, Customs and Stories of Southern India and especially of the Malayalam country. It is hoped that this would make it more useful as a work of reference. It has also been deemed necessary to change the title of the book so as to embrace the new subjects added.

Trevandram,
8th August 1927.

PILO PAUL.

## ഒന്നാംപതിപ്പിന്റെ

# മുഖവുര.

TRAINING SCHOOL
KOTTAYAM
LOWER GRADE

ചില വൎഷങ്ങൾക്കു മുമ്പ് ക്രിസ്തീയ വേദപുസ്തകത്തിന്റെ ഒരു അനുക്രമണിക ഉണ്ടാക്കാൻ ഞാൻ ശ്രമിക്കുകയും ആ പുസ്തകം തീൎന്നാറെ എന്റെ നിരുദ്യോഗസമയത്തെ എങ്ങിനെ വ്യയം ചെയ്യേണ്ടു എന്നാലോചിച്ചപ്പോൾ ഹിന്ദുശാസ്ത്രപുരാണാദികൾക്കും ഒരു അനുക്രമണികയുടെ ആവശ്യം, ഞാൻ ഒരു വിദ്യാൎത്ഥിയായിരുന്നപ്പോൾ എനിക്കു അനുഭവമായിരുന്നു എന്നുള്ള ഓൎമ്മവരികയും ആ ആവശ്യനിവൃത്തിക്കായി ഒരു യത്നം ചെയ്യണമെന്നു നിശ്ചയിക്കയും ചെയ്തു. ഇങ്ങനെ ഉള്ള ഒരു പുസ്തകനിൎമ്മാണത്തിനു വേണ്ടുന്ന യോഗ്യത് എനിക്കുണ്ടെന്നുള്ള വിചാരമല്ല, ഇംഗ്ലീഷിലുംമററും ഇങ്ങനെയുള്ളപുസ്തകങ്ങളാൽ വേണ്ടുന്ന സഹായമുണ്ടാകുമെന്നുള്ള വിശ്വാസവും പരിശ്രമത്താൽ സാധിക്കാത്ത കാൎയ്യങ്ങൾ ചുരുക്കമാണെന്നുള്ള മനോബോധവും മാത്രമാണ് എന്നെ ഈ പ്രവൃത്തിയിലേക്കു ഉദ്യോഗിപ്പിച്ചതു്. ഈ വിശ്വാസമനോബോധങ്ങളുടെ ഫലമായ ഈ പുസ്തകത്തെ അവരുടെ ദയയോടുകൂടിയ സ്വീകാരത്തിനായി കേരളമഹാജനങ്ങളുടെ മുമ്പാകെ ഞാൻ സവിനയം വെയ്ക്കുന്നു.

പുസ്തകത്തിനു അധികം വലിപ്പവും തന്മൂലം അധികംവിലയും വന്നുപോകാതിരിപ്പാൻവേണ്ടി കഥകളെ കഴിവുള്ളിടത്തോളം ചുരുക്കിയും ശ്ലോകങ്ങളെ വ്യാഖ്യാനം കൂടാതെയും ചേൎത്തിരിക്കുന്നു. എന്നുമാത്രമല്ല പലകഥകളേയും വിവരണങ്ങളേയും പ്രത്യേകം തത്വശാസ്ത്രം വേദാന്തം മുതലായ വിഷയങ്ങളേയും കേവലം വിട്ടുകളകയും ചെയ്തിരിക്കുന്നു. എങ്കിലും സാധാരണ വായനക്കാൎക്കും വിദ്യാൎത്ഥികൾക്കും അറിവാൻ ആവശ്യംവരാവുന്ന എല്ലാ വിഷയങ്ങളും ചുരുക്കമായിട്ടെങ്കിലും ഇതിൽ കാണാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകത്തിൽ തെററുകൾ ഇല്ലെന്നു ഞാൻ നടിക്കുന്നില്ല; എന്നുമാത്രമല്ല അതിന്റെ ന്യൂനതകളെപ്പററിയുള്ള ബോധം എനിക്കുള്ളതുപോലെ മററാൎക്കും ഉണ്ടാവാൻ പാടില്ലെന്നാണ് എന്റെ വിശ്വാസം. എങ്കിലും വായനക്കാർ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള വല്ലതെങ്കിലും സംഗതികൾ തെററാണെന്നു വിധിക്കുമ്പോൾ

ഹിന്ദുശാസ്ത്രപുരാണാദികളിൽ അന്യോന്യം പരമവിരുദ്ധങ്ങളായ അനേകം കഥകളും സംഗതികളും ഉണ്ടെന്നു ഓൎമ്മവെച്ചുകൊള്ളണമെന്നു മാത്രം അപേക്ഷിക്കുന്നു. ഇതിനെ വായിക്കയോ പാരായണം ചെയ്കയോ ചെയ്യുന്ന മഹാന്മാർ അതിൽ വന്നുപോയിട്ടുണ്ടാകാവുന്ന സ്ഖലിതങ്ങളേയും അതിന്റെ മറ്റു ന്യൂനതകളേയും സദയം ചൂണ്ടിക്കാണിച്ചുതരികയും അതിനെ ഇനിയും പരിഷ്കരിക്കയോ പൂൎണ്ണമാക്കയോ ചെയ്യേണ്ടുന്ന മാൎഗ്ഗങ്ങളെ ഉപദേശിച്ചുതരികയുംചെയ്താൽ നന്ദിയോടുകൂടെ അവയെ അംഗീകരിച്ചു ഇനിയത്തെ പതിപ്പു് ഈ ന്യൂനതകളില്ലാത്ത ഒന്നാക്കിത്തീൎക്കുവാൻ എന്നാൽ കഴിയുംവണ്ണം ഞാൻ ശ്രമിക്കുന്നുണ്ടു്.

ഈ അവസരത്തിൽ തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളാൽ ഈ പുസ്തകത്തെ പ്രസിദ്ധപ്പെടുത്തുവാൻ എന്നെ പ്രോത്സാഹിപ്പിച്ച മഹാന്മാൎക്കും അതിൽ വന്നുപോയ ചില വാചകത്തെറ്റുകളേയും അച്ചടി പിഴകളേയും സദയം തിരുത്തിത്തന്ന കെ. ആർ. കൃഷ്ണപിള്ള ബി. എ., അവൎകൾക്കും ഞാൻ ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

എന്നു്,

പൊന്നാനി
1899-ഒക്ടോബർ 7-ാനു } ഗ്രന്ഥകൎത്താവു്.

TRAINING SCHOOL
KOTTAYAM
LOWER GRADE

TO

# G. W. DANCE Esquire, I. C. S.,

*Collector of Malabar,*

THIS BOOK

IS

*WITH KIND PERMISSION*

MOST RESPECTFULLY DEDICATED

BY

***His Most Obedient and Humble Servant,***

*THE AUTHOR.*

TRAINING SCHOOL
KOTTAYAM
LOWER GRADE

# സാഹിത്യനിഘണ്ടു.

---

**അ:**—വിഷ്ണുവിന്റെ ഒരു പേര്. ശിവൻ, ബ്രഹ്മാവു, വായു ഇവരുടെ പേരുകളായും ഉപയോഗിക്കാറുണ്ട്. ഓം നോക്കുക.

**അകനിഷ്ഠൻ.**—ബുദ്ധഗൌതമന്റെ ഒരു പേരു.

**അകമ്പനൻ**—ഒരു രാക്ഷസൻ.

**അകുലൻ**—ശിവൻ.

**അകുലാ**—പാർവതി.

**അകൂപാരൻ**—ഭൂമിയെ വഹിച്ചുകൊണ്ടിരിക്കുന്ന ആമ.

**അകൃശാശ്വൻ**—ഒരു അയോദ്ധ്യാരാജാവ്.

**അക്രൂരൻ**—ഒരു യാദവൻ, കൃഷ്ണന്റെ മാതുലൻ, ശ്വഫല്ക്കന്റെയും ഗാന്ദിനിയുടെയും പുത്രൻ. ആനകദുന്ദുഭി, ദേവകി, ഉഗ്രസേനൻ ഇവരെ അപമാനിച്ചതുകൊണ്ടു കംസനെ വധിപ്പാൻ രാമകൃഷ്ണന്മാരെ ഉദ്യോഗിപ്പിച്ചു. സ്യമന്തകം എന്ന രത്നത്തിന്റെ കൈവശത്തെ പറ്റി കൃഷ്ണൻ, ബലരാമൻ, സത്യഭാമ ഇവർ തമ്മിൽ തർക്കമുണ്ടായപ്പോൾ അക്രൂരൻ അതു സൂക്ഷിക്കണമെന്നു എല്ലാവരുംകൂടി തീർച്ചയാക്കി.

**അക്രോധനൻ**—അയുതായുസ്സിന്റെ മകനായ ഒരു രാജാവു്.

**അക്ഷൻ**—൧ ഗരുഡൻ, ൨ രാവണന്റെ പുത്രൻ, (ഹനുമാനാൽ കൊല്ലപ്പെട്ടു.)

**അക്ഷജൻ**—അക്ഷധരൻ, വിഷ്ണു.

**അക്ഷപാദൻ**—ന്യായദർശനസ്ഥാപകനായ ഗൌതമമഹർഷി.

**അക്ഷമാലാ**—അരുന്ധതി, ജപമാലയ്ക്കും പേരുണ്ട്.

**അക്ഷയതൃതീയാ**—വൈശാഖമാസത്തിൽ ശുക്ലപക്ഷത്തിൽ തൃതീയനാൾ; ത്രേതായുഗത്തിന്റെ ആരംഭദിവസം, ബലരാമജയന്തി എന്നും ഈ ദിവസത്തിനു പേരുണ്ട്. ഈ ദിവസം ചെയ്യുന്ന പ്രവൃത്തികളുടെ ഫലം ക്ഷയിച്ചുപോകയില്ല.

**അക്ഷയിണി**—പാർവതി.

**അക്ഷരൻ**—൧ ശിവൻ ൨ വിഷ്ണു.

**അക്ഷരം**—പരബ്രഹ്മം.

**അക്ഷുദ്രൻ**—ശിവൻ.

**അക്ഷൌഹിണീ**—൨൧൮൭൦ രഥങ്ങളും, ൨൧൮൭൦ ആനകളും ൬൫൬൧൦ കുതിരകളും, ൧൦൯൩൫൦ കാലാളുകളും ഉള്ള ഒരു സൈന്യം. ഭാരതയുദ്ധത്തിൽ പാണ്ഡവരുടെ ഭാഗം ഏഴും കൌരവരുടെ ഭാഗം പതിനൊന്നും അക്ഷൌഹിണികൾ ഉണ്ടായിരുന്നു.

**അഖണ്ഡശാരവിലാസം** — ലിംഗായത്തു മതതത്വങ്ങളും ആചാരങ്ങളും പ്രതിപാദിക്കുന്ന ഒരു കന്നാടഗ്രന്ഥം.

**അഖിലാണ്ഡനായകി** — പാർവ്വതി.

**അഗസ്ത്യൻ** — ഒരു ഋഷി. മിത്രനും വരുണനും ഉർവ്വശിയെ കണ്ടു മോഹിക്കയാൽ അവരിൽനിന്നു വീണുപോയ ബീജത്തിൽനിന്നു ജനിച്ചു. അതുകൊണ്ടു മൈത്രാവരുണി എന്നും ബീജം ഒരു കുംഭത്തിൽ വീണുണ്ടായതുകൊണ്ടു കുംഭസംഭവൻ, ഘടോത്ഭവൻ, കലശീസുതൻ എന്നും ജനിക്കുമ്പോൾ ഏററവും ചെറുതായിരുന്നതുകൊണ്ടു മാന്യൻ എന്നും, വിന്ധ്യപർവ്വതം തന്റെ മുമ്പാകെ വണങ്ങുമാൻ ഇടവരുത്തിയതുകൊണ്ടു വിന്ധ്യകൂടൻ എന്നും ദൈത്യർ ദേവകളോടുള്ള യുദ്ധത്തിൽ സമുദ്രത്തിൽ ഒളിച്ചുകളഞ്ഞതുകൊണ്ടു സമുദ്രം കുടിച്ചു വററിച്ചതിനാൽ പീതാബ്ധി എന്നും സമുദ്രചുളുകൻ എന്നും പേരുകളുണ്ടായി. എല്ലാ മൃഗങ്ങളുടെയും അഴകുള്ള ഭാഗങ്ങൾ എടുത്തു ലോപാമുദ്രയെ സൃഷ്ടിച്ചു തന്റെ ഭാര്യയാക്കി (ലോപാമുദ്രയ്ക്കു വരപ്രദാ എന്നും കൌശീതകി എന്നും പേരുകളുണ്ട്) ഒരിക്കൽ അഗസ്ത്യൻ നഹുഷരാജാവിനെ ശപിച്ചു ഒരു സർപ്പമാക്കി കളഞ്ഞു. പിന്നൊരിക്കൽ വാതാപി എന്ന രാക്ഷസനെ ഭക്ഷിച്ചുകളകയും അവന്റെ സഹോദരനായ ഇല്വലനെ നയനംകൊണ്ടു ദഹിപ്പിച്ചുകളകയും ചെയ്തു. രാമലക്ഷ്മണന്മാർ സീതയോടുകൂടി അഗസ്ത്യന്റെ ആശ്രമത്തിൽ ചെന്നപ്പോൾ അവർക്കു വിഷ്ണുവിന്റെ വില്ലു കൊടുത്തു. രാവണനെ ജയിച്ചശേഷം അവർ അയോദ്ധ്യയ്ക്കു തിരിച്ചുപോരുമ്പോൾ അഗസ്ത്യൻകൂടി അവരുടെകൂടെ പോന്നു. ഇദ്ദേഹം ദക്ഷിണേന്ത്യയിൽ വൈദികമതം പ്രചരിപ്പിച്ചു. അതിനാൽ തമിഴുമുനി എന്നും പേരുണ്ട്. ഇപ്പോഴും കുററാലത്തിനു സമീപം അഗസ്ത്യകൂടപർവ്വതത്തിന്റെ കൊടുമുടിയിൽ ജീവിച്ചിരിക്കുന്നുണ്ടത്രേ. ദ്രാവിഡരുടെ ഇടയിൽ ശൈവമതം പ്രചരിപ്പിച്ചതിനു പുറമെ, അവരെ വൈദ്യം, രസതന്ത്രം, ജ്യോതിശ്ശാസ്ത്രം മുതലായവയും പന്ത്രണ്ടു ശിഷ്യന്മാർ മുഖാന്തരം പഠിപ്പിച്ചു. തമിഴ്ഭാഷയുടെ അക്ഷരമാല ഉണ്ടാക്കിയതും അഗസ്ത്യമുനിയാണ്. ഇദ്ദേഹം ൧൨൦൦൦ സൂത്രങ്ങളുള്ള ഒരു തമിഴ വ്യാകരണം ഉണ്ടാക്കീട്ടുണ്ട്. തൊൽകാപ്യത്തിൽ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളല്ലാതെ ഈ വ്യാകരണം ഇപ്പോൾ ഇല്ല. അഗസ്ത്യജ്ഞാനം അല്ലെങ്കിൽ അഗസ്ത്യപാട്ടു് ചെന്തമിഴിൽ അദ്ദേഹത്തിന്റെ ഒരു മതവിഷയകഗ്രന്ഥമാണ്. വേറെയും അനേകം കൃതികൾ ഇദ്ദേഹത്തിന്റെയായി പറയുന്നുണ്ട്. എന്നാൽ ഇതു വാസ്തവമാണെന്നു തെളിവില്ല. അദ്ദേഹത്തിനു പന്ത്രണ്ടുശിഷ്യന്മാരും ലോപാമുദ്രയിൽ സഗരൻ എന്നൊരു പുത്രനും ഉണ്ടായിരുന്നു. വ്യാകരണകർത്താവായ തൊൽകാപ്യൻ ഒരു ശിഷ്യനാണ്. ശിഷ്യന്മാരുടെ കൂട്ടത്തിൽ ഒരു അവിഞ്ഞാട്ടുനായരുടെ പേരും കാണുന്നുണ്ട്.

**അഗാത്മജാ** — പാർവ്വതി

**അഗ്നായീ** — അഗ്നിയുടെ ഭാര്യ.

**അഗ്നി** — വിഷ്ണുപുരാണപ്രകാരം ബ്രഹ്മാവിന്റെ മൂത്ത പുത്രൻ. ഒരു ദിക്പാലകൻ. അഗ്നിക്കു സ്വാഹയിൽ പാവകൻ, പവമാനൻ, ശുചി എന്നു മൂന്നു പുത്രന്മാരും ഇവർക്കു ൪൫ പുത്രന്മാരും ഉണ്ടായി. ഇവർ എല്ലാവരുംകൂടി രൻ അഗ്നികൾ, അഗ്നി അനേകം ബലികൾ ഭക്ഷിച്ചു ശക്തി ക്ഷയിച്ചുപോകകൊണ്ടു വീണ്ടും ശക്തി കിട്ടേണ്ടതിനായി കൃഷ്ണന്റെയും അർജ്ജുനന്റെയും സഹായത്താൽ ഖാണ്ഡവവനം ഭക്ഷിച്ചു ഇങ്ങനെ അതിനു വിരോധിയ

യിനിന്ന ഇന്ദ്രനെ തോല്പിച്ചു. അഗ്നിക്ക് ഏഴു നാവുകൾ ഉണ്ട്. (സപ്ത-ജിഹ്വാ) കരാളീ ധൂമിനീ ശ്വേതാ ലോഹിതാ നീലലോഹിതാ സുവർണ്ണാ പത്മരാഗാ ച ജിഹ്വാസ്സപ്ത വിഭാവസോഃ.

പേരുകൾ:—അഗ്നിർവൈശ്വാനരോവഹ്നി ർവീതിഹോത്രോ ധനഞ്ജയഃ
കൃപീടയോനിർജ്ജ്വലനോ ജാതവേദാസ്തനൂനപാൽ ॥
ബർഹിഃ ശുഷ്മാകൃഷ്ണവർത്മാശോചിഷ്കേശ ഉഷർബുധഃ
ആശ്രയാശോബൃഹദ്ഭാനുഃ കൃശാനുഃ പാവകോനലഃ ॥
രോഹിതാശ്വോവായുസഖഃ ശിഖാവാനാശുശുക്ഷണിഃ
ഹിരണ്യരേതാഹുതഭുഗ് ദഹനോ ഹവ്യവാഹനഃ ॥
സപ്താർച്ചിർദമുനാഃ ശുക്രശ്ചിത്രഭാനുർവിഭാവസുഃ
ശുചിരപ്പിത്തം .................... .... ॥

**അഗ്നികുമാരൻ**—(തനയൻ, സുതൻ) കാർത്തികേയൻ.

**അഗ്നികേതു**—രാവണന്റെ സഖാക്കളായ രണ്ടു രാക്ഷസന്മാർക്കുപേര്. ശ്രീരാമനാൽ വധിക്കപ്പെട്ടു.

**അഗ്നിപുരാണം**—വസിഷ്ഠമുനിക്ക് അഗ്നി ഉപദേശിച്ചതാകകൊണ്ടു ൧൫൦൦൦ ശ്ലോകങ്ങളുള്ള ഈ കൃതിക്കു അഗ്നിപുരാണം എന്നു പേർ സിദ്ധിച്ചു ശിവനെ മഹത്താക്കുവാനായി ഉണ്ടാകപ്പെട്ടതു്. എന്നാൽ ഇതിൽ ധർമ്മശാസ്ത്രം, വ്യാകരണം, വൈദ്യം ഇത്യാദി അനേക വിഷയങ്ങൾ അടങ്ങിയിരിക്കുന്നു.

**അഗ്നിബാഹു**—ഒന്നാമത്തെ മനുവിന്റെ ഒരു പുത്രൻ.

**അഗ്നിമിത്രൻ**—ശുംഗകുലത്തിലെ ഒരു രാജാവ്. പുഷ്പമിത്രന്റെ മകൻ, കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിന്റെ നായകൻ.

**അഗ്നിവധു**—ദക്ഷന്റെ പുത്രിയും അഗ്നിയുടെ ഭാര്യയുമായ സ്വാഹാ

**അഗ്നിവർണ്ണൻ**—സൂര്യകുലത്തിലെ ഒരു രാജാവ്.

**അഗ്നിവേശൻ**—അഗ്നിയുടെ പുത്രൻ, വൈദ്യശാസ്ത്രസംബന്ധമായി ചരകം മുതലായ ഗ്രന്ഥങ്ങൾ ഉണ്ടാക്കീട്ടുണ്ട്.

**അഗ്നിസ്തംഭം**—അഗ്നിയുടെ ദഹനശക്തി കുറയ്ക്കുന്ന ഒരു മന്ത്രം.

**അഗ്നിഹോത്രം**—അഗ്നിക്കുകൊടുക്കുന്ന ഒരു ബലി, നിത്യവും കാമ്യവും എന്നു രണ്ടുവിധം.

**അഗ്രസന്ധാനീ**—മനുഷ്യരുടെ ശുഭാശുഭക്രിയകളുടെ വിവരമെഴുതിവയ്ക്കുന്ന യമന്റെ പുസ്തകം.

**അഗ്രഹാരം**—കരമൊഴിവായോ കുറഞ്ഞ കരത്തിനോ രാജാക്കന്മാർ ബ്രാഹ്മണർക്കു കൊടുത്തിട്ടുള്ള ഗ്രാമം.

**അഘാസുരൻ**—ബകന്റെയും പൂതനയുടെയും സഹോദരനും കംസന്റെ സേനാനായകനും ആയ ഒരു അസുരൻ; കംസന്റെ ആജ്ഞപ്രകാരം ഗോകുലത്തിൽ ചെന്നു നാലുയോജന നീളമുള്ള ഒരു വലിയ പാമ്പിന്റെ രൂപം ധരിച്ചു കിടക്കയും കൃഷ്ണന്റെ സ്നേഹിതന്മാരായ ഗോപാലന്മാർ അവന്റെ വായ് ഒരു ഗുഹയാണെന്നു വിചാരിച്ചു ഗോക്കളോടുകൂടെ അതിൽ കയറി പെ-

കഥം ചെയ്തു. കൃഷ്ണനും ഇതു കണ്ടിട്ടു കയറി തന്റെ ശരീരം വിസ്തീർണ്ണമാക്കി അസുരനെ കൊന്നിട്ടു ഗോപബാലന്മാരെ രക്ഷിച്ചു.

**അഘഘ്നൻ**—കൃഷ്ണൻ (അഘനെ കൊന്നവൻ)

**അഘമർഷണസൂക്തം**—ഋഗ്വേദത്തിലെ ഒരു ഗീതം. വെള്ളത്തിൽനിന്നു മൂന്നു പ്രാവശ്യം ഈ സൂക്തം ഉച്ചരിച്ചാൽ സർവ്വപാപവും നശിച്ചുപോകും.

**അഘോരൻ**—അഘോരരൂപൻ, ശിവൻ.

**അങ്കാളമ്മൻ**—ശിവന്റെ പുത്രനായ വീരഭദ്രന്റെ ഭാര്യ. ഒരു ഇടത്തെ കയ്യിലുള്ള ഒരു പാശംകൊണ്ടു മരിക്കുന്നവരുടെ ആത്മാക്കളെ വലിച്ചെടുക്കുന്നു.

**അംഗദൻ**—൧. ഊർമ്മിളയിൽ ലക്ഷ്മണന്റെ പുത്രൻ, അംഗരാജാവു്. ൨. ധൃതിയിൽ കൃഷ്ണന്റെ സഹോദരനായ ഗദന്റെ പുത്രൻ. ൩. താരയിൽ ബാലിപുത്രനായ വാനരരാജാവു്. രാവണൻ സീതയെ കട്ടുകൊണ്ടുപോയശേഷം അവളെ അന്വേഷിക്കുന്നതിനായി അയയ്ക്കപ്പെട്ട വാനരസേനയുടെ അധിപൻ, സീതയെ കാണാഞ്ഞു മരിച്ചുകളവാൻ ഭാവിച്ചപ്പോൾ സീത ലങ്കയിലുണ്ടെന്നു സമ്പാതിയിൽനിന്നു അറിഞ്ഞു. വാക്സാമർത്ഥ്യം ഉണ്ടായിരുന്നതുകൊണ്ടു രാമനു സഹായിക്കാനായി ബൃഹസ്പതി അവതാരം ചെയ്തതാണെന്നു വിചാരിച്ചു വരുന്നു. ശ്രീരാമൻ സൈന്യങ്ങളോടുകൂടി ലങ്കയിൽ ചെന്നശേഷം അംഗദനെ രാവണന്റെ അടുക്കലേക്കു സമാധാനപ്പെടുവാൻ മനസ്സുണ്ടോ എന്നു ചോദിപ്പാനായി ദൂതനായിട്ടു അയച്ചു; അംഗദന്റെ ഉപദേശം രാവണൻ നിന്ദിച്ചു തിരസ്കരിച്ചു കളഞ്ഞു. അതുകൊണ്ടു്, രണ്ടുവിരോധികളോടു ഫലംകൂടാതെ മദ്ധ്യസ്ഥത പറയുന്നവരെ അംഗദർ എന്നുവിളിക്കാറുണ്ടു്. സുഗ്രീവന്റെശേഷം അംഗദൻ കിഷ്കിന്ധാരാജാവായി.

**അംഗപ്രദക്ഷിണം**—തേരിന്റെ പിന്നാലെ ക്ഷേത്രത്തിനുചുററും ഉരുണ്ടു പ്രദക്ഷിണംവെക്കുക. ഒരു നേർച്ച.

**അംഗാധിപൻ**—അംഗരാജാവു, കർണ്ണൻ.

**അംഗാരവർണ്ണൻ**—ഗന്ധർവ്വരാജാവായ ചിത്രരഥന്റെ ഒരുപേരു. കുന്തി തന്റെ പുത്രന്മാരോടുകൂടി കപടവേഷം ധരിച്ചു പാഞ്ചാലദേശത്തിലേക്കു പോകുമ്പോൾ അംഗാരവർണ്ണൻ അവരെക്കണ്ടു എവിടെപ്പോകുന്നു എന്നു ചോദിക്കയും പറയാത്തപക്ഷം യുദ്ധംചെയ്യണമെന്നു പറകയും ചെയ്തപ്പോൾ, അർജ്ജുനൻ യുദ്ധംചെയ്യാനായി പുറപ്പെട്ടു. അർജ്ജുനന്റെ യുദ്ധസാമർത്ഥ്യംകണ്ടിട്ടു അംഗാരവർണ്ണൻ അവനു ചാക്ഷുഷി എന്ന മന്ത്രം ഉപദേശിക്കയും അഗ്നിശിരാസ്ത്രം എന്ന മന്ത്രം അതിനു പകരം അർജ്ജുനനോടു പഠിക്കയും ചെയ്തു. ഇങ്ങനെ പാണ്ഡവരുടെ ഒരു സഖാവായി തീർന്നു.

**അംഗിരൻ—അംഗിരസ്**—ഒരു പ്രജാപതിയും മഹർഷിയും, ബ്രഹ്മാവിന്റെ വായിൽനിന്നുത്ഭവിച്ചുഎന്നും, ആഗ്നേയിയിൽ ഊരുവിന്റെ പുത്രനാണെന്നും, അഗ്നിയുടെ പുത്രനാണെന്നും, അഗ്നിയുടെ പിതാവാണെന്നും, ബൃഹസ്പതിയാണെന്നും, ബൃഹസ്പതിയുടെ പിതാവാണെന്നും, വരുണന്റെ യാഗത്തിൽനിന്നുണ്ടായി എന്നും പല കഥകളുണ്ടു്. അംഗിരസ്സിനു സ്മൃതി, ശ്രദ്ധാ, സ്വധാ, സതീ എന്ന നാലു ഭാര്യമാരുണ്ടായിരുന്നു.

അംഗിരസൻ — പരശുരാമാവതാരത്തിൽ വിഷ്ണുവിൻെറ ഒരു ശത്രു.

അംഗുലി — വിരൽ. അംഗുഷ്ഠാ (തള്ളവിരൽ) തർജ്ജനീ (ചൂണ്ടുവിരൽ) മദ്ധ്യമാ (നടുവിരൽ), അനാമികാ (മോതിരവിരൽ), കനിഷ്ഠാ (ചെറുവിരൽ)

അചലൻ — ശിവൻ.

അചലാ — ഭൂമി (ഇളകാത്തതു, പർവ്വതമുള്ളതു)

അചലകന്യകാ — (സുതാ, തനയാ) പാർവ്വതി (ഹിമാലയത്തിൻെറ പുത്രി)

അചലദ്വേഷി — ഇന്ദ്രൻ (പർവ്വതങ്ങളുടെ ചിറകുകളെ മുറിച്ചുകളഞ്ഞതുകൊണ്ടു)

അചിന്ത്യൻ — ശിവൻ.

അച്യുതൻ — വിഷ്ണു.

അച്യുതാഗ്രജൻ — ൧. ബലരാമൻ, ൨. ഇന്ദ്രൻ.

അച്യുതാത്മജൻ — (പുത്രൻ) കാമദേവൻ, കൃഷ്ണൻെറയും രുഗ്മിണിയുടെയും പുത്രൻ

അജഗവം — ശിവൻെറ വില്ലു. (അജഗവം, അജകവം അജഗം.)

അജൻ — വിഷ്ണു, ശിവൻ, ബ്രഹ്മാവു, ഒരു ഋഷി.

അജൻ — സൂര്യവംശത്തിലെ ഒരു രാജാവു, രഘുവിൻെറ പുത്രൻ, ദിലീപൻെറ പൗത്രനാണെന്നു പറയപ്പെടുന്നു. ദശരഥൻെറ പിതാവു. വിദർഭരാജാവിൻെറ മകൾ, ഇന്ദുമതി, ഇദ്ദേഹത്തെ സ്വയംവരത്തിൽ ഭർത്താവായി തിരഞ്ഞെടുത്തു. സ്വയംവരത്തിനു പോകുംവഴി ഒരു കാട്ടാനയെ കൊന്നതിൽനിന്നു ഒരു ഗന്ധർവ്വൻ പുറപ്പെട്ടു ചില വിശേഷപ്പെട്ട അമ്പുകൾ സമ്മാനിച്ചു. അവയാൽ സ്വയംവരത്തിൽ ജയം പ്രാപിച്ചു

അജമുഖൻ — പ്രജാപതിയായ ദക്ഷൻ. ഒരു യാഗത്തിങ്കൽ വെച്ചു ശിവനെ നിന്ദിക്കകൊണ്ടു അവൻെറ മുഖം വധിച്ചു - പിന്നെ കരുണയും ദുഃഖവും ശിവൻ പറഞ്ഞിട്ടു ആദ്യം ഉണ്ടായിരുന്ന മനുഷ്യമുഖത്തിനുപകരം ഒരു ആട്ടിൻെറമുഖംവെച്ചു കൊടുക്കയും ചെയ്തു.

അജമുഖി — ലങ്കയിലെ അശോകവനത്തിൽ സീതയ്ക്കു കാവലുനിന്ന രാക്ഷസി

അജനയോനിജൻ — ദക്ഷൻ.

അജയൻ — അഗ്നി. വിഷ്ണു.

അജാതശത്രു — 1. ശിവൻ. 2. യുധിഷ്ഠിരൻ. 3. ഒരു മധുരരാജാവു്. 4 ഒരു വിദ്വാനായ കാശിരാജാവു്. ക്ഷത്രിയനായിരുന്നെങ്കിലും ഒരു ബ്രാഹ്മണനു ജ്ഞാനം ഉപദേശിച്ചു.

അജാതൌലപലി — ആട്ടിൻപാലു്മാത്രം കുടിച്ചു ഉപജീവിച്ചുവന്ന ഒരു മുനി.

**അജാമിളൻ**—ശൂദ്രാസക്തനും ഭ്രഷ്ടനും ആയ കന്യാകുബ്ജത്തിലെ ഒരു ബ്രാഹ്മണൻ. മരണസമയത്തു് നാരായണനാമകനായ പുത്രനെ ഭയത്തോടെ വിളിക്കയാൽ പ്രീതനായ വിഷ്ണുവിനാൽ യമഭീതി തീൎന്നവൻ.

**അജിതൻ**—1. വിഷ്ണു. 2. ശിവൻ. 3. ബുദ്ധൻ.

**അജിരാ**—ദുൎഗ്ഗാ

**അജിഹ്വം**—തവള. അഗ്നിയെ കോപിപ്പിക്കയാൽ അഗ്നി ശപിച്ചിട്ടു നാവില്ലാതെ ആയിപ്പോയി.

**അജീഗൎത്തൻ**—ഒരു ബ്രഹ്മൎഷി. പുത്രനായ ശുനശ്ശേഫനെ ബലികഴിപ്പാനായി വിററു.

**അജ്ഞാതവാസം**—പാണ്ഡവർ ആളറിയിക്കാതെ ഒരു വൎഷം വിരാടപുരിയിൽ ചെയ്ത വാസം.

**അജ്ഞാനം**—സത്വം, രജസ്സ്, തമസ്സ്, ഈ മൂന്നു ഗുണങ്ങൾ. ജീവാത്മാവു് ബ്രഹ്മത്തിൽ ലയിക്കാൻ സമ്മതിക്കുന്നില്ല. മായ

**അജ്ഞാനകുഠാരം**—ഹിന്തുമതത്തിന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചു ജോസഫ് ഫെൻ ഉണ്ടാക്കിയ ഒരു കിളിപ്പാട്ടു്. ഇദ്ദേഹം ആദ്യം നായരായിരുന്നതിനാൽ പുസ്തകം സ്വന്ത അനുഭവത്തിൽനിന്നു എഴുതിയതു്. ആദ്യം ചാത്തുമേനോൻ എന്നായിരുന്നു പേരു. തറവാട്ടു പൊന്നാനിതാലൂക്കിൽ.

**അഞ്ചടി**—സന്മാൎഗ്ഗോപദേശങ്ങൾ അടങ്ങിയ ചെറിയ പാട്ടുകൾ.

**അഞ്ജനൻ**—1. പശ്ചിമദിക്കിലെ ദിഗ്ഗജം. 2. കദ്രുവിന്റെ വംശത്തിൽ അനേകം തലകളുള്ള ഒരു സൎപ്പം.

**അഞ്ജനാ**—1. ഉത്തരദിക്കിലെ ദിഗ്ഗജകരിണി. 2. ഗൌതമിയുടെ, അല്ലെങ്കിൽ ഗൌതമന്റെ മകൾ. കുഞ്ജരന്റെ മകൾ. കേസരിയുടെ ഭാൎയ്യ. പുഞ്ജികസ്ഥലീ എന്ന ഒരു അപ്സരസ്ത്രീയായിരുന്നു ഒരു ശാപംനിമിത്തം വാനരസ്ത്രീയായി ജനിച്ചു. ഒരിക്കൽ ഇവൾ പൎവ്വതശിഖരത്തിന്മേൽ ഇരിക്കുമ്പോൾ അവളുടെ വസ്ത്രം അല്പം മാറികിടക്കയും വായു അവളെ കണ്ടു മോഹിച്ചു ദിവ്യമായ രൂപം ധരിച്ചു വന്നു അടുത്തു തന്റെ അനുഗ്രഹത്തെ അറിയിക്കയും അവൾ തന്റെ പാതിവ്രത്യത്തെ രക്ഷിക്കേണമെന്നു അവനോടു അപേക്ഷിക്കയും അവൻ സമ്മതിച്ചു താൻ അവളെ മോഹിച്ചതുകൊണ്ടു തന്നെപ്പോലെ ബലവീൎയ്യവും ശക്തിയുമുള്ള ഒരു പുത്രനെ അവൾ പ്രസവിക്കുമെന്നു പറഞ്ഞിട്ടു മറയുകയും ചെയ്തു. അവൾ ഗൎഭം ധരിച്ചു ഒരു കുഞ്ഞിനെ പ്രസവിക്കയും കുഞ്ഞിനു മാരുതി (ഹനുമാൻ) എന്ന പേരിടുകയും ചെയ്തു.

**അഞ്ജനാവതി**—വടക്കുകിഴക്കേദിക്കിലെ പെണ്ണാന.

**അഞ്ജനികാ**—സുപ്രതീകൻ എന്ന ആനയുടെ ഭാൎയ്യ.

**അഞ്ജലികം**—അൎജ്ജുനന്റെ ഒരു അമ്പിന്റെ പേര്.

**അട്ടഹാസി**—ശിവൻ (അട്ടഹാസം ചെയ്യുന്നവൻ)

**അഠില്ലാ**—ഒരു വൃത്തത്തിന്റെ പേര്.

**അണു**—(അനു) ഒരു ദൈത്യരാജകുമാരിയായ ശൎമ്മിഷ്ഠയിൽ യയാതിരാജാവിന്റെ പുത്രൻ. അച്ഛനുമായി യൌവനം വെച്ചുമാറാഞ്ഞതുകൊണ്ടു ശപിക്കപ്പെട്ടു.

അണിമാ — അണിമാ-ശിവന്റെ അഷ്ടസിദ്ധികളിൽ ഒന്നു. സിദ്ധിഭേദകം.

അണ്ഡകടാഹം — ബ്രഹ്മാണ്ഡത്തിന്റെ തോട്.

അതലം — ഒരു പാതാളം.

അതലൻ — ശിവൻ.

അതികായൻ — രാവണന്റെ പുത്രനായ ഒരു രാക്ഷസൻ. ലക്ഷ്മണനാൽ കൊല്ലപ്പെട്ടു.

അതികൃതി — നാലു പാദവും ഓരോ പാദത്തിൽ ൨൫ അക്ഷരങ്ങളും ഉള്ള ഒരു വൃത്തം.

അതിഗ്രഹങ്ങൾ — ഗ്രഹങ്ങളുടെ വിഷയങ്ങൾ. അപാനം, നാമം, രസം, രൂപം, ശബ്ദം, കാമം, കർമ്മം, സ്പർശം ഇങ്ങനെ എട്ടു. ഇവയുടെ ഗ്രഹങ്ങൾ വായു, പ്രാണൻ, വാക്ക, ജിഹ്വാ, ചക്ഷുസ്, ശ്രോത്രം, മനസ്സ്, ഹസ്തം, ത്വക്ക ഇവയാകുന്നു.

അതിജഗതി — പാദത്തിൽ ൧൩ അക്ഷരങ്ങളുള്ള ഒരുകൂട്ടം വൃത്തം.

അതിഥി — കുശവതിയിൽ കുശന്റെ പുത്രൻ. രാമന്റെ പൌത്രൻ.

അതിഥിഗ്വൻ — ദേവകളുടെ സഹായത്താൽ ശംബരനെ ജയിച്ച ദിവോദാസന്റെ ഒരു പേരു

അതിദേവൻ — ശിവൻ.

അതിധൃതി — പാദത്തിൽ ൧൯ അക്ഷരങ്ങളുള്ള ഒരുകൂട്ടം വൃത്തം.

അതിബലാ — ൧ വിശ്വാമിത്രൻ രാമനെ പഠിപ്പിച്ച ഒരു മന്ത്രം. ൨ ദക്ഷന്റെ ഒരു പുത്രി.

അതിഭീ — ഇന്ദ്രന്റെ വജ്രായുധത്തിന്റെ മിന്നൽ.

അതിരുചിരാ — രണ്ടു വൃത്തങ്ങളുടെ പേരു.

അതിവാഹകൻ — ഒരു ശരീരം മരിച്ചശേഷം ജീവനെ മറ്റൊരു ശരീരത്തിലേക്ക കൊണ്ടുപോകുന്ന ദേവൻ.

അതിവീരപാണ്ടിയൻ — പുരാതനകാലത്തിലെ ഒരു പാണ്ഡ്യരാജാവു്. വല്ലഭദേവൻ എന്നും പേരു. തമിഴ്നൈഷധത്തിന്റെ കർത്താവെന്നു വിചാരിച്ചുവരുന്നു.

അതിശക്വരി — പാദത്തിൽ ൧൫ അക്ഷരങ്ങളുള്ള ഒരുകൂട്ടം വൃത്തം. [illegible] മാലിനികളുണ്ട്.

അതിശയോക്തി — ഒരലങ്കാരം.

അതിശയിനി — ഒരു വൃത്തം. ചിത്രലേഖാ എന്നും പേരുണ്ടു്.

അത്യഷ്ടി — പാദത്തിൽ ൧൭ അക്ഷരങ്ങളുള്ള ഒരുവൃത്തം.

**അത്രി**—ഒരു പ്രജാപതിയും മഹർഷിയും. അത്രിസംഹിതയുടെ കർത്താവു്. സ്വായംഭുവമന്വന്തരത്തിലും വൈവസ്വതമന്വന്തരത്തിലും ദക്ഷന്റെ പുത്രിയായ അനസൂയ ഭാര്യയായിരുന്നു. അവളിൽ സ്വായംഭുവമന്വന്തരത്തിൽ ദത്തൻ, ദുർവ്വാസസ്സ്, സോമൻ ഇങ്ങനെ മൂന്നു പുത്രന്മാരും പിന്നത്തേതിൽ അൎയ്യമൻ എന്നൊരു പുത്രനും അമല എന്നൊരു പുത്രിയും ഉണ്ടായി. രാമനും സീതയും അത്രിയെ ചിത്രകൂടത്തിനു തെക്കുള്ള അദ്ദേഹത്തിന്റെ ആശ്രമത്തിൽ ചെന്നു കണ്ടു. അത്രിമഹർഷി ഒരിക്കൽ ഘോരതപസ്സു ചെയ്തുകൊണ്ടിരിക്കുമ്പോൾ കണ്ണിൽനിന്നു ചന്ദ്രൻ ഉണ്ടായി എന്നൊരു കഥയുണ്ടു്. അതുകൊണ്ടു ചന്ദ്രനു അത്രിജൻ, അത്രിജാതൻ, അത്രിനേത്രപ്രസൂതൻ എന്നും മററും പേരുകളുണ്ടായി

**അഥ**—പുസ്തകങ്ങളുടെയും മററും ആദ്യം ഉപയോഗിക്കുന്ന പ്രാരംഭദ്യോതകമായ ഒരു വാക്കു. ബ്രഹ്മാവിന്റെ കണ്ഠം ഭേദിച്ചുവന്ന ശബ്ദമാകകൊണ്ടു ശുഭസൂചകമായി വിചാരിക്കപ്പെടുന്നു.

ഓംകാരശ്ചാഥ ശബ്ദശ്ച ദ്വാവേതൌ ബ്രഹ്മണഃ പുരാ।
കണ്ഠം ഭിത്വാ വിനിര്യാതൌ തേനമാംഗലികാവുഭൌ॥

**അഥർവ്വാവു്**—ഋഗ്വേദത്തിൽ പറയപ്പെട്ടിട്ടുള്ള ഒരു ആചാര്യൻ. ബ്രഹ്മാവിന്റെ വായിൽനിന്നുത്ഭവിച്ച മൂത്തപുത്രനായും, ഒരു പ്രജാപതിയായും അഥർവ്വവേദത്തിന്റെ കർത്താവായും വിചാരിക്കപ്പെട്ടുവരുന്നു. ബ്രഹ്മാവിൽനിന്നു ബ്രഹ്മവിദ്യ അഭ്യസിച്ചു. സ്വർഗ്ഗത്തിൽനിന്നു ആദ്യം തീ ഭൂമിയിലേക്കു കൊണ്ടുവന്നു. ശാന്തിയെന്നും ചിത്തിയെന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു.

**അഥർവ്വവേദം**—നാലാംവേദം. ഇതിൽ അനേകം പ്രാർത്ഥനകളും ശത്രുക്കളെ നശിപ്പിക്കേണ്ടുന്ന ആഭിചാരമന്ത്രങ്ങളും അടങ്ങിയിരിക്കുന്നു.

**അഥർവ്വാംഗിരസർ**—അഥർവ്വന്റെയും അംഗിരസ്സിന്റെയും സന്തതികൾ

**അദന്തൻ**—ആദിത്യന്മാരിൽ ഒരുവനായ പൂഷാവിന്റെ പേരു. ദക്ഷയാഗത്തിങ്കൽവെച്ചു വീരഭദ്രന്റെ അടികൊണ്ടു പല്ലുപോയതുകൊണ്ടീ പേരുണ്ടായി.

**അദംഭൻ**—ശിവൻ.

**അദിതി**—ദേവമാതാവു്. ഋഗ്വേദത്തിൽ ദക്ഷന്റെ മാതാവായും പുത്രിയായും പറഞ്ഞിരിക്കുന്നു. യജുർവ്വേദത്തിൽ വിഷ്ണുവിന്റെ പത്നി, രാമായണത്തിലും ചില പുരാണങ്ങളിലും വിഷ്ണുവിന്റെ മാതാവു്. വിഷ്ണുപുരാണപ്രകാരം ദക്ഷന്റെ പുത്രി കശ്യപന്റെ ഭാര്യ ഇന്ദ്രന്റെയും വാമനാവതാരത്തിൽ വിഷ്ണുവിന്റെയും മാതാവു്. പാലാഴിമഥനത്തിൽ കിട്ടിയ രണ്ടു കുണ്ഡലങ്ങൾ ഇന്ദ്രൻ അദിതിക്കു സമ്മാനിക്കയും നരകാസുരൻ അവയെ മോഷ്ടിച്ചുകൊണ്ടുപോകയും കൃഷ്ണൻ അവനെ കൊന്നു കുണ്ഡലങ്ങൾ തിരികെ വാങ്ങി കൊടുക്കുകയും ചെയ്തു. കൃഷ്ണന്റെ അമ്മയായ ദേവകി അദിതിയുടെ ഒരു അവതാരമാണത്രെ.

**അദേയം**—കൊടുത്തുകൂടുവാൻ പാടില്ലാത്തതു്

അന്വാഹിതം യാചിതകമാധിഃ സാധാരണം ച യത്।
നിക്ഷേപഃ പുത്രദാരാശ്ച സർവ്വസ്വം ചാന്വയേ സതി॥
ആപത്സ്വപി ഹി കഷ്ടാസു വർത്തമാനേന ദേഹിനാ।
അദേയാന്യാഹുരാചാര്യാ യച്ചാന്യസ്മൈ പ്രതിശ്രുതം॥

**അദ്ധ്യാത്മരാമായണം** — സംസ്കൃതഭാഷയിൽ ഉള്ള ഒരു രാമായണം. വിഷയം രാമചരിതമാണെങ്കിലും ഇതു ബ്രഹ്മാണ്ഡപുരാണത്തിന്റെ ഒരു ഭാഗമാകുന്നു, ഇതിൽ ജീവാത്മപരമാത്മഭേദം വിശദമാക്കീട്ടുണ്ട്. ഇതിനെ എഴുത്തച്ഛൻ പരിഭാഷപ്പെടുത്തീട്ടുണ്ട്.

**അദ്ധ്യായം** — പർവ്വം നോക്കുക.

**അദ്ഭുതദർപ്പണം** — മഹാദേവൻ എന്നൊരു കവി ഉണ്ടാക്കിയ ഒരു സംസ്കൃതനാടകം. ഹനുമാൻ സീതയെ കണ്ടിട്ടു ലങ്കയിൽനിന്നും തിരിച്ചുവന്നതു മുതലുള്ള രാമായണകഥ.

**അദ്ഭുതൻ** — ഒമ്പതാമത്തെ മന്വന്തരത്തിലെ ഇന്ദ്രന്റെ പേര്.

**അദ്രിപതി (നാഥൻ, ഈശൻ)** — ൧. ശിവൻ ൨. ഹിമാലയപർവ്വതം.

**അദ്രികന്യാ (തനയാ, സുതാ)** — പാർവ്വതി.

**അദ്വൈതം** — വേദാന്തത്തിൽ ജീവാത്മാവും പരമാത്മാവും ഒന്നാണെന്നുള്ള തത്വം. ജീവാത്മാവ് പരമാത്മാവിൽനിന്നു പുറപ്പെട്ടു ശരീരത്തിൽ തടവുകാരനെപ്പോലെ കിടക്കുന്നു. വിടുതൽ കിട്ടുമ്പോൾ പാത്രത്തിൽ പൂട്ടിയ വായു പാത്രം പൊട്ടുമ്പോൾ വായുമണ്ഡലത്തിൽ ലയിക്കുന്നപോലെ പരമാത്മാവിൽ ലയിക്കുന്നു. ഈ തത്വശാസ്ത്രികളെ സ്മാർത്തർ എന്നു പറയുന്നു. അദ്വൈതവാദം പ്രമാണത്തിൽ വരുത്തിയതു ശ്രീശങ്കരാചാര്യരാണ് അതുകൊണ്ടു ദക്ഷിണേന്ത്യയിൽ അധികം നടപ്പ്. വേദാന്തത്തിന്റെ മററു ഭാഗങ്ങൾ ദ്വൈതം, വിശിഷ്ടാദ്വൈതം, ഇവയും ഷഡ്ദർശനങ്ങൾ, വേദാന്തം ഇവയും നോക്കുക.

**അധിജിഹ്വാ** — സർപ്പം (കീറിയനാവുള്ളതു) കദ്രുപുത്രന്മാർ ഉണ്ടായിരുന്ന അമൃതം നക്കിക്കുടിച്ചപ്പോൾ പുല്ലുകൊണ്ടു നാവു രണ്ടായി കീറിപ്പോയത്രെ.

**അധിദേവതാ** — ഓരോ ഇന്ദ്രിയങ്ങൾക്കും ഓരോ അധിദേവതകൾ ഉണ്ട്. (ശ്രോത്രസ്യ ദിക്, ത്വചോ വായുഃ, നേത്രസ്യ അർക്കഃ, രസനായാ വരുണഃ, ഘ്രാണസ്യ അശ്വിനൌ, വാഗിന്ദ്രിയസ്യ വഹ്നിഃ, ഹസ്തസ്യ ഇന്ദ്രഃ, പാദസ്യ ഉപേന്ദ്രഃ, പായോർ മിത്രഃ, ഉപസ്ഥസ്യ പ്രജാപതിഃ, മനസഃ ചന്ദ്രശ്ച)

**അധിരഥൻ** — ഒരു സാരഥി, കർണ്ണന്റെ വളർത്തച്ഛൻ. ചിലർ അംഗരാജാവെന്നും ചിലർ ധൃതരാഷ്ട്രന്റെ സാരഥിയെന്നും വിചാരിക്കുന്നു.

**അധ്യക്ഷരം** — ഓം നോക്കുക.

**അനഘൻ** — ൧. വിഷ്ണു. ൨. ശിവൻ.

**അനംഗൻ** — (അംഗങ്ങളില്ലാത്തവൻ) കാമൻ, ശിവനാൽ ശരീരം ഭസ്മീകരിക്കപ്പെട്ടതിനാൽ. ശിവന്നു അതുകൊണ്ടു അനംഗശത്രുവെന്നും പേരുണ്ടായി.

**അനന്തൻ**—ശേഷസൎപ്പം. ൨. വിഷ്ണു. ൩. ശിവൻ. ൪. വാസുകി.

**അനന്താ**—൧. ഭൂമി. ൨. പാൎവ്വതി.

**അനന്തം**—പരബ്രഹ്മം. (൨) ആകാശം.

**അനന്തചതുൎദ്ദശി-അനന്തവ്രതം-അനന്തപത്മനാഭചതുൎദ്ദശി.** ഭാദ്രപദമാസത്തിൽ പ്രഥമപക്ഷത്തിൽ ചതുൎദ്ദശിദിവസം. ഒരു പുണ്യദിവസം. ആചാരം നിൎബ്ബന്ധമല്ല. എന്നാൽ ആചാരം ആരംഭിച്ചാൽ മക്കൾക്കു പോലും നിറുത്താൻ പാടില്ല.

**അനന്തജിൽ**—സൎവ്വവും ജയിച്ചവനായ വാസുദേവൻ.

**അനന്തദൃഷ്ടി**—൧. ശിവൻ. ൨. ഇന്ദ്രൻ.

**അനന്തദേവൻ**—൧. ശേഷൻ, ൨. നാരായണൻ.

**അനന്തവിജയം**—യുധിഷ്ഠിരന്റെ ശംഖിന്റെ പേര.

**അനന്വയം**—ഒരു അലങ്കാരം. ഇതിൽ ഉപമാനോപമേയങ്ങൾ ഒരു വസ്തുതന്നെയായിരിക്കും. ഉം. ചന്ദ്രൻ ചന്ദ്രനെപ്പോലെ.

**അനരണ്യൻ**—ഇക്ഷ്വാകുവിന്റെ കുലത്തിൽ ജനിച്ചവനായ ഒരു അയോദ്ധ്യാരാജാവ്. രാവണനാൽ തോല്പിക്കപ്പെട്ടിട്ട് അവൻ തന്റെ വംശജനായ രാമനാൽ കൊല്ലപ്പെടുമെന്ന ശപിച്ചു.

**അനൎഘരാഘവം**—മുരാരിമിശ്രൻ ഉണ്ടാക്കിയ ഒരു നാടകം. രാമായണംകഥ. മുരാരിനാടകം എന്നും പേരുണ്ട്. മുരാരിമിശ്രൻ ഏകദേശം ക്രിസ്തുവബ്ദം പതിമൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്നു.

**അനലൻ**—൧. അഗ്നി ൨. വാസുദേവൻ. ൩. വിഷ്ണു.

**അനലപ്രിയാ**—അഗ്നിയുടെ ഭാൎയ്യയായ സ്വാഹയുടെ പേര്.

**അനസൂയാ**—൧. ശകുന്തളയുടെ ഒരു സഖി. ൨. അത്രിമഹൎഷിയുടെ ഭാൎയ്യ. ദുൎവ്വാസാവ് മഹൎഷിയുടെ അമ്മ. പാതിവ്രത്യംകൊണ്ടും തപസ്സുകൊണ്ടും വളരെ ശക്തിയെ പ്രാപിച്ചു. ഒരിക്കൽ ഭൂമിയിൽ പത്തുകൊല്ലം കഠിനക്ഷാമം ഉണ്ടായപ്പോൾ അനസൂയാ വെള്ളവും ഫലമൂലാദികളും സൃഷ്ടിച്ച് അനേകം ആളുകളെ രക്ഷിച്ചു. ഒരിക്കൽ മാണ്ഡവ്യൻ എന്ന ഋഷി ഒരു ഋഷിസ്ത്രീയെ സൂൎയ്യോദയമാകുമ്പോൾ വിധവയായിപ്പോകുമെന്ന ശപിക്കയാൽ ആ സ്ത്രീ പാതിവ്രത്യബലം കൊണ്ട് സൂൎയ്യൻ ഉദിക്കാതാക്കി. അതുനിമിത്തം ദേവകളും ഋഷികളും അവളുടെ സഖിയായ അനസൂയയുടെ അടുക്കൽ ചെന്നു അഭയം പ്രാപിക്കയും അനസൂയാ ആ സ്ത്രീക്കു വൈധവ്യം വരാതെ സൂൎയ്യനെ ഉദിക്കുമാറാക്കുകയും ചെയ്തു. ഒരിക്കൽ ഭാൎയ്യമാരുടെ വാക്കുകേട്ടു അവളുടെ പാതിവ്രത്യം പരീക്ഷിപ്പാനായി ബ്രഹ്മാവും വിഷ്ണുവും ശിവനും വന്നാറെ അവരെ വെറും ശിശുക്കളാക്കിക്കളഞ്ഞു. പിന്നീട അവരുടെ ഭാൎയ്യമാർ വന്നു സങ്കടംപറഞ്ഞിട്ടുമാത്രം അവരെ അവരുടെ പൂൎവ്വസ്ഥിതിയിലാക്കി. ഗംഗയെ അനസൂയ തന്റെ ഭൎത്താവിന്റെ ആശ്രമത്തിൽകൂടി ഒഴുകുമാറാക്കി. ശ്രീരാമനും സീതയും അത്രിയുടെ ആശ്രമത്തിൽ ചെന്നപ്പോൾ അനസൂയ അ

വരെ സൽക്കരിക്കും സീതയ്ക്കു വളരെ ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കയും പോകുമ്പോൾ എല്ലാക്കാലവും ദേഹസൌന്ദര്യം നിലനിറുത്തുന്ന ഒരു ഔഷധം അവൾക്കു കൊടുക്കയും ചെയ്തു.

**അനാചാരം**—രണ്ടുവിധം, വിഹിതമായതു ചെയ്യാതിരിക്കയും നിഷിദ്ധമായതു ചെയ്കയും.

**അനാഥപിണ്ഡദൻ**—ഒരു കച്ചവടക്കാരൻ. അവന്റെ തോട്ടത്തിൽ വെച്ചാണ് ബുദ്ധഗൌതമൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു്.

**അനാധൃഷ്ടി**—ഉഗ്രസേനന്റെ പുത്രൻ, യാദവസേനാനായകൻ.

**അനിരുദ്ധൻ**—കൃഷ്ണന്റെ പൌത്രൻ. പ്രദ്യുമ്നന്റെ പുത്രൻ. സുഭദ്രയെ വിവാഹംചെയ്തു. ബാണന്റെ പുത്രിയായ ഉഷയ്ക്കു ഇവനിൽ അനുരാഗം ഉണ്ടാകയാൽ, ബലത്താൽ കൊണ്ടുപോകാൻ കഴിയാഞ്ഞിട്ടു, മന്ത്രശക്തി ഉപയോഗിച്ചു തന്റെ ശോണിതപുരത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഇതിനാൽ കൃഷ്ണൻ, ബലരാമൻ, പ്രദ്യുമ്നൻ ഇവരും ബാണൻ, ശിവൻ, സ്കന്ദൻ, ഇവരുംതമ്മിൽ യുദ്ധംഉണ്ടായി. ബാണൻ തോൽക്കുക. അനിരുദ്ധനു ഝഷാങ്കൻ എന്നും ഉഷാപതി എന്നും പേരുകളുണ്ടു്. വജ്രൻ എന്ന ഒരു പുത്രനും ഉണ്ടായിരുന്നു.

**അനിലൻ**—൧. വിഷ്ണു. ൨. വായു. വായു ഏഴുവിധമുണ്ടു്.

ആവഹോ നിവഹശ്ചൈവ ഉദ്വഹസ്സംവഹസ്തഥാ
വിവഹഃ പ്രവഹശ്ചൈവ പരിവഹസ്തഥൈവ ച.

**അനിലാത്മജൻ**—൧. ഭീമൻ. ൨. ഹനൂമാൻ.

**അനീകിനീ**—അക്ഷൌഹിണിയുടെ പത്തിലൊരംശം.

**അനീഹൻ**—ഒരു അയോദ്ധ്യാരാജാവു്.

**അനുഗീതി**—ഒരു വൃത്തത്തിന്റെ പേരു്.

**അനുനായിക**—നാടകങ്ങളിൽ നായികയുടെ സഖിയോ ദാസിയോ ആയ ഒരു സ്ത്രീ.

**അനുഭവാമൃതം**—വേദാന്തസംബന്ധമായി ശ്രീരംഗൻ ഉണ്ടാക്കിയ ഒരു കിളിപ്പാട്ടുപുസ്തകം. ആത്മാവല്ലാതെ ബാഹ്യലോകം ഇല്ല. എല്ലാം മായ എന്നു ഇതിലെ ഉപദേശം.

**അനുഷ്ടുപ്**—സംസ്കൃതത്തിൽ സാധാരണയായുള്ള ഒരു വൃത്തം. രാമായണവും ഭാരതവും വേറെ അനേകം പുസ്തകങ്ങളും ഈ വൃത്തത്തിലാണുള്ളതു്. എട്ടക്ഷരങ്ങളുള്ള നാലു പാദങ്ങളുണ്ടു്.

പഞ്ചമം ലഘു സർവ്വത്ര സപ്തമം ദ്വിചതുർത്ഥയോഃ ।
ഗുരു ഷഷ്ഠം ച പാദാനാം ശേഷേഷ്വനിയമോ മതഃ ॥

**അനൂരു**—(തുടകളില്ലാത്തവൻ) സൂര്യന്റെ സാരഥിയായ അരുണന്റെ ഒരു പേരു്.

അനേകലോചനൻ—൧. ശിവൻ. ൨. ഇന്ദ്രൻ.

അന്തകൻ—യമൻ.

അന്താതി(ദി)—തമിഴിൽ അക്ഷരശ്ലോകരൂപത്തിലുള്ള കവിതകൾ. ഒരു ശ്ലോകത്തിന്റെ അന്ത്യാക്ഷരം പിന്നത്തെ ശ്ലോകത്തിന്റെ ആദ്യാക്ഷരം ആയിരിക്കും.

അന്തഃകരണം—ബുദ്ധി, അഹങ്കാരം, മനസ്സ്, ചിത്തം ഇവ കൂടിയത്.

അന്തിവണ്ണൻ—സന്ധ്യപോലെ ചുവപ്പുനിറമുള്ളവൻ, ശിവൻ.

അന്ധകൻ—കശ്യപന്റെയും ദിതിയുടെയും പുത്രനായ ഒരു രാക്ഷസൻ. ആയിരം തലകളും രണ്ടായിരം കണ്ണുകളും കാലുകളും ഉണ്ടായിരുന്നു. കുരുടനെപ്പോലെ നടന്നതുകൊണ്ട് അന്ധകൻ എന്നു പേരുവന്നു. സ്വർഗ്ഗത്തിൽനിന്നു പാരിജാതവൃക്ഷം മോഷ്ടിച്ചുകൊണ്ടുപോവാൻ ഭാവിച്ചപ്പോൾ ശിവനാൽ കൊല്ലപ്പെട്ടു. ഇവൻ ഒരിക്കൽ പാർവ്വതിയെ മോഷ്ടിച്ചുകൊണ്ടുപോവാൻ ശ്രമിച്ചു എന്നു മത്സ്യപുരാണത്തിൽ പറഞ്ഞിരിക്കുന്നു. ൨ ശ്രുതിപ്പെട്ട അന്ധകവൃഷ്ണിവംശം സ്ഥാപിച്ച ഒരു യാദവൻ. യുധാജിത്തിന്റെ പുത്രൻ.

അന്ധകാരി—(രിപു, ശത്രു, ദ്വേഷി,) ശിവൻ.

അന്നപൂർണ്ണാ—പാർവ്വതി. ചിത്തിരമാസത്തിൽ ഉത്സവം.

അന്യാപദേശശതകം—നീലകണ്ഠൻ എന്നൊരു കവി ഉണ്ടാക്കിയ ഒരു ലഘുകാവ്യം.

അപരാജിതാദിക്ക്—വടക്കുകിഴക്കു ദിക്ക്. ദേവകൾ അവിടെവെച്ചു തോറ്റിട്ടില്ലാത്തതിനാൽ.

അപരാജിതൻ—൧. ശിവൻ, ൨. വിഷ്ണു, ൩. ഒരു ഋഷി.

അപരാജിതാ—ദുർഗ്ഗാ.

അപരാധഭഞ്ജനസ്തോത്രം—ശങ്കരാചാര്യർ ഉണ്ടാക്കിയ ഒരു ശിവസ്തുതി.

അപർണ്ണാ—ഏകപർണ്ണാ നോക്കുക.

അപാത്രീകരണം—ബ്രാഹ്മണരെ അയോഗ്യരാക്കിത്തീർക്ക. അതിനെയുള്ള നാലു പ്രവൃത്തികൾ ഈ ശ്ലോകത്തിൽ ചേർത്തിരിക്കുന്നു.

നിന്ദിതേഭ്യോ ധനാദാനം വാണിജ്യം ശൂദ്രസേവനം।
അപാത്രീകരണം ജ്ഞേയം അസത്യസ്യ ച ഭാഷണം॥

അപ്പയ്യദീക്ഷിതർ—പതിനാറാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു കവി. ചിത്രമീമാംസ, കുവലയാനന്ദം, വൈരാഗ്യശതകം, വേദാന്തദേശികന്റെ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങൾ മുതലായി ൧൦൦ പുസ്തകങ്ങൾ രചിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു.

അപ്രകാശ്യം-രഹസ്യമായിവെക്കേണ്ടുന്നത്. അപ്രകാശ്യങ്ങൾ ഒമ്പതുണ്ട്.

> ജ്വരഗർഹം മൈഥുനം മന്ത്രോ ഗൃഹഛിദ്രം ച വഞ്ചനം।
> ആയുർധനാപമാനം സ്ത്രീ ന പ്രകാശ്യാനി സർവ്വദാ॥

**അപ്സരസ്ത്രീകൾ**—ഉർവ്വശി മുതലായ ദേവകന്യകകൾ രാമായണത്തിലും പുരാണങ്ങളിലും ഇവർ പാലാഴിമഥനത്തിൽ വെള്ളത്തിൽനിന്നുത്ഭവിച്ചസ്ത്രീകൾ ആണെന്നു പറഞ്ഞിരിക്കുന്നു. ദേവകളും അസുരരും ഇവരെ കൈക്കൊള്ളാഞ്ഞതുകൊണ്ടു എല്ലാവരുടെയും പൊതുവെയുള്ള ഭാര്യമാരായിതീർന്നു. യുദ്ധത്തിൽ മരിയ്ക്കുന്ന യോദ്ധാക്കൾക്കു സ്വർഗ്ഗത്തിൽ ഭർത്തൃമാരായി ഇവരെയാണു കിട്ടുന്നതു. അഥർവ്വവേദപ്രകാരം ഭ്രാന്തിനു കാരണം ഇവരാണു്. ഇവർക്കു ഏതു രൂപവും ധരിപ്പാൻ കഴിയും. ആരെങ്കിലും ഘോരമായ തപസ്സു ചെയ്വാൻ തുടങ്ങിയാൽ ഇന്ദ്രൻ അപ്സരസ്ത്രീകളെ അയച്ചു തപസ്സിനു വിഘ്നം വരുത്തുക പതിവായിരുന്നു. ഇവർക്കു സ്വർവ്വേശ്യകൾ, സുരാംഗനമാർ, സുമദാത്മജകൾ എന്നും പേരുണ്ടു്. ഇന്ദ്രസ്വർഗ്ഗത്തിലെ പ്രധാന അപ്സരസ്ത്രീകൾ;—

> ഘൃതാചീ മേനകാ രംഭാ ഉർവ്വശീ ച തിലോത്തമാ।
> സുകേശീ മഞ്ജുഘോഷാദ്യാഃ കഥ്യന്തേഽപ്സരസോ ബുധൈഃ॥

**അപ്സരസ്തീർത്ഥം**—സ്നാനം ചെയ്യുന്നതിൽ പ്രത്യേകരസമുള്ളവരായ അപ്സരസ്ത്രീകൾ വന്നു കളിക്കുന്ന ഒരു സ്ഥലം.

**അപ്സരസ്പതി**—ഇന്ദ്രൻ.

**അബ്ജൻ**—സമുദ്രമഥനത്തിൽ കിട്ടിയ ദേവകളുടെ വൈദ്യനായ ധന്വന്തരി. (൨) ചന്ദ്രൻ.

**അബ്ജജൻ**—(ഭൂ, ഭവൻ, യോനി) ബ്രഹ്മാവു, വിഷ്ണുവിന്റെ നാഭിയിൽനിന്ന് വളരുന്ന താമരയിൽനിന്നു ജനിച്ചവൻ.

**അബ്ജവാഹനൻ**—അബ്ജവാഹനൻ, ശിവൻ.

**അബ്ധിജാ**—ലക്ഷ്മി.

**അബ്ധിനഗരി**—ദ്വാരകാ.

**അബ്ധിശയനൻ**—വിഷ്ണു.

**അഭയാംബാ**—ദുർഗ്ഗാദേവി.

**അഭിജ്ഞാനശാകുന്തളം**—കാളിദാസന്റെ ശ്രുതിപ്പെട്ട നാടകം. കഥ മഹാഭാരതത്തിൽ നിന്നെടുത്തതാണെങ്കിലും കവി ചില ഭേദങ്ങൾ വരുത്തീട്ടുണ്ടു്. കഥാസംക്ഷേപത്തിനു ശാകുന്തളം നോക്കുക. നാടകം കേരളവർമ്മ വലിയകോയിത്തമ്പുരാൻ, രാജരാജവർമ്മകോയിത്തമ്പുരാൻ, പി. ജീ. രാമയ്യർ ഇവർ പരിഭാഷപ്പെടുത്തീട്ടുണ്ടു്.

**അഭിധാനചിന്താമണി**—ഹേമചന്ദ്രൻ ഉണ്ടാക്കിയ ഒരു ശ്രുതിപ്പെട്ട നിഘണ്ടു.

അഭിധാനമാലാ — ഹലായുധന്റെ ഒരു നിഘണ്ടു.

അഭിമന്യു — സുഭദ്രയിൽ അൎജ്ജുനന്റെ അതിസുന്ദരനും ധൈൎയ്യശാലിയുമായ പുത്രൻ ഭാരതയുദ്ധത്തിൽ രണ്ടാംദിവസം ദുൎയ്യോധനന്റെ പുത്രനായ ലക്ഷ്മണനെ കൊന്നു. ഒരിക്കൽ അൎജ്ജുനനില്ലാത്തപ്പോൾ ധൈൎയ്യമായിട്ടു കൌരവരുടെ ചക്രവ്യൂഹത്തിൽ പ്രവേശിച്ചു അനേകം കൌരവയോദ്ധാക്കളെ കൊന്നു. യുദ്ധത്തിന്റെ പതിമൂന്നാംദിവസം താനും വീണു. വിരാടരാജാവിന്റെ പുത്രിയായ ഉത്തരയും ബലരാമന്റെ പുത്രിയായ വത്സലയും അഭിമന്യുവിന്റെ ഭാൎയ്യമാരായിരുന്നു.

അഭിരാമൻ — ശിവൻ.

അഭിരാമമണി — സുന്ദരമിശ്രനാൽ ഉണ്ടാക്കപ്പെട്ട ഒരു സംസ്കൃതനാടകം. രാമായണകഥ.

അഭിരാമി — ഌ. പാൎവ്വതി ൨. സരസ്വതി.

അഭിരൂപൻ — ൧ ശിവൻ. ൨. വിഷ്ണു. ൩ കാമൻ.

അഭിഷേകമാല — ശിവപ്രകാശദേശികൻ ഉണ്ടാക്കിയ ശിവസ്തോത്രം. വീരശൈവരുടെ ഒരു പ്രധാനപുസ്തകം.

അഭീമൻ — വിഷ്ണു (ഭയങ്കരനല്ലാത്തവൻ)

അഭീരു — ശിവൻ.

അഭൂഃ — വിഷ്ണു.

അഭ്രപിശാചൻ — രാഹു.

അഭ്രമുഃ — പൂൎവ്വദിക്കിലെ പെണ്ണാന-ഐരാവതത്തിന്റെ ഭാൎയ്യ.

അമരകോശം — വിക്രമാദിത്യാശ്രിതന്മാരായ നവരത്നങ്ങളിൽ ഒരുവനായ അമരസിംഹൻ ഉണ്ടാക്കിയ ശ്രുതിപ്പെട്ട ഒരു സംസ്കൃതനിഘണ്ടു. പല വ്യാഖ്യാനങ്ങളുണ്ട്. അമരസിംഹൻ കാളിദാസന്റെ സഹജീവിയായിരുന്നതുകൊണ്ടു ക്രിസ്ത്വാബ്ദം ഏഴാംനൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നു വിചാരിപ്പാൻ സംഗതിയുണ്ട്. ഈ കോശം ഇൻഡ്യയിലെ മിക്ക ഭാഷകളിലും വ്യാഖ്യാനത്തോടുകൂടെ പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. മലയാളത്തിൽ പലനല്ല വ്യാഖ്യാനങ്ങളുണ്ട്. കോശത്തിന്റെ യഥാൎത്ഥനാമം നാമലിംഗാനുശാസനം എന്നാണ്.

അമരാദ്രി — സുമേരുപൎവ്വതം.

അമരാധിപൻ — (ഇന്ദ്രൻ. ഈശ്വരൻ. പതി. രാജൻ) ൧. ഇന്ദ്രൻ ൨. ശിവൻ. ൩. വിഷ്ണു.

അമരാചാൎയ്യൻ — (ഗുരു) ബൃഹസ്പതി.

അമരാപഗാ — (തടിനീ, സരിൽ) ഗംഗാ.

അമരതരു — കല്പവൃക്ഷം.

**അമരാവതി**—ഇന്ദ്രന്റെ വാസസ്ഥലം. മേരുപൎവ്വതത്തിനു സമീപം, ദേവപുരം, പൂഷഭാസം എന്നും പേരുകളുണ്ടു്. ദക്ഷിണ ഇന്ത്യയിൽ ഈ പേരുള്ള പലസ്ഥലങ്ങളുണ്ടു്.

**അമരുകശതകം**—ശൃംഗാരരസപ്രധാനമായി നൂറു ശ്ലോകങ്ങളിൽ ഒരു കാവ്യം. അമരുകരാജാവുണ്ടാക്കിയതു്. ശങ്കരാചാൎയ്യർ യോഗം ചെയ്തു അമരുകരാജാവിന്റെ ശരീരത്തിൽ പ്രവേശിച്ചു രാജമഹിഷിയോടു സംഭാഷണംചെയ്തശേഷം ഉണ്ടാക്കിയതെന്നു ചിലർ പറയുന്നു. ശങ്കരാചാൎയ്യൻ കൎത്താവായതുകൊണ്ടു ശ്ലോകങ്ങൾക്കു വേദാന്തപരമായിട്ടു അൎത്ഥവും ഉണ്ടത്രേ.

**അമരേശ്വരൻ**—൧ ശിവൻ. ൨ വിഷ്ണു.

**അമലാ**—ലക്ഷ്മീ.

**അമിതാശനൻ**—വിഷ്ണു. അമിതവിക്രമൻ.

**അമൃത്തം**—ജ്യോതിഷത്തിൽ കാലയളവു്.

| | | | | |
|---|---|---|---|---|
| ൧൦൦ | ത്രുടി | = | ൧ | തൽപരം |
| ൩൦ | തൽപരം | = | ൧ | നിമിഷം |
| ൧൮ | നിമിഷം | = | ൧ | കാഷ്ഠ |
| ൩൦ | കാഷ്ഠ | = | ൧ | കല |
| ൩൦ | കല | = | ൧ | ഘടിക (നാഴിക) |
| ൨ | ഘടിക | = | ൧ | മുഹൂൎത്തം |
| ൩൦ | മുഹൂൎത്തം | = | ൧ | ദിവസം. |

**അമൃതൻ**—൧ ധന്വന്തരി. ൨ ഇന്ദ്രൻ. ൩ സൂൎയ്യൻ. ൪ പ്രജാപതി. ൫ ശിവൻ. ൬ വിഷ്ണു.

**അമൃതം**—അസുരന്മാരോടുള്ള യുദ്ധത്തിൽ ദേവന്മാർ ക്ഷീണിച്ചു പോകകൊണ്ടു അവർ വിഷ്ണുവിന്റെ അടുക്കൽ ചെന്നു ബലത്തിനും അമർത്ത്യതയ്ക്കുംവേണ്ടി യാചിച്ചു. വിഷ്ണു അവരോടു അമൃതവും മററു വിലപിടിച്ച ചില സാധനങ്ങളും കിട്ടുന്നതിനായി അസുരന്മാരോടുകൂടി സമുദ്രം മഥനംചെയ്വാൻ കല്പിച്ചു. വിഷ്ണു കൂൎമ്മമായി അവതരിക്കയും അതിന്മേൽ മന്ദരപൎവ്വതം വച്ചു വാസുകി എന്ന സൎപ്പത്തെ കയറായി ഉപയോഗിച്ചു അവർ സമുദ്രം മഥനംചെയ്യുകയുംചെയ്തു. മഥനം ചെയ്തപ്പോൾ സുരഭി, വാരുണീ, പാരിജാതവൃക്ഷം, അപ്സരസ്ത്രീകൾ, ചന്ദ്രൻ, വിഷം, ശ്രീ ഇത്യാദികളും കയ്യിൽ അമൃതവുംപിടിച്ചുംകൊണ്ടു ധന്വന്തരിയും സമുദ്രത്തിൽനിന്നു പൊങ്ങിവന്നു. **ചതുർദ്ദശരത്നങ്ങൾ** നോക്കുക. അമൃതം പിടിച്ചുപറിപ്പാൻ അസുരർ യത്നിച്ചു എങ്കിലും വിഷ്ണുവിന്റെസഹായത്താൽ ദേവന്മാൎക്കുതന്നെ ലഭിച്ചു. അതിൽപിന്നെ ഉണ്ടായ യുദ്ധത്തിൽ അസുരന്മാരെ ദേവകൾ തോല്പിക്കയും ചെയ്തു. അമൃതത്തിനു നിൎജ്ജരയെന്നും പീയൂഷം എന്നും പേരുകളുണ്ടു്.

**അമൃതലഹരി**—യമുനാസ്തുതിയായ ഒരു കാവ്യം. ജഗന്നാഥപണ്ഡിതരാജൻ രചിച്ചതു്.

**അമൃതസോദരൻ**—ഉച്ചൈശ്രവസ്സെന്ന കുതിര.

**അംബരീഷൻ**— ൧. ശിവൻ. ൨. സൂൎയ്യകുലത്തിലെ ഒരു രാജാവു. അയോദ്ധ്യയിൽ വാണു. വിഷ്ണുഭക്തനായിരുന്നു. ഇക്ഷ്വാകുവിൽനിന്നു ഇരുപത്തെട്ടാമൻ.

**അംബരീഷം**— പതിനെട്ടു നരകങ്ങളിൽ ഒന്നു്.

**അംബാ**— കാശിരാജാവിൻെറ പുത്രി. ഇവളും സഹോദരിമാരായ അംബികയും അംബാലികയും വിചിത്രവീൎയ്യൻെറ ഭാൎയ്യമാരായിരിപ്പാൻ അവൻെറ അടുക്കലേക്കു ഭീഷ്മനാൽ കൊണ്ടുപോകപ്പെട്ടു. വിചിത്രവീൎയ്യൻ മക്കളില്ലാതെ മരിച്ചപ്പോൾ അംബാ തനിക്കു മുമ്പ പറഞ്ഞു നിശ്ചയിച്ചിരുന്നവനായ സാല്വരാജാവിൻെറ അടുക്കലേക്കു അയക്കപ്പെട്ടു. എന്നാൽ അന്യവീട്ടിൽ പാൎത്തു എന്ന കാരണത്താൽ അവൻ അവളെ സ്വീകരിച്ചില്ല. ഭീഷ്മനും തൻെറ ശപഥംനിമിത്തം അവളെ പരിഗ്രഹിക്കാൻ പാടില്ലായിരുന്നു. അതുകൊണ്ടു അവൾ തപസ്സുചെയ്തു ഭീഷ്മനെ കൊല്ലുന്നതിനായി ശിഖണ്ഡിനിയായി ജനിച്ചു ൨. ദുൎഗ്ഗ. ൩. ഒരു അപ്സരസ്ത്രീ.

**അംബാലികാ**— വിചിത്രവീൎയ്യൻെറ ഇളയ വിധവ. വ്യാസനിൽനിന്നു പാണ്ഡുവിനെ പ്രസവിച്ചു.

**അംബികാ**— വിചിത്രവീൎയ്യൻെറ മൂത്ത വിധവ. വ്യാസനിൽനിന്നു ധൃതരാഷ്ട്രനെ പ്രസവിച്ചു. ൨. പാൎവ്വതി.

**അംബികാഭാഗൻ**— ശിവൻ.

**അംബികാതനയൻ**— ൧. വിഘ്നേശ്വരൻ, ൨. സുബ്രഹ്മണ്യൻ.

**ആംബികേയൻ**— ൧. വിഘ്നേശ്വരൻ (ഗണേശൻ) ൨. സ്കന്ദൻ (സുബ്രഹ്മണ്യൻ) ൩. ധൃതരാഷ്ട്രൻ,

**അമ്മൻ**— ദ്രാവിഡർ ആരാധിക്കുന്ന ദേവീരൂപം ഓരോ ഗ്രാമത്തിലും അങ്കാളമ്മൻ, മാരിയമ്മൻ, ചിന്നമ്മൻ, പെരിയമ്മൻ ഇങ്ങനെ പല നാമത്തിൽ ആരാധിക്കപ്പെടുന്നു.

**അമ്ലപഞ്ചകം**— പുളിരസമുള്ള അഞ്ചുകായ്കൾ.

> കോലം ച ദാഡിമം ചൈവ വൃക്ഷാമ്ലം ചുക്രികാ തഥാ।
> അമ്ലവേതസമിത്യേതദമ്ലപഞ്ചഫലം സ്മൃതം ॥

**അംശുമാൻ**— അസമഞ്ജൻെറ പുത്രൻ. സഗരൻെറ പൌത്രൻ, ദിലീപൻെറ പിതാവു്, സഗരൻെറ അശ്വമേധയാഗത്തിനുള്ള കുതിരയെ ഭൂമിയിലേക്കു തിരികെ കൊണ്ടുവന്നു. കപിലമഹൎഷിയാൽ ഭസ്മീകരിക്കപ്പെട്ട സഗരൻെറ അറുപതിനായിരം മക്കളുടെ അസ്ഥ്യാദിശേഷം കണ്ടെത്തി.

**അയോദ്ധ്യാ**— സൂൎയ്യകുലകൂടസ്ഥനായ ഇക്ഷ്വാകുവിൻെറ പ്രധാനനഗരം, നന്ദിഗ്രാമം ഇതിൻെറ ഒരു ഭാഗമാണു്. ഏഴു വിശുദ്ധനഗരങ്ങളിൽ ഒന്നു്. രാമായണം അയോദ്ധ്യാകാണ്ഡത്തിൽ രാമചരിത്രത്തിൽ അയോദ്ധ്യയിൽ നടന്ന സംഗതികൾ വിവരിച്ചിരിക്കുന്നു

അയോനിജൻ — വിഷ്ണു.

അയോനിജാ — (സംഭവാ) സീത.

അയോപാനം — (അയഃപാനം) ഒരു നരകം, അവിടെ ചെല്ലുവാൻ ഇടവരുന്നവരുടെ ശിക്ഷ ഇരുമ്പു പഴുപ്പിച്ചു തൊണ്ടയിൽ വെക്കയോ ഉരുക്കി കുടിപ്പിക്കയോ ആണ്.

അയ്യൻ, അയ്യനാർ — ഗ്രാമദേവതകളിൽ പുരുഷൻ, അമ്മന്റെ ഭർത്താവ്. അയ്യനാർ ദേവനായി സ്വീകരിച്ചപ്പോൾ ഹരിഹരപുത്രൻ എന്നു പേരുണ്ടായി. പൂർണ്ണയും പുഷ്കലയും ഭാര്യമാർ. അരത്തെക്കാപ്പോൻ, അയ്യൻ, ഹരിഹരൻ, നല്ലചേവകൻ, പൂങ്കടൽവണ്ണൻ, പുഷ്കലമണാളൻ, പുറത്തവൻ, തിരുമുടിസേവകൻ, യോഗി, അയ്യപ്പൻ ഇത്യാദി പേരുകളുണ്ട്. കേരളത്തിൽ അയ്യപ്പൻ എന്ന പേരു നടപ്പ്. കട്ടവാ അയ്യപ്പന്റെ നാമമാണ്. അയ്യനാരെപ്പറ്റി അനേകം കഥകളുണ്ട്. പുസ്തകങ്ങളില്ല.

അയ്യപ്പൻ — അയ്യൻ നോക്കുക.

അയ്യിപ്പിള്ള ആശാൻ — ഔവാട്ടുതുറ, കൊല്ലം അഞ്ചാം ശതവർഷത്തിൽ ജീവിച്ചിരുന്ന ഒരു മലയാളകവി. രാമായണം, പാതാളരാമായണം, ശതമുഖരാമായണം ഇവ പാട്ടായിച്ചമച്ചിട്ടുണ്ട്.

അരണിസുതൻ — ശുകൻ എന്ന ഋഷി, ഘൃതാചീ എന്ന അപ്സരസ്ത്രീയെ കണ്ടപ്പോൾ വ്യാസനിൽനിന്ന് ബീജം ഒരു അരണി (വൃക്ഷ) യിന്മേൽ വീണ് അതിൽനിന്നും ജനിച്ചതുകൊണ്ടു ശുകനു ഈ പേരുണ്ടായി.

അരരു — ഒരു അസുരൻ.

അരവിന്ദനാഭൻ — വിഷ്ണു. നാഭിയിൽ താമരയുള്ളവൻ.

അരി — ശത്രു, മനുഷ്യരുടെ ആറു ശത്രുക്കൾ:—

കാമഃ ക്രോധ സ്തഥാ ലോഭോ।
മദ മോഹൌ ച മത്സരഃ ॥

അരിഷ്ടൻ — ഒരു ദൈത്യൻ, ബലിയുടെ പുത്രൻ, ഒരു കാളയുടെ രൂപത്തിൽ കൃഷ്ണനോടെതിർത്തു കൊല്ലപ്പെട്ടു.

അരിഷ്ടസൂദനൻ — കൃഷ്ണൻ. വിഷ്ണു.

അരിഷ്ടാ — ദക്ഷന്റെ പുത്രി. കശ്യപന്റെ ഒരു ഭാര്യ.

അരുണൻ — (ഉദയം) സൂര്യന്റെ സാരഥി, കശ്യപന്റെ ഒരു പുത്രൻ. ഗരുഡന്റെ ജ്യേഷ്ഠൻ. രുദ്രൻ, അനൂരു, ആശ്മനൻ എന്നും പേരുകളുണ്ട്. കാലം തികയുംമുമ്പ മുട്ടയിൽനിന്നു വിരിഞ്ഞതുകൊണ്ടു ഊരുവില്ലാതെ ജനിച്ചു അതുകൊണ്ടു അനൂരു അല്ലെങ്കിൽ വിപാദൻ, ശ്യേനിയുടെ ഭർത്താവ്, സംപാതിയുടെയും ജടായുസ്സിന്റെയും പിതാവ്. (വ) സൂര്യൻ)

അരുണാത്മജൻ — (അർക്കതനയൻ) ൧. ജടായുസ്സ്. ൨. ശനി. ൩. കർണ്ണൻ ൪. സുഗ്രീവൻ. ൫. യമൻ. ൬- സാവർണ്ണിമനു

**അരുണാത്മജാ**—യമുനാ.

**അരുന്ധതീ**—ഒരു നക്ഷത്രം, ദേവഹൂതിയിൽ കൎദ്ദമപ്രജാപതിയുടെ പുത്രി, വസിഷ്ഠന്റെ ഭാൎയ്യ, ഭാൎയ്യമാൎക്കു വേണ്ടുന്ന സകല ഗുണങ്ങളുടെയും ഒരു മൂൎത്തി. മരണം അടുത്തിരിക്കുന്നവർ നോക്കിയാൽ അരുന്ധതീനക്ഷത്രം കാണുകയില്ലെന്നു ഒരു വിശ്വാസമുണ്ടു്. വിവാഹസമയം ഭാൎയ്യയെ ഈ നക്ഷത്രം കാണിക്കാറുണ്ടു്.

**അരുഷർ**—ഋഗ്വേദത്തിൽ സൂൎയ്യന്റെ ചുവപ്പുകുതിരകൾ.

**അരുഷീ**—ഭൃഗുവിന്റെ ഭാൎയ്യ, ഔൎവ്വന്റെ മാതാവു്.

**അൎക്കൻ**—൧. സൂൎയ്യൻ, ൨. വിഷ്ണു.

**അൎക്കജൻ**—൧. കൎണ്ണൻ. ൨. യമൻ. ൩. സുഗ്രീവൻ.

**അൎച്ചകൻ**—വിഷ്ണുക്ഷേത്രങ്ങളിൽ പൂജ ചെയ്യുന്നവൻ. ശിവക്ഷേത്രങ്ങളിൽ ഗുരുക്കളെന്നും മറ്റു ക്ഷേത്രങ്ങളിൽ പൂജാരിയെന്നും പറയും.

**അൎജ്ജുനൻ**—൧. ഹേഹയരാജാവായ കൃതവീൎയ്യന്റെ പുത്രൻ, കാൎത്തവീൎയ്യൻ എന്ന സാധാരണ പേരു്, പരശുരാമനാൽ കൊല്ലപ്പെട്ടു. ൨. ഇന്ദ്രൻ

**അൎജ്ജുനൻ**—പഞ്ചപാണ്ഡവന്മാരിൽ മൂന്നാമത്തവൻ, കുന്തിയിൽ ഇന്ദ്രന്റെ പുത്രൻ, യോഗ്യനും സുശീലനും നീതിമാനും ധൈൎയ്യമുള്ളവനും ആയിരുന്നു. ദ്രോണന്റെ കീഴിൽ ആയുധശാസ്ത്രം അഭ്യസിച്ചു ദ്രൗപദി തന്റെ സ്വയംവരത്തിൽ അൎജ്ജുനനെ തിരഞ്ഞെടുത്തു, കുന്തിയുടെ വാക്കുപ്രകാരം ദ്രൗപദി പാണ്ഡവന്മാർ എല്ലാവരുടെയും ഭാൎയ്യയായിത്തീൎന്നപ്പോൾ അവൾ ഓരോരുത്തരോടുകൂടി അവരവരുടെ ഭവനത്തിൽ ഇത്രദിവസം പാൎക്കണമെന്നും ആ ദിവസങ്ങളിൽ ആ ഒരുത്തൻ അല്ലാതെ മറ്റാരും ആ ഭവനത്തിൽ കയറിപ്പോകരുതെന്നും അവർ ഒരു നിയമം ഉണ്ടാക്കി; അവരുടെ ആയുധങ്ങൾ സാധാരണയായി യുധിഷ്ഠിരന്റെ ഭവനത്തിൽ ആയിരുന്നു വെക്കാറു്. ഒരിക്കൽ കള്ളന്മാർ വന്നു എന്ന ഒരു ശ്രുതി കേട്ടു ആയുധം എടുക്കുന്നതിനായി അൎജ്ജുനൻ അവിടെ ഓടിച്ചെന്നപ്പോൾ ദ്രൗപദി അവിടെ ഉണ്ടായിരുന്നു, അതുകൊണ്ടു യുധിഷ്ഠിരൻ വിരോധം പറഞ്ഞിട്ടും മുൻനിശ്ചയപ്രകാരം അൎജ്ജുനൻ പന്ത്രണ്ടുവൎഷം കുടുംബം വിട്ടു സഞ്ചരിച്ചു, ആ സമയം പരശുരാമനിൽനിന്നു ആയുധങ്ങളുടെ ഉപയോഗം പഠിക്കയും ഉലൂപിയെയും മണിപൂരരാജാവിന്റെ മകൾ ചിത്രാംഗദയെയും വിവാഹംചെയ്കയും ചെയ്തു. അതിന്റെശേഷം ദ്വാരകയിൽചെന്നു കൃഷ്ണനെ കാണുകയും കൃഷ്ണന്റെ സഹായത്താൽ സുഭദ്രയെ വിവാഹംചെയ്കയും ചെയ്തു. അതിൽപിന്നെ ഖാണ്ഡവവനം ദഹിപ്പിക്കുന്നതിൽ സഹായം ചെയ്തതുകൊണ്ടു അഗ്നിയാൽ ഗാണ്ഡീവം എന്ന വില്ലു സമ്മാനിക്കപ്പെട്ടു. പിന്നെ യുധിഷ്ഠിരൻ ചൂതുകളിയിൽ തോറ്റശേഷം അൎജ്ജുനൻ ദേവകളുടെ പ്രീതിസമ്പാദിച്ചു യുദ്ധത്തിനു വേണ്ടുന്ന ആയുധങ്ങൾ സമ്പാദിപ്പാനായി ഹിമാലയത്തിലേക്കു പുണ്യയാത്രചെയ്തു അവിടെ കിരാതവേഷധാരിയായി വന്ന ശിവനോടു യുദ്ധംചെയ്തു. പിന്നെ ശിവനാണെ

ന്നറിഞ്ഞു വന്ദിച്ചപ്പോൾ ശിവൻ അവനെ അനുഗ്രഹിച്ചു പാശുപതം എന്നു അസ്ത്രം സമ്മാനിച്ചു, ഇന്ദ്രൻ, വരുണൻ, യമൻ, കുബേരൻ ഇവരും ഓരോ അസ്ത്രങ്ങൾ കൊടുത്തു. പിന്നെ ഇന്ദ്രൻ അർജ്ജുനനെ അമരാവതിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെയും കുറേക്കാലം ആയുധോപയോഗാ ശീലിച്ചു, തിരികെ വന്നു വിരാടരാജാവിൻെറ കീഴിൽ ഗായകനായി, ഒടുവിൽ ആ രാജാവിൻെറ ശത്രുക്കളായ ത്രിഗർത്തരാജാവിനെയും ചില കൌരവയോദ്ധാക്കളെയും യുദ്ധത്തിൽ തോല്പിച്ചു. അതിൻെറശേഷം കൃഷ്ണനെ കണ്ടു കൃഷ്ണൻെറ ശരീരംകൊണ്ടുള്ള സഹായം സമ്പാദിച്ചു, കൃഷ്ണൻ യുദ്ധത്തിൽ അർജ്ജുനൻെറ സാരഥിയായിരുന്നു, ശ്രുതിപ്പെട്ട ഭഗവൽഗീതയെ അവനുപദേശിച്ചു, അർജ്ജുനൻ യുദ്ധത്തിൻെറ പത്താംദിവസം ഭീഷ്മനെ കഠിനമായി മുറിവേല്പിച്ചു, പന്ത്രണ്ടാംദിവസം സുശർമ്മാവിനെയും അവൻെറ നാലു സഹോദരന്മാരെയും തോല്പിച്ചു, പതിന്നാലാംദിവസം ജയദ്രഥനെയും പതിനേഴാംദിവസം കർണ്ണനെയും കൊന്നു. യുദ്ധം കഴിഞ്ഞിട്ടു യുധിഷ്ഠിരൻെറ അശ്വമേധയാഗത്തിനുള്ള കുതിരയോടുകൂടി സഞ്ചരിച്ചു അനേകം രാജാക്കന്മാരെ ജയിച്ചു, എന്നാൽ മണിപുരത്തിലെ രാജാവും തൻെറ പുത്രനും ആയ ബഭ്രുവാഹനനോടു യുദ്ധം ചെയ്തു കൊല്ലപ്പെട്ടു, എങ്കിലും തൻെറ ഭാര്യയായ ഉലൂപിയുടെ മന്ത്രംകൊണ്ടു പിന്നെയും ജീവിച്ചു. പിന്നെയും അനേകം ദൈത്യരെയും നിഷാദരെയും മററും തോല്പിച്ചു കുതിരയെ ഹസ്തിനപുരത്തിൽ കൊണ്ടുചെന്നു അശ്വമേധയാഗം കഴിപ്പിച്ചു; പിന്നെ യാദവർ തമ്മിലുള്ള കലഹം നിമിത്തം കൃഷ്ണൻ ദ്വാരകയിലേക്കു അർജ്ജുനനെ ക്ഷണിച്ചു. അവിടെവെച്ചു കൃഷ്ണൻെറയും വസുദേവൻെറയും ശേഷക്രിയകൾ ചെയ്തു. അതിൻെറശേഷം ഹിമാലയത്തിലേക്കു പോകയുംചെയ്തു. അർജ്ജുനനു ഉലൂപിയിൽ ഇരാവാനും ചിത്രാംഗദയിൽ ബഭ്രുവാഹനനും സുഭദ്രയിൽ അഭിമന്യുവും ദ്രൌപദിയിൽ ശ്രുതകീർത്തിയും, ഇങ്ങനെ നാലുപുത്രന്മാരുണ്ടായി. ബീഭത്സു ഗുഡാകേശൻ, ധനഞ്ജയൻ, ജിഷ്ണു, കിരീടി, പാകശാസനി, ഫൽഗുനൻ, സവ്യസാചി, ശ്വേതവാഹനൻ, പാർത്ഥൻ, വിജയൻ ഐന്ദ്രി എന്നും അർജ്ജുനനു പേരുകളുണ്ടു. അർജ്ജുനൻ തിരുനൽവേലിവരെ വന്നിട്ടുണ്ടെന്നു ഐതിഹ്യമുണ്ടു.

അർജ്ജുനീ — അനിരുദ്ധൻെറ ഭാര്യയായ ഉഷാ.

അർണ്ണവമന്ദിരൻ — ൧ വരുണൻ. ൨. വിഷ്ണു.

അർദ്ധകേതു — രുദ്രൻ.

അർദ്ധഗംഗാ — കാവേരി.

അർദ്ധനാരായണൻ — വിഷ്ണുവിൻെറ ഒരുരൂപം.

അർദ്ധനാരി — പകുതി പുരുഷനായും പകുതി സ്ത്രീയായും ശിവൻെറ ഒരു രൂപം ഉത്തരേന്ത്യയിൽ ആരാധിക്കപ്പെടുന്നു. ഈ രൂപത്തിൽ ശിവനും പാർവ്വതിയും സ്പഷ്ടമാ കാണണം-

അർദ്ധലക്ഷ്മീഹരി — അർദ്ധരൂപം ലക്ഷ്മിയുടേതായിട്ടുള്ള ഹരി

അർബ്ബുദം — പശ്ചിമഇന്ത്യയിലുള്ള ഒരു പർവ്വതം.

**അർബ്ബുദി, അർബ്ബുദൻ**—ഇന്ദ്രനാൽ കൊല്ലപ്പെട്ട സർപ്പരൂപിയായ ഒരു അസുരൻ.

**അർവ്വൻ, അർവ്വാ**—പു. ചന്ദ്രന്റെ കുതിര ഉ. ദൈത്യരുടെ വാഹനം; പകുതി കുതിരയും പകുതി പക്ഷിയും.

**അർവ്വാവസു**—സൂര്യന്റെ ഒരു രശ്മി; ദേവകളുടെ ഹോതാവ്; രൈഭ്യൻ നോക്കുക.

**അർവ്വുകർ**—മഹാഭാരതത്തിൽ സഹദേവൻ ജയിച്ചുവെന്ന് പറയുന്ന ദക്ഷിണഭാരതത്തിലെ ഒരു ജാതി.

**അർഹൻ**—പു. ഇന്ദ്രൻ ഉ. വിഷ്ണു.

**അർഹതൻ**—പു, ബുദ്ധൻ ഉ. ശിവൻ.

**അറുപത്തുമൂവർ**—ശിവഭക്തന്മാരായ അറുപത്തുമൂന്നുനായനാർ പലകാലത്തും പലസ്ഥലത്തും ജനിച്ചു. ജൈനക്കെതിരായി ശൈവമതം പ്രചരിപ്പിച്ചു. തിരുത്തൊണ്ടർ, ഗുരുമൂർത്തികൾ, ശിവനടിയാർ എന്നും പേരുണ്ട്, ഇവരുടെ ജീവചരിത്രമാണ ഭക്തവിലാസം എന്നും തിരുത്തൊണ്ടർ പുരാണം എന്നും പേരുള്ള പെരിയ പുരാണം എന്ന തമിഴ് ഗ്രന്ഥം ഇവരിൽ ശ്രുതിപ്പെട്ടവർ അപ്പൻ, മാണിക്കവാചകർ, സംബന്ധൻ, സുന്ദരൻ ഇവരാണ്.

**അളകാ**—കുബേരന്റെ നഗരം, ഹിമാലയത്തിന്റെ ഒരു ശിഖരത്തിൽ ഗന്ധർവ്വരുടെ വാസസ്ഥലം. വസുധാരാ, വസുസ്ഥലീ പ്രഭാ എന്നും പേരുകൾ ഉണ്ട്.

**അളകനന്ദാ**—ഗംഗയുടെ ഒരു കൈവഴി.

**അലങ്കാരം**—സാഹിത്യത്തിനു ചമൽക്കാരമുണ്ടാക്കുന്ന പ്രയോഗവിശേഷത്തിനുപേർ. അലങ്കാരം ശബ്ദാലങ്കാരം അർത്ഥാലങ്കാരം ഇങ്ങനെ രണ്ടുവിധമുണ്ട്. ഇവയിൽ പ്രാധാന്യം അർത്ഥാലങ്കാരത്തിനാണ്. സന്ദർഭത്തിനു യോഗ്യമായ അലങ്കാരങ്ങൾ സാക്ഷാൽ കവികൾക്കു മാത്രമേ തോന്നാറുള്ളു. എങ്കിലും അഭ്യാസവും ആവശ്യമാണ്. ശബ്ദാലങ്കാരങ്ങൾ പ്രയോഗിക്കുന്നതിനു ഭാഷാനൈപുണ്യമല്ലാതെ കവിത്വം ആവശ്യമില്ല. എങ്കിലും ആധുനികകവികളും ഗ്രന്ഥകർത്താക്കന്മാരും അവയ്ക്കും ഒരുവിധം പ്രാധാന്യം കൊടുത്തുവരുന്നു.

## ശബ്ദാലങ്കാരങ്ങൾ.

൧. **അനുപ്രാസം**—(Alliteration) ഒരേവ്യഞ്ജനത്തെയോ ശ്രവണത്തിനു തുല്യങ്ങളായ അക്ഷരങ്ങളെയോ അടുത്തടുത്താവർത്തിക്കുന്നതു അനുപ്രാസം.

ഉ-ം—"ഭരണതരുണി രമണമന്ദിരമാനന്ദസ്യന്ദിസുന്ദരേന്ദുമുഖി" ഇത്യാദി സംസ്കൃതത്തിൽ പ്രാസം ചമൽക്കാരത്തിനായി പ്രയോഗിക്കുന്നു എന്നല്ലാതെ കവിതയ്ക്കു ഒഴിച്ചുകൂടാത്ത ഒരു കാര്യമായി കവികൾ വിചാരിക്കുന്നില്ല. തമിഴിനോടുള്ള സംബന്ധംനിമിത്തമായിരിക്കാം—മലയാളത്തിൽ സംസ്കൃതരീതിയെ അനു

സരിച്ചുണ്ടാകുന്ന ശ്ലോകങ്ങളിൽ ദ്വിതീയാക്ഷരപ്രാസം അത്യന്താപേക്ഷിതമാണെന്നാണ് വിചാരിച്ചുവരുന്നത്.

൨. യമകം — അനുപ്രാസത്തിന്ന അക്ഷരങ്ങളാണല്ലൊ ആവൎത്തിക്കുന്നതു- അക്ഷരങ്ങൾക്കു പകരം പദങ്ങളേയൊ പാദങ്ങളേയൊ അക്ഷരക്കൂട്ടങ്ങളേയൊ അൎത്ഥവ്യത്യാസത്തോടുകൂടി ആവൎത്തിക്കുമ്പോൾ അതിന്ന യമകം എന്ന പേരാകുന്നു

ഉ-ം—(ക) ഹാരീത ഹാരീത മേഷധാത്ത
സേവാല സേവാല സഖം സമംഭഃ
ജംബാല ജംബാല മലം ദധാനം
മന്ദാര മന്ദാരം വവാസുരദ്രിഃ

(ഖ) രംഭോരുമാ കരഭക കമലാരംഭാരാമ കരഭക കമല
രംഭാരാമാ കരഭക കമലാരംഭോരുമാ കരഭകകമലാ

൩. പുനരുക്തവദാഭാസം — പൎയ്യായങ്ങളായി വരാവുന്ന രണ്ടൊ മൂന്നൊ പദങ്ങളെ പ്രഥമദൃഷ്ടിയിൽ പൌനരുക്ത്യം തോന്നുവാൻ തക്കവണ്ണം അടുത്തു പ്രയോഗിക്കുന്നതു പുനരുക്തവദാഭാസം.

ഉ-ം — ശ്രീരാമരാമാവമം.

൪. ചിത്രം — വൎണ്ണവിന്യാസഭേദത്താൽ പത്മംമുതലായ പദാൎത്ഥങ്ങളുടെ ഛായ വരത്തക്കവണ്ണം അക്ഷരങ്ങളെച്ചേൎത്തു ചമയ്ക്കുന്ന പദ്യത്തിന്ന ചിത്രമെന്നു പേരാകുന്നു. ശ്ലോകങ്ങളെ കവികളുടെ ശക്തിപോലെ പത്മബന്ധം, നാഗബന്ധം, ചക്രബന്ധം, ഖഡ്ഗബന്ധം, മുസലബന്ധം, ധനുൎബ്ബന്ധം, ശരബന്ധം, ശൂലബന്ധം, ശക്തിബന്ധം, ഹലബന്ധം, രഥപദം, ഗജപദം, തുരഗപദം, അൎദ്ധഭ്രമം, മുരജബന്ധം, സൎവ്വതോഭദ്രം, ഹാരബന്ധം ഛത്രബന്ധം, ഗോമൂത്രികാബന്ധം ഇങ്ങനെ പലമാതിരിയിൽ ഉണ്ടാക്കാറുണ്ട്; ഇവയ്ക്കുദാഹരണമെ.

കകാകകക്കകേകാരം കകേ കിമോ കൈകകഃ ക കഃ
കകൈരകഃ കാകകാകകക്കാ കകകകാം കകഃ

ഇങ്ങനെ ഏകവ്യഞ്ജനചിത്രങ്ങളും

ഗനാവഗനാവരകരതരമരന
പരമപദശരണ ഗജനപഥകഥക
അമദനഗതമദഗജകരകമല
ശമമയജയജയധനവനദമന.

ഈ മാതിരിയിൽ ഏകസ്വരചിത്രങ്ങളും ഉണ്ട്. യമകങ്ങളിലും ചിത്രങ്ങളിലും ബകാര വകാരങ്ങൾക്കും ഡകാര ലകാരങ്ങൾക്കും ഭേദമില്ലെന്നാണ് വെച്ചിരിക്കുന്നത്. അനുസ്വാരവിസൎഗ്ഗങ്ങളും ഗണ്യമാക്കേണ്ടതില്ല.

ശബ്ദാലങ്കാരപ്രധാനമായി ഉണ്ടാക്കപ്പെടുന്ന ശ്ലോകങ്ങൾ കാവ്യരസം പ്രായേണ കുറഞ്ഞവയും അൎത്ഥം പ്രായേണ ദുൎഗ്രഹവും ആകുന്നു.

## അൎത്ഥാലങ്കാരങ്ങൾ.

൧. ഉപമ—(Simile) ഒരു വസ്തുവിനു മറെറാന്നിനോടു ചമൽകാരകാരമായ സാദൃശ്യം ചൊല്ലുന്നതു ഉപമാലങ്കാരം. ഒരു ഉപമയ്ക്കു നാലുഭാഗങ്ങളുണ്ടു്. ഏതിനെ മറെറാന്നിനോടു ഉപമിക്കുന്നുവോ അതു ഉപമേയം, അതു ഏതിനോടു ഉപമിക്കപ്പെടുന്നുവോ അതു ഉപമാനം, രണ്ടിലും തുല്യമായി പറയുന്നതു സാധാരണധൎമ്മം, തുല്യതയെക്കുറിക്കുന്ന ശബ്ദം ഉപമാവാചകം ഇവ നാലും പ്രത്യക്ഷമായി പറയപ്പെടുമ്പോൾ അതിനു പൂൎണ്ണോപമ എന്നും ഒന്നോ ഒന്നിലധികമോ പറയാതിരിക്കുമ്പോൾ അതിനു ലുപ്തോപമ എന്നും പേരുകളാകുന്നു. കാവ്യാദൎശകൎത്താവു ഉപമകൾ ൩൨—മാതിരി ഉള്ളതായി പറയുന്നു.

ഉ-ം—വദനം കമലംപോലെ ചാരു; ഭുജങ്ങൾ മൃണാളംപോലെ കോമളം.

൨. അനന്വയം—ഒരു വസ്തുവിനോടു സദൃശമായ വേറൊരു വസ്തു ഇല്ലെന്നു കാണിപ്പാൻവേണ്ടി അതിനെ അതിനോടുതന്നെ ഉപമിക്കുന്നതു അനന്വയം. ഇതിൽ ഉപമേയവും ഉപമാനവും ഒന്നുതന്നെ.

ഉ-ം—ആകാശം ആകാശംപോലെ സമുദ്രം സമുദ്രോപമം.

൩. ഉപമേയോപമാ—ഉപമേയത്തിനും ഉപമാനത്തിനും തുല്യമായി വേറൊരു വസ്തുവില്ലെന്നു സൂചിപ്പിക്കുന്നതിനായി ഉപമേയത്തെ ഉപമാനത്തോടും ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്നതു ഉപമേയോപമാ.

ഉ-ം—കുമുദങ്ങൾ നക്ഷത്രങ്ങൾപോലെ, നക്ഷത്രങ്ങൾ കുമുദങ്ങൾ പോലെ.

൪. പ്രതീപം—ഒരു വസ്തുവിനെ മറെറാന്നിനോടു ഉപമിക്കുന്നതിനുവേണ്ടി ആ വസ്തുവിനെ ഉപമാനവും മറേറതിനെ ഉപമേയവുമാക്കി ഉപമിക്കുന്നതു പ്രതീപാലങ്കാരം. ഇതു സാധാരണ ഉപമയ്ക്കു വിപരീതമാകുന്നു.

ഉ-ം—പത്മം നിന്റെ കണ്ണിനു തുല്യം. ചന്ദ്രൻ നിന്റെ മുഖത്തിനു സദൃശം.

൫. രൂപകം—(Metaphor) ഉപമേയത്തിനും ഉപമാനത്തിനും സമത്വം കല്പിക്കുന്നതിനു പകരം അവയ്ക്കു അഭേദം കല്പിക്കുന്നതു രൂപകമാകുന്നു.

ഉ-ം—ശ്രീരാമനാകുന്ന കല്പവൃക്ഷം വിജയിക്കുന്നു

൬. പരിണാമം—രൂപകത്തിന്റെ ഒരു ഭേദമായ ഇതിൽ ഒരു വസ്തുവിന്റെ ഗുണങ്ങളെ ഏതിനോടു അതിനെ ഉപമിക്കുന്നുവോ അതിനുള്ളതായി സങ്കല്പിക്കപ്പെടുന്നു.

ഉ-ം—ആ സുന്ദരി വികസിച്ച കണ്ണിന്റെ രൂപത്തിലുള്ള അബ്ജം കൊണ്ടു നോക്കുന്നു. ഇവിടെ അബ്ജത്തിനു കാണുന്നശക്തി ഇല്ലാഞ്ഞിട്ടും ദൃക്ക്

അതിനോട ഉപമിക്കപ്പെടുകയാൽ കാണാനുള്ള ശക്തി അതിനു സങ്കല്പിതമാകുന്നു.

൭. ഉല്ലേഖം—ഒരുവസ്തുവിനെ ഓരോ പക്ഷത്തിൽനിന്നുള്ള കാഴ്ചപോലെ ബഹുവിധരൂപത്തിൽ വൎണ്ണിക്കുന്നതു ഉല്ലേഖാലങ്കാരം.

ഉ-ം—വൃദ്ധകൾ ശ്രീകൃഷ്ണനെ ലോകരക്ഷിതാവായിട്ടും യുവതികൾ ലക്ഷ്മിയുടെ ഭൎത്താവായിട്ടും ബാലകൾ യഥാസ്ഥിതിയിലും കൌതുകത്തോടെകണ്ടു.

൮. സ്മൃതിമാൻ—ഒരു വസ്തുവിനെക്കണ്ടിട്ടു അതിനോടുള്ള സാദൃശ്യംനിമിത്തം മറ്റൊരുവസ്തുവിനെ ഓൎമ്മിക്കുന്നതായി വിവരിക്കുന്നതു സ്മൃതിമാൻ.

ഉ-ം—പങ്കജം കണ്ടപ്പോൾ പ്രിയയുടെ മുഖം ഓൎമ്മവരുന്നു.

൯. ഭ്രാന്തിമാൻ—ഒരു വസ്തുവിനെ കണ്ടിട്ടു മറ്റൊരു വസ്തുവാണെന്നു ഭ്രമിച്ചുപോകുന്നതായി വിവരിക്കുന്നതു ഭ്രാന്തിമാൻ.

ഉ-ം—ഈ മലിച്ചിരിക്കുന്ന വണ്ടു നിൻെറ മുഖം പങ്കജമാണെന്നു വിചാരിച്ചു വരുന്നു.

൧൦. സന്ദേഹം—രണ്ടുവസ്തുക്കളിലുള്ള സാദൃശ്യംനിമിത്തം ഒന്നു മറ്റേതെന്നു സംശയിക്കുന്നതായി വിവരിക്കുന്നതു സന്ദേഹം. ഈ അലങ്കാരത്തെ സസന്ദേഹം എന്നും പറയാറുണ്ട്.

ഉ-ം—നിൻെറ മുഖം പങ്കജമൊ ചന്ദ്രനോ എന്നു സംശയിക്കുന്നു.

൧൧. അപഹ്നുതി—ഒരു വസ്തുവിൻെറ സാധൎമ്മത്തെ നിഷേധിച്ചിട്ടു അതിനു അന്യവസ്തുവിൻെറ ധൎമ്മത്തെ ആരോപിക്കുന്നതു അപഹ്നുതി.

ഉ-ം—ഇതു ചന്ദ്രനല്ല, പിന്നെയൊ, ആകാശഗംഗയിലുള്ള താമരപ്പൂവാകുന്നു.

൧൨. ഉൽപ്രേക്ഷ—(Poetical Fancy) ഉപമേയോപമാനങ്ങൾക്കു ചില ധൎമ്മങ്ങളിൽ ചേൎച്ചകാണുകയാൽ രണ്ടിനും ഐക്യം സങ്കല്പിക്കുന്നതു ഉൽപ്രേക്ഷ

ഉ-ം—ആകാശത്തിൽ കറന്നൊന്നു പ്രകാശിക്കുന്ന ചന്ദ്രകിരണങ്ങൾ സന്തോഷത്താൽ ചിരിക്കുന്ന ഇരുട്ടാകുന്ന രാക്ഷസൻെറ പല്ലുകളൊ എന്നതോന്നുമാറു ശോഭിച്ചു.

൧൩. അതിശയോക്തി--(Hyperbole) ഒരു വസ്തുവിനുള്ള ഗുണങ്ങളെ ഉള്ളതിലധികമായിട്ടൊ ഉള്ളതിൽ കുറച്ചൊ പറയുന്നതു അതിശയോക്തി.

ഉ-ം—അയോദ്ധ്യയിലെ മാളികകൾ ചന്ദ്രബിംബത്തിൽ മുട്ടുന്നവയായിരുന്നു.

൪൪. തുല്യയോഗിതാ—ഒരു വസ്തുവിനും അതിനോടു സംബന്ധം ഉള്ളതോ ഇല്ലാത്തതോ ആയ ഇതരവസ്തുക്കൾക്കും ധർമ്മൈക്യത്തെ സങ്കല്പിക്കുന്നതു തുല്യയോഗിതാ.

ഉ-ം—നിന്റെ അംഗമാർദ്ദവംകണ്ടാൽ പിച്ചകപ്പൂവിനും ചന്ദ്രകലക്കും കളിക്കുള്ള കാഠിന്യം ആർക്കാണു മനസ്സിൽ തോന്നാത്തതു്.

൪൫. ദീപകം—അനേകവസ്തുക്കൾക്കു ഉപമാവാചകം പ്രയോഗിക്കാതെ ഒരേധർമ്മത്തെ കല്പിക്കുന്നതും ഒരേവസ്തുവിനു അനേകധർമ്മങ്ങളെ കല്പിക്കുന്നതും ദീപകം.

ഉ-ം—മദംകൊണ്ടു ആന ശോഭിക്കുന്നു; പ്രതാപംകൊണ്ടു മഹീപതിയും.

൪൬. പ്രതിവസ്തൂപമാ—രണ്ടു വസ്തുക്കളുടെ സാധാരണ ധർമ്മത്തെ വേറെവേറെ ആവർത്തിച്ചു പറയുന്നതു പ്രതിവസ്തൂപമാ.

ഉ-ം—വിദ്വാൻമാത്രമേ വിദ്വജ്ജനങ്ങളുടെ പരിശ്രമത്തെ അറിയുന്നുള്ളു. വന്ധ്യ പ്രസവവേദനയെ അറിയുന്നില്ലല്ലോ.

൪൭. ദൃഷ്ടാന്തം—ഒരു സംഗതിയെ ഒരു ദൃഷ്ടാന്തത്തോടുകൂടി വിവരിച്ചാൽ അതു ദൃഷ്ടാന്താലങ്കാരം.

ഉ-ം—സൂര്യൻ ഇരുട്ടിനെ നശിപ്പിക്കാൻ സമർത്ഥനായിരിക്കുന്നു. അതുപോലെ ശ്രീരാമൻ രാക്ഷസന്മാരെ നശിപ്പിക്കുന്നതിൽ സാമർത്ഥ്യത്തോടുകൂടിയവനാകുന്നു.

൪൮. നിദർശനാ—രണ്ടു സദൃശവാക്യങ്ങൾക്കു ഐക്യത്തെ ആരോപിക്കുന്നതു നിദർശനം. (രൂപകത്തിൽ ഐക്യം പദത്തിനു.)

ഉ-ം—ശ്രീരാമനെ വാക്കുകൊണ്ടു വർണ്ണിക്കുവാൻ ഇച്ഛിക്കുന്നവൻ സൂര്യനെ കൈകൊണ്ടു പിടിക്കുവാൻ ഇച്ഛിക്കുന്നു.

൪൯. വ്യതിരേകം—ഉപമേയോപമാനങ്ങളിൽ ഉപമേയത്തിനു ചില സംഗതികളിൽ ഉപമാനത്തേക്കാൾ വിശേഷമുണ്ടെന്നു പറയുന്നതു വ്യതിരേകം.

ഉ-ം—സജ്ജനങ്ങൾ ശൈലങ്ങൾപോലെ ഉന്നതന്മാരാകുന്നു; എന്നാൽ പ്രകൃത്യാ കോമളന്മാരുമാകുന്നു.

൫൦. സഹോക്തി—വർണ്ണ്യാവർണ്ണ്യങ്ങളുടെ സഹഭാവത്തെ ഉഭയാർത്ഥമുള്ള ഏകക്രിയയാൽ വിവരിക്കുന്നതു സഹോക്തി.

ഉ-ം—ശ്രീരാമൻ ശത്രുക്കളുടെ മദത്തോടുകൂടെത്തന്നെ പരശുരാമന്റെ വില്ലുംമുറിച്ചു.

൫൧. ശ്ലേഷ—(Paronomasia) ഒരേ പദത്തിനോ വാക്യത്തിനോ ഒന്നിലധികം അർത്ഥങ്ങൾ വരത്തക്കവണ്ണം പ്രയോഗിക്കുന്നതു ശ്ലേഷാലങ്കാരം ഇതു ശബ്ദശ്ലേഷ, അർത്ഥശ്ലേഷ ഇങ്ങനെ രണ്ടുവിധമുണ്ടു്. അർത്ഥശ്ലേഷയിൽ അലങ്കാരകാരകമായ പദത്തിന്റെ പര്യായം ഉപയോഗിച്ചാലും അല

കാരം പൊയ്പ്പോകുന്നില്ല. ശബ്ദാലങ്കാരത്തിൽ പദത്തിനു ഭേദംവരുത്തിയാൽ അലങ്കാരവും പൊയ്പ്പോകും.

ഉ-ം___പാലിക്കണമെന്നെക്കാരുണ്യപൂർണ്ണനായൊരു മാധവൻ (൧) ഒരു മാധവൻ=കൃഷ്ണൻ (൨) ഒർ ഉമാധവൻ=ശിവൻ.

ഒരു ചോദ്യത്തിനു വക്താവു വിചാരിക്കാത്ത അൎത്ഥത്തെ ശ്ലേഷംകൊണ്ടു കല്പിച്ചു വക്രമായി ഉത്തരം പറയുന്നതു വക്രോക്തി അലങ്കാരം എന്നു പറയപ്പെടുന്നു.

൨൭. അപ്രസ്തുതപ്രശംസ___പ്രസ്തുതമായ വിശേഷത്തിനു പകരം അപ്രസ്തുതമായ സാമാന്യത്തേയോ സാമാന്യത്തിനു പകരം വിശേഷത്തെയോ കാൎയ്യത്തിനുപകരം കാരണത്തേയോ കാരണത്തിനുപകരം കാൎയ്യത്തേയോ തുല്യത്തിനുപകരം താതുല്യത്തേയോ വിവരിച്ചു അപ്രസ്തുതമായ ഒരു വൃത്താന്തത്തെ വൎണ്ണിക്കുന്നതു അപ്രസ്തുതപ്രശംസ.

ഉ-ം___രാജാവിന്റെയോ ചോരന്റെയോ ഭയം ഇല്ലാതെ ഭിക്ഷു ഒരുവൻതന്നെ ലോകത്തിൽ സുഖമുള്ളവൻ; അവൻ സൈ്വരമായി കളിക്കുന്നു; സൈ്വരമായി രമിക്കുന്നു; സൈ്വരമായി സഞ്ചരിക്കുന്നു.

൨൮. പൎയ്യായോക്തി___(Periphrasis) ഒരു സംഗതിയെ എളുപ്പത്തിൽ പ്രത്യക്ഷമാകാത്തവിധത്തിൽ വളച്ചുകെട്ടി പറയുന്നതു് പൎയ്യായോക്തി.

ഉ-ം___രാഹുവിന്റെ ഭാൎയ്യമാരുടെ കുചങ്ങളെ നിഷ്പ്രയോജനമാക്കിയവനു നമസ്കാരം. രാഹുവിനു ശിരസ്സുമാത്രം ആക്കിച്ചെയ്തവനു=വിഷ്ണുവിനു.

൨൯. വ്യാജസ്തുതി, വ്യാജനിന്ദ___(Irony) സ്തുതിക്കുന്ന ഭാവത്തിൽ നിന്ദിക്കയോ നിന്ദിക്കുന്നഭാവത്തിൽ സ്തുതിക്കയോ ചെയ്യുന്നതു വ്യാജസ്തുതിയും വ്യാജനിന്ദയും ആകുന്നു.

ഉ-ം___അല്ലയോ ഗംഗേ നിനക്കെന്തുവിവേകം നീ പാപികളേയും സ്വൎഗ്ഗത്തിലേക്കു അയക്കുന്നുവല്ലോ.

൨൦. വിരോധാഭാസം___വാസ്തവത്തിൽ വിരോധമില്ലെങ്കിലും പ്രത്യക്ഷത്തിൽ വിരോധം തോന്നുന്നപ്രകാരം പറയുന്നതു വിരോധാഭാസം.

ഉ-ം___ഭരതനായാലും ശത്രുഘ്നൻ (ശത്രുക്കളെ ഹനിക്കുന്നവൻ)

൨൧. വിഭാവന___പ്രസിദ്ധകാരണം കൂടാതെ കാൎയ്യമുണ്ടാകുന്നതായി വൎണ്ണിക്കുന്നതു വിഭാവന.

ഉ-ം___ലാക്ഷാരസം തേക്കാതെയും പാദം ചുവന്നിരിക്കുന്നു (സ്വഭാവേന ചുവപ്പെന്നൎത്ഥം)

൨൨. വിശേഷോക്തി___കാരണമുണ്ടായിരുന്നിട്ടും കാൎയ്യം സംഭവിക്കാത്തതായി വൎണ്ണിക്കുന്നതു വിശേഷോക്തി.

ഉ-ം—സ്മരനാകുന്ന വിളക്കു ജ്വലിച്ചിട്ടും ഹൃദയത്തിൽ സ്നേഹക്ഷയം ഉണ്ടായില്ല. (സ്നേഹത്തിനു എണ്ണയെന്നർത്ഥമുണ്ട്.)

൮൮. **അസംഗതി**—കാരണമൊരിടത്തും കാര്യം അതിനോടു സംബന്ധമില്ലാത്തവിധത്തിൽ മറ്റൊരിടത്തും ആയാൽ അതു് അസംഗതി.

ഉ-ം—ശ്രീരാമൻ വില്ലിൽ അമ്പുതൊടുത്തു. തൽക്ഷണം രാവണൻ പരമാത്മാവിൽ ലയിച്ചു.

൮൯. **വിഷമം**—തമ്മിൽ അനുരൂപ്യമില്ലാത്ത രണ്ടു വസ്തുക്കളെ ചേർത്തു കാണിക്കുന്നതു വിഷമം. പലമാതിരിയുണ്ട്.

ഉ-ം—കൃഷ്ണന്റെ വാളു് കാളസർപ്പംപോലെ കറുത്തിരുന്നാലും അതു പൂർണ്ണചന്ദ്രനെപ്പോലെ വെളുത്ത യശസ്സിനെ ഉണ്ടാക്കുന്നു.

൯൦. **അന്യോന്യം**—രണ്ടു വസ്തുക്കൾ പരസ്പരം ഉപകാരത്തെ ചെയ്യുന്നതായി വർണ്ണിക്കുന്നതു അന്യോന്യം.

ഉ-ം—ലോകത്തിൽ രാമൻ സീതയെക്കൊണ്ടും സീത രാമനെക്കൊണ്ടും ശോഭിക്കുന്നു.

൯൧. **വ്യാഘാതം**—ഒരേ കാരണത്തിൽനിന്നു പരസ്പരം വിരുദ്ധങ്ങളായ രണ്ടു കാര്യങ്ങൾ പുറപ്പെടുന്നതായി വർണ്ണിക്കുന്നതു വ്യാഘാതം.

ഉ-ം—എന്തുപദാർത്ഥങ്ങളെക്കൊണ്ടു ലോകത്തിനു പ്രീതിയുണ്ടാകുന്നുവോ അതുകളെക്കൊണ്ടു കാമദേവൻ ഹിംസിക്കുന്നു.

൯൨. **കാരണമാലാ**—ഒരു കാരണവും അതിന്റെ കാര്യവും, ആ കാര്യം കാരണമാക്കി അതിന്റെ കാര്യവും രണ്ടാമത്തെ കാര്യം കാരണമാക്കി അതിന്റെ കാര്യവും ഇങ്ങനെ കാരണകാര്യങ്ങളെ മുറയ്ക്കു ഒരു മാലപോലെ ചമയ്ക്കുന്നതു കാരണമാല.

ഉ-ം—നയംകൊണ്ടു സമ്പത്തും, സമ്പത്തുകൊണ്ടു ദാനവും ദാനംകൊണ്ടു യശസ്സും ഉണ്ടാകുന്നു.

൯൩. **ഏകാവലി**—മുൻപറഞ്ഞതു പിൻവരുന്നതിനു ഏതു വിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേരെ മറിച്ചോ വിശേഷണവിശേഷ്യങ്ങളെ ഒരു ചങ്ങലപോലെ കൂട്ടിച്ചേർക്കുന്നതു ഏകാവലി.

ഉ-ം—വൃദ്ധനില്ലാത്തതു സഭയല്ല ധർമ്മത്തെ പറയാത്തവൻ വൃദ്ധനല്ല—സത്യമില്ലാത്തതു ധർമ്മമല്ല—കപടമുള്ളതു സത്യവുമല്ല.

൯൪. **സാരം**—(Climax) ഒന്നിനെക്കാൾ മറ്റൊന്നു ഉത്തരോത്തരം നല്ലതാ ചീത്തയോ ആണെന്നു പറയുന്നതു സാരം.

ഉ-ം—പ്രപഞ്ചത്തിൽ മനുഷ്യൻ ശ്രേഷ്ഠൻ; മനുഷ്യരിൽ കുലീനൻ; കുലീനരിൽ ധർമ്മി; ധർമ്മികളിൽ ദയാവാൻ,

൰൫. **യഥാസംഖ്യം**—ഒരു വാചകത്തിൽ കർത്താവിന്റെയോ കർമ്മത്തിന്റെയോ ക്രമമനുസരിച്ചു ക്രിയയെ പറയുന്നതു യഥാസംഖ്യം അല്ലെങ്കിൽ യഥാസാരം.

ഉ-ം—ശത്രുവിനേയും മിത്രത്തേയും വിപത്തിനേയും ജയിക്ക, രഞ്ജിപ്പിക്ക, നശിപ്പിക്ക.

൰൬. **പരിവൃത്തി**—ഒന്നിനെ കൊടുത്തിട്ടു അതിനു സമമായൊ അതിൽ ചെറുതൊ അതിൽ വലുതോ ആയ ഒന്നിനെ വാങ്ങുന്നതായി വിവരിക്കുന്നതു പരിവൃത്തി.

ഉ-ം—ആ ഏണാക്ഷി കടാക്ഷത്തെ തന്നിട്ടു എന്റെ ഹൃദയത്തെ അപഹരിച്ചു ഞാൻ ഹൃദയത്തെ കൊടുത്തിട്ടു മദനജ്വരം സ്വീകരിച്ചു

൰൭. **പരിസംഖ്യ**—അനേക വസ്തുക്കളിൽ ചേരാവുന്ന ഒരു സൽഗുണത്തെ ഒന്നിലല്ല മറ്റൊന്നിലാണെന്നു നിയമനം ചെയ്യുന്നതു പരിസംഖ്യ.

ഉ-ം—സ്നേഹക്ഷയം വിളക്കുകളിലാകുന്നു, സുന്ദരികളുടെ ഹൃദയത്തിലല്ല.

൰൮. **സമുച്ചയം**—ഒരു വസ്തുവിനു ഒരു ഗുണമോ ക്രിയയൊ വരുന്ന സമയത്തിൽതന്നെ അതിനോടു സംബന്ധമില്ലാത്ത വേറൊരു വസ്തുവിനോ വസ്തുക്കൾക്കോ മറ്റൊരു ഗുണമോ ക്രിയയൊ വരുന്നതായി പ്രസ്താവിക്കുന്നതു സമുച്ചയം.

ഉ-ം—കമല വനങ്ങളിൽ മഞ്ഞും സൌന്ദര്യാദി ഗുണങ്ങളുള്ളവരിൽ ജരയും രമണീയരിൽ ദുശ്ചരിതവും നീചരിൽ ലക്ഷ്മിയും ഉണ്ടാകയത്രെ.

൰൯. **അർത്ഥാന്തരന്യാസം**—ഒരു സാമാന്യത്തെ സ്ഥാപിക്കുവാൻ വേണ്ടി വിശേഷത്തെയോ വിശേഷത്തെ സ്ഥാപിക്കുവാൻവേണ്ടി സാമാന്യത്തെയോ പറയുന്നതു അർത്ഥാന്തരന്യാസം. ഈ അലങ്കാരത്തെ കാളിദാസനും ഭാരവിയും മാഘനും ധാരാളം പ്രയോഗിക്കുന്നുണ്ടു്

ഉ-ം—൧. ഹനുമാൻ സമുദ്രത്തെ കടന്നു. മഹാത്മാക്കൾക്കു എന്താണു ദുഷ്കരം. ൨. ഗുണമുള്ള വസ്തുവിന്റെ സംസർഗ്ഗത്താൽ നീചമായതും ഔന്നത്യം പ്രാപിക്കും പുഷ്പമാലയുടെ സംസർഗ്ഗംനിമിത്തം വാഴനാരും ശിരസ്സിൽ ധരിക്കപ്പെടുന്നു.

൨൦. **വ്യാജോക്തി**—ഒരു രഹസ്യത്തെ മറയ്ക്കുന്നതിനായി ഒരു വ്യാജത്തെ പറകയോ പ്രവൃത്തിക്കയോ ചെയ്യുന്നതു വ്യാജോക്തി.

ഉ-ം—രാമനെ കണ്ടിട്ടു് ശൂർപ്പണഖാ ശീതം കഠോരമെന്നു സഗദ്ഗദം പറയുന്നു.

ഒരേവാചകത്തിൽ അന്യോന്യം സംബന്ധമുള്ള ഒന്നിലധികം അലങ്കാരങ്ങൾ ചേർന്നുവന്നാൽ അതിനു **സങ്കരം** എന്നും അലങ്കാരങ്ങൾ തമ്മിൽ സംബന്ധമില്ലാത്തവ ആയിരുന്നാൽ അതിനു **സംസൃഷ്ടി** എന്നും പേർ പറയപ്പെടുന്നു.

അലങ്കാരങ്ങളെക്കുറിച്ചു ദീർഘമായ വിവരണങ്ങൾ കൊടുക്കുന്ന ചില പുസ്തകങ്ങളുടെ പേരുകൾ താഴെ ചേൎക്കുന്നു- ൧. വിശ്വനാഥകവിരാജന്റെ സാഹിത്യദർപ്പണം ൨. ദണ്ഡിയുടെ കാവ്യാദർശം ൩. മമ്മടന്റെ കാവ്യപ്രകാശം. ൪. ധനഞ്ജയന്റെ ദശരൂപകം ൫. വാമനന്റെ കാവ്യാലങ്കാരവൃത്തി ൬. ഭോജദേവന്റെ സരസ്വതീകണ്ഠാഭരണം. ൭ ഭാമന്റെ അലങ്കാരസർവ്വസ്വം. ൮. കവികർണ്ണപൂരകന്റെ അലങ്കാരകൌസ്തുഭം. ൯ അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദം ൧൦. ജയദേവന്റെ ചന്ദ്രാലോകം.

**അലങ്കാരകൌസ്തുഭം**— അലങ്കാരങ്ങളെപ്പററി ഒരു കാവ്യം. വിശേശ്വരൻ, കല്യാണൻ, കവികർണ്ണപൂരൻ ഇങ്ങനെ മൂന്നാളുകൾ ഈ പേരോടുകൂടി ഓരോ പുസ്തകം ഉണ്ടാക്കീട്ടുണ്ട്.

**അലങ്കാരസർവ്വസ്വം**— അലങ്കാരങ്ങളെപ്പററി രാജാനകരുയ്യകന്റെ ഒരു പുസ്തകം.

**അലംബുഷൻ**— ൧. മഹാഭാരതയുദ്ധത്തിൽ സാത്യകിയാൽ തോല്പിക്കപ്പെട്ട് ഒടുവിൽ ഘടോൽകചനാൽ വധിക്കപ്പെട്ട ഒരു രാക്ഷസൻ ൨. രാവണന്റെ മന്ത്രിയായ പ്രഹസ്തൻ.

**അലംബുഷാ**- ഒരു അപ്സരസ്ത്രീ.

**അലായുധൻ**— ഘടോൽകചൻ ദ്വന്ദ്വയുദ്ധംചെയ്തു കൊന്ന ഒരു രാക്ഷസൻ

**അവതാരം**— അവതാരങ്ങളെക്കുറിച്ചു വിവരമായി പറഞ്ഞിട്ടുള്ളതു പുരാണങ്ങളിലാണെങ്കിലും ഋഗ്വേദത്തിൽ വിഷ്ണുവിന്റെ വാമനാവതാരത്തെക്കുറിച്ചും തൈത്തിരീയസംഹിതയിൽ വരാഹാവതാരത്തെക്കുറിച്ചും ശതപഥബ്രാഹ്മണത്തിൽ മത്സ്യാവതാരത്തെക്കുറിച്ചും കൂർമ്മാവതാരത്തെക്കുറിച്ചും അല്പം പ്രസ്താവിച്ചിട്ടുണ്ട്. അവതാരങ്ങളിൽ മുഖ്യമായിട്ടുള്ളതു വിഷ്ണുവിന്റെ ദശാവതാരങ്ങളാകുന്നു.

൧. മത്സ്യം— ഏഴാമത്തെ മനുവും മനുഷ്യകലത്തിന്റെ ജനയിതാവും ആയ വൈവസ്വതനെ അക്കാലം ഉണ്ടായ ജലപ്രളയത്തിൽനിന്നും രക്ഷിപ്പാൻ ചെറിയതായി മനുവിന്റെ അടുക്കൽവന്നു രക്ഷപ്രാപിച്ച മത്സ്യം വലുതായി സമുദ്രത്തിൽപോലും കൊള്ളാതെവന്നു ജലപ്രളയം വന്നപ്പോൾ ആ മത്സ്യത്തിന്റെ ആജ്ഞപ്രകാരം മനുവും ഋഷിമാരും ഒരു കപ്പലിൽ കയറി, ആ കപ്പലിനെ വെള്ളം താണതുവരെ ആ മത്സ്യം രക്ഷിക്കയും ചെയ്തു. ഭാഗവതപുരാണപ്രകാരം ഈ അവതാരം വേദം മോഷ്ടിച്ചുകൊണ്ടുപോയ ഹയഗ്രീവനെ കൊല്ലുന്നതിനായിരുന്നു. ജലപ്രളയത്തിന്റെ വിവരണം എല്ലാ പുസ്തകങ്ങളിലും അല്പാല്പം ഭേദിച്ചിട്ടാണു കാണുന്നതു്.

൨ കൂർമ്മം-(ആമ) ജലപ്രളയത്തിൽ കളഞ്ഞുപോയ ചില വസ്തുക്കൾ തിരികെ കിട്ടുന്നതിനായി പാലാഴിമഥനത്തിൽ സഹായിപ്പാൻ മന്ദരപർവ്വതത്തെ കൂർമ്മത്തിന്മേൽ ഉറപ്പിച്ചു വാസുകി എന്ന സർപ്പത്തെ കയറാക്കി സുരന്മാരും അസുരന്മാരുംകൂടി സമുദ്രത്തെ മഥനംചെയ്തു മഥനംചെയ്താറെ കിട്ടിയവസ്തുക്കളിൽ പ്രധാനമായിട്ടുള്ളതു അമൃതം, ധന്വന്തരി, ലക്ഷ്മി, ചന്ദ്രൻ, രംഭാ മുതലായ അപ്സരസ്ത്രീകൾ, ഉച്ചൈഃശ്രവസ്സ്, കൌസ്തുഭം, പാരിജാതം, സുരഭി, ഐരാവതം, ശംഖ്, വിഷം ഇവയാകുന്നു.

൩. വരാഹം—(പന്നി) ഹിരണ്യാക്ഷൻ എന്ന അസുരൻ ഭൂമിയെ വലിച്ചു സമുദ്രത്തിനടിയിൽ കൊണ്ടുപൊയ്ക്കളകകൊണ്ടു ആയിരംവൎഷം അവനോടുയുദ്ധം ചെയ്തു അവനെ കൊന്നു ഭൂമിയെ ഉയൎത്തിക്കൊണ്ടുവന്നു.

൪. നരസിംഹം—(പകുതി മനുഷ്യനും പകുതി സിംഹവും) ഹിരണ്യകശിപു എന്ന അസുരൻ ബ്രഹ്മാവിന്റെ വരംകൊണ്ടു ദേവന്മാരാലും മനുഷ്യരാലും മൃഗങ്ങളാലും ജയിക്കാൻ കഴിയാത്തവനായി തീൎന്നിട്ടു തന്റെ പുത്രനായ പ്രഹ്ലാദൻ വിഷ്ണുവിനെ ഭജിക്കയാൽ അവനെ കൊല്ലുവാൻ ശ്രമിച്ചു. വിഷ്ണുവിന്റെ ശക്തിയെയും വിശ്വരൂപതയെയുംകുറിച്ചു തൎക്കിച്ചുകൊണ്ടു അവിടത്തെ ഒരു കൽത്തൂണിൽ വിഷ്ണുവുണ്ടോ എന്നു ചോദിച്ചുകൊണ്ടു അതിന്മേൽ ശക്തിയോടെ അടിച്ചു, അപ്പോൾ വിഷ്ണു നരസിംഹരൂപത്തിൽ തൂണിൽനിന്നിറങ്ങി അസുരനെ പിടിച്ചു ചീന്തിക്കൊന്നു.

ഈ നാലവതാരങ്ങളും സത്യയുഗത്തിൽ ഉണ്ടായി

൫. വാമനൻ-ത്രേതായുഗത്തിൽ ദൈത്യരാജാവായ ബലി തന്റെ തപോബലത്താൽ മൂന്നുലോകത്തിന്റെയും ആധിപത്യം പ്രാപിച്ചു ദേവന്മാരെ ഹിംസിപ്പാനുംമററും തുടങ്ങി; അതുകൊണ്ടു വിഷ്ണു ഒരു വാമനരൂപത്തിൽ കശ്യപന്റെയും അദിതിയുടെയും പുത്രനായി ജനിച്ചിട്ടു ബലിയുടെ മുമ്പിൽചെന്നു മൂന്നടി സ്ഥലംചോദിച്ചു; ഈ ലഘുവായ കാൎയ്യം രാജാവു സമ്മതിച്ചപ്പോൾ വിഷ്ണു ഒരടി ഭൂമിയിലും ഒന്നു സ്വൎഗ്ഗത്തിലുംവെച്ചു, ബലിയുടെ ഗുണങ്ങൾ വിചാരിച്ചു പാതാളം അവനു വിട്ടുകൊടുത്തു.

൬. പരശുരാമൻ-ത്രേതായുഗത്തിൽ ക്ഷത്രിയരുടെ അഹങ്കാരം തീൎക്കുവാൻ ബ്രാഹ്മണനായ ജമദഗ്നിയുടെ പുത്രനായി ജനിച്ചു. പരശുരാമൻ നോക്കുക.

൭. രാമൻ അല്ലെങ്കിൽ രാമചന്ദ്രൻ--രാമായണത്തിന്റെ നായകൻ, രാവണനെ വധിക്കുന്നതിനായി ത്രേതായുഗത്തിൽ സൂൎയ്യകുലത്തിൽ ദശരഥന്റെ പുത്രനായിജനിച്ചു രാമൻ നോക്കുക

൮. കൃഷ്ണൻ, അവതാരങ്ങളിൽ വെച്ചു പ്രധാനമായി വിചാരിക്കപ്പെട്ടുവരുന്നു കൃഷ്ണൻ സാക്ഷാൽ വിഷ്ണുതന്നെയാണെന്നു ചിലരുടെ അഭിപ്രായം അവർ ബലരാമനെ എട്ടാമത്തെ അവതാരമായി എണ്ണുന്നു കൃഷ്ണൻ നോക്കുക

൯. ബുദ്ധൻ-(ശാക്യമുനി) ബുദ്ധമതത്തിന്റെ പ്രാബല്യംകണ്ടിട്ടു ബ്രാഹ്മണർ അതിന്റെ സ്ഥാപകനെയും ഒരു അവതാരമായി സ്വീകരിച്ചു, അവതാരത്തിന്റെ ഉദ്ദേശം ദുഷ്ടന്മാരും പിശാചുക്കളും വേദം തിരസ്കരിച്ചു ജാതിവ്യത്യാസമില്ലാതെ നടന്നു തങ്ങളുടെ നാശം വരുത്തുവാൻ അവരെ ഉത്സാഹിപ്പിപ്പാനാണെന്നും അവർ പറഞ്ഞുണ്ടാക്കി.

൰. കല്ക്കി-കലിയുഗത്തിന്റെ അവസാനത്തിൽ ദുഷ്ടന്മാരെ കൊന്നു ഒരു പുതിയ വിശുദ്ധിയുള്ള ലോകം ഏൎപ്പെടുത്തുവാൻ വരും.

മേൽപറഞ്ഞ അവതാരങ്ങളുടെ പേരുകളും ഉദ്ദേശങ്ങളും താഴെ പറയുന്ന ശ്ലോകങ്ങളിൽ ചുരുക്കമായി പറഞ്ഞിരിക്കുന്നു.

മത്സ്യഃ കൂൎമ്മോവരാഹശ്ചനരസിംഹോഥവാമനഃ ।
രാമോരാമശ്ചകൃഷ്ണശ്ച ബുദ്ധഃകല്ക്കീചതേദശ ॥
വേദാന്നുദ്ധരതേജഗന്നിവഹതേഭൂഗോളമുദ്ബിഭ്രതേ

ദൈത്യന്ദാരയതേബലിംഛലയതേക്ഷത്രക്ഷയംകുർവതേ।
പൌലസ്ത്യംജയതേഹലംകലയതേ കാരുണ്യമാതന്വതേ
മ്ലേച്ഛാന്മൂർച്ഛയതേദശാകൃതികൃതേകൃഷ്ണായതുഭ്യം നമഃ॥

ഭാഗവതപുരാണപ്രകാരം വിഷ്ണുവിന്റെ അവതാരങ്ങൾ ഇരുപത്തിരണ്ടുണ്ട് ൧. പുരുഷൻ, ൨. വരാഹം, ൩. നാരദൻ, ൪. നാരായണൻ, ൫. കപിലൻ, ൬. ദത്താത്രേയൻ, ൭. യജ്ഞൻ, ൮. ഋഷഭൻ, ൯. പൃഥു, ൧൦. മത്സ്യം, ൧൧. കൂർമ്മം, ൧൨-൧൩. ധന്വന്തരി, ൧൪. നരസിംഹം, ൧൫. വാമനൻ, ൧൬. പരശുരാമൻ, ൧൭. വേദവ്യാസൻ, ൧൮. രാമൻ, ൧൯. ബലരാമൻ, ൨൦. കൃഷ്ണൻ, ൨൧. ബുദ്ധൻ, ൨൨. കല്ക്കി.

**അവദുല്ലചരിത്രം**—സയിദ് അവദുള്ള എന്നൊരു മഹമ്മദീയന്റെ ജീവചരിത്രമടങ്ങിയ ഒരു ദീർഘകാവ്യം ലക്ഷ്മീപതി എന്നൊരു കവി രചിച്ചതു ഈ സംസ്കൃതകാവ്യത്തിൽ അനേകം പാർസിവാക്കുകൾ ഉണ്ട്.

**അവന്തി**—അവന്തികാ-ഉജ്ജയനീനഗരത്തിന്റെ പുരാതനപേരു ഭാരതത്തിലെ ഏഴു വിശുദ്ധസ്ഥലങ്ങളിൽ ഒന്നു; ആ നഗരങ്ങളുടെ പേരുകൾ.

അയോദ്ധ്യാ മഥുരാമായാ കാശീകാഞ്ചീ അവന്തികാ।
പുരീദ്വാരവതീചൈവസപ്തൈതാ മോക്ഷദായികാഃ॥

**അവരോഹണം**—ക്ഷേത്രങ്ങളിൽ ഉത്സവംകഴിഞ്ഞു കൊടിഇറക്കുക.

**അവസ്ഥാചതുഷ്ടയം**—ബാല്യം, കൌമാരം, യൌവനം, വാർദ്ധകം.

**അവസ്ഥാത്രയം**—ജാഗരണം, സ്വപ്നം, സുഷുപ്തി.

**അവസ്ഥാദശകം**—

ദൃങ്മനഃസംഗസംകല്പൌ ജാഗരഃ കൃശതാ രതിഃ।
ഹ്രീത്യാഗോന്മാദമൂർച്ഛാന്താ ഇത്യനംഗദശാദശ॥

**അവസ്ഥാദ്വയം**—സുഖം, ദുഃഖം.

**അവിന്ധ്യൻ**—രാവണന്റെ മന്ത്രിയായ ഒരു രാക്ഷസൻ.

**അവ്യക്തൻ**—൧. വിഷ്ണു. ൨. ശിവൻ. ൩. കാമൻ.

**അവ്യയൻ**—൧. വിഷ്ണു. ൨. ശിവൻ.

**അവ്വ, അവ്വൈയാർ**—ഒരു പ്രസിദ്ധപ്പെട്ട തമിഴകവയിത്രി. പറച്ചിയായിരുന്നു. അമ്മ ഒരു സത്രത്തിൽ പ്രസവിച്ചിട്ടിട്ടു പോയി ഒരു പാണൻ എടുത്തു വളർത്തി. ൨൪൦ വർഷം ജീവിച്ചിരുന്ന് മഹാപ്രസ്ഥാനഗമനം ചെയ്തു എന്നാ ഐതിഹ്യം. അനേകം തമിഴ്ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആത്തിച്ചൂടി, കോന്റൈവേന്തൻ, മൂതുരൈ, നല്വഴി, കൽവിഒഴുക്കം, നന്നൂൽകോവ, നാന്മണിക്കോവ, അരുന്തമിഴ്മാല, ദർശനപ്പത്തു; ജ്ഞാനക്കുറൾ ഇവയാണു പ്രധാനം. പദ്യത്തിൽ ഒരു നിഘണ്ടുവും ഉണ്ടാക്കീട്ടുണ്ട്.

**അശോകൻ**—൧. വിഷ്ണു. ൨. ദശരഥന്റെ മന്ത്രി ൩. മൌര്യവംശത്തിൽ പ്രധാനരാജാവു ചന്ദ്രഗുപ്തന്റെ പൌത്രൻ ബുദ്ധമതം അനുസരിച്ചു

അതിന്റെ പ്രബലതയ്ക്കു വളരെ സഹായിച്ചു. അദ്ദേഹത്തിന്റെ ശാസനങ്ങൾ ഇന്ത്യയിൽ പലസ്ഥലങ്ങളിൽ, പാറകളിലും സ്തംഭങ്ങളിലും കൊത്തികാൺമാനുണ്ട്. മദ്രാസ് സംസ്ഥാനത്തിൽ ഒന്നേയുള്ളൂ.

അശ്വഗ്രീവൻ—ഹയഗ്രീവൻ എന്ന രാക്ഷസൻ.

അശ്വഘോഷൻ—പൂർവ്വഇൻഡ്യയിലെ ഒരു ബ്രാഹ്മണൻ. ബുദ്ധമതം അനുസരിച്ചു കശ്മീരത്തിൽ പോയിപാർത്തു. അവിടെവെച്ചു ബുദ്ധചരിതം കാവ്യം ഉണ്ടാക്കി. ക്രിസ്ത്വാബ്ദം നാലാംശതവർഷം. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ട അശ്വങ്ങൾ കണ്ണീരൊലിപ്പിക്കയും പുല്ലുതിന്നാതിരിക്കയും ചെയ്തു പതിവായിരുന്നതിനാൽ അശ്വഘോഷൻ എന്നു പേരുണ്ടായി

അശ്വതിതിരുനാൾ—കൊല്ലവർഷം ൯൬൩-ൽ ൩൨-ാം വയസ്സിൽ നാടുനീങ്ങിപ്പോയി. എങ്കിലും ഈ അല്പായുഷ്കാലത്തിനുള്ളിൽ അംബരീഷചരിതം, പൂതനാമോക്ഷം, രുക്മിണീസ്വയംവരം, പൌണ്ഡ്രകവധം ഈ ആട്ടക്കഥകളും സംസ്കൃതത്തിൽ സന്താനഗോപാലം എന്നൊരു പ്രബന്ധവും കാർത്തവീര്യവിജയം എന്നൊരു ചമ്പുവും രുക്മിണീപരിണയം എന്നൊരു നാടകവും ശൃംഗാരസുധാകരം എന്നൊരു ഭാണവും ഉണ്ടാക്കി കവിത അലങ്കരിച്ചിട്ടുള്ളതു്.

അശ്വത്ഥം—അരയാൽ, ബൃഹസ്പതിയുടെ രൂപാന്തരമാകയാൽ ദേവകൾ ഇതിൽ വസിക്കും. നട്ടുവളർത്തി അതിനെ പ്രദക്ഷിണം ചെയ്യുന്നതു ഒരു പുണ്യകർമ്മം. സോമവാര അമാവാസി ദിവസങ്ങളിൽ സ്ത്രീകൾ പ്രദക്ഷിണം ചെയ്തു ആരാധിക്കും. ഹോമങ്ങൾക്കു ഇതിന്റെ ഉണങ്ങിയകൊമ്പുകൾ പ്രത്യേകമുപയോഗമുള്ളതു.

അശ്വത്ഥാമൻ—(മാ) കൃപിയിൽ ദ്രോണന്റെ മകൻ. ഒരു കൌരവസേനാനായകൻ, സപ്തചിരഞ്ജീവികളിൽ ഒരുവൻ, ദുര്യോധനൻ കഠിനമായി മുറിവേറ്റശേഷം അശ്വത്ഥാമാവും കൃപനും കൃതവർമ്മാവുംകൂടി രാത്രിയിൽ പാണ്ഡവർ കിടന്നിരുന്ന സ്ഥലത്തുചെന്നു ഉറങ്ങി കിടന്നിരുന്ന ധൃഷ്ടദ്യുമ്നനെ ചവിട്ടികൊന്നു അതിന്റെശേഷം ശിഖണ്ഡിയെയും പാണ്ഡവരുടെ അഞ്ചുപുത്രന്മാരെയും കൊന്നു അവരുടെ തലകളെ മരിക്കാൻകിടന്ന ദുര്യോധനന്റെ അടുക്കൽ കൊണ്ടുചെന്നു അവൻ പിന്നെ തന്റെ ബ്രഹ്മാസ്ത്രംകൊണ്ടു ഉത്തരയുടെ ഗർഭത്തിൽ കിടന്നിരുന്ന പരീക്ഷിത്തിനെ കൊല്ലുകയാൽ കൃഷ്ണൻ അവനെ ശപിക്കയും പരീക്ഷിത്തിനു വീണ്ടും ജീവൻകൊടുക്കയുംചെയ്തു. ഭീമനും കൃഷ്ണനും അർജ്ജുനനും കൂടി അശ്വത്ഥാമാവിനെ പിൻതുടർന്നു അവൻ ബ്രാഹ്മണനാകകൊണ്ടു കൊന്നില്ലെങ്കിലും അവന്റെതലയിലുണ്ടായിരുന്ന രത്നത്തെ പിടിച്ചുപറിച്ചു ദ്രൌപദി ആഗ്രഹിച്ചപ്രകാരം അവൾക്കു കൊടുത്തു അവൾ അതിനെ യുധിഷ്ഠിരനു സമ്മാനിച്ചു.

അശ്വമേധം—ആദ്യകാലങ്ങളിൽ പുത്രരില്ലാത്ത രാജാക്കന്മാർ ചെയ്തുവന്ന ഒരു യാഗം. പുരാണകാലങ്ങളിൽ ഈ യാഗം സാർവ്വഭൌമാധിപത്യം പ്രാപിച്ച രാജാക്കന്മാർമാത്രമേ ചെയ്വാൻ അർഹതയുണ്ടായിരുന്നുള്ളു, യാഗം ചെയ്യാനുള്ള കുതിരയെ ഒരുസംവത്സരത്തേക്കു യഥേഷ്ടം സഞ്ചരിക്കാൻ വിടുകയും അതിന്റെ രക്ഷയ്ക്കായി ഒരു സൈന്യം കൂടെ പോകയും അന്യരാജ്യങ്ങളിൽ ചെന്നാൽ അവിടത്തെ രാജാക്കന്മാർ കുതിരയെ അയച്ച രാജാവിന്റെ അധിപത്യം സാധാരണയായി സമ്മതിക്കാത്തതുകൊണ്ടു അവരോടു യുദ്ധം

ചെയ്തു തോല്പിച്ചു കുതിരയെ വിടുവിച്ചുകൊണ്ടു പോരികയും ചെയ്തവനു, ഇങ്ങിനെ നൂറു അശ്വമേധയാഗം ചെയ്ത രാജാവിനു ഇന്ദ്രനാവാൻ അവകാശമുള്ളതാകകൊണ്ടു ഇന്ദ്രൻ ഇങ്ങിനെയുള്ള യാഗങ്ങൾക്കു എല്ലായ്പോഴും വിഘ്നങ്ങൾ വരുത്തും

**അശ്വിനികൾ**—കുതിരയുടെ രൂപമെടുത്ത ഒരു അപ്സരസ്ത്രീയിൽ സൂൎയ്യന്റെ രണ്ടു മക്കൾ, നകുലന്റെയും സഹദേവന്റെയും പിതാക്കൾ, സ്വർഗത്തിലെ വൈദ്യന്മാർ- വൃദ്ധനായ ച്യവനനു യൌവനം കൊടുത്തു, ഗദാഗദർ, സ്വർവൈദ്യർ, അബ്ധിജർ, പുഷ്കരസ്രജകൾ, നാസത്യർ, വഡവേയർ, ദസ്രർ, എന്നും പേരുകളുണ്ടു്, ഇവരുടെ അമ്മയായ അശ്വിനീ സൂൎയ്യന്റെ ഭാൎയ്യയായിരുന്നെന്നും ഒളിച്ചുപോയി കുതിരയുടെ രൂപമെടുത്തിരുന്നെന്നും ഒരു കഥയുണ്ടു സംജ്ഞ നോക്കുക.

**അശ്വിനീ**—ഛായാ. അശ്വിനികൾ നോക്കുക.

**അഷ്ടകൻ** — വിശ്വാമിത്രന്റെ ഒരു പുത്രൻ.

**അഷ്ടഗതികൻ**—എട്ടു ധൎമ്മങ്ങൾ അനുഷ്ഠിക്കാനുള്ളതുകൊണ്ടു രാജാവു്.

ആദാനമാദിസർഗ്ഗശ്ച തഥാപ്രൈഷനിഷേധകൌ
പഞ്ചമേ ചാൎത്ഥവചനേ വ്യവഹാരസ്യ ചേക്ഷണേ
ദണ്ഡശുദ്ധ്യോഃ സദാരക്തസ്തേനാഷ്ടഗതികോ നൃപഃ

**അഷ്ടഗുണങ്ങൾ**—ബ്രാഹ്മണനു വേണ്ടുന്ന എട്ടുഗുണങ്ങൾ

ദയാ സൎവ്വഭൂതേഷു ക്ഷാന്തിരനസൂയാ ശൌചം ।
അനായാസഃ മംഗലം അകാൎപ്പണ്യം അസ്പൃഹാ ച ॥

**അഷ്ടതാരിണി**--

താരാ ചോഗ്രാ മഹോഗ്രാ ച വജ്രാ കാളീ സരസ്വതീ ।
കാമേശ്വരീ ച ചാമുണ്ഡാ ഇത്യഷ്ടൌ താരിണ്യോ മതാഃ ॥

**അഷ്ടദിക്കുകൾ**,—

പൂൎവ്വാഗ്നേയീ ദക്ഷിണാ ച നൈരൃതീ പശ്ചിമാ തഥാ ।
വായവീ ചോത്തരൈശാനീ ദിശാ അഷ്ടാവിമാഃ സ്മൃതാഃ ॥

ഓരോ ദിക്കിനും ഒരു ഗജവും അതിന്റെ ഭാൎയ്യയും ഒരു പാലകനും ഉണ്ടു്. തച്ചുശാസ്ത്രത്തിൽ ഓരോ ദിക്കിനും ഓരോ ജന്തുവിന്റെ പേരു ഉപയോഗിക്കും. കിഴക്കു, പരുന്തു; തെക്കുകിഴക്കു, പൂച്ച; തെക്കു, സിംഹം; തെക്കുപടിഞ്ഞാറു, പട്ടി; പടിഞ്ഞാറു, പാമ്പു; വടക്കുപടിഞ്ഞാറു, എലി; വടക്കു, ആന; വടക്കുകിഴക്കു, മുയൽ എതിരായിവരുന്നവ ശത്രുക്കളാണ.

**അഷ്ടദിക്കരിണികൾ**--

കരിണ്യോഽഭ്രമുഃ കപിലാ പിംഗലാനുപമാ ക്രമാൽ ।
താമ്രകൎണ്ണീ ശുഭ്രദന്തീ ചാംഗനാ ചാഞ്ജനാവതീ ॥

**അഷ്ടദിക്പാലർ**—

ഇന്ദ്രോ വഹ്നിഃ പിതൃപതിർ നൈരൃതോ വരുണോ മരുൽ ।
കുബേര ഈശഃ പതയഃ പൂൎവ്വാദീനാം ദിശാം ക്രമാൽ ॥

പിതൃപതി=യമൻ; മരുൽ=വായു.

ഉത്സവകാലങ്ങളിൽ ഇവരുടെ പ്രതിമകൾ ക്ഷേത്രമതിൽക്കെട്ടിന്റെ ഏട്ടുകോണിലും സ്ഥാപിക്കും. ഉത്സവം കഴിഞ്ഞു അകത്തെടുത്തുവയ്ക്കും.

**അഷ്ടദിഗ്ഗജങ്ങൾ —**

ഐരാവതഃ പുണ്ഡരീകോ വാമനഃ കമുദോഞ്ജനഃ ।
പുഷ്പദന്തസ്സാർവ്വഭൗമഃ സുപ്രതീകശ്ചദിഗ്ഗജാഃ ॥

**അഷ്ടദ്രവ്യം** — യാഗത്തിനു വേണ്ടുന്ന എട്ടുസാധനങ്ങൾ.

അശ്വത്ഥോദുംബരപ്ലക്ഷ ന്യഗ്രോധ സമിധസ്തിലാഃ ।
സിദ്ധാർത്ഥപായസാജ്യാനി ദ്രവ്യാണ്യഷ്ടൌ വിദുർബുധാഃ ॥

**അഷ്ടധാതുക്കൾ —**

സ്വർണ്ണം രൂപ്യംച താമ്രംച രംഗം യശദമേവച ।
സീസംലോഹം രസശ്ചേതി ധാതവോഷ്ടൌ പ്രകീർത്തിതാഃ ॥

**അഷ്ടപദി** — ജയദേവന്റെ ഗീതഗോവിന്ദത്തിൽ ഉപയോഗിച്ചിട്ടുള്ള ഒരു വൃത്തം. ഈ വൃത്തത്തിൽനിന്നു ഗീതഗോവിന്ദത്തിനും അഷ്ടപദി എന്നു പറയാറുണ്ട്. ഇതു തിരുവാതിരപ്പാട്ടായി ഏഴിപ്പുറത്തു നാരായണൻനമ്പ്യാർ തർജ്ജമചെയ്തിട്ടുണ്ട്.

**അഷ്ടഭോഗം** — ഒരു വസ്തുവിന്റെ മുഴുവൻ അനുഭവം. നിധി, സാദ്ധ്യം, പാഷാണം, നിക്ഷേപം, നിധി, ജലാമൃതം, അക്ഷിണി, ആഗമി.

**അഷ്ടമംഗലം** — ശുഭകരമായ എട്ടുവസ്തുക്കൾ.

മൃഗരാജോ വൃഷോനാഗഃ കലശോ വ്യജനംതഥാ ।
വൈജയന്തീ തഥാഭേരീ ദീപ ഇത്യഷ്ടമംഗലം ॥ ഇങ്ങനെ ചിലരും,
ലോകേസ്മിന്മംഗലാന്യഷ്ടൌ ബ്രാഹ്മണോ ഗൌർഹുതാശനഃ ।
ഹിരണ്യം സർപ്പിരാദിത്യ ആപോരാജാ തഥാഷ്ടമഃ ॥ എന്നു വേറേ ചിലരും പറയുന്നു.

**അഷ്ടമിരോഹിണി** — കൃഷ്ണാഷ്ടമി; ശ്രീജയന്തി.

**അഷ്ടമൂർത്തികൾ** — ശിവന്റെ.

ജലം വഹ്നി സ്തഥായഷ്ടാ സൂര്യാചന്ദ്രമസൌ തഥാ ।
ആകാശം വായുരവനീ മൂർത്തയോഷ്ടൌ പിനാകിനഃ ॥

**അഷ്ടരസങ്ങൾ —**

ശൃംഗാര ഹാസ്യ കരുണ രൌദ്രവീര ഭയാനകാഃ ॥
ബീഭത്സാത്ഭുതസംജ്ഞൌ ചേത്യഷ്ടൌ നാട്യേ രസാഃസ്മൃതാഃ ॥

ഇതോടുകൂടെ ശാന്തിരസംകൂടെ ചേർത്തു നവരസങ്ങൾ എന്നു പറയാറുണ്ട്. രസങ്ങൾ നോക്കുക.

**അഷ്ടലക്ഷ്മി** — ധനം, ധാന്യം, ധൈര്യം, ശൌര്യം, വിദ്യ, കീർത്തി, വിജയം, രാജ്യം.

**അഷ്ടലോഹകം**—

സുവർണ്ണം രജതം താമ്രം സീസകം കാന്തികം തഥാ।
വംഗം ലൌഹം തീക്ഷ്ണലൌഹം ലൌഹാന്യഷ്ടാ വിമാനിതു॥

**അഷ്ടവർണ്ണം**—ശിവഭക്തന്മാരുടെ എട്ടു അടയാളങ്ങൾ. ഗുരു, ലിംഗം, ജംഗമം, വിഭൂതി, രുദ്രാക്ഷം, തിരുമന്ത്രം, പാദോദകം, പ്രസാദം.

**അഷ്ടാക്ഷരം**—ഒരു മന്ത്രം-ഓം നമോ നാരായണായ.

**അഷ്ടാംഗങ്ങൾ**—യോഗത്തിന്റെ എട്ടംഗങ്ങൾ.

യമോ നിയമശ്ചാസനംച പ്രാണായാമസ്തതഃപരം
പ്രത്യാഹാരോധാരണാച ധ്യാനം സാധും സമാധിനാ
അഷ്ടാംഗാന്യാഹുരേതാനി യോഗിനാം യോഗസിദ്ധയേ.

വൈദ്യത്തിന്റെ—ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യാ, കൌമാരഭൃത്യം, അംഗദതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം.

**അഷ്ടാംഗപ്രണാമം**—(സാഷ്ടാംഗ നമസ്കാരം).

ജാനുഭ്യാം ച തഥാപദ്ഭ്യാം പാണിഭ്യാമുരസാധിയാ।
ശിരസാവചസാ ദൃഷ്ട്യാ പ്രണാമോഷ്ടാംഗ ഈരിതഃ॥

**അഷ്ടാംഗഹൃദയം**—വാഗ്ഭടന്റെ ഒരു വൈദ്യഗ്രന്ഥം. കേരളത്തിൽ വളരെ പ്രചാരമുണ്ട്. ചരകസംഹിതയും സുശ്രുതസംഹിതയും ചുരുക്കി എഴുതീട്ടുള്ളതു്. ഉപ്പോട്ടു കണ്ണൻ മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുണ്ടു്.

**അഷ്ടാദശധാന്യങ്ങൾ**—പതിനെട്ടുവക ധാന്യങ്ങൾ.

യവഗോധൂമധാന്യാനി തിലാഃ കംഗു കലത്ഥകാഃ।
മാഷാ മുദ്ഗാമസൂരാശ്ച നിഷ്പാവാഃ ശ്യാമസർഷപാഃ॥
ഗവേധുകാശ്ചനീവാരാ ആഢക്യോഥ സതീനകാഃ
ചണകാശ്ചീനകാദ്ശൈചവ ധാന്യാന്യഷ്ടാദശൈവ തു॥

**അഷ്ടാദശപുരാണങ്ങൾ**—

ബ്രാഹ്മം പാദ്മം വൈഷ്ണവംച ശൈവം ഭാഗവതം തഥാ।
തഥാന്യന്നാരദീയം ച മാർക്കണ്ഡേയംച സപ്തമം॥
ആഗ്നേയമഷ്ടമം പ്രോക്തം ഭവിഷ്യന്നവമം തഥാ।
ദശമം ബ്രഹ്മവൈവർത്തം ലിംഗമേകാദശം തഥാ॥
വാരാഹം ദ്വാദശം പ്രോക്തം സ്കാന്ദംചാത്ര ത്രയോദശം।
ചതുർദശം വാമനം ച കൌർമ്മം പഞ്ചദശം തഥാ॥
മാത്സ്യംച ഗാരുഡംചൈവ ബ്രഹ്മാണ്ഡാഷ്ടാദശം തഥാ।

**അഷ്ടാദശവിദ്യകൾ**—

അംഗാനിവേദാശ്ചത്വാരോ മീമാംസാന്യായവിസ്തരഃ।
ധർമ്മശാസ്ത്രംപുരാണഞ്ച വിദ്യാഹ്യേതാശ്ചതുർദശ॥
ആയുർവേദോ ധനുർവേദോ ഗാന്ധർവ്വശ്ചേതിതേത്രയഃ।
അർത്ഥശാസ്ത്രംചതുർത്ഥന്തു വിദ്യാഹ്യഷ്ടാദശൈവതു॥

**അഷ്ടാദശസ്മൃതികാരകൾ —**

വിഷ്ണുഃ പരാശരോദക്ഷഃ സംവർത്തവ്യാസഹാരിതാഃ।
ശാതാതപോവസിഷ്ഠശ്ച യമാപസ്തംബഗൌതമാഃ॥
ദേവലശ്ശംഖലിഖിതൌ ഭരദ്വാജോശനാത്രയഃ।
ശൌനകോയാജ്ഞവല്ക്യശ്ച ദശാഷ്ടൌസ്മൃതികാരിണഃ॥

**അഷ്ടാദശോപചാരങ്ങൾ —**

ആസനം സ്വാഗതം പാദ്യം അർഘ്യമാചമനീയകം।
സ്നാനം വസ്ത്രോപവീതംച ഭൂഷണാനിചസർവ്വശഃ।
ഗന്ധപുഷ്പേതഥാധൂപ ദീപാവന്നം ചതർപ്പണം।
മാല്യാനുലേപനംചൈവ നമസ്കാര വിസർജ്ജനേ।
അഷ്ടാദശോപചാരൈസ്തു മന്ത്രീപൂജാം സമാചരേത്।

**അഷ്ടാദശോപപുരാണങ്ങൾ —**

അഷ്ടാദശോപപുരാണാനി മുനിഭിഃ കഥിതാനിതു।
ആദ്യംസനൽകുമാരോക്തം നാരസിംഹമതഃപരം॥
തൃതീയം നാരദം പ്രോക്തം കുമാരേണതു ഭാഷിതം।
ചതുർത്ഥം ശിവധർമ്മാഖ്യം സാക്ഷാന്നന്ദീശ ഭാഷിതം॥
ദുർവ്വാസസോക്തമാശ്ചര്യം നാരദോക്തമതഃപരം।
കാപിലംമാനവംചൈവ തഥൈവോശനസേരിതം॥
ബ്രഹ്മാണ്ഡം വാരുണംചാഥ കാലികാഹ്വയമേവച।
മാഹേശ്വരംതഥാ ശാംബം സൌരം സർവ്വാർത്ഥസഞ്ചയം॥
പരാശരോക്തം പ്രവരം തഥാ ഭാഗവതദ്വയം।
ഇദമഷ്ടാദശംപ്രോക്തം പുരാണം കൌർമ്മസംജ്ഞിതം॥
ചതുർധാസംസ്ഥിതം പുണ്യം സംഹിതാനാം പ്രഭേദതഃ।

**അഷ്ടാദിശാബ്ദികർ —** ആദ്യത്തെ എട്ടു വൈയ്യാകരണന്മാർ.

ഇന്ദ്രശ്ചന്ദ്രഃ കാശകൃത്സ്നാപിശലീശാകടായനഃ।
പാണിന്യമരജൈനേന്ദ്രാ ജയന്ത്യഷ്ടാദിശാബ്ദികാഃ॥

**അഷ്ടാധ്യായീ —** പാണിനിയുടെ എട്ടു അധ്യായത്തിലുള്ള വ്യാകരണം.

**അഷ്ടാവധാനി —** ഒരേസമയത്തു എട്ടു കാൎയ്യങ്ങൾ ചെയ്വാൻ സാമൎത്ഥ്യമുള്ളവൻ.

**അഷ്ടാവക്രൻ —** കഹോഡമുനിയുടെ പുത്രനായ ഒരു ബ്രാഹ്മണൻ. കഹോഡൻ വിദ്യാഭ്യാസതാല്പൎയ്യം നിമിത്തം ഭാൎയ്യയോടു അധികം പ്രീതി കാണിക്കാഞ്ഞതുകൊണ്ടു ഗൎഭത്തിലുണ്ടായിരുന്ന പുത്രൻ അവനെ ശാസിക്കയും അതിനാലുണ്ടായ ശാപംനിമിത്തം വക്രാവയവങ്ങളോടുകൂടി ജനിക്കയുംചെയ്തു. അതിന്റെശേഷം കഹോഡൻ ജനകന്റെ സഭയിൽവെച്ചു ഒരു ബുദ്ധസന്യാസിയുമായുള്ള വാദപ്രതിവാദത്തിൽ തോറ്റുപോയതുകൊണ്ടു അങ്ങനെ തോറ്റുപോയമറ്റു ബ്രാഹ്മണരോടുകൂടി ഒരു നദിയിൽ പിടിച്ചുതള്ളപ്പെട്ടു. ബുദ്ധിശാലിയായ അഷ്ടാവക്രൻ പന്ത്രണ്ടു വയസ്സായപ്പോൾ തന്റെ പിതാവു് എങ്ങനെ മരിച്ചു എന്നറിഞ്ഞിട്ടു ആ ബുദ്ധസന്യാസിയുടെ അടുക്കൽചെന്നു് അവനോടു തൎക്കിച്ചു് അവനെ തോല്പിച്ചു. അപ്പോൾ ആ സന്യാസി താൻ വരുണന്റെ പുത്രനാ

ണെന്നും ഒരു യാഗത്തിനുവേണ്ടി ബ്രാഹ്മണരെ കിട്ടുന്നതിനായി വന്നു് ഇങ്ങ
നെ ബ്രാഹ്മണരെ നദിയിൽ ഇട്ടുവച്ചതാണെന്നും പറഞ്ഞു കഹോദനെ തിരി
കെവരുത്തി. സന്തുഷ്ടനായ കഹോദൻ പറഞ്ഞിട്ടു അഷ്ടാവക്രൻ പോയി
സമംഗാനദിയിൽ കുളിച്ചു് ശരീരവക്രതയെ കളഞ്ഞു.

ഒരിക്കൽ അഷ്ടാവക്രൻ വെള്ളത്തിൽ തപസ്സുചെയ്തുകൊണ്ടു നിൽക്കുമ്പോൾ
ചില ദേവാംഗനമാർ അവനെ കണ്ടു വന്ദിക്കയും അഷ്ടാവക്രൻ സന്തോഷിച്ചു
എന്തെങ്കിലും വരം മേടിക്കാനായി അവരോടു പറകയും അവർ മനുഷ്യരിൽ
വെച്ചു് ഉത്തമനായ ഭർത്താവായി കിട്ടണമെന്നു അപേക്ഷിക്കയും അപ്പോൾ അ
ഷ്ടാവക്രൻ വെള്ളത്തിൽനിന്നു കയറിവന്നു താൻതന്നെ അവരുടെ ഭർത്താവായി
കൊള്ളാമെന്നു പറകയും അംഗങ്ങളെല്ലാം വക്രമായുള്ള അവനെക്കണ്ടു അവർ
പരിഹസിക്കയാൽ അവൻകോപിച്ചു അവർ ആഗ്രഹിക്കുംപ്രകാരമുള്ള ഒരു ഭർത്താ
വിനെ ലഭിച്ചശേഷം കള്ളന്മാരുടെ കൈയിൽ അകപ്പെടട്ടെ എന്നു ശപിക്കയും
ചെയ്തു.

**അസമഞ്ജസൻ**—സഗരന്റെയും കേശിനിയുടെയും പുത്രൻ. ദുഷ്ടനാ
യിരുന്നതുകൊണ്ടു് സഗരൻ അവനെ ഉപേക്ഷിച്ചു എങ്കിലും രാജാവായി ഹ
രിവംശപ്രകാരം പഞ്ചജനൻ എന്ന പേരിൽ വളരെ കീർത്തി സമ്പാദിച്ചു.

**അസിധാരാവ്രതം**—യുവാവു് യുവതിയായ സ്ത്രീയോടുകൂടെ ശയിക്കയും
എങ്കിലും ഭർത്താവിനെപ്പോലെ ആചരിക്കാതിരിക്കയും ചെയ്ക.

യുവായുവത്യാസാർദ്ധം യന്മുഗ്ദ്ധഭർത്തൃവദാചരേൽ।
അന്തർനിവൃത്തസംഗഃ സ്യാദസിധാരാവ്രതംഹിതൽ॥

അതിനാൽ എന്തെങ്കിലും പ്രയാസമുള്ള കാൎയ്യം.

**അസുരർ**—ആദ്യം ഈ വാക്കു് ഇന്ദ്രൻ, വരുണൻ, അഗ്നി, ഇവൎക്കും ദേ
വന്മാർ എന്നുള്ള അൎത്ഥത്തിൽ ഉപയോഗിച്ചുവന്നു. കാലക്രമേണ അൎത്ഥം ഭേ
ദപ്പെട്ടു ദേവന്മാരുടെ ശത്രുക്കൾ എന്നുള്ള അൎത്ഥമായി. ഇപ്പോൾ ദൈത്യർ ദാ
നവർ ഇവൎക്കൊക്കെ ഉപയോഗിച്ചുവരുന്നു. എന്നാൽ പുലസ്ത്യസന്തതിയായ
രാക്ഷസർ ഈ പേരു് ഉപയോഗിക്കാറില്ല. അസുരർ പ്രജാപതിയുടെ ശ്വാ
സത്തിൽ അല്ലെങ്കിൽ അപാനവായുവിൽനിന്നു്, വയററിൽനിന്നു്, പ്രജാപതി
ദേവന്മാരെയും മററും സൃഷ്ടിച്ചപ്പോൾ നിലത്തു തൂകിയ വെള്ളത്തിൽനിന്നു്
ബ്രഹ്മാവിന്റെ അരയിൽനിന്നു ഇങ്ങനെ പല സ്ഥാനങ്ങളിൽനിന്നു് ഉത്ഭവിച്ചു
എന്നു് കഥകളുണ്ടു്—പേരുകൾ.

അസുരാദൈത്യദൈതേയ ദനുജേന്ദ്രാരിദാനവാഃ।
ശുക്രശിഷ്യാദിതിസുതാഃ പൂൎവ്വദേവാഃസുരദ്വിഷഃ॥

**അസുരധ്രുവം**—ദക്ഷിണധ്രുവം.

**അസുരാധിപൻ**—(രാജൻ) പ്രഹ്ലാദന്റെ പുത്രനായ ബലി.

**അസുരാചാൎയ്യൻ**—(ഗുരു) ശുക്രൻ.

**അസുരരിപു**—(സൂദനൻ) വിഷ്ണു.

**അസ്തികൻ**—ഒരു ഋഷി. ജനമേജയന്റെ യാഗത്തിൽവെച്ചു് നാഗങ്ങ
തീയിൽ വീണു നശിക്കാതെ രക്ഷിച്ചു.

അസ്ഥിമാലി — ശിവൻ.

അഹംകാരം — വേദാന്തത്തിൽ ചിദാഭാസസ്വരൂപം. പുനർജ്ജന്മത്തിനു കാരണം.

അഹല്യാ — ബ്രഹ്മാവ് ആദ്യം സൃഷ്ടിച്ച സ്ത്രീ ഗൌതമന്റെ ഭാൎയ്യ. ഒരിക്കൽ ഇന്ദ്രൻ ഗൌതമന്റെ രൂപമെടുത്തുവന്ന് അവളോട് വ്യഭിചാരം ചെയ്തു ഇന്ദ്രന്റെ അപേക്ഷയാൽ ചന്ദ്രൻ ഒരു പൂവങ്കോഴിയെപ്പോലെ അൎദ്ധരാത്രിയിൽ കൂവുകയും അപ്പോൾ ഗൌതമൻ എഴുന്നേറ്റ് സന്ധ്യാവന്ദനത്തിനായി പോകയും അന്നേരം ഇന്ദ്രൻ ചെന്ന് ഗൌതമന്റെ സ്ഥാനത്ത് കയറി കിടക്കയുംചെയ്തു എന്ന് ഒരു കഥയുണ്ട്. ഇതറിഞ്ഞ് ഗൌതമൻ അഹല്യയെ തന്റെ ആശ്രമത്തിൽനിന്ന് ഓടിച്ചുകളകയും ശ്രീരാമൻ തന്റെ പാദംകൊണ്ട് അവളെ തൊടുന്നതുവരെ ഒരു കല്ലായിപ്പോകട്ടെ. എന്ന് ശപിക്കയും ചെയ്തു. ശ്രീരാമൻ ഒടുവിൽ അവളെ ജീവിപ്പിച്ച് ഭൎത്താവോടുകൂടെ രമ്യതപ്പെടുത്തി. പാതകനാശത്തിനുവേണ്ടി അഹല്യയുടെയും മറ്റും പേരുകൾ ചിലർ രാവിലെ ഉച്ചരിക്കാറുണ്ട്.

അഹല്യാ ദ്രൌപദീ സീതാ താരാ മണ്ഡോദരീ തഥാ।
പഞ്ചകന്യാഃ സ്മരേന്നിത്യം മഹാപാതകനാശിനീഃ॥

അഹല്യാജാരൻ — ഇന്ദ്രൻ.

അഹല്യാനന്ദനൻ — ശതാനന്ദമുനി.

അഹിഛത്രം — അഹിക്ഷേത്രം. അൎജ്ജുനൻ ജയിച്ച് ദ്രോണന് കൊടുത്ത ഒരു രാജ്യം.

അഹിജിൽ — ഏ. കൃഷ്ണൻ. വ. ഇന്ദ്രൻ.

അഹിരിപു — ഏ. ഗരുഡൻ. വ. ഇന്ദ്രൻ. ന. [illegible].

അഹിനാമഭൃൽ — ബലഭദ്രൻ.

അഹിപതി — വാസുകി. (അഹീനൻ)

# ആ

ആകുലി — അസുരരുടെ ഒരു ആചാൎയ്യൻ.

ആകൂതി — സ്വായംഭുവമനുവിനു ശതരൂപയിൽ ജനിച്ച പുത്രി. അവർ ഒടുവിൽ ഭാൎയ്യാഭൎത്താക്കന്മാരായിത്തീൎന്നു. യാമരെന്ന ദേവന്മാരെ പ്രസവിച്ച ദക്ഷിണയേയും യജ്ഞനേയും ഇരട്ട പ്രസവിച്ചു.

ആഖണ്ഡലൻ — പൎവ്വതത്തെ ഭേദിക്കുന്നവൻ: ഇന്ദ്രൻ.

ആഖുഗൻ — (ഗൻ-വാഹനൻ) എലി വാഹനമായവൻ, ഗണേശൻ.

**ആഗമങ്ങൾ** — ശിവന്റെയും ശക്തിയുടെയും ആരാധന ഉപദേശിക്കുന്ന ഇരുപത്തെട്ടു പുസ്തകങ്ങൾ. ശൈവർ പുരാണങ്ങളെയും ഉപപുരാണങ്ങളെയുംകാൾ അധികം വിലമതിക്കുന്നു. അവയിൽ ത്രിമൂർത്തികൾക്കു പകരം, അഞ്ചു ദൈവങ്ങളുണ്ട്. ബ്രഹ്മാവ്, വിഷ്ണു, രുദ്രൻ, മഹേശ്വരൻ, സദാശിവൻ. പുസ്തകങ്ങൾ സുലഭമല്ല. വിശ്വേശ്വരന്റെ ശിവാർച്ചനചന്ദ്രികയിൽ അവയെ വിവരിച്ചിട്ടുണ്ട്. ഓരോ ആഗമവും ജ്ഞാനപാദം, യോഗപാദം, ചര്യപാദം ക്രിയാപാദം ഇങ്ങനെ നാലായി വിഭജിച്ചിരിക്കുന്നു. വേദങ്ങൾക്കു നിഗമം എന്നു പേർ. ദക്ഷിണാചാരിശാക്തേയർ നിഗമവും വാമാചാരി ശാക്തേയർ ആഗമവും അനുസരിക്കുന്നു. വൈഷ്ണവർക്കു പഞ്ചരാത്രം എന്നും വൈഖാനസം എന്നും രണ്ടു ആഗമങ്ങൾ ഉണ്ട്.

**ആഗ്നേയൻ** — ൧. കാർത്തികേയൻ. ൨. അഗസ്ത്യൻ.

**ആഗ്നേയി** — അഗ്നിയുടെ ഭാര്യ.

**ആഗ്നേയാസ്ത്രം** — ഭരദ്വാജൻ അഗ്നിവേശനും അയാൾ ദ്രോണനും കൊടുത്ത അസ്ത്രം. ഇതുപോലെയൊന്ന് ഔർവ്വൻ സഗരരാജാവിനും കൊടുത്തു.

**ആംഗിരസൻ** — ബൃഹസ്പതിയുടെ ഒരു പേര്.

**ആചാരം** — ജാതിസംബന്ധമായും മതസംബന്ധമായും അനുസരിക്കേണ്ട ധർമ്മങ്ങൾ. ഒരു പൂർണ്ണവിവരണം വിഷ്ണുപുരാണത്തിൽ അടങ്ങിയിരിക്കുന്നു.

**ആചാര്യൻ** — പാണ്ഡവന്മാരുടെയും മറ്റും ഗുരുവായ ദ്രോണന്റെ ഒരു പേര്.

**ആജഗവം** — ശിവന്റെ വില്ല്. പൃഥുവിന്റെ ജനനത്തിങ്കൽ സ്വർഗ്ഗത്തിൽ നിന്നു വീണു.

**ആഞ്ജനേയൻ** — മാരുതി, ഹനുമാൻ.

**ആട്ടക്കഥ** — പണ്ടു മലയാളത്തിൽ നാടകങ്ങൾ ഉണ്ടായിരുന്നില്ല. ആദ്യം അതു തീർത്തതു കൊട്ടാരക്കരത്തമ്പുരാൻ ആകുന്നു. ആട്ടക്കഥയിൽ നാടകംപോലെ സംഭാഷണമില്ല. കഥാസാരം ശ്ലോകമായിട്ടും സംഭാഷണം പദങ്ങളായിട്ടുമാണ്. പദങ്ങൾ പാടുന്നതു പാത്രങ്ങളുമല്ല. അവർ ആംഗ്യം കാണിക്കുകയേ ഉള്ളു. നാടകങ്ങൾ ഉണ്ടായതോടുകൂടെ ആട്ടക്കഥയുടെ പ്രചാരം കുറഞ്ഞുപോയിട്ടുണ്ട്. ആട്ടക്കഥയ്ക്കു കഥകളി എന്നും പേരുണ്ട്.

**ആത്തിചൂടി** — ഔവ്വയുടെ ശ്രുതിപ്പെട്ട ഒരു തമിഴ് സന്മാർഗ്ഗകാവ്യം. ൧൦൮ സൂത്രങ്ങൾ ഉണ്ട്.

**ആത്മബോധം** — ആത്മജ്ഞാനത്തെ കുറിച്ചു ശങ്കരാചാര്യന്റെ ഒരു ചെറിയ പുസ്തകം.

**ആത്മഭൂ** — (യോനി) ൧ ബ്രഹ്മാവ്. ൨ വിഷ്ണു. ൩ ശിവൻ. ൪ കാമൻ

**ആത്മാനാത്മവിവേകം** — ആത്മജ്ഞാനത്തെപ്പറ്റി ഒരു തമിഴ് ഗ്രന്ഥം. സംസ്കൃതത്തിൽ നിന്നെടുത്തത്. ദിവ്യസ്വഭാവം, മനുഷ്യസ്വഭാവം ഇങ്ങനെ രണ്ടുഭാഗങ്ങൾ. ദൈവം ഏകമനസ്സുള്ള മൂന്നു രൂപങ്ങൾ (ത്രിമൂർത്തി); മനുഷ്യൻ ശരീരവും ആത്മാവും; ശരീരത്തിനു അഞ്ചു ഇന്ദ്രിയങ്ങൾ, ഏഴു വായു

കൾ, ബന്ധുദാരങ്ങൾ ഇവയെ നിഗ്രഹിച്ചു പരമാത്മാവിനെ ധ്യാനിക്കണം എന്നു ഉപദേശം.

**ആദികവി** — ൧ ബ്രഹ്മാവ്. ൨ വാല്മീകി. ഒരു വേടൻ ഒരു ക്രൌഞ്ചപക്ഷിയെ കൊന്നതു കണ്ടിട്ടുണ്ടായ വ്യസനം വാല്മീകി ഉച്ചരിച്ചതു ശ്ലോകത്തിലായിരുന്നു. അതിനു മുമ്പ് വേദത്തിലല്ലാതെ ശ്ലോകങ്ങളില്ലായിരുന്നു.

**ആദിത്യന്മാർ** — അദിതിയുടെ പുത്രന്മാർ, ആദ്യം ഏഴുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബ്രാഹ്മണങ്ങളുണ്ടായ കാലത്തിൽ എണ്ണം വൎദ്ധിച്ചു പന്ത്രണ്ടായി അവരിൽ പ്രധാനി വരുണനാണ്. അവരുടെ പേരുകൾ:—

ധാതാമിത്രോൎയ്യമാരുദ്രോ വരുണസ്സൂൎയ്യഏവച।
ഭഗോവിവസ്വാൻപൂഷാച സവിതാദശമഃസ്മൃതഃ॥
ഏകാദശസ്തഥാത്വഷ്ടാ വിഷ്ണുൎദ്വാദശ ഉച്യതേ॥

ഈ പന്ത്രണ്ടു ആദിത്യന്മാരും പ്രകാശിക്കുമ്പോൾ ഭൂമി നശിച്ചുപോകും.

**ആദിത്യകേതു** — ധൃതരാഷ്ട്രന്റെ ഒരു പുത്രൻ.

**ആദിത്യസൂനു** — ൧ സുഗ്രീവൻ. ൨ യമൻ. ൩ ശനി. ൪ കൎണ്ണൻ.

**ആദിപുരാണം** — ബ്രഹ്മപുരാണം.

**ആദിശേഷൻ** — ശേഷസൎപ്പം (ശേഷൻ നോക്കുക.) സൃഷ്ടിക്കു മുമ്പുണ്ടായിരുന്നു. സൃഷ്ടികൾ നശിച്ചശേഷവും ഉണ്ടായിരിക്കും. അതുകൊണ്ടു ഈ പേരുണ്ടായി. വിഷ്ണുവിന്റെ ശയ്യ. ഭൂമി വഹിക്കുന്ന ദിഗ്ഗജങ്ങളെ വഹിക്കുന്നു. ആദിശേഷനും വായുവും തമ്മിൽ മത്സരമുണ്ടായി. വായു അടിച്ചു മേരുവിന്റെ ആയിരം കൊടുമുടികൾ തെറിപ്പിച്ചുകളവാൻ ശ്രമിച്ചു. ആദിശേഷൻ ഓരോ തലകൊണ്ടു ഓരോന്നിനെയും മറച്ചു സംരക്ഷിച്ചു. വായു ഉപായം പ്രയോഗിച്ചു കുറേനേരം അടിക്കാതിരുന്നു. വായു എവിടെയാണെന്നു നോക്കാൻ ആദിശേഷൻ ഒരു കൊടുമുടി മറച്ചിരുന്ന തല തിരിച്ചു. വായു പെട്ടെന്നു അടിച്ചു കൊടുമുടി തെറിപ്പിച്ചുകളഞ്ഞു. ആ കൊടുമുടി തൃപ്പതിയിൽ വീണു. ആദിശേഷൻ ദുഃഖിച്ചു വരാനഗിരിയിൽ തപസ്സുചെയ്തു, വായുവിനെ ജയിക്കാൻ വരം ചോദിച്ചു. "വായുവിനെ ഭക്ഷിച്ചോ" എന്നു വരവുംലഭിച്ചു. അതുകൊണ്ടു സൎപ്പങ്ങൾ വായു ഭക്ഷിച്ചു വളരെക്കാലം ജീവിക്കാം. (ശേഷൻ നോക്കുക.)

**ആനകദുന്ദുഭി** — വസുദേവന്റെ പേരു്, അവന്റെ ജനനസമയം, സ്വൎഗ്ഗത്തിൽ ദുന്ദുഭികൾ ശബ്ദിച്ചതുകൊണ്ടു ഈ പേരുണ്ടായി.

**ആനന്ദൻ** — ൧ ശിവൻ. ൨ വിഷ്ണു. ൩ ബലരാമൻ.

**ആനന്ദഗിരി** — ശങ്കരാചാൎയ്യന്റെ ഒരു അനുഗാമി ശങ്കരവിജയം എന്നൊരു പുസ്തകം ഉണ്ടാക്കീട്ടുണ്ടു്.

**ആനന്ദലഹരി** — ശങ്കരാചാൎയ്യർ ഉണ്ടാക്കിയ ഒരു പാൎവ്വതീസ്തോത്രം.

**ആനന്ദമയാ** — ദുൎഗ്ഗാദേവി.

**ആനൎത്തൻ** — സൂൎയ്യകുലത്തിലെ ഒരു രാജാവു്.

**ആന്ധ്രദീപകം**—ഒരു തെലുങ്കു അകാരാദി. മാമിഡി വെങ്കയ്യ കർത്താവു്. കാവ്യങ്ങളിലെ പദങ്ങൾ മാത്രമേ ഉൾപ്പെടുത്തീട്ടുള്ളു.

**ആന്ധ്രഭാഷ**—തെലുങ്ക്.

**ആപവൻ**—വസിഷ്ഠൻ ബ്രഹ്മപുരാണപ്രകാരം ആപവൻ തന്നെത്താൻ സ്ത്രീപുരുഷന്മാരായി വിഭാഗിച്ചു വിഷ്ണുവിനെ ജനിപ്പിച്ചു.

**ആപ്രീതപൻ**—തന്റെ കോപത്തെ ശമിപ്പിച്ചവരെ രക്ഷിക്കുന്നവൻ, വിഷ്ണു.

**ആഭോഗം**—പാമ്പിന്റെ പത്തി. വരുണൻ കുടയായി ഉപയോഗിക്കുന്നു.

**ആമുഖം**—നാടകങ്ങളിൽ സൂത്രധാരനും നടിയും (അല്ലെങ്കിൽ വിദൂഷകനും) തമ്മിൽ ഉള്ള സംഭാഷണരൂപമായ പ്രസ്താവന.

**ആംബികേയൻ**—൧ ധൃതരാഷ്ട്രർ. ൨ കാർത്തികേയൻ.

**ആയുസ്സ്**—പുരൂരവസ്സിന്റെയും ഉർവശിയുടെയും ആദ്യപുത്രൻ. നഹുഷന്റെ പിതാവു്.

**ആയുധപൂജ**—നവരാത്രി ഉത്സവത്തിന്റെ അവസാനദിവസം. അന്നു ആരും അവരവരുടെ പണിയായുധങ്ങൾ സ്വരക്ഷയ്ക്കുപോലും ഉപയോഗിക്കരുതെന്നാണ് നിയമം.

**ആയുർവേദം**—ധന്വന്തരി ഉണ്ടാക്കിയെന്നു പറയപ്പെടുന്ന ഒരു വൈദ്യശാസ്ത്രപുസ്തകം. അഥർവ്വവേദത്തിന്റെ ഒരു ഭാഗമായി വിചാരിക്കപ്പെട്ടുവരുന്നു. ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യ, കൌമാരഭൃത്യം, അഗദതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം, ഇങ്ങനെ എട്ടുഭാഗങ്ങളുണ്ടു്. വൈദ്യസംബന്ധമായി പ്രധാനപുസ്തകങ്ങൾ ചരകന്റെ ചരകസംഹിതയും, സുശ്രുതന്റെ സുശ്രുതസംഹിതയും ഇവയുടെ സാരസംക്ഷേപമായ അഷ്ടാംഗഹൃദയവും ആകുന്നു.

**ആർക്കി**—൧ യമൻ. ൨ ശനി. ൩ കർണ്ണൻ. ൪ സുഗ്രീവൻ. ൫ വൈവസ്വതമനു.

**ആർദ്രാദർശനം**—മാർകഴിമാസത്തിൽ പൌർണ്ണമാസി ദിവസം. തിരുവാതിര എന്നും മാർകഴി തിരുമജ്ജനം എന്നും പേരുണ്ടു്. ഉത്സവം പത്തുദിവസം. ശിവൻ കാമദേവനെ ദഹിപ്പിച്ചശേഷം സ്ത്രീകൾ കാളിന്ദിയിൽവീണു മരിപ്പാൻ തുടങ്ങി. ശിവൻ പ്രത്യക്ഷനായി കാമദേവനു മോചനം നൽകിയിരിക്കുന്നു എന്നു പറഞ്ഞു അവരെ ആശ്വസിപ്പിച്ചു. പത്തുദിവസത്തെ വ്രതവും ആട്ടവും പാട്ടും ഉണ്ടു്.

**ആര്യഭട്ടൻ**—ഒരു ശ്രുതിപ്പെട്ട ജ്യോതിശ്ശാസ്ത്രി. ബീജഗണിതത്തെ കുറിച്ചു അറിഞ്ഞിട്ടുള്ളേടത്തോളം ആദ്യം പുസ്തകം ഉണ്ടാക്കീട്ടുള്ള ആൾ. ആര്യസിദ്ധാന്തം, ദശഗീതികാസൂത്രം, ആര്യാഷ്ടശതകം ഈ പുസ്തകങ്ങളെ ഉണ്ടാക്കീട്ടുണ്ടു്. ക്രിസ്ത്വാബ്ദം ൪൭൬-ൽ ജനിച്ചു. ഭൂമി സ്വന്ത അച്ചുതണ്ടിന്മേൽ തിരിയുന്നെന്നും ചന്ദ്രനും മറ്റു ഗ്രഹങ്ങളും സൂര്യവെളിച്ചം തട്ടി പ്രകാശിക്കുന്നെന്നും ഗ്രഹണത്തിന്റെ യഥാർത്ഥകാരണവും ഇദ്ദേഹത്തിനു അറിയാമായിരുന്നു. ഭൂമിയുടെ

ച്ചാറളവു് പരാംവ്വം നാഴികയാണെന്നും കണക്കാക്കി. ഇദ്ദേഹത്തിന്റെ ശേഷം ഒരു ജ്യോതിശ്ശാസ്ത്രിക്കു ലഘു ആൎയ്യഭട്ടൻ എന്നു പേരുണ്ടായിട്ടുണ്ടു്.

**ആൎയ്യർ**—ഇന്ത്യയിലെ ഉൽകൃഷ്ടജാതികൾ. ഇവരുടെ ഭാഷ സംസ്കൃതമായിരുന്നു. ഇവരും യൂറോപ്യന്മാരും ഒരു ജാതിയുടെ ശാഖകളാണെന്നും സംസ്കൃതവും യൂറോപ്യന്മാരുടെ ആദ്യഭാഷകളായ ലത്തീനും ഗ്രീക്കും ഒരു മൂലഭാഷയുടെ ശാഖകളാണെന്നും ആധുനികവിദ്വാന്മാർ അഭിപ്രായപ്പെടുന്നു. മൃതഭാഷകളായ ഈ മൂന്നു ഭാഷകളുടേയും സാമ്യവും ഈ ഭാഷകളിലെ ആദ്യകാവ്യങ്ങളുടെ സാദൃശ്യവും കഥകളുടെ ഐക്യവും ആകുന്നു പ്രധാന തെളിവുകൾ. ആൎയ്യന്മാരെപ്പററി വല്ല വിവരവും ഇപ്പോൾ ഉണ്ടെങ്കിൽ അതു ഇതിഹാസങ്ങളിലും പുരാണങ്ങളിലും ഉള്ളതേയുള്ളൂ. ഇന്ത്യയിൽവന്ന ആൎയ്യന്മാർ ആദ്യകാലത്തു ആൎയ്യാവൎത്തത്തിൽ വസിച്ചു.

**ആൎയ്യാവൎത്തം**—ആൎയ്യന്മാർ വന്നുപാൎത്ത പ്രദേശത്തിനു മനുകൊടുത്ത പേരു്. ആൎയ്യഭൂമി എന്നും ബ്രഹ്മവൎത്തം എന്നും പറയും. അതിരുകൾ കിഴക്കു ബംഗാൾസമുദ്രം, പടിഞ്ഞാറു അറേബിസമുദ്രം, വടക്കു ഹിമാലയപൎവ്വതം, തെക്കു വിന്ധ്യപൎവ്വതം.

**ആൎയ്യാസപ്തശതി**—ഗോവൎദ്ധനന്റെ ഒരു കാവ്യം.

**ആലമരകടവുൾ**—ശിവൻ; ആൽത്തണലിൽ ഇരുന്നു ബ്രഹ്മാവിന്റെ പുത്രന്മാരെ പഠിപ്പിക്കുന്നു.

**ആലിലമേൽപള്ളികൊണ്ടോൻ**—വിഷ്ണു.

**ആവണിഅവിട്ടം**—ദ്വിജന്മാൎക്കുമാത്രമുള്ള ഒരു ഉത്സവദിവസം. ആവണിമാസം അവിട്ടം നാളിൽ. ഉപാകൎമ്മം എന്നും ശ്രാവണം എന്നും പേരുണ്ടു്.

**ആവണിമൂലം**—ആവണിമാസം മൂലംനാൾ. തമിഴരുടെ ശിവക്ഷേത്രങ്ങളിൽ ഉത്സവദിവസം.

**ആശ്രമം**—ബ്രാഹ്മണരുടെ ജീവകാലം ബ്രഹ്മചൎയ്യം ഗാൎഹസ്ഥ്യം വാനപ്രസ്ഥം സന്ന്യാസം ഇങ്ങനെ നാലാശ്രമങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. ബ്രാഹ്മണൻ നോക്കുക, ക്ഷത്രിയൎക്കും വൈശ്യൎക്കും ആദ്യത്തെ മൂന്നാശ്രമങ്ങൾ മാത്രമേ വിധിച്ചിട്ടുള്ളൂ. ബ്രഹ്മചാരി ഉപനയനംമുതൽ ഒരു ഗുരുവിന്റെ കീഴിൽ വേദാദ്ധ്യയനംചെയ്യുന്നു. ഇഷ്ടമുള്ളവൎക്കു ജീവകാലം മുഴുവനും ബ്രഹ്മചാരികളായിരിക്കാം. ഗൃഹസ്ഥൻ വിവാഹംചെയ്തു ആചാരങ്ങൾ അനുഷ്ഠിച്ചും ആതിഥ്യം ചെയ്തുംകൊണ്ടു ജീവിക്കണം. വാനപ്രസ്ഥൻ തനിച്ചോ ഭാൎയ്യയും തന്നുമായോ വനത്തിൽ പോയി പാൎത്തു ഫലമൂലാദികൾ ഭക്ഷിച്ചോ ഗൃഹസ്ഥന്മാരുടെ ആതിഥ്യം സ്വീകരിച്ചോ ജീവിക്കണം; ആചാരങ്ങൾ ഉപേക്ഷിക്കാൻപാടില്ല. സന്ന്യാസി ഇന്ദ്രിയജയം പ്രാപിച്ചു ലോകം ഉപേക്ഷിച്ചവൻ; ആചാരങ്ങൾ ഒന്നുമില്ല. ആരെങ്കിലും കൊടുക്കുന്നതു മേടിക്കയല്ലാതെ, ഒന്നും ചോദിക്കാൻ പാടില്ല. ഗ്രാമങ്ങളിൽ ചെന്നാൽ ഒരുദിവസവും നഗരങ്ങളിൽ മൂന്നുദിവസവും വലിയ പട്ടണങ്ങളിൽ അഞ്ചു ദിവസവും മാത്രമേ പാൎക്കാവൂ.

[illegible]—ഒരു [illegible]
[illegible]

[illegible]—[illegible]

[illegible]—[illegible]

[illegible]—[illegible]

[illegible]—[illegible]
[illegible]

[illegible]—[illegible]

[illegible]—ഒരു [illegible] കവി. [illegible] തമിഴിൽ [illegible]

ആഴ്വാർ—ദ്രാവിഡത്തിലെ പന്ത്രണ്ടു വിഷ്ണുഭക്തന്മാർ പലസ്ഥലത്തും പല കാലത്തും ജീവിച്ചിരുന്നു. [illegible] ചെയ്തതിലും സമയം വ്യയംചെയ്തു. തിരുവായ്മൊഴി, [illegible] നാലായിരം പ്രബന്ധം ഇവ ഇവരുടെ കൃതികളാണ്. ഇവർ വിഷ്ണുവിന്റെ ആയുധങ്ങൾ, ആഭരണങ്ങൾ, പരിചാരകന്മാർ ഇവരുടെ അവതാരങ്ങളാണെന്ന് വിചാരിക്കപ്പെട്ടുവരുന്നു. ൧. പൊയ്കയാഴ്വാർ (സരോയോഗി) [illegible] അവതാരമാണ്. ൨. കുലശേഖരാഴ്വാർ, [illegible] അവതാരം, ൩. മധുരകവി ആഴ്വാർ, [illegible] അവതാരം. ൪. [illegible] ഒരു വെള്ളാളസന്യാസിയുടെ അവതാരം. [illegible] തിരുവായ്മൊഴി [illegible]. ൫. [illegible] (വിഷ്ണുചിത്തൻ) ഗരുഡന്റെ അവതാരം [illegible]. ൬. [illegible] [illegible] അവതാരം. [illegible]. ൭. [illegible] ആഴ്വാർ (മഹദ്യോഗി) [illegible] അവതാരം ൮. തിരുമഴിസൈ ആഴ്വാർ വിഷ്ണുവിന്റെ [illegible] അവതാരം [illegible], വിഷ്ണുഭക്തി [illegible]. ൯. [illegible] (ഭക്തിസാരൻ) സുദർശന [illegible] അവതാരം. ൧൦. [illegible], ശ്രീവത്സ [illegible] ൧൧. [illegible] അവതാരം [illegible] കി [illegible] ആഴ്വാർ [illegible] ഇവരുടെ കൃതികൾ നാലായിരപ്ര [illegible]

[illegible]

[illegible]—[illegible]

[illegible]—[illegible]
[illegible]

സ്ഥാപിച്ചു അയോദ്ധ്യയിൽ രാജ്യഭാരം ചെയ്തു. വികുക്ഷി മുതൽ ൧൦൦ പുത്രന്മാരുണ്ടായിരുന്നു.

**ഇട്ടിരാരിശ്ശമേനോൻ**—മണ്ടവപ്പള്ളിൽ കൊല്ലം ൯൨൦-ാം ൯൭൦-ാം മദ്ധ്യെ ജീവിച്ചിരുന്നു. രാജ്യം അമ്പലപ്പുഴ; സന്താനഗോപാലം രുക്മാംഗദചരിതം, ബാണയുദ്ധം, ഇങ്ങനെ മൂന്നു ആട്ടക്കഥകളുടെ കർത്താവു്.

**ഇഡൻ**—അഗ്നി.

**ഇഡസ്പതി**—൧. വിഷ്ണു. ൨. പൂഷാവ്.

**ഇഡാ അല്ലെങ്കിൽ ഇളാ**—ഈ ആളെക്കൊണ്ടു പല കഥകൾ ഉണ്ടു്. വൈവസ്വത മനുവിനു ഒരു പുത്രനെ ലഭിക്കുന്നതിനുവേണ്ടി മിത്രനും വരുണനും ഒരു യാഗം ചെയ്തു. എന്നാൽ യജമാനൻ ചെയ്തുപോയ ഒരു തെറ്റുനിമിത്തം ജനിച്ചതു ഇഡാ അല്ലെങ്കിൽ ഇളാ എന്ന പുത്രിയായിപ്പോയി. അതിന്റെ ശേഷം മേല്പടി ദേവന്മാരുടെ കടാക്ഷത്താൽ അവൾ സുദ്യുമ്നൻ എന്നു പേരുള്ള ഒരു പുരുഷനായിത്തീൎന്നു. പിന്നെ ശിവന്റെ ശാപം നിമിത്തം വീണ്ടും സ്ത്രീയായി തീൎന്നു ബുധനാൽ പുരൂരവസ്സിന്റെ മാതാവായി, അനന്തരം വിഷ്ണുവിന്റെ കൃപയാൽ ഒരിക്കൽകൂടി പുരുഷനായി മൂന്നു പുത്രന്മാരെ ജനിപ്പിച്ചു. വേറൊരു കഥയിൽ ഈ ആൾ മനുവിന്റെ മൂത്തപുത്രനായിരുന്നെന്നും പാൎവ്വതിയുടെ ശാപംനിമിത്തം ഇളാ എന്ന സ്ത്രീയായി തീൎന്നെന്നും അയാളുടെ സ്നേഹിതന്മാരുടെ അപേക്ഷയാൽ ശിവനും പാൎവ്വതിയും അലിവുതോന്നി ശാപത്തെ ലഘുവാക്കി ഓരോ മാസം സ്ത്രീയായും ഓരോ മാസം പുരുഷനായും ഇരിപ്പാനുള്ള വരം കൊടുത്തു എന്നും കാണുന്നു. ൧ ഇവൾക്കു മൈത്രാവരുണി എന്നും പേരുണ്ടു്. ൨. ദുർഗ്ഗാ.

**ഇഡവിഡാ**—ഇലവിലാ നോക്കുക.

**ഇതിഹാസം**—ഉൎവ്വശിയുടേയും പുരൂരവസ്സിന്റേയും കഥപോലെയുള്ള കഥകൾ.

ധൎമ്മാൎത്ഥകാമമോക്ഷാണാമുപദേശസമന്വിതം।
പൂൎവ്വവൃത്തകഥായുക്തമിതിഹാസം പ്രചക്ഷതേ॥

സാധാരണയായി മഹാഭാരതത്തെ സംബന്ധിച്ചു ഈ പേരു് ഉപയോഗിച്ചുവരുന്നു.

**ഇന്ദിരാ**—ലക്ഷ്മീ.

**ഇന്ദുമതീ**—വിദൎഭരാജാവായ ഭോജന്റെ പെങ്ങൾ. സ്വയംവരത്തിൽ അജനെ തിരഞ്ഞെടുത്തു. ഉറങ്ങിക്കിടക്കുമ്പോൾ നാരദന്റെ മാല നെഞ്ഞത്തുവീണു മരിച്ചു.

**ഇന്ദ്രൻ**—വേദത്തിൽ ഒരു പ്രധാന ദേവൻ, എന്നാൽ പുരാണകാലങ്ങളിൽ പ്രാധാന്യം കുറഞ്ഞുപോയി. ദേവന്മാരിൽവെച്ചു പ്രധാനനെങ്കിലും ത്രിമൂൎത്തികളോളം വലിപ്പമില്ല, എന്നാലും വിഷ്ണു ഇന്ദ്രന്റെ അനുജനാണെന്നു ചില സ്ഥലങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ദേവന്മാരുടെ നായകനാകയാൽ സുരേശൻ, ദേവേന്ദ്രൻ എന്നും മറ്റും പേരുകളുണ്ടായി. പുരാണങ്ങൾപ്രകാരം ഇന്ദ്രൻ അതിഭോഗപ്രിയനാകകൊണ്ടു പലപ്പോഴും പ്രയാസങ്ങളിലകപ്പെടുകയും

തൻെറ ജ്യേഷ്ഠവരികളായ അസുരരാൽ തോല്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ ബ്രാഹ്മണനായ വൃത്രാസുരനെ കൊന്നതുകൊണ്ടു യശോഭംഗം ചെയ്ത പാപപരിഹാരം പ്രാപിക്കുംവരെ ഒളിച്ചിരിക്കേണ്ടിവന്നു. അഹല്യയോടുകൂടി വ്യഭിചാരം ചെയ്തുകൊണ്ടു ഗൌതമൻ ഇന്ദ്രനെ ശപിക്കയും അതിനാൽ ശരീരത്തിൽ യോനിരൂപങ്ങൾ കൊണ്ട് നിറകയും അനന്തരം യോനിരൂപങ്ങൾ കണ്ണുകളായി തീരുകയും ചെയ്തു. ഈ സംഭവത്തിൽനിന്നു സയോനി, നേത്രയോനി, സഹസ്രാക്ഷൻ എന്നു പേരുകളുണ്ടായി രാവണനോടുള്ള യുദ്ധത്തിൽ മേഘനാദനാൽ, അല്ലെങ്കിൽ ഇന്ദ്രജിത്തിനാൽ പിടിച്ചു കെട്ടി ലങ്കയിലേക്കു കൊണ്ടുപോകപ്പെട്ടു. പിന്നെ ബ്രഹ്മാവും മററും രാവണനു ചില വരങ്ങൾകൊടുത്തു ഇന്ദ്രനെ വിടുവിച്ചു കൊണ്ടുപോയി. ഈ യുദ്ധത്തിൽ ഇന്ദ്രൻ തോററുപോയതു അഹല്യയോടുകൂടി വ്യഭിചരിച്ചതിനാലാണത്രെ. ഒരിക്കൽ ദുർവ്വാസാവ് ഒരു പുഷ്പമാല കൊടുത്തതു ഇന്ദ്രൻ തിരസ്കരിച്ചതുകൊണ്ടു ആ മഹർഷി ഇന്ദ്രനെ ശപിക്കയും ആ ശാപം ഹേതുവായിട്ടു ദൈത്യരാൽ തോല്പിക്കപ്പെടുകയും ചെയ്തു. ജയം നിമിത്തം ദേവഗണങ്ങളും മററും അവർ ഉപേക്ഷിക്കയാൽ ഇന്ദ്രൻ സ്വർഗ്ഗത്തിൽ തൻെറ അധികാരത്തെ വീണ്ടും പ്രാപിച്ചു. ഇന്ദ്രൻ തൻെറ പൂജയെ മുടക്കിക്കളഞ്ഞ ഗോപാലന്മാരെ ശിക്ഷിക്കുന്നതിനായി പെരുമഴ പെയ്യിച്ചപ്പോൾ കൃഷ്ണൻ ഗോവർദ്ധനപർവ്വതം വിരലിന്മേൽ ഉയർത്തിപ്പിടിച്ചു അവരെ രക്ഷിച്ചു പിന്നെയും പാരിജാതവൃക്ഷത്തെ സംബന്ധിച്ചുണ്ടായ യുദ്ധത്തിൽ കൃഷ്ണൻ ഇന്ദ്രനെ തോല്പിച്ചു. ഇന്ദ്രൻ ദിതിയുടെ മക്കളെ ഗർഭത്തിൽവെച്ചു തന്നെ കൊല്ലുകയും തൻെറ വജ്രായുധംകൊണ്ടു പർവ്വതങ്ങളുടെ ചിറകുകളെ മുറിച്ചുകളകയും ചെയ്തിട്ടുണ്ട്. ഇന്ദ്രൻെറ ഭാര്യ ഇന്ദ്രാണി (ശചീ, പുലോമജാ)യും പുത്രൻ ജയന്ത (പാകശാസനി) നും, നഗരം അമരാവതിയും, അശ്വം ഉച്ചൈശ്രവസ്സും, രഥം വിമാന(വ്യോമയാനം)വും, സാരഥി മാതലിയും, ഉപവനം, നന്ദന(കന്ദസാരം, പാരുഷ്യം)വും പ്രാസാദം വൈജയന്തവും ആന ഐരാവത (അഭ്രമാതംഗം, ഐരാവണം, അഭ്രമുവല്ലഭൻ)വും, ആയുധം വജ്ര (ഹ്രാദിനീ, കലിശം, ഭിദുരം, പവി, ശതകോടി, സ്വരു, ശംബം, ദംഭോളി, അശനി;വും, ദേവസഭ സുധർമ്മയും, ഭക്ഷണം അമൃത (പീയൂഷം, സുധാ)വും, വില്ലു ശക്രധനു (മഴവില്ലു)സ്സും വാളു പരഞ്ജയവും, വാസസ്ഥലം സ്വർഗ്ഗവും സ്വർഗ്ഗത്തിലെ വൃക്ഷങ്ങൾ മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം ഇവയും ആകുന്നു. ഇന്ദ്രൻെറ മഹത്വത്തിനായി ശക്രധ്വജോത്ഥാനം എന്നു ഒരു ഉത്സവം കൊണ്ടാടാറുണ്ട്. ഇന്ദ്രൻെറ പേരുകൾ.

ഇന്ദ്രോ മരുത്വാൻമഘവാബിഡൌജാഃ പാകശാസനഃ।
വൃദ്ധശ്രവാഃ ശുനാസീരഃ പുരുഹൂതഃ പുരന്ദരഃ॥
ജിഷ്ണുർലേഖർഷഭഃ ശക്രഃ ശതമന്യുർദിവസ്പതിഃ।
സുത്രാമാഗോത്രഭി ദ്വജ്രീ വാസവോവൃത്രഹാവൃഷാ॥
വാസ്തോഷ്പതിഃ സുരപതിർബലാരാതിഃ ശചീപതിഃ।
ജംഭഭേദീഹരിഹയഃ സ്വാരാണ് നമുചിസൂദനഃ॥
സംക്രന്ദനോ ദുശ്ച്യവന സ്തുരാഷാണ്മേഘവാഹനഃ।
ആഖണ്ഡലഃ സഹസ്രാക്ഷ ഋഭുക്ഷാഃ............॥

**ഇന്ദ്രാനുജൻ**—വിഷ്ണു, നാരായണൻ.

**ഇന്ദ്രകീലം**—മന്ദരപർവ്വതം.

**ഇന്ദ്രകേതു ഇന്ദ്രകീലം**—ഇന്ദ്രൻെറ കൊടി.

**ഇന്ദ്രഗിരി**—മഹേന്ദ്രപർവ്വതം.

**ഇന്ദ്രഗുരു** — ബൃഹസ്പതി.

**ഇന്ദ്രജാലം** — അൎജ്ജുനന്റെ ഒരായുധം.

**ഇന്ദ്രജിൽ** — രാവണന്റെ പുത്രനായ മേഘനാദൻ. രാവണൻ സ്വൎഗ്ഗത്തിൽ പോയി ഇന്ദ്രനോടു യുദ്ധംചെയ്യുമ്പോൾ മേഘനാദൻ ശിവൻ കൊടുത്ത ഒരു വരംകൊണ്ടു അദൃശ്യനായി ചെന്നു ഇന്ദ്രനെ കെട്ടി ലങ്കയ്ക്കു കൊണ്ടുപൊയ്ക്കളഞ്ഞു. ഇന്ദ്രനെ വിടുവിപ്പാൻ ബ്രഹ്മാവും ദേവന്മാരും ചെന്നപ്പോൾ ബ്രഹ്മാവു മേഘനാദനു ഇന്ദ്രജിൽ എന്ന പേരുകൊടുത്തു. എന്നാൽ ബ്രഹ്മാവു അവനു മരണമില്ലായ്മയെ ദാനംചെയ്തശേഷം മാത്രം ഇന്ദ്രനെ വിട്ടയച്ചു; ലക്ഷ്മണൻ ഇന്ദ്രജിത്തിനെ കൊന്നുകളഞ്ഞു എന്നു രാമായണത്തിൽ കാണുന്നു.

**ഇന്ദ്രജിദ്വിജയി** — ലക്ഷ്മണൻ.

**ഇന്ദ്രദ്യുമ്നൻ** — സുമതിയുടെ പുത്രനും ഭരതന്റെ പൌത്രനും. ഈ പേരുള്ളവർ വേറെയും പലരുണ്ടു.

**ഇന്ദ്രപ്രസ്ഥം** — യമുനാതീരത്തിൽ പാണ്ഡവരുടെ വാസസ്ഥലമായിരുന്ന ഒരു നഗരം.

**ഇന്ദ്രസുതൻ (സൂനു)** — ൧. ജയന്തൻ. ൨. അൎജ്ജുനൻ. ൩. ബാലി.

**ഇന്ദ്രസേനാനീ** — കാൎത്തികേയൻ.

**ഇന്ദ്രസേനൻ, ഇന്ദ്രസേനാ** — നളന്റെ പുത്രനും പുത്രിയും.

**ഇന്ദ്രാണീ** — ഇന്ദ്രന്റെ ഭാൎയ്യ. ജയന്തൻ, ജയന്തി ഇവരുടെ മാതാവു. ശചീ, ഐന്ദ്രീ എന്നും, പുലോമന്റെ പുത്രിയാകുന്നു എന്നു രാമായണത്തിൽ പറഞ്ഞിരിക്കകൊണ്ടു പൌലോമീ, പുലോമജാ എന്നും പേരുകളുണ്ടു. ഭൎത്താവു ഒരുനാളും വാൎദ്ധക്യത്താൽ മരിച്ചുപോകയില്ലാത്തതുകൊണ്ടു സ്ത്രീകളിൽവെച്ചു ഭാഗ്യമുള്ളവൾ എന്നു പറയപ്പെടുന്നു. ഒരു ഇന്ദ്രൻ കഴിഞ്ഞാൽ പിന്നെ വരുന്ന ഇന്ദ്രന്റെ ഭാൎയ്യയായിരിക്കും.

**ഇന്ദ്രിയം** — ഇന്ദ്രിയങ്ങൾ, ജ്ഞാനേന്ദ്രിയങ്ങൾ അല്ലെങ്കിൽ ബുദ്ധീന്ദ്രിയങ്ങൾ കൎമ്മേന്ദ്രിയങ്ങൾ ഇങ്ങനെ രണ്ടുവിധം.

**ജ്ഞാനേന്ദ്രിയങ്ങൾ:**—

ശ്രോത്രം ത്വക്ചക്ഷുഷീജിഹ്വാ നാസികാചൈവപഞ്ചമീ।

**കൎമ്മേന്ദ്രിയങ്ങൾ:**—

പായൂപസ്ഥംഹസ്തപാദം വാക്ചൈവം ദശമീസ്മൃതാ॥

വേദാന്തികൾ ഈ പത്തു ഇന്ദ്രിയങ്ങളോടുകൂടി മനസ്സ്, ബുദ്ധി, അഹങ്കാരം ചിത്തം ഇങ്ങനെ നാലു അന്തരിന്ദ്രിയങ്ങളേയും ചേൎത്തു മനുഷ്യൎക്കു പതിനാലു ഇന്ദ്രിയങ്ങളും അവ ഓരോന്നിനും ഓരോ നിയന്താവും ഉണ്ടെന്നു പറയുന്നു.

**ഇന്ദ്രിയാൎത്ഥങ്ങൾ** — രൂപം, ശബ്ദം, ഗന്ധം, രസം, സ്പൎശം.

**ഇഭാനനൻ** — ഗണേശൻ.

**ഇരട്ടൈയ്യർ** — ഇരട്ടപ്പെറ്റ രണ്ടു തമിഴുകവികൾ. തൽക്ഷണം ശ്ലോകങ്ങൾ ഉണ്ടാക്കും. പതിനാലാം ശതാബ്ദം. ഒരാൾ മുടന്തനും ഒരാൾ കുരുടനും ആയിരുന്നു. ഒരാൾ ശ്ലോകത്തിൻെറ രണ്ടു പാദം പറയുമ്പോൾ മറ്റേയാൾ രണ്ടു പാദംകൂടെ പറഞ്ഞു പൂരിപ്പിക്കും.

**ഇരയിമ്മൻതമ്പി** — പണ്ഡിതനും പ്രസിദ്ധനുമായ ഒരു മഹാകവി. അനവധി ഒറ്റശ്ലോകങ്ങളും കീർത്തനങ്ങളുമുണ്ടാക്കിയിട്ടുണ്ട്. പ്രധാനമായ മുഖ്യകൃതികൾ, കീചകവധം, ഉത്തരാസ്വയംവരം, ദക്ഷയാഗം എന്നീ ആട്ടക്കഥകളാണ്. ആട്ടക്കഥകളിൽ അജയ്യമായ സ്ഥാനം അവയ്ക്കു നൽകപ്പെട്ടിരിക്കുന്നു. പദമാധുര്യവും പ്രസന്നപ്രവാഹവും അർത്ഥഗാംഭീര്യവും സർവ്വോപരി കാവ്യഗുണവും ഒന്നിച്ചു തികഞ്ഞതാണ്, ഈ കൃതികളുടെ ഔൽകൃഷ്ട്യത്തിനുള്ള കാരണം, (ൻദിര്—ഥനമ്പ)

**ഇരാജൻ** — കാമൻ.

**ഇരാവതി** — ൧. നദി ൨. ദുർഗ്ഗാദേവി.

**ഇരാവാൻ** — ഉലൂപിയിൽ അർജ്ജുനൻെറ പുത്രൻ.

**ഇരുപത്തുനാലുവൃത്തം** — മലയാളത്തിലെ അതിപ്രസിദ്ധമായ ഒരു കാവ്യം. രാമായണകഥ, എഴുത്തച്ഛൻെറ കൃതിയെന്നു സാധാരണ അഭിപ്രായം. നാരായണീയകർത്താവിൻെറതെന്നും അഭിപ്രായക്കാരുണ്ട്. ഇതിൻെറ രീതി അനുസരിച്ചു പത്തുവൃത്തം, പതിനാലുവൃത്തം, മുപ്പത്തുനാലുവൃത്തം ഇത്യാദി വേറെ കൃതികൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്.

**ഇലവില** — തൃണവിന്ദുവിൻെറയും അലംബുഷാ എന്ന അപ്സരസ്ത്രീയുടെയും പുത്രി. വിശ്രവസ്സിൻെറ ഭാര്യയും കുബേരൻെറ മാതാവും ആണെന്ന് ഒരിടത്തും പുലസ്ത്യൻെറ ഭാര്യയും വിശ്രവസ്സിൻെറ അമ്മയും ആണെന്ന് മറ്റൊരിടത്തും കാണുന്നു. കുബേരനു ഐലവിലൻ എന്ന പേരുണ്ട്.

**ഇലീവിഷൻ** — ഇന്ദ്രൻ തോല്പിച്ച ഒരു അസുരൻ.

**ഇല്വലൻ** — വാതാപി നോക്കുക.

**ഇഷ്ടാപൂർത്തം** — യാഗം ചെയ്ക, കിണറു കുഴിക്ക, ദാനം ചെയ്ക മുതലായ ധർമ്മപ്രവൃത്തികൾ.

> വാപീകൂപതടാകാദി ദേവതായതനാനി ച।
> അന്നപ്രദാനമാരാമാഃ പൂർത്തമർത്ഥ്യാഃ പ്രചക്ഷതേ॥
> ഏകാഗ്നികർമ്മഹവനം ത്രേതായാം യച്ച ഹൂയതേ।
> അന്തർവേദ്യാം ച യദ്ദാനം ഇഷ്ടം തദഭിധീയതേ॥

**ഇളാ** — ൧. ഭൂമി. ൨. മനുവിൻെറ പുത്രി. ൩. വൈവസ്വതൻെറ പുത്രൻ. ശിവൻെറയും പാർവ്വതിയുടെയും ശാപംനിമിത്തം സ്ത്രീയായിപ്പോയി.

**ഇളാവൃതം** — ജംബുദ്വീപത്തിൻെറ മദ്ധ്യപ്രദേശം.

TRAINING SCHOOL KOTTAYAM LOWER GRADE

## ഈ

ഈ — ൧. കാമദേവൻ ൨. ലക്ഷ്മി.

ഈതികൾ — രാജ്യത്തിന്റെ കഷ്ടകാലങ്ങൾ, ചിലർ ആറെന്നും, ചിലർ ഏഴെന്നും പറയുന്നു.

അതിവൃഷ്ടിരനാവൃഷ്ടിഃ ശലഭാമൂഷകാഃ ശുകാഃ।
പ്രത്യാസന്നാശ്ചരാജാനഃ ഷഡേത ഈതയസ്മൃതാഃ॥
(സ്വചക്രംപരചക്രംച സദൈവൈതാ ഈതയസ്മൃതാഃ॥)

ഈശൻ — ശിവൻ.

ഈശാ — ദുർഗ്ഗ, (ഈശാനീ)

ഈശനഗരി — കാശി.

ഈശബലം — പാശുപതാസ്ത്രം.

ഈശസഖി — കുബേരൻ.

ഈശാനൻ — ൧. ശിവൻ. ൨. വിഷ്ണു.

ഈശ്വരകൃഷ്ണൻ — സാംഖ്യകാരികാ എന്ന പുസ്തകത്തിന്റെ കർത്താവു്.

ഈശ്വരൻ — ശിവൻ; വിഷ്ണുവിനു ഈ പദം സാധാരണയായി ഉപയോഗിക്കയില്ല.

ഈശ്വരി — പാർവ്വതി. ലക്ഷ്മിയുടെ പേരായി ഉപയോഗിക്കയില്ല.

## ഉ

ഉ — ൧. ശിവൻ ൨. ബ്രഹ്മാവു്. ഓം നോക്കുക.

ഉഗ്രൻ — ശിവൻ, രുദ്രൻ.

ഉഗ്രചാരിണീ, ചണ്ഡാ — ദുർഗ്ഗാ.

ഉഗ്രപുത്രൻ — കാർത്തികേയൻ.

ഉഗ്രശേഖരാ — ഗംഗാ.

ഉഗ്രസേനൻ — ൧. ധൃതരാഷ്ട്രന്റെ ഒരു പുത്രൻ. ൨. ഒരു മധുരരാജാവു്, കണ്ണിയുടെ ഭർത്താവു്, കംസന്റെയും ദേവകന്റെയും പിതാവു്, കംസനാൽ സ്ഥാനത്തിൽനിന്നു ഭ്രഷ്ടനാക്കപ്പെടുകയും കൃഷ്ണൻ കംസനെ കൊന്നു രാജ്യം തിരികെ കൊടുക്കയുംചെയ്തു.

**ഉഗ്രസേനാ**—അക്രൂരന്റെ ഭാൎയ്യ.

**ഉഗ്രസേനജൻ**—കംസൻ.

**ഉച്ചൈശ്ശ്രവസ്സ്**—ഇന്ദ്രന്റെ കുതിര; പാലാഴിമഥനത്തിൽ കിട്ടിയ ത്. അമൃതം ഭക്ഷിച്ചു ജീവിക്കുന്നു.

**ഉജ്ജയിനി**—വിക്രമാദിത്യരാജാവിന്റെ പ്രധാനനഗരം, മോക്ഷദായക നഗരങ്ങളിൽ ഒന്ന്; അവന്തി നോക്കുക.

**ഉഡുപതി**—വരുണൻ.

**ഉണ്ണായിവാരര്**—മലയാളത്തിലെ പ്രധാന ആട്ടക്കഥാകൎത്താവ്. കൊല്ലം പത്താംശതാബ്ദാരംഭത്തിൽ ഇരിങ്ങാലക്കുട ജനിച്ചു. പ്രധാന കൃതി നളചരിതം നാലുദിവസത്തെ ആട്ടക്കഥ. ഗിരിജാകല്യാണം എന്നൊരു കിളിപ്പാട്ടും ഉണ്ടാക്കീട്ടുണ്ട്.

**ഉണ്ണുനീലിസന്ദേശം**—മലയാളത്തിൽ ഇതേവരെ കണ്ടുകിട്ടിയിട്ടുള്ള സന്ദേശകാവ്യങ്ങളിൽ ഏറ്റവും പഴക്കമുള്ള കൃതി. ശുകസന്ദേശത്തിനുശേഷം ഉണ്ടായിട്ടുള്ളതാണെന്നും അഭിപ്രായഭേദമുണ്ട്. അതു സ്വീകാൎയ്യമാണെങ്കിൽ കൊല്ലം ആറാംശതവൎഷത്തിലായിരിക്കണം ആവിൎഭാവം. സുകുമാരമായ ഈ കാവ്യത്തിലെ വൎണ്ണനകൾ അന്യാദൃശങ്ങളാണ്. യഥാൎത്ഥകവിതാരസം സൎവ്വത്ര പ്രകാശിക്കുന്നുണ്ട്. ആകപ്പാടെ അത്യന്തം ആസ്വാദ്യമായ പ്രസ്തുതകാവ്യം മലയാളഭാഷയുടെ ഒരു വിലപിടിച്ച സമ്പത്താണെന്നുള്ളതിൽ പക്ഷാന്തരം ഉണ്ടാകാനില്ല.

**ഉതത്ഥ്യൻ**—ഒരു ബ്രാഹ്മണൻ, സോമന്റെ പുത്രിയായ ഭദ്രയെ വിവാഹം ചെയ്തു. വരുണൻ അവളെ അപഹരിച്ചുകൊണ്ടു പോകകൊണ്ടും അവളെ തിരികെ കിട്ടാനായി നാരദൻ ചെയ്ത ശ്രമങ്ങൾ നിഷ്ഫലമായിപ്പോകകൊണ്ടും ഉതത്ഥ്യൻ കോപിച്ചു സമുദ്രം മുഴുവനും കുടിച്ചു വററിച്ചു. എന്നിട്ടും വരുണൻ ഭദ്രയെ വിട്ടില്ല. ഉതത്ഥ്യൻ പിന്നെ വരുണന്റെ സരസ്സു കുടിച്ചു വററിച്ചു രാജ്യമെല്ലാം ഉണങ്ങി വരണ്ടു. അപ്പോൾ മാത്രം വരുണൻ ഭദ്രയെ വിട്ടുകൊടുത്തു.

**ഉതത്ഥ്യതനയൻ**—ഗൌതമൻ.

**ഉൽകലികാപ്രായം**—സമാസങ്ങളും ഖരാക്ഷരങ്ങളും അധികം ഉപയോഗിച്ചിട്ടുള്ള ഒരുവിധം ഗദ്യം.

**ഉത്തമൻ**—വിഷ്ണു.

**ഉത്തമവേശൻ**—ശിവൻ.

**ഉത്തമൌജസ്**—പാണ്ഡവന്മാരുടെ സ്നേഹിതനായ ഒരു യോദ്ധാവ്.

**ഉത്തരൻ**—൧. വിഷ്ണു. ൨. ശിവൻ. ൩. വിരാടരാജാവിന്റെ പുത്രൻ; ശല്യനാൽ കൊല്ലപ്പെട്ടു.

**ഉത്തര**—വിരാടരാജാവിന്റെ പുത്രി. അഭിമന്യുവിന്റെ ഭാൎയ്യ.

**ഉത്തരനൈഷധചരിത്രം** — നിഷധരാജാവായ നളന്റെ ചരിത്രം, ശ്രീഹർഷൻ ഉണ്ടാക്കിയതു്.

**ഉത്തരദിക്പാലൻ** — (പതി — ഈശൻ) കുബേരൻ.

**ഉത്തരരാമചരിതം** — രാമായണത്തിന്റെ രണ്ടാംഭാഗം കഥ നാടകമായി ഭവഭൂതി ചമച്ചതു്. കരുണരസം പ്രധാനം. ശ്രീരാമന്റെ അഭിഷേകത്തിനുശേഷം പൂർണ്ണഗർഭയായ സീതയെ കാട്ടിൽ അയച്ചുകളയുന്നു. അവിടെ അവൾ കുശലവന്മാരെ പ്രസവിക്കുന്നു. മക്കളെ വാല്മീകി വളർത്തുന്നു. പന്ത്രണ്ടാംവർഷം ശ്രീരാമൻ മക്കളേയും സീതയേയും വീണ്ടും കൈക്കൊള്ളുന്നു. മലയാളത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ അതിവിശേഷമായി തർജ്ജമചെയ്തിട്ടുണ്ടു്.

**ഉത്തരായണപുണ്യകാലം** — മകരസംക്രാന്തി.

**ഉത്താനപാദൻ** — ധ്രുവന്റെ പിതാവായ ഒരു രാജാവു്.

**ഉത്താരകൻ** — ശിവൻ.

**ഉത്താരണൻ** — വിഷ്ണു

**ഉത്ഥാനൈകാദശി** — കാർത്തികമാസം ശുക്ലപക്ഷത്തിൽ ഏകാദശിദിവസം. അന്നു വിഷ്ണു നാലുമാസത്തെ ഉറക്കത്തിൽനിന്നു ഉണരുന്നു. ധ്യാനത്തിനു ഉത്തമദിവസം.

**ഉദയനൻ** — സഹസ്രാനീകന്റെ പുത്രനായ ചന്ദ്രവംശത്തിലെ ഒരു രാജാവു്. വത്സരാജനെന്നും പേരുണ്ടു്. കൌശാംബിയിൽ വാണു. ഉജ്ജയിനീരാജാവായ ചന്ദ്രമഹാസേനന്റെ പുത്രിയായ വാസവദത്ത ഉദയനനെ സ്വപ്നത്തിൽ കണ്ടു് അവനെ സ്നേഹിക്കയാൽ അവനെ വശീകരിച്ചു് ഉജ്ജയിനിയിലേക്കു കൊണ്ടുചെന്നു അവിടെ തടവിൽ പാർപ്പിച്ചു. മന്ത്രിയുടെ സഹായത്താൽ തടവിൽനിന്നു വിടുവിക്കപ്പെടുകയും വാസവദത്തയെ കൂടെ കൊണ്ടുപോകയും ചെയ്തു. ഉദയനൻ രത്നാവലീ എന്ന നാടകത്തിലെ നായകനാണു്.

**ഉദാരധീ, ഉദാരധി, ഉദീർണ്ണൻ** — വിഷ്ണു.

**ഉദ്ദണ്ഡശാസ്ത്രികൾ** — ഒരു സമർത്ഥനായ കേരളകവി. ജനനം പാണ്ടിയിൽ. മല്ലികാമാരുതം എന്നൊരു സംസ്കൃതപ്രകരണത്തിന്റെ കർത്താവു്.

**ഉദ്ദാമൻ** — ൧. വരുണൻ. ൨. യമൻ.

**ഉദ്ധവൻ** — കൃഷ്ണന്റെ ഇഷ്ടനായ ഒരു യാദവൻ. വസുദേവന്റെ സഹോദരനായ ദേവഭാഗന്റെ പുത്രൻ. പവനവ്യാധി എന്നും പേരുണ്ടു്. യദുവർ നശിച്ചുപോകുമെന്നു കണ്ടിട്ടു ഉദ്ധവൻ പോയി കൃഷ്ണനോടു എന്തുചെയ്യണമെന്നു ചോദിച്ചാറെ ബദരികാശ്രമത്തിൽ പോയി തപസ്സുചെയ്തു മോക്ഷം പ്രാപിച്ചുകൊള്ളുന്നതിനു് കൃഷ്ണൻ ഉപദേശിച്ചു. ഉദ്ധവനെക്കുറിച്ചു ഉദ്ധവദൂതം എന്നും ഉദ്ധവസന്ദേശം എന്നും രണ്ടു ചെറിയ കാവ്യങ്ങൾ ഉണ്ടു്.

**ഉദ്ധവദൂതം** — മാധവൻ എന്നൊരു കവി മേഘസന്ദേശത്തെ അനുകരിച്ചു് ഉണ്ടാക്കിയ ഒരു കാവ്യം. വൃന്ദാവനത്തിലെ ഒരു ഗോപസ്ത്രീ ഉദ്ധവൻ മുഖാന്തിരം ശ്രീകൃഷ്ണനു അയച്ച സന്ദേശം.

**ഉദങ്കം (ഉദംഗം)**—ഹരിശ്ചന്ദ്രന്റെ നഗരം.

**ഉന്നതി**—ഗരുഡന്റെ ഭാൎയ്യ.

**ഉന്നാഭൻ**—സൂൎയ്യകുലത്തിലെ ഒരു രാജാവു്.

**ഉന്മജ്ജനൻ**—ശിവന്റെ ഒരു ദാസൻ.

**ഉന്മത്തരാഘവം**—ഭാസ്കരൻ എന്നൊരു സംസ്കൃതകവിയുടെ ഒരു നാടകം. ഒരു വനത്തിൽ പുഷ്പം ശേഖരിക്കാൻ പോകുന്ന സ്ത്രീകൾ മൃഗമായിപ്പോകമെന്നു ദുൎവ്വാസസ്സ് മുനി ശപിച്ചിരുന്നു. ശാപവിവരം അറിയാതെ സീത അതിൽ കയറി തൽക്ഷണം ഒരു മാനായി മറുരൂപപ്പെട്ടുപോയി. സീതയെ ഇങ്ങനെ പെട്ടെന്നു കാണാതെ ആയപ്പോൾ ശ്രീരാമന്റെ അന്വേഷണവും വിലാപവും വിഷയം. ഒരു അങ്കമേയുള്ളു. വിക്രമോൎവ്വശീയത്തിൽ ഉൎവ്വശി ലതയായിപ്പോയ കഥയെ അനുകരിച്ചുണ്ടാക്കിയതു്.

**ഉപദാനവി**—വൃഷപൎവ്വാസുരന്റെ പുത്രി, ദുഷ്യന്തന്റെ അമ്മ.

**ഉപദേശസഹസ്രി**—ശങ്കരാചാൎയ്യന്റെ ഒരു പുസ്തകം.

**ഉപധാതുക്കൾ**—ഉപധാതുക്കളായ ലോഹങ്ങൾ ഏഴു്.

സപ്തോപധാതവഃ സ്വൎണ്ണം മാക്ഷികം താരമാക്ഷികം।
തുത്ഥം കാംസ്യഞ്ച രീതിശ്ച സിന്ദൂരഞ്ച ശിലാജതു॥

അഥവാ ശരീരത്തിൽനിന്നും സ്രവിക്കുന്ന ഏഴു സാധനങ്ങൾ.

സ്തന്യം രജോ വസാ സ്വേദോ ദന്താഃ കേശാസ്തഥൈവ ച।
ഔജസ്യം സപ്തധാതൂനാം ക്രമാത്സപ്തോപധാതവഃ॥

**ഉപനയനം**—ഗായത്രി പഠിക്കുന്നതിനായി ഗുരുവിന്റെ അടുക്കൽ ദ്വിജന്മാർ ആദ്യം ചെല്ലുന്ന ദിവസം. അന്നാണു് അവർ ആദ്യം പൂണൂൽ ധരിക്കുന്നതു്. അന്നുമുതൽ ദ്വിജൻ.

**ഉപനിഷത്തുകൾ**—ബ്രാഹ്മണങ്ങളുടെ അനുബന്ധങ്ങളായി മന്ത്രങ്ങളുടെ ഗൂഢാൎത്ഥത്തെ കാട്ടുന്ന ജ്ഞാനമാൎഗ്ഗപ്രദൎശകങ്ങളായ വ്യാഖ്യാനങ്ങളാകുന്നു. ഉപനിഷത്തുകളിൽ ചില ഭാഗങ്ങൾ മാത്രമേ പദ്യത്തിൽ എഴുതീട്ടുള്ളു. ഉപനിഷത്തുകൾ ഹിന്തുതത്വശാസ്ത്രത്തിന്റെ അടിസ്ഥാനമാകുന്നു. മുക്തികോപനിഷത്തുപ്രകാരം ൧൦൮ ഉപനിഷത്തുകൾ ഉണ്ടു്. അവയെല്ലാം ഇപ്പോൾ ഇല്ല. ഉള്ളവയിൽ പ്രധാനമായവ ഋഗ്വേദത്തിന്റെ ഐതരേയോപനിഷത്തും കൌശീതകിബ്രാഹ്മണോപനിഷത്തും യജുൎവ്വേദത്തിന്റെ തൈത്തിരീയോപനിഷത്തും ബൃഹദാരണ്യകോപനിഷത്തും ഈശോപനിഷത്തും സാമവേദത്തിന്റെ ഛാന്ദോഗ്യോപനിഷത്തും കേനോപനിഷത്തും അഥൎവ്വവേദത്തിന്റെ പ്രശ്ന, മുണ്ഡക, മാണ്ഡൂക്യ, കാ-ഉപനിഷത്തുകളും ആകുന്നു.

മന്ത്രങ്ങളും ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും പരബ്രഹ്മത്തിൽനിന്നുണ്ടായതിനാൽ **ശ്രുതി** എന്നും അവയുടെ രചയിതാക്കളായി അധുനികന്മാർ വിചാരിച്ചുവരുന്ന ഋഷിമാർ **ദ്രഷ്ടാക്കളെന്നും** പറഞ്ഞുവരുന്നു.

ഉപനിഷത്തുകൾ പ്രത്യക്ഷത്തിൽ മന്ത്രങ്ങളുടെ വ്യാഖ്യാനങ്ങളാണെങ്കിലും അവയിൽ ജീവന്റെ ഉത്ഭവം, ലോകം, ആത്മാവ്, ദൈവം ഇത്യാദി തത്വങ്ങളെപ്പററി മനുഷ്യരുടെ ബുദ്ധിവികാസത്തോടുകൂടി ഉണ്ടാകാറുള്ള ചില അന്വേഷണങ്ങളും ആരംഭിച്ചു കാണുന്നുണ്ട്. ഈ അന്വേഷണങ്ങളുടെ ഫലമായി ആറുവിധം തത്വശാസ്ത്രങ്ങൾ ഉണ്ടായി. അവയെ ഷഡ്ദർശനങ്ങൾ എന്നു വിളിച്ചുവരുന്നു. ഷഡ്ദർശനങ്ങൾ നോക്കുക.

**ഉപപാതകം—**

മഹാപാതകതുല്യാനി പാപാന്യുക്താനി യാനി തു।
താനി പാതകസംജ്ഞാനി തന്ന്യൂനമുപപാതകം॥

**ഉപപുരാണം**—പുരാണം, അഷ്ടാദശോപപുരാണം നോക്കുക.

**ഉപമാതാവ്—**

മാതൃഷ്വസാ മാതുലാനീ പിതൃവ്യസ്ത്രീ പിതൃഷ്വസാ।
ശ്വശ്രൂഃ പൂർവ്വജപത്നീ ച മാതൃതുല്യാഃ പ്രകീർത്തിതാഃ॥

**ഉപരത്നങ്ങൾ—**

ഉപരത്നാനി കാചശ്ച കർപ്പൂരോശ്മാ തഥൈവ ച।
മുക്താശുക്തിസ്തഥാ ശംഖ ഇത്യാദീനി ബഹൂന്യപി॥
ഗുണാ യഥൈവ രത്നാനാമുപരത്നേഷു തേ തഥാ।
കിന്തു കിഞ്ചിത്തതോ ഹീനാ വിശേഷോയമുദാഹൃതഃ॥

**ഉപരിചരൻ**—ഇന്ദ്രന്റെ കല്പനപ്രകാരം ചേദിരാജാവായിത്തീർന്ന ഒരു വസു. ഒരു ശാപംനിമിത്തം ഭൂമിയിൽ ഒരു മത്സ്യമായി ജീവിച്ചിരുന്ന അദ്രികാ എന്ന അപ്സരസ്ത്രീയിൽ മത്സ്യൻ എന്നൊരു പുത്രനും വ്യാസന്റെ അമ്മയായ സത്യവതീ എന്നൊരു പുത്രിയും ഉണ്ടായിരുന്നു.

**ഉപരൂപകം**—ഉപരൂപകങ്ങൾ പതിനെട്ടുവിധം ഉണ്ട്.

നാടികാ ത്രോടകം ഗോഷ്ഠീ സട്ടകം നാട്യരാസകം।
പ്രസ്ഥാനോല്ലാപ്യകാവ്യാനി പ്രേംഖണം രാസകം തഥാ।
സംലാപകം ശ്രീഗദിതം ശില്പകം ച വിലാസികാ।
ദുർമ്മല്ലികാ പ്രകരണീ ഹല്ലീശോ ഭാണികേതി ച॥

ഈ ഉപരൂപകങ്ങളുടെ ഓരോ ഉദാഹരണം ശ്ലോകത്തിലെ ക്രമപ്രകാരം തന്ന ഇവിടെ ചേർക്കുന്നു:--രത്നാവലീ, വിക്രമോർവ്വശീയം, രൈവതമദനികം, കർപ്പൂരമഞ്ജരീ, നർമ്മവതീ, ശൃംഗാരതിലകം, ദേവീമഹാദേവം, യാദവോദയം, ബാലിവധം, മേനകാഹിതം, മായകാപാലികം, സുഭദ്രാഹരണം, കനകവതീമാധവം, കൃതകയവധം, വിന്ദുമതീ, ദ്രൂധനദം, കേളിരൈവതകം, കാമദത്താ.

**ഉപവേദം**—വേദത്തോടുചേർത്തിട്ടുള്ള ചില ശാസ്ത്രങ്ങൾ- ഋഗ്വേദത്തിനു ആയുർവ്വേദവും (വൈദ്യം) യജുർവ്വേദത്തിനു ധനുർവ്വേദവും (ആയുധശാസ്ത്രം) സാമവേദത്തിനു ഗാന്ധർവ്വവേദവും (സംഗീതം) അഥർവ്വവേദത്തിനു സ്ഥാപത്യവേദവും (ശില്പശാസ്ത്രം) ഇങ്ങനെ നാലു ഉപവേദങ്ങൾ ഉണ്ട്. (ആയുർവേദം അഥർവവേദത്തിന്റെ ഉപവേദമാണെന്നു ചിലർ വിചാരിക്കുന്നു.)

**ഉപവിഷങ്ങൾ**—

അർക്കക്ഷീരം സ്നുഹീക്ഷീരം തഥൈവ കലിഹാരികാ.
ധത്തൂരഃ കരവീരശ്ച പഞ്ച ചോപവിഷാഃ സ്മൃതാഃ ।

**ഉപശ്രുതി**—വരുവാനുള്ള ശുഭാശുഭങ്ങളെക്കുറിച്ചു രാത്രിയിൽ കേൾക്കുന്ന ഒരു അശരീരിവാക്ക.

**ഉപസുന്ദൻ**—നികുംഭന്റെ (നിസുന്ദൻ) പുത്രനും സുന്ദന്റെ സഹോദരനും മൂകന്റെ പിതാവുമായ ഒരു അസുരൻ സുന്ദൻ നോക്കുക.

**ഉപാംഗങ്ങൾ**—ധർമ്മശാസ്ത്രം, മീമാംസ, ഇതിഹാസം, പുരാണം, തന്ത്രം, യോഗം.

**ഉപേന്ദ്രൻ**—ഇന്ദ്രൻ ശ്രീകൃഷ്ണനു കൊടുത്ത ഒരു പേരു.

**ഉഭയകവി**—രണ്ടുഭാഷകളിൽ കവിത എഴുതുന്നവൻ.

**ഉമാ**—ഹിമവാന്റെയും മേനകയുടെയും പുത്രി, ശിവന്റെ ഭാൎയ്യ, ദേവി, ഏകപൎണ്ണാ നോക്കുക.

**ഉമാപതി**—ശിവൻ!

**ഉമാമഹേശ്വരൻ**—അൎദ്ധനാരീശ്വരൻ—പാൎവ്വതിയും ശിവനും.

**ഉമാസുതൻ**—ഹ. കാൎത്തികേയൻ. വ. ഗണേശൻ.

**ഉയിർതുണ്ടിൽകാരൻ**—ആത്മഹത്യ ചെയ്യുന്നവരുടെ ആത്മാക്കളെ കാലന്റെ അടുക്കൽ കൊണ്ടുപോകുന്ന ഒരു ഭൂതം.

**ഉരഗാരി**—(ശത്രു, അശനൻ) ഗരുഡൻ.

**ഉരഗേന്ദ്രൻ**—(രാജൻ) വാസുകി, ശേഷൻ.

**ഉരഗഭൂഷണൻ**—സൎപ്പങ്ങളെ ഭൂഷണമായിധരിച്ചിട്ടുള്ളവൻ, ശിവൻ.

**ഉരണൻ**—ഇന്ദ്രൻ കൊന്ന ഒരസുരൻ.

**ഉൎവ്വശീ**—ഒരു അപ്സരസ്ത്രീ, മിത്രാവരുണന്മാർ അവളെക്കണ്ടുമോഹിക്കയാൽ അഗസ്ത്യനും, വസിഷ്ഠനും ജനിച്ചു. മിത്രാവരുണന്മാരുടെ ശാപം നിമിത്തം അവൾ ഭൂമിയിൽ വന്നു പുരൂരവസ്സിന്റെ ഭാൎയ്യയായി പാൎത്തു. ഉൎവ്വശി കാളിദാസന്റെ വിക്രമോൎവ്വശീയം നാടകത്തിന്റെ നായികയാകുന്നു.

**ഉൎവ്വശീസ്വയംബരം**—വിക്രമോൎവ്വശീയം നാടകം അടിസ്ഥാനമാക്കി അരിപ്പാട്ടു കൊച്ചുപിള്ള വാൎയ്യർ ഉണ്ടാക്കീട്ടുള്ള ഒരു ആട്ടക്കഥ.

**ഉറിയടി**—കൃഷ്ണജയന്തിക്കു പിറേറന്നു കൃഷ്ണന്റെ ബാലലീലകൾ ഘോഷിക്കുന്ന ഒരു ഉത്സവം.

**ഉലിന്ദൻ**—ശിവൻ.

ഉലൂകൻ—ശ. പുത്രൻ. വ. കൌരവരുടെ ഒരു സഹായി. പാണ്ഡവരുടെ അടുക്കൽ ദൂതനായി പോയി.

ഉലൂപി—നാഗരാജാവായ കൌരവ്യന്റെ പുത്രി. ഒരിക്കൽ, ഗംഗയിൽ കുളിച്ചുകൊണ്ടു നില്ക്കുന്ന അൎജ്ജുനനെ കണ്ടു മോഹിച്ചു അവനെ പാതാളത്തിൽ കൊണ്ടുപോകയും അവളെ അവൻ ഭാൎയ്യയായി എടുക്കയും ചെയ്തു. ബഭ്രുവാഹനൻ അൎജ്ജുനനെ കൊന്നാറെ ഉലൂപി അവനെ ജീവിപ്പിച്ചു.

ഉശനസ - ഭൃഗുവിന്റെ പുത്രനും അസുരന്മാരുടെ ആചാൎയ്യനും ആയ ശുക്രൻ. ഒരു ധൎമ്മശാസ്ത്രപുസ്തകത്തിന്റെ കൎത്താവു്.

ഉഷസ്—ഉദയം, ദ്യൌസിന്റെ പുത്രി, ആദിത്യന്മാരുടെ സഹോദരി, അഹനാ, ദ്യോതനാ എന്നും പേരുകൾ ഉണ്ടു്.

ഉഷാ—ഒരു ദൈത്യരാജകുമാരി, ബാണന്റെ പുത്രി, ബലിയുടെ പൌത്രി, സ്വപ്നത്തിൽ കണ്ട ഒരു രാജകുമാരനിൽ അവൾക്കു അനുരാഗം ഉണ്ടായിട്ടു അങ്ങനെ ഒരാൾ ഉണ്ടോ എന്നറിവാൻ ആഗ്രഹിച്ചു. അതുകൊണ്ടു അവളുടെ സഖിയായ ചിത്രലേഖ അനേകം ദേവന്മാരുടെയും മനുഷ്യരുടെയും ചിത്രങ്ങൾ വരച്ചുകാണിച്ചാറെ പ്രദ്യുമ്നന്റെ പുത്രനായ അനിരുദ്ധനെ അവൾ തിരഞ്ഞെടുത്തു, ചിത്രലേഖ മന്ത്രശക്തികൊണ്ടു അനിരുദ്ധനെ ഉഷയുടെ അടുക്കൽ വരുത്തി, ബാണൻ അതറിഞ്ഞു അവനെ കൊല്ലുവാൻ വിചാരിച്ചിട്ടു സാധിച്ചില്ലെങ്കിലും സൎപ്പങ്ങളെക്കൊണ്ടു കെട്ടി തടവിൽ പാൎപ്പിച്ചിരുന്നു. ബാണനു ശിവന്റെയും മറ്റും സഹായം ഉണ്ടായിരുന്നിട്ടും കൃഷ്ണനും ബലരാമനും പ്രദ്യുമ്നനും ചെന്നു ബാണനെ തോല്പിച്ചു ഉഷയോടുകൂടെ അനിരുദ്ധനെ ദ്വാരകയിലേക്കു മടക്കിക്കൊണ്ടു പോന്നു.

ഉഷാംഗു—ശിവൻ.

## ഊ

ഊഃ—ശിവൻ.

ഊൎജ്ജാ—ദക്ഷന്റെ പുത്രി. വസിഷ്ഠന്റെ ഭാൎയ്യ.

ഊൎണ്ണാ—ചിത്രരഥന്റെ ഭാൎയ്യ.

ഊൎദ്ധ്വബാഹു—കൈകൾ തലയ്ക്കുമീതെ അങ്ങനെതന്നെ ഉറച്ചിരുന്നു പോകുന്നതുവരെ, പിടിച്ചുകൊണ്ടിരിക്കുന്ന സന്ന്യാസി

ഊൎമ്മിളാ—ജനകന്റെ പുത്രി, സീതയുടെ സഹോദരി, ലക്ഷ്മണന്റെ ഭാൎയ്യ, ഗന്ധവീരസാദമയുടെ മാതാവു്.

ഊൎവ്വൻ—ഋചീകന്റെ പിതാവു്, ജമദഗ്നിയുടെ പിതാമഹൻ.

## ഋ

ഋക്ഷനേമി—വിഷ്ണു.

ഋക്ഷരാജൻ—ജാംബവാൻ.

**ഋഗ്വേദം**—വേദങ്ങളിൽവെച്ചു പ്രധാനമായിട്ടുള്ളത്. എട്ട് അഷ്ടകങ്ങളും ഓരോ അഷ്ടകത്തിനു എട്ടെട്ടു അദ്ധ്യായങ്ങളും ഉണ്ട്. സായണാചാൎയ്യന്റെ വിശേഷപ്പെട്ട ഒരു വ്യാഖ്യാനം ഉണ്ട്.

**ഋചീകൻ**—സത്യവതിയുടെ ഭൎത്താവും ഇവന്റെ പുത്രനും ജമദഗ്നിയുടെ പിതാവും ആയ ഒരു ഋഷി. വൃദ്ധനായ ഋചീകൻ ഗാഥിയുടെ പുത്രിയായ സത്യവതിയെ വിവാഹത്തിനു ചോദിച്ചു. തന്റെ പുത്രിയെ ഒരു വൃദ്ധനു കൊടുപ്പാൻ മനസ്സില്ലാഞ്ഞിട്ടു ഗാഥി പ്രതിഫലമായി ഓരോ കറുത്ത ചെവിയുള്ള ആയിരം വെള്ള കുതിരകളെ ചോദിച്ചു. വരുണന്റെ സഹായത്താൽ കുതിരകളെ കൊടുത്തിട്ടു ഋചീകൻ സത്യവതിയെ വിവാഹം ചെയ്കയും ചെയ്തു. രാമായണത്തിൽ ഋചീകൻ തന്റെ പുത്രനായ ശുനശ്ശേഫസ്സിനെ ബലികഴിപ്പാനായി വിറ്റു എന്ന ഒരു കഥയുണ്ട്.

**ഋജീകൻ**—ഇന്ദ്രൻ.

**ഋതുക്കൾ**—ആറു, ശിശിരശ്ചവസന്തശ്ച ഗ്രീഷ്മോവൎഷം ശരദ്ധിമഃ॥ വസന്തം (മേടം, ഇടവം); ഗ്രീഷ്മം (മിഥുനം, കൎക്കടകം); വൎഷം (ചിങ്ങം, കന്നി); ശരൽ (തുലാം, വൃശ്ചികം); ഹേമന്തം (ധനു, മകരം); ശിശിരം (കുംഭം, മീനം).

**ഋതുപൎണ്ണൻ**—സൎവ്വകാമന്റെ പുത്രനും ദ്യൂതകളിയിൽ സമൎത്ഥനും ആയ ഒരു അയോദ്ധ്യാരാജാവ്, തന്റെ രാജ്യം നഷ്ടമായി പോയതിന്റെശേഷം നളരാജാവ് ഈ രാജാവിന്റെ പണിയിൽ പ്രവേശിക്കയും അവനിൽനിന്നുകിട്ടിയ ഉപദേശത്താൽ വീണ്ടും ദ്യൂതകളിയിൽ ജയിച്ചു തന്റെ രാജ്യം തിരികെ പ്രാപിക്കയും ചെയ്തു.

**ഋതുസംഹാരം**—ഋതുക്കളെ വൎണ്ണിച്ചു കാളിദാസന്റെ ഒരു കാവ്യം. ഓരോ ഋതുകാലത്തെ പ്രകൃതിവൎണ്ണന വളരെ വിശേഷമാണ്. വസന്തകാലവൎണ്ണനയാണ് അതിവിശേഷം.

**ഋദ്ധി**—൧ കുബേരന്റെ ഭാൎയ്യ. ൨ പാൎവ്വതി. ൩ ലക്ഷ്മി.

**ഋഭു**—നാലു കുമാരന്മാരിൽ ഒരുവൻ. പുലസ്ത്യന്റെ പുത്രനായ നിദാഘനു ജ്ഞാനം ഉപദേശിച്ചു. വിഷ്ണുപുരാണം ബ്രഹ്മാവ് ഈ ഋഭുവിനു ഉപദേശിച്ചതാണ്.

**ഋഭുക്കൾ**—സുധന്വാവിന്റെ ഋഭു, വിഭു, വാജൻ എന്നു പേരുള്ള മൂന്നു പുത്രന്മാർ. നന്മചെയ്കതിനാൽ ദിവ്യത്വവും അമാനുഷശക്തികളും പ്രാപിച്ചു. അവരാണ് ഇന്ദ്രന്റെ കുതിരകളെയും അശ്വിനികളുടെ രഥത്തെയും ബൃഹസ്പതിയുടെ പശുവിനെയും ഉണ്ടാക്കിയത്. അവർ വൃദ്ധരായ തന്റെ മാതാപിതാക്കന്മാൎക്കു യൌവനം കൊടുക്കയും ത്വഷ്ടിയുടെ ഒരുപാത്രത്തിൽനിന്നു നാലു പാത്രങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

**ഋഭുക്ഷൻ**—ഇന്ദ്രൻ.

**ഋഭുക്ഷം**—ശിവന്റെ വജ്രം.

**ഋശ്യകേതു** —(കേതനൻ) ൧ പ്രദ്യുമ്നൻ. ൨ കാമദേവൻ.

**ഋഷഭധ്വജൻ**—ശിവൻ.

**ഋഷഭൻ**—നാഭിയുടെയും മേരുവിന്റെയും പുത്രൻ. നൂറുപുത്രന്മാരുണ്ടാ

യിരുന്നതിൽ മൂത്തവനായ ഭരതനെ രാജ്യം ഏല്പിച്ചിട്ട വനത്തിൽപോയി അതികഠോരമായ തപസ്സചെയ്തു.

ഋഷികൾ — ഇവൎക്ക സ്വയമായി മന്ത്രങ്ങളുടെ ദൎശനം ഉണ്ടായി. സാധാരണയായി ഇവർ ഏഴുപേരെയുള്ളു എന്നുള്ള അൎത്ഥത്തിൽ സപ്തൎഷികൾ എന്നും പ്രജാപതികൾ എന്നും പറയപ്പെടുന്നു. ശതപഥബ്രാഹ്മണത്തിൽ സപ്തൎഷികളുടെ പേരുകൾ, ഗൌതമൻ, ഭരദ്വാജൻ, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, കശ്യപൻ, അത്രി, ഇവ ആകുന്നു. മഹാഭാരതത്തിൽ മരീചി, അത്രി, അംഗിരസ്, പുലഹൻ, ക്രതു, പുലസ്ത്യൻ, വസിഷ്ഠൻ. വായുപുരാണത്തിൽ ഭൃഗുവും വിഷ്ണുപുരാണത്തിൽ ഭൃഗുവും ദക്ഷനും മഹൎഷികളാണെന്നു പറഞ്ഞിരിക്കുന്നു ഇവരെ കൂടാതെ കണ്വൻ, വാല്മീകി, വ്യാസൻ, മനു, വിഭാണ്ഡകൻ ഇവരും മഹൎഷികളാണെന്നു ചിലർ വിചാരിക്കുന്നു. ഈ മഹൎഷികളെ കൂടാതെ അനേകം ഋഷികളുണ്ട്. ഭാരതത്തിൽ ഉള്ള പേരുകളോടുകൂടി ദക്ഷൻ, ഭൃഗു, നാരദൻ ഇവരുടെ പേരുകൾ കൂടിചേൎത്തു അവരെ പ്രജാപതികൾ എന്നു മനു വിളിച്ചിരിക്കുന്നു. ഋഷികൾ മൂന്നുതരമുണ്ട്. വിശ്വാമിത്രനെപോലെയുള്ള രാജൎഷി, നാരദനെപ്പോലെയുള്ള ദേവൎഷി, വസിഷ്ഠനെപ്പോലെയുള്ള ബ്രഹ്മൎഷി.

ഋഷ്യമൂകം — രാമൻ സുഗ്രീവനോടുകൂടി ചിലനാൾ പാൎത്തിരുന്ന ഒരു പൎവ്വതം.

ഋഷ്യശൃംഗൻ — വിഭാണ്ഡകന്റെ പുത്രനായ ഒരു ഋഷി. രാമായണത്തിലും മറ്റും ഇദ്ദേഹം ഒരു മാനിന്റെ കുട്ടിയായിരുന്നെന്നും നെറ്റിയിൽ ഒരു ചെറിയ കൊമ്പുണ്ടായിരുന്നെന്നും പുരുഷത്വം പ്രാപിക്കുവോളം മനുഷ്യരെ കാണാതെ പാൎത്തിരുന്നെന്നും കാണുന്നു. അംഗരാജ്യത്തിൽ ഒരിക്കൽ മഴയില്ലാഞ്ഞിട്ടു അവിടത്തെ രാജാവായ ലോമപാദൻ ചില ബ്രാഹ്മണരുടെ ആലോചനപ്രകാരം ചില യുവതികളെ അയച്ചു ഋശ്യശൃംഗനെ വശീകരിച്ചു കൊണ്ടുവന്നു തന്റെ ദത്തപുത്രിയും ദശരഥന്റെ പുത്രിയും ആയ ശാന്തയെ അവനു ഭാൎയ്യയായി കൊടുക്കയും അവൻ സന്തോഷിച്ചു മഴ പെയ്യിക്കയും ചെയ്തു. ഇദ്ദേഹമാണ് ദശരഥനു പുത്രരില്ലാഞ്ഞിട്ടു അശ്വമേധയാഗം ചെയ്തത്.

## ൠ

ൠ — ൧ ഭൈരവൻ. ൨ ഒരു ദാനവൻ.

## ഌ

ഌ — ശിവൻ.

## എ

എഴുത്തച്ഛൻ — രാമാനുജൻ, കരുണാകരൻ, സൂൎയ്യനാരായണൻ ഇവനോക്കുക.

# ഏ

**ഏ**—വിഷ്ണു.

**ഏകൻ, ഏകാംഗൻ**—വിഷ്ണു.

**ഏകചക്രാ**—കീചകരുടെ രാജ്യത്തിലെ ഒരു നഗരം. വ്യാസന്റെ ഉപദേശത്താൽ പാണ്ഡവർ അവിടെ കുറേനാൾ പാർത്തു.

**ഏകദന്തൻ (ദംഷ്ട്രൻ)**—ഗണേശൻ ഒരു ദംഷ്ട്ര, ഒരു അടിപിടിയിൽ കാർത്തികേയൻ ഒടിച്ചുകളഞ്ഞു. പരശുരാമൻ ഒടിച്ചുകളഞ്ഞു എന്നു ഒരു കഥ.

**ഏകപർണ്ണാ, ഏകപാടലാ, അപർണ്ണാ**—ഹിമവാന്റെയും മേനകയുടെയും പുത്രിമാർ. അവർ ദേവന്മാർക്കും ദാനവർക്കും പോലും കഴിയാത്ത ഘോര തപസ്സുചെയ്തു. ഏകപർണ്ണാ ഒരു ഇലയും ഏകപാടലാ ഒരു പാടലയും മാത്രം ഭക്ഷിച്ചു ജീവിച്ചു. അപർണ്ണാ ഒരു ഇലപോലും ഭക്ഷിച്ചില്ലാ. ഇതുകണ്ടു വ്യസനിച്ചു അവരുടെ അമ്മ "ഉ-മാ" (ഉ-തപസ്സ് മാ-അരുത്) എന്നുപറഞ്ഞു. അതിനാൽ അവൾ ശിവന്റെ പത്നിയായ "ഉമാ"ദേവി ആയിത്തീർന്നു.

**ഏകലവ്യൻ**—ദേവശ്രവസ്സിന്റെ പൌത്രൻ. ശൈശവത്തിൽ മാതാപിതാക്കന്മാർ ഉപേക്ഷിച്ചു കളഞ്ഞതുകൊണ്ടു നിഷാദരുടെ ഇടയിൽ വളർന്നു ഒടുവിൽ അവരുടെ രാജാവായി ദ്വാരകയുടെ അവരോധത്തിൽ സഹായിക്കകൊണ്ടു കൃഷ്ണനാൽ കൊല്ലപ്പെട്ടു.

**ഏകാക്ഷരം**—ഓം.

**ഏകാദശി**—ശുക്ലപക്ഷത്തിലും കൃഷ്ണപക്ഷത്തിലും പതിനൊന്നാംതിഥി. എല്ലാ ഏകാദശിദിവസവും മാധ്വവൈഷ്ണവർക്കു ഉപവാസദിവസം. തൈമാസം ശുക്ലപക്ഷത്തിൽ ഭീഷ്മ ഏകാദശി, വൈകാശിമാസം ശുക്ലപക്ഷത്തിൽ നിർജ്ജലൈകാദശി, അല്പശിമാസം ശുക്ലപക്ഷത്തിൽ ഉത്ഥാനൈകാദശി, ആവണിമാസം ശുക്ലപക്ഷത്തിൽ പരിവർത്തനൈകാദശി, ആനിമാസം ശുക്ലപക്ഷത്തിൽ ശയനൈകാദശി, മാർകഴിമാസം ശുക്ലപക്ഷത്തിൽ വൈകുണ്ഠൈകാദശി, ഇവയെ സർവ്വപ്രധാനമായി വിചാരിച്ചുവരുന്നു.

**ഏകാദശിമാഹാത്മ്യം**—കലക്കത്തു ദാമോദരൻനമ്പ്യാരുടെ ഒരു കിളിപ്പാട്ട്.

**ഏകാഷ്ടക**—ഒരു പ്രജാപതിയുടെ പുത്രി. ഇന്ദ്രസാമന്മാരുടെ അമ്മ.

**ഏലവിലൻ**—കുബേരൻ.

**ഏലേലസിങ്കൻ**—ഒരു മുഖ്യവ്യാപാരി. തിരുവള്ളുവരുടെ ശിഷ്യൻ. ധനികനായിരുന്നു. "ഏലേലസിങ്കൻപൊരുൾ ഏഴുകടലിൽ പോനാലും തിരുമ്പും" എന്നു ഒരു പഴഞ്ചൊല്ല്.

# ഐ

**ഐ** — ശിവൻ.

**ഐങ്കണൈക്കിഴവൻ** — പഞ്ചബാണൻ, കാമദേവൻ.

**ഐങ്കരൻ** — അഞ്ചുകരങ്ങളുള്ളവൻ, വിഘ്നേശ്വരൻ.

**ഐതരേയം** — ഉപനിഷത്തു നോക്കുക.

**ഐന്ദ്രൻ** — ഐന്ദ്രി ൧ അൎജ്ജുനൻ. ൨ ബാലി. ൩ ജയന്തൻ.

**ഐന്ദ്രം** — ഏററവും പുരാതന സംസ്കൃതവ്യാകരണഗ്രന്ഥം.

**ഐരാവതം** — ഇന്ദ്രന്റെ ആന. സമുദ്രമഥനത്തിൽ കിട്ടിയതു്. ഒരു ദിഗ്ഗജം.

# ഓ

**ഓ** — ബ്രഹ്മാവു്.

**ഓം** — ഉദ്ഗീഥമെന്നും ഏകാക്ഷരമെന്നും അദ്ധ്യക്ഷരമെന്നും പ്രണവമെന്നും പേരുകളുള്ള ഈ അക്ഷരത്തെ ഹിന്തുക്കൾ എത്രയും ഭക്തിയോടുകൂടി വിചാരിച്ചുവരുന്നു. അതിന്റെ വൈശിഷ്ട്യം നിമിത്തം ശൂദ്രൎക്കും മറ്റു ഹീനജാതികൾക്കും അതിനെ ഉച്ചരിപ്പാനൊ ഉച്ചരിച്ചു കേൾപ്പാനൊ പാടില്ലാത്തതാകുന്നു. അവർ ഔം എന്നേ ഉച്ചരിപ്പാൻ പാടുള്ളു. മാണ്ഡൂക്യോപനിഷത്തുപ്രകാരം, ഉണ്ടായിട്ടുള്ളതും ഉള്ളതും ഉണ്ടാവാനുള്ളതും സൎവ്വവും ഈ ഏകാക്ഷരത്തിൽ അടങ്ങിയിരിക്കുന്നു. പുരാണകാലങ്ങളിൽ അഗോചരവും അവാച്യവുമായ ഈ അക്ഷരത്തിൽ അടങ്ങിയിരിക്കുന്ന അകാരം വിഷ്ണുവിനേയും ഉകാരം ശിവനെയും മകാരം ബ്രഹ്മാവിനെയും സൂചിപ്പിക്കുന്നതായി വിചാരിക്കപ്പെട്ടുവരുന്നു.

> അകാരോവിഷ്ണുരുദ്ദിഷ്ട ഉകാരസ്തുമഹേശ്വരഃ।
> മകാരസ്തു സ്മൃതോബ്രഹ്മാ പ്രണവസ്തുത്രയാത്മകഃ॥

വായുപുരാണത്തിൽ ഒരദ്ധ്യായം മുഴുവനും ഇതിന്റെ വ്യാഖ്യാനമാകുന്നു.

**ഓംനമശ്ശിവായ** — ഒരു മന്ത്രം. ഷഡക്ഷരിമന്ത്രം എന്നുപേർ.

**ഓം തൽ സൽ** — ഒരു മന്ത്രം.

**ഓണം** — ചിങ്ങമാസത്തിൽ പൂൎണ്ണചന്ദ്രൻ ശ്രാവണനക്ഷത്രത്തിൽ നില്ക്കുമ്പോൾ ഉള്ള ഒരു ഉത്സവം. കേരളത്തിൽ വളരെ പ്രധാനം. അന്നു ദൈത്യരാജാവായ മഹാബലി (ബലിനോക്കുക) പാതാളത്തിൽനിന്നു ഭൂമിസന്ദൎശിക്കുവാൻ വരുന്നു എന്നു സങ്കല്പം. വിഷ്ണുവിന്റെ ഒരവതാരമായ പരശുരാമൻ താൻ സമുദ്രത്തിൽനിന്നു വീണ്ടെടുത്ത കേരളം എല്ലാ തിരുവോണത്തുനാളും സന്ദൎശിക്കുവാൻ വരുന്നു എന്നും ഒരൈതിഹ്യം ഉണ്ടു്. ഓണം കേരളത്തിൽമാത്രം പ്രധാനമായതുകൊണ്ടു ഈ ഐതിഹ്യം ആയിരിക്കണം ഉത്സവത്തിന്റെ ഉത്ഭ

[illegible]

[illegible]

[illegible]

## ഔ

ഔ—[illegible]

ഔചിത്യവിചാരചർച്ച—[illegible]

ഔത്തമി—[illegible]

ഔത്താനപാദി—[illegible]

ഔത്താനപാദൻ—ധ്രുവൻ.

ഔർവ്വൻ—[illegible] പുത്രൻ. ഭൃഗുവിന്റെ പൌത്രൻ. [illegible]

ഔർവ്വശേയൻ—ഉർവ്വശിയുടെ പുത്രൻ, അഗസ്ത്യൻ.

ഔലൂക്യൻ—ഔലൂക്യ [illegible] വൈശേഷിക ദർശനത്തിന്റെ സ്ഥാപകനായ കണാദന്റെ പേര്.

ഔശനസം — ൧ ഒരു ഉപപുരാണം. ൨. ഒരു ധൎമ്മശാസ്ത്രപുസ്തകം.

ഔശീനരീ — പുരൂരവസ്സരാജാവിന്റെ ഭാൎയ്യ.

## ക

കഃ — ൧. ബ്രഹ്മാവു്. ൨. വിഷ്ണു. ൩. കാമദേവൻ. ൪. യമൻ. ൫. സൂൎയ്യൻ.

കകുദ് — ദക്ഷന്റെ ഒരു പുത്രി. ധൎമ്മന്റെ പത്നി.

കകുൽസ്ഥൻ — പുരഞ്ജയൻ നോക്കുക.

കകുദ്മികന്യാ — ബലരാമന്റെ ഭാൎയ്യ.

കക്ഷീവാൻ — ഋഗ്വേദത്തിലെ ചില ഗീതങ്ങളുടെ കൎത്താവായ ഒരു ഋഷി. പജ്രിയൻ എന്നും പേരുണ്ടു്.

കംകൻ — ൧. യമൻ. ൨. വിരാടരാജാവിന്റെ പുരിയിൽ വസിച്ചിരുന്നപ്പോൾ യുധിഷ്ഠിരന്റെ പേരു്.

കചൻ — ബൃഹസ്പതിയുടെ പുത്രൻ. അസുരരോടുള്ള യുദ്ധത്തിൽ ദേവകൾ പലപ്രാവശ്യം തോറ്റുപോയി എന്നു മാത്രമല്ല അസുരരിൽ മരിച്ചവരൊക്കെ ശുക്രാചാൎയ്യന്റെ ഒരു മന്ത്രത്താൽ വീണ്ടും ജീവിച്ചും വന്നു. അതിനാൽ ഈ മന്ത്രം പഠിച്ചുകൊണ്ടു വരുന്നതിനായി ദേവകൾ ബൃഹസ്പതിയുടെ പുത്രനായ കചനെ പറഞ്ഞയച്ചു. അവൻ ആ മന്ത്രം പഠിക്കാതിരിപ്പാൻവേണ്ടി അസുരർ കചനെ പിന്നെയും പിന്നെയും കൊല്ലുകയും അപ്പോളൊക്കെയും അവനെ സ്നേഹിച്ചിരുന്നവളും ശുക്രന്റെ പുത്രിയും ആയ ദേവയാനിയുടെ യാചനനിമിത്തം ശുക്രൻ ജീവിപ്പിക്കയും ചെയ്തു. ഒടുവിൽ അസുരർ അവനെ കൊന്നു ശരീരം ദഹിപ്പിച്ചു് ചാരം എടുത്തു മദ്യത്തിൽ കലക്കി ശുക്രനു കുടിപ്പാൻ കൊടുത്തു പിന്നെയും ദേവയാനിയുടെ യാചനപ്രകാരം ശുക്രൻ മന്ത്രം ജപിച്ചപ്പോൾ തന്റെ വയറ്റിൽനിന്നു കചൻ സംസാരിച്ചു ശുക്രൻ വേറൊരു നിവൃത്തിയില്ലാതെ കചനു മേല്പറഞ്ഞ മന്ത്രം ഉപദേശിച്ചിട്ടു തന്റെ വയറുകീറുവാൻ സമ്മതിച്ചു. കചൻ പുറത്തുവന്നു മന്ത്രം ജപിച്ചു ശുക്രനെ ജീവിപ്പിച്ചു. (ഇതുനിമിത്തം ശുക്രൻ ബ്രാഹ്മണൎക്കു സുരാപാനം വിരോധിച്ചു) പിന്നീടു കചൻ ദേവയാനിയെ വിവാഹം ചെയ്യാഞ്ഞതുകൊണ്ടു അവൻ പഠിച്ചമന്ത്രത്തിനു ശക്തിയില്ലാതെ പോകട്ടെ എന്നു അവളും അവൾ ഒരു ക്ഷത്രിയന്റെ ഭാൎയ്യയായിപ്പോകട്ടെ എന്നു അവനും അന്യോന്യം ശപിച്ചു.

കച്ഛപീ — സരസ്വതിയുടെ വീണ.

കഞ്ജൻ — ബ്രഹ്മാവു്.

കഞ്ജനാഭൻ — വിഷ്ണു.

കഞ്ജനം — മന്മഥന്റെ പക്ഷി.

**കടത്തനാട്ടുതമ്പുരാൻ**—ശതമുഖരാമായണം എന്നൊരു കിളിപ്പാട്ടുണ്ടാക്കിയതായറിയുന്നു. ജീവിതകാലത്തെപ്പററി സ്വീകാൎയ്യമായ ലക്ഷ്യമില്ലെങ്കിലും, മരണം ൯൧൦-ാമാണ്ടാണെന്ന് ഒരു ചരമശ്ലോകസംഖ്യകൊണ്ട് കണക്കാക്കപ്പെട്ടിരിക്കുന്നു.

**കടാടങ്കൻ**—ശിവൻ.

**കണക്കുസാരം**—ഒരു പുരാതന മലയാളകണക്കുപുസ്തകം. നീലകണ്ഠൻ എന്നൊരാൾ ഉണ്ടാക്കിയത്. ഭിന്നസംഖ്യ, ഉള്ളളവു, നീളയളവു, തൂക്കങ്ങൾ കാലം ഇവയാണു ഭാഗങ്ങൾ.

**കണാദൻ കണഭക്ഷകൻ (ഭുക്)**—വൈശേഷികദൎശനം സ്ഥാപിച്ച ഋഷിക്കു ചിലർ കൊടുത്ത പരിഹാസപ്പേര്. (അണുക്കളെ ഭക്ഷിക്കുന്നവൻ)

**കണ്ഡു**—ഇന്ദ്രൻ അയച്ച അപ്സരസ്ത്രീയായ പ്രാമ്ലോചയാൽ വശീകരിക്കപ്പെട്ടുപോയ ഒരു ഋഷി. മാരിഷയുടെ പിതാവു; മാരിഷാ നോക്കുക.

**കണ്ണശ്ശപ്പണിക്കർ**—കൊല്ലം ആറാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു മലയാളകവി. രാമായണം, ഭാരതം, ബ്രഹ്മാണ്ഡപുരാണം ഭഗവൽഗീത, ഗുരുഗീത, പത്മപുരാണം, ഇവ പരിഭാഷപ്പെടുത്തി. ഭാഷ തമിഴ കലൎന്നതാകയാൽ ഇപ്പോൾ സുഗ്രഹം അല്ല കവി ഉപയോഗിച്ച വൃത്തത്തിനു നിരണവൃത്തം എന്നു പേരുപറഞ്ഞുവരുന്നു.

**കണ്വൻ**—ഒരു മഹൎഷി. ഋഗ്വേദത്തിലെ ചിലമന്ത്രങ്ങളുടെദ്രഷ്ടാവു്. ശകുന്തളയെ വളൎത്തി. ഈ പേരുള്ള വേറെയും പലരുണ്ട്.

**കണ്വമുനി**—തെലുംകുഭാഷയുടെ ആദ്യ വ്യാകരണകൎത്താവു്. എപ്പോൾ ജീവിച്ചിരുന്നു എന്നു നിശ്ചയമില്ല. വ്യാകരണവും ഇപ്പോൾ ഇല്ല.

**കഥകളി**—ആട്ടക്കഥ നോക്കുക.

**കഥാൎണ്ണവം**—മുപ്പത്തഞ്ചു കഥകളുടെ ഒരു സംഗ്രഹം. ശിവദാസൻ എന്നൊരാൾ കൎത്താവു്.

**കഥാസരിൽസാഗരം**—ഒരു കഥാപുസ്തകം. കാശ്മീരദേശക്കാരനായ സോമദേവഭട്ടൻ സംഗ്രഹിച്ചത്. പന്ത്രണ്ടും ശതാബ്ദം. ൧൨൪ തരംഗം അല്ലെങ്കിൽ അദ്ധ്യായം ഉണ്ട്. പുസ്തകത്തിൽ ൨൨൦൦൦ ശ്ലോകമുണ്ട്. ഇതു് ബൃഹൽകഥയുടെ സംക്ഷേപമാണ്. ഇതും സംക്ഷേപിച്ചു ബൃഹൽകഥാമഞ്ജരി എന്നൊരു കാവ്യം ക്ഷേമേന്ദ്രൻ എഴുതീട്ടുണ്ട്.

**കദ്രൂ**—ദക്ഷൻെറപുത്രി. കശ്യപൻെറ പതിമൂന്നു ഭാൎയ്യമാരിൽ ഒരുത്തി ശേഷൻ വാസുകി മുതലായ ൧൦൦൦ നാഗങ്ങളുടെ മാതാവു്.

**കനകാചലം (ഗിരി, അദ്രി, ശൈലം)**—സുമേരുപൎവ്വതം.

**കനിഷ്ഠൻ**—ശിവൻ.

കന്ദസാരം—ഇന്ദ്രന്റെ തോട്ടം.

കന്ദർപ്പൻ—കാമദേവൻ.

കന്ദർപ്പദഹനൻ (മഥനൻ)—ശിവൻ.

കന്യകാ—പത്തു വയസ്സുള്ള ഒരു പെണ്ണ്.

അഷ്ടവർഷാഭവേൽഗൌരീ നവവർഷാചരോഹിണീ।
ദശമേകന്യകാപ്രോക്താ അതഊൎദ്ധ്വംരജസ്വലാ॥

കന്യാ, കന്യാകുമാരി—ദുൎഗ്ഗാദേവി.

കപർദകം—ശിവന്റെ ജട.

കപാലപാണി (മാലി, ശിരസ്സ്)—ശിവൻ.

കപാലമാലിനി—ദുർഗ്ഗാ.

കപിജ്യൻ—൧. രാമൻ. ൨. സുഗ്രീവൻ.

കപീന്ദ്രൻ—൧. ഹനുമാൻ. ൨. സുഗ്രീവൻ. ൩. ജാംബവാൻ.

കപിധ്വജൻ (കേതനൻ)—അർജ്ജുനൻ.

കപിരഥൻ—൧. രാമൻ. ൨. അർജ്ജുനൻ.

കപിവക്ത്രൻ—നാരദൻ.

കപിലൻ—സാംഖ്യദർശനം സ്ഥാപിച്ച ഒരു ഋഷി. സഗരന്റെ അറു പതിനായിരം (ഒരു കഥയിൽ ലക്ഷം) പുത്രന്മാരെ ഒരു നോട്ടംകൊണ്ടു ദഹിപ്പിച്ചുകളഞ്ഞു. സാംഖ്യപ്രവചനം, തത്വസമാസം ഇവയുടെ കൎത്താവു്.

കപിലാഞ്ജനൻ—ശിവൻ.

കപിലാശ്വൻ—ഇന്ദ്രൻ.

കപിലാചാൎയ്യൻ—വിഷ്ണു.

കപിലധാരാ—ഗംഗാ.

കപിലവസ്തു—ഗൌതമബുദ്ധന്റെ പിതാവായ ശുദ്ധോദനന്റെ പ്രധാനനഗരം.

കപിലപുരാണം—പുരാണം നോക്കുക.

കബന്ധൻ—തലയില്ലാതെ, പൎവ്വതംപോലെ വലിയ ശരീരമുള്ളവനായി, ശരീരമദ്ധ്യത്തിൽ അതിദീർഘമായ പല്ലുകൾകൊണ്ടു നിറഞ്ഞ വായുള്ളവനായി, ഒരു യോജന നീളമുള്ള ഭുജങ്ങളും നെറ്റിയിൽ ഒരു കണ്ണും ഉള്ള ഒരു ദ

യക്ഷോപദേശനാൽ. ഇദ്ദേഹം ഒരു ഗന്ധർവനായിരുന്നു. ഒരിക്കൽ ഇന്ദ്രൻ തന്റെ വജ്രായുധംകൊണ്ട് അടിക്കയാൽ ഇങ്ങനെ വിരൂപിയായ രാക്ഷസനായിപ്പോയി (ഒരു ഋഷിയുടെ ശാപത്തിനാൽ എന്നൊരു കഥയുണ്ട്.) രാമൻ തന്നെ ദ്വിധാപിളർന്നപ്പോൾ തന്റെ ശരീരം ദഹിപ്പിക്കണമെന്ന് ശ്രീരാമനോട് അപേക്ഷിക്കയും അങ്ങനെ ദഹിപ്പിച്ചപ്പോൾ തന്റെ ഗന്ധർവരൂപത്തിൽ തിരിച്ചറിയവന്ന്, രാവണനോടുള്ള യുദ്ധത്തിൽ സുഗ്രീവന്റെ സഹായം ആവശ്യമെന്നും മറ്റും ഉപദേശങ്ങൾ പറഞ്ഞുകൊടുത്തതിന്റെശേഷം മറഞ്ഞു. കബന്ധന് ദനു എന്നും പേരുണ്ടായിരുന്നു.

കമലാലയ — ലക്ഷ്മി.

കമലാസനൻ (ഭവൻ, യോനി, സംഭവൻ, ജൻ) — ബ്രഹ്മാവ്.

കമലാപതി (നാഥൻ) — വിഷ്ണു.

കമ്പർ — തമിഴിലെ പ്രധാന കവി. കാവിരിത്തീരത്തിൽ ജനിച്ചു വളർന്നു. ചോഴരാജാവിന്റെ കല്പനപ്രകാരം കമ്പരും മറ്റു കവികളും രാമായണം തമിഴിൽ ഉണ്ടാക്കി. കമ്പരാമായണമാകുന്നു ഉത്തമം. സരസ്വത്യന്താദി, ശടകോപരന്താദി, ഏരെഴുപതു മുതലായി വേറെയും കാവ്യങ്ങൾ ചെയ്തിട്ടുണ്ട്. ബുദ്ധിയില്ലാത്ത കഥകൾ കമ്പരുടെ പേരിൽ മറ്റു ചെയ്തുകാണുന്നുണ്ട്.

കമ്പരാമായണം — തമിഴിൽ കമ്പർ ഉണ്ടാക്കിയ രാമായണം. തമിഴ് ഭാഷയിലെ പ്രധാന കാവ്യം. സംസ്കൃതരാമായണത്തിന്റെ തർജമയല്ല. അതിനെ അനുകരിച്ചു ഉണ്ടാക്കിയതാണ്. ഇതിനാൽ ഗ്രന്ഥകാരൻ ഒരു മഹാകവിയാണെന്ന് അറിയാം.

കംസൻ — ദേവകിയുടെ ജ്യേഷ്ഠനും ഉഗ്രസേനന്റെ പുത്രനും ആയ മഥുരാരാജാവ്. മഗധരാജാവായ ജരാസന്ധന്റെ പുത്രിമാരെ വിവാഹംചെയ്തു. പിതാവിനെ സ്ഥാനഭ്രഷ്ടനാക്കിയിട്ട് രാജ്യം ഭരിച്ചു. ദേവകിയുടെ അഷ്ടമപുത്രൻ തന്നെ കൊല്ലുമെന്ന് ഒരു അശരീരിവാക്കുകേട്ടിട്ട് ദേവകി പ്രസവിച്ച കുട്ടികളെയെല്ലാം അപ്പഴപ്പോൾ കൊന്നു. ഏഴാമത്തെ പുത്രനായ ബലരാമനും എട്ടാമത്തെ കൃഷ്ണനും മറ്റും അതിശയകരമായവിധത്തിൽ രക്ഷപ്പെട്ടു. കൃഷ്ണനെ കൊല്ലാൻ കഴിയാതെ ഏകദേശം അവന്റെ പ്രായമുള്ള പിള്ളകളെ എല്ലാം കൊല്ലിച്ചു. പിന്നെ അവനെ കൊല്ലുന്നതിനായി അനേകം രാക്ഷസന്മാരെയും മറ്റും അയച്ചു. ഒടുക്കത്തിൽ കൃഷ്ണന്റെ മരണം വരുത്തുവാൻ കരുതീട്ട ബലരാമനെയും കൃഷ്ണനെയും മഥുരയ്ക്കു ക്ഷണിച്ചു അവിടെവെച്ചുണ്ടായ ധനുർയാഗത്തിൽ കൃഷ്ണനാൽ വധിക്കപ്പെട്ടു. കംസനു കാലനേമി എന്നും പേരുണ്ട്. കംസനും കാലനേമിയും ഒന്നുതന്നെ എന്ന് ചിലർ വിചാരിക്കുന്നു.

കംസവധം — ഒരു സംസ്കൃതനാടകം. കൃഷ്ണൻ കംസനെ വധിച്ച കഥ. കൃഷ്ണകവി ഉണ്ടാക്കിയത്. ഈ കഥയെ മലയാളം ആട്ടക്കഥയായിട്ട് ഓമ്പാടിയിൽ കുഞ്ഞികൃഷ്ണപ്പൊതുവാൾ ഉണ്ടാക്കിയിട്ടുണ്ട്.

കയാധു — ഹിരണ്യകശിപുവിന്റെ ഭാര്യ, പ്രഹ്ലാദന്റെ അമ്മ.

കരാളി — അഗ്നിയുടെ ഏഴു നാവുകളിൽ ഒന്ന്.

കരിമുഖൻ — ഗണേശൻ.

**കരിവാഹനൻ**—ഇന്ദ്രൻ.

**കരീശാഗ്നി**—വരടി (ഉണങ്ങിയ ചാണകം) പൊതിഞ്ഞു ശവദാഹം ചെയ്ക; അങ്ങനെ ചെയ്താൽ പാപങ്ങളെല്ലാം തീൎന്ന വീണ്ടും ജന്മം ഉണ്ടാകയില്ല.

**കരുണാകരനെഴുത്തച്ഛൻ**—തുഞ്ചത്തെഴുത്തച്ഛന്റെ പ്രഥമ ശിഷ്യൻ. "വേതാളചരിതം" കിളിപ്പാട്ട് പ്രധാനകൃതി. ബ്രഹ്മാണ്ഡപുരാണത്തിന്റെ മദ്ധ്യഭാഗം തൊണ്ണൂറെറൺപതദ്ധ്യായങ്ങളും കിളിപ്പാട്ടായി തൎജ്ജമചെയ്തിട്ടുണ്ടെന്ന പറയുന്നു.

**കരുണാലഹരി**—വിഷ്ണുസ്തുതിയായ ഒരു സംസ്കൃതകാവ്യം. ജഗന്നാഥപണ്ഡിതരാജൻ കൎത്താവ്.

**കരേണുഭു (സുതൻ)**—കരേണുവിന്റെ പുത്രൻ. ഗജശാസ്ത്രം (ആനയെക്കുറിച്ചു) ഉണ്ടാക്കിയ പാലകാപ്യൻ.

**കൎക്കോടകം**—തന്റെ കഷ്ടകാലത്തിൽ അന്യം തന്നെ തിരിച്ചറിയാതിരിപ്പാൻ തക്കവണ്ണം നളനെ കടിച്ചു വിരൂപനാക്കിയ ഒരു പാമ്പ്.

**കൎണ്ണൻ**—ദുൎവ്വാസാവുമഹൎഷി, തനിക്കിഷ്ടമുള്ള ഏതു ദേവനെക്കൊണ്ടെങ്കിലും ഗൎഭിണിയാവാനുള്ള ഒരു വരം കുന്തിക്കു കൊടുക്കയും അവൾ സൂൎയ്യനെ ധ്യാനിച്ചു ഗൎഭിണിയായി കൎണ്ണനെ ആയുധപാണിയായി കുണ്ഡലത്തോടുകൂടി പ്രസവിക്കയും ചെയ്തു. എന്നാൽ മനുഷ്യരുടെ പരിഹാസം ഭയപ്പെട്ടു അവൾ കുഞ്ഞിനെ യമുനാതീരത്തിൽ ഇട്ടുകളഞ്ഞു. ധൃതരാഷ്ട്രന്റെ സാരഥിയായ അധിരഥൻ അവിടെ അവനെക്കണ്ടു എടുത്തുകൊണ്ടുപോയി തന്റെ പുത്രനെപ്പോലെ വളൎത്തി. ഒരിക്കൽ ഇന്ദ്രൻ തന്റെ പുത്രനായ അൎജ്ജുനനെ കാത്തിട്ടു ബ്രാഹ്മണവേഷം ധരിച്ചുചെന്നു ഉപായത്താൽ കൎണ്ണന്റെ ദിവ്യായുധത്തെ അപഹരിച്ചുകൊണ്ടുപോകയും അതിനുപകരം വേലായുധം കൊടുക്കയും ചെയ്തു. ദ്രൌപദിയുടെ സ്വയംവരത്തിൽ പോകുമ്പോൾ പ്രവേശം കിട്ടേണ്ടതിനായി ദുൎയ്യോധനൻ കൎണ്ണനെ അംഗരാജാവാക്കി, എന്നാൽ ദ്രൌപദി അവനെ തിരസ്കരിച്ചുകളഞ്ഞു. ബ്രാഹ്മണനാണെന്നു പറഞ്ഞുകൊണ്ടു കൎണ്ണൻ പരശുരാമന്റെ അടുക്കൽ ചെന്നു ആയുധശാസ്ത്രം പഠിച്ചു. ഒരിക്കൽ പരശുരാമൻ അവന്റെ മടിയിൽ കിടന്നുറങ്ങുമ്പോൾ ഒരു പുഴു (ഇന്ദ്രൻ കൎണ്ണനെ ചതിക്കുന്നതിനായി ആ വേഷം ധരിച്ചുവന്നതാണത്രെ) വന്നു കടിച്ചു അവന്റെ മാംസം കരണ്ടു തിന്നുകളഞ്ഞു. അതിനാൽ വേദന കാണിക്കാതെയിരുന്നതുകൊണ്ടു കൎണ്ണൻ സാക്ഷാൽ ആരാണെന്നു പരശുരാമൻ അറികയും അതുകൊണ്ടു കൎണ്ണന്റെ പഠിത്തം അവനു ആവശ്യത്തിനുതകാതെ ശപിക്കയുംചെയ്തു. പിന്നൊരിക്കൽ ഒരു ബ്രാഹ്മണന്റെ പശുവിനെ കൎണ്ണൻ അറിയാതെ കൊന്നുപോകകൊണ്ടു അവന്റെ ദുഃഖകാലത്തു ഭൂമിയും അവന്റെ രഥത്തിന്റെ ചക്രത്തെ വിഴുങ്ങിക്കളയുമെന്നു ആ ബ്രാഹ്മണനും ശപിച്ചു. കൎണ്ണൻ ദുൎയ്യോധനന്റെ പ്രാണപ്രിയനായിരുന്നു. പാണ്ഡവരെ നശിപ്പിക്കേണ്ടുന്ന ഉപായാലോചനകളിലെല്ലാം കൎണ്ണനും ഉണ്ടായിരുന്നു. കൌരവരുടെ ഭാഗത്തിനു യുദ്ധംചെയ്തപ്പോൾ അൎജ്ജുനനെ കൊല്ലുന്നതിനു അവനു ഒരു ദൃഢോദ്യോഗം ഉണ്ടായിരുന്നു. ഇന്ദ്രൻ കൊടുത്ത അസ്ത്രംകൊണ്ടു ഭീമന്റെ പുത്രനായ ഘടോൽകചനെ കൊന്നു, ദ്രോണനും ഭീഷ്മരും മരിച്ചശേഷം കൌരവസേനാനായകനായി മൂന്നുദിവസം യുദ്ധംചെയ്തു. മൂന്നാംദിവസം അൎജ്ജുനനുമായുണ്ടായ ഘോരയുദ്ധത്തിൽ അവന്റെ രഥത്തിന്റെ ചക്രം നിലത്തിൽ താണുപോകയും അ

പ്പോൾ അർജ്ജുനൻ അവനെ കൊല്ലുകയും ചെയ്തു. കൎണ്ണന്റെ മരണാനന്തരം അവൻ തങ്ങളുടെ ഒരു ബന്ധുവാണെന്നറിഞ്ഞിട്ടു പാണ്ഡവർ അവന്റെ ഭാൎയ്യാപുത്രരോടു വളരെ ദയകാണിച്ചു. സൂൎയ്യന്റെ പുത്രനാകകൊണ്ടു വൈകൎത്തനനെന്നും വളൎത്തിയവരിൽനിന്നു വാസുസേനൻ എന്നും ആധിരഥിയെന്നും വളൎത്തച്ഛന്റെ പ്രവൃത്തിയിൽനിന്നു സൂതനെന്നും വളൎത്തമ്മയിൽനിന്നു രാധേയനെന്നും ഉദ്യോഗനിമിത്തം അംഗരാജാവെന്നും ചമ്പാധിപനെന്നും ആദ്യം പിതാവാരാണെന്നു പ്രസിദ്ധിയില്ലാഞ്ഞതുകൊണ്ടു കാനീനൻ എന്നും കൎണ്ണനു പേരുകളുണ്ടു്.

**കൎണ്ണജിൽ** — അൎജ്ജുനൻ.

**കൎണ്ണപ്രവാരണർ** — തങ്ങളുടെ കാതുകൾ പുതപ്പായി ഉപയോഗിച്ചു ഒരുകൂട്ടർ.

**കൎണ്ണഭൂഷണം** — രസങ്ങളെപ്പററി ഗംഗാനന്ദനന്റെ ഒരു പുസ്തകം.

**കൎണ്ണസുന്ദരി** — ബിൽഹണന്റെ ഒരു ചെറിയ നാടകം. രത്നാവലിയെ അനുകരിച്ചുണ്ടാക്കിയതു്.

**കൎണ്ണാടകരാജാക്കൾ** — ഒരു പുതിയ തമിഴ് ഗ്രന്ഥം. ദക്ഷിണേന്ത്യയുടെ സവിസ്തരചരിത്രം. ജിഞ്ജിയിലെ അനന്തകോൻനാരായണൻ കൎത്താവു്. കലിയുഗാരംഭംമുതൽ ഇംഗ്ലീഷ്കാർ ശ്രീരംഗപട്ടണം പിടിച്ചതുവരെയുള്ള ചരിത്രം അടങ്ങിയിരിക്കുന്നു.

**കൎണ്ണീസുതൻ** — മോഷണവിദ്യാസ്ഥാപകനായ മൂലദേവന്റെ ഒരു പേരു്. കൎണ്ണിയുടെ പുത്രൻ; കരടകൻ എന്നും പേരുണ്ടു്.

**കർദമൻ** — ഒരു പ്രജാപതി.

**കർബുരമഞ്ജരി** — രാജശേഖരന്റെ ഒരു ചെറിയ നാടകം. ചന്ദ്രപാലന്റെയും ഒരു കുന്തളരാജകുമാരിയുടെയും അനുരാഗവും അതിനെതിരായി രാജ്ഞിയുടെ തന്ത്രങ്ങളും വിഷയം.

**കർബുരി** — ദുൎഗ്ഗാ.

**കൎമ്മം** — മോക്ഷമാൎഗ്ഗങ്ങളിൽ ഒന്നു. മറെറവ ഭക്തി, യോഗം ജ്ഞാനം. കൎമ്മമാകുന്നു ജനനത്തിനും മരണത്തിനും കാരണം. അതില്ലാതാകുമ്പോൾനിൎവ്വാണം

**കൎമ്മേന്ദ്രിയം** — ഇന്ദ്രിയം നോക്കുക.

**കൎമ്മചണ്ഡാളൻ** — ദുഷ്പ്രവൃത്തിക്കാരനായ ഒരു മനുഷ്യൻ.

> അസൂയകശ്ചപിശുനഃകൃതഘ്നോദീൎഘരോഷകഃ।
> ചത്വാരഃകൎമ്മചണ്ഡാലാജന്മതശ്ചാപിപഞ്ചമഃ॥

**കൎമ്മസാക്ഷികൾ** — മനുഷ്യരുടെ എല്ലാപ്രവൃത്തികളെയും സദാ നോക്കിക്കൊണ്ടിരിക്കുന്നവർ, ഒമ്പതുപേരുണ്ടു്.

> സൂൎയ്യഃസോമോയമഃകാലോമഹാഭൂതാനിപഞ്ചച।
> ഏതേശുഭാശുഭസ്യേഹകൎമ്മണോനവസാക്ഷിണഃ॥

**കറുപ്പൻ** — ഒരു ഭയങ്കരഗ്രാമദേവത. പതിനെട്ടാംപടി കറുപ്പൻ എന്നും പേരുണ്ട്. കാവേരിയിലെ വെള്ളം പതിനെട്ടുപടി കയറുമ്പോൾ ആരാധിക്കപ്പെടുന്നു.

**കലശോത്ഭവൻ, കലശീസുതൻ** — അഗസ്ത്യൻ.

**കലകൾ** — മനുഷ്യശരീരത്തിലെ സപ്തധാതുക്കളുടെ ആധാരം.

ആദ്യാമാംസധരാപ്രോക്താദ്വിതീയാരക്തധാരിണീ।
മേദോധരാതൃതീയാതുചതുർത്ഥീശ്ലേഷ്മധാരിണീ॥
പഞ്ചമീചമലംധത്തേഷഷ്ഠീപിത്തധരാമതാ।
രേതോധരാസപ്തമീസ്യാൽഇതിസപ്തകലാഃസ്മൃതാഃ॥

**കലി** — കലിയുഗത്തിന്റെ മൂർത്തിയായ നിർഭാഗ്യം, നളനെ വളരെ സങ്കടപ്പെടുത്തി.

**കലിയുഗം** — ഇപ്പോഴത്തെ യുഗം, ൪൩൨,൦൦൦ മാനുഷവർഷംദൈർഘ്യമുണ്ട്. ക്രിസ്ത്വാബ്ദത്തിനു മുമ്പ് ൩൧൦൨ ഫെബ്രുവരി ൧൮-ാംനു. ആരംഭിച്ചു. യുഗം നോക്കുക.

**കലികാരൻ, പ്രിയൻ, ക്രിയൻ** — നാരദൻ.

**കലിന്ദകന്യാ, തനയാ, നന്ദിനീ, സുതാ** — യമുനാനദി.

**കല്ക്കി** — വിഷ്ണുവിന്റെ പത്താമത്തെ അവതാരം. ദുഷ്ടരേയും മ്ലേച്ഛരെയും നശിപ്പിക്കുന്നതിനായി കലിയുഗാവസാനത്തിൽ ശംഭലനാട്ടിൽ വിഷ്ണുയശസ് എന്ന ഒരു ബ്രാഹ്മണന്റെ കുടുംബത്തിൽ ജനിക്കും. അവതാരം നോക്കുക.

**കല്പം** — ബ്രഹ്മാവിന്റെ ഒരു പകൽ, പതിന്നാലു മന്വന്തരം. ഇപ്പോൾ ഏഴാമത്തെ മനുവാണ്. ഗ്രഹങ്ങളെല്ലാം മേടത്തിൽ ഒന്നായിനിന്നപ്പോൾ കല്പം ആരംഭിച്ചു. വീണ്ടും ഒന്നിച്ചാകുമ്പോൾ അവസാനിക്കും. ഇതു കണക്കുകൂട്ടിയാൽ ൪൩൨൦൦൦൦൦൦൦ വർഷം; ഒരു കണക്കുപ്രകാരം ൮൬൪൦൦൦൦൦൦൦ വർഷം; ഈ കാലം കഴിയുമ്പോൾ എല്ലാം നശിക്കും. പിന്നെ ആ കാലത്തോളം ദൈർഘ്യത്തിൽ ഒരുരാത്രി. അതുകഴിഞ്ഞു വീണ്ടും സൃഷ്ടി. യുഗം നോക്കുക.

**കല്പം** — യാഗങ്ങൾ മുതലായവയുടെ ആചാരക്രമങ്ങൾ ആകുന്നു. ഈ ക്രമങ്ങൾ സൂത്രരൂപേണ ഉണ്ടാക്കപ്പെട്ടിട്ടുള്ളവയും മന്ത്രങ്ങളും ബ്രാഹ്മണങ്ങളും ഉപയോഗിക്കേണ്ടുന്ന ക്രമത്തെ കാണിക്കുന്നവയാകയാൽ ശ്രൗതസൂത്രങ്ങൾ എന്നു വിളിക്കപ്പെട്ടുവരുന്നവയും ആകുന്നു. ഓരോ സംഹിതയ്ക്കും പ്രത്യേകംപ്രത്യേകം ശ്രൗതസൂത്രങ്ങൾ ഉണ്ട്. ഋഗ്വേദസംഹിതയ്ക്കുള്ള ശ്രൗതസൂത്രങ്ങൾ, ആശ്വലായനം, ശാംഖായനം ശൌനകം ഇവയും, സാമവേദത്തിനു മശകം, ലാത്യായനം, ദ്രാഹ്യായനം ഇവയും, കൃഷ്ണയജുർവേദത്തിന് ആപസ്തംബം, ബൗധായനം, സത്യാഷാഢം, ഹിരണ്യകേശി, മാനവം, ഭാരദ്വാജം, വാധൂലയനം, വൈഖാനസം, ലൌഗാക്ഷി, മൈത്രം, കഠ, വാരാഹം ഇവയും, ശുക്ലയജുർവേദത്തിനു കാത്യായനശ്രൗതസൂത്രവും, അഥർവവേദത്തിനു കുശികശ്രൗതസൂത്രവും ആകുന്നു. ഈ സൂത്രങ്ങളെല്ലാം എത്രയോ ചുരുക്കത്തിൽ ഓരോ വാചകപദങ്ങൾ മാത്രം അടങ്ങിയവയും വ്യാഖ്യാനമില്ലാതെ മനസ്സിലാകാത്തവയും

ആകുന്നു. അച്ചടിയും കടലാസുമില്ലാത്ത ഒരു കാലത്ത് ഉപയോഗത്തിനു മിക്കവാറും മനഃപാഠമാക്കേണ്ടിയിരുന്ന സൂത്രങ്ങൾ ഇങ്ങനെ സംക്ഷിപ്തമായിരുന്നതിൽ അതിശയിക്കാനുമില്ലല്ലോ.

**കല്പം, കല്പകം, കല്പദ്രുമം**—ഇച്ഛിക്കുന്നതെല്ലാം കൊടുക്കുന്ന ദേവലോകത്തിലെ ഒരു വൃക്ഷം.

**കല്പലതാ**—സ്വർഗ്ഗത്തിലെ ഒരു വള്ളി.

**കല്പസ്ഥാനം**—ഔഷധങ്ങളെപ്പററിയുള്ള പുസ്തകം.

**കല്മാഷീ**—1. യമുനാ. 2. ജമദഗ്നിയുടെ ഒരു പശു.

**കല്മാഷപാദൻ**—സൂര്യകുലത്തിലെ ഒരു രാജാവ്. സുദാസന്റെ പുത്രൻ. അവൻ ഒരിക്കൽ വേട്ടയ്ക്കായി കാട്ടിൽക്കൂടി പോകുമ്പോൾ വസിഷ്ഠന്റെ മൂത്ത പുത്രനായ ശക്തിയെ കാണുകയും ശക്തി വഴിയിൽനിന്നു മാറിനില്ക്കാഞ്ഞിട്ട അവനെ അടിക്കയുംചെയ്തു. അപ്പോൾ ശക്തി അവൻ ഒരു മാംസഭോജിയായ രാക്ഷസനാകട്ടെ എന്നു ശപിച്ചു. ഈ ശാപത്തെ വസിഷ്ഠന്റെ വിരോധിയായ വിശ്വാമിത്രൻ കേട്ടിട്ട അവനെ ഒരു മനുഷ്യമാംസഭോജിയായ രാക്ഷസനാക്കിത്തീർത്തു. ഈ സ്ഥിതിയിൽ കല്മാഷപാദൻ ശക്തിയെയും വസിഷ്ഠന്റെ ശേഷം പുത്രന്മാരെയും ഭക്ഷിച്ചുകളഞ്ഞു. പന്ത്രണ്ടുവർഷം രാക്ഷസനായിരുന്നശേഷം വസിഷ്ഠന്റെ അനുഗ്രഹത്താൽതന്നെ പൂർവ്വസ്ഥിതിയെ പ്രാപിച്ചു.

**കല്ലാടൻ**—മധുരസംഘത്തിലെ ഒരു വിദ്വാൻ. തമിഴ് വ്യാകരണംസംബന്ധിച്ച കല്ലാടം എന്നൊരു പുസ്തകം ഉണ്ടാക്കി. മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളതു.

**കല്ലൂർനമ്പൂരിപ്പാട്**—ബാലിവിജയം, മധുകൈടഭവധം, സുമുഖീസ്വയംബരം, സ്വാഹാസുധാകരം, എന്നീ നാലു ആട്ടക്കഥകളുടെ കർത്താവ്. ജന്മസ്ഥലം തിരുവിതാംകൂർ കൊല്ലം പത്താം ശതവർഷാരംഭം.

**കവികല്പലത**—കാവ്യരചനയെപ്പററി ദേവേശ്വരന്റെ ഒരു കൃതി.

**കവിജിഹ്വാബന്ധനം**—വൃത്തത്തെപ്പററി ഒരു കർണ്ണാടകഗ്രന്ഥം. ഈശ്വരകവികർത്താവ്.

**കവിരാജൻ**—ശ്രുതിപ്പെട്ട, ദ്വയാർത്ഥമുള്ള രാഘവപാണ്ഡവീയം എന്ന കാവ്യത്തിന്റെ കർത്താവ്. ഒമ്പതാംശതാബ്ദാരംഭത്തിൽ ജീവിച്ചിരുന്നു.

**കശ്യപൻ**—അദിതിയുടെയും ദിതിയുടെയും ഭർത്താവും സുരന്മാരുടെയും അസുരന്മാരുടെയും പിതാവും ബ്രഹ്മാവിന്റെ പുത്രനായ മരീചിയുടെ പുത്രനുമായ ഒരു ഋഷി. സൃഷ്ടിയിൽ പ്രധാനഭാഗം വഹിച്ചതുകൊണ്ട ഒരു പ്രജാപതി. അദിതിയിൽ ആദിത്യരേയും ദക്ഷന്റെ വേറെ പന്ത്രണ്ടുപുത്രിമാരിൽ അസുരർ, രാക്ഷസർ, പക്ഷികൾ, മൃഗങ്ങൾ, നാഗങ്ങൾ മുതലായ സർവ്വ ജീവജന്തുക്കളെയും ജനിപ്പിച്ചു. രാമായണപ്രകാരം വാമനാവതാരത്തിൽ വിഷ്ണു കശ്യപന്റെയും അദിതിയുടെയും പുത്രനായി ജനിച്ചു. കശ്യപൻ ചിലകാലം പരശുരാമന്റെയും രാമചന്ദ്രന്റെയും പുരോഹിതനായിരുന്നു. മനുവിന്റെ

പിതാവായ വിവസ്വാന്റെ പിതാവും ആയിരുന്നു. കശ്യം (മദ്യം) പാനം ചെയ്തതുകൊണ്ടു കശ്യപൻ.

**കഹോഡൻ**—ഒരു വിദ്വാനായ ബ്രാഹ്മണൻ. അഷ്ടാവക്രന്റെ പിതാവ്. അഷ്ടാവക്രൻ നോക്കുക.

**കാകുൽസ്ഥൻ**—സൂൎയ്യകുലത്തിലെ രാജാക്കന്മാരുടെ ഒരു പേര്. കകുൽസ്ഥന്റെ സന്തതിയിലുള്ളവൻ.

**കാഞ്ചനഗിരി**—മേരുപൎവ്വതം.

**കാണ്ഡ (ള) വൃഷ്ഠം**—കൎണ്ണന്റെ വില്ല്.

**കാതന്ത്രം**—കാൎത്തികേയന്റെ പ്രീതിയാൽ സൎവ്വവൎമ്മാവ് ഉണ്ടാക്കിയ ഒരു വ്യാകരണം.

**കാത്യായനൻ**—പാണിനീയസൂത്രങ്ങളെ പൂൎത്തിയാക്കിയ ഒരു ഗ്രന്ഥകൎത്താവ്. ശ്രൌതസൂത്രങ്ങളും ഒരു ധൎമ്മശാസ്ത്രപുസ്തകവും ഉണ്ടാക്കീട്ടുണ്ട്. കാത്യായനനും "പ്രാകൃതപ്രകാശം" എന്ന പുസ്തകം ഉണ്ടാക്കിയ വരരുചിയും ഒരാൾ തന്നെയാണെന്നു ചിലർ വിചാരിക്കുന്നു അവൻ പുഷ്പദന്തന്റെ അവതാരമാണെന്നു കഥാസരിൽസാഗരത്തിൽ പ്രസ്താവിക്കയും ചെയ്തിരിക്കുന്നു.

**കാത്യായനി**—൧. പാൎവ്വതി. ൨. യാജ്ഞവൽക്യന്റെ ഭാൎയ്യ.

**കാദംബരി**—൧. സരസ്വതി. ൨. ചിത്രരഥന്റെ പുത്രി. ൩. ബാണഭട്ടൻ ഉണ്ടാക്കിയ ഒരു ഗദ്യപുസ്തകം. കാദംബരി നായിക.

**കാദംബരീകഥാസാരം**—ബാണഭട്ടന്റെ കാദംബരി എന്ന ഗദ്യപുസ്തകം പദ്യത്തിൽ അഭിനന്ദനൻ ചുരുക്കി എഴുതിയതു.

**കാനീനൻ**—൧. വ്യാസൻ. ൨. കൎണ്ണൻ.

**കാമദഹനം**—ശൃംഗാരപ്രധാനവും രസഭൂയിഷ്ഠവുമായ ഒരു ഭാഷാചമ്പു. കവിയെ നിശ്ചയമില്ല.

**കാമൻ, കാമദേവൻ**—കാമദേവന്റെ ഉത്ഭവത്തെക്കുറിച്ച് പരബ്രഹ്മത്തിന്റെ ഉള്ളിൽ ആദ്യം കാമം ഉണ്ടായി എന്നും, കാമൻ പരമാത്മാവും സൃഷ്ടികൎത്താവും ആണെന്നും, ധൎമ്മന്റെ പുത്രനാണെന്നും, ലക്ഷ്മിയുടെ പുത്രനാണെന്നും വെള്ളത്തിൽനിന്നു ജനിച്ചു (ഇരാജൻ) എന്നും ആത്മഭൂ (അജൻ, അനന്യജൻ) ആണെന്നും മറ്റും പല കഥകളുണ്ട്. താരകാസുരനെ വധിക്കുവാൻ ശിവന്നു ഒരു പുത്രനുണ്ടാവാൻവേണ്ടി ദേവകളുടെ അപേക്ഷപ്രകാരം കാമൻ തപസ്സു ചെയ്തിരുന്ന ശിവനിൽ പാൎവ്വതിയെക്കുറിച്ച് ആഗ്രഹം ജനിപ്പിക്കകൊണ്ടു ശിവൻ അവനെ തന്റെ മൂന്നാമത്തെ കണ്ണുകൊണ്ടു ദഹിപ്പിച്ചുകളഞ്ഞു. പിന്നെ രതിയുടെ അപേക്ഷയാൽ ദയതോന്നി കൃഷ്ണന്റെ പുത്രനായി ജനിപ്പാൻ അനുവാദംകൊടുത്തു. ഇങ്ങനെ രുഗ്മിണിയുടെ പുത്രനായ പ്രദ്യുമ്നനായി ജനിച്ചു. കാമനു രതി അല്ലെങ്കിൽ രേഖാ എന്ന പേരായ ഭാൎയ്യയും അനിരുദ്ധൻ എന്നൊരു പുത്രനും തൃഷാ എന്നൊരു പുത്രിയും കരിമ്പുകൊണ്ടൊരു വില്ലും വ-

ണ്ടുകളെക്കൊണ്ടു അതിന്റെ ചരടും അഗ്രം പുഷ്പമായിട്ടുള്ള അമ്പുകളും ഉണ്ടു്. തത്ത അവന്റെ വാഹനവും മകരം അവന്റെ ധ്വജവും ആകുന്നു.

അരവിന്ദമശോകഞ്ച ചൂതഞ്ച നവമല്ലികാ।
നീലോല്പലഞ്ച പഞ്ചൈതേ പഞ്ചബാണസ്യ സായകാഃ॥

ഉന്മാദനസ്താപനശ്ച ശോഷണഃ സ്തംഭനസ്തഥാ।
സമ്മോഹനശ്ച കാമസ്യ പഞ്ചബാണാഃ പ്രകീർത്തിതാഃ॥

**കാമന്റെ പേരുകൾ—**

മദനോ മന്മഥോ മാരഃ പ്രദ്യുമ്നോ മീനകേതനഃ।
കന്ദർപ്പോ ദർപ്പകോനംഗഃ കാമഃ പഞ്ചശരഃ സ്മരഃ॥

ശംബരാരിർമനസിജഃ കുസുമേഷു രനന്യജഃ।
പുഷ്പധന്വാരതിപതിർമകരധ്വജ ആത്മഭൂഃ॥

ഇവയല്ലാതെ വേറെയും അനേകം പേരുകളുള്ളവയിൽ ചിലതിനെക്കൂടി താഴെ ചേൎക്കുന്നു. ഇഷ്മാ, കഞ്ജനൻ, കിങ്കിരൻ, രമണൻ, മായാവാൻ, അഭിരൂപൻ, ദീപകൻ, അജയിത്തു, ഗൃധ്നു, മധുദീപൻ, കലാകേളി, കണ്ഡു, മായീ, മുഷിരൻ, മുർമുരൻ, രാഗവൃന്തൻ, രൂപാസ്ത്രൻ, രതനാരീചൻ, ശമാന്തകൻ, സംസാരഗുരു, ശൃംഗാരയോനി, വാമൻ, കുസുമായുധൻ, പുഷ്പശരൻ, മകരകേതു, പുഷ്പകേതനൻ.

**കാമാരി, കാമജിൽ**— ശിവൻ.

**കാമാവതാരം**— പ്രദ്യുമ്നൻ.

**കാമാഖ്യാ, കാമാക്ഷി**— ദുർഗ്ഗാ.

**കാമായുസ്, കാമചാരി**— ഗരുഡൻ.

**കാമേശ്വരൻ**— കുബേരൻ.

**കാമകലാ**— രതി.

**കാമധേനു**— ആഗ്രഹിക്കുന്നതെല്ലാം കൊടുക്കുന്ന വസിഷ്ഠന്റെ പശു. പാലാഴിമഥനത്തിൽ കിട്ടിയതു്.

**കാമൻപണ്ടിക**— ഒരു ഉത്സവം. ഫാല്ഗുനമാസത്തിൽ പൌൎണ്ണമാസി ദിവസം. ശിവൻ കാമദേവനെ ഭസ്മീകരിച്ചതിന്റെ ഓർമ്മയ്ക്കായി നടത്തുന്നതു് ബെങ്കാളത്തു ഹോജി എന്നു പറയും. ഭരണി നോക്കുക.

**കാമപാലൻ**— ൧. ശിവൻ. ൨. ബലരാമൻ.

**കാമരൂപം**— ഒരു പുരാതനരാജ്യം. ഇപ്പോൾ ആസാം.

**കാമസൂത്രം**— ശൃംഗാരത്തെക്കുറിച്ചു വാത്സ്യായനൻ ഉണ്ടാക്കിയ ഒരു പുസ്തകം.

**കാമാക്ഷി**— പാൎവ്വതി.

**കാംപില്യം**— ദ്രൗപദിയുടെ സ്വയംവരം നടന്ന നഗരം.

**കാമ്യകം**— പാണ്ഡവർ അജ്ഞാതവാസം ചെയ്ത വനം.

**കായസിദ്ധി** — തപസ്സിനാൽ അഷ്ടസിദ്ധികളുടെ പ്രാപ്തി. ശിവൻ നോക്കുക.

**കാരു** — കൈത്തൊഴിലുകാരൻ. അവരെല്ലാമെന്നാൽ —

തക്ഷാച തന്തുവായശ്ച നാപിതോ രജകസ്തഥാ।
പഞ്ചമശ്ചർമ്മകാരശ്ച കാരവ ശ്ശില്പിനോമതാഃ॥

**കാർത്തവീര്യൻ** — ഹൈഹയരാജാവായ കൃതവീര്യന്റെ പുത്രൻ. സാക്ഷാൽ പേരു അർജ്ജുനൻ എന്നായിരുന്നു. ദത്താത്രേയനെ തപസ്സ് ചെയ്തിട്ട് ആയിരം ഭുജങ്ങളും ആഗ്രഹിക്കുന്നിടത്തെല്ലാം ചെല്ലുന്ന ഒരു സ്വർണ്ണവിമാനവും ലോകവിശ്രുതനായ ഒരുത്തനാൽ മാത്രം മരണവും ലഭിച്ചു. ൮൫൦൦൦ വർഷം നീതിയോടെ രാജ്യഭാരം ചെയ്തു. അവൻ വളരെ നീതിമാനായിരുന്നെന്നു ചിലരും വളരെ ദുഷ്ടനായിരുന്നെന്നു മറ്റുചിലരും പറയുന്നു. ജമദഗ്നിയുടെ പശുക്കിടാവിനെ അപഹരിച്ചുകൊണ്ടുപോക കൊണ്ടു പരശുരാമൻ അവന്റെ ഭുജങ്ങളെയും മുറിച്ചുകളഞ്ഞു അവനെ കൊന്നു. മനുഷ്യരെയും ദേവകളെയും ഹിംസിക്കനിമിത്തം അവനെ കൊല്ലുന്നതിനായി വിഷ്ണു പരശുരാമനായി അവതരിച്ചതാണെന്നു ചിലർ പറയുന്നുണ്ട്. ഒരിക്കൽ കാർത്തവീര്യൻ രാവണനെ പിടിച്ച് തന്റെ പ്രധാനനഗരമായ മാഹിഷ്മതിയിൽ ഒരു മൂലയ്ക്കു കെട്ടിയിട്ടിരുന്നു.

**കാർത്തവീര്യവിജയം** — ൧. ഒരു സംസ്കൃതദീർഘകാവ്യം. ചന്ദ്രചൂഡൻ കർത്താവ്. കാർത്തവീര്യന്റെ ചരിത്രം. ൨. ഈ കഥതന്നെ ഈ പേരോടുകൂടി പുതിയക്കൽ തമ്പാൻ ആട്ടക്കഥയായി ഉണ്ടാക്കിയിട്ടുണ്ട്.

**കാർത്തിക** — കാർത്തികവിളക്ക്. കാർത്തികദീപം. സുബ്രഹ്മണ്യന്റെ ഉത്സവദിവസം. ദീപാവലിക്കു സമം തമിഴർക്കു ഒരു പ്രധാനദിവസം. ത്രിപുരാസുരനെ ശിവൻ വധിച്ചതു അന്നു കൊണ്ടാടുന്നു.

**കാർത്തികതിരുനാൾ** — തിരുവിതാംകൂർ മഹാരാജാവ്. കാലം കൊല്ലം പത്താംശതാബ്ദം. ഒരു പ്രധാന ഗ്രന്ഥകർത്താവ്. രാജസൂയം, സുഭദ്രാഹരണം, ബകവധം, ഗന്ധർവ്വവിജയം, പാഞ്ചാലീസ്വയംവരം, കല്യാണസൌഗന്ധികം, നരകാസുരവധം, എന്നീ ആട്ടക്കഥകൾ പ്രധാനകൃതികൾ. ബകവധവും കല്യാണസൌഗന്ധികവും തെക്കൻ ബകവധം തെക്കൻ കല്യാണസൌഗന്ധികം എന്നു പറഞ്ഞുവരുന്നു.

**കാർത്തികേയൻ** — സ്ത്രീയെക്കൂടാതെ ശിവനുണ്ടായ ഒരു പുത്രൻ. ശിവൻ പാർവ്വതിയോടു ക്രീഡിച്ചിരിക്കുമ്പോൾ അഗ്നി ഒരു പ്രാവിന്റെ രൂപത്തിൽ അവിടെ ചെല്ലുകയും അപ്പോൾ ശിവന്റെ ബീജം അഗ്നിയിൽ വീഴുകയും അഗ്നിക്കു അതിനെ വഹിക്കാൻ കഴിയാഞ്ഞിട്ടു ഗംഗയിൽ ഇടുകയും ഗംഗാ ഒരു ശരവണത്തിൽ കൊണ്ടുചെല്ലുകയും അവിടെ കാർത്തികേയൻ അല്ലെങ്കിൽ സ്കന്ദൻ ജനിക്കയും ചെയ്തു. ഈ സംഭവങ്ങളിൽനിന്നു അഗ്നിഭൂ, ഗംഗാപുത്രൻ, ശരവണഭവൻ, ശരജന്മാവ് എന്നു പേരുകളുണ്ടായി. കൃത്തികകൾ വളർത്തിയതുകൊണ്ടു ആറു തലകളും കാർത്തികേയൻ എന്നു പേരും ഉണ്ടായി. ദേവകളുടെ സേനാധിപതിയായിട്ടു താരകാസുരനെ വധിച്ചു. സ്കന്ദൻ ജനിച്ചതിന്റെ ഉദ്ദേശവും അവനെ വധിക്കാൻ ആയിരുന്നു. ക്രൗഞ്ചപർവ്വത(നോക്കുക)ത്തെ പിളർന്നുകളകകൊണ്ടു ക്രൗഞ്ചദാരണൻ എന്നും പേരുണ്ടായി. കൌമാരി അല്ലെങ്കിൽ സേനാ അവന്റെ ഭാര്യയും പരവാണി എന്ന മയിൽ വാഹനവുമാകുന്നു. സുബ്രഹ്മണ്യൻ നോക്കുക.

പേരുകൾ:—

കാർത്തികേയോ മഹാസേനഃ ശരജന്മാ ഷഡാനനഃ
പാർവ്വതീനന്ദനഃ സ്കന്ദഃ സേനാനീരഗ്നിഭൂർഗ്ഗുഹഃ॥

ബാഹുലേയസ്താരകജിൽ വിശാഖശ്ശിഖിവാഹനഃ।
ഷാണ്മാതുരശ്ശക്തിധരഃ കുമാരഃ ക്രൌഞ്ചദാരണഃ॥

മഹാസേനൻ, സിദ്ധസേനൻ, യുദ്ധരംഗൻ, സുബ്രഹ്മണ്യൻ, ദ്വാദശാക്ഷൻ, ദ്വാദശകരൻ, ഗുഹകായൻ എന്നും പേരുകളുണ്ട്. സുബ്രഹ്മണ്യൻ എന്നപേര് ദ്രാവിഡത്തിൽ മാത്രം നടപ്പ്. കാർത്തികേയന്റെ ജനനത്തെ കുറിച്ച് കാളിദാസൻ കുമാരസംഭവം എന്നൊരു കാവ്യം ഉണ്ടാക്കീട്ടുണ്ട്.

**കാലൻ (കാലം)** — യമൻ.

**കാലകാ** — കശ്യപന്റെ ഭാര്യ; മഹാഭാരതപ്രകാരം ദക്ഷന്റെയും വിഷ്ണുപുരാണപ്രകാരം വൈശ്വാനര ദാനവന്റെയും പുത്രി; ഭക്തിനിമിത്തം വേദന കൂടാതെ പ്രസവിക്കാനുള്ള വരം പ്രാപിച്ചു; അവളുടെ അനേകായിരം മക്കളെ കാലകേയർ എന്നു വിളിച്ചുവരുന്നു.

**കാലനേമി** — ൧ രാവണന്റെ മാതുലനായ ഒരു രാക്ഷസൻ, രാവണന്റെ ആജ്ഞയാൽ ഹനുമാനെ കൊല്ലുന്നതിനായി ഒരു സന്ന്യാസിവേഷം ധരിച്ച് ഗന്ധമാദനപർവ്വതത്തിൽ ചെന്ന ഹനുമാനെ ഭക്ഷണത്തിനായി ക്ഷണിച്ചു. ഹനുമാൻ ക്ഷണനം സ്വീകരിക്കാതെ പോയി ഒരു കുളത്തിൽ കുളിക്കാനിറങ്ങിയപ്പോൾ ഒരു മുതലവന്നു കാലിനുപിടിച്ചു. മുതലയെ കരയ്ക്കുവലിച്ചെടുത്തു കൊന്നപ്പോൾ മുതലയുടെ ശരീരത്തിൽനിന്നു ഒരു അപ്സരസ്ത്രീ പുറപ്പെട്ടു കാലനേമിയെ സൂക്ഷിച്ചുകൊള്ളണം എന്നും താൻ ദക്ഷന്റെ ശാപത്താൽ ഒരു മുതലയായി പ്പോയതാണെന്നും പറഞ്ഞിട്ടു മറഞ്ഞു. ഹനുമാൻ പോയി കാലനേമിയെ കാലിനു പിടിച്ചു എറിഞ്ഞാറെ കാലനേമി ആകാശത്തൂടെ രാവണന്റെ സിംഹാസനത്തിൻ മുമ്പാകെ ചെന്നുവീണു. ൨ വിരോചനന്റെ പുത്രനായ ഒരു അസുരൻ, വിഷ്ണുവിനാൽ കൊല്ലപ്പെട്ടു.

**കാലമുഖർ** — രാക്ഷസസ്ത്രീകളിൽ മനുഷ്യരുടെ മക്കൾ.

**കാലയവനൻ** — മഥുരാനഗരം ആക്രമിച്ച ഒരു യവനരാജാവ്. കൃഷ്ണൻ യുദ്ധത്തിൽ അവനെ തോല്പിക്കുന്നതു പ്രയാസം എന്നു കണ്ടിട്ടു അവനെ വശീകരിച്ച് മുചുകുന്ദന്റെ ഗുഹയിൽ കൊണ്ടുചെന്നപ്പോൾ മുചുകുന്ദൻ ഉറങ്ങിക്കിടക്കുന്നതു കണ്ടു കാലയവനൻ ഒരു ചവിട്ടുകൊടുത്തു. മുചുകുന്ദൻ ഒരു നോട്ടത്താൽ കാലയവനനെ ഭസ്മീകരിച്ചുകളഞ്ഞു. വിഷ്ണുപുരാണപ്രകാരം അവൻ ഒരു യവനരാജാവിന്റെ പത്നിയിൽ യാദവരുടെ വിരോധിയായ ഗർഗ്ഗൻ എന്ന ബ്രാഹ്മണനുണ്ടായ പുത്രൻ ആയിരുന്നു.

**കാലയളവ്** —

൧൮-നിമിഷം = ൧ കാഷ്ഠ.

൩൦-കാഷ്ഠ = ൧ കല.

൩൦-കല = ൧ മുഹൂർത്തം.

൩൦-മുഹൂർത്തം = ൧ ദിനം.

൩൦-ദിനം = ൧ മാസം.

൨-മാസം = ൧ ഋതു.

൩-ഋതു = ൧ അയനം.

൨-അയനം = ൧ വർഷം.

൩൬൦-വർഷം = ൧ ദേവവർഷം.

൧൨൦൦൦-ദേവവർഷം = ൧ മഹായുഗം.

൧൦൦൦-മഹായുഗം = ൧ കല്പം.

൨-കല്പം = ൧ ബ്രഹ്മദിവസം.

൩൦-ബ്രഹ്മദിവസം = ൧ ബ്രഹ്മമാസം.

൧൨-ബ്രഹ്മമാസം = ൧ ബ്രഹ്മവർഷം.

൧൦൦-ബ്രഹ്മവർഷം = ൧ മഹാപ്രളയം.

യുഗം നോക്കുക ൫൧-ബ്രഹ്മവർഷം കഴിഞ്ഞു. ഇനി ൪൯ ഉണ്ടു്.

**കാലരാത്രി**—കല്പത്തിന്റെ അന്ത്യരാത്രി.

**കാലാഗ്നി**—കാലാവസാനത്തിൽ ലോകം നശിപ്പിക്കുന്ന അഗ്നി.

**കാളീ**—ശിവന്റെ ഭാൎയ്യ, ദുൎഗ്ഗാ:

**കാളികാപുരാണം**—ഒരു ഉപപുരാണം, കാളിയുടെ സേവയുടെ വിശിഷ്ടതയെ കാണിക്കുന്നു.

**കാളിദാസൻ**—ഇന്ത്യയിലെ പ്രധാനകവി. വിക്രമാദിത്യരാജാവിന്റെ സഭയിലെ നവരത്നങ്ങളിൽ ഒരുവൻ. ക്രിസ്ത്വാബ്ദം ആറാംനൂറാണ്ടിൽ ജീവിച്ചിരുന്നു എന്നു ചില വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ലോകവിശ്രുതമായ അഭിജ്ഞാനശകുന്തളവും വിക്രമോൎവ്വശീയം മാളവികാഗ്നിമിത്രം ഈ നാടകങ്ങളും രഘുവംശം, കുമാരസംഭവം, മേഘദൂതം, ഋതുസംഹാരം, ശ്രുതബോധം, നളോദയം ഈ കാവ്യങ്ങളും ഉണ്ടാക്കി.

**കാളിന്ദീ**—കളിന്ദന്റെ (സൂൎയ്യന്റെ) പുത്രിയായ യമുനാനദി. ൨ കൃഷ്ണന്റെ ഒരു ഭാൎയ്യ.

**കാളിയൻ**—യമുനയിൽ പരിവാരങ്ങളോടുകൂടി പാൎത്തുവന്ന അഞ്ചുതലയുള്ള ഭയങ്കരനായ ഒരു സൎപ്പരാജാവു്, ഒരിക്കൽ ശിശുവായ കൃഷ്ണൻ യമുനയിൽ ഇറങ്ങിയപ്പോൾ അവന്റെ കയ്യിൽ അകപ്പെടുകയും ബലരാമന്റെ ഉപദേശപ്രകാരം തന്റെ ദിവ്യശക്തി ഉപയോഗിച്ചിട്ടു അവനെ തോല്പിക്കയുംചെയ്തു. പരാജിതരായ സൎപ്പക്കൂട്ടം ഭൂമിയിൽനിന്നു സമുദ്രത്തിലേയ്ക്കു പൊയ്ക്കളകയും ചെയ്തു.

**കാളിയമൎദ്ദനം**—അമ്പാടിയിൽ കുഞ്ഞുകൃഷ്ണന്റെപ്പൊതുവാളിന്റെ ഒരു ആട്ടക്കഥ.

**കാളീചി**—യമന്റെ ന്യായവിസ്താരസ്ഥലം.

**കാവേരി**—നദി. ഗംഗപോലെ പരിശുദ്ധമാകയാൽ ദക്ഷിണഗംഗയെന്നും അൎദ്ധഗംഗയെന്നും പേരുണ്ടു്. ഗംഗതന്നെ ആണ്ടിലൊരിക്കൽ ഭൂമിയുടെ അടിയിൽക്കൂടെ കാവേരിയുടെ ഉത്ഭവസ്ഥാനത്തു വന്നു അതിനെ പാവന

മാകുന്നു. പാപികൾ അതിൽ സ്നാനംചെയ്താൽ പാപമാലിന്യം നീങ്ങി ശുദ്ധരാകും.

**കാവേരിമാഹാത്മ്യം**—കടിയംകുളം ശുപ്പുമേനോൻെറ ഒരുകിളിപ്പാട്ട്.

**കാവ്യൻ**—ശുക്രൻ.

**കാവ്യം**—ചന്ദ്രാലോകത്തിൽ ഇങ്ങനെ വ്യാഖ്യാനിച്ചുകാണുന്നു.

നിർദോഷാലക്ഷണവതീ സരീതിർഗ്ഗുണഭൂഷിതാ।
സാലങ്കാരരസാനേക വൃത്തിർവാക് കാവ്യനാമഭാക്॥

കാവ്യത്തിൻെറ ഉദ്ദേശത്തെ മമ്മടൻ ഇങ്ങനെ വിവരിച്ചിരിക്കുന്നു.

കാവ്യംയശസേƒർത്ഥകൃതേ വ്യവഹാരവിദേശിവേതരക്ഷതയേ।
സദ്യഃപരനിർവൃതയേകാന്താ സമ്മിതതയോപദേശയുജേ॥

**കാവ്യപ്രകാശം**—മമ്മടഭട്ടൻെറ ഒരു കൃതി.

**കാവ്യപ്രകാശദർപ്പണം**—കാവ്യപ്രകാശത്തിൻെറ വ്യാഖ്യാനം. വിശ്വനാഥകവിരാജൻ ഉണ്ടാക്കിയത്.

**കാവ്യപ്രദീപം**—കാവ്യങ്ങളെപ്പററി ഗോവിന്ദൻ എന്നൊരാളുടെ കൃതി.

**കാവ്യാദർശം**—കാവ്യത്തെക്കുറിച്ചു ശ്രീദണ്ഡി ഉണ്ടാക്കിയ ഒരു പുസ്തകം.

**കാവ്യാലങ്കാരം**—രുദ്രസദാനന്ദൻെറ അലങ്കാരത്തെപ്പററിയുള്ള ഒരു പുസ്തകം.

**കാവ്യാലങ്കാരസൂത്രവൃത്തി**—അലങ്കാരങ്ങളെപ്പററി വാമനൻെറ ഒരു പുസ്തകം.

**കാശി, വാരാണസീ**—മോക്ഷദായക നഗരങ്ങളിൽ ഒന്നു. അവന്തി നോക്കുക.

**കാശിരാജാവു്**—അംബാ, അംബികാ, അംബാലികാ ഇവരുടെ പിതാവായ ഒരു രാജാവു്.

**കാശീനാഥൻ**—ശിവൻ.

**കാശ്യാ**—ദക്ഷൻെറ ഒരു പുത്രി, കശ്യപൻെറ ഭാര്യ.

**കിങ്കിരൻ** - കാമദേവൻ.

**കിന്നരൻ**—മാനുഷശരീരവും അശ്വമുഖവും ഉള്ള ഒരു കൂട്ടർ. കൈലാസത്തിൽ പാക്കുന്നു. അശ്വമുഖൻ, തുരംഗവക്ത്രൻ, മയു, എന്നും പേരുകളുണ്ടു്.

**കിന്നരേശ്വരൻ**—കുബേരൻ.

**കിരാതർ**—പർവ്വതവാസികൾ. രാമായണത്തിൽ അവർ പച്ചമാംസം തിന്നുകയും ജലത്തിൽ വസിക്കയും ചെയ്യുന്ന, ശരീരത്തിൽ പകുതി മനുഷ്യനും പകുതി കടുവായും ആയ ഒരു കൂട്ടരാണെന്നു പറഞ്ഞിരിക്കുന്നു.

**കിരാതം**—ഒരു ആട്ടക്കഥ ഇരട്ടക്കുളങ്ങര വാരര് ഉണ്ടാക്കിയതു്. തെക്കൻ കിരാതമെന്നു പറയുന്നു. വേറൊരു കവി ഉണ്ടാക്കിയതിനു വടക്കൻ കിരാതം എന്നു പേർ.

**കിരാതാർജ്ജുനീയം**—കിരാതവേഷത്തിൽ ശിവനും അർജ്ജുനനും തമ്മിൽ ഉണ്ടായ യുദ്ധത്തെ വിവരിച്ചു, ഭാരവി ഉണ്ടാക്കിയ കാവ്യം ൧൮-ാം സർഗ്ഗത്തിൽ കവിയുടെ ഭാഷാസാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുണ്ടു്.

**കിരീടമാലി**—അർജ്ജുനൻ.

**കിർമ്മീരൻ**—ബകന്റെ സഹോദരനായ ഒരു രാക്ഷസൻ കാമ്യകവനത്തിൽ പാണ്ഡവർക്കു പ്രവേശനം കൊടുക്കായ്കകൊണ്ടു് അവനും ഭീമനും തമ്മിൽ ഘോരമായ യുദ്ധം ഉണ്ടായി. ഒടുവിൽ ഭീമൻ കിർമ്മീരനെ ഞെക്കിക്കൊന്നുകളഞ്ഞു.

**കിർമ്മീരജിൽ (നിഷൂദനൻ, സൂദനൻ)**—ഭീമൻ.

**കിളിപ്പാട്ടു്**—ഈ കവിതാരീതി മലയാളത്തിൽ ആദ്യം പ്രയോഗത്തിൽ വരുത്തിയതു തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ആകുന്നു. കവി ആദ്യം കിളിയോടു കഥ പറയുന്നതിനു അപേക്ഷിക്കയും പിന്നീടു് കിളി പറയുന്നതായിട്ടു കഥ പറകയും ചെയ്യുന്നതിനാൽ കിളിപ്പാട്ടു് എന്ന പേരു പറയുന്നു. കവിതാദോഷങ്ങൾ കവിക്കു വരാതിരിക്കാൻ ഇങ്ങനെ കിളിയെക്കൊണ്ടു പറയിക്കുന്നതാണെന്നും സംസ്കൃതപുരാണങ്ങൾ ശുകമഹർഷി ഋഷിമാരോടു പറയുന്നതായി കാണുന്നതിനാൽ മലയാളത്തിലും കിളി(ശുകം)യെക്കൊണ്ടു പറയിക്കുന്നതാണെന്നും സരസ്വതിയുടെ കയ്യിൽ എപ്പൊഴും ഒരു കിളിയുള്ളതുകൊണ്ടു ആ കിളിയെക്കൊണ്ടു പറയിക്കുന്നതാണെന്നും തമിഴിലെ പൈങ്കിളിക്കണ്ണി എന്ന ഈരടിവൃത്തത്തെ അനുസരിച്ചു എഴുതിയിരിക്കുന്നതിനാലാണെന്നും പല കാരണങ്ങൾ പറയുന്നുണ്ടു്.

**കിഷ്കിന്ധ്യ**—രാമചന്ദ്രൻ വാനരരാജാവായ ബാലിയിൽനിന്നെടുത്തു് സുഗ്രീവനു കൊടുത്ത രാജ്യം കിഷ്കിന്ധ്യം, കിഷ്കിന്ധ, കിഷ്കിന്ധം എന്നും പറയും.

**കീചകൻ**—വിരാടരാജാവിന്റെ അളിയൻ; ദ്രൗപദി സൈരന്ധ്രി എന്നുള്ള നാമധേയത്തോടുകൂടി വിരാടരാജ്ഞിയെ ആശ്രയിച്ചു പാർക്കുമ്പോൾ കീചകൻ അവളെ കണ്ടു മോഹിച്ചു അവന്റെ സഹോദരിയുടെ സഹായത്തോടുകൂടി അവളുടെ പാതിവ്രത്യഭംഗം വരുത്തുവാനുള്ള പല യത്നങ്ങൾ ചെയ്തു. ദ്രൗപദി അവന്റെ കാമത്തിൽനിന്നു രക്ഷപെടുവാൻ മാർഗ്ഗമൊന്നും കാണാഞ്ഞിട്ടു തന്റെ പതിവുപ്രകാരം ഭീമനോടു ചെന്നു സങ്കടംപറഞ്ഞു ഭീമന്റെ ആലോചനപ്രകാരം ദ്രൗപദി കീചകനോടു ഒരു സമയവും സ്ഥലവും പറഞ്ഞു നിശ്ചയിക്കയും അവൾക്കു പകരം ഭീമൻ വേഷംമാറിക്കിടക്കയുംചെയ്തു. കീചകൻവന്നു് ഇരുട്ടത്തു് ആളറിയാതെ ആലിംഗനത്തിനു ഭാവിച്ചപ്പോൾ ഭീമൻ അവനെ പിടിച്ചു ഞെക്കി ശരീരം ഒരു പന്തുപോലെ ഉരുട്ടി എറിഞ്ഞുകളഞ്ഞു. അവനെ ആരു കൊന്നുവെന്നോ എങ്ങനെ കൊന്നുവെന്നോ ആർക്കും അറിവാൻ കഴിഞ്ഞുമില്ല.

**കീചകവധം**—രവിവർമ്മൻതമ്പി ഉണ്ടാക്കിയ ഒരു ആട്ടക്കഥ.

**കു**—ഭൂമി.

**കുജൻ**—കൃഷ്ണൻ വധിച്ച നരകാസുരൻെറ ഒരു പേര്.

**കുഞ്ചൻനമ്പ്യാർ, (കലക്കത്തു)**—മലയാളഭാഷയിലെ ഒരു പ്രധാന കവി. ഹാസ്യം, വീരം, ശൃംഗാരം ഈ രസവർണ്ണനയിൽ അദ്വിതീയൻ. മലബാറിൽ കിള്ളിക്കുറിശ്ശിമംഗലത്തു കൊല്ലം ഒമ്പതാംശതവർഷത്തിൻെറ അന്ത്യത്തിൽ ജനിച്ചു. അധികകാലം അമ്പലപ്പുഴയും തിരുവനന്തപുരത്തും താമസിച്ചു. പ്രധാന കാവ്യങ്ങൾ രചിച്ചതും ഇവിടെവെച്ചാണ്. എഴുത്തച്ഛൻ കിളിപ്പാട്ടുണ്ടാക്കിയതുപോലെ മലയാളത്തിൽ ആദ്യം തുള്ളലുകൾ ഉണ്ടാക്കിയതു നമ്പ്യാരാണ്. അദ്ദേഹംതന്നെ എഴുപതു തുള്ളലുകളോളം ഉണ്ടാക്കീട്ടുണ്ട്. തുള്ളൽ നോക്കുക. ഇവയ്ക്കു പുറമെ പ്രധാന കൃതികൾ ശീലാവതി, ശ്രീകൃഷ്ണചരിതംമണിപ്രവാളം, നളചരിതംകിളിപ്പാട്ട്, പഞ്ചതന്ത്രം, ഉത്തരരാമായണം, ചാണക്യസൂത്രം, പതിനാലുവൃത്തം, ഭാഗവതംഇരുപത്തുനാലുവൃത്തം ഇവയാണ്. ചില ആട്ടക്കഥകളും ഉണ്ടാക്കീട്ടുണ്ട്.

**കുഞ്ഞിക്കുട്ടൻതമ്പുരാൻ**—കൊടുങ്ങല്ലൂർ. ഒരു നിമിഷകവി. മഹാഭാരതം മുഴുവനും സംസ്കൃതത്തിൽനിന്നു അനുപദമായി തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തി. ഈ തമ്പുരാൻ ചില നാടകങ്ങളും മററും കാവ്യങ്ങളുംഉണ്ടാക്കീട്ടുണ്ട്.

**കുടജൻ**—ഫ. അഗസ്ത്യൻ. വ. ദ്രോണൻ.

**കുണ്ഡിനപുരം**—വിദർഭരാജ്യത്തിലെ പ്രധാന നഗരം.

**കുന്തളം**—ഒരു പുരാതനരാജ്യം. ഉത്തരകർണ്ണാടകം.

**കുന്തീ**—യാദവരാജാവായ ശൂരൻെറ മകൾ. വസുദേവൻെറപെങ്ങൾ. കുന്തിഭോജൻെറ ദത്തുപുത്രി ദുർവ്വാസസ്സ് മുനിയുടെ വരംകൊണ്ട് കന്യകാത്വം നഷ്ടമാകാതെ സൂര്യനാൽ കർണ്ണൻെറ മാതാവായി, സ്വയംവരത്തിൽ പാണ്ഡുവിനെ തിരഞ്ഞെടുക്കയും അവനാൽ യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ എന്നു മൂന്നു പുത്രന്മാരുണ്ടാകയും ചെയ്തു. പാണ്ഡുവിനു ഒരു ശാപംനിമിത്തം പുത്രരുണ്ടാവാൻ പാടില്ലാഞ്ഞതുകൊണ്ട് അവൻെറ അനുമതിയോടുകൂടി കുന്തി മേല്പടിവരം ഉപയോഗിച്ച് ധർമ്മൻ, വായു, ഇന്ദ്രൻ, ഈ ദേവന്മാരെ ധ്യാനിച്ചു എന്നും അവരാലാണ് മേല്പറഞ്ഞ മൂന്നു പുത്രന്മാരുണ്ടായതെന്നും ഒരു കഥയുണ്ട്. പാണ്ഡുവിൻെറ രണ്ടാമത്തെ ഭാര്യയായ മാദ്രിയോട് കുന്തിക്കു വളരെ സ്നേഹമുണ്ടായിരുന്നു. എങ്കിലും അവൾ ഭർത്താവിൻെറ ചിതയിൽ കയറി മരിച്ചശേഷം അവരുടെ മക്കളോട് വളരെ ദയകാണിച്ചു. ഭാരതയുദ്ധം അവസാനിച്ചശേഷം ധൃതരാഷ്ട്രനോടും ഗാന്ധാരിയോടും കൂടെ വനത്തിൽ പോയി അവിടെയുണ്ടായ തീയിൽ എല്ലാവരുംകൂടെ നശിച്ചുപോയി. കുന്തിക്കു പൃഥാ പാർഷ്ണി എന്നും പേരുകളുണ്ട്.

**കുന്ദം**—കുബേരൻെറ നവനിധികളിൽ ഒന്ന്.

**കുബേരൻ**—വേദത്തിൽ ദുഷ്ടാത്മാക്കളുടെ പ്രധാനനായ വൈശ്രവണൻ. ധനത്തിൻെറ രാജാവും യക്ഷന്മാരുടെ പ്രമാണിയും; ഇഡാവിഡയിൽ വിശ്രവസ്സിൻെറ പുത്രൻ; ലങ്കയിൽ രാജാവായിരുന്നു. എന്നാൽ അവൻെറ സഹോദരനായ രാവണൻ അതിനെ അപഹരിച്ചുകളഞ്ഞു. അനേകായിരം വർഷം തപസ്സുചെയ്താറെ ബ്രഹ്മാവിൽനിന്നു അമർത്ത്യതയെ പ്രാപിക്കയും സകലവിധ ധനത്തിൻെറയും പ്രഭുവാകയും പുഷ്പകം എന്ന വിമാനം ലഭിക്കയുംചെ-

യ്യ ആഭരണങ്ങൾകൊണ്ടു അണിഞ്ഞിട്ടുള്ള അവൻെറ ശരീരം ഏറ്റവും വിരൂപമാകുന്നു. അവനു മൂന്നു കാലുകളും എട്ടു പല്ലുകളും ഒരു കണ്ണിനുപകരം മഞ്ഞനിറത്തിൽ ഒരു അടയാളം മാത്രവും ഉണ്ടു്. കുബേരൻെറ ഭാൎയ്യ മുരൻ എന്ന ദാനവൻെറ മകൾ യക്ഷിയും പുത്രന്മാർ മണിഗ്രീവനും (വൎണ്ണകവി) മയൂരാജനും (നളകൂബരൻ) പുത്രി മീനാക്ഷിയും ഉദ്യാനം മന്ദരപൎവ്വതത്തിലുള്ള ചൈത്രരഥവും സ്ഥാനം കൈലാസവും നഗരം അലക (പ്രഭാ, വസുധരാ, വസുസ്ഥലീ)യും, വിമാനം പുഷ്പകവും ദാസന്മാർ കിന്നര (കിംപുരുഷർ, തുരംഗവദനർ മയുക്കൾ)രും നിധികൾ

മഹാപദ്മശ്ചപദ്മശ്ചശംഖോമകരകച്ഛപൌ।
മുകുന്ദകുന്ദനീലാശ്ചഖൎവ്വശ്ചനിധയോനവ॥

ഇവയും ആകുന്നു പേരുകൾ:—

കുബേരസ്ത്ര്യംബകസഖോ യക്ഷരാഡ്ഗുഹ്യകേശ്വരഃ।
മനുഷ്യധൎമ്മാധനദോ രാജരാജോധനാധിപഃ॥

കിന്നരേശോവൈശ്രവണഃ പൌലസ്ത്യോനരവാഹനഃ।
യക്ഷൈകപിംഗൈലവില ശ്രീദപുണ്യജനേശ്വരാഃ॥

**കുബ്ജ** — കംസൻെറ കൂനിയായ ഒരു ദാസി. കൃഷ്ണനും ബലരാമനും മഥുരയ്ക്കുപോകുമ്പോൾ അവളെക്കണ്ടു് അവൾ കൊടുത്ത കുറിക്കൂട്ടിനു പകരം അവളുടെ കൂനു തീൎത്തു സ്വാസ്ഥ്യപ്പെടുത്തിവിട്ടു.

**കുമാരഗുരു** — തൻെറ പിതാവായ ശിവൻെറ ഗുരു, സുബ്രഹ്മണ്യൻ.

**കുമാരൻആശാൻ, എൻ** — ഒരു മഹാത്മകവി, വീണപൂവു്, ശ്രീബുദ്ധചരിതം ഇത്യാദി കാവ്യങ്ങളുടെ കൎത്താവു്. ഇംഗ്ലണ്ടിലെ യുവരാജാവു് ഇന്ത്യയിൽ വന്നപ്പോൾ ഈ കവിയെ കാണിച്ചുവരുത്തി സമ്മാനങ്ങൾകൊടുത്തു. റെഡീമർബോട്ടപകടത്തിൽ അകാലമൃത്യു പ്രാപിച്ചു.

**കുമാരപാലചരിതം** — ഹേമചന്ദ്രൻെറ ഒരു കാവ്യം.

**കുമാരസംഭവം** കാൎത്തികേയൻെറ ജനനത്തെപ്പററി കാളിദാസൻ ഉണ്ടാക്കിയ ഒരു കാവ്യം. 17 സൎഗ്ഗങ്ങൾ. താരകാസുരൻെറ വധത്തോടുകൂടെ പുസ്തകം അവസാനിക്കുന്നു. മല്ലിനാഥൻെറ വ്യാഖ്യാനം ഏററവും നല്ലതു്. എ. ആർ രാജരാജവൎമ്മ കോയിത്തമ്പുരാൻ ആദ്യത്തെ 8-സൎഗ്ഗം മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുണ്ടു്.

**കുമാരിലഭട്ടൻ** — 7-ാം ശതാബ്ദത്തിലെ ഒരു ബ്രാഹ്മണൻ, അദ്വൈതം ഉപദേശിച്ചു ശ്രീശങ്കരാചാൎയ്യർ ശിഷ്യനായിരുന്നു.

**കുമുദ്വതീ** — നാഗരാജാവായ കുമുദൻെറ സഹോദരി. കുശൻ വിവാഹംചെയ്തു.

**കുമേരു** — ദക്ഷിണധ്രുവം. യമൻെറ വാസസ്ഥലം.

**കുംഭകം** — യോഗാഭ്യാസത്തിൽ ശ്വാസം അടക്കിവെയ്ക്കുന്ന മുറ.

**കുംഭകൎണ്ണൻ** — കേശിനിയിൽ വിശ്രവസ്സിൻെറ പുത്രനും രാവണൻെറ സഹോദരനും ആയ ഒരു ഭയങ്കര രാക്ഷസൻ. അനേകായിരം ഋഷിമാ

രെയും അപ്സരസ്ത്രീകളെയും മററും ഭക്ഷിച്ചുകളഞ്ഞു. അതിൻെറശേഷം ഇന്ദ്രനെയും ഐരാവതത്തെയും അപമാനിക്കകൊണ്ടു ബ്രഹ്മാവ് അവനെ ശപിക്കയും അവൻ പോയി തപസ്സുചെയ്തു ബ്രഹ്മാവിനെ സന്തോഷിപ്പിക്കയുംചെയ്തു. എന്നാൽ ബ്രഹ്മാവിനോടു വരം ചോദിപ്പാൻ ചെന്നപ്പോൾ ദേവകളുടെ അപേക്ഷപ്രകാരം സരസ്വതി അവൻെറ നാവിന്മേൽ ഇരുന്നുകൊണ്ടു ഇന്ദ്രപദം എന്നു അവൻ ചോദിക്കാൻ വിചാരിച്ചതിനു പകരം നിദ്രാപദം എന്നു ചോദിപ്പിച്ചു. അന്നുമുതൽ അവൻ ആറുമാസം ഒന്നായി ഉറങ്ങുകയും ഉണൎന്നാൽ ഒരു ദിവസം മാത്രം ഉണൎന്നിരിക്കയും ചെയ്തുവന്നു. രാവണൻ യുദ്ധത്തിൽ തോല്ക്കാറായപ്പോൾ ചെന്നു വളരെ പ്രയാസപ്പെട്ടു് കുംഭകൎണ്ണനെ ഉണൎത്തി. കുംഭകൎണ്ണൻ ഉണൎന്നു ൨൦൦൦-കുടം കള്ളു കുടിച്ചശേഷം വാനരസൈന്യത്തോടു യുദ്ധത്തിനു പുറപ്പെട്ടു അനവധി വാനരങ്ങളെ ഭക്ഷിച്ചു വയറു നിറച്ചാറെ സുഗ്രീവനെ തോല്പിച്ചു് തടവുകാരനായി ലങ്കയിലേക്കു കൊണ്ടുപോയി, തിരിച്ചുവന്നു രാമചന്ദ്രനോടു യുദ്ധംചെയ്തു രാമൻ അവനെ തോല്പിച്ചു ശിരച്ഛേദനം ചെയ്കയുംചെയ്തു.

കുംഭയോനി—അഗസ്ത്യൻ.

കുംഭരൻ—ശിവൻ.

കുരു—ചന്ദ്രവംശത്തിലെ രാജാവു് ധൃതരാഷ്ട്രൻെറയും പാണ്ഡുവിൻെറയും പൂൎവ്വികൻ. എന്നാൽ ധൃതരാഷ്ട്രൻെറ മക്കൾക്കു മാത്രമേ കൗരവർ എന്നു പേരുള്ളു.

കുരുക്ഷേത്രം—പാണ്ഡവരും കൌരവരും തമ്മിൽ യുദ്ധം ഉണ്ടായ സ്ഥലം.

കുരുരാജാവ്—ദുൎയ്യോധനൻ.

കുറൾ—തമിഴിലെ പ്രധാനഗ്രന്ഥങ്ങളിൽ ഒന്നു. തിരുവള്ളുവർ എഴുതിയതു്. മൂന്നു പുരുഷാൎത്ഥങ്ങളെപ്പററിയുള്ള മൂന്നു ഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. സംസ്കൃതപുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തി എഴുതീട്ടുള്ളതല്ലെന്നുള്ളതു ഒരു വിശിഷ്ടത. മലയാളത്തിൽ എ. ഗോവിന്ദപ്പിള്ള അവൎകൾ പരിഭാഷപ്പെടുത്തീട്ടുണ്ടു്.

കുലപൎവ്വതങ്ങൾ (അചലം, അദ്രി, ശൈലം)—ഭാരതത്തിൻെറ ഓരോ ഖണ്ഡത്തിലുള്ള ഏഴു പ്രധാന പൎവ്വതങ്ങൾ:—

മഹേന്ദ്രോ മലയഃ സഹ്യഃ ശുക്തിമാനൃക്ഷപൎവതഃ।
വിന്ധ്യശ്ച പാരിയാത്രശ്ച സപ്തൈതേ കുലപൎവതാഃ॥

കുലപതി—പതിനായിരം ശിഷ്യരെ പഠിപ്പിച്ചു പോററുന്ന ഋഷി.

മുനീനാം ദശസാഹസ്രം യോന്നദാനാദി പോഷണാൽ।
അദ്ധ്യാപയതി വിപ്രൎഷി രസൌ കുലപതിഃ സ്മൃതഃ॥

കുലിശം—ഇന്ദ്രൻെറ വജ്രായുധം.

കുവലയാനന്ദം—അപ്പയ്യദീക്ഷിതർ ഉണ്ടാക്കിയ അലങ്കാരങ്ങളെ കുറിച്ചുള്ള ഒരു പുസ്തകം. ചന്ദ്രാലോകത്തിൻെറ വ്യാഖ്യാനമാണെന്നു പറയാം.

**കുവലയാപീഡം**—കംസന്റെ ആന, ബാലരായ കൃഷ്ണനെയും ബലരാമനെയും ചവിട്ടി കൊല്ലുവാൻ ചെന്നിട്ട് അതുതന്നെ കൊല്ലപ്പെട്ടു.

**കുശൻ**—രാമന്റെയും സീതയുടെയും ഒരുപുത്രൻ. രാമന്റെ മരണശേഷം ദക്ഷിണകോസലത്തിൽ രാജാവായി. കുശസ്ഥലീ അല്ലെങ്കിൽ കുശാവതീ എന്ന നഗരം പണിയിച്ചു അവിടെപ്പാൎത്തു രാജ്യഭാരംചെയ്തു.

**കുശകുമുദ്വതീയം**—കുശന്റെയും നാഗരാജകുമാരിയായ കുമുദ്വതിയുടെയും പ്രണയം വിവരിക്കുന്ന ഒരു നാടകം അതിരാത്രയജ്വാവ് എന്നൊരു കവി ഉണ്ടാക്കിയതു്.

**കുശദ്വീപം**—ദ്വീപുകൾ നോക്കുക.

**കുശധ്വജൻ**—മിഥിലരാജാവായ ജനകന്റെ സഹോദരൻ, രാമൻ സീതയെ വിവാഹം ചെയ്തപ്പോൾ ഭരതനും ശത്രുഘ്നനും കുശധ്വജന്റെ പുത്രിമാരായ മാണ്ഡവിയെയും ശ്രുതകീൎത്തിയെയും വിവാഹം ചെയ്തു.

**കുശസ്ഥലീ**—രൈവതൻ പണിയിച്ച ഒരു നഗരം, രൈവതൻ ഒരിക്കൽ ബ്രഹ്മലോകത്തിൽ പോയപ്പോൾ യക്ഷരോ രാക്ഷസരോ വന്നു നഗരം നശിപ്പിച്ചു കളഞ്ഞു.

**കുശാവതീ, കുശസ്ഥലീ**—കുശൻ പണിയിച്ച ഒരു പട്ടണം.

**കുശാംബൻ**—കുശന്റെ പുത്രൻ, ഇന്ദ്രതുല്യനായ ഒരുപുത്രനുവേണ്ടി തപസ്സുചെയ്താറെ ഇന്ദ്രൻതന്നെ ഭയപ്പെട്ടു കുശാംബന്റെ പുത്രനായ ഗാധിയായിട്ടു ജനിച്ചു.

**കുശികൻ**—വിശ്വാമിത്രന്റെ പിതാവാണെന്നു ചിലരും വിശ്വാമിത്രന്റെ ഒരു പൂൎവികൻ മാത്രമാണെന്നു മറ്റുചിലരും പറയുന്നു.

**കുസുമായുധൻ**—(അസ്ത്രൻ, ബാണൻ, ശരൻ)—കാമദേവൻ.

**കുഹൻ**—കുബേരൻ.

**കൂപമണ്ഡൂകം**—കൂപത്തിൽ കിടക്കുന്ന തവളയെപ്പോലെ ലോകപരിജ്ഞാനമില്ലാത്തവൻ.

**കൂർദനി**—കാമദേവന്റെ മഹിമക്കായി കൊണ്ടാടുന്ന ഒരു ഉത്സവം.

**കൂൎമ്മപുരാണം**—പേരു വിഷ്ണുവിന്റെ കൂൎമ്മാവതാരസംബന്ധമായിട്ടുള്ളതാണെങ്കിലും ശിവസേവയെ ഉപദേശിക്കുന്ന ഒരു ശൈവപുരാണം.

**കൂൎമ്മാവതാരം**—അവതാരം നോക്കുക.

**കൃതയുഗം**—സത്യയുഗം, ഒന്നാമത്തെ യുഗം-യുഗം നോക്കുക.

**കൃതാന്തൻ**—യമൻ.

**കൃതവൎമ്മാവു**—ഒരു കൌരവയോദ്ധാവു്. ദ്വാരകയിൽവെച്ചു സാത്യകിയാൽ കൊല്ലപ്പെട്ടു. ഭോജനെന്നും പേരുണ്ടു്.

**കൃതവീര്യൻ**—കാർത്തവീര്യന്റെ പിതാവ് ഭൂലോകം വളരെ യോഗ്യമായിട്ടു ഭരിച്ചു. ൧൦൦൦൦ യാഗം കഴിച്ചു.

**കൃത്തിക്കൾ**—കാർത്തികേയന്റെ വളൎത്തമ്മമാരായ ആറു നക്ഷത്രങ്ങൾ.

**കൃപൻ**—ശരദ്വതമുനിയുടെ പുത്രനും ശന്തനുരാജാവിന്റെ ദത്തപുത്രനം. ഭാരതയുദ്ധത്തിന്റെ അവസാനത്തിൽ പാണ്ഡവരെ രാത്രിയിൽ ആക്രമിച്ച മൂന്നു കുരുയോദ്ധാക്കളിൽ ഒരുവൻ. കൃപാ നോക്കുക.

**കൃപാ, കൃപീ**—ദ്രോണന്റെ ഭാര്യ, അശ്വത്ഥാമാവിന്റെ അമ്മ. ശരദ്വതമുനിയുടെ തപസ്സുകൊണ്ടു ഭയപ്പെട്ടു ഇന്ദ്രൻ അവനെ വശീകരിക്കുന്നതിനായി ജാനപദി എന്ന അപ്സരസ്ത്രീയെ അയച്ചു. അപ്സരസ്ത്രീയുടെ ഉദ്ദേശം സാധിച്ചില്ലെങ്കിലും ആ ഋഷിക്കു രണ്ടു ശിശുക്കൾ ജനിച്ച് പുല്ലിനിടയിൽക്കിടന്നിരുന്നു. ശന്തനുരാജാവ് അവരെക്കണ്ടു് കൃപതോന്നി എടുത്ത് തന്റെ മക്കളായി വളൎത്തി, അതുകൊണ്ടു അവൎക്കു കൃപനെന്നും കൃപിയെന്നും പേരുണ്ടായി.

**കൃശാനു, കൃശാനുരേതസ്**—ശിവൻ.

**കൃഷ്ണൻ**—൧. വ്യാസൻ. ൨. അൎജ്ജുനൻ.

**കൃഷ്ണൻ**—വിഷ്ണുവിന്റെ എട്ടാമത്തെ അവതാരം. കംസനെയും അവന്റെ രാജ്യത്തേയും അവന്റെ സഹോദരന്റെ പുത്രിയായ ദേവകിയുടെ ഒരു പുത്രൻ നശിപ്പിക്കുമെന്നു നാരദമഹർഷി പ്രവചിക്കയാൽ (അശരീരവാക്കുകൊണ്ടു അറിഞ്ഞതാണെന്നും ഒരു കഥയുണ്ട്.) കംസൻ ദേവകിയെയും വസുദേവനെയും അവന്റെ കൊട്ടാരത്തിൽ തടവുകാരായി പാർപ്പിക്കയും ദേവകി പ്രസവിച്ച ആറു കുഞ്ഞുങ്ങളെ കൊന്നുകളകയുംചെയ്തു. ദേവകി ഏഴാമതു ഗർഭംധരിച്ചതു വിഷ്ണുവിന്റെ ഒരവതാരമായ ബലരാമൻ ആയിരുന്നു. ആ കുഞ്ഞിനെ പ്രസവത്തിനു മുമ്പായി ദേവകിയുടെ ഗർഭപാത്രത്തിൽനിന്നു വസുദേവന്റെ രണ്ടാമത്തെ ഭാര്യയായ രോഹിണിയുടെ ഗർഭപാത്രത്തിലേക്കു മാററിക്കളഞ്ഞതിനാൽ കംസൻ അവനെ കൊന്നില്ല. ദേവകി വീണ്ടും ഗർഭം ധരിച്ചു അർദ്ധരാത്രിയിൽ കറുത്ത ശരീരവും നെഞ്ചത്തു ശ്രീവത്സം എന്ന അടയാളവും ഉള്ള ഒരു കുഞ്ഞിനെ പ്രസവിച്ചു. ഈ കുഞ്ഞാണ് വിഷ്ണുവിന്റെ പ്രധാനാവതാരമായ ശ്രീകൃഷ്ണൻ. കൃഷ്ണൻ സാക്ഷാൽ വിഷ്ണുതന്നെ ആയിരുന്നെന്നു വിശ്വസിക്കുന്നവരും ഉണ്ട്. പ്രസവം കഴിഞ്ഞ് ഉടനെ ദേവകളുടെ പ്രീതിയാൽ കാവൽക്കാർ എല്ലാവരും മയങ്ങിപ്പോകയും കാരാഗൃഹവാതലുകളെല്ലാം താനേ തുറക്കയും വസുദേവൻ കുഞ്ഞിനെയും എടുത്തുകൊണ്ട് അവിടം വിട്ടു പോകയും ചെയ്തു. വസുദേവൻ ഗോപാലനായ നന്ദന്റെ വീട്ടിൽ പോയി അവന്റെ ഭാര്യയായ യശോദ അന്നു രാത്രിതന്നെ പ്രസവിച്ച ഒരു പെൺകുഞ്ഞിനു പകരം രഹസ്യമായി കൃഷ്ണനെ കിടത്തിയുംവെച്ചു ആ കുഞ്ഞിനെ എടുത്തു ദേവകിയുടെ അടുക്കൽ കൊണ്ടുവന്നു കിടത്തി. വസുദേവൻ തന്നെ ചതിച്ചു എന്നറിഞ്ഞിട്ടു കംസൻ തന്റെ രാജ്യത്തിലെ എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയണമെന്നു കല്പിച്ചു. ഈ കല്പനകേട്ടു ഭയപ്പെട്ട് നന്ദൻ കൃഷ്ണനെ എടുത്തുകൊണ്ടു യശോദയോടും രോഹിണിയോടും ബലരാമനോടുംകൂടെ ഗോകുലത്തിൽ പോയി പാൎത്തു. അവിടെ കൃഷ്ണനും ബലരാമനും ഒന്നിച്ചു വളൎന്നു. അവരുടെ വിസ്മയകരമായ ബലവും ദിവ്യശക്തികളും നിമിത്തം എളുപ്പത്തിൽ

ഘീൎത്തിമാന്മാരായി; കൃഷ്ണനെ വധിക്കുന്നതിനുള്ള ഉപായങ്ങളെല്ലാം കംസൻ ചെയ്തുകൊണ്ടുമിരുന്നു. രാക്ഷസിയായ പൂതന കൃഷ്ണനു പാല്യംകൊടുത്തു കൊല്ലുന്നതിനായി ഒരു സുന്ദരസ്ത്രീയുടെ രൂപം ധരിച്ചുവന്നു; എന്നാൽ കൃഷ്ണൻ പാലുകുടിച്ചു അവളെ കൊന്നുകളഞ്ഞു. ഒരു രാക്ഷസൻ ഒരു വണ്ടി കൃഷ്ണന്റെമേൽ കയററി കൊല്ലുവാൻ നോക്കിയാറെ കൃഷ്ണൻ ആ വണ്ടി പൊടിച്ചുകളഞ്ഞു. അതിൽപിന്നെ തൃണാവൎത്തൻ എന്ന ഒരസുരൻ ഒരു കൊടുങ്കാററുപോലെ വന്നു ശിശുവായ കൃഷ്ണനെ എടുത്തുകൊണ്ടു പാഞ്ഞുകളഞ്ഞു. എന്നാൽ കൃഷ്ണന്റെ ഘനംനിമിത്തം അവൻ നിലത്തുവീണുമരിച്ചു. ഒരിക്കൽ കൃഷ്ണൻ പാല്കുലം ഉടച്ചും വെണ്ണ കട്ടുതിന്നുകയും ചെയ്തുകൊണ്ടു യശോദ ദേഷ്യപ്പെട്ടു ഒരുകയറെടുത്തു കൃഷ്ണനെ ഒരു ഉരലോടു കെട്ടിയിട്ടു; കൃഷ്ണൻ (ദാമോദരൻ) ഉരലും വലിച്ചുകൊണ്ടു രണ്ടു മരങ്ങളുടെ ഇടയിൽ ചെന്നാറെ അവ രണ്ടും വേരോടേ പിഴുതു വീണുപോയി. ഒരിക്കൽ യമുനയിൽ പാൎത്തിരുന്ന കാളിയസൎപ്പത്തോടു യുദ്ധം ചെയ്തു അതിനെ അവിടെനിന്നു ഓടിച്ചുകളഞ്ഞു. ഒരിക്കൽ ഗോപികൾ കളിച്ചുകൊണ്ടുനില്ക്കുമ്പോൾ അവരുടെ വസ്ത്രങ്ങൾ എല്ലാം എടുത്തുകൊണ്ടു ഒരു മരത്തിന്മേൽ കയറി ഇരിക്കയും അവർ നഗ്നകളായി തന്റെ മുമ്പാകെ ചെന്നു വസ്ത്രങ്ങൾ ചോദിച്ചശേഷം മാത്രം തിരികെ കൊടുക്കയുംചെയ്തു. ഒരിക്കൽ നന്ദൻ മുതലായ ഗോപാലന്മാരെക്കൊണ്ടു കൃഷ്ണൻ ഇന്ദ്രന്റെ സേവയെ ഉപേക്ഷിപ്പിക്കയും അതിനുപകരം ഗോവൎദ്ധനപൎവ്വതത്തെ വന്ദിപ്പിക്കയും ചെയ്തുകൊണ്ടു ഇന്ദ്രൻ കോപിച്ചു പെരുമഴ പെയ്യിച്ചതിനാൽ ജലപ്രളയം ഉണ്ടായപ്പോൾ കൃഷ്ണൻ (ഗോവൎദ്ധനധരൻ അല്ലെങ്കിൽ തുംഗീശൻ) പൎവ്വതത്തെ തന്റെ വിരലിന്മേൽ ഉയൎത്തിപ്പിടിക്കയാൽ ഗോപാലന്മാൎക്കും അവരുടെ സമ്പത്തുക്കൾക്കും യാതൊരു കേടും തട്ടാതിരിക്കയും ഇന്ദ്രന്റെ ഉത്സാഹം നിഷ്ഫലമായിപ്പോകയും ചെയ്തു. ഇതിനാൽ ഇന്ദ്രൻ കൃഷ്ണനു ഉപേന്ദ്രനെന്നു പേരുകൊടുത്തു. യൌവനം പ്രാപിച്ച അതിസുന്ദരനായ കൃഷ്ണൻ ഏഴെട്ടു ഗോപികളെ വിവാഹം ചെയ്തു. എന്നാൽ പ്രധാനഭാൎയ്യ രാധയായിരുന്നു. തന്റെയും രാധയുടെയും ചുറ്റും ഗോപികൾ മണ്ഡലനൃത്യം അല്ലെങ്കിൽ രാസമണ്ഡലനൃത്തംചെയ്തുവന്നു. എന്നാൽ ഈ സന്തോഷസ്ഥിതി കംസന്റെ ഉപായങ്ങൾ നിമിത്തം അധികനാൾ നിലനിന്നില്ല. കംസൻ കൃഷ്ണനെ കൊല്ലുവാനായി ഒരു കാളയുടെ രൂപത്തിൽ അരിഷ്ടാസുരനെയും ഒരു കുതിരയുടെ രൂപത്തിൽ കേശിരാക്ഷസനെയും അയച്ചു. എന്നാൽ കൃഷ്ണൻ അവരെ കൊന്നുകളഞ്ഞു. പിന്നെ തന്നെ കൊല്ലുവാനായി വന്ന പ്രലംബൻ, ജംഭൻ, വീതൻ, ഏകലവ്യൻ ഇവരെയും കൃഷ്ണൻ യമാലയത്തിലേക്കു പറഞ്ഞയച്ചു. പിന്നെ ചാപയാഗം കാണ്മാനായി അക്രൂരൻ മുഖാന്തരം കംസൻ ബലരാമനെയും കൃഷ്ണനെയും മഥുരയ്ക്കു ക്ഷണിച്ചു. അവർ പോകുംവഴി കംസന്റെ രജകനെ കൊന്നിട്ടു അവൎക്കു വേണ്ടുന്ന വസ്ത്രങ്ങളെല്ലാം എടുത്തു, അതിന്റെശേഷം കുബ്ജ എന്ന കൂനി അവൎക്കു കുറിക്കൂട്ടു കൊടുക്കകൊണ്ടു കൃഷ്ണൻ അവളെ സൌഖ്യപ്പെടുത്തിവിട്ടു. മഥുരയിൽ ചെന്നു കൃഷ്ണൻ കംസന്റെ മല്ലനായ ചാണൂരനെ കൊന്നു; അതിന്റെ ശേഷം ദ്വന്ദ്വയുദ്ധത്തിൽ കംസനെ കൊന്നു ഉഗ്രസേനനെ രാജാവാക്കി. പിന്നെ ബലരാമന്റെ സഹായത്തോടുകൂടി കംസന്റെസഹോദരനും ശൂരസേനരാജാവുമായ സുനാമാവെ നശിപ്പിച്ചു. മഥുരയിൽ താമസിച്ചു അവർ സാന്ദീപനിയുടെ കീഴിൽ ആയുധശാസ്ത്രം അഭ്യസിച്ചു. പാതാളത്തിൽ ചെന്നു കംസൻ കൊന്ന തന്റെ ആറു ജ്യേഷ്ഠന്മാരെയും കൊണ്ടുവന്നു. അവർ അമ്മയുടെ പാൽ കുടിച്ചശേഷം സ്വൎഗ്ഗാരോഹണം ചെയ്തു. ഈ കാലം കൃഷ്ണൻ പഞ്ചജനാസുരനെ കൊന്നു സമുദ്രത്തിൽ വസിച്ചിരുന്ന അവന്റെ തോടെടുത്തു തന്റെ കാഹളമായിട്ടു (പാഞ്ചജന്യം) ഉപയോഗിച്ചു. അതിൽ പിന്നെ കംസന്റെ ഭാൎയ്യമാരുടെ പിതാവും മഗധരാജാവും ആയ ജരാസന്ധൻ മഥുരയെ പതിനെട്ടു പ്രാവശ്യം ആക്രമിച്ചു പതിനെട്ടു പ്രാവശ്യവും കൃഷ്ണൻ അവനെ തോല്പിച്ചു എ

ന്നാലും കൃഷ്ണന്റെ ശക്തി വളരെ ക്ഷയിച്ചുപോയി. അതുകൊണ്ടു കാലയവനൻ എന്ന യവനരാജാവു തന്റെ നേരേ വന്നപ്പോൾ കൃഷ്ണൻ മഥുരവിട്ടു സമുദ്രതീരത്തിലേക്കു വന്നു സമുദ്രത്തിൽ ഇറങ്ങി വരുണനെ തോല്പിച്ചു ദ്വാരകാപുരി പണിയിച്ചു (മഹാഭാരതത്തിൽ ജരാസന്ധന്റെ പതിനെട്ടാം ആക്രമണത്തിനു മുമ്പായി ദ്വാരകയ്ക്കു പോന്നു എന്നാണ്) അതിൽപിന്നെ ദൈത്യരുടെ ആകാശവിമാനനഗരമായ സൌഭത്തെ നശിപ്പിച്ചു. ശാല്വനെ തോല്പിച്ചു ശതഘ്നി എന്ന ആഗ്നേയാസ്ത്രം സമ്പാദിച്ചു. ദ്വാരകയിൽ വന്നശേഷം ശിശുപാലനു വാഗ്ദാനം ചെയ്തിരുന്ന വിദർഭരാജപുത്രിയായ രുഗ്മിണിയെ കൃഷ്ണൻ അപഹരിച്ചു കൊണ്ടുപോയി വിവാഹം ചെയ്തു. സ്യമന്തകരത്നത്തെ സംബന്ധിച്ചുണ്ടായ യുദ്ധങ്ങളുടെ ശേഷം ജാംബവാന്റെ പുത്രി ജാംബവതിയും സത്രാജിത്തിന്റെ പുത്രി സത്യഭാമയും കൃഷ്ണന്റെ ഭാര്യമാരായിത്തീൎന്നു. കൃഷ്ണനു ആകപ്പാടെ ൧൬൦൦൮ ഭാര്യമാരും ൧൮൦,൦൦൦ പുത്രന്മാരും ഉണ്ടായിരുന്നു. കൃഷ്ണനാൽ രുക്മിണിക്കു പ്രദ്യുമ്നനും ചാരുമതിയും ജാംബവതിക്കു ശാംബനും സത്യഭാമയ്ക്കു ഭാനുമുതൽ പത്തുപുത്രന്മാരും ഉണ്ടായി. ഇന്ദ്രൻ ഒരിക്കൽ ദ്വാരകയിൽ വന്നു അദിതിയുടെ കുണ്ഡലഭൂഷണങ്ങൾ അപഹരിച്ചുകൊണ്ടുപോയ നരകാസുരന്റെ അക്രമങ്ങൾ നിൎത്തൽ ചെയ്യണമെന്നു കൃഷ്ണനോടപേക്ഷിച്ചു. അപ്രകാരം കൃഷ്ണൻ പോയി നരകാസുരന്റെ നഗരപാലകരായ മുരു എന്നും ഓഘൻ എന്നും പേരായ രാക്ഷസന്മാരെ കൊന്നു നഗരത്തിൽ പ്രവേശിച്ചു നരകനെയും കൊന്നു കുണ്ഡലഭൂഷണങ്ങൾ തിരികെ കൊണ്ടുവന്നുകൊടുത്തു. പിന്നെ കൃഷ്ണൻ സത്യഭാമയോടുകൂടി ഇന്ദ്രനെ കാണുന്നതിനായി സ്വൎഗ്ഗത്തിൽ ചെന്നു തിരിച്ചുപോരുമ്പോൾ സത്യഭാമയുടെ ആഗ്രഹപ്രകാരം സമുദ്രമഥനത്തിൽ കിട്ടിയ പാരിജാതവൃക്ഷം കൂടി അപഹരിച്ചുകൊണ്ടുപോന്നു. അതുനിമിത്തം കൃഷ്ണനും ഇന്ദ്രനും തമ്മിൽ യുദ്ധംഉണ്ടായി കൃഷ്ണൻ ഇന്ദ്രനെ തോല്പിച്ചു. പ്രദ്യുമ്നന്റെ പുത്രനായ അനിരുദ്ധനെ ദൈത്യനായ ബാണന്റെ പുത്രി ഉഷ സ്നേഹിക്കയാൽ അനിരുദ്ധനെ വശീകരിച്ചുകൊണ്ടുപോയി തടവിൽ പാൎപ്പിക്കയും അതിനാൽ കൃഷ്ണൻ, ബലരാമൻ പ്രദ്യുമ്നൻ ഇവർ ഒരു ഭാഗമായും ബാണനും ദൈത്യസൈന്യവും ശിവനും കാൎത്തികേയനും മറേറ ഭാഗമായും യുദ്ധം ഉണ്ടാകയും ചെയ്തതിൽ കൃഷ്ണനും മററും ജയിച്ചു അനിരുദ്ധനെ വിട്ടുവിച്ചു കൊണ്ടുപോന്നു. ഒരു വസുദേവന്റെ പുത്രനായ പൌണ്ഡ്രകൻ പേരിന്റെ ഐക്യം നിമിത്തം താൻ കൃഷ്ണനാണെന്നു നടിച്ചുനടന്നതുകൊണ്ടു കൃഷ്ണൻ അവനെ കൊല്ലുകയും തന്റെ ചക്രംകൊണ്ടു അവന്റെ സഖാവായ കാശിരാജാവിന്റെ നഗരം നശിപ്പിക്കയും ചെയ്തു.

കൃഷ്ണൻ ദ്രൌപദിയുടെ സ്വയംവരത്തിനുപോയി ജയംപ്രാപിച്ചതു അൎജ്ജുനനാണെന്നു വിധിച്ചു ഇന്ദ്രപ്രസ്ഥത്തിൽപോയി പാണ്ഡവരോടുകൂടി ഖാണ്ഡവവനത്തിൽ വേട്ടചെയ്കയും മററും ചെയ്തു. അതിന്റെശേഷം അഗ്നിയുടെ ആവശ്യപ്രകാരം ഖാണ്ഡവവനം അൎജ്ജുനന്റെ സഹായത്തോടുകൂടി ദഹിപ്പിക്കയും ചെയ്തു. അതുകൊണ്ടു അഗ്നി വജ്രനാഭം എന്ന ചക്രവും കൌമോദകീ എന്ന ഗദയും കൃഷ്ണനു സമ്മാനിച്ചു. പിന്നീടു കൃഷ്ണനെ കാണുന്നതിനായി അൎജ്ജുനൻ ദ്വാരകയിൽ ചെല്ലുകയും കൃഷ്ണന്റെ അനുമതിയോടും സഹായത്തോടുംകൂടി സുഭദ്രയെ അപഹരിച്ചു കൊണ്ടുപോകയും ചെയ്തു. യുധിഷ്ഠിരൻ രാജസൂയയാഗം കഴിക്കാൻ ഭാവിച്ചപ്പോൾ ജരാസന്ധനെ കൊന്നശേഷം മാത്രമേ കഴിക്കാൻപാടുള്ളു എന്നു പറഞ്ഞിട്ടു കൃഷ്ണൻ തന്റെ വൈരിയായ ജരാസന്ധനെ കൊല്ലിച്ചു. രാജസൂയത്തിനുപോയി അവിടെവെച്ചു ശിശുപാലനുമായി യുദ്ധമുണ്ടായി ചക്രംകൊണ്ടു ശിശുപാലനെ വധിച്ചു. യുധിഷ്ഠിരനും കൌരവന്മാരും തമ്മിലുണ്ടായ ചൂതുകളിയിൽ യുധിഷ്ഠിരൻ തോററു ദ്രൌപദിപോലും നഷ്ടയായിപ്പോയപ്പോൾ ദുശ്ശാസനൻ അവളെ സഭാസമക്ഷം

കൊണ്ടുവന്ന് അവളെ അവമാനിക്കുന്നതിനായി വസ്ത്രം അഴിച്ചു കളഞ്ഞാറെ കൃഷ്ണന്റെ ദിവ്യസഹായത്താൽ വസ്ത്രം അഴിച്ചു കളയുന്തോറും വേറെ വസ്ത്രം അവളുടെ ശരീരത്തിന്മേൽ ഉണ്ടായിവന്നു. കൌരവരും പാണ്ഡവരും തമ്മിലുള്ള വിരോധം ഒത്തുതീക്കണമെന്നു കൃഷ്ണൻ ഗുണദോഷം പറഞ്ഞു. യുദ്ധത്തിൽ തന്റെ സഹായത്തിനായി അർജ്ജുനനും ദുര്യോധനനും ദ്വാരകയിൽ ചെന്നു ചോദിച്ചാറെ ഇരുകക്ഷികളും തന്റെ ബന്ധുക്കളാകകൊണ്ടു ഒരുകൂട്ടരെ തന്റെ ശരീരംകൊണ്ടും മറ്റേക്കൂട്ടരെ തന്റെ സൈന്യംകൊണ്ടും സഹായിക്കാമെന്നു കൃഷ്ണൻ പറകയും ആദ്യംവന്ന അർജ്ജുനൻ കൃഷ്ണന്റെ ശരീരസഹായത്തെ വരിക്കയും ദുര്യോധനൻ കൃഷ്ണന്റെ സൈന്യത്തെ സന്തോഷത്തോടെ അംഗീകരിക്കയും ചെയ്തു. പിന്നെ ഹസ്തിനാപുരത്തിൽ ചെന്നു കൃഷ്ണൻ പാണ്ഡവൎക്കുവേണ്ടി പിന്നെയും ഫലമില്ലാതെ മദ്ധ്യസ്ഥത പറഞ്ഞു; യുദ്ധത്തിൽ കൃഷ്ണൻ അർജ്ജുനന്റെ സാരഥിയായിരുന്നു. ലോകവിശ്രുതമായ ഭഗവൽഗീത സാരഥിയായിരിക്കുമ്പോൾ കൃഷ്ണൻ അർജ്ജുനനു ഉപദേശിച്ചതാണ്. കൃഷ്ണൻ യുദ്ധത്തിൽ വളരെ സഹായംചെയ്തു. എന്നാൽ ദ്രോണന്റെ ശക്തിയെ ക്ഷയിപ്പിച്ച കളവും ദുര്യോധനനെ ബലഹീനപ്പെടുത്തിയ ഭീമന്റെ അയോഗ്യപ്രഹാരവും കൃഷ്ണന്റെ ആലോചനയായിരുന്നു. പിന്നെ കൃഷ്ണൻ ജയം പ്രാപിച്ച പാണ്ഡവരോടുകൂടി ഹസ്തിനാപുരത്തിലേക്കു പോയി യുധിഷ്ഠിരനെ രാജാവായി വാഴിക്കയും അവരെക്കൊണ്ടു അശ്വമേധയാഗം കഴിപ്പിക്കയുംചെയ്തു. അതിന്റെശേഷം ദ്വാരകയിലേക്കു മടങ്ങിവന്നു സുരാപാനം വിരോധിച്ചു. പിന്നെ ദ്വാരകയിൽ ഭയങ്കര ദുശ്ശകുനങ്ങളും ജനങ്ങളിൽ ഭീതിയും ഉണ്ടാകയാൽ എല്ലാവരും പ്രഭാസത്തിലേക്കു പോയി ദേവപൂജ ചെയ്യുന്നതിനായി കല്പിച്ചു. പിന്നൊരുദിവസം കൃഷ്ണൻ സുരാപാനം സമ്മതിക്കയും ലഹരി പിടിച്ചവർ തമ്മിൽ കലഹം ഉണ്ടാകയും അതിൽ കൃഷ്ണന്റെ മുമ്പാകെ തന്നെ പ്രദ്യുമ്നനും യാദവരിൽ മിക്കപേരും മരിക്കയുംചെയ്തു. ബലരാമൻ അവിടെനിന്നു പോയി സമാധാനത്തിൽ മരിച്ചു. ജരസൻ എന്നൊരു വേടൻ അറിയാതെ ഒരു മാനാണെന്നു വിചാരിച്ചു എയ്ത അമ്പുകൊണ്ടു കൃഷ്ണനുംമരിച്ചു. അർജ്ജുനൻ ദ്വാരകയിൽ ചെന്ന് കൃഷ്ണന്റെ ശേഷക്രിയകൾചെയ്തു. അല്പദിവസം കഴിഞ്ഞാറെ ദ്വാരകാപുരിയും സമുദ്രം കയറി നശിച്ചുപോയി

ശ്രീകൃഷ്ണന്റെ ചരിത്രങ്ങളായി ഇന്ത്യയിലെ എല്ലാ ഭാഷകളിലും അനേകം കാവ്യങ്ങൾ ഉണ്ട്. സംസ്കൃതത്തിൽ ഹരിവംശവും ഭാഗവതം ഏകാദശവും ഹരിവംശസാരചരിത്രവും ശ്രീകൃഷ്ണവിലാസവും മലയാളത്തിൽ കൃഷ്ണഗാഥയും, ശ്രീകൃഷ്ണചരിതം മണിപ്രവാളവും ശ്രീകൃഷ്ണവിലാസം പരിഭാഷയും പ്രധാനങ്ങളായി പറയാം-

**കൃഷ്ണകൎണ്ണാമൃതം**—സോമഗിരിയിൽ വില്വമംഗലൻ അല്ലെങ്കിൽ ലീലാശുകൻ എന്ന കവി ഉണ്ടാക്കിയതു. കാവ്യത്തിനു മൂന്നുഭാഗവും ഓരോ ഭാഗത്തിൽ നൂറിൽപരം ശ്ലോകങ്ങളും ഉണ്ട്.

**കൃഷ്ണഗാഥ**—മലയാളഭാഷയിൽ ഒരു പ്രധാനഗ്രന്ഥം വിഷയം ശ്രീകൃഷ്ണന്റെ ചരിത്രം; കൎത്താവു ഒരു യഥാൎത്ഥകവിയായ ചെറുശ്ശേരി നമ്പൂതിരി. ഇതിനെ കൃഷ്ണപ്പാട്ടു എന്നും ചെറുശ്ശേരി എന്നും പറയാറുണ്ട്. കൊല്ലവർഷം ൬൦൦-നും ൭൦൦-നും മദ്ധ്യേ ജീവിച്ചിരുന്ന ഈ കവി ഒരു ഉത്തരകേരളീയനാണ്.

**കൃഷ്ണചരിതം** - കൎണ്ണാടകത്തിൽ കനകദാസന്റെ ഒരു കൃതി.

കൃഷ്ണപക്ഷം — പൌൎണ്ണമാസിമുതൽ അമാവാസിവരെയുള്ള ദിവസങ്ങൾ ശുക്ലപക്ഷം നോക്കുക.

കൃഷ്ണപ്പാട്ട് — കൃഷ്ണഗാഥ നോക്കുക.

കൃഷ്ണലീലാഭ്യുദയം — ഒരു നാടകത്തിൽ ശ്രീകൃഷ്ണന്റെ ചരിത്രം. വെങ്കയ്യ ആൎയ്യ എന്നൊരാൾ കൎത്താവു.

കൃഷ്ണാ — ദ്രൌപദി

കൃഷ്ണാട്ടം — കഥകളിയെപ്പോലെ അഭിനയത്തിനായികോഴിക്കോട്ടു മാനവേദൻ രാജാവു ആരംഭിച്ചതു് ഇതിനായി ശ്രീകൃഷ്ണചരിതം എട്ടുദിവസത്തെ കഥയായിട്ടു ഉണ്ടാക്കീട്ടുണ്ടു. സംസ്കൃതമാണു.

കൃഷ്ണാദി — പൌൎണ്ണമാസിയുടെ പിറേറനാൾ തുടങ്ങി മാസം ആരംഭിക്കുന്ന ക്രമം. ഉത്തരേന്ത്യയിൽ നടപ്പു.

കൃഷ്ണാഷ്ടമി — ശ്രാവണമാസത്തിൽ കൃഷ്ണപക്ഷത്തിൽ അഷ്ടമിദിവസം. കൃഷ്ണജയന്തി എന്നും ശ്രീജയന്തി എന്നും പറയും.

കേതു — വിപ്രചിത്തിയുടെയും സിംഹികയുടെയും പുത്രനായ ഒരു ദാനവൻ, നവഗ്രഹങ്ങളിൽ ഒന്നു, അകചൻ, അശ്ലേഷഭാവൻ, മുകന്ദൻ എന്നും പേരുകളുണ്ടു്.

കേതുമാലം — ജംബുദ്വീപത്തിന്റെ ഒരു ഭാഗം.

കേദാരം — ഹിമാലയത്തിന്റെ ഒരു ഭാഗം പന്ത്രണ്ടു പ്രധാന ശിവലിംഗപ്രതിഷ്ഠകളിൽ ഒന്നു.

കേദാരഗൌരീവ്രതം — തുലാമാസം അമാവാസിനാൾ ഈ വ്രതം ഒരിക്കൽ ആരംഭിച്ചാൽ പിന്നെ നിറുത്തിക്കളവാൻ പാടില്ല. ഇങ്ങനെ രണ്ടു വ്രതങ്ങൾക്കൂടെ ഉള്ളു. അനന്തചതുൎദ്ദശിയും വരലക്ഷ്മീവ്രതവും സ്ത്രീകൾ സന്താനലബ്ധിക്കായി ഈ ദിവസം പാൎവ്വതിയെ ഭജിക്കാറുണ്ടു.

കേരകല്പം — നാലുഭയങ്ങളെപറ്റി ഒരു സംസ്കൃതഗ്രന്ഥം.

കേരളം — ഗോകൎണ്ണംമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമതീരസ്ഥലം. പരശുരാമൻ സമുദ്രത്തിൽനിന്നു വീണ്ടെടുത്തതു; പരശുരാമക്ഷേത്രമെന്നും പേരുണ്ടു, കൎമ്മഭൂമി. ദക്ഷിണേന്ത്യയുടെ പൂൎവതീരം ജ്ഞാനഭൂമി. നീലേശ്വരത്തിനു തെക്കുള്ള സ്ഥലം പാവനം. കാഞ്ഞിരോട്ടുപുഴമുതൽ തെക്കോട്ടുള്ള സ്ഥലം മലയാളരാജ്യം പരശുരാമൻ കേരളത്തെ അറുപത്തുനാലുഗ്രാമങ്ങളായി വിഭജിച്ചു. ആൎയ്യപ്പെരുമാൾ ഇതു ആദ്യം നാലുരാജ്യങ്ങളായും പിന്നീടു പതിനേഴുനാടുകളായും ഭാഗംചെയ്തു.

കേരളഅനാചാരം — കേരളബ്രാഹ്മണരുടെ അനാചാരങ്ങളെപറ്റി ശങ്കരാചാൎയ്യരുടെ അറുപത്തുനാലുപ്രമാണങ്ങൾ കൊല്ലവൎഷത്തിന്റെ ആരംഭദിവസം ൮൨൫ ആഗസ്റ്റ് ൨൫-ാനു അവയെ പ്രസിദ്ധംചെയ്തു എന്നു് ഐതിഹ്യം.

**കേരളമാഹാത്മ്യം**—കേരളത്തിന്റെ ചരിത്രം. കേരളത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ അടങ്ങിയ ഒരു സംസ്കൃതപുസ്തകം

**കേരളവൎമ്മകോയിത്തമ്പുരാൻ സി. എസ്. ഐ. പൂയംതിരുനാൾ**—കേരളത്തിലെ ആധുനികഗ്രന്ഥകൎത്താക്കന്മാരിൽ പ്രഥമഗണനീയൻ. കേരളകാളിദാസൻ എന്നും വിളിച്ചുവരുന്നു. മലയാളത്തിൽ ഗദ്യപുസ്തകങ്ങളുടേ ജനയിതാവു് എന്നു പറയാം. വിജ്ഞാനമഞ്ജരി, ലോകത്തിന്റെ ശൈശവാവസ്ഥ, സന്മാൎഗ്ഗസംഗ്രഹം, സന്മാൎഗ്ഗപ്രദീപം, മഹാചരിതസംഗ്രഹം, ഇൻഡ്യാചരിത്രം, ഇംഗ്ലണ്ട് ചരിത്രം ഇത്യാദിവിദ്യാൎത്ഥികൾക്കാവശ്യമുള്ള അനേകം പുസ്തകങ്ങൾ എഴുതീട്ടുണ്ട്. അക്ബർ എന്നൊരു ആഖ്യായികയും തൎജ്ജമചെയ്തിട്ടുണ്ട്. പദ്യത്തിലും അനേകം പുസ്തകങ്ങൾ സ്വന്തമായും തൎജ്ജമകളായും എഴുതീട്ടുണ്ട്. അഭിജ്ഞാനശാകുന്തളം നാടകം, അമരുകശതകം, അന്യാപദേശശതകം ഇത്യാദിതൎജ്ജമകൾ ഭാവത്തിലും അൎത്ഥത്തിലും ലേശം ഭേദംകൂടാതെയാണു ചെയ്തിട്ടുള്ളതു. മയൂരസന്ദേശം കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചുണ്ടാക്കീട്ടുള്ള ഒരു വിശിഷ്ടകാവ്യമാണു. സംസ്കൃതത്തിലും പല കാവ്യങ്ങളും ആവിടുന്നു ഉണ്ടാക്കീട്ടുണ്ട്.

**കേരളവൎമ്മത്തമ്പുരാൻ, കൊട്ടാരക്കര**—ആട്ടക്കഥകൾ ആദ്യം ഉണ്ടാക്കിയ ഗ്രന്ഥകൎത്താവു്. കൊല്ലം എട്ടാംശതവൎഷാരംഭം. രാമായണം കഥമുഴുവനും പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം ഇങ്ങനെ എട്ടുദിവസത്തെ കഥകളായി ഉണ്ടാക്കീട്ടുണ്ട്.

**കേരളവൎമ്മത്തമ്പുരാൻ, പന്തളം**—ഇക്കാലത്തു ജീവിച്ചിരുന്ന പണ്ഡിതനായ ഒരു മഹാകവി. രുഗ്മാംഗദചരിതം മഹാകാവ്യത്തിന്റെ കൎത്താവു്. വിജയോദയംകാവ്യം തുടങ്ങി മററു പല നല്ല ഗ്രന്ഥങ്ങൾ എഴുതിയിട്ടുമുണ്ട്.

**കേരളോല്പത്തി**—പരശുരാമന്റെ ജനനംമുതൽ യൂറോപ്യന്മാർ കോഴിക്കോട്ട കൈവശപ്പെടുത്തിയതുവരെയുള്ള വൃത്താന്തങ്ങൾ, ശങ്കരാചാൎയ്യരുടെ ചരിത്രം കൊല്ലവൎഷസ്ഥാപനം, നായന്മാരുടെ ഉത്ഭവം, കേരളത്തിലെ ആചാരങ്ങൾ മുതലായവയുടെ വിവരണങ്ങളും ഉണ്ടു. ഉള്ള പുസ്തകങ്ങളിൽ പാഠവ്യത്യാസങ്ങൾ വളരെ ഉണ്ടു. അച്ചടിച്ചിട്ടുള്ളതു രാമാനുജൻ എന്നൊരാളുടേതായി വിചാരിച്ചുവരുന്നു. ഈയാൾ രാമായണകൎത്താവായ എഴുത്തച്ഛൻ ആണെന്നു വിചാരിപ്പാൻ സംഗതിയില്ല.

**കേലികലാ**—സരസ്വതിയുടെ വീണ.

**കേശൻ**—൧. വരുണൻ ൨. വിഷ്ണു (കേശവൻ).

**കേശവൻ**—കേശിരാജൻ. പന്ത്രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്നു ശബ്ദമണിദൎപ്പണം എന്നൊരു കൎണ്ണാടകവ്യാകരണവും ചോളപാലചരിതം എന്നൊരു ചരിത്രവും പ്രബോധചന്ദ്രം എന്നൊരു തത്വശാസ്ത്രപുസ്തകവും സുഭദ്രാഹരണം, കിരാതം മുതലായ ചില പുരാണകഥകളും ഉണ്ടാക്കീട്ടുണ്ട്,

**കേശവപിള്ള, പരവൂർ**—ഒരു വാസനാകവി. സംഗീതത്തിലും നിപുണനായിരുന്നു. നാരായണീയം, ആംഗലസാമ്രാജ്യം ഇവ സംസ്കൃത

ത്തിൽനിന്നു തർജ്ജമചെയ്തു. കേശവീയം, സുഭാഷിതരത്നാകരം ഇവ വേറേ പദ്യകൃതികൾ. സദാരാമ എന്ന സംഗീതനാടകവും ഇദ്ദേഹത്തിൻെറ കൃതിയാണ്.

**കേശീ**—ദുർഗ്ഗാ.

**കേശി,(കേശിൻ)**—എ. ഇന്ദ്രനോടു യുദ്ധംചെയ്തു തോററുപോയ ഒരു രാക്ഷസൻ. വ. കുതിരയുടെ രൂപത്തിൽ വന്ന് കൃഷ്ണനെ കൊല്ലുവാൻ വിചാരിച്ച ഒരു ദൈത്യൻ, കൃഷ്ണൻ അവൻെറ വായിൽ കൈയിട്ടു അവനെ വലിച്ചുകീറിക്കളഞ്ഞു.

**കേശിനി**—വിശ്രവസ്സിൻെറ ഭാര്യ, രാവണൻെറ അമ്മ, കേകശീ എന്നും പേരുണ്ട്.

**കേസരി**—ഹനൂമാൻെറ പിതാവ്.

**കൈകേയൻ (കേകയൻ)**—കൈകേയരാജാവ്, കൃഷ്ണൻെറ ഒരു ഭാര്യയുടെ പിതാവ്, സാക്ഷാൽപേരു ധൃഷ്ടകേതു എന്നായിരുന്നു, അവൻെറ അഞ്ചുപുത്രന്മാരും പാണ്ഡവരെ സഹായിച്ചു.

**കൈകേയി**—ദശരഥൻെറ ഭാര്യ, ഭരതൻെറ മാതാവ്, കുടിലമതിയായ മന്ഥരയുടെ ഉപദേശത്താൽ രാമനെ വനത്തിൽ അയപ്പിച്ചിട്ടു ഭരതനെ രാജാവായി അഭിഷേകം ചെയ്യണമെന്നു ദശരഥനെക്കൊണ്ട് നിർബന്ധിച്ച് സമ്മതിപ്പിച്ചു.

**കൈടഭൻ**—മധു, ഒരു കല്പാവസാനത്തിൽ വിഷ്ണു ഉറങ്ങിക്കിടക്കുമ്പോൾ വിഷ്ണുവിൻെറ ചെവിയിൽനിന്നുത്ഭവിച്ച രണ്ടു ഭയങ്കരരാക്ഷസന്മാർ, അവർ വിഷ്ണുവിൻെറ നാഭിയിൽനിന്നുണ്ടായ താമരപ്പൂവിൽകിടന്നിരുന്ന ബ്രഹ്മാവിനെ കൊല്ലാൻനോക്കി, എന്നാൽ അവരുടെ വിചാരം നിവൃത്തിയാകുംമുമ്പേ വിഷ്ണു അവരെ കൊന്നുകളഞ്ഞു അതുകൊണ്ടു വിഷ്ണുവിനു കൈടഭജിൽ എന്നും മധുസൂദനനെന്നും പേരുകളുണ്ടായി, അവരുടെ മേദസ്സുകൊണ്ടു ഭൂമിയുണ്ടാക്കിയതിനാൽ ഭൂമിക്ക് മേദിനിഎന്നും പേരുണ്ടായി.

**കൈലാസം**—ശിവൻെറയും കുബേരൻെറയും വാസസ്ഥലം. ഗണപർവ്വതം, രജതാദ്രി (വെള്ളിമല) എന്നും പേരുകളുണ്ട്. മാനസസരോവരം ഇതിനു താഴെയാണ. അവിടെ സുബ്രഹ്മണ്യൻ ജനിച്ചു. ഹിമാലയത്തിൽ എവിടേയോ എന്നു സങ്കല്പം.

**കൈലാസനാഥൻ**—ശിവൻ.

**കൊച്ചുകുഞ്ഞുമാപ്പിള ഉലഹന്നൻ**—തിരുവനന്തപുരം നക്ഷത്രബംഗ്ലാവിൽ ഹെഡ്ക്ലാർക്കായിരുന്നു. ശലോമോൻെറ സുഭാഷിതങ്ങൾ കിളിപ്പാട്ടു വേദചരിതം മൂപ്പത്തിനാലുവൃത്തവും (ഇതു പൂർത്തിയായിട്ടില്ല) അനേകം കീർത്തനങ്ങളും ഉണ്ടാക്കീട്ടുണ്ടു. അദ്ദേഹത്തിൻെറ സൽകഥാസാരം ഇംഗ്ലീഷിൽ ഉള്ള "The old old city" എന്ന വിശിഷ്ടകൃതിയുടെ ഒരു ഉത്തമതർജ്ജമയാകുന്നു.

**കൊങ്കണൻ**—ഒരു പുരാതന തമിഴതത്വജ്ഞാനിയും വൈദ്യനും അ

ഗസ്ത്യന്റെ ശിഷ്യൻ അഗസ്ത്യമലയിൽ പാൎത്തു. കൊങ്കണർ ജ്ഞാനത്തിന്റെ കൎത്താവു രണ്ടു വൈദ്യപുസ്തകങ്ങളും എഴുതീട്ടുണ്ടു്.

**കോടിവിരഹം**—ഒരൊന്നാന്തരം ഭാഷാ ചമ്പു. സംഭോഗവിപ്രലംഭശൃംഗാരങ്ങളെ വളരെ ഭംഗിയായി വൎണ്ണിച്ചിരിക്കുന്നു. ഇപ്പേരിൽതന്നെയുള്ള സംസ്കൃതഗ്രന്ഥത്തെ തികച്ചും അനുകരിച്ചിട്ടുണ്ടു്. സംഗീതകേതുചരിതം എന്നും ഈ ചമ്പുവിനു പേരുണ്ടു്. മഴമംഗലത്തിന്റേതാണെന്നാണു സങ്കല്പം.

**കൊട്ടാരക്കരത്തമ്പുരാൻ**—കേരളവൎമ്മത്തമ്പുരാൻ നോക്കുക.

**കോങ്കണാ**—ജമദഗ്നിയുടെ ഭാൎയ്യയും പരശുരാമന്റെ അമ്മയും ആയ രേണുകാ.

**കോടരി (കോട്ടവി)**—൧. ദുൎഗ്ഗാ ൨. ദൈത്യരുടെ ദേവത. ബാണന്റെ അമ്മ. സാധാരണയായി നഗ്നയാണത്രേ.

**കോട്ടയത്തുതമ്പുരാൻ (വടക്കൻ)**—കൊല്ലം ഒൻപതാംശതവൎഷത്തിൽ ജീവിച്ചിരുന്നു എന്നു ഊഹം. കിൎമ്മീരവധം, നിവാതകവചവധം, ബകവധം, കല്യാണസൌഗന്ധികം എന്നീ നാലു ആട്ടക്കഥകൾ ഉണ്ടാക്കി. ഒടുവിൽ പറഞ്ഞ പേരുകളുള്ള ആട്ടക്കഥകൾ വേറെയും ഉള്ളതുകൊണ്ടു ഇവയ്ക്കു വടക്കൻ ബകവധം വടക്കൻ കല്യാണസൌഗന്ധികം എന്നിങ്ങനെ പേരുപറഞ്ഞുവരുന്നു. കേരളവൎമ്മരാമായണകൎത്താവിന്റെ അനുജൻ. അനന്തരവനെന്നും പക്ഷാന്തരമുണ്ടു്, കോട്ടയത്തു വിദ്വാൻ തമ്പുരാനെന്നും പറയും.

**കോട്ടയത്തു വീരകേരളവൎമ്മത്തമ്പുരാൻ**—കൊല്ലം ഒൻപതാംശതാബ്ദത്തിന്റെ മദ്ധ്യഘട്ടത്തിൽ വടക്കൻകോട്ടയം ഭരിച്ചിരുന്ന വിക്രമശാലിയായ രാജാവു്. "കേരളവൎമ്മരാമായണം" എന്ന പ്രസിദ്ധകൃതിയുടെ കൎത്താവു്. മുകിലന്റെ ആക്രമണകാലത്തു ഉമയമ്മറാണിയാൽ തിരുവനന്തപുരത്തു കൊണ്ടുവരുത്തപ്പെട്ടതു് ഇദ്ദേഹമാണു്. "വൈരാഗ്യചന്ദ്രോദയം" സംസപ്പാട്ടു് ഇദ്ദേഹത്തിന്റെ കൃതിയാണെന്നുപറയുന്നു. ആട്ടക്കഥകളുണ്ടാക്കിയ കോട്ടയത്തു (വിദ്വാൻ) തമ്പുരാന്റെ ജ്യേഷ്ഠൻ. മാതുലൻ എന്നും പക്ഷാന്തരമുണ്ടു്.

**കോട്ടൂർ ഉണ്ണിത്താൻ**—തുഞ്ചത്തെഴുത്തച്ഛന്റെ സമകാലീനനായ ഒരു പ്രസിദ്ധകവി. ചില ഒറ്റശ്ലോകങ്ങളല്ലാതെ ഗ്രന്ഥരൂപേണ കൃതികളുള്ളതായി അറിയപ്പെട്ടിട്ടില്ല

**കോദണ്ഡം**—ശ്രീരാമന്റെ വില്ലു്.

**കോമളവല്ലി**—മാരിയമ്മൻ.

**കോവിൽ ക്ഷേത്രം**—ഇതിന്റെ പ്രധാനഭാഗങ്ങൾ വിമാനം, മണ്ഡപം, ഗോപുരം, ചുവടി ഇവയാണു. കല്യാണമണ്ഡപം, ധ്വജസ്തംഭം, ദ്വാരമണ്ഡപം, മന്ദിരം, മൂലസ്ഥാനം, പ്രാകാരം, രഥം ഇവയും ദ്രാവിഡക്ഷേത്രങ്ങളുടെ ഭാഗങ്ങളാണു.

**കോലടിപ്പാട്ടു്**—പുരാതനമായി കേരളത്തിൽ നടപ്പുള്ള കോലടിക്കളിക്കു കൃഷ്ണലീല, കംസവധം മുതലായ വിഷയങ്ങളെപ്പറ്റി പാടുന്ന പാട്ടുകൾ

**കോലെഴുത്തു**—വട്ടെഴുത്തു നോക്കുക.

**കോശം**—നിഘണ്ടു(ടു)—സംസ്കൃതത്തിൽ അനേകം കോശങ്ങളുണ്ട്. ഇവയിൽ പ്രധാനപ്പെട്ടതായിട്ടുള്ളതും അനേകം വ്യാഖ്യാനങ്ങളോടുകൂടിയതും [illegible] അമരസിംഹന്റെ നാമലിംഗാനുശാസനം ആകുന്നു. അമരസിംഹൻ [illegible]

**കോസലം**—ഒരു രാജ്യം, അയോദ്ധ്യ പ്രധാനനഗരം, സരയൂനദി ഈ രാജ്യത്തിൽക്കൂടെ ഒഴുകുന്നു.

**കോഹലൻ**—[illegible] ഒരു മുനി.

**കൗക്കുടികൻ**—പുഴുക്കളെയോ മറ്റോ ചവിട്ടി പോകാതിരിപ്പാൻ എപ്പോഴും നിലത്തുനോക്കിനടക്കുന്ന ഭിക്ഷുകൻ.

**കൗടില്യൻ**—ചന്ദ്രഗുപ്തന്റെ മന്ത്രിയായ ചാണക്യന്റെ ഒരു പേര്.

**കൗണ്ഡിന്യൻ**—ഒരു മുനി; ശിവനെ കോപിപ്പിച്ചിട്ട് വിഷ്ണുവിനാൽ രക്ഷിക്കപ്പെട്ടു. അദ്ദേഹത്തിന്നു വിഷ്ണുഭക്തൻ എന്നും പേരുണ്ട്.

**കൗന്തേയൻ**—കുന്തിയുടെ പുത്രൻ, യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ ഇവരുടെ പേര്; സാധാരണയായി അർജ്ജുനനു മാത്രം ഉപയോഗിച്ചു വരുന്നു.

**കൗമാരി**—കാർത്തികേയന്റെ ശക്തി.

**കൗമുദീമഹോത്സവം**—[illegible] ഉണ്ടാക്കിയ ഒരു ചെറിയ നാടകം, സംസ്കൃതഭാഷാപ്രധാനം.

**കൗമോദകി**—ശ്രീകൃഷ്ണന്റെ ഗദ.

**കൗരവർ**—കുരുവിന്റെ സന്തതി. സാധാരണയായി ദുര്യോധനൻ മുതലായവരെ കുറിക്കുന്നു.

**കൗസ്തുഭം**—ഒരു രത്നത്തിന്റെ പേര്

കൌശികൻ—ചില ചോരന്മാൎക്കു അവരിൽ നിന്നോടി രക്ഷപ്പെട്ട ചിലർ പോയവഴി കാണിച്ചുകൊടുത്തതു കൊണ്ടു നരകത്തിൽ പോയ ഒരു സന്ന്യാസി. ൨. വിശ്വാമിത്രൻ ൩. ഇന്ദ്രൻ.

കൌശികീ—ജമദഗ്നിയുടെ മാതാവായ സത്യവതീ ഈ പേരുള്ള ഒരു നദിയായി തീൎന്നു.

കൌസല്യാ—കോസല രാജ്യക്കാരി എന്നൎത്ഥമുള്ള. ഈ പേർ പലസ്ത്രീകൾക്കും ഉണ്ടു്. ൧. പൂരുവിന്റെ ഭാൎയ്യയും ജനമേജയന്റെ മാതാവും. ൨. ദശരഥന്റെ ഭാൎയ്യയും രാമന്റെ അമ്മയും ൩. ധൃതരാഷ്ട്രന്റെ അമ്മ ൪. പാണ്ഡുവിന്റെ അമ്മ.

കൌസ്തുഭം—പാലാഴിമഥനത്തിൽ കിട്ടിയ ഒരു രത്നം വിഷ്ണു ഇതിനെ മാറത്തു് ധരിച്ചിരിക്കുന്നു.

ക്രതു—ഒരു പ്രജാപതി വിഷ്ണുപുരാണപ്രകാരം ഇദ്ദേഹത്തിന്റെ ഭാൎയ്യയായ സന്നതി തള്ളവിരലിന്റെ മുട്ടോളം വലിപ്പമുള്ള ൬൦൦൦൦ ഋഷിമാരെ പ്രസവിച്ചു

ക്രതുധ്വംസി—(ദക്ഷന്റെ യാഗം നശിപ്പിച്ച) ശിവൻ.

ക്രതുരാജാവു്—രാജസൂയം.

ക്രോധാ, ക്രോധവശാ—ദക്ഷന്റെ ഒരു പുത്രിയും കശ്യപന്റെ ഒരു ഭാൎയ്യയും മാംസഭോജികളായ ക്രൂരപ്പല്ലുള്ള മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ മുതലായവയുടെ മാതാവു്.

ക്രോധം—ഇതിൽനിന്നു എട്ടു ഗുണങ്ങൾ ഉത്ഭവിക്കുന്നു—:

പൈശുന്യം സാഹസം ദ്രോഹം ഈൎഷ്യാസൂയാൎത്ഥദൂഷണം।
വാഗ്ദണ്ഡജം ച പാരുഷ്യം ക്രോധജോപി ഗുണോഷ്ടകഃ॥

ക്രൌഞ്ചൻ—താരകാസുരന്റെ ഒരു സഖിയും സഹായിയും

ക്രൌഞ്ചം—൧. സപ്തദ്വീപുകളിൽ ഒന്നു. ൨. ഹിമവാന്റെ പൌത്രനായ ഒരു പൎവ്വതം, ഇന്ദ്രനും കാൎത്തികേയനും തമ്മിൽ ഒരു വാദം ഉണ്ടായിട്ടു ക്രൌഞ്ചപൎവ്വതത്തോടു അഭിപ്രായം ചോദിക്കയും പൎവ്വതം കളവായി ഇന്ദ്രനു ഗുണമായി അഭിപ്രായപ്പെടുകയും ചെയ്തു. കാൎത്തികേയൻ കോപിച്ചു തന്റെ അസ്ത്രം മലയ്ക്കുനേരെ എറിഞ്ഞു, എന്നാറെ മലപിളൎന്നു പോകയും അസ്ത്രം ചെന്നു മഹിഷാസുരനെ വധിക്കയും ചെയ്തു. പരശുരാമനും ഈ പൎവ്വതത്തെ ഒരിക്കൽ പിളൎന്നു കളഞ്ഞതായി ഒരു കഥയുണ്ടു്.

ക്രൌഞ്ചദാരണൻ (സൂദനൻ)—൧. കാൎത്തികേയൻ. ൨. പരശുരാമൻ.

ക്വാഥശാസ്ത്രം—സസ്യങ്ങളുടെ പേരുകൾ സംസ്കൃതത്തിലും തെലുങ്കിലും കൊടുത്തിട്ടുള്ള ഒരു നിഘണ്ടു.

ക്ഷ്മൻ—നരസിംഹാവതാരത്തിൽ വിഷ്ണുവിന്റെ ഒരു പേർ.

ക്ഷത്രിയർ__രണ്ടാമത്തെ ജാതി, വർണ്ണം നോക്കുക.

ക്ഷത്രി-വിദുരന്റെ ഒരുപേര്. ശൂദ്രനു ബ്രാഹ്മണസ്ത്രീയിൽ ഉണ്ടാകുന്ന പുത്രൻ എന്ന പദത്തിന്റെ അർത്ഥം, എന്നാൽ വിദുരന്റെ പിതാവ് ബ്രാഹ്മണനും മാതാവു ഒരു ദാസിയും ആയിരുന്നു.

ക്ഷപണകൻ__വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒരുവനായ ഒരു ഗ്രന്ഥകർത്താവ്.

ക്ഷയം__യമന്റെ ഭവനം.

ക്ഷാത്രം__ക്ഷത്രിയക്കു വേണ്ടുന്ന ഗുണങ്ങൾ.

ശൌര്യംതേജോധൃതിർദാക്ഷ്യം യുദ്ധേചാപ്യപലായനം
ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മസ്വഭാവജം

ക്ഷാമൻ__വിഷ്ണു.

ക്ഷിതിജൻ__നരകാസുരൻ.

ക്ഷേമകൻ__നിമിയുടെ പുത്രൻ. ചന്ദ്രവംശത്തിലെ ഒടുവിലത്തെ രാജാവ്.

ക്ഷേമവൃദ്ധി__ശാല്വരുടെ സേനാനായകൻ, ദ്വാരകയെ ആക്രമിച്ചപ്പോൾ കൃഷ്ണന്റെ പുത്രനായ ശാംബൻ അവനെ തോല്പിച്ചു.

ക്ഷേമീശ്വരൻ__ചണ്ഡകൌശികം എന്ന നാടകത്തിന്റെ കർത്താവ്. പത്താം ശതാബ്ദം.

ക്ഷേമേന്ദ്രൻ__വ്യാകദേശം പതിനൊന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ കാശ്മീരദേശത്തു ജീവിച്ചിരുന്ന ഒരു കവി ശൈവമതക്കാരനായിരുന്നെങ്കിലും പിന്നീടു വൈഷ്ണവമതം അവലംബിച്ചു ചിത്രഭാരതം, ഭാരതമഞ്ജരി, രാമായണമഞ്ജരി, ബൃഹൽകഥാമഞ്ജരി ദശാവതാരചരിതം, ചതുർവ്വർഗ്ഗസംഗ്രഹം, സമയമാതൃകാ, മുക്താവലി, ചാരുചര്യാ, ഔചിത്യവിചാരചർച്ചാ, സദ്വൃത്തതിലകം മുതലായി അനേകം കാവ്യങ്ങളും സാഹിത്യസംബന്ധമുള്ള പുസ്തകങ്ങളും ഉണ്ടാക്കീട്ടുണ്ട്.

ക്ഷോഭണം__കാമദേവന്റെ പഞ്ചബാണങ്ങളിൽ ഒന്നു.

## ഖ

ഖൻ__സൂര്യൻ.

ഖട്വാംഗം__ഒരററത്തു ഒരു തലയോടു വെച്ചുറപ്പിച്ചിട്ടുള്ള ഒരു ഗദ, ശിവന്റെ ആയുധം ആണെന്നുപറഞ്ഞു യോഗികൾ കൊണ്ടു നടക്കാറുണ്ടു. ഖിംഖിരമെന്നും പാംസുലം എന്നും പേരുണ്ട്.

ഖട്വാംഗൻ (അല്ലെങ്കിൽ ദിലീപൻ) സൂര്യകുലത്തിലെ ഒരു രാജാവ് ദേവന്മാരും അസുരരും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ദേവന്മാ

ക്കു സഹായിക്കയാൽ അവനു എന്തെങ്കിലും വരം കൊടുക്കണമെന്നു അവർ പറഞ്ഞപ്പോൾ താൻ എത്രനാൾകൂടി ജീവിച്ചിരിക്കുമെന്നു അറിയണമെന്നു രാജാവു് മറുപടിപറഞ്ഞു. ഇതു ഒരു നാഴികകൂടിയേ ഉള്ളു എന്നറിഞ്ഞിട്ടു അവൻ ഉടൻ തന്റെ ലോകത്തിലേക്കു തിരിച്ചുവന്നു ഭക്തിയും പ്രാർത്ഥനയും മൂലം പരമാത്മാവിൽ ലയിച്ചു.

**ഖണ്ഡപരശു**—ഫ. ശിവൻ. വ. പരശുരാമൻ. ന. വിഷ്ണു.

**ഖണ്ഡപർശു**—ഫ. ശിവൻ. വ. പരശുരാമൻ ന. രാഹു.

**ഖണ്ഡപ്രളയം**—സ്വർഗ്ഗത്തിനു കീഴെയുള്ള ലോകങ്ങളുടെ നാശം.

**ഖരൻ**—രാവണന്റെ സഹോദരനായ ഒരു രാക്ഷസൻ. രാമനാൽ കൊല്ലപ്പെട്ടു.

**ഖർവം**—കുബേരന്റെ നവനിധികളിൽ ഒന്നു.

**ഖശാ**—ദക്ഷന്റെ ഒരു പുത്രിയും കശ്യപന്റെ ഒരു ഭാര്യയും യക്ഷരുടെയും മററും മാതാവു, അതുകൊണ്ടു അവർക്കു ഖശാത്മജരെന്നു പേരുണ്ടായി.

**ഖാണ്ഡവം**—യമുനാതീരത്തിലെ ഒരു വനം, ഇന്ദ്രൻ വിരോധമായിനിന്നിട്ടും കൃഷ്ണന്റെയും അർജ്ജുനന്റെയും സഹായത്താൽ അഗ്നി അതിനെ ഭക്ഷിച്ചുകളഞ്ഞു.

**ഖേടകം**—ഫ. ബലരാമന്റെ ഗദ. വ. ദുർഗ്ഗയുടെ ഗദ.

## ഗ

**ഗൻ**—ഗണേശൻ.

**ഗംഗാ**—വിഷ്ണുവിന്റെ പെരുവിരലിൽനിന്നു പുറപ്പെട്ടുന്നു. കപിലന്റെ കോപത്താൽ ഭസ്മീകരിക്കപ്പെട്ട സഗരന്റെ പുത്രന്മാരുടെ ഭസ്മത്തെ ശുദ്ധീകരിക്കുന്നതിന്നായി ഭഗീരഥൻ സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്നു. അതുകൊണ്ടു ഭാഗീരഥി എന്നു പേരുണ്ടായി. ഗംഗ സ്വർഗ്ഗത്തിൽനിന്നു കൊണ്ടുപോന്നതുകൊണ്ടുള്ള കോപം നിമിത്തം വീഴുമ്പോൾ ഭൂമിയെ നശിപ്പിച്ചുകളയാതിരിപ്പാൻവേണ്ടി ശിവൻ തന്റെ ജടകൊണ്ടു ഗംഗയുടെ പ്രവാഹത്തെ തടുത്തതുകൊണ്ടു ശിവനു ഗംഗാധരൻ എന്നു പേരുവന്നു. ശിവന്റെ ജടയിൽനിന്നു ഗംഗ സപ്തസിന്ധുക്കളായി ഒഴുകി, ഗംഗയുടെ പ്രവാഹം ജഹ്നുമഹർഷിയുടെ ധ്യാനത്തിന്നു മുടക്കം വരുത്തുകകൊണ്ടു (യാഗത്തിന്നൊരുന്നേരു [illegible]) ആ മഹർഷി കോപിച്ചു വെള്ളം മുഴുവനും കുടിച്ചു വററിച്ചുകളഞ്ഞു. പിന്നീട മനസ്സലിഞ്ഞു തന്റെ ചെവികളിൽകൂടി ഒഴുകി പുറത്തുപോവാൻ സമ്മതിച്ചു. ഈ സംഭവത്തിൽനിന്നു ഗംഗയ്ക്കു ജാഹ്നവീ എന്നു പേരുണ്ടായി. ഗംഗ ഹിമവാന്റെയും മേനയുടെയും പുത്രിയും ഉമയുടെ സഹോദരിയുമാണെന്നും ബ്രഹ്മാവിന്റെ ശാപംനിമിത്തം ലോകത്തിൽ വന്നു ശന്തനുരാജാവിന്റെ ഭാര്യയായിരുന്നു ഭീഷ്മർ മുതലായ എട്ടു പുത്രന്മാരെ പ്രസവിച്ചു എന്നും വേറൊരു

കഥയുണ്ട്. ഗംഗയ്ക്കു ഭദ്രസോമാ, ഗാന്ദിനീ, കിരാതീ, ദേവഭൂതീ ഹരശേഖരാ, ഖാപഗാ, മന്ദാകിനീ, ത്രിപഥഗാ എന്നും പേരുകളുണ്ടു.

ഗംഗാജൻ—(പുത്രൻ) ൧ ഭീഷ്മൻ ൨. കാൎത്തികേയൻ.

ഗംഗാദ്വാരം—ഹരിദ്വാരം എന്ന സ്ഥലം.

ഗംഗാധരൻ—ശിവൻ.

ഗംഗാലഹരി—ജഗന്നാഥ പണ്ഡിതന്റെ ഒരു കാവ്യം.

ഗംഗാവതരണം—നീലകണ്ഠൻ നോക്കുക.

ഗംഗാവൈൎണ്ണികൻ—ശിവൻ.

ഗംഗാസുതൻ, ഗംഗാമൈന്തൻ—സുബ്രഹ്മണ്യൻ.

ഗജൻ—ശിവൻ വധിച്ച ഒരു രാക്ഷസൻ.

ഗജാനനൻ—(ദന്തൻ, മുഖൻ, വദനൻ) ഗണേശൻ.

ഗജസ്നാനം—ഉപയോഗമില്ലാത്ത ഒരു പ്രവൃത്തി. (ആനകൾ കുളിച്ചശേഷം മണ്ണും ചെളിയും വാരി ശരീരം പൂശുന്നതുപൊലെ)

ഗണം—ഗണപതിയുടെ കീഴിലുള്ള ഒരുകൂട്ടം ദേവകൾ. ശിവന്റെ ദാസന്മാർ.

ഗണം-൨൭ രഥങ്ങളും അത്രതന്നെ ആനകളും ൮൧ കുതിരകളും ൧൩൫ കാലാളുകളും ഉള്ള ഒരു സൈന്യാംഗം.

ഗണപത്യർ—ദക്ഷിണേന്ത്യയിലെ ഒരുകൂട്ടം ബ്രാഹ്മണർ.

ഗണപൎവ്വതം—കൈലാസം.

ഗണാചലം—കൈലാസം, ഗണപൎവ്വതം.

ഗണദേവതകൾ—ഇങ്ങിനെ വിഭാഗിക്കപ്പെട്ടിരിക്കുന്നു.

ആദിത്യവിശ്വവസവസ്തുഷിതാഭാസ്വരാനിലാഃ।
മഹാരാജികസാദ്ധ്യാശ്ച രുദ്രാശ്ചഗണദേവതാഃ॥

ഇവരിൽ ആദിത്യന്മാർ, ൧൨, വിശ്വദേവതകൾ ൧൦, വസുക്കൾ ൮, തുഷിതർ ൩൬, ആഭാസ്വരർ ൬൪, അനിലർ ൪൯, മഹാരാജികർ ൨൨൦, സാദ്ധ്യർ ൧൨ രുദ്രർ ൧൧.

ഗണപതി, ഗണേശൻ—ശിവാശ്രിതരായ ഗണങ്ങളുടെ പ്രധാനി. പാൎവ്വതിയുടെ പുത്രൻ, വിഘ്നങ്ങളെ നീക്കുന്ന ഈശ്വരൻ, മഞ്ഞനിറത്തിൽ കറിയ ശരീരവും വലിയ വയറും ഒററക്കൊമ്പുള്ള ആനത്തലയും ശംഖു, ചക്രം, ഗദ, ആമ്പൽ ഓരോന്നിൽ പിടിച്ചിട്ടുള്ള നാലു കൈകളും ഉണ്ടു. എലി തന്റെ വാഹനമാകകൊണ്ടു അഖുരഥൻ എന്നു പേരുണ്ടായി. പാൎവ്വതി ശനി

യെ വിളിച്ചു പുത്രനെ കാണിക്കയും ശനിയുടെ നോട്ടത്താൽ കുഞ്ഞിന്റെ തല ദഹിച്ചുപോകയും അതിനു പകരം ആദ്യം തന്റെ കയ്യിൽ കിട്ടിയ ഒരാനത്തല എടുത്തുവെക്കയും ചെയ്തു എന്നും, ഒരിക്കൽ പാൎവ്വതി കുളിക്കാൻ പോയപ്പോൾ ഗണപതിയെ വാതുക്കൽ നിൎത്തുകയും അന്നേരം ശിവൻ വന്നു കയറാൻ നോക്കിയപ്പോൾ ഗണപതി വിരോധിക്കയും ശിവൻ ദേഷ്യപ്പെട്ടു അവന്റെ തല വെട്ടിക്കളകയും പാൎവ്വതിക്കു വിരോധം ഉണ്ടാകാതിരിപ്പാൻ വേണ്ടി ആദ്യം തന്റെ കയ്യിൽ കിട്ടിയ ഒരു ആനത്തല എടുത്തു പകരംവെക്കയും ചെയ്തുഎന്നും ഒരിക്കൽ ശിവൻ ആദിത്യനെ കൊന്നിട്ടു ജീവിപ്പിച്ചപ്പോൾ ശിവന്റെ മകന്റെയും തല പോകട്ടെ എന്നു കശ്യപൻ ശപിക്കയുംഅതുപ്രകാരംതലപോയപ്പോൾ ഇന്ദ്രന്റെ ആനയുടെ തല എടുത്തു പകരം വെച്ചുകയും ചെയ്തു എന്നും മറ്റും ഗണേശനു ആനയുടെ തല വരുവാനുള്ള കാരണത്തെക്കുറിച്ചു പല കഥകളുണ്ടു. ഒരിക്കൽ പരശുരാമൻ ശിവനെ കാണുന്നതിനായി കൈലാസത്തിൽ ചെല്ലുകയും ശിവൻ ഉറക്കമായിരുന്നതുകൊണ്ടു ഗണേശൻ പരശുരാമനെ അകത്തുകടക്കാൻ സമ്മതിക്കാതിരിക്കയും അന്നേരം അവർ തമ്മിൽ അടിപിടിഉണ്ടാകയും ഗണേശൻ തന്റെ തുമ്പിക്കൈകൊണ്ടു പരശുരാമനെ ചുരുട്ടിപ്പിടിച്ചെറിഞ്ഞുകളകയും അതുനിമിത്തം വീണ ബോധം കെട്ടുപോയ പരശുരാമനു ബോധം വന്നപ്പോൾ ശിവൻ തനിക്കു കൊടുത്ത പരശുഎടുത്തു ഗണേശന്റെ നേരെഎറിയുകയും ശിവന്റെ ആയുധമാകകൊണ്ടു ഗണേശൻ തടുക്കായ്കയാൽ അതു ഒരു കൊമ്പിനു കൊണ്ടു കൊമ്പൊടിഞ്ഞുപോകയും ചെയ്തു. അതുകൊണ്ടു ഏകദന്തൻ, ഏകദംഷ്ട്രൻ എന്നു ഗണപതിക്കു പേരുകളുണ്ടായി. (പാൎവ്വതീപരമേശ്വരന്മാർ ആനയുടെ വേഷമായി രമിച്ചപ്പോൾ ഉണ്ടായ പുത്രനെന്നും കഥയുണ്ടു) പേരുകൾ.

വിനായകോവിഘ്നരാജദ്വൈമാതുരഗണാധിപാഃ ।
അപ്യേകദന്തഹേരംബലംബോദരഗജാനനാഃ ॥

**ഗണിതം**__കണക്കുശാസ്ത്രം, പലവിധമുണ്ടു. ൧. ഭിന്നഗണിതം സാധനങ്ങളുടെ തൂക്കവും വിലയും കണക്കാക്കുന്നതിനു. ൨. ഛായാഗണിതം വസ്തുക്കളുടെ ഉയരവും ദൂരവും നിഴൽകൊണ്ടു കണക്കാക്കുന്നതിനു. ൩. ക്ഷേത്രഗണിതം അല്ലെങ്കിൽ ക്ഷേത്രവ്യവഹാരം. ൪. ഖാതഗണിതം. കുളങ്ങളുടെ വിസ്താരവും വെള്ളവും കണക്കാക്കുന്നതിനു. ൫. പ്രകീൎണ്ണഗണിതം (ബീജഗണിതം.) ൬. സൂത്രഗണിതം രാശിമുതലായ പല വിഷയങ്ങൾ. ൭. സുവൎണ്ണഗണിതം പൊന്നിന്റെയും വെള്ളിയുടെയും മാറററിയുന്നതിനു.

**ഗണേശഗീതം**__ഭഗവൽഗീതയിൽ കൃഷ്ണന്റെ പേരിനു പകരം ഗണേശന്റെ പേരു ചേൎത്തു ഗണപതി ഭക്തർ ഉപയോഗിക്കുന്ന ഒരു പുസ്തകം.

**ഗണ്ഡഭേരുണ്ഡം**__ആനയെ റാഞ്ചിക്കൊണ്ടുപോകാൻ ശക്തിയുള്ള ഒരു ഭയങ്കരപക്ഷി. ആനയ്ക്കു പകരം ശരഭത്തെ പറയാറുണ്ടു.

**ഗദൻ**__കൃഷ്ണന്റെ അനുജൻ.

**ഗദ്യചിന്താമണി**__കാദംബരിയെപോലെ സംസ്കൃതത്തിൽഒരുകഥ ജീവന്ധരൻ നായകൻ.

**ഗന്ധമാദനൻ**__൧. രാവണന്റെ ഒരു പേരു. ൨. രാമചന്ദ്രന്റെ വാനരസൈന്യന്മാരുടെ ഒരു സേനാനായകൻ രാവണന്റെ പുത്രനായ ഇന്ദ്രജിത്തു കൊന്നു, എന്നാൽ ഹനുമാൻ കൈലാസത്തിൽനിന്നു കൊണ്ടുവന്ന ചില ഔഷധങ്ങൾകൊണ്ടു അവനെ ജീവിപ്പിച്ചു.

**ഗന്ധർവ്വർ**—സ്വർഗ്ഗത്തിലെ ഗായകന്മാർ. സോമരസം ഉണ്ടാക്കുന്നവരെന്നും ചിലർ പറയുന്നു: അവരുടെ ഉത്ഭവത്തെ കുറിച്ചും പ്രവൃത്തിയെ കുറിച്ചും പല അഭിപ്രായങ്ങളുണ്ടു് ബ്രഹ്മാവിന്റെ മൂക്കിൽനിന്നു ജനിച്ചു എന്നു ചിലരും കശ്യപന്റെ മക്കളാണെന്നു മറ്റുചിലരും പറയുന്നു അവരുടെ പ്രധാനി ചിത്രരഥനും ഭാര്യമാർ അപ്സരസ്ത്രീകളും ആകുന്നു.

**ഗന്ധർവ്വവിദ്യ**—സംഗീതം.

**ഗന്ധർവ്വവിവാഹം**—എട്ടുവിധം വിവാഹങ്ങളിൽ ഒന്നു. സ്ത്രീപുരുഷന്മാർ അന്യോന്യാനുരാഗം മാത്രം നോക്കിയും മാതാപിതാക്കന്മാരോടോ രക്ഷാകർത്താക്കന്മാരോടോ ആലോചിക്കാതേയും അടിയന്തിരാദികളൊന്നുമില്ലാതെയും ചെയ്യുന്ന വിവാഹം.

**ഗന്ധർവ്വവേദം**—സംഗീതത്തെക്കുറിച്ചുള്ള ഒരു ഉപവേദം.

**ഗയൻ**—ഒരു അസുരൻ.

**ഗരുഡൻ**—അർദ്ധപക്ഷിയും അർദ്ധമനുഷ്യനുമായ വിഷ്ണുവിന്റെ വാഹനം. പക്ഷികളുടെ രാജാവു. ദക്ഷന്റെ പുത്രിയായ വിനതയിൽ കശ്യപന്റെ പുത്രൻ. കാശ്യപന്റെ വേറൊരു ഭാര്യയും സർപ്പങ്ങളുടെ മാതാവുമായ കദ്രുവും വിനതയും തമ്മിൽ ഉച്ചൈഃശ്രവസിന്റെ നിറത്തെക്കുറിച്ചു തക്കമുണ്ടായിട്ടു കദ്രു ജയിക്കയും മുൻനിശ്ചയപ്രകാരം വിനത അവളുടെ ദാസിയായിത്തീരുകയും ചെയ്തു. അതുനിമിത്തം ഗരുഡനും സർപ്പങ്ങളുടെ ശത്രുവായി. ഗരുഡൻ ജനിച്ചപ്പോൾ ഉണ്ടായിരുന്ന ശോഭനിമിത്തം ദേവകൾ അവൻ അഗ്നിയാണെന്നു വിചാരിച്ചുവന്ദിച്ചു. അവനു ഉണ്ണുടി അല്ലെങ്കിൽ വിനായകാ എന്ന ഭാര്യയിൽ സമ്പാതി എന്നൊരു പുത്രൻ ജനിച്ചു. ബ്രാഹ്മണരെ ഒഴിച്ചുള്ള മനുഷ്യരെ ഭക്ഷിച്ചുകൊള്ളുവാൻ മാതാപിതാക്കന്മാർ അനുവദിച്ചു എന്നാൽ ഒരിക്കൽ ഭാര്യാസഹിതം ഒരു ബ്രാഹ്മണനെ ഭക്ഷിക്കയും അതിനാൽ തൊണ്ടവെന്തുപോകയും ചെയ്തു. ഒരിക്കൽ ഗരുഡൻ കദ്രുവിനു കാട്ടുള്ള അമ്മയുടെ സ്വാതന്ത്ര്യം സമ്പാദിപ്പാനായി ദേവകളിൽനിന്നു അമൃതം മോഷ്ടിച്ചുകൊണ്ടുപോന്നു അതുനിമിത്തം ഇന്ദ്രനുമായി യുദ്ധം ഉണ്ടായി ഇന്ദ്രൻ തോല്ക്കയും അവന്റെ വജ്രായുധം പൊടിഞ്ഞുപോകയുംചെയ്തു. എങ്കിലും അമൃതം ഇന്ദ്രൻ തിരിച്ചു വാങ്ങി—പേരുകൾ.

ഗരുത്മാൻഗരുഡസ്താർക്ഷ്യോവൈനതേയഃഖഗേശ്വരഃ ।
നാഗാന്തകോവിഷ്ണുരഥഃസുപർണ്ണഃപന്നഗാശനഃ ॥

**ഗർഗ്ഗൻ**—പു. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായ ഋഷി. ഉ. കൃഷ്ണന്റെയും യാദവന്മാരുടെയും ആചാര്യൻ.

**ഗർഭഗൃഹം**—ക്ഷേത്രത്തിൽ ബിംബം ഇരിക്കുന്ന സ്ഥലം.

**ഗാംഗൻ, ഗാംഗായനി**—പു. ഭീഷ്മർ ഉ. കാർത്തികേയൻ.

**ഗാണ്ഡീവം**—അർജ്ജുനന്റെ വില്ലു്, സോമൻ വരുണനും വരുണൻ അഗ്നിക്കും ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ അഗ്നി അർജ്ജുനനും കൊടുത്തു.

**ഗാധി**—വിശ്വാമിത്രന്റെ പിതാവു്, കൌശാംബരാജാവിന്റെ പുത്രൻ. വിഷ്ണുപുരാണപ്രകാരം ഇന്ദ്രന്റെ അവതാരം.

**ഗാന്ദിനി**—കാശിരാജാവിന്റെ പുത്രി, പന്ത്രണ്ടുവർഷം അമ്മയുടെ ഗർഭത്തിൽ കിടന്നു. പുറത്തു വരാൻ പറഞ്ഞപ്പോൾ മൂന്നുവർഷം ദിനംപ്രതി ഓരോ പശുവിനെ ബ്രാഹ്മണൎക്കു ദാനംചെയ്യണമെന്ന പിതാവിനോട മറുപടി പറഞ്ഞു. അപ്രകാരം ചെയ്തതുകൊണ്ടു പ്രസവിച്ചപ്പോൾ ഗാന്ദിനീ എന്നു പേരിട്ടു, ജീവകാലം മുഴുവനും അവൾ ഈ ദാനം ചെയ്തുവന്നു. ശ്വഫല്കന്റെ ഭാൎയ്യയും അക്രൂരന്റെ അമ്മയും ആയിരുന്നു.

**ഗാന്ദിനിസുതൻ**—൧. ഭീഷ്മൻ. ൨. കാൎത്തികേയൻ. ൩. അക്രൂരൻ.

**ഗാന്ധാരി**—ദുൎയ്യോധനന്റെ മാതുലനായ ശകുനി.

**ഗാന്ധാരി**—ഗാന്ധാരരാജാവായ സുബലന്റെ പുത്രി, ധൃതരാഷ്ട്രന്റെ ഭാൎയ്യ. ഭൎത്താവ് കുരുടനായിരുന്നതുകൊണ്ടു അവളും കണ്ണുകെട്ടിക്കൊണ്ടുനടന്നു രണ്ടുപേരും വാൎദ്ധക്യത്തിൽ കാട്ടുതീയിൽപെട്ടു നശിച്ചുപോയി, വ്യാസനോട്ടു കാണിച്ച ആതിഥ്യംനിമിത്തം ഗാന്ധാരിക്ക് അവൻ ഒരു വരംകൊടുക്കാമെന്നു പറഞ്ഞാറെ അവൾ നൂറുപുത്രന്മാരെ ചോദിച്ചു. പിന്നെ അവൾ രണ്ടുവൎഷം ഗൎഭമായിരുന്നശേഷം ഒരു മാംസപിണ്ഡം പ്രസവിച്ചു, വ്യാസൻ അതെടുത്തു നൂറെറാന്നായി ഖണ്ഡിച്ച് നൂറെറാന്നു ഭരണികളിലായി വെച്ചു, കാലക്രമം കൊണ്ടു മഹാഭയങ്കരങ്ങളായ ലക്ഷണങ്ങളോടുകൂടി ദുൎയ്യോധനൻ ഒന്നിൽനിന്ന് ജനിച്ചു. ഒരുമാസംകഴിഞ്ഞിട്ടു തൊണ്ണൂറെറാൻപതുപുത്രന്മാരും ദുശ്ശളാ എന്നൊരു പുത്രിയും മറെറവയിൽനിന്നും ഉണ്ടായി, ഗാന്ധാരിക്കു സൌബലി, സൌബലേയീഎന്നും പേരുകളുണ്ട്.

**ഗായത്രി**—ഋഗ്വേദത്തിലെ ഏററവും വിശുദ്ധിയുള്ളതായി വിചാരിക്കപ്പെട്ടുവരുന്ന ഒരു മന്ത്രം. എല്ലാ ബ്രാഹ്മണരുടെയും സന്ധ്യാ (രാവിലെയും വൈകുന്നേരവും) വന്ദനങ്ങളിൽ അംഗന്യാസങ്ങളോടുകൂടെ വെള്ളത്തിലോ അതിന്നുസമീപത്തോ നിന്നുകൊണ്ടു ചൊല്ലേണ്ടതു. "ഓം ഭൂർഭുവസ്സുവഃ തത്സവിതുർവരേണ്യം ഭൎഗ്ഗോദേവസ്യധീമഹിധിയോയോനഃ പ്രചോദയാൽ" ഒരു സൂൎയ്യപ്രാൎത്ഥന. എന്നാൽ പരബ്രഹ്മസംബന്ധമുള്ളതായി വേദാന്തികൾ വ്യാഖ്യാനിക്കുന്നു.

**ഗാരുഡപുരാണം**—ഒരു പുരാണം കിളിപ്പാട്ടായി ദാമോദരൻകൎത്താവു തൎജ്ജമചെയ്തിട്ടുണ്ട്.

**ഗാലവൻ**—വിശ്വാമിത്രന്റെ ഒരു ശിഷ്യൻ, പഠിത്തം കഴിഞ്ഞ ശേഷം അവൻ ഗുരുവിനോട എന്തു ദക്ഷിണവേണമെന്നു ചോദിച്ചു, വിശ്വാമിത്രൻ മുഷിഞ്ഞു ഓരോ കറുത്തചെവിയുള്ള ൮൦൦ വെള്ളക്കുതിരകളെ വേണമെന്നുപറഞ്ഞു, ഗാലവൻ വിഷമിച്ച് ഗരുഡനോട ചോദിച്ചപ്പോൾ ഗരുഡൻ അവനെ യയാതിരാജാവിന്റെ അടുക്കൽ കൊണ്ടുചെന്നു, ആവശ്യപ്പെട്ട കുതിരകളെ കൊടുക്കാൻ കഴിയാഞ്ഞിട്ടു യയാതി തന്റെ മകൾ മാധവിയെ ഗാലവനു കൊടുത്തു. ഗാലവൻ അവളെ ഒന്നാമത് അയോദ്ധ്യാരാജാവായ ഹൎയ്യശ്വനും പിന്നെ കാശിരാജാവായ ദിവോദാസനും അതിൽപിന്നെ ഭോജരാജാവായ ഉശീനരനും കൊടുത്തു അവരോട ൨൦൦ കുതിരകൾവീതമായി ൬൦൦ കുതിരകളെവാങ്ങി, അവൾ മൂന്നുപ്രാവശ്യം വിവാഹംചെയ്യപ്പെടുകയും ഓരോരുത്തൎക്കു ഓരോ പുത്രനെ പ്രസവിക്കയും ചെയ്തെങ്കിലും ഒരു വരംനിമിത്തം അവളുടെ കൌമാരീത്വം പോയില്ല, പിന്നെ ഗാലവൻ അവളെയും ൬൦൦ കുതിരകളെയും കൊണ്ടുചെന്നു വിശ്വാമിത്രന്നു ദക്ഷിണയായിട്ടു കൊടുത്തു. വിശ്വാമി

[illegible] സ്വീകരിക്കുകയുംചെയ്തു. [illegible] വിശ്വാമിത്രൻ [illegible] എന്നൊരു പുത്രൻ ഉണ്ടായി. വിശ്വാമിത്രൻ വനത്തിലേക്കു പോയശേഷം ഗാലവൻ [illegible] ഗാലവൻ വിശ്വാമിത്രൻെറ പുത്രനായിരുന്നു.

ഗിരീശൻ—൧. ശിവൻ. ൨. ഹിമാലയം.

ഗിരിജാ—പാർവ്വതി.

ഗിരിജ്വരം, ഗിരികണ്ടകം—ഇന്ദ്രൻെറ വജ്രായുധം.

ഗിരിനന്ദിനി, ഗിരിജ—൧. പാർവ്വതി. ൨. ഗംഗാ.

ഗീതാ—ഏതെങ്കിലും പ്രത്യേകധർമ്മവിഷയത്തെയൊ തത്വത്തെയൊ വ്യാഖ്യാനിക്കുന്നതിന്നായി പദ്യരൂപമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള പുസ്തകം. ഉദാഹരണം ശിവഗീത, രാമഗീത, ഭഗവൽഗീത എന്നാൽ ഭഗവൽഗീതയ്ക്കാണ് സാധാരണയായി ഗീതയെന്ന പറഞ്ഞുവരുന്നതു,

ഗീതഗോവിന്ദം—കൃഷ്ണൻെറ ബാല്യത്തെക്കുറിച്ച് ജയദേവൻ ഉണ്ടാക്കിയ ഒരു കാവ്യം. ശൃംഗാരരസം പ്രധാനം. ശ്രീകൃഷ്ണൻെറയും രാധയുടെയും അനുരാഗം വിഷയം. ജീവാത്മാവും പരമാത്മാവുംതമ്മിലുള്ള സംബന്ധം ഗൂഢമായി എന്നു ചിലർ പറയുന്നു. പന്ത്രണ്ടു സർഗ്ഗവും ഓരോന്നിൽ വളരെ അഷ്ടപദികളും ഉണ്ട്. ജയദേവൻ കൃഷ്ണഭക്തനായിരുന്നു. അദ്ദേഹം കൃഷ്ണപ്രതിമമുമ്പാകെ ഗീതങ്ങൾ പാടുകയും ഭാര്യ അതിനൊപ്പിച്ച നൃത്തം ചെയ്യുകയും ചെയ്തുവന്നു. രാമപുരത്തുവാരിയർ മലയാളത്തിൽ തൎജ്ജമചെയ്തിട്ടുണ്ട്.

ഗുഡാകേശൻ—൧. ഭഗവൽഗീതയിൽ അൎജ്ജുനൻെറ ഒരു സാധാരണപേരു. ൨. ശിവൻ.

ഗുണങ്ങൾ—തത്വശാസ്ത്രത്തിൽ സത്വഗുണം, രജോഗുണം, തമോഗുണം ഇങ്ങനെ മൂന്നുണ്ട്. സത്വഗുണം അധികമുള്ളവർ മരണശേഷം ദേവകളായി ജനിക്കുന്നു. രജോഗുണമധികമുള്ളവർ മനുഷ്യരായിതന്നെ, എങ്കിലും മുമ്പത്തേതിൽ ഹീനരായി ജനിക്കുന്നു. തമോഗുണമധികമുള്ളവർ വിവേകമില്ലാത്ത മൃഗങ്ങളായി ജനിക്കുന്നു.

ഗുണ്ടെർട്ട് റെവറണ്ട് ഡോക്ടർ എച്ച്—(൧൮൧൪ — ൧൮൯൩) മലബാറിൽ ബാസൽജൎമ്മൻ മിഷ്യനിലെ ഒരു മിഷ്യനറി ആയിരുന്നു. കുറേകാലം പള്ളിക്കൂടം ഇൻസ്പെക്ടർ ജോലിയും നോക്കിയിരുന്നു. മലയാളഭാഷയുടെ അഭിവൃദ്ധിക്കായി വളരെ പ്രയത്നിച്ചിട്ടുണ്ട്. തൻെറ ജീവിതോദ്ദേശം തന്നെ അതായിരുന്നു എന്നു പറയാം. മലയാളഭാഷാവ്യാകരണം എന്ന പേരിന്നു അർഹതയുള്ള ഒരു പുസ്തകം ആദ്യം ഉണ്ടാക്കിയതു ഇദ്ദേഹമാണ്. മലയാളത്തിൽ വിരാമങ്ങളുടെ ഉപയോഗം നടപ്പിൽ വരുത്തിയതും ഇദ്ദേഹമാണ്. മലയാളത്തിൽ വളരെ പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. പ്രധാനകൃതി ഒരു മലയാളനിഘണ്ടു. വേദപുസ്തകത്തിൽ (വേദപുസ്തകംനോക്കുക) പുതിയ നിയമവും പഴയനിയമത്തിൽ സങ്കീൎത്തനങ്ങൾ തുടങ്ങിയുള്ള പുസ്തകങ്ങളും തൎജ്ജമചെയ്തിട്ടുണ്ട്. ജൎമ്മൻ ഭാഷയിൽ ഇപ്പോഴും പ്രചാരത്തിലുള്ള അനേകം മലയാളഗീതങ്ങളും ഈ ശ്രേഷ്ഠൻ രചിച്ചിട്ടുണ്ട്.

**ഗുപ്തൻ**— വൈശ്യരുടെ പേരുകളോടുകൂടി സാധാരണയായി ചേർക്കുന്ന ഒരു പദം.

**ഗുഹൻ**— ൧. കാർത്തികേയൻ. ൨. ശൃംഗിവേരരാജാവും രാമചന്ദ്രസഖിയും ആയ ഒരു നിഷാദൻ. ൩. വിഷ്ണു.

**ഗുഹ്യകർ**— കുബേരന്റെ ദ്രവ്യം സൂക്ഷിക്കുന്ന ദേവതകൾ.

**ഗൃത്സമദൻ**— ഋഗ്വേദത്തിലെ ചില ഗീതങ്ങളുടെ കർത്താവായ ഒരു ഋഷി.

**ഗൃഹസ്ഥാശ്രമം, ഗൃഹാശ്രമം**— ബ്രാഹ്മണരുടെ ജീവൽകാലത്തിന്റെ രണ്ടാമത്തെ ഭാഗം. ബ്രാഹ്മണൻ ആശ്രമം നോക്കുക.

**ഗോകുലാഷ്ടമി**— കൃഷ്ണജയന്തി.

**ഗോപതി**— ൧. ഇന്ദ്രൻ. ൨. കൃഷ്ണൻ. ൩. ശിവൻ. ൪. വരുണൻ.

**ഗോപതിഋഷഭൻ**— ൧. ശിവൻ ൨. കൃഷ്ണൻ വധിച്ച ഒരു അസുരൻ.

**ഗോപാലൻ, ഗോവിന്ദൻ**— കൃഷ്ണൻ.

**ഗോപാലനെഴുത്തച്ഛൻ**— കരുണാകരനെഴുത്തച്ഛന്റെയും സൂര്യനാരായണനെഴുത്തച്ഛന്റെയും ശിഷ്യൻ. പാർവതീസ്വയംവരം എന്നൊരു കിളിപ്പാട്ട് എഴുതിയിട്ടുണ്ട്.

**ഗോപികൾ**— കൃഷ്ണന്റെ ബാല്യത്തിലെ സഖികൾ.

**ഗോവർദ്ധനം**— വൃന്ദാവനത്തിലെ ഒരു പർവതം, കൃഷ്ണന്റെ സഖികളായ ഗോപികളും മറ്റും കൃഷ്ണന്റെ ഉപദേശപ്രകാരം ഇന്ദ്രനെ വന്ദിക്കുന്നതിനുപകരം ഈ പർവതത്തെ വന്ദിച്ചതുകൊണ്ടു ഇന്ദ്രൻ അതിനെയും അതിന്റെ പൂജക്കാരെയും നശിപ്പിച്ചുകളവാൻ വന്മഴ പെയ്യിച്ചു. എന്നാൽ കൃഷ്ണൻ ഏഴുദിവസം തന്റെ ചെറുവിരലിന്മേൽ മലയെ ഉയർത്തിപ്പിടിച്ചുകൊണ്ടു എല്ലാവരെയും രക്ഷിച്ചു.

**ഗോവർദ്ധനധരൻ**— കൃഷ്ണൻ.

**ഗോവിന്ദപ്പിള്ള, ദിവാൻ ബഹദൂർ എ**— (൧൦൨൪-൧൦൭൪) തിരുവിതാംകൂറിൽ പല ഉദ്യോഗങ്ങളിലിരുന്നു പ്രശസ്തിനേടി ഒടുവിൽ ഹൈക്കോർട്ടുജഡ്ജിയായി. ഔദ്യോഗികജോലിയില്ലാത്ത സമയം സാഹിത്യനിർമ്മാണത്തിൽ കഴിച്ചു. സംസ്കൃതത്തിൽനിന്നു തർജ്ജമചെയ്ത ഭഗവൽഗീതയും തമിഴിൽനിന്നുള്ള തിരുക്കുറളും ഇംഗ്ലീഷിൽനിന്നുള്ള ലീയർരാജാവു എന്ന നാടകവും പ്രധാനകൃതികൾ. സ്തവരത്നമാല മുതലായി ഇദ്ദേഹത്തിന്റെ വേറെയും അനേകം കൃതികൾ ഉണ്ട്.

**ഗോവിന്ദപ്പിള്ള പി. ബി. എ**— വലിയകൊട്ടാരം സർവ്വാധികാര്യക്കാരായിരുന്നു. ഇദംപ്രഥമമായി മലയാളഭാഷാചരിത്രം ഉണ്ടാക്കി. ഭാഷാചരിത്രത്തെപറ്റി ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങളെല്ലാം സ്വീകാര്യങ്ങളല്ലെങ്കിലും

വളരെ അദ്ധ്വാനം ചെയ്തു എഴുതീട്ടുള്ള ഈ പുസ്തകം ഭാഷയ്ക്കു ഒരു അമൂല്യസ
മ്പത്തായിന്നതാണ്.

ഗോളദീപിക—പുരാണങ്ങളെ അടിസ്ഥാനപ്പെടുത്തി തമിഴിൽ ഒരു
ഭൂമിശാസ്ത്രപുസ്തകം.

ഗൌതമൻ (ഗോതമൻ)—൧, ഭരദ്വാജൻ. ൨. ന്യായദർശനത്തി
ൻെറ സ്ഥാപകനായ ശതാനന്ദൻ. ൩, അഹല്യയുടെ ഭർത്താവ്. ൪. കൃപൻ,
൫ ബുദ്ധൻ.

ഗൌതമീ—൧. ദ്രോണൻെറ ഭാൎയ്യയായ കൃപാ. ൨. ദുൎഗ്ഗാ. ൩. ഒരു
ഭയങ്കരരാക്ഷസീ.

ഗൌരീ—൧. പാർവതി; ശിവൻെറ ഭാൎയ്യയാകുന്നതിനുമുമ്പുള്ള പേ
ര്. ൨. വരുണൻെറ ഭാൎയ്യ.

ഗൌരീപരിണയം—പാൎവ്വതിയുടെ വിവാഹത്തെപ്പററി ചക്രകവി
യുടെ ഒരു നാടകം.

ഗൌരീവ്രതം—ഭാദ്രപദമാസം ശുക്ലപക്ഷത്തിലെ തൃതീയദിവസം
കൊണ്ടാടുന്ന ഒരു ഉത്സവം.

ഗ്രന്ഥം—ശിഖരുടെ വേദപുസ്തകം. ൨. തമിഴിൽ സംസ്കൃതം എഴു
തുന്നതിന് ഉപയോഗിക്കുന്ന അക്ഷരം.

ഗ്രഹങ്ങൾ—ഇവ ഒമ്പതുണ്ട്.

സൂൎയ്യശ്ചന്ദ്രോഽംഗാരശ്ച ബുധശ്ചാപിബൃഹസ്പതിഃ॥
ശുക്രഃ ശനൈശ്ചരോരാഹുഃ കേതുശ്ചേതിഗ്രഹാനവ॥

## ഘ

ഘടകർപ്പരൻ—വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒരുവനാ
യ ഒരു കവി. ഘടകർപ്പരം എന്ന ഒരു ചെറിയ കാവ്യം ഉണ്ടാക്കിയിട്ടുണ്ട്. ശ്ലോക
ങ്ങൾ യമകങ്ങളാണ്.

ഘടിഘടൻ (ഘണ്ടൻ)—ശിവൻ.

ഘടോൽകചൻ—രാക്ഷസിയായ ഹിഡിംബിയിൽ ഭീമൻെറ പു
ത്രൻ. ഭാരതയുദ്ധത്തിൽ പാണ്ഡവരുടെ ഭാഗം യുദ്ധംചെയ്തു. ഒടുവിൽ കൎണ്ണ
നാൽ അവനു ഇന്ദ്രനിൽനിന്നു കിട്ടിയ ശക്തികൊണ്ടു കൊല്ലപ്പെട്ടു.

ഘർഘരി, ഘൂകനാദിനി, ഘൃണിനിധി—ഗംഗാ.

ഘൃതാചി—ഒരു അപ്സരസ്ത്രീ, രൌദ്രാശ്വനാൽ പത്തു പുത്രന്മാരുണ്ടാ
യി. ഒരു കഥപ്രകാരം അവൾക്കു നൂറു പുത്രിമാരുണ്ടായിരുന്നു. വായു അവ
രെ ആകാശത്തിലേക്കു തന്നോടുകൂടെ ചെല്ലുന്നതിനു ക്ഷണിച്ചാറെ ചെല്ലാഞ്ഞി

ട്ട് അവൻ അവരെ ശപിക്കയും അവർ അംഗഹീനരായിത്തീരുകയും ചെയ്തു. ശാപംമാറി സ്വരൂപം പ്രാപിച്ചശേഷം അവരെ കാമ്പിലരാജാവായ ബ്രഹ്മദത്തൻ വിവാഹംചെയ്തു.

TRAINING SCHOOL
KOTTAYAM
LOWER GRADE

## ങ

ങൻ—ശിവൻ.

## ച

ചൻ—ശിവൻ.

ചകോരം—ഒരു പക്ഷി, ചന്ദ്രരശ്മി പാനംചെയ്യുന്നു എന്നു സങ്കല്പം.

ചക്രം—വിഷ്ണുവിന്റെ ആയുധം.

ചക്രവാകം—ഒരു പക്ഷി. രാത്രി മുഴുവനും ഭാര്യാഭർത്താക്കന്മാർ പിരിഞ്ഞിരിക്കണമെന്ന ഒരു ശാപമുള്ളതിനാൽ രാത്രി മുഴുവനും ഭാര്യയെ വിളിച്ചുകൊണ്ടിരിക്കുമെന്നു സങ്കല്പം.

ചക്രവാളം—ഭൂമിയെ ഒരു മതിലുപോലെ ചുററിയിരിക്കുന്ന ഒരു പർവ്വതം, അതിനപ്പുറം ഇരുട്ടും വെളിച്ചവും ഇല്ല.

ചണ്ഡകൌശികം—ക്ഷേമേശ്വരൻ എന്നൊരു കവി ഹരിശ്ചന്ദ്രന്റെ കഥ നാടകമാക്കിയതു്. ഹരിശ്ചന്ദ്രൻ നോക്കുക.

ചണ്ഡാ, ചണ്ഡീ, ചണ്ഡികാ, ചണ്ഡമുണ്ഡാ (ചാമുണ്ഡാ)—ദുർഗ്ഗാ.

ചണ്ഡീമാഹാത്മ്യം—ദുർഗ്ഗാദേവിക്കു് അസുരന്മാരുടെ മേൽ ഉണ്ടായ ജയത്തെ ഘോഷിക്കുന്ന ഒരു കാവ്യം. മാർക്കണ്ഡേയപുരാണത്തിന്റെ ഒരുഭാഗം ചണ്ഡീപഥമെന്നും ദേവീമാഹാത്മ്യം എന്നും പേരുകളുണ്ടു്.

ചണ്ഡാലൻ, നീചൻ, അധമൻ—ബ്രാഹ്മണസ്ത്രീയിൽ ശൂദ്രന്റെ പുത്രൻ

ചണ്ഡാലവല്ലകീ, ചണ്ഡാലികാ—ഒരു ചണ്ഡാളന്റെ വീണ.

ചതുരകാരാദി—വീരമാമുനി (Beschi) യുടെ ഒരു ശ്രുതിപ്പെട്ട തമിഴ്നിഘണ്ടു.

ചതുർദ്ദശരത്നങ്ങൾ—സമുദ്രമഥനത്തിൽ കിട്ടിയവ.

ലക്ഷ്മീഃ കൌസ്തുഭപാരിജാതകസുരാധന്വന്തരിശ്ചന്ദ്രമാ
ഗാവഃ കാമദുഘാഃ സുരേശ്വരഗജോരംഭാദിദേവാംഗനാഃ ।
അശ്വഃസപ്തമുഖോവിഷംഹരിധനുഃശംഖോമൃതം ചാംബുധേ
രത്നാനീഹചതുർദ്ദശപ്രതിദിനംകുര്യുഃസദാമംഗളം ॥

ചതുർദ്ദശവിദ്യകൾ—

ഷഡംഗ മിശ്രിതാവേദാ ധൎമ്മശാസ്ത്രം പുരാണകം।
മീമാംസാ തൎക്കമപിച ഏതാവിദ്യാശ്ചതുൎദ്ദശ॥

**ചതുൎഭദ്രം (ചതുൎവ്വൎഗ്ഗം)**—മനുഷ്യായുസ്സിന്റെ ആവശ്യങ്ങൾ; ധൎമ്മം, അൎത്ഥം, കാമം, മോക്ഷം.

**ചതുൎമ്മുഖൻ**—ബ്രഹ്മാവു്.

**ചതുൎവ്വൎഗ്ഗസംഗ്രഹം**—പുരുഷാൎത്ഥങ്ങളെ വിവരിക്കുന്ന ഒരുകാവ്യം. ക്ഷേമേന്ദ്രൻ ഗ്രന്ഥകൎത്താവു്. ചതുൎഭദ്രം നോക്കുക.

**ചതുൎവൎണ്ണ്യം**—നാലു ജാതികൾ. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര,

**ചന്തുമേനോൻ, ഒയ്യാരത്തു**—മലയാളഭാഷയിലെ ഏററവും ഉത്തമ നോവലായ ഇന്ദുലേഖയുടെ കൎത്താവു്. ഗദ്യരീതി അനുകരണീയം. ശാരദ എന്നവേറൊരു നോവൽ എഴുതിയതു് പൂൎത്തിയാകുംമുമ്പേമരിച്ചുപോയി. ഈനോവൽമിസ്ററർ സി. അന്തപ്പായി പൂൎത്തിയാക്കീട്ടുണ്ടു്. ചന്തുമേനോന്റെ ആശയപ്രകാരമോ എന്നു നിൎണ്ണയിപ്പാൻ അസാദ്ധ്യം. ചന്തുമേനോൻ മലബാറിൽ ഒരു സബ്ബ്ജഡ്ജി ആയിരുന്നു.

**ചന്ദ്രൻ**—സോമൻ നോക്കുക.

**ചന്ദ്രകാന്തം**—ഒരു രത്നക്കല്ലു്. ചന്ദ്രരശ്മി തട്ടിയാൽ ദ്രവിച്ചുപോകുമെന്നു സങ്കല്പം. മണിചകം എന്നും പേരുണ്ടു്.

**ചന്ദ്രകേതു**—൧. ലക്ഷ്മണന്റെ പുത്രൻ. ൨. ചകോരദേശത്തിലെ ഒരു രാജാവു്.

**ചന്ദ്രഗുപ്തൻ**—മഗധദേശത്തിൽ വാണ മൌൎയ്യകുലത്തെ സ്ഥാപിച്ചവൻ. മുദ്രാരാക്ഷസം നാടകത്തിന്റെ നായകൻ. ഈ രാജാവിന്റെ പേരു് ഇന്ത്യയെ ആക്രമിച്ച മക്കദോന്യരാജാവായ അലക്സാണ്ടറിന്റെ ചരിത്രത്തിൽ സന്ദ്രകോട്ടസ് എന്നു കാണുന്നു. അതുകൊണ്ടു് ഇന്ത്യാചരിത്രത്തിലെ ചില സംഭവങ്ങളുടെ കാലം നിശ്ചയിക്കുന്നതിൽ പ്രധാനമായ ഒരാൾ ആകുന്നു

**ചന്ദ്രചൂഡൻ, ചന്ദ്രനാഥൻ**—ശിവൻ.

**ചന്ദ്രദാരങ്ങൾ**—ദക്ഷന്റെ പുത്രിമാരായ ൨൭ നക്ഷത്രങ്ങൾ; ചന്ദ്രൻ അവരെ വിവാഹംചെയ്തു.

**ചന്ദ്രപ്രഭാചരിതം**—പതിനേഴു സൎഗ്ഗത്തിൽ വീരനന്ദിയുടെ ഒരു കാവ്യം ൧൨-ാം ശതാബ്ദം. ജൈനരുടെ വിശ്വാസങ്ങളെപ്രതിപാദിച്ചിരിക്കുന്നു കനകപ്രഭരാജാവിന്റെ വംശചരിത്രം തുടങ്ങി ജിനനായി ഇന്ദ്രന്റെ അവതാരത്തിൽ അവസാനിപ്പിക്കുന്നു.

**ചന്ദ്രവംശം**—ഒരു രാജകുലം. ചന്ദ്രനിൽനിന്നുത്ഭവിച്ചു. യാദവരെ
ന്നും പൌരവരെന്നും രണ്ടായി വിഭാഗിക്കപ്പെട്ടിരുന്നു. കൃഷ്ണൻ യദുകുലത്തി
ലുള്ളവനും, ദുഷ്യന്തൻ, കൌരവർ, പാണ്ഡവർ മുതലായവർ പൌരവന്മാരും
ആകുന്നു. വിഷ്ണുപുരാണത്തിൽ ഈ വംശക്കാരായ എല്ലാവരുടേയും പേരുക
ളുണ്ടു്.

**ചന്ദ്രഹാസം** — രാവണന്റെ വാള്.

**ചന്ദ്രഹാസൻ** — കേരളത്തിലെ ഒരു രാജാവ്; സുധാർമ്മികന്റെ പുത്രൻ. ജനിച്ചപ്പോൾത്തന്നെ മാതാപിതാക്കന്മാർ മരിച്ചുപോകയാൽ വലിയ ദരിദ്ര്യത്തിൽ അകപ്പെട്ടു. വളരെ പ്രയാസങ്ങളിൽക്കൂടി കടന്നശേഷം രാജാവായി, യാഗംചെയ്യാനുള്ള കുതിരയെയുംകൊണ്ട് കൃഷ്ണനും അർജ്ജുനനും ചന്ദ്രഹാസന്റെ രാജ്യത്തിൽ ചെല്ലുകയും ആ സമയം ചന്ദ്രഹാസൻ അവരുടെ ഒരു സഖാവായിത്തീരുകയും ചെയ്തു.

**ചന്ദ്രാഭിഷേകം** — രാമേശ്വരന്റെ ഒരു നാടകം, ചാണക്യൻ നന്ദകുലം നശിപ്പിച്ചതും ചന്ദ്രഗുപ്തനെ അഭിഷേകംചെയ്തതും വിഷയം. മുദ്രാരാക്ഷസത്തോളം നന്നല്ല.

**ചന്ദ്രാലോകം** — അലങ്കാരങ്ങളെപ്പറ്റി ജയദേവന്റെ ഒരു കൃതി; കുവലയാനന്ദം നോക്കുക.

**ചന്ദ്രോത്സവം** — പ്രാചീനമായ ഒരു ഉൽകൃഷ്ടമണിപ്രവാളകാവ്യം. ഇതിലെ വർണ്ണനകൾ സഹൃദയഹൃദയാഹ്ലാദകങ്ങളാണ്. മലയാളഭാഷയുടെ ഒരു കഷായനിക്ഷേപമായ പ്രസ്തുത കാവ്യത്തിന്റെ കർത്താവ്, തുഞ്ചത്തു രാമാനുജനാണെന്നു ചിലരും മേല്പത്തൂർ ഭട്ടതിരിയാണെന്നു മറ്റുചിലരും മനക്കുളം രാജവംശത്തിലെ ഒരു രാജാവിന്റെ ആശ്രിതനായ ഒരാളാണെന്നു വേറെചിലരും സംസ്കൃതപണ്ഡിതനും സരസനുമായ ഒരു നമ്പൂരിയാണെന്നു ഇനിയും ചിലരും, കോഴിക്കോട്ടു സാമൂതിരിയുടെ പണ്ഡിതസദസ്സിലെ പ്രസിദ്ധന്മാരായ പതിനെട്ടുകവികളിൽ ഒരാളാണെന്നും അയാൾ ഉദ്ദണ്ഡശാസ്ത്രികളുടെ സമകാലനനാണെന്നും പിന്നെച്ചിലരും അഭിപ്രായപ്പെടുന്നതല്ലാതെ തീർച്ചപ്പെട്ടിട്ടില്ല.

**ചമ്പൻ** — യയാതിയുടെ സന്തതിയിലൊരുവനായ പൃഥുലാക്ഷന്റെ പുത്രൻ. ചമ്പാനഗരം പണിയിച്ചു.

**ചമ്പു** — ഗദ്യപദ്യസമ്മിശ്രമായ ഒരു കാവ്യം. ഉദാഹരണങ്ങൾ:— ഭോജചമ്പു (രാമായണം), നളചമ്പു, ഭാരതചമ്പു, ഹസ്തഗിരിചമ്പു.

**ചമ്പൂഭാഗവതം** — ആറു വിലാസങ്ങളിലായി ശ്രീകൃഷ്ണചരിതം, കവി അഭിനവകാളിദാസൻ, കവിയുടെ യഥാർത്ഥപ്പേരിനെപ്പറ്റി വിവരമില്ല; കാളിദാസകൃതിയുടെ വിശിഷ്ടതയൊന്നുമില്ല.

**ചരകൻ** — ചരകം എന്ന ശ്രുതിപ്പെട്ട വൈദ്യപുസ്തകത്തിന്റെ കർത്താവ് ശേഷസർപ്പത്തിന്റെ അവതാരമാണെന്നു ഒരു കഥയുണ്ട്. വാഗ്ഭടന്റെ അഷ്ടാംഗഹൃദയം ചരകന്റെയും സുശ്രുതന്റെയും കൃതികളിൽനിന്നു എടുത്തുചുരുക്കി എഴുതീട്ടുള്ളതാണ്.

**ചലലാ, ചപലാ** — ലക്ഷ്മിയുടെ ഒരു പേര്.

**ചാക്ഷുഷൻ** — ആറാമത്തെ മനു.

**ചാണക്യൻ** — നന്ദകുലത്തെ നശിപ്പിച്ചു ചന്ദ്രഗുപ്തനെ രാജാവാക്കിയ ഒരു ഉപായിയായ ബ്രാഹ്മണൻ. മുദ്രാരാക്ഷസം നാടകത്തിലെ ഒരു പ്രധാനപാത്രം, വിഷ്ണുഗുപ്തൻ എന്നും കൌടില്യൻ എന്നും പേരുകളുണ്ട്.

**ചാണക്യശതകം** — ചാണക്യന്റെ പ്രമാണങ്ങൾ അടങ്ങിയ ഒരു കാവ്യം.

**ചാണൂരൻ** — കംസന്റെ സേവകനായ ഒരു മല്ലൻ. കൃഷ്ണൻ അക്രൂരന്റെ ക്ഷണപ്രകാരം മഥുരയിൽ ചെന്നപ്പോൾ ചാണൂരനുമായി ദ്വന്ദ്വയുദ്ധം ഉണ്ടാകയും ചാണൂരൻ വധിക്കപ്പെടുകയും ചെയ്തു. ഈ സംഭവത്തിൽനിന്നു കൃഷ്ണനു ചാണൂരമർദ്ദനൻ (സൂദനൻ) എന്നു പേരുണ്ടായി.

**ചാതകം** — ഒരു പക്ഷി. ദാഹത്തിനു മഴത്തുള്ളിമാത്രമേ പാനം ചെയ്യൂ എന്നു സങ്കല്പം. ഗർവ്വത്തിന്റെ ഉദാഹരണം.

**ചാതകസന്ദേശം** — ടിപ്പുവിന്റെ കാലത്തു ബ്രിട്ടീഷ് മലബാറിൽനിന്നു തിരുവനന്തപുരത്തേയ്ക്കു ഓടിപ്പോന്ന ഒരു നമ്പൂതിരിയുടെ കൃതി.

**ചാത്തുക്കുട്ടി മന്നാടിയാർ** — ചമ്പത്തിൽ, ഒരു വക്കീലായിരുന്നു. ഹാലാസ്യമാഹാത്മ്യം കാവ്യവും ജാനകീപരിണയം, ഉത്തരരാമചരിതം ഈ നാടകങ്ങളും തർജ്ജമ ചെയ്തിട്ടുണ്ട്. ഉത്തരരാമചരിതമാണ് പ്രധാന തർജ്ജമ. (൧൦൩൨—)

**ചാന്ദ്രമസീ** — ബൃഹസ്പതിയുടെ ഭാര്യ.

**ചാന്ദ്രായണം** — ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ ആശ്രയിച്ചിട്ടുള്ള ഒരു വ്രതം. വെളുത്തവാവിന്റെ ദിവസം പതിനഞ്ചുവായ്‌ഭക്ഷണത്തിൽ ആരംഭിച്ചു ദിനംപ്രതി ഓരോന്നു കുറച്ചു, കറുത്തവാവിങ്കൽ ഭക്ഷണമില്ലാതിരുന്നു, പിന്നെ ദിനംപ്രതി ഓരോന്നു വെളുത്തവാവുവരെ വർദ്ധിപ്പിക്ക.

**ചാമുണ്ഡാ** — ദുർഗ്ഗാദേവി. രാക്ഷസന്മാരായ ചണ്ഡൻ മുണ്ഡൻ ഇവരെ കൊന്നതുകൊണ്ടു ചാമുണ്ഡാ എന്നു പേർ. കുടകിലെ ഗ്രാമദേവത—ഭദ്രകാളി—മഹിഷാസുരനെ വധിച്ചു.

**ചാരു** — ബൃഹസ്പതി.

**ചാരുചര്യാ** — സന്മാർഗ്ഗസംബന്ധമായി ക്ഷേമേന്ദ്രൻ ഉണ്ടാക്കിയ നൂറു ശ്ലോകങ്ങൾ അടങ്ങിയ ഒരു കാവ്യം.

**ചാരുധാമാ, (ധാരാ,രാവാ)** — ഇന്ദ്രന്റെ ഭാര്യയായ ശചീ.

**ചാരു. ചാരുദേഹൻ, ചാരുദേഷ്ണൻ, ചാരുഗുപ്തൻ** — കൃഷ്ണന്റെയും രുഗ്മിണിയുടെയും പുത്രന്മാർ.

**ചാരുദത്തൻ** — മൃച്ഛകടീ നാടകത്തിലെ നായകൻ

**ചാരുമതീ** — കൃഷ്ണന്റെയും രുഗ്മിണിയുടെയും പുത്രി.

**ചാരുഹാസിനീ** — ൧. രുഗ്മിണി. ൨. ലക്ഷ്മണാ.

**ചാർവാകൻ** — ൧. ദുര്യോധനന്റെ ഇഷ്ടനായ ഒരു രാക്ഷസൻ, യുദ്ധത്തിന്റെയും ശേഷം യുധിഷ്ഠിരൻ ഹസ്തിനപുരനഗരപ്രവേശം ചെയ്തപ്പോൾ ചാർവാകൻ ഒരു ബ്രാഹ്മണവേഷം ധരിച്ചു ചെന്നു അവനെ മഹാപാപിയാണെന്നു പറഞ്ഞു നിന്ദിച്ചു. അപ്പോൾ നേരറിഞ്ഞ ബ്രാഹ്മണരുടെ കണ്ണുകളിൽനിന്നു

അഗ്നി പുറപ്പെട്ടു അവനെ ദഹിപ്പിച്ചു കളഞ്ഞു, അവൻ ഭീമനെ ദുൎയ്യോധനൻ കൊന്നുകളഞ്ഞു എന്നും ഒരു ധ്വനി പുറപ്പെടുവിച്ചു. ൨. ഒരു നാസ്തികനായ തത്വജ്ഞൻ. പ്രത്യക്ഷമല്ലാത്ത പ്രമാണങ്ങളൊന്നും സ്വീകരിക്കയില്ല. ലോകം ആദികാരണം കൂടാതെ ഉണ്ടായി ധൎമ്മാധൎമ്മവും മരണശേഷം മോക്ഷവും നരകവും ഇല്ല. എന്ന മതക്കാരൻ.

ചിത്തജൻ — കാമദേവൻ..

ചിത്തിരപൌൎണ്ണമി — ചിത്തിരമാസത്തിൽ വെളുത്തവാവു; ചിത്രഗുപ്തനു ബലിയിടുന്ന ദിവസം.

ചിത്രകൂടം — വാല്മീകിയുടെ ആശ്രമം ഉണ്ടായിരുന്ന സ്ഥലം. രാമനും സീതയും അവിടെ പലപ്രാവശ്യം പാൎത്തിട്ടുണ്ട്.

ചിത്രഭാരതം — ക്ഷേമേന്ദ്രന്റെ ഒരു നാടകം. ഭാരതയുദ്ധം വിഷയം.

ചിത്രമീമാംസ — അലങ്കാരങ്ങളെ പറ്റി അപ്പയ്യദീക്ഷിതരുടെ ഒരു പുസ്തകം

ചിത്രാംഗദൻ — ശന്തനുരാജാവിന്റെ പുത്രൻ ഭീഷ്മന്റെ സഹോദരൻ വലിയ അഹങ്കാരി ആയിരുന്നു, ചിത്രാംഗദൻ എന്നു തന്നെ പേരുള്ള ഒരു ഗന്ധൎവ്വനോടുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ടു.

ചിത്രാംഗദാ — അൎജ്ജുനന്റെ ഭാൎയ്യയും ബഭ്രുവാഹനന്റെ മാതാവും ചിത്രവാഹനരാജാവിന്റെ പുത്രി.

ചിത്രാംഗദസു — വ്യാസന്റെ മാതാവായ സത്യവതിയുടെ ഒരു പേരു.

ചിത്രഗുപ്തൻ — യമന്റെ ഗുമസ്തൻ, മനുഷ്യരുടെ സൽക്കൎമ്മങ്ങളെയും ദുഷ്കൎമ്മങ്ങളെയും എഴുതിവെക്കുന്നവൻ.

ചിത്രയജ്ഞം ദക്ഷന്റെ കഥ നാടകമായി വൈദ്യനാഥവാചസ്പതി ഉണ്ടാക്കിയതു.

ചിത്രരത്നാകരം — ശബ്ദാലങ്കാരത്തെ പറ്റി ചക്രകവിയുടെ ഒരു പുസ്തകം

ചിത്രരഥൻ — ഒരു ഗന്ധൎവ്വരാജാവു് മുനിയിൽ കാശ്യപന്റെ പതിനാറു പുത്രന്മാരിൽ ഒരുവൻ.

ചിത്രലേഖാ — ബാണന്റെ പുത്രിയായ ഉഷയുടെ സഖി. തന്റെ മന്ത്രശക്തികൊണ്ടു അനിരുദ്ധനെ അവളുടെ അടുക്കലേക്കു വശീകരിച്ചു കൊണ്ടുപോയി; ചിത്രമെഴുത്തിൽ വളരെ നൈപുണ്യം ഉണ്ടായിരുന്നു.

ചിത്രസേനൻ ൧. ധൃതരാഷ്ട്രന്റെ ഒരു പുത്രൻ. ൨. രക്ഷരുടെ പ്രധാനി.

ചിദാനന്ദാനുഭവസാരം — വേദാന്തത്തെപ്പറ്റി ചിദാനന്ദന്റെ ഒരു കന്നടകപുസ്തകം.

**ചിന്താമണി** — ആഗ്രഹിക്കുന്ന സകലവും കൊടുക്കുന്ന ഒരു ദിവ്യരത്നം. ഈ പേരു ശാസ്ത്രഗ്രന്ഥങ്ങളുടെ പേരോടു ചേർക്കാറുണ്ട്. ഗണിതചിന്താമണി, തർക്കചിന്താമണി, വിവേകചിന്താമണി.

**ചിന്താമണിവൈദ്യം** — അഗസ്ത്യമുനിയുടെ പ്രമാണങ്ങളനുസരിച്ചു തമിഴ് പ്രദേശങ്ങളിൽ നടപ്പുള്ള വൈദ്യം. കേരളത്തിൽ പ്രചാരമുള്ളതു അഷ്ടാംഗഹൃദയവൈദ്യമാണ്.

**ചിന്താരത്നം** — എഴുത്തച്ഛന്റെ ഒരു കിളിപ്പാട്ടു. വേദാന്തവിഷയം.

**ചിരജീവികൾ** — മരണമില്ലാത്ത ഏഴുപേർ.

അശ്വത്ഥാമാ ബലിർവ്യാസോ ഹനൂമാംശ്ച വിഭീഷണഃ ।
കൃപഃ പരശുരാമശ്ച സപ്തൈതേ ചിരജീവിനഃ ॥ — എണ്ണതേക്കുന്നതിനു മുമ്പായി ഏഴുതുള്ളി എണ്ണ നിലത്തു വരിയായി തൂക്കി വിരൽകൊണ്ടു ചേർത്തു ആ വിരൽ ആദ്യം തലയിൽ തേച്ചാൽ ദീർഘായുസ്സുണ്ടാകുമത്രേ.

**ചിലപ്പധികാരം** — ഒരു പുരാതനതമിഴ്കാവ്യം.

**ചൂഡാമണി** — അമരകോശത്തെ അനുകരിച്ചു മണ്ഡലപുരുഷൻ പതിനാറാം ശതാബ്ദത്തിൽ ഉണ്ടാക്കിയ ഒരു തമിഴ്നിഘണ്ടു.

**ചൂർണ്ണകം** — കഠോരാക്ഷരങ്ങളും സമാസങ്ങളും ഇല്ലാത്ത ഒരുവിധം പദ്യം.

**ചെന്തമിഴ്** — പുരാതനതമിഴ്; പ്രധാനപുസ്തകങ്ങളൊക്കെ ഈ ഭാഷയിലാണു എഴുതീട്ടുള്ളതു്. സംസ്കൃതപദങ്ങൾ ഇല്ലെന്നുതന്നെ പറയാം. ഇതിന്റെ ഒരു വ്യാകരണം വീരമാമുനി ലത്തീൻ ഭാഷയിൽ ഉണ്ടാക്കീട്ടുണ്ട്.

**ചെറുശ്ശേരി** — കൃഷ്ണഗാഥ നോക്കുക.

**ചെല്ലൂർമാഹാത്മ്യം** — ഒരു വിശിഷ്ട ചമ്പുകാവ്യം. വിഷയത്തിനു പ്രാധാന്യം കല്പിക്കാനില്ല കാവ്യഗുണം അന്യാദൃശമാണെന്നു സമ്മതിക്കണം. പുനംനമ്പൂരിയുടെ കൃതിയാണെന്നു വിശ്വസിച്ചുപോരുന്നു.

**ചേകിതാനൻ** — ഭാ. ശി. ൻ. വ. കേകയരാജാവായ ധൃഷ്ടകേതുവിന്റെ പുത്രൻ. പാണ്ഡവന്മാരുടെ ഒരു സഖാവ്.

**ചേദിരാജാവു** — ശിശുപാലൻ.

**ചേലപ്പറമ്പുനമ്പൂരി** ഒരു പ്രസിദ്ധനായ ഭാഷാകവി. ചില വിലപിടിച്ച ഒറ്റശ്ലോകങ്ങളല്ലാതെ ഗ്രന്ഥങ്ങൾ ഒന്നും എഴുതിയിട്ടുള്ളതായി അറിഞ്ഞിട്ടില്ല.

**ചൈതന്യചന്ദ്രോദയം** — കവികർണ്ണപൂരൻ ഉണ്ടാക്കിയ ഒരു നാടകം. ചൈതന്യൻ ഒരു വൈഷ്ണവപരിഷ്കാരി ആയിരുന്നു. കൃഷ്ണന്റെ ഒരു അവതാരം ആയിരുന്നെന്നു ചിലർ വിചാരിക്കുന്നു. പ്രബോധചന്ദ്രോദയത്തെ അനുകരിക്കുന്നു.

**ചൈത്രയജ്ഞം**—ദക്ഷന്റെ യാഗം വിഷയമാക്കി വൈദ്യനാഥൻ എന്നൊരു കവി ഉണ്ടാക്കിയ ഒരു സംസ്കൃതനാടകം.

**ചൈത്രരഥം**—കുബേരന്റെ ഉദ്യാനം.

**ചൈത്രോത്സവം**—ചിത്തിരമാസത്തിൽ മധുരയിലെ ഒരു ഉത്സവം.

**ചൊക്കനാഥൻ**—മധുരയിൽ ശിവന്റെ ഒരു രൂപം. ശക്തി മീനാക്ഷി

**ചൌരപഞ്ചാശികം**—കാശ്മീരദേശീയനായ ബില്ഹണൻ ഉണ്ടാക്കിയ ഒരു ചെറിയ വിശിഷ്ടകാവ്യം. പതിനൊന്നാംശതാബ്ദം, കവി രാജാവിന്റെ പുത്രി ശശിലേഖയെ സ്നേഹിക്കയാൽ രാജാവു കവിയെ കൊന്നുകളവാൻ കല്പിച്ചു. തന്റെ അനുരാഗസ്മരണയാണ് കാവ്യവിഷയം. രാജാവു് കവിതകണ്ടു സന്തോഷിച്ചു് പുത്രിയെ കവിക്കു ഭാൎയ്യയായി കൊടുത്തു.

**ച്യവനൻ**—ഭൃഗുവിന്റെ പുത്രനായ ഒരു ഋഷി, ച്യവനൻ നൎമ്മദാതീരത്തിൽ തപസ്സുചെയ്തുകൊണ്ടിരിക്കുമ്പോൾ ചിതൽപുററുകൊണ്ടു് കണ്ണൊഴികെ ശേഷം ശരീരം മുഴുവനും മൂടിപ്പോയി. ഒരിക്കൽ ശൎയ്യാതരാജാവിന്റെ പുത്രിയായ സുകന്യ അതിലെ പോകുമ്പോൾ ചിതൽപുററിൽ രണ്ടു കണ്ണുകൾ കണ്ടിട്ടു് ഒരു കോലുകൊണ്ടു് കുത്തിനോക്കി. അവളുടെ നേരെ ച്യവനനുണ്ടായ കോപം ശൎയ്യാതൻ അവളെ അവനു ഭാൎയ്യയായി കൊടുത്തശേഷം മാത്രം ശമിച്ചു അതിന്റെശേഷം ഒരിക്കൽ അശ്വിനികൾ ച്യവനന്റെ ആശ്രമത്തിൽ ചെന്നു് സുകന്യ അവളുടെ വൃദ്ധനും വിരൂപനുമായ ഭൎത്താവിനെവിട്ടു് അവരോടുകൂടെ ചെല്ലുവാൻ അപേക്ഷിച്ചു അവരുടെ ആഗ്രഹം സാധിക്കാഞ്ഞിട്ടു അവർ ച്യവനനോടുകൂടി ഒരു കുളത്തിൽചെന്നു് കുളിച്ചശേഷം മൂവരുംകൂടി ഒരേ രൂപമുള്ളവരായി സുകന്യയുടെ അടുക്കൽ വന്നു എന്നാലും സുകന്യ അവളുടെ ഭൎത്താവിനെ തിരിച്ചറിഞ്ഞു. അതിന്റെശേഷം ച്യവനൻ അശ്വിനികളോടുള്ള നന്ദിനിമിത്തം അവരെയുംകൂടി സോമയാഗത്തിൽ ചേൎത്തുകൊള്ളുവാൻ ഇന്ദ്രനെ നിൎബന്ധിച്ചു സമ്മതിപ്പിച്ചു. മേല്പ്രകാരം ഭാരതത്തിലും, ഈ കഥതന്നെ വേറെ വിധത്തിൽ ശതപഥബ്രാഹ്മണം മുതലായ പുസ്തകങ്ങളിലും കാണുന്നു. ഭൃഗുവിന്റെ ഭാൎയ്യയായ പുലോമയെ പുലോമൻ എന്ന രാക്ഷസൻ മോഷ്ടിച്ചുകൊണ്ടുപോകുമ്പോൾ അവളുടെ ഗൎഭപാത്രത്തിൽനിന്നു വീണുപോയ കുഞ്ഞാകകൊണ്ടു് ച്യവനൻ എന്നു പേരുണ്ടായി.

## ഛ

**ഛന്ദസ്സ്**—(രാഗം, വൃത്തം) വേദാംഗങ്ങളിൽ ഒന്നു്, ഇതിനെ സംബന്ധിച്ചു് ഏററവും പുരാതനമായ പുസ്തകം പിംഗലൻ ഉണ്ടാക്കിയ ഛന്ദശ്ശാസ്ത്രം ആകുന്നു. ഇതുകൂടാതെ നിദാനസൂത്രം, ശ്രുതബോധം, വാണീഭൂഷണം, വൃത്തദൎപ്പണം, വൃത്തരത്നാകരം. വൃത്തകൌമുദി, ഛന്ദോമഞ്ജരി, സുവൃത്തതിലകം മുതലായി അനേകം പുസ്തകങ്ങളുണ്ടു്. അഗ്നിപുരാണത്തിലും ഛന്ദശ്ശാസ്ത്രത്തിന്റെ ഒരു വിശദമായ വിവരണം ഉണ്ടു്.

**ഛന്ദോമഞ്ജരി**—ഛന്ദസ്സിനെപ്പററി ഗംഗാദാസൻ എന്ന കവിയുടെ ഒരു കൃതി.

ഛാഗമുഖൻ—കാർത്തികേയൻ.

ഛാഗരഥൻ—അഗ്നി.

ഛാന്ദോഗ്യം—സാമവേദത്തിന്റെ ഉപനിഷത്തു്.

ഛായാ—സംജ്ഞയ്ക്കു തന്റെ ഭർത്താവായ സൂര്യന്റെ തീവ്രതയെ സഹിക്കാൻ കഴിയാഞ്ഞിട്ടു് തന്റെ ദാസിയായ ഛായയെ തന്റെ സ്ഥലത്താക്കിയുംവെച്ചു് പൊയ്ക്കളഞ്ഞു അങ്ങിനെ ഛായയ്ക്കു സൂര്യനാൽ ശനിയും സാവർണ്ണിയും എന്നു രണ്ടു പുത്രന്മാരും തപതീ എന്നൊരു പുത്രിയും ഉണ്ടായി. ഈ മക്കളോടു ഛായ പക്ഷഭേദം കാണിക്കകൊണ്ടു് അവരെ ചവിട്ടുന്നതിനായി സംജ്ഞയുടെ മകൻ കാലുയർത്തിയപ്പോൾ ഛായ അവനെ ശപിക്കയും ആ ശാപംനിമിത്തം അവന്റെ കാലു വ്രണപ്പെടുകയും ചെയ്തു. ഇതിനാൽ ഛായ തന്റെ ഭാര്യയായ സംജ്ഞയല്ലെന്നു സൂര്യൻ അറിഞ്ഞിട്ടു സംജ്ഞയെത്തന്നെ അന്വേഷിച്ചു പിടിച്ചുകൊണ്ടുവന്നു.

ഛായാസുതൻ—ശനി.

## ജ.

ജൻ—൧. ശിവൻ. ൨. വിഷ്ണു.

ജഗൽഗുരു—൧. ശിവൻ. ൨. വിഷ്ണു. ൩. ബ്രഹ്മാവു്. ൪. നാരദൻ.

ജഗദ്ധരൻ—ക്രിസ്താബ്ദം പതിന്നാലാം നൂറ്റാണ്ടിനുശേഷം ജീവിച്ചിരുന്ന ഒരു ശ്രുതിപ്പെട്ട ഗ്രന്ഥകർത്താവു്, മാലതീമാധവം വേണീസംഹാരം മുതലായ പുസ്തകങ്ങളെ വ്യാഖ്യാനിച്ചിട്ടുണ്ടു്.

ജഗന്നാഥൻ—൧. വിഷ്ണു. ൨. ദത്താത്രേയൻ. ൩. ജഗന്നാഥപുരത്തിലെ ഒരു ബിംബം; കൃഷ്ണൻ ജരസനാൽ കൊല്ലപ്പെട്ടശേഷം ശരീരം അഴുകി അഴുകി അസ്ഥികൾ ഒരു മരത്തിന്റെ ചുവട്ടിൽ കിടന്നിരുന്നു. (അർജ്ജുനൻ കൃഷ്ണന്റെ ശേഷക്രിയ ചെയ്തു എന്നും കഥയുണ്ടു്) ചില ഭക്തിമാന്മാർ അവയെ എടുത്തു ഒരു പെട്ടിയിൽ സൂക്ഷിച്ചു. അനന്തരം ജഗന്നാഥന്റെ ഒരു ബിംബം ഉണ്ടാക്കി കൃഷ്ണന്റെ അസ്ഥികളെ അതിനുള്ളിൽ ഇട്ടു സൂക്ഷിക്കണമെന്നു് വിഷ്ണുഭക്തിമാനായ ഇന്ദ്രദ്യുമ്നരാജാവിനോടു കല്പിച്ചു. പണിമുഴുവനും തീരുംമുമ്പേ ആരും കാണ്മാൻ ചെല്ലാതിരിക്കുമെങ്കിൽ ആ ബിംബം ഉണ്ടാക്കാമെന്നു വിശ്വകർമ്മാവു് ഏറ്റു. പതിനഞ്ചുദിവസം കഴിഞ്ഞിട്ടു ഇന്ദ്രദ്യുമ്നൻ ക്ഷമയില്ലാതെ പണിനോക്കാൻ ചെല്ലുകയാൽ വിശ്വകർമ്മാവു് ബിംബത്തെ കൈയും കാലുംഇല്ലാതെ ഇട്ടിട്ടു പൊയ്ക്കളഞ്ഞു. എന്നാൽ ഇന്ദ്രദ്യുമ്നന്റെ അപേക്ഷയാൽ ബ്രഹ്മാവു് ആ ബിംബത്തെ കീർത്തിപ്പെട്ടതാക്കുകയും അതിന്റെ പ്രതിഷ്ഠാസമയം പ്രധാനാചാര്യനായിരിക്കയും ചെയ്തു.

ജഗന്നാഥക്ഷേത്രം—കട്ടാക്കിനു സമീപം പുരി എന്ന സ്ഥലത്തെ ശ്രുതിപ്പെട്ട ക്ഷേത്രം. ജഗന്നാഥൻ (൩) നോക്കുക. അവിടെ ശ്രീകൃഷ്ണനും ബലഭദ്രനും സുഭദ്രയും ആരാധിക്കപ്പെടുന്നു. കൊല്ലംതോറുമുള്ള രഥോത്സവം പ്രധാനം.

**ജഗന്നാഥപണ്ഡിതൻ**—രസഗംഗാധരം എന്ന ശ്രുതിപ്പെട്ട പുസ്തകത്തിന്റെ കർത്താവ്. ഭാമിനീവിലാസം, ഗംഗാലഹരി, പീയൂഷലഹരി, സുധാലഹരി, അമൃതലഹരി കരുണാലഹരി എന്ന പുസ്തകങ്ങളും ഉണ്ടാക്കീട്ടുണ്ട്. ഏകദേശം ക്രിസ്താബ്ദം ൧൬൦൦-നോടടുപ്പിച്ചു ജീവിച്ചു.

**ജഗന്മാതാ**—ശിവന്റെ ഭാൎയ്യ, പാൎവ്വതി.

**ജടാജൂടം**—ശിവന്റെ ജട.

**ജടായുസ്സ്**—പക്ഷിരാജാവു്, ഗരുഡന്റെ മകനാണെന്നു ചിലരും ശ്യേനിയിൽ അരുണന്റെ മകനാണെന്നു മററു ചിലരും പറയുന്നു. സീതയെ രാവണൻ കൊണ്ടുപോകാതിരിപ്പാൻ അവനോടു ഘോരയുദ്ധംചെയ്തു. രാവണൻ തോല്പിച്ചിട്ടു മുറിവേല്പിച്ചിട്ടുപോയി. മരിക്കുംമുമ്പേ രാമൻ വരികയും ജടായുസ്സ് സീതയ്ക്കുസംഭവിച്ച വൃത്താന്തം പറഞ്ഞുകേൾപ്പിക്കയും ചെയ്തു. രാമലക്ഷ്മണന്മാർ ജടായുസ്സിന്റെ ശേഷക്രിയകൾ ചെയ്തശേഷം അവൻ ഒരു അഗ്നിരഥത്തിൽ സ്വർഗ്ഗാരോഹണം ചെയ്തു. ജടായുസ്സ് ദശരഥന്റെ ഒരു സഖാവായിരുന്നെന്നും ശനിയുടെ കോപത്തിൽനിന്നും ആ രാജാവിനെ രണ്ടുപ്രാവശ്യം രക്ഷിച്ചെന്നും പുരാണങ്ങളിൽ കാണുന്നു.

**ജടാസുരൻ**—ബ്രാഹ്മണവേഷത്തിൽ വന്നു് യുധിഷ്ഠിരൻ, സഹദേവൻ, നകുലൻ, ദ്രൌപദി ഇവരെ എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞ ഒരു രാക്ഷസൻ, ഭീമനാൽ കൊല്ലപ്പെട്ടു

**ജടിലാ**—ഗൌതമന്റെ പുത്രി; ഏഴുപേരുടെ ഭാൎയ്യയായ ഒരു സുകൃതമുള്ള സ്ത്രീ.

**ജനാർദ്ദനൻ**—൧. വിഷ്ണു. ൨. കൃഷ്ണൻ.

**ജനസ്ഥാനം**—ദണ്ഡകാരണ്യത്തിന്റെ ഒരു ഭാഗം.

**ജനകൻ**—൧. ഒരു മിഥിലരാജാവു്. നിമി മക്കളില്ലാതെ മരിച്ചപ്പോൾ ഋഷിമാർ അവന്റെ ശരീരം മഥനംചെയ്താറെ ആ ശരീരത്തിൽനിന്നു ജനകൻ ജനിച്ചു ൨. സീതയുടെ പിതാവായ വിദേഹരാജാവു മക്കളില്ലാഞ്ഞിട്ടു യാഗംചെയ്‌വാനായി നിലം ഉഴുതുകൊണ്ടിരിക്കുമ്പോൾ ആ നിലത്തുനിന്നു സീത പുറപ്പെട്ടുവന്നു തന്റെ സുകൃതംകൊണ്ടും വിശുദ്ധിയുള്ള ജീവനംകൊണ്ടും രാജൎഷിയായിത്തീൎന്നു. ശീരധ്വജൻ എന്നും പേരുണ്ട്.

**ജനമേജയൻ**—അൎജ്ജുനന്റെ പൌത്രനായ പരീക്ഷിത്തിന്റെ പുത്രൻ; ഹസ്തിനപുരത്തിൽ വാണു. വൈശമ്പായനൻ മഹാഭാരതം ചൊല്ലിക്കേൾപ്പിച്ചതു ഈ രാജാവിനെയാണു്. പരീക്ഷിത്തു വിഷംതീണ്ടി മരിച്ചുപോകകൊണ്ടു ജനമേജയൻ ഒരു നാഗബലി കഴിക്കയും തക്ഷകൻ ഒഴികെയുള്ള സകല നാഗങ്ങളെയും ദഹിപ്പിച്ചുകളകയും ചെയ്തു. ആസ്തീകൻ എന്ന ഋഷിയുടെ അപേക്ഷയാൽ ബലിനിൎത്തിയതുകൊണ്ടുമാത്രം തക്ഷകൻ രക്ഷപ്പെട്ടു. ജനമേജയനു സൎപ്പശത്രുവെന്നും പേരുണ്ട്.

**ജന്മാഷ്ടമി**—ശ്രാവണമാസത്തിൽ കൃഷ്ണന്റെ ജനനദിവസം.

**ജമദഗ്നി**—സത്യവതിയിൽ ഋചീകന്റെ പുത്രനും പരശുരാമന്റെ പിതാവുമായ ഒരു ബ്രാഹ്മണൻ, ക്ഷത്രിയരാജാവായ ഗാധിയുടെ പുത്രിയായ സ

ത്യവതി ഗർഭിണിയായിരുന്നപ്പോൾ ഋചീകൻ അവൾ ബ്രാഹ്മണഗുണങ്ങളുള്ള ഒരു പുത്രനെ പ്രസവിപ്പാൻ വേണ്ടി ഒരു ആഹാരം ഉണ്ടാക്കികൊടുത്തു. ആ സമയം തന്നെ അവളുടെ അമ്മയ്ക്കും യുദ്ധത്തിൽ സാമർത്ഥ്യമുള്ള ഒരു പുത്രനെ പ്രസവിപ്പാൻ വേണ്ടി മറ്റൊരു ആഹാരം ഉണ്ടാക്കികൊടുത്തു, എന്നാൽ ആ സ്ത്രീകൾ ആഹാരത്തെ വെച്ചുമാറുകയും അതുനിമിത്തം ഋചീകന്റെ പുത്രനായ ജമദഗ്നി ക്ഷത്രിയഗുണങ്ങളുള്ള ബ്രാഹ്മണനായും ഗാധിയുടെ പുത്രനായ വിശ്വാമിത്രൻ ബ്രാഹ്മണഗുണങ്ങളുള്ള ക്ഷത്രിയനായും ജനിക്കയും ചെയ്തു. ജമദഗ്നി വേദജ്ഞാനം പ്രാപിച്ചശേഷം സൂൎയ്യകുലത്തിലെ രേണുരാജാവിന്റെ അടുക്കൽ ചെന്നു അവന്റെ മകൾ രേണുകയെ ഭാൎയ്യയാക്കികൊണ്ടു ആശ്രമത്തിലേക്കു തിരിച്ചുപോന്നു അവിടെവെച്ചു അവൾ രുമണ്വാൻ, സുഷേണൻ, വസു, വിശ്വാവസു, പരശുരാമൻ ഇങ്ങനെ അഞ്ചു പുത്രന്മാരെ പ്രസവിച്ചു. ഒരുദിവസം രേണുക കുളിക്കാൻ പോയപ്പോൾ രണ്ടുപേർ (ചിത്രരഥനും ഭാൎയ്യയും) വെള്ളത്തിൽ ക്രീഡിക്കുന്നതു കണ്ടു അത്ഭുതവിചാരങ്ങളോടുകൂടി ആശ്രമത്തിലേക്കു തിരിച്ചുവരികയും അതിനാൽ സ്വഭാവേനതന്നെ കോപിയായ ഭൎത്താവിനു അതികോപം ഉണ്ടാകയും ആശ്രമത്തിലേക്കു തിരിച്ചുവന്നു തന്റെ പുത്രന്മാരോടു അവളെ കൊന്നുകളവാൻ വയഃക്രമമനുസരിച്ചു കല്പിക്കയും ആദ്യത്തെ നാലുപുത്രന്മാരും അനുസരിക്കായ്കയാൽ ജമദഗ്നി അവരെ ശപിക്കയും അവർ ഭ്രാന്തരായിപ്പോകയും ചെയ്തു അനന്തരം പരശുരാമൻ വന്നിട്ടു പിതാവിന്റെ ആജ്ഞപ്രകാരം മാതാവിനെ കൊന്നു; ജമദഗ്നിയുടെ കോപം ശമിച്ചപ്പോൾ പരശുരാമനു ഒരു വരം കൊടുക്കാമെന്നു അവൻ പറകയും പരശുരാമൻ തന്റെ മാതാവിനെ വിശുദ്ധതയാക്കി ജീവിപ്പിക്കണമെന്നും സഹോദരന്മാരെ സ്വസ്ഥപ്പെടുത്തണമെന്നും അപേക്ഷിക്കയും ചെയ്തു.

ഒരിക്കൽ ഹേഹയരാജാവായ കാൎത്തവീൎയ്യൻ ജമദഗ്നിയുടെ ആശ്രമത്തിൽ ചെല്ലുകയും യഥായോഗ്യം സല്ക്കരിക്കപ്പെട്ടശേഷം തിരിച്ചുപോകുമ്പോൾ ആശ്രമത്തിനു ചുറ്റുമുള്ള വൃക്ഷങ്ങളെല്ലാം പറിച്ചിടുകയും സുരഭി എന്ന പശുവിന്റെ കുട്ടിയെ അപഹരിച്ചു കൊണ്ടുപോകയും ചെയ്തു. പരശുരാമൻ ആശ്രമത്തിൽ വന്നപ്പോൾ ഈ വിവരം അറിഞ്ഞിട്ടു ഉടൻതന്നെ കാൎത്തവീൎയ്യന്റെ പിന്നാലെ ചെന്നു അവന്റെ ആയിരം കൈകളും മുറിച്ചു അവനെ കൊന്നു അതുകൊണ്ടു കാൎത്തവീൎയ്യന്റെ പുത്രന്മാർ പരശുരാമൻ ഇല്ലാത്തസമയം നോക്കി ആശ്രമത്തിൽ ചെന്നു ജമദഗ്നിയെ കൊന്നിട്ടുപോയി. പരശുരാമൻ വന്നു പിതാവിന്റെ ശരീരം കണ്ടപ്പോൾ ക്ഷത്രിയകുലത്തെ ഒടുക്കിക്കളയുമെന്നു പ്രതിജ്ഞചെയ്തു. അപ്രകാരം അവൻ ഇരുപത്തൊന്നുപ്രാവശ്യം ക്ഷത്രിയരെ ലോകത്തിൽനിന്നു നശിപ്പിച്ചുകളഞ്ഞു.

**ജംബുമാലി**—രാവണന്റെ സേനാനായകനായ ഒരു രാക്ഷസൻ, ഹനുമാനാൽ കൊല്ലപ്പെട്ടു.

**ജംബുദ്വീപം**—സപ്തദ്വീപങ്ങളിൽ ഒന്നു; മേരു അതിന്റെ മദ്ധ്യവും ഭാരതവൎഷം അതിന്റെ പ്രധാനവൎഷവും ആകുന്നു. അതിന്റെ വൎഷങ്ങളാവിതു, ൧. ഭാരതം, ൨. കിംപുരുഷം, ൩. ഹരിവൎഷം, ൪. (മേരുവുള്ള) ഇളാവൃതം, ൫. രമ്യകം, ൬. ഹിരണ്മയം, ൭. ഉത്തരകുരു, ൮. ഭദ്രാശ്വം, ൯. കേതുമാലം ഭാരതവൎഷം വിഷ്ണുപുരാണപ്രകാരം വീണ്ടും ഒമ്പതായി വിഭജിക്കപ്പെട്ടിരിക്കുന്നു—കശേരുമതി, കുമാരം, ഗഭസ്തിമതി, ഗന്ധൎവ്വം, ഇന്ദ്രദ്വീപം, നാഗദ്വീപം, സൌമ്യം, താമ്രവൎണ്ണം, വാരുണം.

**ജംഭൻ**—൧. ഇന്ദ്രനോടു യുദ്ധംചെയ്തു കൊല്ലപ്പെട്ട ഒരു അസുരൻ, ഇതിനാൽ ഇന്ദ്രനു ജംഭഭേദി (രിപു, അരി) എന്നു പേരുകളുണ്ടായി. ൨. അഞ്ജ

നനോടു യുദ്ധം ചെയ്കയും കൃഷ്ണനാൽ കൊല്ലപ്പെടുകയും ചെയ്ത ഒരു രാക്ഷസൻ. ഈ പേരു വേറെയും പല രാക്ഷസന്മാൎക്കുണ്ടായിരുന്നു.

**ജയദേവൻ**—ഗീതഗോവിന്ദം എന്ന വിശേഷപ്പെട്ട കാവ്യത്തിന്റെ കൎത്താവു്, ക്രിസ്താബ്ദം ൧൨-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

**ജയൻ**—൧. സൂൎയ്യൻ. ൨. ജയന്തൻ. ൩. അൎജ്ജുനൻ. ൪. യുധിഷ്ഠിരൻ. ൫. ശിവന്റെ ഒരു ദാസൻ.

**ജയന്തൻ**—൧. ശിവൻ ൨. വിഷ്ണു. ൩. ഇന്ദ്രന്റെ പുത്രൻ. ൪. അജ്ഞാതവാസത്തിൽ ഭീമന്റെ പേരു്.

**ജയന്തവിജയം**—പതിനഞ്ചു സൎഗ്ഗത്തിൽ അഭയദേവന്റെ ഒരു കാവ്യം.

**ജയന്തി**—൧. ദുൎഗ്ഗാദേവി ൨. ഇന്ദ്രന്റെ പുത്രി ൩. ശ്രീകൃഷ്ണന്റെ അവതാരദിവസം വിഷ്ണുവിന്റെ മറ്റു അവതാരദിവസങ്ങൾക്കും ഉപയോഗിക്കും.

**ജയദേവൻ**—ബെങ്കാളത്തു ൧൨-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്നു. ഗീതഗോവിന്ദം പ്രധാനകൃതി. ചന്ദ്രാലോകം എന്ന പേരായി അലങ്കാരത്തെപ്പറ്റി ഒരു ഗ്രന്ഥവും പ്രസന്നരാഘവം എന്നൊരു നാടകവും ഉണ്ടാക്കീട്ടുണ്ടു്. ഗീതഗോവിന്ദം നോക്കുക.

**ജയദ്രഥൻ**—ഒരു സിന്ധുരാജാവു്; ധൃതരാഷ്ട്രന്റെ പുത്രിയായ ദുശ്ശളയെ വിവാഹം ചെയ്തു. കൌരവരുടെ സഖാവായിരുന്നു, പാണ്ഡവർ കാട്ടിൽവസിക്കുമ്പോൾ ജയദ്രഥൻ തന്റെ ആറു സഹോദരന്മാരോടുകൂടി പരിവാരസഹിതം അവരുടെ വാസസ്ഥലത്തു ദ്രൌപദി മാത്രമുള്ളപ്പോൾ ചെന്നു യുധിഷ്ഠിരനു സൂൎയ്യൻ കൊടുത്തതും ആഗ്രഹിക്കുന്നതെല്ലാം കൊടുക്കുന്നതുമായ ഒരു പാത്ര(സ്ഥാലി)ത്തിന്റെ സഹായത്താൽ ദ്രൌപദി അഞ്ഞൂറു മാനുകളുടെ മാംസവും അതിനൊത്ത മറ്റു പദാൎത്ഥങ്ങളും ഭക്ഷണത്തിനു കൊടുത്തു അവരെ യഥായോഗ്യം സല്ക്കരിച്ചു. ജയദ്രഥൻ ദ്രൌപദിയെക്കണ്ടു മോഹിച്ചു തന്നോടുകൂടെ ചെല്ലുന്നതിനു അവളെ ക്ഷണിക്കയും അവൾ അവന്റെ ക്ഷണനം തിരസ്കരിക്കകൊണ്ടു അവളെ ബലാൽക്കാരേണ പിടിച്ചുകൊണ്ടു പോകയും ചെയ്തു. പാണ്ഡവർ തിരിച്ചുവന്നപ്പോൾ വിവരം അറിഞ്ഞു ജയദ്രഥനെ പിന്തുടൎന്നു യുദ്ധം ചെയ്തു തോല്പിച്ചു അവനെ തടവുകാരനാക്കി, ഭീമൻ അവനെ ചവിട്ടുകയും അടിക്കയും താൻ പാണ്ഡവരുടെ അടിമയാണെന്നു അവനെക്കൊണ്ടു പറയിക്കയുംചെയ്തു. എന്നാൽ യുധിഷ്ഠിരന്റെ കല്പനയാൽ അവനെ കൊല്ലാതിരിക്കയും ദ്രൌപദിയുടെ മദ്ധ്യസ്ഥതയാൽ വിട്ടയയ്ക്കയും ചെയ്തു. ഭാരതയുദ്ധത്തിന്റെ പതിനാലാം ദിവസം ജയദ്രഥൻ അൎജ്ജുനനാൽ കൊല്ലപ്പെട്ടു.

**ജയസേനൻ**—അജ്ഞാതവാസത്തിൽ നകുലന്റെ പേരു.

**ജയൽബലൻ**—അജ്ഞാതവാസത്തിൽ സഹദേവന്റെ പേരു്.

**ജരൽകാരു**—വാസുകിസൎപ്പത്തിന്റെ ഒരു സഹോദരിയെ വിവാഹം ചെയ്ത ഒരു ഋഷി, ഒരിക്കൽ ജരൽകാരു ഭാൎയ്യയുടെ മടിയിൽ ഉറങ്ങിക്കിടക്കുമ്പോൾ സൂൎയ്യൻ അസ്തമിക്കാൻ പോകുന്നതു കണ്ടിട്ടു അവൾ സന്ധ്യാവന്ദനത്തിനായി അവനെ മെല്ലെ ഉണൎത്തി, എന്നാൽ ജരൽകാരു കോപിച്ചു അവളെവിട്ടു പൊയ്ക്കളകയും, പോകുമ്പോൾ അവൾക്കു ഗൎഭമുണ്ടെന്നും അവൾ നാഗകലത്തി

ന്റെ രക്ഷിതാവായ ഒരു പുത്രനെ പ്രസവിക്കുമെന്നും പറകയുംചെയ്തു. ഈ പുത്രനാണ് ആസ്തീകൻ.

**ജരസൻ**—കൃഷ്ണനെ ആളറിയാതെ കൊന്ന വേടൻ.

**ജരാസന്ധൻ**—ബൃഹദ്രഥന്റെ പുത്രനായ ഒരു മഗധരാജാവു്. ബൃഹദ്രഥനു രണ്ടു ഭാൎയ്യമാരുണ്ടായിരുന്നു. അവർ വളരെ കാലം മക്കളില്ലാതിരുന്നശേഷം രണ്ടുപേരും ഒരു പുത്രന്റെ പപ്പാതി പ്രസവിച്ചു; കണ്ടവർ ഭയപ്പെട്ടു ആ അൎദ്ധശിശുക്കളെ ദൂരെ എറിഞ്ഞുകളകയും അപ്പോൾ നരമാംസഭോജിനിയായ ജരാ എന്ന രാക്ഷസിവന്നു അവയെ എടുത്തുകൊണ്ടു പോകുന്നതിനായി ഒന്നിച്ചു വയ്ക്കുകയുംചെയ്തു. അപ്പോൾ രണ്ടുകൃതി ചേൎന്നു ഒരു കുഞ്ഞായി ഉച്ചത്തിൽ കരവാൻ തുടങ്ങി കരച്ചിൽകേട്ടു് എല്ലാവരും പുറത്തുവന്നപ്പോൾ രാക്ഷസി വിവരം പറഞ്ഞു കേൾപ്പിക്കയും രാജാവു് കുഞ്ഞിനു ജരാസന്ധൻ (ജരയാൽ ചേൎക്കപ്പെട്ടവൻ) എന്നു പേരിടുകയും ചെയ്തു. ജരാസന്ധൻ ഒരു ശിവഭക്തനായിരുന്നു ശിവന്റെ സഹായത്താൽ അനേകം രാജാക്കന്മാരെ കീഴടക്കി; ഒടുവിൽ തന്റെ മക്കളുടെ ഭൎത്താവായ കംസനെ കൃഷ്ണൻ വധിക്കകൊണ്ടു കൃഷ്ണനോടു യുദ്ധത്തിനു പോയി, കൃഷ്ണനെ മഥുരാനഗരത്തിൽ പതിനെട്ടുപ്രാവശ്യം ആക്രമിച്ചു എല്ലാപ്രാവശ്യവും തോല്പിക്കപ്പെട്ടു. എന്നാൽ ജരാസന്ധന്റെ ആക്രമണങ്ങൾനിമിത്തം കൃഷ്ണന്റെ ശക്തി ക്ഷയിച്ചുപോകയാൽ കൃഷ്ണൻ മഥുര വിട്ടു ദ്വാരകയ്ക്കു പോകേണ്ടിവന്നു. പിന്നെ ജരാസന്ധൻ തടവുകാരായി പാൎപ്പിച്ചിരുന്ന രാജാക്കന്മാരെ വിടുവിക്കുന്നതിനായി കൃഷ്ണൻ ഭീമനോടും അൎജ്ജുനനോടുംകൂടെ ജരാസന്ധന്റെ അടുക്കൽചെന്നു, ജരാസന്ധൻ തടവുകാരെ വിട്ടയയ്ക്കാതെ യുദ്ധംചെയ്തു ഭീമനാൽ കൊല്ലപ്പെട്ടു. ജരാസന്ധനു ജരായച്ഛനി എന്നും പേരുണ്ടു്.

**ജരിതാ** ഒരു പക്ഷിണി, ഋഷിയായ മന്ദപാലൻ മക്കളില്ലാഞ്ഞിട്ടു ഒരുആൺപക്ഷിയുടെ വേഷംധരിച്ചു ജരിതയോടു സഹവാസംചെയ്തു, അവൾക്കു അവനാൽ ജരിതാരി, സാരിസൃക്തൻ, സ്തംബമിത്രൻ, ദ്രോണൻ എന്നു നാലു പുത്രന്മാരുണ്ടായശേഷം മന്ദപാലൻ അവളെ ഉപേക്ഷിച്ചുവെച്ചു് പൊയ്ക്കളഞ്ഞു. ഖാണ്ഡവവനത്തിനു തീപിടിച്ചപ്പോൾ അവൾ തന്റെ മക്കളെ രക്ഷിപ്പാൻ ചെയ്ത ഉത്സാഹംകണ്ടു മന്ദപാലൻ അഗ്നിയോടു ശിപാൎശിചെയ്തു അവരെ രക്ഷിച്ചു; അവർ ഒടുവിൽ വേദവ്യാഖ്യാതാക്കളായിത്തീൎന്നു.

**ജൎജ്ജരം**—ഇന്ദ്രന്റെ ധ്വജം.

**ജലജലോചനൻ**—വിഷ്ണു.

**ജലജാ ജലധിജാ**—ലക്ഷ്മി.

**ജലരൂപം**—കാമദേവന്റെ കൊടിയിന്മേലുള്ള മകരമത്സ്യം.

**ജലശായി, ജലേശയൻ**—വിഷ്ണു. പ്രളയസമയം ശേഷനിപ്പുത്തിന്മേൽ ജലത്തിൽ കിടക്കുന്നതുകൊണ്ടു്.

**ജലാധിപൻ (ഇന്ദ്രൻ, കാന്താരൻ, ഈശൻ)**—വരുണൻ.

**ജസുരി**—ഇന്ദ്രന്റെ വജ്രായുധം.

**ജഹ്നു**—പുരൂരവസ്സിന്റെ സന്തതിയിലുള്ള ഒരു ഋഷി, ഗംഗ അ

കാശത്തിൽനിന്ന വീണപ്പോൾ അവൻെറ തപസ്സിന വിഘ്നംവരികയാൽ അവൻ ഗംഗാജലം കുടിച്ചു വററിച്ചുകളഞ്ഞു. പിന്നെ കരുണതോന്നി തൻെറ ചെവിയിൽക്കൂടി പുറത്തുപോവാൻ സമ്മതിച്ചു, ഈ സംഗതിയാൽ ഗംഗയ്ക്കു ജാഹ്നവീ, ജഹ്നുതനയാ, (കന്യാ, സുതാ, നന്ദിനീ) എന്ന പേരുകളുണ്ടായി.

**ജാജലി**—തപസ്സുചെയ്തു നഭസ്സിൽ സഞ്ചരിപ്പാനുള്ള അമാനുഷശക്തി പ്രാപിച്ചതുകൊണ്ടു തന്നോളം യോഗ്യതയുള്ളവരാരും ഇല്ലെന്നുവിചാരിച്ചു ഒരു ബ്രാഹ്മണൻ വൈശ്യനായ തുലാധാരനോളം താൻ യോഗ്യതയുള്ളവനല്ലെന്നു ഒരു അശരീരവാക്കു കേട്ടിട്ടു ആ തുലാധാരൻെറ അടുക്കൽചെന്നു ജ്ഞാനം അഭ്യസിച്ചു.

**ജാതകപദ്ധതി**—സംസ്കൃതത്തിൽ ഒരു പുരാതന ജ്യോതിഷഗ്രന്ഥം കർത്താവു വടശ്ശേരി നമ്പൂതിരി. ഇതിന്ന മലയാളത്തിൽ ഒരു വ്യാഖ്യാനമുണ്ടു.

**ജാതകബ്രാഹ്മണൻ**—ജ്ഞാനമോ പുണ്യമോ ഇല്ലാതെ ജനനംകൊണ്ടു മാത്രം ബ്രാഹ്മണനായുള്ളവൻ.

**ജാതുകർണ്ണൻ**—ശിവൻ.

**ജാനകീ**—സീത.

**ജാനകീപരിണയം**—രാമഭദ്രൻെറ ഒരു നാടകം. രാമായണകഥ. എന്നാൽ കവികല്പിതമായ വളരെ സംഗതികൾ ഉണ്ടു. രാവണൻ ശ്രീരാമനായിട്ടും താടക സീതയായിട്ടും മററും പാത്രങ്ങൾ രൂപം മാറിവരും. ആദ്യത്തെ നാലു അങ്കങ്ങൾ കേവലം കവിയുടെ സങ്കല്പമാണ്. ചാത്തുക്കുട്ടി മന്നാടിയാർ ഇതു മലയാളത്തിൽ തർജ്ജമചെയ്തിട്ടുണ്ടു. ഈ പേരോടുകൂടെ തന്നെ ചക്രകവിയും ഒരു നാടകം ഉണ്ടാക്കിട്ടുണ്ടു.

**ജാനകീഹരണം**—പതിനഞ്ചു സർഗ്ഗത്തിൽ ലങ്കയിലെ ഒരു രാജാവായ കുമാരദാസൻ ഉണ്ടാക്കിയ ഒരു കാവ്യം. ശ്രീരാമൻെറ വിവാഹംവരെയുള്ള കഥ വിസ്തരിച്ചും പിന്നീടുള്ള കഥ ചുരുക്കിയും കൊടുത്തിരിക്കുന്നു.

**ജാബാലി**—ഒരു നിരീശ്വരവാദിയായ ബ്രാഹ്മണൻ, ദശരഥൻെറ കല്പനയെ ലംഘിച്ചു, വനത്തിൽ പോകാതെ ഭരതനോടു രാജ്യം വാങ്ങിക്കൊള്ളുവാൻ രാമനെ ഉപദേശിച്ചു.

**ജാമദഗ്ന്യൻ**—പരശുരാമൻ.

**ജാംബവാൻ**—കരടികളുടെ രാജാവ്. സൂര്യൻ സത്രാജിത്തിന കൊടുത്ത സ്യമന്തകം കൃഷ്ണൻ പിടിച്ചുപറിക്കുമെന്നുവെച്ചു അവൻ പ്രസേനൻെറ കൈവശം കൊടുത്തു. പ്രസേനൻ ദുഷ്ടനായിരുന്നതുകൊണ്ടു ഒരു സിംഹം അവനെ കൊന്നു രത്നം കൊണ്ടുപോകുമ്പോൾ ജാംബവാൻ കണ്ടു സിംഹത്തെക്കൊന്നു രത്നം എടുത്തുകൊണ്ടുപോയി, പ്രസേനനെ കൊന്നതു കൃഷ്ണൻ ആണെന്നു സത്രാജിത്ത് സംശയംപറകയാൽ കൃഷ്ണൻ വളരെ പരിവാരത്തോടുകൂടി പ്രസേനൻെറ കാലടിനോക്കിച്ചെന്നു അവനെ ഒരു സിംഹം കൊന്നു എന്നും അതിൻെറ കാലടിനോക്കിച്ചെന്നിട്ടു അതിനെ ഒരു കരടി കൊന്നു എന്നും അറിഞ്ഞു കരടിയെ തേടി ജാംബവാൻെറ ഗുഹയിൽ എത്തി കൃഷ്ണനും അവനും തമ്മിൽ ഒരു മഹായുദ്ധം ഉണ്ടായി, ഏഴെട്ടുദിവസമായിട്ടും കൃഷ്ണൻ ഗുഹയിൽനിന്നു പു

ഞ്ഞു വരാഞ്ഞതുകൊണ്ടു അദ്ദേഹം മരിച്ചുപോയി എന്നു വിചാരിച്ചു പരിവാരങ്ങൾ തിരിച്ചുപോയി ശേഷക്രിയകൾ ചെയ്തു യുദ്ധത്തിന്റെ ഇരുപത്തൊന്നാംദിവസം ജാംബവാൻ തോറ്റു് സ്യമന്തകം കൃഷ്ണനു ഏല്പിച്ചുകൊടുത്തു. തന്റെ പുത്രിയായ ജാംബവതിയെ കൃഷ്ണനു ഭാൎയ്യയായിട്ടും കൊടുത്തു.

ഈ ജാംബവാനോ ഈ പേരുള്ള വേറൊരുവനോ ശ്രീരാമൻ ലങ്കയെ ആക്രമിച്ചപ്പോൾ തന്റെ കരടിസേനയെക്കൊണ്ടും പല നല്ല ആലോചനകൾകൊണ്ടും സഹായിച്ചതായി കാണുന്നു.

**ജാംബവതി**—ജാംബവാന്റെ പുത്രി, കൃഷ്ണന്റെ ഭാൎയ്യ, ശാംബന്റെ അമ്മ.

**ജാഹ്നവി**—ഗംഗാ. ജഹ്നു നോക്കുക.

**ജിതാമിത്രൻ, ജിതക്രോധൻ**—വിഷ്ണു.

**ജിനമുനിതനയാ**—ജൈനരുടെ സമ്പ്രദായങ്ങളെപ്പറ്റി നാഗചന്ദ്രന്റെ ഒരു കൎണ്ണാടകപുസ്തകം.

**ജിഷ്ണു**—൧. സൂൎയ്യൻ. ൨. ഇന്ദ്രൻ. ൩. വിഷ്ണു. ൪. അൎജ്ജുനൻ.

**ജീമൂതൻ**—വിരാടരാജാവിന്റെ സഭയിൽവെച്ചു് ഭീമനാൽ കൊല്ലപ്പെട്ട ഒരു മല്ലൻ.

**ജീമൂതവാഹനൻ**—൧. ദായഭാഗം എന്ന പുസ്തകത്തിന്റെ കൎത്താവു് ൨. ഇന്ദ്രൻ ൩. ഒരു വിദ്യാധരരാജാവു്, നാഗാനന്ദം എന്ന നാടകത്തിന്റെ നായകൻ, ഔദാൎയ്യശീലത്തിനും സൽഗുണത്തിനും ശ്രുതിപ്പെട്ടവൻ. തന്റെ പിതാവായ ജീമൂതകേതുവിന്റെ രാജ്യം അവന്റെ ബന്ധുക്കൾ ആക്രമിച്ചപ്പോൾ രാജ്യം അവൎക്കു വിട്ടുകൊടുത്തിട്ടു മലയപൎവ്വതത്തിൽപോയി തപസ്സു ചെയ്വാൻ അവനെ നിൎബന്ധിച്ചു, അവിടെവച്ചു ഒരിക്കൽ ഗരുഡന്റെ ഭക്ഷണത്തിനായി നിയമിക്കപ്പെട്ടിരുന്ന ഒരു ചെറിയ നാഗത്തിനു പകരം ഗരുഡന്റെ അടുക്കൽ ചെന്നു തന്റെ ശീലഗുണംകൊണ്ടു നാഗങ്ങളെ ഭക്ഷിക്കാതിരിപ്പാൻ ഗരുഡനെ നിൎബന്ധിച്ചു സമ്മതിപ്പിച്ചു.

**ജീവകചിന്താമണി**—തമിഴിൽ ഒരു ജൈനമതഗ്രന്ഥം. ജിനമതത്തിൽ എന്നാംപേരുണ്ടു. തിരുത്തേവർ എണ്ണൂറു വൎഷംമുമ്പു ഉണ്ടാക്കിയതു. ജീവകന്റെ കഥ ജൈനരുടെ മഹാപുരാണത്തിലെ ഒരു കഥ അനുസരിച്ചു എഴുതിയതു.

**ജീവൻ**—൧. കൎണ്ണൻ ൨. ബൃഹസ്പതി ൩. വിഷ്ണു.

**ജീവമാതൃകകൾ.**

കമാരീ ധനദാ നന്ദാ വിമലാ മംഗലാ ബലാ।
പദ്മാചൈതിചവിഖ്യാതാഃ സപ്തൈതാജീവമാതൃകാഃ ॥

**ജീവാത്മാവു**—മനുഷ്യശരീരത്തിൽ വസിക്കുന്ന ആത്മാവു ജന്മമൊക്കെ കഴിഞ്ഞാൽ പരമാത്മാവിൽ ലയിക്കും.

**ജൈനർ**—എട്ടു മഹാപാതകങ്ങളിൽ ഒന്നുംചെയ്യാത്തവൻ ജിനൻ. അവന്റെ അനുഗാമികൾ ജൈനർ. ദിഗംബരർ എന്നും ശ്വേതാംബരർ എന്നും

രണ്ടു ശാഖകൾ ഉണ്ടു. അവർതമ്മിൽ ൧൦൦ സംഗതികളിൽ (൮൪ പ്രധാനം) വ്യത്യാസമുണ്ടു. ദൈവം ഉണ്ടെങ്കിലും ദൈവത്തിനു ലോകത്തിൽ പ്രവേശമോ ശക്തിയോ ഇല്ലെന്നു പറയുന്നു. അവർ ആരാധിക്കുന്നതു ഇരുപത്തുനാലു ജിനന്മാരെ അല്ലെങ്കിൽ തീർത്ഥങ്കരരെയാണ. ജാതിവ്യത്യാസം ഇല്ല. വേദങ്ങൾ സ്വീകരിക്കുന്നില്ല. അഞ്ചുധർമ്മങ്ങൾ ചെയ്യണം. കരുണ, ഭിക്ഷ, ജിനന്മാരെ ആരാധിക്ക, അനുതാപം, ഉപവാസം. അഞ്ചുപാതകങ്ങൾ ചെയ്യരുതു. കൊല, അസത്യം, മോഷണം, വ്യഭിചാരം, ദ്രവ്യാഗ്രഹം. യാതൊന്നിനേയും കൊല്ലരുതു എന്നാണു പ്രധാനതത്വം. അറുപത്തിമൂന്നു ഗുണങ്ങളുണ്ടു. അവയെല്ലാം പ്രാപിച്ചവൻ മരണശേഷം ജിനൻ അല്ലെങ്കിൽ തീർത്ഥങ്കരൻ ആയിത്തീരുന്നു. അവരാണു് ആരാധനാവിഷയം. ഇങ്ങനെ ൨൪ ആളുകൾ ഉണ്ടായിട്ടുണ്ടു. ഒന്നാമൻ ൮൪൦൦൪൦൦ വർഷം ജീവിച്ചിരുന്നു. ഒടുവിലത്തെ രണ്ടു ജിനന്മാർ പാർശ്വനാഥനും മഹാവീരനും ആകുന്നു.

**ജൈമിനി**—പൂ. മീമാംസാദർശനസ്ഥാപകനായ ഒരു ഋഷി വ്യാസന്റെ ശിഷ്യൻ, സാമവേദോപദേഷ്ടാവു. വ. പതിമൂന്നാംശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരു കർണ്ണാടകകവി- സംസ്കൃതത്തിൽനിന്നു ഭാരതത്തിലെ അശ്വമേധപർവ്വം ഭാഷാന്തരംചെയ്തു. അതിനു ജൈമിനിഭാരതം എന്നുപേർ, ഒരു ഉൽകൃഷ്ടഗ്രന്ഥം.

**ജൈമേയൻ**—ബൃഹസ്പതിയുടെ പുത്രനായ കചൻ.

**ജ്ഞാനകാണ്ഡം**—വേദത്തിന്റെ ഗൂഢഭാഗം. ആചാരങ്ങളെപ്പററിയുള്ള മററേഭാഗം കർമ്മകാണ്ഡം.

**ജ്ഞാനസിന്ധു**—വേദാന്തത്തെപ്പററി ഒരു കർണ്ണാടകഗ്രന്ഥം. ചിദാനന്ദാവധൂതൻ ഉണ്ടാക്കിയതു

**ജ്യാമഘൻ**—സോമകുലത്തിലെ ഒരു രാജാവു, ഭാര്യമാരുടെ ഇഷ്ടപ്രകാരം നടക്കുന്ന ഭർത്താവിന്റെ ഒരു ദൃഷ്ടാന്തം ജ്യാമഘന്റെ ഭാര്യയായ ശൈബ്യക്കു മക്കളില്ലാഞ്ഞിട്ടും അവനു വേറൊരു ഭാര്യയെ പരിഗ്രഹിപ്പാൻ ധൈര്യമില്ലാതിരുന്നു എന്നാൽ ഒരിക്കൽ താൻ യുദ്ധത്തിൽ തോല്പിച്ച ഒരു രാജാവിന്റെ അതിസുന്ദരിയായ മകളെ കണ്ടിട്ടു അവളെ വിവാഹം ചെയ്വാൻ വേണ്ടി ശൈബ്യയോടു സമ്മതംചോദിപ്പാനായി അവളെയുംകൊണ്ടു രാജമന്ദിരത്തിലേക്കു ചെന്നു കന്യകയേക്കണ്ടു ഉടനെ അവൾ ആരാണെന്നു ശൈബ്യ ചോദിച്ചപ്പോൾ ജ്യാമഘൻ ഭയപ്പെട്ടു "നീ പ്രസവിപ്പാനിരിക്കുന്ന പുത്രനു ഭാര്യയായി കൊണ്ടുവന്നതാണ" എന്നു മറുപടിപറഞ്ഞു ശൈബ്യാ വൃദ്ധയായിരുന്നെങ്കിലും വിദർഭനെന്നു പേരുള്ള ഒരു പുത്രനെ പ്രസവിച്ചു, അവൻ ആ കന്യകയെ വിവാഹം ചെയ്കയും ചെയ്തു.

**ജ്യേഷ്ഠാ**—ലക്ഷ്മിയുടെ മൂത്തസഹോദരീ, നിർഭാഗ്യതയുടെ ദേവതാ, മൂദേവി.

**ജ്യോതിഷവേദാംഗം**—യാഗങ്ങളുംമററും ചെയ്യുന്നതിനുള്ള സുദിനങ്ങളെ അറിവാനുള്ള ആവശ്യത്തിൽനിന്നു് ഉത്ഭവിച്ചതാകുന്നു. ഈ വേദാംഗത്തിന്റെ പ്രതിനിധിയായി മുപ്പത്താറു ശ്ലോകങ്ങളുള്ള ഒരു ചെറിയ ഗ്രന്ഥം മാത്രമേയുള്ളു. അതിന്റെ കർത്താവാരെന്നു നിശ്ചയമില്ല. ഇന്ത്യയിലെ ആര്യന്മാർക്കു വളരെക്കാലം മുമ്പേതന്നെ ജ്യോതിഷത്തിൽ അല്പം പരിജ്ഞാനം ഉണ്ടായിരുന്നെന്നു തെളിയിക്കാൻ അതിന്റെ പ്രാചീനത്വം ഒരു ലക്ഷ്യമാണെന്നല്ലാതെ അതിനു പറയത്തക്ക ശ്ലാഘ്യതയൊന്നുമില്ല.

ഇതിന്റെശേഷം സിദ്ധാന്തങ്ങൾ എന്നു പേരോടുകൂടി സൂൎയ്യസിദ്ധാന്തം, ബ്രാഹ്മസിദ്ധാന്തം, നാരദസിദ്ധാന്തം, മുതലായ ചില ഗ്രന്ഥങ്ങൾ ജ്യോതിശ്ശാസ്ത്രത്തെപ്പറ്റി ഉണ്ടായിട്ടുണ്ട്. ഇവയിൽ സൂൎയ്യസിദ്ധാന്തമാണ് പ്രധാനമായിട്ടുള്ളതു ഇവയെ ഓരോ ഋഷിമാരുടെ പേരുകളോട് ഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവയുടെ കൎത്താക്കന്മാർ ആരെന്നു നിശ്ചയമില്ല.

ആൎയ്യഭട്ടൻ, വരാഹമിഹിരൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരാചാൎയ്യൻ ഇനാക്കുക.

**ജ്യോതിഷ്മാൻ**__ബ്രഹ്മാവിന്റെ മൂന്നാമത്തെ പാദം. ൨, ലോകത്തിന്റെ നാശത്തിങ്കൽ പ്രത്യക്ഷമാവാനിരിക്കുന്ന സപ്തസൂൎയ്യന്മാരിൽ ഒന്നു.

**ജ്വാലാമുഖീ**__ഹിമാലയത്തിലെ ഒരു പുണ്യസ്ഥലം. ഒരു അഗ്നിപൎവ്വതം. ഇവിടെവെച്ചു ശിവന്റെ ഭാൎയ്യയായ സതി തീക്കുട്ടി തന്നെത്താൻ ദഹിപ്പിച്ചുകളഞ്ഞു.

## ഝ

**ഝൻ**__ബൃഹസ്പതി.

**ഝംകാരിണി, ഝർഝരാവതീ**__ഗംഗാ.

**ഝഷോദരീ**__വ്യാസന്റെ മാതാവായ സത്യവതീ.

## ഞ

**ഞായർവ്രതം**__രോഗങ്ങൾ, പ്രത്യേകം നേത്രത്തിന്റെ, വരാതിരിക്കുന്നതിനു ഞായറാഴ്ചതോറും ഉപവാസത്തോടുകൂടെ ആചരിക്കുന്ന ഒരു വ്രതം.

## ട

**ടകാരൻ, ടംകടീകൻ**__ശിവൻ.

## ഠ

**ഠൻ**__ശിവൻ.

## ഡ

**ഡൻ**__ശിവൻ.

**ഡക്കാരീ**__ചണ്ഡാലരുടെ വീണ.

**ഡംഭാചാരിചരിതം**__വിശ്വനാഥന്റെ ഒരു തമിഴ് നാടകം.

**ഡുണ്ഢി**__ഗണേശൻ.

# ഞ

ഞാൻ—ശിവൻ.

# ത

തക്ഷകൻ—൧. ഭരതന്റെ പുത്രനായ ഗാന്ധാരരാജാവു്. ൨. ദേവകളുടെ ശില്പശാസ്ത്രി. ൩. കദ്രുവിൽ കശ്യപന്റെ പുത്രനായ നാഗാധിപതി. ജനമേജയൻ സർപ്പങ്ങളെ ബലികഴിച്ചപ്പോൾ ആസ്തീകന്റെ അപേക്ഷയാൽ തക്ഷകൻ മാത്രം രക്ഷിക്കപ്പെട്ടു.

തക്ഷശിലാ—ഗാന്ധാരരാജാവായ തക്ഷകന്റെ പ്രധാനഗരം.

തച്ചോളിപ്പാട്ടു—ഉത്തരകേരളത്തിൽ തച്ചോളിമേപ്പയിൽ കുഞ്ഞി ഉദയനൻ എന്നൊരാളിന്റെ ശൌര്യപരാക്രമങ്ങളെ വർണ്ണിക്കുന്ന ഒരു പാട്ടു. സാമാന്യജനത്തിന്റെ ഇടയിൽ ഇപ്പോഴും വളരെ പ്രചാരത്തിലിരിക്കുന്നു. ഭാഷ ലഘുവാണെങ്കിലും പ്രാചീനവാക്കുകളും തദ്ദേശപദങ്ങളും ഉപയോഗിച്ചിട്ടുള്ളതുകൊണ്ടു ദക്ഷിണകേരളീയർക്കു സുഗ്രഹമല്ല. ഈ രീതിയിൽ തന്നെ വേറേ വിഷയങ്ങളെ പററി ഉണ്ടാക്കീട്ടുള്ള ചില പാട്ടുകൾക്കും ഈ പേരുതന്നെ പറഞ്ഞുവരുന്നു.

തണ്ഡു—സംഗീതത്തിൽ നിപുണനായ ശിവന്റെ ഒരു സേവകൻ. താണ്ഡവനൃത്തം ഉണ്ടാക്കി,

തത്വബോധകർ—റോബർട്ടു് ഡി നോബിലി എന്നു പേരായ ഒരു യൂറോപ്യൻ പാദ്രി. സംസ്കൃതത്തിലും തമിഴിലും പാണ്ഡിത്യം ഉണ്ടായിരുന്നു. ൧൬൦൬-ൽ മധുരയിൽ ഒരു മിഷൻ സ്ഥാപിച്ചു. അനിത്യാനിത്യവ്യത്യാസം, മന്ത്രമാല, മന്ത്രവ്യാഖ്യാനം, നീതിച്ചൊൽ, നിത്യജീവസല്ലാപം, ജ്ഞാനദീപിക, ജ്ഞാനോപദേശകാണ്ഡം, പരമസൂക്ഷ്മാഭിപ്രായം, പുനർജ്ജന്മാക്ഷേപം, പ്രപഞ്ചവിരോധവ്യത്യാസം, സത്യവേദലക്ഷണം, തത്വക്കണ്ണാടി മുതലായി അനേകം തമിഴ്പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. ഒരു തമിഴ് പോർത്തുഗീസ് നിഘണ്ടുവും ഉണ്ടാക്കീട്ടുണ്ടു്.

തന്തിപാലൻ—അജ്ഞാതവാസത്തിൽ സഹദേവന്റെ പേരു.

തന്തുപർവം—ശ്രാവണമാസത്തിൽ പൌർണ്ണമാസിദിനം. അന്നു കൃഷ്ണന്റെ ഉപനയനം ആയിരുന്നു.

തന്ത്രം—ശക്തിപൂജയെ സംബന്ധിച്ചുള്ള പ്രധാന പുസ്തകങ്ങൾ; ശക്തിപൂജയ്ക്കു ആവശ്യമുള്ള അഞ്ചു മകാരങ്ങൾ. ൧. മദ്യം. ൨., മാംസം. ൩. മത്സ്യം. ൪. മുദ്ര, ൫. മൈഥുനം ഇവയാകുന്നു. ശിവശക്തിയെ ചിലർ ഉമാ, ഗൌരി ഈ രൂപങ്ങളിലും ചിലർ ഭയങ്കരമായ ദുർഗ്ഗാ, കാളീ ഈ രൂപങ്ങളിലും സേവിക്കുന്നു. ശക്തിപൂജക്കാർ ദക്ഷിണാചാരികൾ എന്നും വാമാചാരികൾ എന്നും രണ്ടു തരമുണ്ടു. അവരിൽ വാമാചാരികളുടെ പൂജയുടെ മാതിരി ഏററവും ആഭാസവും ദുഷ്കർമ്മസംബന്ധമുള്ളതും ആകുന്നു. തന്ത്രികളുടെ പ്രധാനപുസ്തകങ്ങൾ രുദ്രയാമളം, കാളികം, മഹാനിർവ്വാണ, കുലാർണ്ണവ, ശ്യാമാരഹസ്യ, ശാരദാതിലകം, മന്ത്രമഹോദധി, ഉഡ്ഡീശ, കാമദ, കാമാഖ്യാതന്ത്രങ്ങൾ ഇവയാകുന്നു.

**തന്ത്രവാൎത്തികം**—കുമാരിലഭട്ടന്റെ മീമാംസാപ്രബന്ധം.

**തപതി**—സൂൎയ്യന്റെപുത്രി. സംവൎണ്ണന്റെ ഭാൎയ്യ. കുരുവിന്റെ അമ്മ

**തപനൻ**—൧. സൂൎയ്യൻ. ൨. ശിവൻ. ൩. അഗസ്ത്യൻ.

**തപനാത്മജൻ(തനയൻ)** ൧. യമൻ. ൨. സുഗ്രീവൻ. ൩. കൎണ്ണൻ.

**തപ്തകൃച്ഛ്രം**—ഒരുവിധം തപസ്സ്, ഇതിൽ മുമ്മൂന്നുദിവസം ചൂട്ടു വെള്ളവും, ചൂടുപാലും, ചൂടുനെയ്യും കുടിക്കയും മൂന്നുദിവസം ചൂടുവായു ശ്വസിക്കയും ചെയ്യണം.

**തമിഴ്**—ദ്രാവിഡഭാഷകളിൽ വെച്ചു പ്രധാനഭാഷ. ചെന്തമിഴ്, കൊടുന്തമിഴ് ഇങ്ങനെ രണ്ടുശാഖകളുണ്ട്. ചെന്തമിഴ് കാവ്യങ്ങളുടേയും വിദ്വാന്മാരുടെയും ഭാഷയാണ്. കൊടുന്തമിഴാണ് ഇപ്പോഴത്തെ സംഭാഷണഭാഷ. രണ്ടിനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒന്നു അറിയുന്നവൎക്കു മറ്റേതു മനസ്സിലാകുമെന്നില്ല.

**തമിഴമുനി**—അഗസ്ത്യൻ.

**തമിഴവേദം**—തിരുവായ്മൊഴി അല്ലെങ്കിൽ നാലായിരപ്രബന്ധം. കുറളിനും തമിഴ്‌വേദമെന്നു ചിലപ്പോൾ പറയാറുണ്ടു.

**തരുരാജാവു**—പാരിജാതകം.

**തലാതലം**—ഭൂമിക്കു കീഴെയുള്ള നാലാമത്തെ ലോകം. മായ ഈ ലോകം ഭരിക്കുന്നു.

**താടക**—താരക നോക്കുക.

**താണ്ഡവം**—ശിവന്റെ നൃത്തം.

**താപത്രയം**—ഈ ലോകത്തിൽ മനുഷ്യർ സഹിക്കേണ്ടുന്ന ആദ്ധ്യാത്മികവും, ആധിദൈവികവും ആധിഭൌതികവും ആയ കഷ്ടതകൾ.

**താപനം**—കാമദേവന്റെ പഞ്ചബാണങ്ങളിൽ ഒന്നു.

**താമ്രവൎണ്ണം**—ഭാരതവൎഷത്തിൽ ഒമ്പതു ഭാഗങ്ങളിൽ ഒന്നു.

**താരകൻ**—വജ്രാങ്കന്റെ പുത്രനായ ഒരു ദൈത്യൻ. അവന്റെ തപസ്സുനിമിത്തം ദേവന്മാർ ഭയപ്പെടുകയാൽ അവനെ നശിപ്പിക്കുന്നതിനായി സ്കന്ദൻ (കാൎത്തികേയൻ) അതിശയകരമാകുംവണ്ണം ജനിച്ചു.

**താരകാ (താടകാ, താഡകാ)**—ഒരു ദൈത്യസ്ത്രീ; സുകേതു എന്ന യക്ഷന്റെയോ സുന്ദാസുരന്റെയോ പുത്രി, മാരീചന്റെ അമ്മ; അഗസ്ത്യന്റെ ശാപംനിമിത്തം രാക്ഷസിയായി ഗംഗാതീരത്തിലെ താരകാവനത്തിൽ പാൎത്തു. ശ്രീരാമനോടു അവളെ കൊന്നുകളവാൻ വിശ്വാമിത്രൻ ഉപദേശിച്ചു എന്നാൽ ഒരു സ്ത്രീയെ കൊല്ലുവാൻ മനസ്സില്ലാഞ്ഞിട്ടു അനേകം അവൾ ഉപദ്രവിക്കാതിരിപ്പാനായി രാമൻ അവളുടെ ഭുജങ്ങൾ രണ്ടും മുറിച്ചുകളഞ്ഞു. ലക്ഷ്മ

ണൻ അവളുടെ മൂക്കും ചെവിയും അറുത്തുകളഞ്ഞു. അന്നേരം അവൾ മന്ത്രശക്തികൊണ്ടു അവരുടെ നേരെ ശരവർഷം പോലെ കല്ലെറിഞ്ഞതുകൊണ്ടു രാമൻ അവളെ വധിച്ചു.

**താരകാ, താരാ**—ബൃഹസ്പതിയുടെ ഭാൎയ്യ, ചന്ദ്രൻ അവളെ അപഹരിച്ചു കൊണ്ടുപോയ്ക്കളഞ്ഞതുകൊണ്ടു ദേവന്മാരും അസുരന്മാരും തമ്മിൽ ഘോരമായ ഒരു യുദ്ധം ഉണ്ടായി, ബ്രഹ്മാവു യുദ്ധം അവസാനിപ്പിച്ചു താരകയെ ബൃഹസ്പതിക്കു തിരികെ കൊടുപ്പിച്ചു. താരകയ്ക്കു സോമനാൽ ബുധനെന്നു ഒരു പുത്രനുണ്ടായി.

**താരകാമയം**—താരകയെ സംബന്ധിച്ചുണ്ടായ മേൽപ്പടി യുദ്ധം.

**താരകാസുരവധം**—വേലായുധൻ സുബ്രഹ്മണ്യൻ പോററി ഉണ്ടാക്കിയ ഒരു ആട്ടക്കഥ.

**താര**—൧. വാനരരാജാവായ ബാലിയുടെ ഭാൎയ്യ, അംഗദന്റെ അമ്മ; രാമനോടു യുദ്ധംചെയ്യരുതെന്നു ഭൎത്താവിനോടു ഫലമില്ലാതെ ഉപദേശിച്ചു. വാലിയെ രാമൻ കൊന്നശേഷം താര സുഗ്രീവനെ വിവാഹം ചെയ്തു.
൨. ഹരിശ്ചന്ദ്രന്റെ ഭാൎയ്യ, രോഹിദാസന്റെ മാതാവു, താരാമതി എന്നും പേരുണ്ടു.

**താരാധിപൻ**—൧. ചന്ദ്രൻ. ൨. ശിവൻ. ൩. ബൃഹസ്പതി. ൪. വാലി. ൫. സുഗ്രീവൻ.

**താലകേതു**—ഭീഷ്മർ.

**താലജംഘൻ**—ഹൈഹയ കുലത്തിലെ അവന്തിരാജാവായ ജയധ്വജന്റെ പുത്രൻ താലജംഘകുലം സ്ഥാപിച്ചു.

**താലധ്വജൻ**—ബലരാമൻ.

**താലം**—ദുർഗ്ഗാദേവിയുടെ സിംഹാസനം.

**തിത്തിരി**—യാസ്കന്റെ ശിഷ്യനായ ഒരു ഋഷി, യജുൎവേദത്തിന്റെ തൈത്തിരീയ സംഹിത ഇദ്ദേഹം ഉണ്ടാക്കിയതാണെന്നു ചിലർ പറയുന്നു.

**തിമിധ്വജൻ**—ദശരഥന്റെ സഹായത്താൽ ഇന്ദ്രൻ വധിച്ച ഒരു രാക്ഷസൻ ഈ രാക്ഷസനോടുള്ള യുദ്ധത്തിലാണ് കൈകേയി ദശരഥന്റെ ജീവനെ രക്ഷിച്ചു രണ്ടുവരങ്ങളെ വാങ്ങിച്ചതു്.

**തിരസ്കരിണി**—ചില മന്ത്രങ്ങളുടെ ശക്തിയാൽ മനുഷ്യരാൽ അദൃശ്യരായി തീരുവാനുള്ള ശക്തിയെ കൊടുക്കുന്ന ഒരു ശാസ്ത്രം.

**തിരുത്തോണ്ടർ പുരാണം**—ശിവഭക്തരായ അറുപത്തുമൂവരുടെ ചരിത്രം. അറുപത്തുമൂവർ നോക്കുക.

**തിരുപ്പോരാട്ടം**—ബനിയന്റെ Holy war എന്ന പുസ്തകത്തിന്റെ തർജ്ജമ തർജ്ജമക്കാരൻ റെവറണ്ടു് കെ. കോശി.

**തിരുവള്ളുവൻ**—ഒരു ബ്രാഹ്മണന്നു ഒരു പറച്ചിയിൽ ഉണ്ടായ പുത്രൻ. ഒരു വള്ളുവൻ (പറയപുരോഹിതൻ) [വളർത്തി. കുറൾ എഴുതി കീർത്തിമാനായി; ദേവപുലവൻ എന്നും മുതർപാവലൻ എന്നും പേരുണ്ട്. കുറൾ നോക്കുക.

**തിരുവാചകം**—മാണിക്കവാചകൻ ഉണ്ടാക്കിയ ശ്രുതിപ്പെട്ട (തമിഴ്) ശിവസ്തുതികൾ.

**തിരുവാതിര**—ആർദ്രാദർശനം നോക്കുക.

**തിരുവായ്മൊഴി**—ആഴ്വാരന്മാരുടെ കൃതികൾ. നാലായിരം ശ്ലോകങ്ങൾ ഉള്ളതിനാൽ നാലായിരപ്രബന്ധം എന്നു പേർ. വൈഷ്ണവമതസംബന്ധം. ഒന്നാംഭാഗം ശ്രീകൃഷ്ണന്റെ ബാല്യകാലചരിത്രം. രണ്ടാംഭാഗം വിഷ്ണുക്ഷേത്രങ്ങളെപ്പറ്റി. മൂന്നാംഭാഗം വിഷ്ണുവിനേയും വിഷ്ണുവിന്റെ ആരാധനയേയുംപറ്റി. നാലാംഭാഗം പ്രാർത്ഥനകൾ ധ്യാനങ്ങൾ മുതലായവ. വൈഷ്ണവർ ഇതിനെ തമിഴ്‌വേദമെന്നു പറയുന്നു.

**തിരുവിളയാടൽ**—ശിവന്റെ ലീലകൾ; മധുരാപുരാണം എന്നും പേരുണ്ട്. പരഞ്ജോതിതമ്പിരാൻ കർത്താവു. പതിനൊന്നാം ശതാബ്ദം. ഹാലാസ്യമാഹാത്മ്യത്തിന്റെ തർജ്ജമയെന്നു പറയാം.

**തിലകമഞ്ജരി**—കാദംബരിയെ അനുകരിച്ചു ധനപാലൻ ഉണ്ടാക്കിയ ഒരു സംസ്കൃതഗ്രന്ഥം. തിലകമഞ്ജരിയുടെയും സമരകേതുവിന്റെയും വിവാഹത്തിൽ കഥ അവസാനിക്കുന്നു.

**തിലോത്തമ**—അസമയത്തു കുളിച്ചതുകൊണ്ടു അപ്സരസ്ത്രീയായി ജനിച്ച ഒരു ബ്രാഹ്മണസ്ത്രീ; അവൾനിമിത്തം സുന്ദനും ഉപസുന്ദനും അന്യോന്യം കൊന്നു.

**തിഷ്യം**—കലിയുഗം.

**തിഷ്യകേതു**—ശിവൻ.

**തീർത്ഥങ്കരൻ**—ജൈനമതപ്രകാരം അറുപത്തിമൂന്നു ഗുണങ്ങൾ സിദ്ധിച്ചവൻ. ബുദ്ധരുടെ ഇടയിൽ ബുദ്ധനുസമം. ജൈനർക്കു ഇരുപത്തിനാലു തീർത്ഥങ്കരന്മാർ ഉണ്ട്. ഹിന്തുക്കളുടെ മനുവിനെപ്പോലെ ഓരോരുത്തനും ഓരോ ദീർഘകാലം വാഴുന്നു. ഇവക്കു ജഗൽപ്രഭു, സർവ്വജ്ഞൻ, അധീശൻ, ദേവാധിദേവൻ, എന്നും പേരുകളുണ്ട്.

**തുഞ്ചത്തുരാമാനുജൻ**—രാമാനുജൻ നോക്കുക.

**തുണ്ഡൻ**—1. ശിവൻ 2 നഹുഷനാൽ കൊല്ലപ്പെട്ട ഒരു അസുരൻ ഇവന്റെ പുത്രനായ വിതുണ്ഡൻ ഭഗവതിയാൽ കൊല്ലപ്പെട്ടു.

**തുണ്ഡി**—ശിവന്റെ കാളയുടെ പേരു്.

**തുംബരൻ, തുംബുരു**—ഒരു ഗന്ധർവൻ.

**തുർവ്വസു** — ദേവയാനിയിൽ യയാതിയുടെ പുത്രൻ. പിതാവിന്റെ വാർദ്ധക്യം എടുത്തുകൊള്ളാഞ്ഞതിനാൽ ശപിക്കപ്പെട്ടു.

**തുലാദാനം** — കൊടുക്കുന്നവന്റെ ശരീരത്തിന്റെ ഭാരത്തോളം പൊന്നു ബ്രാഹ്മണൎക്കു ദാനം ചെയ്ക.

**തുലാധാരൻ** — ബ്രാഹ്മണനായ ജാജലിയെ ജ്ഞാനം അഭ്യസിപ്പിച്ച ഒരു വൈദ്യൻ.

**തുലാഭാരം** — മഹാരാജാക്കന്മാർ ആയുഷ്കാലത്തിൽ ഒരിക്കൽ മാത്രം അനുഷ്ഠിക്കുന്ന ഒരാചാരം. രാജാവു വാളും പരിചയുമായി തുലാസ്സിന്റെ ഒരു തട്ടിൽ ഇരുന്നു മറ്റേത്തട്ടിൽ സ്വൎണ്ണനാണയങ്ങൾ ഇട്ടു തൂക്കും. സ്വൎണ്ണം പിന്നീടു ബ്രാഹ്മണൎക്കു ദാനം ചെയ്യും. തിരുവിതാംകൂറിൽ ഇപ്പോഴും നടപ്പുണ്ടു.

**തുളസീവിവാഹം** — കാൎത്തികമാസത്തിൽ ദ്വാദശിയിൽ ബാലകൃഷ്ണന്റെ പ്രതിമയും തുളസിച്ചെടിയും തമ്മിൽ ചെയ്യപ്പെടുന്ന വിവാഹം.

**തുള്ളൽ** — അരങ്ങത്തു കൊട്ടും പാട്ടും മേളിച്ചു കെട്ടിയാടുന്നതിനു ഉപയോഗിക്കത്തക്കവണ്ണം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു പദ്യരീതി. ഇതു മലയാളത്തിനു പ്രത്യേകമുള്ളതും കുഞ്ചൻനമ്പ്യാർ ആദ്യം ഉണ്ടാക്കിയതും ആകുന്നു. ഓട്ടൻതുള്ളൽ, ശീതങ്കൻ, പറയൻ, ഇങ്ങനെ മൂന്നുവിധം ഉണ്ടു്. ഓട്ടൻ അധികം മുറുകിയതും ശീതങ്കൻ മുറുക്കം കുറഞ്ഞതും പറയൻ അധികം പതിഞ്ഞതും ആകുന്നു. നമ്പ്യാരുടെ തുള്ളലുകൾ ഈ മൂന്നു വിധത്തിലും ഉണ്ടു്. ഓട്ടൻതുള്ളലിന്റെ പ്രധാന ദൃഷ്ടാന്തങ്ങൾ അഹല്യാമോക്ഷം സ്യമന്തകം, പാത്രചരിതം കൃഷ്ണാൎജ്ജുനവിജയം, കാൎത്തവീൎയ്യവിജയം, സന്താനഗോപാലം മുതലായവ. കല്യാണസൗഗന്ധികം കാളിയമർദ്ദനവും ശീതങ്കന്റെ ഉദാഹരണങ്ങൾ. ധ്രുവചരിതം, ദുൎയ്യോധനവധം മുതലായവയും പറയൻതുള്ളലിന്റെ ദൃഷ്ടാന്തങ്ങൾ. ഗജേന്ദ്രമോക്ഷം, പാഞ്ചാലീസ്വയംവരം, സഭാപ്രവേശം, ദക്ഷയാഗം മുതലായവയും ആകുന്നു. ഇവയെ അനുകരിച്ചു അനേകം തുള്ളലുകൾ ഇതരകവികളും ഉണ്ടാക്കീട്ടുണ്ടു്.

**തൃണാവൎത്തൻ** — കൊടുങ്കാറ്റിന്റെ രൂപം ധരിച്ചുവന്നു ശിശുവായ കൃഷ്ണനെ എടുത്തുകൊണ്ടുപോയ ഒരു രാക്ഷസൻ. കൃഷ്ണനാൽ കൊല്ലപ്പെട്ടു.

**തെക്കൈലാസനാഥോദയം** — ഒരു ഭേദപ്പെട്ട ചമ്പൂകാവ്യം. കൎത്താവിനെ നിശ്ചയമില്ല.

**തെൻമൊഴി** — തമിഴ്, വാമൊഴി, സംസ്കൃതം.

**തെലുങ്കു** — ആന്ധ്രഭാഷ. തെലുങ്കിൽ സംസ്കൃതപദങ്ങൾ അധികം ഉപയോഗിക്കും. സംഗീതത്തിനു പററിയ ഭാഷയാകയാൽ ഇന്ത്യയിലെ ഇത്താലിയൻ എന്നു പറയാറുണ്ടു്. വേറെവിധത്തിൽ ഭാഷയ്ക്കു വൈശിഷ്ട്യം ഒന്നുമില്ല.

**തേങ്ങയേറു്** — ചിങ്ങമാസം അമാവാസിദിവസം വൎഷകാലം അവസാനിച്ചു എന്ന സങ്കല്പത്തിന്മേൽ വരുണന്റെ പ്രസാദത്തിനായി കടലിൽ തേങ്ങായും പഴങ്ങളും എറിയുന്ന ഒരു ഉത്സവം. അന്നുമുതൽ പശ്ചിമതീരംവഴി കപ്പൽസഞ്ചാരം തുടങ്ങും.

തേൻപാവണി—വീരമാമുനിയുടെ ഒരു വിശിഷ്ട തമിഴ്കാവ്യം. കന്യാംശ്രീയമ്മയെക്കുറിച്ചു.

തേവാരം—തമിഴിൽ ശൈവമതസംബന്ധമായി ജ്ഞാനസംബന്ധൻ ഉണ്ടാക്കിയതു. എട്ടാംശതാബ്ദം.

തൈപ്പൂശം—തൈമാസത്തിൽ പൌർണ്ണിമദിനം. നവരാത്രികഴിഞ്ഞാൽ വിദ്യാരംഭത്തിനു നല്ലദിവസം. സുബ്രഹ്മണ്യനു പ്രത്യേകദിവസം.

തൊന്നൂൽ—വീരമാമുനിയുടെ തമിഴ്വ്യാകരണം.

തോത്രവേത്രം—വിഷ്ണുവിൻെറ വടി.

തോൽകാപ്പിയം—അഗസ്ത്യൻെറ ശിഷ്യനായ തോൽകാപ്പിയൻ ഉണ്ടാക്കിയ തമിഴവ്യാകരണം. ഇപ്പോഴുള്ള തമിഴവ്യാകരണങ്ങളിൽ ഏററവും പുരാതനം. അഗസ്ത്യൻെറ വ്യാകരണത്തിലെ ൧൨൦൦൦ സൂത്രങ്ങൾ തോൽകാപ്പിയത്തിൽ ൨൦൦൦ ആയി ചുരുക്കിയിരിക്കുന്നു. ഇതിൽ കാവ്യത്തെപ്പററിയുള്ള ഭാഗം മുഴുവനും ഇല്ല.

തോററംപാട്ടു—ശൂദ്രരിൽ താണജാതികൾ ദാരികൻ, ഭദ്രകാളി, മുതലായ വേഷങ്ങൾ കെട്ടി ഭദ്രകാളിക്ഷേത്രങ്ങളിൽ പാടുന്ന പാട്ടു.

തോസലകൻ—കംസൻെറ മുമ്പാകെ കൃഷ്ണൻ കൊന്ന ഒരു മല്ലൻ.

ത്രികർമ്മങ്ങൾ—യാഗം, വേദാധ്യയനം, ദാനം.

ത്രികാണ്ഡശേഷം—അമരകോശത്തിൻെറ പരിശിഷ്ടമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു നിഘണ്ടു.

ത്രികൂടം—ലങ്കാനഗരം സ്ഥാപിക്കപ്പെട്ടിരുന്ന ഒരു പർവ്വതം.

ത്രിഗണം—ധർമ്മം, അർത്ഥം, കാമം.

ത്രിജടാ—ലങ്കയിൽ അശോകവനികയിൽവെച്ചു സീതയെ ശുശ്രൂഷിക്കാനായി രാവണൻ നിയമിച്ച ഒരു രാക്ഷസി, സീതയോടുവളരെ ദയകാണിച്ചു. ധർമ്മജ്ഞ എന്നും പേരുണ്ടു.

ത്രിദണ്ഡി—വാക്കു, മനസ്സു, കായം, ഇവകളിന്മേൽ അധികാരം പ്രാപിച്ചവൻ.

ത്രിദശന്മാർ—൩൩ : ആദിത്യർ, ൮ വസുക്കൾ, ൧൧ രുദ്രർ, ൨ അശ്വിനികൾ ഇങ്ങനെ മുപ്പത്തുമൂന്നു ദേവകൾ.

ത്രിപഥഗ—മൂന്നുലോകത്തിൽകൂടി ഒഴുകുന്ന നദി, ഗംഗാ.

ത്രിപിടകം—പാലിഭാഷയിൽ ബുദ്ധമതക്കാരുടെ വേദപുസ്തകം. ഒന്നാമത്തെ പുസ്തകം, സന്മാർഗ്ഗോപദേശങ്ങൾ, രണ്ടാമത്തേതു ബുദ്ധൻെറ ഉപദേശങ്ങൾ, മൂന്നാമത്തേതു തത്വശാസ്ത്രവിഷയങ്ങൾ.

ത്രിപുണ്ഡ്റം--നെററിയിലും തോളത്തും ശിവഭക്തർ ഇടുന്ന കുറി. ഭസ്മം ഉപയോഗിക്കണം. സ്മാൎത്തർ മദ്ധ്യരേഖയിൽ ഒരു കറുത്ത പൊട്ടും ഇടും.

ത്രിപുരം — പൊന്ന്, വെള്ളി, ഇരുമ്പ്, ഇവകൊണ്ടുള്ള മൂന്നു ആകാശനഗരങ്ങൾ, അവയും അവയിൽ വസിച്ചിരുന്ന അസുരരും ശിവനാൽ ദേവകളുടെ അപേക്ഷപ്രകാരം ഭസ്മീകരിക്കപ്പെട്ടു.

ത്രിപുരദഹനം — ചിററൂർ സുബ്രഹ്മണ്യശാസ്ത്രികൾ ഉണ്ടാക്കിയ ഒരു ആട്ടക്കഥ.

ത്രിപുരാസുരൻ — ബ്രഹ്മാവ്, വിഷ്ണു, ശിവൻ ഇവരിൽനിന്നു മൂന്നു നഗരങ്ങൾ ദാനമായി കിട്ടിയതുകൊണ്ട് ബാണാസുരന്റെ ഒരു പേര്.

ത്രിഭുവനം, ത്രിലോകം — സ്വൎഗ്ഗം, ഭൂമി, പാതാളം.

ത്രിമൂൎത്തികൾ — ൧. വേദത്തിൽ അഗ്നി, വായു, സൂൎയ്യൻ. ൨. ബ്രഹ്മാവ്, വിഷ്ണു, ശിവൻ. രജോഗുണമൂൎത്തിയായ ബ്രഹ്മാവ് സൃഷ്ടിക്കയും തമോഗുണമൂൎത്തിയായ ശിവൻ നശിപ്പിക്കയും സത്വഗുണമൂൎത്തിയായ വിഷ്ണു രക്ഷിക്കയും ചെയ്യുന്നു. ഇവർ മൂവരും പരമാത്മാവിന്റെ ആശ്രിതന്മാർ അല്ലെങ്കിൽ ഭാഗങ്ങൾ ആകുന്നു. ത്രിമൂൎത്തികളുടെ രൂപം സാധാരണയായി ബ്രഹ്മാവ് മദ്ധ്യത്തിലും വലത്തുഭാഗത്തു വിഷ്ണുവും ഇടത്തുഭാഗത്തു ശിവനും ആയിട്ടുണ്ട്. ബ്രഹ്മാവിനെ സേവിക്കുന്നവർ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം. ഭാഗവതപ്രകാരം മൂന്നും ഒന്ന്.

ത്രിലോചനൻ — ശിവൻ, ശിവന്റെ മൂന്നാമത്തെ കണ്ണ് നെററിയിന്മേലാണ്. അതുകൊണ്ടു് കാമദേവനെ ഭസ്മീകരിച്ചു.

ത്രിവൎഗ്ഗം — ൧. ധൎമ്മം, അൎത്ഥം, കാമം, ൨. സത്വം, രജസ്സ്, തമസ്സ്.

ത്രിവിക്രമൻ — വാമനാവതാരത്തിൽ വിഷ്ണുവിന്റെ പേര്. മൂന്നടിവെച്ചു ജയിച്ചു.

ത്രിശങ്കു — ഹരിശ്ചന്ദ്രന്റെ പിതാവായ ഒരു അയോദ്ധ്യാരാജാവ്. സത്യവ്രതൻ നോക്കുക.

ത്രിശിരസ് — ൧. ജ്വരം. ൨. കുബേരൻ. ൩. ഒരു അസുരൻ. ൪. രാവണന്റെ ഒരു സഹോദരൻ രാമനാൽ കൊല്ലപ്പെട്ടു. ൫. വിശ്വരൂപൻ.

ത്രിശൂലം — ശിവന്റെ ആയുധം. എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു അതിനെതിരെ യാത്രചെയ്യരുതു്. തിങ്കളും ശനിയും കിഴക്കോട്ടും ഞായറും വെള്ളിയും പടിഞ്ഞാറോട്ടും ചൊവ്വയും ബുധനും വടക്കോട്ടും വ്യാഴം തെക്കോട്ടും യാത്രയ്ക്കു കൊള്ളുകയില്ല.

ത്രിസ്ഥലി — മൂന്നു വിശുദ്ധസ്ഥലങ്ങൾ, കാശി, പ്രയാഗ, ഗയാ.

ത്രേതായുഗം — രണ്ടാമത്തെ യുഗം, യുഗം നോക്കുക.

ത്രൈമാതുരൻ — ലക്ഷ്മണൻ.

**ത്രോടകം**—ഒരുവിധം നാടകം. ഉ-ം വിക്രമോൎവ്വശീയം.

**ത്ര്യക്ഷൻ**—മൂന്നുകണ്ണുള്ളവൻ, ശിവൻ.

**ത്ര്യക്ഷരം**—ഓം എന്ന ശബ്ദം;

**ത്ര്യംജനം**—കാലാഞ്ജനം, രസാഞ്ജനം, പുഷ്പാഞ്ജനം,

**ത്ര്യധ്വഗാ, (മാൎഗ്ഗഗാ, വൎത്മഗാ, ധാരാ, പഥഗാ, മാൎഗ്ഗാ, സ്രോതസ്സ്)**—ഗംഗാ.

**ത്ര്യംബകൻ**—൧. ശിവൻ, ൨. രുദ്രൻ.

**ത്ര്യരുണൻ**—ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവു്, ഒരിക്കൽ തന്റെ പുരോഹിതനായ വൃശൻ സാരഥിയായി താൻ രഥത്തിൽ പോകുമ്പോൾ രഥം കയറി ഒരു ബ്രാഹ്മണബാലൻ മരിച്ചുപോയി. അതിന്റെ ഉത്തരവാദിത്വം ആൎക്കാണെന്നു അവർ തമ്മിൽ തൎക്കം ഉണ്ടായിട്ടു് ഇക്ഷ്വാകുകുലക്കാർ എല്ലാവരും വൃശനു വിരോധമായി അഭിപ്രായം പറഞ്ഞു. അതുകൊണ്ടു് വൃശൻ ദേഷ്യപ്പെട്ടു് പ്രാൎത്ഥനാമൂലം ബാലനെ ജീവിപ്പിച്ചശേഷം ത്ര്യരുണന്റേയും മറ്റും ഭവനങ്ങളിൽ അഗ്നി അതിന്റെ പ്രവൃത്തിയെ ചെയ്യാതിരിപ്പാൻ ഇടവരുത്തി. ഭക്ഷണംപോലും ഒരുക്കുവാൻ കഴിയാതെ ബുദ്ധിമുട്ടി അവർ വൃശനോടു മാപ്പു ചോദിച്ചു. പിന്നെ വൃശന്റെ പ്രാൎത്ഥനയാൽ അഗ്നി അതിന്റെ പ്രവൃത്തിയെ വീണ്ടും ചെയ്യാൻ തുടങ്ങി.

**ത്വഷ്ടി**—യന്ത്രങ്ങളെയും മറ്റും ഉണ്ടാക്കുന്നതിൽ നിപുണനായ ഒരു ദേവൻ. ഇന്ദ്രന്റെ വജ്രായുധവും മറ്റും ഉണ്ടാക്കുന്നതും പുരുഷന്മാൎക്കു ഗൎഭത്തിലെതന്നെ അവൎക്കു യോഗ്യമായ ഭാൎയ്യമാരെ രൂപിച്ചുവെക്കുന്നതും ഇയാളാണു്. എല്ലായ്പോഴും ഇന്ദ്രനോടു വിരോധത്തിലാണു്, അതുകൊണ്ടു് ഇന്ദ്രൻ ഒരിക്കൽ അവന്റെ പുത്രനായ വിശ്വരൂപൻ അല്ലെങ്കിൽ ത്രിശിരസ്സിനെ കൊന്നുകളഞ്ഞു. സൂൎയ്യനെ വിവാഹംചെയ്ത സരണ്യ (സംജ്ഞാ) എന്നൊരു മകളും ഉണ്ടായിരുന്നു. അവൾക്കു സൂൎയ്യന്റെ തേജസ്സു് സഹിക്കാൻ കഴിയാഞ്ഞിട്ടു് ത്വഷ്ടി സൂൎയ്യന്റെ ഒരു ഭാഗം കടഞ്ഞെടുത്തുകളകയും ആ ഭാഗംകൊണ്ടു വിഷ്ണുവിന്റെ ചക്രം ശിവന്റെ ത്രിശൂലം മുതലായ ആയുധങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

## ദ

**ദക്ഷൻ**—ബ്രഹ്മാവിന്റെ പുത്രനായ ഒരു പ്രധാന പ്രജാപതി, ഒരു ആദിത്യനും വിശ്വദേവനും. ദക്ഷൻ അദിതിയിൽ നിന്നും അദിതി ദക്ഷനിൽനിന്നും ഉണ്ടായി എന്നു ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. മഹാഭാരതപ്രകാരം ദക്ഷൻ ബ്രഹ്മാവിന്റെ വലത്തെ തള്ളവിരലിൽനിന്നും അവന്റെ ഭാൎയ്യ ഇടത്തെ തള്ളവിരലിൽനിന്നും ഉണ്ടായി. ദക്ഷൻ പ്രിയവ്രതന്റെ പുത്രിയായ പ്രസൂതിയെ വിവാഹംചെയ്തു. ൬൦ പുത്രിമാരുണ്ടായി. അവരിൽ പത്തുപേരെ ധൎമ്മനും പതിമൂന്നുപേരെ കശ്യപനും ഇരുപത്തേഴുപേരെ സോമനും സതീ എന്നൊരുത്തിയെ ശിവനും വിവാഹംചെയ്തു. കശ്യപന്റെ ഭാൎയ്യമാർ ദേവകൾ, അസുരർ, മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, സൎപ്പങ്ങൾ, മുതലായ എല്ലാ ജീവജാലങ്ങളുടെയും മാതാക്കന്മാരായി. സോമന്റെ ഭാൎയ്യമാർ നക്ഷത്രങ്ങളായി.

സതി പിതാവും ഭർത്താവും തമ്മിലുള്ള വിരോധം കണ്ടു മരിച്ചുകളഞ്ഞു. മരുമകനായ ശിവന്റെ ശാപംനിമിത്തം ഒരിക്കൽ ദക്ഷൻ മാരിഷയുടെ പുത്രനായി ജനിച്ചു എന്നും ആ ജന്മത്തിൽ ക്രോധൻ, തമസ്സ്, ദമൻ, വിക്രതൻ, അംഗിരസ്, കർദ്ദമൻ, അശ്വൻ എന്ന ഏഴു പുത്രന്മാരുണ്ടായി എന്നും ഒരു കഥയുണ്ട്. ഹരിവംശത്തിൽ ദക്ഷൻ വിഷ്ണുതന്നെയാണെന്നും സകലത്തെയും സൃഷ്ടിച്ചു എന്നും കാണുന്നു. ദക്ഷന്റെ ചരിത്രത്തിൽ മുഖ്യമായിട്ടുള്ളത് അവൻ കഴിച്ച യാഗം ആകുന്നു. അതിന്റെ വിവരണവും പലടത്തും പലവിധംകാണുന്നുണ്ട്. ശിവനോടു ദക്ഷനുള്ള വിരോധംനിമിത്തമോ ശിവനു ബലികൊടുക്കരുതെന്നു ദേവകൾ നിശ്ചയിക്കയാലോ യാഗത്തിനു ശിവനെ മാത്രം ക്ഷണിച്ചില്ല. ശിവൻ ഈ വിവരം ഉമാനാമത്തിൽ പാർവ്വതിയായി ജനിച്ച തന്റെ ഭാര്യയായ സതിയിൽനിന്നറിഞ്ഞു കോപിച്ചു തന്റെ ശൂലം ചാണ്ടുകയും യാഗശാലയിൽവന്നു ഓരോ അക്രമങ്ങൾ ചെയ്തു യാഗത്തിനു മുടക്കംവരുത്തുകയുംചെയ്തു. ഇന്ദ്രനു ചവിട്ടുകൊണ്ടു, യമന്റെ വടി ഒടിഞ്ഞു, സരസ്വതിയുടെമൂക്കുമുറിഞ്ഞു, ഭഗന്റെ കണ്ണുപൊട്ടി, പൂഷാവിന്റെ പല്ലുപറിഞ്ഞു, ചന്ദ്രനു ഇടികൊണ്ടു, വഹ്നിയുടെ കൈയൊടിഞ്ഞു, ഭൃഗുവിന്റെ മീശപോയി, ബ്രാഹ്മണർക്കു കല്ലേറുകൊണ്ടു, പ്രജാപതികൾ തോറ്റു, ദേവകളും മറ്റും കുത്തുകൊള്ളുകയോ അമ്പേൽക്കുകയോ ചെയ്തു. ദക്ഷന്റെ തല തന്നെയും വെട്ടി എറിയപ്പെട്ടു. ദക്ഷൻ ഭയപ്പെട്ടു മാപ്പുചോദിക്കയും രുദ്രന്റെ മാഹാത്മ്യം സമ്മതിക്കയുംചെയ്തു. രുദ്രൻ (ശിവൻ) പിന്നെ ദയതോന്നി മരിച്ചവരെ ഒക്കെയും ജീവിപ്പിച്ചു. ദക്ഷന്റെ തല നോക്കിയാറെ കാണാഞ്ഞിട്ടു അവനു ഒരു ആടിന്റെ തല വെച്ചുകൊടുത്തു.

ഒരു കഥയിൽ യാഗത്തിനു ശിവനെയൊ സതിയെയോ ദക്ഷൻ ക്ഷണിച്ചില്ലെന്നും എന്നിട്ടും സതി ചെന്നു എന്നും അവിടെവെച്ചു അവമാനിക്കപ്പെടുകകൊണ്ടു അഗ്നിയിൽ ചാടി മരിച്ചു എന്നും അതറിഞ്ഞു ശിവൻ കോപിച്ചു തന്റെ ജടയിൽനിന്നു ഒരു രോമം എടുത്തു ശക്തിയോടേ നിലത്തടിച്ചു എന്നും അപ്പോൾ ഒരു ബലവാനായ രാക്ഷസൻ നിലത്തുനിന്നു എഴുനേറ്റുവന്നു എന്നും അവനോടു ശിവൻ കല്പിച്ചപ്രകാരം അവൻ പോയി ദക്ഷന്റെ യാഗത്തിനു വിഘ്നംവരുത്തി എന്നും മറ്റും കാണുന്നു.

ഹരിവംശത്തിൽ ശിവന്റെ അക്രമങ്ങൾകണ്ടിട്ടു വിഷ്ണു എഴുനേറ്റു ശിവന്റെ കഴുത്തിനുപിടിച്ചു ഞെക്കി അവനെ അക്രമത്തിൽനിന്നു വിരമിപ്പിക്കയും തന്നെ യജമാനനായി അംഗീകരിപ്പിക്കയും ചെയ്തു എന്നുപറഞ്ഞു കഥ അവസാനിപ്പിച്ചിരിക്കുന്നു. ഭാരതത്തിൽ ദക്ഷൻ തന്റെ യാഗത്തിനു ശിവനെ ക്ഷണിച്ചില്ലെന്നും അതുകൊണ്ടു കോപിച്ചു ശിവൻ തന്റെ ജ്വലിക്കുന്ന ശൂലം ചാണ്ടിയെന്നും അതു് യാഗം നശിപ്പിച്ചശേഷം നാരായണന്റെ നെഞ്ചത്തുചെന്നുവീണു എന്നും നാരായണൻ അതെടുത്തു ശിവന്റെ നേരേ തിരികെ ചാണ്ടിയെന്നും അവർ തമ്മിൽ ഒരു ഭയങ്കരയുദ്ധം ഉണ്ടായി എന്നും ബ്രഹ്മാവു് മദ്ധ്യസ്ഥതപറഞ്ഞു അവരെ സമാധാനപ്പെടുത്തി എന്നുമാണ് കഥ.

**ദക്ഷൻ**—൧. ശിവൻ. ൨. ശിവന്റെ കാള. ൩. വിഷ്ണു.

**ദക്ഷയാഗം**—രവിവർമ്മൻതമ്പിയുടെ ഒരു ആട്ടക്കഥ.

**ദക്ഷസാവർണ്ണൻ**—ഒമ്പതാമത്തെ മനു.

**ദക്ഷിണഗംഗാ**—കാവേരീനദി.

**ദക്ഷിണാമൂർത്തി**—൧. ശിവൻ. ൨. അഗസ്ത്യൻ.

**ദക്ഷിണാചാരികൾ**—തന്ത്രം നോക്കുക.

**ദക്ഷിണാ**—൧. പ്രജാപതിയുടെ പുത്രി; ൨. ഒരുവിധംനായികാ:

യാഗൌരവംഭയംപ്രേമ സദ്ഭാവംപൂർവ്വനായകേ।
നമുഞ്ചത്യന്യസക്താപി സജ്ഞേയാദക്ഷിണാബുധൈഃ॥

**ദണ്ഡകാരണ്യം**—രാമൻ സീതയോടുകൂടി വാസംചെയ്ത വനം.

**ദണ്ഡധരൻ**—യമൻ.

**ദണ്ഡീ**—ദശകുമാരചരിതത്തിന്റെയും കാവ്യാദർശത്തിന്റെയും കർത്താവ്; ക്രിസ്താബ്ദം പത്താംനൂററാണ്ടിൽ ജീവിച്ചിരുന്നു, ബാണന്റെ ഒരു സഹജീവിയായിരുന്നു എന്നു മാധവാചാൎയ്യന്റെ അഭിപ്രായം.

**ദത്തകചന്ദ്രികാ**—ദത്തെടുക്കുന്നതിനെപ്പററിയുള്ള ന്യായശാസ്ത്രം, ദേവണഭട്ടൻ ഉണ്ടാക്കിയത്.

**ദത്തകമീമാംസാ**—ദത്തെടുക്കുന്നതിനെപ്പററി നന്ദപണ്ഡിതന്റെ ഒരു പുസ്തകം.

**ദത്തകശിരോമണി**—മേല്പടി രണ്ടു പുസ്തകങ്ങളുടെ ചുരുക്കം.

**ദത്താത്രേയൻ**—അത്രിയുടെയും അനസൂയയുടെയും പുത്രനായ ഒരു ബ്രഹ്മൎഷി. സോമൻ, ദത്തൻ, ദുർവ്വാസസ് ഇങ്ങനെ മൂന്നു പുത്രന്മാരുണ്ടായിരുന്നു. സ്നേഹിതനായ കാൎത്തവീൎയ്യന്നു 1000 ഭുജങ്ങൾ കൊടുത്തു.

**ദധീചൻ**—ഒരു ഋഷി, അഥൎവ്വന്റെ പുത്രൻ; ഇന്ദ്രൻ അവനെ ചില വിദ്യകൾ പഠിപ്പിച്ചുംവച്ചു ആ വിദ്യകളെ വേറേ ആൎക്കെങ്കിലും പറഞ്ഞുകൊടുത്താൽ തല വെട്ടിക്കളയുമെന്നു പറഞ്ഞിരുന്നു. അനന്തരം ദധീചൻ ആ വിദ്യകളെ അശ്വിനികളെ അവർ ബുദ്ധിമുട്ടിക്കനിമിത്തം പഠിപ്പിച്ചു എന്നാൽ അവർ ഇന്ദ്രന്റെ കോപത്തിൽനിന്നു അവനെ രക്ഷിപ്പാൻവേണ്ടി ദധീചന്റെ തല മാററി അതിനു പകരം ഒരു കുതിരയുടെ തല വെച്ചുകൊടുത്തു. ഇന്ദ്രൻ വിശ്വാസഭംഗം ചെയ്തതിനു ദധീചന്റെ തല വെട്ടിക്കളഞ്ഞശേഷം അശ്വിനികൾ അവന്റെ സ്വന്തം തല അവനു തിരിച്ചുകൊടുത്തു. വെട്ടിക്കളഞ്ഞ കുതിരത്തലയുടെ അസ്ഥികൊണ്ടു ഇന്ദ്രൻ അനേകം അസുരരെ കൊന്നു. ഭാരതത്തിൽ ഈ കഥ അല്പം വ്യത്യാസപ്പെട്ടു കാണുന്നു.

**ദനു**—ദക്ഷന്റെ പുത്രി, കശ്യപന്റെ ഭാൎയ്യ, ദാനവരുടെ മാതാവു്.

**ദനു**—ഒരു ദാനവൻ 2. ശ്രീയുടെ പുത്രനായ കബന്ധാസുരന്റെ പേര രാമലക്ഷ്മണന്മാരാൽ കൊല്ലപ്പെട്ടു.

**ദന്തവക്ത്രൻ**—കരൂഷരാജാവായ ഒരു ദാനവൻ, ഭാരതയുദ്ധത്തിൽ കൃഷ്ണനാൽ കൊല്ലപ്പെട്ടു.

**ദമൻ**—1. വിഷ്ണു. 2. ദമയന്തിയുടെ സഹോദരൻ. 3. സൂൎയ്യകുലത്തിലെ ഒരു രാജാവായ മരുത്തന്റെ പൌത്രൻ, ദമന്റെ ഭാൎയ്യയായ സുമനയ്ക്കുവേണ്ടി തന്റെ ശത്രുവായിത്തീൎന്ന വപുഷ്മാൻ മരുത്തനെ കൊല്ലുകനിമിത്തം ദമൻ

വപുഷ്ടനെ കൊന്നു. അവന്റെ രക്തം മന്ദാന്തന്റെ ശ്രാദ്ധത്തിൽ ബലിയായ് കൊടുക്കയും മാംസം രാക്ഷസസന്തതിയായ ചില ബ്രാഹ്മണരെക്കൊണ്ടു ഭക്ഷിപ്പിക്കയുംചെയ്തു.

**ദമഘോഷൻ** — ശിശുപാലന്റെ പിതാവായ ചേദിരാജാവു്.

**ദമയന്തി** — വിദർഭരാജാവായ ഭീമന്റെ പുത്രി, നളന്റെ ഭാര്യ, തന്റെ സൌന്ദര്യംകൊണ്ടു എല്ലാ സ്ത്രീകളുടേയും ഡാള കാന്ത്യത്തൊണ്ടു ദമയന്തി എന്ന പേരുണ്ടായി. നളൻ നോക്കുക.

**ദംഭം, ദംഭോളി** — ഇന്ദ്രന്റെ വജ്രായുധം.

**ദംഭോത്ഭവൻ** — ഒരു അഹങ്കാരിയായ രാജാവു്, അവൻ ഗന്ധമാദനപർവ്വതത്തിൽ തപസ്സുചെയ്തുകൊണ്ടിരുന്ന നരനാരായണന്മാരോടേ തുല്യക്രമി അല്ലെന്നു ചില ബ്രാഹ്മണർ പറകകൊണ്ടു അവൻ അവരോടു യുദ്ധംചെയ്യാനായി പുറപ്പെട്ടു. ഈ മുട്ടാളപ്രവൃത്തിയിൽനിന്നു അവനെ വിരമിപ്പിപ്പാൻ നരനാരായണന്മാർ ശ്രമിച്ചു എങ്കിലും അവൻ സമ്മതിച്ചില്ല. നരൻ അപ്പോൾ കുറെ ഉണക്കപ്പുല്ലെടുത്തു അവയെ അമ്പായി ഉപയോഗിച്ചു ദംഭോത്ഭവനെ തോല്പിച്ചു. ദംഭോത്ഭവൻ സാഷ്ടാംഗം വീണു മാപ്പുചോദിക്കയുംചെയ്തു.

**ദർശനങ്ങൾ** — ഉപനിഷത്തുകൾ പ്രത്യക്ഷത്തിൽ മന്ത്രങ്ങളുടെ വ്യാഖ്യാനങ്ങളാണെങ്കിലും അവയിൽ ജീവന്റെ ഉത്ഭവം, ലോകം, ആത്മാവു, ദൈവം ഇത്യാദി തത്വങ്ങളെപ്പറ്റി മനുഷ്യരുടെ ബുദ്ധിവിശ്വാസത്തോടുകൂടി ഉണ്ടായിട്ടുള്ള ചില അന്വേഷണങ്ങളും ആരംഭിച്ചു കാണുന്നുണ്ടു്. ഈ അന്വേഷണങ്ങളുടെ ഫലമായി ആറുവിധം തത്വശാസ്ത്രങ്ങൾ ഉണ്ടായി. അവയെ ഷഡ്ദർശനങ്ങൾ എന്നു വിളിച്ചുവരുന്നു. (൧) ഗൌതമമഹർഷി സ്ഥാപിച്ച ന്യായം. (൨) കണാദമഹർഷി സ്ഥാപിച്ച വൈശേഷികം, (൩) കപിലമഹർഷി സ്ഥാപിച്ച സാംഖ്യം, (൪) പതഞ്ജലി സ്ഥാപിച്ച യോഗം, (൫) ജൈമിനി സ്ഥാപിച്ച പൂർവ്വമീമാംസ, (൬) വ്യാസൻ സ്ഥാപിച്ച ഉത്തരമീമാംസ, അല്ലെങ്കിൽ വേദാന്തം ഇവയാകുന്നു. ഇവയിൽ പ്രധാനമായിട്ടുള്ളതു വേദാന്തവും അതിനെ ഇന്ത്യയിൽ പ്രബലപ്പെടുത്തിയതു വിശ്വവിശ്രുതനായ ശങ്കരാചാര്യരുമാകുന്നു. ഓരോന്നും അതതിന്റെ ക്രമത്തിൽ നോക്കുക.

**ദശഗ്രീവൻ** — രാവണൻ.

**ദശദാനം** — ആസന്നമരണൻ ബ്രാഹ്മണർക്കു കൊടുക്കുന്ന ദാനങ്ങൾ.

**ദശാവതാരം** — അവതാരം നോക്കുക.

**ദശാവതാരചരിതം** — വിഷ്ണുവിന്റെ അവതാരങ്ങളുടെ ചരിത്രം അടങ്ങിയ ഒരു സംസ്കൃതകാവ്യം. ക്ഷേമേന്ദ്രൻ ഉണ്ടാക്കിയതു്.

**ദശാനനൻ** (ആസ്യൻ, കണ്ഠൻ, കന്ധരൻ, മുഖൻ) — രാവണൻ.

**ദശകുമാരചരിതം**—പതിനൊന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ശ്രീദണ്ഡി മഹാകവി ഉണ്ടാക്കിയ ഒരു കഥാപുസ്തകം, ഗദ്യമാണെങ്കിലും രചനാഭംഗി മുതലായ ഗുണങ്ങൾനിമിത്തം ഒരു കാവ്യമായി വിചാരിക്കപ്പെട്ടുവരുന്നു.

**ദശരഥൻ**—ശ്രീരാമന്റെ പിതാവു്. അജന്റെ പുത്രൻ. കൌസല്യാ, കൈകേയി, സുമിത്രാ ഇങ്ങനെ മൂന്നു ഭാര്യമാരുണ്ടായിരുന്നു. പുത്രരില്ലാഞ്ഞിട്ടു യാഗംകഴിക്കയും രാവണവധത്തിനായി വിഷ്ണു കൌസല്യയിൽ ദശരഥന്റെ പുത്രനായി ജനിക്കയുംചെയ്തു. കൈകേയിക്കു ഭരതനും സുമിത്രയ്ക്കു ലക്ഷ്മണനും ശത്രുഘ്നനും ജനിച്ചു. കൈകേയിയുടെ ഇഷ്ടപ്രകാരം ഭരതനെ രാജാവാക്കി രാമനെ വനവാസത്തിന്നയച്ചാറെ ദുഃഖത്താൽ മരിച്ചു. ദശരഥൻ എന്നു പേരുള്ള വേറെയും രാജാക്കന്മാരുണ്ടായിരുന്നു.

**ദശരൂപകം**—നാടകത്തെക്കുറിച്ചു ഒരു പ്രബന്ധം.

**ദശലക്ഷണങ്ങൾ**—

ധൃതിഃക്ഷമാദമോഽസ്തേയം ശൌചമിന്ദ്രിയനിഗ്രഹഃ।
ധീർവിദ്യാസത്യമക്രോധോ ദശകംധൎമ്മലക്ഷണം॥

**ദാശാർഹൻ**—യാദവകുലത്തിലുള്ള ദാശാർഹരുടെ രാജാവു്, കൃഷ്ണൻ.

**ദഹനപ്രിയാ**—അഗ്നിയുടെ ഭാര്യയായ സ്വാഹാ.

**ദാക്ഷായണീ**—1. ദക്ഷന്റെ മകളും കശ്യപന്റെ ഭാര്യയും ദേവകളുടെ മാതാവുമായ അദിതി. 2. അസുരമാതാവായ ദിതി. 3. രേവതി. 4. കദ്രു. 5. സതീദേവി.

**ദാനവർ**—കശ്യപ സന്തതിയായി ദേവന്മാരുടെ വൈരികളായ രാക്ഷസന്മാർ.

**ദാനവാരി (ശത്രു)**—വിഷ്ണു.

**ദാനവഗുരു**—ശുക്രൻ.

**ദാമോദരൻ**—കൃഷ്ണന്റെ ഒരു പേരു്. ഉദരത്തിനു ചുററും ദാമം(കയറു)കൊണ്ടു കെട്ടിയിട്ടവൻ താന്റെ വളർത്തമ്മ യത്നിച്ചതുകൊണ്ടു ഇതു പേരുണ്ടായി.

**ദാമോദരൻഭട്ടതിരി, കാക്കശ്ശേരി**—വസുമതി വിക്രമൻ എന്നൊരു സംസ്കൃതനാടകത്തിന്റെ കർത്താവു്. നാടകത്തിന്റെ നായകൻ ഒരു സാമൂതിരിരാജാവാണ്.

**ദാരുകൻ**—കൃഷ്ണന്റെ സാരഥി.

**ദിഗ്ഗജങ്ങൾ, (ദിക്‌പാലർ)**—അഷ്ടദിക്കുകളെ രക്ഷിക്കുന്ന ആനകൾ.

ഐരാവതഃപുണ്ഡരീകോ വാമനഃ കുമുദോഞ്ജനഃ।
പുഷ്പദന്തഃസാർവ്വഭൌമഃ സുപ്രതീകശ്ചദിഗ്ഗജഃ॥

ഇവരുടെ പേരുകളുടെ ക്രമപ്രകാരംതന്നെ ഇവരുടെ സ്ത്രീകളുടെ പേരുകൾ താഴെ ചേർത്തിരിക്കുന്നു.

(കരിണ്യോ ഭ്രുഃകപിലാപിംഗലാനുപമാക്രമാൽ ।
താമ്രകർണ്ണീശുഭ്രദന്തീചാംഗനാചാഞ്ജനാവതീ ॥
(താമ്രകർണ്ണീശുഭ്രദതീചാംഗനാചാഞ്ജനാവതീ ॥)

ദിതി — ദക്ഷന്റെ പുത്രി, കശ്യപന്റെ ഭാര്യ, ദൈത്യരുടെ മാതാവു. വിഷ്ണുപുരാണത്തിൽ ഈ കഥ കാണുന്നു. ദിതിയുടെ മക്കളെല്ലാം മരിച്ചുപോകകൊണ്ടു ഇന്ദ്രനെ ജയിക്കുവാൻ തക്ക ശക്തിയുള്ള ഒരു പുത്രനുവേണ്ടി അവൾ കശ്യപനോടു യാചിച്ചു ഗർഭിണിയായി നൂറുവർഷം ഭക്തിയോടും വിശുദ്ധിയിലും ജീവിച്ചാൽ അവളുടെ ആഗ്രഹപ്രകാരം ഒരു പുത്രൻ അവൾക്കു ജനിക്കുമെന്നു കശ്യപനും വരംദാനംചെയ്തു. ഇതറിഞ്ഞു ഇന്ദ്രൻ ദിതിയുടെ നിശ്ചയത്തിനു ഭംഗംവരുത്തുവാനായി അവളുടെ ദാസനായി ചെന്നുനിന്നു നൂറാം വർഷം ഒരുദിവസം ദിതി കാലുകഴുകാതെ ഉറങ്ങാൻപോയപ്പോഴും ഇന്ദ്രൻ ആ സമയം അവളുടെ വയററിലുണ്ടായിരുന്ന കുഞ്ഞിനെ തന്റെ വജ്രായുധംകൊണ്ടു ഏഴായി മുറിച്ചുകളകയുംചെയ്തു. പിന്നെ കുഞ്ഞിന്റെ കരച്ചിൽ നിറുത്താൻ കഴിയാഞ്ഞിട്ടു ഇന്ദ്രൻ കോപിച്ചു ആ ഏഴു കഷണങ്ങളെ പിന്നെയും ഏഴേഴായി മുറിച്ചുകളഞ്ഞു. മാ രോദീ: (കരയണ്ടാ) എന്നു ഇന്ദ്രൻ പറഞ്ഞതുകൊണ്ടു ഇവക്കു മരുത്തുകൾ എന്നു പേരുണ്ടായി.

ദിനകര (സൂര്യ)തനയൻ — 1. സുഗ്രീവൻ. 2. ശനി. 3. കർണ്ണൻ. 4. യമൻ.

ദിലീപൻ — അംശുമാന്റെ പുത്രൻ, ഒരിക്കൽ സുരഭി എന്ന പശുവിനെ യഥായോഗ്യം മാനിക്കാഞ്ഞതുകൊണ്ടു അവളുടെ പുത്രിയായ നന്ദിനിയെ വളർത്തി അവളെ സന്തോഷിപ്പിക്കുന്നതുവരെ ദിലീപനു മക്കളുണ്ടാകയില്ലെന്നു അവൾ ശപിച്ചു. ദിലീപനും അവന്റെ ഭാര്യയായ സുദക്ഷിണയും നന്ദിനിയെ വളരെ ജാഗ്രതയോടെ വളർത്തി ഒരിക്കൽ ശിവന്റെ സിംഹത്തിൽനിന്നു അവളെ രക്ഷിപ്പാൻവേണ്ടി ദിലീപൻ തന്റെ ജീവനെപ്പോലും ഉപേക്ഷിപ്പാൻ ഭാവിച്ചു. ശാപം നീങ്ങിയശേഷം അവൎക്കു രഘു (ഒരു കഥപ്രകാരം ഭഗീരഥൻ) എന്നൊരു പുത്രൻ ജനിച്ചു.

ദിവാകരം — മധുര തമിഴുസംഘത്തിലെ ഒരംഗമായ ചെന്തനാർ ഉണ്ടാക്കിയ തമിഴുനിഘണ്ടു. ചിന്താമണിയെപ്പോലെ പഴക്കമുള്ളതു്.

ദിവ്യാദിവ്യൻ — അൎജ്ജുനനെപ്പോലെ പകുതി ദിവ്യത്വവും പകുതി മാനുഷത്വവും ഉള്ളവൻ.

ദീക്ഷിതൻ — യാഗം കഴിപ്പാൻ അറിയാവുന്നവൻ.

ദീപാവലി — തുലാമാസത്തിൽ അമാവാസിദിവസം. ബെങ്കാളത്തു കാളിപൂജ. നരകചതുർദശി നോക്കുക.

ദുന്ദു — കൃഷ്ണന്റെ പിതാവായ വസുദേവൻ

ദുന്ദുഭി — ൧. വിഷ്ണു. ൨. കൃഷ്ണൻ. ൩. വരുണൻ ൪. വാലികൊന്ന ഒരു രാക്ഷസൻ. വാലിയുടെ ശക്തിയെ കാണിക്കേണ്ടതിന്നായി സുഗ്രീവൻ ദുന്ദുഭിയു

ടെ അസ്ഥിക്കൂടിനെ കാണിച്ചപ്പോൾ ശ്രീരാമൻ അതിനെ പതുക്കെ ഒന്നു ചാട്ടിയാറെ അതു വളരെനാഴിക ദൂരെ ചെന്നുവീണു.

**ദുർഗ്ഗൻ**—ദുർഗ്ഗാദേവി കൊന്ന ഒരു അസുരൻ.

**ദുർഗ്ഗാ** - പാർവ്വതി.

**ദുർഗ്ഗാനവമി**—കാർത്തികമാസത്തിൽ ഒരു ഉത്സവം. കൃതയുഗത്തിന്റെ ആരംഭദിവസത്തിന്റെ വാർഷികോത്സവം.

**ദുർമ്മുഖൻ**—൧. ധൃതരാഷ്ട്രന്റെ ഒരു പുത്രൻ. ൨. ശ്രീരാമന്റെ വാനരസ്നേഹിതന്മാരിൽ ഒരുവൻ.

**ദുര്യോധനൻ**—ധൃതരാഷ്ട്രന്റെ മൂത്തപുത്രൻ, കൌരവരിൽ പ്രധാനൻ. ജനനം വിസ്മയകരമായിരുന്നു. (ഗാന്ധാരി നോക്കുക) പാണ്ഡുവിന്റെ മരണശേഷം പാണ്ഡവരെ ധൃതരാഷ്ട്രൻ എടുത്തു തന്റെ മക്കളോടുകൂടി വളർത്തി, കാലക്രമേണ ഇരുകക്ഷികളും തമ്മിൽ, പ്രത്യേകം (ഗദയുടെ പ്രയോഗത്തിൽ ഭീമനുണ്ടായിരുന്ന സാമർത്ഥ്യംനിമിത്തം) ദുര്യോധനനും ഭീമനും തമ്മിൽ, വളരെ മത്സരം ഉണ്ടായി, ദുര്യോധനൻ ഒരിക്കൽ ഭീമനു വിഷം കൊടുത്തു; അവന്റെ ശരീരം ഗംഗയിൽ ഇട്ടുകളഞ്ഞു, എന്നാൽ ഭീമൻ മുങ്ങി നാഗലോകത്തിൽ പോയി അവിടുന്നു അസാധാരണ ആരോഗ്യവും ശക്തിയും പ്രാപിച്ചു തിരിച്ചു വന്നു. യുധിഷ്ഠിരന്റെ ഗുണങ്ങളെക്കണ്ടിട്ടു ധൃതരാഷ്ട്രൻ അവനെ യുവരാജാവാക്കാൻ ആലോചിച്ചപ്പോൾ ദുര്യോധനൻ വിരോധിച്ചു് പാണ്ഡവരെ വനവാസത്തിനു വാരണാവതത്തിലേക്കു് പറഞ്ഞയപ്പിച്ചു. അവിടെവെച്ചു അവരെ അഗ്നിയിൽ നശിപ്പിക്കണമെന്നു കരുതി ദുര്യോധനൻ അവൎക്കു പാൎക്കുന്നതിനായി മെഴുകു മുതലായ കത്തുന്ന വസ്തുക്കൾകൊണ്ടു ഒരു ഭവനം പണിയിച്ചുകൊടുത്തു. പാണ്ഡവർ ആ കെണിയിൽ കുടുങ്ങാതെ വനവാസം കഴിഞ്ഞു ഇന്ദ്രപ്രസ്ഥത്തിലേക്കു തിരിച്ചുവന്നു. യുധിഷ്ഠിരൻ രാജസൂയയാഗം കഴിപ്പിച്ചു. ദുര്യോധനനു വൈരം മുഴുത്തു യുധിഷ്ഠിരനെ ചൂതുകളിക്കായി ഹസ്തിനാപുരത്തിലേക്കു ധൃതരാഷ്ട്രനെക്കൊണ്ടു ക്ഷണിപ്പിച്ചു. ദുര്യോധനൻ ശകുനിയുടെ സഹായത്താൽ യുധിഷ്ഠിരനെ തോല്പിച്ചു അവന്റെയും അവന്റെ സഹോദരന്മാരുടെയും ദ്രൌപദിയുടെയും സ്വാതന്ത്ര്യം ഉൾപ്പെടെ യുധിഷ്ഠിരന്റെ സൎവ്വവും അപഹരിച്ചെടുത്തു; ഉടൻതന്നെ ദുര്യോധനൻ തനിക്കു ദാസപ്രവൃത്തി ചെയ്യുവാനായി ദ്രൌപദിയെ ആളയച്ചു വിളിപ്പിച്ചു. അവൾ വരാഞ്ഞതുകൊണ്ടു ദുശ്ശാസനൻ ചെന്നു അവളെ തലമുടിക്കു പിടിച്ചുവലിച്ചു സഭയിൽ കൊണ്ടുവരികയും ദുര്യോധനൻ അവളോടു തന്റെ മടിയിൽ വന്നിരിക്കാൻ പറഞ്ഞു അവമാനിക്കയുംചെയ്തു. അതുനിമിത്തം ദുര്യോധനന്റെ തുട തല്ലിപ്പൊട്ടിച്ചു കളയുന്നുണ്ടെന്നു ഭീമൻ ശപഥംചെയ്തു. ചൂതുകളിക്കു മുമ്പായി നിശ്ചയിച്ചപ്രകാരം പാണ്ഡവർ പന്ത്രണ്ടുവൎഷം വനവാസം ചെയ്യുന്നതിനും പതിമൂന്നാംവൎഷം അജ്ഞാതവാസം ചെയ്യുന്നതിനും ഇടവന്നു. വനത്തിൽ അവരുടെ ദാരിദ്ര്യം കണ്ടു പരിഹസിക്കുന്നതിനായി ദുര്യോധനൻ അവരുടെ പിന്നാലെ ചെന്നു. എന്നാൽ അവനെ ചില ഗന്ധൎവ്വന്മാർ പിടിച്ചു തടവുകാരനാക്കുകയും പാണ്ഡവർ അവനെ വിടുവിക്കയുംചെയ്തു. ഈ സഹായം ദുര്യോധനന്റെ പകയെ വൎദ്ധിപ്പിച്ചതേയുള്ളു, പാണ്ഡവർ തിരിച്ചുവരേണ്ടും കാലമായി. ഇരുകക്ഷികളും യുദ്ധത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു. ദുര്യോധനൻ കൃഷ്ണന്റെ സഹായം ചോദിച്ചു. എന്നാൽ ഭോഷത്വമായി കൃഷ്ണന്റെ സൈന്യം കൊണ്ടുള്ള സഹായം സ്വീകരിച്ചു; പാണ്ഡവർ കൃഷ്ണന്റെ ശരീരംകൊണ്ടുള്ള

സഹായവും സിദ്ധിച്ചു. ദുര്യോധനൻ സേനയോടുകൂടെ പോർക്കളത്തിൽ ചെന്നു; യുദ്ധത്തിന്റെ പതിനെട്ടാംദിവസം തോറ്റു തന്റെ സേനയും നശിച്ചു, യുദ്ധക്കളത്തിൽ നിന്നോടി ഒരു തടാകത്തിൽ പോയൊളിച്ചു. (അവനു വെള്ളത്തിനടിയിൽ എത്രകാലം വേണമെങ്കിലും പാർക്കാനുള്ള ശക്തിയുണ്ടായിരുന്നു) അവിടെ അവൻ കണ്ടെത്തപ്പെട്ടതുകൊണ്ടു പുറത്തുവന്ന് ഭീമനുമായി ഗദകൊണ്ടു യുദ്ധംചെയ്യാനായി നിശ്ചയിച്ചു. വളരെനേരം യുദ്ധം ചെയ്തശേഷം ഭീമൻ തോറ്റു പോകുമെന്നു തോന്നി, അന്നേരം അവൻ തന്റെ ശപഥം ഓർത്തു ദുര്യോധനനെ അവന്റെ തുടയ്ക്കു നോക്കി അടിച്ചു എല്ലു പൊടിച്ചുകളഞ്ഞു (യുദ്ധത്തിൽ അരയ്ക്കു കീഴെ അടിക്കുന്നതു യോഗ്യതയല്ല) ദുര്യോധനൻ വീണപ്പോൾ ഭീമൻ അവന്റെ തലയ്ക്കു ചവുട്ടി തന്റെ ജയം ഘോഷിച്ചു. ദുര്യോധനൻ മുറിവേറ്റു യുദ്ധക്കളത്തിൽ തനിച്ചു കിടക്കുമ്പോൾ അശ്വത്ഥാമാവും വേറെ രണ്ടു യോദ്ധാക്കളും (കൌരവസൈന്യത്തിൽ അപ്പോൾ ഇവർ മൂവരു മാത്രമേ ജീവനോടുകൂടി ഉണ്ടായിരുന്നൊള്ളു) വന്നു അവനെ കാണുകയും അവൻ അവരോടു പാണ്ഡവരെ കൊന്നു അവരുടെ തലകൾ തന്റെ മുമ്പാകെ കൊണ്ടുവരുന്നതിനായി കല്പിക്കയും ചെയ്തു അവർ ധീരതയോടെ ചെന്നു പാണ്ഡവരുടെ പാളയത്തിൽ പ്രവേശിച്ചു പാണ്ഡവരുടെ അഞ്ചുപുത്രന്മാരെ കൊന്നു അവരുടെ തലകൾ കൊണ്ടുവന്നു പാണ്ഡവരുടെ തലകളാണെന്നു പറഞ്ഞു, ഇരുട്ടുനിമിത്തം മുഖം തിരിച്ചറിയാതെ ദുര്യോധനൻ വളരെ സന്തോഷിച്ചു ഭീമന്റെ തല കയ്യിൽ കൊടുക്കുന്നതിനായി ചോദിച്ചു തല ചതയ്ക്കുന്നതിനായി ഞെക്കിയപ്പോൾ വേഗം ചതഞ്ഞു പോകകൊണ്ടു ഭീമന്റേതല്ലെന്നു അറികയും "എന്റെ വിരോധം പാണ്ഡവരോടായിരുന്നു, ഈ സാധുക്കളോടല്ലായിരുന്നു" എന്നു പറഞ്ഞു അശ്വത്ഥാമാവിനെ ശാസിച്ചുകൊണ്ടു മരിക്കയും ചെയ്തു. ദുര്യോധനനു സുയോധനൻ എന്നും പേരുണ്ടായിരുന്നു

ദുർവ്വാസസ് — മഹാകോപിയായ ഒരു ഋഷി, അത്രിയുടെ മകൻ, ശിവന്റെ ഒരു അവതാരമാണെന്നു ചിലർ വിചാരിക്കുന്നു. ശകുന്തളയെ ശപിക്കനിമിത്തം ദുഷ്യന്തൻ അവളെ മറന്നുപോയി, താൻ സമ്മാനിച്ച ഒരു മാലയെ സാരമാക്കാത്തതുകൊണ്ടു ഇന്ദ്രനെ ശപിക്കയും ഇന്ദ്രനും ദേവകളും അസുരരോടു യുദ്ധംചെയ്വാൻ ശക്തിയില്ലാതാകയും ചെയ്തു. ശാപനിവൃത്തിക്കു സമുദ്രമഥനം ചെയ്യേണ്ടിവന്നു. ഒരിക്കൽ ശ്രീകൃഷ്ണൻ ദുർവ്വാസസ് മഹർഷിയോടുകൂടിയിരുന്നു ഭക്ഷിച്ചശേഷം അദ്ദേഹത്തിന്റെ കാല് വെടിപ്പാക്കാഞ്ഞതുകൊണ്ടു കൃഷ്ണനു അപമൃത്യു ഉണ്ടാകുമെന്നു ശപിച്ചു; കുന്തിയെമാത്രം അനുഗ്രഹിച്ചിട്ടുള്ളതായി കാണുന്നു, ആ അനുഗ്രഹംനിമിത്തം ദേവന്മാരാൽ അവൾക്കു പുത്രരുണ്ടായി.

ദുർവ്വാസസ്പുരാണം — ഉപപുരാണങ്ങളിൽ ഒന്നു.

ദുശ്ശലാ — ധൃതരാഷ്ട്രന്റെ ഏകപുത്രി, ജയദ്രഥന്റെ ഭാര്യ.

ദുശ്ശാസനൻ — ധൃതരാഷ്ട്രന്റെ പുത്രന്മാരിൽ ഒരുവൻ. ദുര്യോധനനോടുള്ള ചൂതുകളിയിൽ പാണ്ഡവർ തോറ്റപ്പോൾ ദുശ്ശാസനൻ ദ്രൌപദിയെ തലമുടിക്കു പിടിച്ചുവലിച്ചു സഭാമുമ്പാകെ കൊണ്ടുവന്നു അവളെ അവമാനിക്കയും അവളുടെ വസ്ത്രം ഉരിഞ്ഞുകളവാൻ ശ്രമിക്കയും ചെയ്തു. ഈ അധമപ്രവൃത്തിക്കു ഭീമൻ അവന്റെ രക്തം കുടിക്കുമെന്നു ശപഥംചെയ്കയും യുദ്ധത്തിന്റെ പതിനാറാംദിവസം ശപഥം നിറവേറ്റുകയും ചെയ്തു.

ദുഷ്യന്തൻ (ദുഷ്മന്തൻ) — ചന്ദ്രവംശത്തിലെ ഒരു ശ്രുതിപ്പെട്ട രാജാവു്, ശകുന്തളയുടെ ഭർത്താവു്, അവളിൽ ഭരതൻ എന്നൊരു പുത്രൻ ജനിച്ചു. ദുഷ്യന്തൻ കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകത്തിന്റെ നായകനാ

ണ്. എന്നാൽ ഭാരതത്തിലെ കഥയും നാടകത്തിലെ കഥയും തമ്മിൽ വളരെ വ്യത്യാസമുണ്ട്, ശകുന്തളാ നോക്കുക.

**ദൂതാംഗദാ**—സുഭടൻ ഉണ്ടാക്കിയ ഒരു ചെറിയ നാടകം. സീതയെ തിരികെ അയപ്പാനായി രാവണനോടു ചോദിപ്പാൻ അംഗദൻ പോയ വൃത്താന്തം.

**ദൂഷണൻ**—രാവണന്റെ സേനാനായകനായ ഒരു രാക്ഷസൻ, ശ്രീരാമൻ കൊന്നു.

**ദൃഷദ്വതീ**—അയ്യാവൎത്തത്തിന്റെ കിഴക്കേ അതിരായ ഒരു നദി.

**ദേവകൾ**—ദക്ഷന്റെ പുത്രിയായ അദിതിയിൽ കശ്യപന്റെമക്കൾ, സ്വൎഗ്ഗനിവാസികൾ—പേരുകൾ:—

അമരാ നിൎജ്ജരാദേവാ സ്ത്രിദശാ വിബുധാഃ സുരാഃ
സുപൎവ്വാണഃ സുമനസ സ്ത്രിദിവേശാ ദിവൌകസഃ
ആദിതേയാദി വിഷദോ ലേഖാ അദിതിനന്ദനാഃ
ആദിത്യാ ഋഭവോസ്വപ്നാ അമൎത്യാ അമൃതാന്ധസഃ
ബൎഹിൎമ്മുഖാഃ ക്രതുഭുജോ ഗീൎവ്വാണാ ദാനവാരയഃ
വൃന്ദാരകാ ദൈവതാനി പുംസിവാ ദേവതാഃസ്ത്രിയാം

ദേവകൾ നാലു ഗണങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മുപ്പത്തുമൂന്നുകോടിയുണ്ട്. ദ്വാദശാദിത്യന്മാരും അവരുടെ ഗണത്തിൽപ്പെട്ടവരും കൂടെ, ൧൨൦,൦൦൦,൦൦൦ ഏകാദശരുദ്രന്മാരും അവരുടെ ഗണത്തിൽപെട്ടവരും ൧൧൦,൦൦൦൦൦൦ അഷ്ടവസുക്കളും അവരുടെ ഗണത്തിൽ പെട്ടവരും ൮൦,൦൦൦,൦൦൦ അശ്വിനികളും അവരുടെ ഗണത്തിൽ പെട്ടവരും ൨൦,൦൦൦,൦൦൦.

**ദേവകൻ**—ഉഗ്രസേനന്റെയും ദേവകിയുടെയും പിതാവ്.

**ദേവകീ**—വസുദേവന്റെ ഭാൎയ്യ, കൃഷ്ണന്റെ അമ്മ, അവൾ അദിതിയുടെ ഒരു അവതാരമാണെന്നും പിന്നൊരിക്കൽ സുതപസ്സ്രാജാവിന്റെ പത്നിയായ പൃശ്നിയായി ജനിച്ചു എന്നും ഒരു കഥയുണ്ട്.

**ദേവകുല്യാ**—ആകാശഗംഗാ.

**ദേവഗുരു**—൧. കശ്യപൻ. ൨. ബൃഹസ്പതി.

**ദേവചികിത്സകർ**—അശ്വിനികൾ.

**ദേവതരുക്കൾ**—മന്ദാരം, പാരിജാതം, സന്താനം, കല്പം, ഹരിചന്ദനം.

**ദേവതാതൻ**—കശ്യപൻ.

**ദേവദത്തം**—അൎജ്ജുനന്റെ ശംഖ്.

**ദേവനദീ, (ഭൂതി)**—ഗംഗാ.

**ദേവനന്ദി**—ഇന്ദ്രന്റെ ദ്വാരപാലകൻ.

കൊണ്ടുവന്ന് അവളെ അവമാനിക്കുന്നതിനായി വസ്ത്രം അഴിച്ചു കളഞ്ഞാറെ കൃഷ്ണന്റെ ദിവ്യസഹായത്താൽ വസ്ത്രം അഴിച്ചു കളയുന്തോറും വേറെ വസ്ത്രം അവളുടെ ശരീരത്തിന്മേൽ ഉണ്ടായിവന്നു. കൌരവരും പാണ്ഡവരും തമ്മിലുള്ള വിരോധം ഒത്തുതീക്കണമെന്നു കൃഷ്ണൻ ഗുണദോഷം പറഞ്ഞു. യുദ്ധത്തിൽ തന്റെ സഹായത്തിനായി അർജ്ജുനനും ദുര്യോധനനും ദ്വാരകയിൽ ചെന്നു ചോദിച്ചാറെ ഇരുകക്ഷികളും തന്റെ ബന്ധുക്കളാകകൊണ്ടു ഒരുകൂട്ടരെ തന്റെ ശരീരംകൊണ്ടും മറേറക്കൂട്ടരെ തന്റെ സൈന്യംകൊണ്ടും സഹായിക്കാമെന്നു കൃഷ്ണൻ പറകയും ആദ്യംവന്ന അർജ്ജുനൻ കൃഷ്ണന്റെ ശരീരസഹായത്തെ വരിക്കയും ദുര്യോധനൻ കൃഷ്ണന്റെ സൈന്യത്തെ സന്തോഷത്തോടെ അംഗീകരിക്കയും ചെയ്തു. പിന്നെ ഹസ്തിനാപുരത്തിൽ ചെന്ന് കൃഷ്ണൻ പാണ്ഡവൎക്കുവേണ്ടി പിന്നെയും ഫലമില്ലാതെ മദ്ധ്യസ്ഥത പറഞ്ഞു; യുദ്ധത്തിൽ കൃഷ്ണൻ അർജ്ജുനന്റെ സാരഥിയായിരുന്നു. ലോകവിശ്രുതമായ ഭഗവൽഗീത സാരഥിയായിരിക്കുമ്പോൾ കൃഷ്ണൻ അർജ്ജുനനു ഉപദേശിച്ചതാണ്. കൃഷ്ണൻ യുദ്ധത്തിൽ വളരെ സഹായംചെയ്തു. എന്നാൽ ദ്രോണന്റെ ശക്തിയെ ക്ഷയിപ്പിച്ച കളവും ദുര്യോധനനെ ബലഹീനപ്പെടുത്തിയ ഭീമന്റെ അയോഗ്യപ്രഹാരവും കൃഷ്ണന്റെ ആലോചനയായിരുന്നു. പിന്നെ കൃഷ്ണൻ ജയം പ്രാപിച്ച പാണ്ഡവരോടുകൂടി ഹസ്തിനപുരത്തിലേക്കു പോയി യുധിഷ്ഠിരനെ രാജാവായി വാഴിക്കയും അവരെക്കൊണ്ടു അശ്വമേധയാഗം കഴിപ്പിക്കയുംചെയ്തു. അതിന്റെശേഷം ദ്വാരകയിലേക്കു മടങ്ങിവന്നു സുരാപാനം വിരോധിച്ചു. പിന്നെ ദ്വാരകയിൽ ഭയങ്കര ദുശ്ശകുനങ്ങളും ജനങ്ങളിൽ ഭീതിയും ഉണ്ടാകയാൽ എല്ലാവരും പ്രഭാസത്തിലേക്കു പോയി ദേവപൂജ ചെയ്യുന്നതിനായി കല്പിച്ചു. പിന്നൊരുദിവസം കൃഷ്ണൻ സുരാപാനം സമ്മതിക്കയും ലഹരി പിടിച്ചവർ തമ്മിൽ കലഹം ഉണ്ടാകയും അതിൽ കൃഷ്ണന്റെ മുമ്പാകെ തന്നെ പ്രദ്യുമ്നനും യാദവരിൽ മിക്കപേരും മരിക്കയുംചെയ്തു, ബലരാമൻ അവിടെനിന്നു പോയി സമാധാനത്തിൽ മരിച്ചു. ജരസൻ എന്നൊരു വേടൻ അറിയാതെ ഒരു മാനാണെന്നു വിചാരിച്ചു എയ്ത അമ്പുകൊണ്ടു കൃഷ്ണനുംമരിച്ചു. അർജ്ജുനൻ ദ്വാരകയിൽ ചെന്ന് കൃഷ്ണന്റെ ശേഷക്രിയകൾചെയ്തു, അല്പദിവസം കഴിഞ്ഞാറെ ദ്വാരകാപുരിയും സമുദ്രം കയറി നശിച്ചുപോയി

ശ്രീകൃഷ്ണന്റെ ചരിത്രങ്ങളായി ഇന്ത്യയിലെ എല്ലാ ഭാഷകളിലും അനേകം കാവ്യങ്ങൾ ഉണ്ട്. സംസ്കൃതത്തിൽ ഹരിവംശവും ഭാഗവതം ഏകാദശവും ഹരിവംശസാരചരിത്രവും ശ്രീകൃഷ്ണവിലാസവും മലയാളത്തിൽ കൃഷ്ണഗാഥയും, ശ്രീകൃഷ്ണചരിതം മണിപ്രവാളവും ശ്രീകൃഷ്ണവിലാസം പരിഭാഷയും പ്രധാനങ്ങളായി പറയാം-

**കൃഷ്ണകൎണ്ണാമൃതം**—സോമഗിരിയിൽ വില്വമംഗലൻ അല്ലെങ്കിൽ ലീലാശുകൻ എന്ന കവി ഉണ്ടാക്കിയതു. കാവ്യത്തിനു മൂന്നുഭാഗവും ഓരോ ഭാഗത്തിൽ നൂറിൽപരം ശ്ലോകങ്ങളും ഉണ്ട്.

**കൃഷ്ണഗാഥ**—മലയാളഭാഷയിൽ ഒരു പ്രധാനഗ്രന്ഥം വിഷയം ശ്രീകൃഷ്ണന്റെ ചരിത്രം; കൎത്താവു ഒരു യഥാൎത്ഥകവിയായ ചെറുശ്ശേരി നമ്പൂതിരി ഇതിനെ കൃഷ്ണപ്പാട്ടു എന്നും ചെറുശ്ശേരി എന്നും പറയാറുണ്ട്. കൊല്ലവർഷം ൬൦൦-നും ൭൦൦-നും മദ്ധ്യേ ജീവിച്ചിരുന്ന ഈ കവി ഒരു ഉത്തരകേരളീയനാണ്.

**കൃഷ്ണചരിതം** - കൎണ്ണാടകത്തിൽ കനകദാസന്റെ ഒരു കൃതി.

**കൃഷ്ണപക്ഷം**—പൌൎണ്ണമാസിമുതൽ അമാവാസിവരെയുള്ള ദിവസങ്ങൾ ശുക്ലപക്ഷം നോക്കുക.

**കൃഷ്ണപ്പാട്ട്**—കൃഷ്ണഗാഥ നോക്കുക.

**കൃഷ്ണലീലാഭ്യുദയം**—കൎണ്ണാടകത്തിൽ ശ്രീകൃഷ്ണന്റെ ചരിത്രം. വെങ്കപ്പ അയ്യ എന്നൊരാൾ കൎത്താവു.

**കൃഷ്ണാ**—ദ്രൌപദി

**കൃഷ്ണാട്ടം**—കഥകളിയെപ്പോലെ അഭിനയത്തിനായികോഴിക്കോട്ടു മാനവേദൻ രാജാവു ആരംഭിച്ചതു് ഇതിന്നായി ശ്രീകൃഷ്ണചരിതം എട്ടുദിവസത്തെ കഥയായിട്ടു ഉണ്ടാക്കീട്ടുണ്ടു. സംസ്കൃതമാണ്.

**കൃഷ്ണാദി**—പൌൎണ്ണമാസിയുടെ പിറേറന്നാൾ തുടങ്ങി മാസം ആരംഭിക്കുന്ന ക്രമം. ഉത്തരേന്ത്യയിൽ നടപ്പു.

**കൃഷ്ണാഷ്ടമി**—ശ്രാവണമാസത്തിൽ കൃഷ്ണപക്ഷത്തിൽ അഷ്ടമിദിവസം. കൃഷ്ണജയന്തി എന്നും ശ്രീജയന്തി എന്നും പറയും.

**കേതു**—വിപ്രചിത്തിയുടെയും സിംഹികയുടെയും പുത്രനായ ഒരു ദാനവൻ, നവഗ്രഹങ്ങളിൽ ഒന്നു, അകചൻ, അശ്ലേഷഭാവൻ, മുകന്ദൻ എന്നും പേരുകളുണ്ട്.

**കേതുമാലം**—ജംബുദ്വീപത്തിന്റെ ഒരു ഭാഗം.

**കേദാരം**—ഹിമാലയത്തിന്റെ ഒരു ഭാഗം പന്ത്രണ്ടു പ്രധാന ശിവലിംഗപ്രതിഷ്ഠകളിൽ ഒന്നു.

**കേദാരഗൌരീവ്രതം**—തുലാമാസം അമാവാസിനാൾ ഈ വ്രതം ഒരിക്കൽ ആരംഭിച്ചാൽ പിന്നെ നിറുത്തിക്കളവാൻ പാടില്ല. ഇങ്ങനെ രണ്ടു വ്രതങ്ങൾകൂടെ ഉള്ളു. അനന്തചതുർദ്ദശിയും വരലക്ഷ്മീവ്രതവും സ്ത്രീകൾ സന്താനലബ്ധിക്കായി ഈ ദിവസം പാൎവ്വതിയെ ഭജിക്കാറുണ്ടു.

**കേരകല്പം**—നാളികേരങ്ങളെപററി ഒരു സംസ്കൃതഗ്രന്ഥം.

**കേരളം**—ഗോകൎണ്ണംമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമതീരസ്ഥലം. പരശുരാമൻ സമുദ്രത്തിൽനിന്നു വീണ്ടെടുത്തതു; പരശുരാമക്ഷേത്രമെന്നും പേരുണ്ടു, കൎമ്മഭൂമി. ദക്ഷിണേന്ത്യയുടെ പൂൎവ്വതീരം ജ്ഞാനഭൂമി. നീലേശ്വരത്തിനു തെക്കുള്ള സ്ഥലം പാവനം. കാഞ്ഞിരോട്ടുപുഴമുതൽ തെക്കോട്ടുള്ള സ്ഥലം മലയാളരാജ്യം പരശുരാമൻ കേരളത്തെ അറുപത്തുനാലുഗ്രാമങ്ങളായി വിഭജിച്ചു. ആൎയ്യപെരുമാൾ ഇതു ആദ്യം നാലുരാജ്യങ്ങളായും പിന്നീടു പതിനേഴുനാടുകളായും ഭാഗംചെയ്തു.

**കേരളഅനാചാരം**—കേരളബ്രാഹ്മണരുടെ അനാചാരങ്ങളെപററി ശങ്കരാചാൎയ്യരുടെ അറുപത്തുനാലുപ്രമാണങ്ങൾ കൊല്ലവൎഷത്തിന്റെ ആരംഭദിവസം ൮൨൫ ആഗസ്റ്റ് ൨൫-ാനു അവയെ പ്രസിദ്ധംചെയ്തു എന്ന് ഐതിഹ്യം.

**കേരളമാഹാത്മ്യം**—കേരളത്തിന്റെ ചരിത്രം. കേരളത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ അടങ്ങിയ ഒരു സംസ്കൃതപുസ്തകം

**കേരളവൎമ്മകോയിത്തമ്പുരാൻ സി. എസ്. ഐ. വലിയകോയിത്തമ്പുരാൻ തിരുനാൾ**—കേരളത്തിലെ ആധുനികഗ്രന്ഥകൎത്താക്കന്മാരിൽ പ്രഥമഗണനീയൻ. കേരളകാളിദാസൻ എന്നും വിളിച്ചുവരുന്നു. മലയാളത്തിൽ ഗദ്യപുസ്തകങ്ങളുടേ ജനയിതാവു് എന്നു പറയാം. വിജ്ഞാനമഞ്ജരി, ലോകത്തിന്റെ ശൈശവാവസ്ഥ, സന്മാൎഗ്ഗസംഗ്രഹം, സന്മാൎഗ്ഗപ്രദീപം, മഹച്ചരിതസംഗ്രഹം, ഇൻഡ്യാചരിത്രം, ഇംഗ്ലണ്ടു് ചരിത്രം ഇത്യാദിവിദ്യാൎത്ഥികൾക്കാവശ്യമുള്ള അനേകം പുസ്തകങ്ങൾ എഴുതീട്ടുണ്ടു്. അക്ബർ എന്നൊരു ആഖ്യായികയും തൎജ്ജമചെയ്തിട്ടുണ്ടു്. പദ്യത്തിലും അനേകം പുസ്തകങ്ങൾ സ്വന്തമായും തൎജ്ജമകളായും എഴുതീട്ടുണ്ടു്. അഭിജ്ഞാനശാകുന്തളം നാടകം, അമരുകശതകം, അന്യാപദേശശതകം ഇത്യാദിതൎജ്ജമകൾ ഭാവത്തിലും അൎത്ഥത്തിലും ലേശം ഭേദംകൂടാതെയാണു ചെയ്തിട്ടുള്ളതു. മയൂരസന്ദേശം കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചുണ്ടാക്കീട്ടുള്ള ഒരുവിശിഷ്ടകാവ്യമാണു. സംസ്കൃതത്തിലും പല കാവ്യങ്ങളും അവിടുന്നു ഉണ്ടാക്കീട്ടുണ്ടു്.

**കേരളവൎമ്മത്തമ്പുരാൻ, കൊട്ടാരക്കര**—ആട്ടക്കഥകൾ ആദ്യംഉണ്ടാക്കിയ ഗ്രന്ഥകൎത്താവു്. കൊല്ലം എട്ടാംശതവൎഷാരംഭം. രാമായണം കഥമുഴുവനും പുത്രകാമേഷ്ടി, സീതാസ്വയംവരം, വിച്ഛിന്നാഭിഷേകം, ഖരവധം, ബാലിവധം, തോരണയുദ്ധം, സേതുബന്ധനം, യുദ്ധം ഇങ്ങനെ എട്ടുദിവസത്തെ കഥകളായി ഉണ്ടാക്കീട്ടുണ്ടു്.

**കേരളവൎമ്മത്തമ്പുരാൻ, പന്തളം**—ഇക്കാലത്തു ജീവിച്ചിരുന്ന പണ്ഡിതനായ ഒരു മഹാകവി. രുഗ്മാംഗദചരിതം മഹാകാവ്യത്തിന്റെ കൎത്താവു്. വിജയോദയംകാവ്യം തുടങ്ങി മററു പല നല്ല ഗ്രന്ഥങ്ങൾ എഴുതിയിട്ടുമുണ്ടു്.

**കേരളോല്പത്തി**—പരശുരാമന്റെ ജനനംമുതൽ യൂറോപ്യന്മാർ കോഴിക്കോടു കൈവശപ്പെടുത്തിയതുവരേയുള്ള വൃത്താന്തങ്ങൾ, ശങ്കരാചാൎയ്യരുടെ ചരിത്രം കൊല്ലവൎഷസ്ഥാപനം, നായന്മാരുടെ ഉത്ഭവം, കേരളത്തിലെ ആചാരങ്ങൾ മുതലായവയുടെ വിവരണങ്ങളും ഉണ്ടു. ഉള്ള പുസ്തകങ്ങളിൽ പാഠവ്യത്യാസങ്ങൾ വളരെ ഉണ്ടു. അച്ചടിച്ചിട്ടുള്ളതു രാമാനുജൻ എന്നൊരാളുടേതായി വിചാരിച്ചുവരുന്നു. ഈയാൾ രാമായണകൎത്താവായ എഴുത്തച്ഛൻ ആണെന്നു വിചാരിപ്പാൻ സംഗതിയില്ല.

**കേളികലാ**—സരസ്വതിയുടെ വീണ.

**കേശൻ**—൧. വരുണൻ ൨. വിഷ്ണു (കേശവൻ)

**കേശവൻ**—കേശിരാജൻ. പന്ത്രണ്ടാംശതാബ്ദത്തിൽ ജീവിച്ചിരുന്നു ശബ്ദമണിദൎപ്പണം എന്നൊരു കൎണ്ണാടകവ്യാകരണവും ചോളപാലചരിതം എന്നൊരു ചരിത്രവും പ്രബോധചന്ദ്രം എന്നൊരു തത്വശാസ്ത്രപുസ്തകവും സുഭദ്രാഹരണം, കിരാതം മുതലായ ചില പുരാണകഥകളും ഉണ്ടാക്കീട്ടുണ്ടു്,

**കേശവപിള്ള, പരവൂർ**—ഒരു വാസനാകവി. സംഗീതത്തിലും നിപുണനായിരുന്നു. നാരായണീയം, ആംഗലസാമ്രാജ്യം ഇവ സംസ്കൃത

ത്തിൽനിന്നു തർജ്ജമചെയ്തു. കേശവീയം, സുഭാഷിതരത്നാകരം ഇവ വേറെ പദ്യകൃതികൾ. സദാരാമ എന്ന സംഗീതനാടകവും ഇദ്ദേഹത്തിന്റെ കൃതിയാണ്.

**കേശീ**—ദുർഗ്ഗാ.

**കേശി,(കേശിൻ)**—ഫ. ഇന്ദ്രനോടു യുദ്ധംചെയ്തു തോററുപോയ ഒരു രാക്ഷസൻ. വ. കുതിരയുടെ രൂപത്തിൽ വന്നു കൃഷ്ണനെ കൊല്ലുവാൻ വിചാരിച്ച ഒരു ദൈത്യൻ, കൃഷ്ണൻ അവന്റെ വായിൽ കൈയിട്ടു അവനെ വലിച്ചു കീറിക്കളഞ്ഞു.

**കേശിനി**—വിശ്രവസ്സിന്റെ ഭാര്യ, രാവണന്റെ അമ്മ, കേകശി എന്നും പേരുണ്ടു്.

**കേസരി**—ഹനുമാന്റെ പിതാവു്.

**കൈകേയൻ (കേകയൻ)**—കൈകേയരാജാവു്, കൃഷ്ണന്റെ ഒരു ഭാര്യയുടെ പിതാവു്, സാക്ഷാൽപേരു ധൃഷ്ടകേതു എന്നായിരുന്നു, അവന്റെ അഞ്ചുപുത്രന്മാരും പാണ്ഡവർക്കു സഹായിച്ചു.

**കൈകേയി**—ദശരഥന്റെ ഭാര്യ, ഭരതന്റെ മാതാവു്. കുടിലമതിയായ മന്ഥരയുടെ ഉപദേശത്താൽ രാമനെ വനത്തിൽ അയപ്പിച്ചിട്ടു ഭരതനെ രാജാവായി അഭിഷേകം ചെയ്യണമെന്നു ദശരഥനെക്കൊണ്ടു നിർബന്ധിച്ചു സമ്മതിപ്പിച്ചു.

**കൈടഭൻ**—മധു, ഒരു കല്പാവസാനത്തിൽ വിഷ്ണു ഉറങ്ങിക്കിടക്കുമ്പോൾ വിഷ്ണുവിന്റെ ചെവിയിൽനിന്നുത്ഭവിച്ച രണ്ടു ഭയങ്കരരാക്ഷസന്മാർ, അവർ വിഷ്ണുവിന്റെ നാഭിയിൽനിന്നുണ്ടായ താമരപ്പൂവിൽകിടന്നിരുന്ന ബ്രഹ്മാവിനെ കൊല്ലാൻനോക്കി, എന്നാൽ അവരുടെ വിചാരം നിവൃത്തിയാകും മുമ്പേ വിഷ്ണു അവരെ കൊന്നുകളഞ്ഞു അതുകൊണ്ടു വിഷ്ണുവിനു കൈടഭജിത് എന്നും മധുസൂദനനെന്നും പേരുകളുണ്ടായി, അവരുടെ മേദസ്സുകൊണ്ടു ഭൂമിയുണ്ടാക്കിയതിനാൽ ഭൂമിക്കു മേദിനി എന്നും പേരുണ്ടായി.

**കൈലാസം**—ശിവന്റെയും കുബേരന്റെയും വാസസ്ഥലം. ഗണപർവ്വതം, രജതാദ്രി (വെള്ളിമല) എന്നും പേരുകളുണ്ടു്. മാനസസരോവരം ഇതിനു താഴെയാണു. അവിടെ സുബ്രഹ്മണ്യൻ ജനിച്ചു. ഹിമാലയത്തിൽ എവിടേയോ എന്നു സങ്കല്പം.

**കൈലാസനാഥൻ**—ശിവൻ.

**കൊച്ചുകുഞ്ഞുമാപ്പിള ഉലഹന്നൻ**—തിരുവനന്തപുരം നക്ഷത്രബംഗ്ലാവിൽ ഹെഡ്ക്ലാർക്കായിരുന്നു. ശലോമോന്റെ സുഭാഷിതങ്ങൾ കിളിപ്പാട്ടും വേദചരിതം മണിപ്രവാളവൃത്തവും (ഇതു പൂർത്തിയായിട്ടില്ല) അനേകം കീർത്തനങ്ങളും ഉണ്ടാക്കീട്ടുണ്ടു. അദ്ദേഹത്തിന്റെ സൽക്കഥാസാരം ഇംഗ്ലീഷിൽ ഉള്ള "The old old city" എന്ന വിശിഷ്ടകൃതിയുടെ ഒരു ഉത്തമതർജ്ജമയാകുന്നു.

**കൊങ്കണ്ണൻ**—ഒരു പുരാതന തമിഴ്തത്വജ്ഞാനിയും വൈദ്യനും അ

ഗസ്ത്യന്റെ ശിഷ്യൻ. അഗസ്ത്യമലയിൽ പാത്തു. കൊങ്കണർ ജ്ഞാനത്തിന്റെ കത്താവു രണ്ടു വൈദ്യപുസ്തകങ്ങളും എഴുതീട്ടുണ്ട്.

**കോടിവിരഹം** — ഒരൊന്നാന്തരം ഭാഷാചമ്പു. സംഭോഗവിപ്രലംഭ ശൃംഗാരങ്ങളെ വളരെ ഭംഗിയായി വണ്ണിച്ചിരിക്കുന്നു. ഇപ്പോരിൽതന്നെയുള്ള സംസ്കൃതഗ്രന്ഥത്തെ തികച്ചും അനുകരിച്ചിട്ടുണ്ട്. സംഗീതകേതുചരിതം എന്നും ഈ ചമ്പുവിനു പേരുണ്ട്. മഴമംഗലത്തിന്റേതാണെന്നാണു സങ്കല്പം.

**കൊട്ടാരക്കരത്തമ്പുരാൻ** — കേരളവമ്മത്തമ്പുരാൻ നോക്കുക.

**കോങ്കണ്ണാ** — ജമദഗ്നിയുടെ ഭാര്യയും പരശുരാമന്റെ അമ്മയും ആയ രേണുകാ.

**കോടരി (കോട്ടവി)** — ഫ. ദുർഗ്ഗാ വ. ദൈത്യരുടെ ദേവത. ബാണന്റെ അമ്മ. സാധാരണയായി നഗ്നയാണത്രെ.

**കോട്ടയത്തുതമ്പുരാൻ (വടക്കൻ)** — കൊല്ലം ഒൻപതാംശതവഷത്തിൽ ജീവിച്ചിരുന്നു എന്നു ഊഹം. കിമ്മീരവധം, നിവാതകവചവധം, ബകവധം, കല്യാണസൌഗന്ധികം എന്നീ നാലു ആട്ടക്കഥകൾ ഉണ്ടാക്കി. ഒടുവിൽ പറഞ്ഞ പേരുകളുള്ള ആട്ടക്കഥകൾ വേറെയും ഉള്ളതുകൊണ്ടു ഇവയ്ക്കു വടക്കൻ ബകവധം വടക്കൻ കല്യാണസൌഗന്ധികം എന്നിങ്ങനെ പേരുപറഞ്ഞുവരുന്നു. കേരളവമ്മരാമായണകത്താവിന്റെ അനുജൻ. അനന്തരവനെന്നും പക്ഷാന്തരമുണ്ട്, കോട്ടയത്തു വിദ്വാൻ തമ്പുരാനെന്നും പറയും.

**കോട്ടയത്ത് വീരകേരളവമ്മത്തമ്പുരാൻ** — കൊല്ലം ഒൻപതാംശതാബ്ദത്തിന്റെ മദ്ധ്യഘട്ടത്തിൽ വടക്കൻകോട്ടയം ഭരിച്ചിരുന്ന വിക്രമശാലിയായ രാജാവ്. "കേരളവമ്മരാമായണം" എന്ന പ്രസിദ്ധകൃതിയുടെ കത്താവ്. മുകിലന്റെ, ആക്രമണകാലത്തു ഉമയമ്മറാണിയാൽ തിരുവനന്തപുരത്തു. ക്ഷണിച്ചുവരുത്തപ്പെട്ടതു ഇദ്ദേഹമാണ്. "വൈരാഗ്യചന്ദ്രോദയം" സംസപ്പാട്ട് ഇദ്ദേഹത്തിന്റെ കൃതിയാണെന്നുപറയുന്നു ആട്ടക്കഥകളുണ്ടാക്കിയ കോട്ടയത്തു (വിദ്വാൻ) തമ്പുരാന്റെ ജ്യേഷ്ഠൻ. മാതുലൻ എന്നും പക്ഷാന്തരമുണ്ട്.

**കോട്ടൂർ ഉണ്ണിത്താൻ** — തുഞ്ചത്തെഴുത്തച്ഛന്റെ സമകാലീനനായ ഒരു പ്രസിദ്ധകവി. ചില ഒററശ്ലോകങ്ങളല്ലാതെ ഗ്രന്ഥരൂപേണ കൃതികളുള്ളതായി അറിയപ്പെട്ടിട്ടില്ല

**കോദണ്ഡം** — ശ്രീരാമന്റെ വില്ല്.

**കോമളവല്ലി** — മാരിയമ്മൻ.

**കോവിൽ ക്ഷേത്രം** — അതിന്റെ പ്രധാനഭാഗങ്ങൾ വിമാനം, മണ്ഡപം, ഗോപുരം, ചാവടി ഇവയാണ്. കല്യാണമണ്ഡപം, ധ്വജസ്തംഭം, ദ്വാരമണ്ഡപം, മന്ദിരം, മൂലസ്ഥാനം, പ്രാകാരം, രഥം ഇവയും ദ്രാവിഡക്ഷേത്രങ്ങളുടെ ഭാഗങ്ങളാണ്.

**കോലടിപ്പാട്ട്** — പുരാതനമായേ കേരളത്തിൽ നടപ്പുള്ള കോലടിക്കളിക്കു കൃഷ്ണലീല, കംസവധം മുതലായ വിഷയങ്ങളെപ്പററി പാടുന്ന പാട്ടുകൾ

**കോലെഴുത്തു** — വട്ടെഴുത്തു നോക്കുക.

**കോശം—നിഘണ്ടു(ണ്ഡു)**—സംസ്കൃതത്തിൽ അനേകം കോശങ്ങളുണ്ട്. ഇവയിൽ ഏറ്റവും പ്രധാനമായിട്ടുള്ളതും അനേകം വ്യാഖ്യാതാക്കളുടെ ശ്രദ്ധയ്ക്കു വിഷയമായിത്തീൎന്നിട്ടുള്ളതും കേരളത്തിൽ വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ളതും സാധാരണയായി 'അമരകോശം' എന്നു വിളിച്ചു വരുന്നതുമായ അമരസിംഹന്റെ നാമലിംഗാനുശാസനം ആകുന്നു. അമരസിംഹൻ ക്രിസ്ത്വബ്ദം ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നു ചിലരും അതല്ല ഒന്നാം ശതവൎഷത്തിനു മുമ്പായിരിക്കണമെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നു. അമരസിംഹൻ ഒരു ജൈനമതക്കാരനും വിക്രമാദിത്യമഹാരാജവിന്റെ "നവരത്ന"ങ്ങളിൽ ഒരുവനും ആതിനാൽ കാളിദാസന്റെ ഒരു സഹജീവിയും ആയിരുന്നു. ത്രികാണ്ഡശേഷം നാമകോശത്തിന്റെ അനുബന്ധമായി പുരുഷോത്തമൻ എന്നൊരാൾ ഉണ്ടാക്കീട്ടുള്ള ഒരു നിഘണ്ടുവാകുന്നു ഹലായുധൻ അമരകോശത്തിന്റെ രീതിയിൽ തന്നെ ഉണ്ടാക്കീട്ടുള്ള അഭിധാനരത്നമാലയും മഹേശ്വരന്റെ വിശ്വപ്രകാശവും ഹേമചന്ദ്രന്റെ അഭിധാനചിന്താമണിയും മേദിനീകരന്റെ മേദിനീകോശവും മുഖ്യങ്ങളായ വേറെ നിഘണ്ടുക്കൾ ആകുന്നു. വൈജയന്തി, മംഖകോശം, നാനാൎത്ഥരത്നമാലാ, ധരണി, ഹാരാവലി എന്നും ചില നിഘണ്ടുക്കൾ ഉണ്ട്. ശബ്ദകല്പദ്രുമവും ബൃഹദഭിധാനവും വാചസ്പത്യവും നൂതനകൃതികളാകുന്നു. മലയാളഭാഷയ്ക്കു ബെയിലി, ഗുണ്ടൎട്ടു ഈ പാതിരിമാരുടെ നിഘണ്ടുക്കളാകുന്നു പ്രധാനം

**കോസലം**—ഒരു രാജ്യം, അയോദ്ധ്യാ പ്രധാനനഗരം, സരയൂനദി ഈ രാജ്യത്തിൽകൂടെ ഒഴുകുന്നു.

**കോഹലൻ**—അത്ര്യം നാടകം ഉണ്ടാക്കിയ ഒരു ഋഷി.

**കൌക്കുടികർ**—പുഴുക്കളെയോ മറ്റോ ചവിട്ടി പോകാതിരിപ്പാൻ എല്ലായ്പ്പോഴും നിലത്തുനോക്കി നടക്കുന്ന ഭിക്ഷുക്കൾ.

**കൌടില്യൻ**—ചന്ദ്രഗുപ്തന്റെ മന്ത്രിയായ ചാണക്യന്റെ ഒരു പേര്.

**കൌണ്ഡിന്യൻ**—ഒരു ഋഷി ശിവനെ കോപിപ്പിച്ചിട്ടു വിഷ്ണുവിനാൽ രക്ഷിക്കപ്പെട്ടു, അതുകൊണ്ടു വിഷ്ണുഗുപ്തൻ എന്നും പേരുണ്ട്.

**കൌന്തേയൻ**—കുന്തിയുടെ പുത്രൻ, യുധിഷ്ഠിരൻ, ഭീമൻ, അൎജ്ജുനൻ ഇവരുടെ പേര്; സാധാരണയായി അൎജ്ജുനനു മാത്രം ഉപയോഗിച്ചു വരുന്നു.

**കൌമാരി**—കാൎത്തികേയന്റെ ശക്തി.

**കൌതുകസൎവ്വസ്വം**—ഗോപീനാഥൻ ഉണ്ടാക്കിയ ഒരു ചെറിയ നാടകം, ഹാസ്യരസം പ്രധാനം.

**കൌമോദകി**—അഗ്നി കൃഷ്ണനു കൊടുത്ത ഗദ.

**കൌരവർ**—കുരുവിന്റെ സന്തതി. സാധാരണയായി ധൃതരാഷ്ട്രന്റെ മക്കളെ സൂചിപ്പിക്കുന്നു.

**കൌമ്മം**—ഒരു കല്പത്തിന്റെ പേരു

**കൌശികൻ**—ചില ചോരന്മാൎക്കു അവരിൽ നിന്നോടി രക്ഷപ്പെട്ട ചിലർ പോയവഴി കാണിച്ചുകൊടുത്തതു കൊണ്ടു നരകത്തിൽ പോയ ഒരു സന്ന്യാസി ൨. വിശ്വാമിത്രൻ ൩. ഇന്ദ്രൻ.

**കൌശികീ**—ജമദഗ്നിയുടെ മാതാവായ സത്യവതീ ഈ പേരുള്ള ഒരു നദിയായി തീൎന്നു.

**കൌസല്യാ**—കോസല രാജ്യക്കാരി എന്നൎത്ഥമുള്ള ഈ പേർ പലസ്ത്രീകൾക്കും ഉണ്ടു്. ൧. പൂരുവിന്റെ ഭാൎയ്യയും ജനമേജയന്റെ മാതാവും. ൨. ദശരഥന്റെ ഭാൎയ്യയും രാമന്റെ അമ്മയും ൩. ധൃതരാഷ്ട്രന്റെ അമ്മ ൪. പാണ്ഡുവിന്റെ അമ്മ.

**കൌസ്തുഭം**—പാലാഴിമഥനത്തിൽ കിട്ടിയ ഒരു രത്നം. വിഷ്ണു ഇതിനെ മാറത്തു ധരിച്ചിരിക്കുന്നു.

**ക്രതു**—ഒരു പ്രജാപതി വിഷ്ണുപുരാണപ്രകാരം ഇദ്ദേഹത്തിന്റെ ഭാൎയ്യയായ സന്നതി തള്ളവിരലിന്റെ മുട്ടോളം വലിപ്പമുള്ള ൬൦൦൦൦ ഋഷിമാരെ പ്രസവിച്ചു

**ക്രതുധ്വംസി**—(ദക്ഷന്റെ യാഗം നശിപ്പിച്ച) ശിവൻ.

**ക്രതുരാജാവു്**—രാജസൂയം.

**ക്രോധാ, ക്രോധവശാ**—ദക്ഷന്റെ ഒരു പുത്രിയും കശ്യപന്റെ ഒരു ഭാൎയ്യയും മാംസഭോജികളായ കൂൎത്ത പല്ലുള്ള മൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ മുതലായവയുടെ മാതാവു്.

**ക്രോധം**—ഇതിൽനിന്നു എട്ടു ഗുണങ്ങൾ ഉത്ഭവിക്കുന്നു—:

പൈശുന്യം സാഹസം ദ്രോഹം ഈൎഷ്യാസൂയാൎത്ഥദൂഷണം।
വാഗ്ദണ്ഡജം ച പാരുഷ്യം ക്രോധജോപി ഗുണോഷ്ടകഃ॥

**ക്രൌഞ്ചൻ**—താരകാസുരന്റെ ഒരു സഖിയും സഹായിയും

**ക്രൌഞ്ചം**—൧. സപ്തദ്വീപുകളിൽ ഒന്നു. ൨. ഹിമവാന്റെ പൌത്രനായ ഒരു പൎവ്വതം; ഇന്ദ്രനും കാൎത്തികേയനും തമ്മിൽ ഒരു വാദം ഉണ്ടായിട്ടു ക്രൌഞ്ചപൎവ്വതത്തോടു അഭിപ്രായം ചോദിക്കയും പൎവ്വതം കളവായി ഇന്ദ്രന്നു ഗുണമായി അഭിപ്രായപ്പെടുകയും ചെയ്തു. കാൎത്തികേയൻ കോപിച്ചു തന്റെ അസ്ത്രം മലയ്ക്കുനേരെ എറിഞ്ഞു, എന്നാറെ മല പിളൎന്നു പോകയും അസ്ത്രം ചെന്നു മഹിഷാസുരനെ വധിക്കയും ചെയ്തു. പരശുരാമനും ഈ പൎവ്വതത്തെ ഒരിക്കൽ പിളൎന്നു കളഞ്ഞതായി ഒരു കഥയുണ്ടു്.

**ക്രൌഞ്ചദാരണൻ (സൂദനൻ)**—൧. കാൎത്തികേയൻ. ൨. പരശുരാമൻ.

**ക്വാഥശാസ്ത്രം**—സസ്യങ്ങളുടെ പേരുകൾ സംസ്കൃതത്തിലും തെലുങ്കിലും കൊടുത്തിട്ടുള്ള ഒരു നിഘണ്ടു.

**ക്ഷമൻ**—നരസിംഹാവതാരത്തിൽ വിഷ്ണുവിന്റെ ഒരു പേ[illegible].

**ക്ഷത്രിയർ**—രണ്ടാമത്തെ ജാതി, വർണ്ണം നോക്കുക.

**ക്ഷത്രി**—വിദുരന്റെ ഒരുപേര്. ശൂദ്രനു ബ്രാഹ്മണസ്ത്രീയിൽ ഉണ്ടാകുന്ന പുത്രൻ എന്ന പദത്തിന്റെ അർത്ഥം, എന്നാൽ വിദുരന്റെ പിതാവു് ബ്രാഹ്മണനും മാതാവു ഒരു ദാസിയും ആയിരുന്നു.

**ക്ഷപണകൻ**—വിക്രമാദിത്യസഭയിലെനവരത്നങ്ങളിൽ ഒരുവനായ ഒരു ഗ്രന്ഥകർത്താവു്.

**ക്ഷയം**—യമന്റെ ഭവനം.

**ക്ഷാത്രം**—ക്ഷത്രിയർക്കു വേണ്ടുന്ന ഗുണങ്ങൾ.

ശൌര്യംതേജോധൃതിർദാക്ഷ്യം യുദ്ധേചാപ്യപലായനം
ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മസ്വഭാവജം

**ക്ഷാമൻ**—വിഷ്ണു.

**ക്ഷിതിജൻ**—നരകാസുരൻ.

**ക്ഷേമകൻ**—നിമിയുടെ പുത്രൻ. ചന്ദ്രവംശത്തിലെ ഒടുവിലത്തെ രാജാവു്.

**ക്ഷേമവൃദ്ധി**—ശാല്വരുടെ സേനാനായകൻ, ദ്വാരകയെ ആക്രമിച്ചപ്പോൾ കൃഷ്ണന്റെ പുത്രനായ ശാംബൻ അവനെ തോല്പിച്ചു.

**ക്ഷേമീശ്വരൻ**—ചണ്ഡകൌശികം എന്ന നാടകത്തിന്റെ കർത്താവു്. പത്താം ശതാബ്ദം.

**ക്ഷേമേന്ദ്രൻ**—വ്യാസദാസൻ. പതിനൊന്നാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ കാശ്മീരദേശത്തു ജീവിച്ചിരുന്ന ഒരു കവി ശൈവമതക്കാരനായിരുന്നെങ്കിലും പിന്നീടു വൈഷ്ണവമതം അവലംബിച്ചു ചിത്രഭാരതം, ഭാരതമഞ്ജരി, രാമായണമഞ്ജരി, ബൃഹൽകഥാമഞ്ജരി ദശാവതാരചരിതം, ചതുർവ്വർഗ്ഗസംഗ്രഹം, സമയമാതൃക, മുക്താവലി, ചാരുചര്യാ, ഔചിത്യവിചാരചർച്ചാ, സുവൃത്തതിലകം മുതലായി അനേകം കാവ്യങ്ങളും സാഹിത്യസംബന്ധമുള്ള പുസ്തകങ്ങളും ഉണ്ടാക്കീട്ടുണ്ടു്.

**ക്ഷോഭണം**—കാമദേവന്റെ പഞ്ചബാണങ്ങളിൽ ഒന്നു.

## ഖ

**ഖൻ**—സൂര്യൻ.

**ഖട്വാംഗം**—ഒരററത്തു ഒരു തലയോടു വെച്ചുറപ്പിച്ചിട്ടുള്ള ഗദ, ശിവന്റെ ആയുധം ആണെന്നുപറഞ്ഞു യോഗികൾ കൊണ്ടുനടക്കാറുണ്ടു. ഖിംഖിരമെന്നും പാംസുലം എന്നും പേരുണ്ടു്.

**ഖട്വാംഗൻ** (അല്ലെങ്കിൽ ദിലീപൻ) സൂര്യകുലത്തിലെ ഒരു രാജാവു് ദേവന്മാരും അസുരരും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ ദേവന്മാ

ക്ക സഹായിക്കയാൽ അവന്നു എന്തെങ്കിലും വരം കൊടുക്കണമെന്നു അവർ പറഞ്ഞപ്പോൾ താൻ എത്രനാൾകൂടി ജീവിച്ചിരിക്കുമെന്നു അറിയണമെന്നു രാജാവു് മറുപടിപറഞ്ഞു. ഇതു ഒരു നാഴികകൂടിയേ ഉള്ളു എന്നറിഞ്ഞിട്ടു അവൻ ഉടൻ തന്റെ ലോകത്തിലേക്കു തിരിച്ചുവന്നു ഭക്തിയും പ്രാൎത്ഥനയും മൂലം പരമാത്മാവിൽ ലയിച്ചു.

**ഖണ്ഡപരശു**—൧. ശിവൻ. ൨. പരശുരാമൻ. ൩. വിഷ്ണു.

**ഖണ്ഡപൎശു**—൧. ശിവൻ. ൨. പരശുരാമൻ ൩. രാഹു.

**ഖണ്ഡപ്രളയം**—സ്വൎഗ്ഗത്തിന്നു കീഴെയുള്ള ലോകങ്ങളുടെ നാശം.

**ഖരൻ**—രാവണന്റെ സഹോദരനായ ഒരു രാക്ഷസൻ. രാമനാൽ കൊല്ലപ്പെട്ടു.

**ഖൎവ്വം**—കുബേരന്റെ നവനിധികളിൽ ഒന്നു.

**ഖശാ**—ദക്ഷന്റെ ഒരു പുത്രിയും കശ്യപന്റെ ഒരു ഭാൎയ്യയും യക്ഷരുടെയും മറ്റും മാതാവു, അതുകൊണ്ടു അവൎക്കു ഖശാത്മജരെന്നു പേരുണ്ടായി.

**ഖാണ്ഡവം**—യമുനാതീരത്തിലെ ഒരു വനം, ഇന്ദ്രൻ വിരോധമായിനിന്നിട്ടും കൃഷ്ണന്റെയും അൎജ്ജുനന്റെയും സഹായത്താൽ അഗ്നി അതിനെ ഭക്ഷിച്ചു കളഞ്ഞു.

**ഖേടകം**—൧. ബലരാമന്റെ ഗദ. ൨. ദുൎഗ്ഗയുടെ ഗദ.

## ഗ

**ഗൻ**—ഗണേശൻ.

**ഗംഗാ**—വിഷ്ണുവിന്റെ പെരുവിരലിൽനിന്നു പുറപ്പെട്ടുനു. കപിലന്റെ കോപത്താൽ ഭസ്മീകരിക്കപ്പെട്ട സഗരന്റെ പുത്രന്മാരുടെ ഭസ്മത്തെ ശുദ്ധീകരിക്കുന്നതിന്നായി ഭഗീരഥൻ സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുവന്നു. അതുകൊണ്ടു ഭാഗീരഥി എന്നു പേരുണ്ടായി. ഗംഗ സ്വൎഗ്ഗത്തിൽനിന്നു കൊണ്ടുപോന്നതുകൊണ്ടുള്ള കോപം നിമിത്തം വീഴുമ്പോൾ ഭൂമിയെ നശിപ്പിച്ചു കളയാതിരിപ്പാൻവേണ്ടി ശിവൻതന്റെ ജടകൊണ്ടു ഗംഗയുടെ പ്രവാഹത്തെ തടുത്തതുകൊണ്ടു ശിവന്നു ഗംഗാധരൻ എന്നു പേരുവന്നു. ശിവന്റെ ജടയിൽനിന്നു ഗംഗ സപ്തസിന്ധുക്കളായി ഒഴുകി, ഗംഗയുടെ പ്രവാഹം ജഹ്നു മഹൎഷിയുടെ ധ്യാനത്തിന്നു മുടക്കം വരുത്തുകകൊണ്ടു (യാഗത്തിന്നെന്നൊരു കഥ) ആ മഹൎഷി കോപിച്ചു വെള്ളം മുഴുവനും കുടിച്ചു വററിച്ചുകളഞ്ഞു. പിന്നീടു മനസ്സലിഞ്ഞു തന്റെ ചെവികളിൽകൂടി ഒഴുകി പുറത്തുപോവാൻ സമ്മതിച്ചു. ഈ സംഭവത്തിൽ നിന്നു ഗംഗയ്ക്കു ജഹ്നവീ എന്നു പേരുണ്ടായി. ഗംഗ ഹിമവാന്റെയും മേനയുടെയും പുത്രിയും ഉമയുടെ സഹോദരിയുമാണെന്നും ബ്രഹ്മാവിന്റെ ശാപംനിമിത്തം ലോകത്തിൽ വന്നു ശന്തനു രാജാവിന്റെ ഭാൎയ്യയായിരുന്നു ഭീഷ്മർ മുതലായ എട്ടു പുത്രന്മാരെ പ്രസവിച്ചു എന്നും വേറൊരു

കഥയുണ്ട്. ഗംഗയ്ക്കു ഭദ്രസോമാ, ഗാന്ദിനീ, കിരാതീ, ദേവഭൂതീ ഹരശേഖരാ, ഖാപഗാ, മന്ദാകിനീ, ത്രിപഥഗാ എന്നും പേരുകളുണ്ടു.

ഗംഗാജൻ—(പുത്രൻ) ൧ ഭീഷ്മൻ ൨. കാൎത്തികേയൻ.

ഗംഗാദ്വാരം—ഹരിദ്വാരം എന്ന സ്ഥലം.

ഗംഗാധരൻ—ശിവൻ.

ഗംഗാലഹരി—ജഗന്നാഥ പണ്ഡിതന്റെ ഒരു കാവ്യം.

ഗംഗാവതരണം—നീലകണ്ഠൻ നോക്കുക.

ഗംഗാവൈണികൻ—ശിവൻ.

ഗംഗാസുതൻ, ഗംഗാമൈന്തൻ—സുബ്രഹ്മണ്യൻ.

ഗജൻ—ശിവൻ വധിച്ച ഒരു രാക്ഷസൻ.

ഗജാനനൻ—(ദന്തൻ, മുഖൻ, വദനൻ) ഗണേശൻ.

ഗജസ്നാനം—ഉപയോഗമില്ലാത്ത ഒരു പ്രവൃത്തി. (ആനകൾ കുളിച്ചശേഷം മണ്ണും ചെളിയും വാരി ശരീരം പൂശുന്നതുപോലെ)

ഗണം—ഗണപതിയുടെ കീഴിലുള്ള ഒരുകൂട്ടം. ദേവകൾ. ശിവന്റെ ദാസന്മാർ.

ഗണം-൨൭ രഥങ്ങളും അത്രതന്നെ ആനകളും ൮൧ കുതിരകളും ൧൩൫ കാലാളുകളും ഉള്ള ഒരു സൈന്യാംഗം.

ഗണപത്യർ—ദക്ഷിണേന്ത്യയിലെ ഒരുകൂട്ടം ബ്രാഹ്മണർ.

ഗണപൎവ്വതം—കൈലാസം.

ഗണാചലം—കൈലാസം, ഗണപൎവ്വതം.

ഗണദേവതകൾ—ഇങ്ങിനെ വിഭാഗിക്കപ്പെട്ടിരിക്കുന്നു.

ആദിത്യവിശ്വവസവസ്തുഷിതാഭാസ്വരാനിലാഃ।
മഹാരാജികസാദ്ധ്യാശ്ച രുദ്രാശ്ചഗണദേവതാഃ॥

ഇവരിൽ ആദിത്യന്മാർ, ൧൨, വിശ്വദേവതകൾ ൧൦, വസുക്കൾ ൮, തുഷിതർ ൩൬, ആഭാസ്വരർ ൬൪, അനിലർ ൪൯, മഹാരാജികർ ൨൨൦, സാദ്ധ്യർ ൧൨ രുദ്രർ ൧൧.

ഗണപതി, ഗണേശൻ—ശിവാശ്രിതരായ ഗണങ്ങളുടെ പ്രധാനി. പാൎവ്വതിയുടെ പുത്രൻ, വിഘ്നങ്ങളെ നീക്കുന്ന ഈശ്വരൻ, മഞ്ഞനിറത്തിൽ കറിയ ശരീരവും വലിയ വയറും ഒറ്റക്കൊമ്പുള്ള ആനത്തലയും ശംഖ്, ചക്രം, ഗദ, ആമ്പൽ ഓരോന്നിൽ പിടിച്ചിട്ടുള്ള നാലു കൈകളും ഉണ്ട്. എലി തന്റെ വാഹനമാകകൊണ്ടു ആഖുരഥൻ എന്നു പേരുണ്ടായി. പാൎവ്വതി ശനി

യെ വിളിച്ചു പുത്രനെ കാണിക്കയും ശനിയുടെ നോട്ടത്താൽ കുഞ്ഞിന്റെ തല ദഹിച്ചുപോകയും അതിനു പകരം ആദ്യം തന്റെ കയ്യിൽ കിട്ടിയ ഒരാനത്തല എടുത്തുവയ്ക്കയും ചെയ്തു എന്നും, ഒരിക്കൽ പാൎവ്വതി കുളിക്കാൻ പോയപ്പോൾ ഗണപതിയെ വാതുക്കൽ നിൎത്തുകയും അനന്തരം ശിവൻ വന്നു കയറാൻ നോക്കിയപ്പോൾ ഗണപതി വിരോധിക്കയും ശിവൻ ദേഷ്യപ്പെട്ടു അവന്റെ തല വെട്ടിക്കളകയും പാൎവ്വതിക്കു വിരോധം ഉണ്ടാകാതിരിപ്പാൻ വേണ്ടി ആദ്യം തന്റെ കയ്യിൽ കിട്ടിയ ഒരു ആനത്തല എടുത്തു പകരംവെക്കയും ചെയ്തു എന്നും ഒരിക്കൽ ശിവൻ ആദിത്യനെ കൊന്നിട്ടു ജീവിപ്പിച്ചപ്പോൾ ശിവന്റെ മകന്റെയും തല പോകട്ടെ എന്നു കശ്യപൻ ശപിക്കയും അതുപ്രകാരം തലപോയപ്പോൾ ഇന്ദ്രന്റെ ആനയുടെ തല എടുത്തു പകരം വയ്ക്കയും ചെയ്തു എന്നും മററും ഗണേശനു ആനയുടെ തല വരുവാനുള്ള കാരണത്തെക്കുറിച്ചു പല കഥകളുണ്ടു. ഒരിക്കൽ പരശുരാമൻ ശിവനെ കാണുന്നതിനായി കൈലാസത്തിൽ ചെല്ലുകയും ശിവൻ ഉറക്കമായിരുന്നതുകൊണ്ടു ഗണേശൻ പരശുരാമനെ അകത്തുകടക്കാൻ സമ്മതിക്കാതിരിക്കയും അനന്തരം അവർ തമ്മിൽ അടിപിടിയുണ്ടാകയും ഗണേശൻ തന്റെ തുമ്പിക്കൈകൊണ്ടു പരശുരാമനെ ചുരുട്ടിപ്പിടിച്ചെറിഞ്ഞുകളകയും അതുനിമിത്തം വീണു ബോധം കെട്ടുപോയ പരശുരാമനു ബോധം വന്നപ്പോൾ ശിവൻ തനിക്കു കൊടുത്ത പരശുഎടുത്തു ഗണേശന്റെ നേരെ എറിയുകയും ശിവന്റെ ആയുധമാകകൊണ്ടു ഗണേശൻ തടക്കായ്കയാൽ അതു ഒരു കൊമ്പിനു കൊണ്ടു കൊമ്പൊടിഞ്ഞുപോകയും ചെയ്തു. അതുകൊണ്ടു ഏകദന്തൻ, ഏകദംഷ്ട്രൻ എന്നു ഗണപതിക്കു പേരുകളുണ്ടായി. (പാൎവ്വതീപരമേശ്വരന്മാർ ആനയുടെ വേഷമായി രമിച്ചപ്പോൾ ഉണ്ടായ പുത്രനെന്നും കഥയുണ്ടു) പേരുകൾ.

> വിനായകോവിഘ്നരാജദ്വൈമാതുരഗണാധിപാഃ।
> അപ്യേകദന്തഹേരംബലംബോദരഗജാനനാഃ॥

**ഗണിതം**__കണക്കുശാസ്ത്രം, പലവിധമുണ്ടു: ൧. ഭിന്നഗണിതം സാധനങ്ങളുടെ തൂക്കവും വിലയും കണക്കാക്കുന്നതിനു. ൨. ഛായാഗണിതം വസ്തുക്കളുടെ ഉയരവും ദൂരവും നിഴൽകൊണ്ടു കണക്കാക്കുന്നതിന്. ൩. ക്ഷേത്രഗണിതം അല്ലെങ്കിൽ ക്ഷേത്രവ്യവഹാരം. ൪. ഖാതഗണിതം. കളങ്ങളുടെ വിസ്താരവും വെള്ളവും കണക്കാക്കുന്നതിന്. ൫. പ്രകീൎണ്ണഗണിതം (ബീജഗണിതം.) ൬. സൂത്രഗണിതം രാശിമുതലായ പല വിഷയങ്ങൾ. ൭. സുവൎണ്ണഗണിതം പൊന്നിന്റെയും വെള്ളിയുടെയും മാറററിയുന്നതിനു.

**ഗണേശഗീത**__ഭഗവൽഗീതയിൽ കൃഷ്ണന്റെ പേരിനു പകരം ഗണേശന്റെ പേരു ചേൎത്തു ഗണപതി ഭക്തർ ഉപയോഗിക്കുന്ന ഒരു പുസ്തകം.

**ഗണ്ഡഭേരുണ്ഡം**__ആനയെ റാഞ്ചിക്കൊണ്ടുപോകാൻ ശക്തിയുള്ള ഒരു ഭയങ്കരപക്ഷി. ആനയ്ക്കു പകരം ശരഭത്തെ പറയാറുണ്ടു.

**ഗദൻ**__കൃഷ്ണന്റെ അനുജൻ.

**ഗദ്യചിന്താമണി**__കാദംബരിയെപോലെ സംസ്കൃതത്തിൽ ഒരു കഥ ജീവന്ധരൻ നായകൻ.

**ഗന്ധമാദനൻ**__൧. രാവണന്റെ ഒരു പേരു. ൨. രാമചന്ദ്രന്റെ വാനരസചിവന്മാരുടെ ഒരു സേനാനായകൻ രാവണന്റെ പുത്രനായ ഇന്ദ്രജിത്തു കൊന്നു, എന്നാൽ ഹനുമാൻ കൈലാസത്തിൽനിന്നു കൊണ്ടുവന്ന ചില ഔഷധങ്ങൾകൊണ്ടു അവനെ ജീവിപ്പിച്ചു.

**ഗന്ധർവ്വർ**—സ്വർഗ്ഗത്തിലെ ഗായകന്മാർ. സോമരസം ഉണ്ടാക്കുന്നവരെന്നും ചിലർ പറയുന്നു: അവരുടെ ഉത്ഭവത്തെ കുറിച്ചും പ്രവൃത്തിയെ കുറിച്ചും പല അഭിപ്രായങ്ങളുണ്ട് ബ്രഹ്മാവിന്റെ മൂക്കിൽനിന്നു ജനിച്ചു എന്നു ചിലരും കശ്യപന്റെ മക്കളാണെന്നു മറ്റുചിലരും പറയുന്നു അവരുടെ പ്രധാനി ചിത്രരഥനും ഭാൎയ്യമാർ അപ്സരസ്ത്രീകളും ആകുന്നു.

**ഗന്ധൎവ്വവിദ്യ**—സംഗീതം.

**ഗന്ധൎവ്വവിവാഹം**—എട്ടുവിധം വിവാഹങ്ങളിൽ ഒന്നു. സ്ത്രീപുരുഷന്മാർ അന്യോന്യാനുരാഗം മാത്രം നോക്കിയും മാതാപിതാക്കന്മാരോടൊ രക്ഷാകൎത്താക്കന്മാരോടോ ആലോചിക്കാതേയും അടിയന്തിരാദികളൊന്നുമില്ലാതെയും ചെയ്യുന്ന വിവാഹം.

**ഗന്ധൎവ്വവേദം**—സംഗീതത്തെക്കുറിച്ചുള്ള ഒരു ഉപവേദം.

**ഗയൻ**—ഒരു അസുരൻ.

**ഗരുഡൻ**—അൎദ്ധപക്ഷിയും അൎദ്ധമനുഷ്യനുമായ വിഷ്ണുവിന്റെ വാഹനം. പക്ഷികളുടെ രാജാവു. ദക്ഷന്റെ പുത്രിയായ വിനതയിൽ കശ്യപന്റെ പുത്രൻ. കാശ്യപന്റെ വേറൊരു ഭാൎയ്യയും സൎപ്പങ്ങളുടെ മാതാവുമായ കദ്രുവും വിനതയും തമ്മിൽ ഉച്ചൈഃശ്രവസിന്റെ നിറത്തെക്കുറിച്ചു തൎക്കമുണ്ടായിട്ടു കദ്രു ജയിക്കയും മുൻനിശ്ചയപ്രകാരം വിനത അവളുടെ ദാസിയായിത്തീരുകയും ചെയ്തു. അതുനിമിത്തം ഗരുഡനും സൎപ്പങ്ങളുടെ ശത്രുവായി. ഗരുഡൻ ജനിച്ചപ്പോൾ ഉണ്ടായിരുന്ന ശോഭനിമിത്തം ദേവകൾ അവൻ അഗ്നിയാണെന്നു വിചാരിച്ചുവന്ദിച്ചു. അവനു ഉണ്ണൂടി അല്ലെങ്കിൽ വിനായക എന്ന ഭാൎയ്യയിൽ സമ്പാതി എന്നൊരു പുത്രൻ ജനിച്ചു. ബ്രാഹ്മണരെ ഒഴിച്ചുള്ള മനുഷ്യരെ ഭക്ഷിച്ചുകൊള്ളുവാൻ മാതാപിതാക്കന്മാർ അനുവദിച്ചു എന്നാൽ ഒരിക്കൽ ഭാൎയ്യാസഹിതം ഒരു ബ്രാഹ്മണനെ ഭക്ഷിക്കയും അതിനാൽ തൊണ്ടവെന്തുപോകയും ചെയ്തു. ഒരിക്കൽ ഗരുഡൻ കദ്രുവിനു കാട്ടുന്നു അമ്മയുടെ സ്വാതന്ത്ര്യം സമ്പാദിപ്പാനായി ദേവകളിൽനിന്നു അമൃതം മോഷ്ടിച്ചുകൊണ്ടുപോന്നു അതുനിമിത്തം ഇന്ദ്രനുമായി യുദ്ധം ഉണ്ടായി ഇന്ദ്രൻ തോല്ക്കയും അവന്റെ വജ്രായുധം പൊട്ടിത്തുപോകയുംചെയ്തു. എങ്കിലും അമൃതം ഇന്ദ്രൻ തിരിച്ചു വാങ്ങി—പേരുകൾ.

> ഗരുത്മാൻഗരുഡസ്താൎക്ഷ്യോവൈനതേയഃഖഗേശ്വരഃ ।
> നാഗാന്തകോവിഷ്ണുരഥഃസുപൎണ്ണഃപന്നഗാശനഃ ॥

**ഗൎഗ്ഗൻ**—പു. ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായ ഋഷി. ഇ. കൃഷ്ണന്റെയും യാദവന്മാരുടെയും ആചാൎയ്യൻ.

**ഗൎഭഗൃഹം**—ക്ഷേത്രത്തിൽ ബിംബം ഇരിക്കുന്ന സ്ഥലം.

**ഗാംഗൻ, ഗാംഗായനി**—പു. ഭീഷ്മർ ഇ. കാൎത്തികേയൻ.

**ഗാണ്ഡീവം**—അൎജ്ജുനന്റെ വില്ല്, സോമൻ വരുണനും വരുണൻ അഗ്നിക്കു, ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ അഗ്നി അൎജ്ജുനനും കൊടുത്തു.

**ഗാധി**—വിശ്വാമിത്രന്റെ പിതാവ്, കൌശാംബരാജാവിന്റെ പുത്രൻ. വിഷ്ണുപുരാണപ്രകാരം ഇന്ദ്രന്റെ അവതാരം—

**ഗാന്ദിനി**—കാശിരാജാവിന്റെ പുത്രി, പന്ത്രണ്ടുവൎഷം അമ്മയുടെ ഗൎഭത്തിൽ കിടന്നു. പുറത്തു വരാൻ പറഞ്ഞപ്പോൾ മൂന്നുവൎഷം ദിനംപ്രതി ഓരോ പശുവിനെ ബ്രാഹ്മണൎക്കു ദാനംചെയ്യണമെന്നു പിതാവിനോടു മറുപടി പറഞ്ഞു. അപ്രകാരം ചെയ്തതുകൊണ്ടു പ്രസവിച്ചപ്പോൾ ഗാന്ദിനീ എന്നു പേരിട്ടു, ജീവകാലം മുഴുവനും അവൾ ഈ ദാനം ചെയ്തുവന്നു. ശ്വഫല്ക്കന്റെ ഭാൎയ്യയും അക്രൂരന്റെ അമ്മയും ആയിരുന്നു.

**ഗാന്ദിനീസുതൻ**—൧. ഭീഷ്മൻ. ൨. കാൎത്തികേയൻ. ൩. അക്രൂരൻ.

**ഗാന്ധാരി**—ദുൎയ്യോധനന്റെ മാതുലനായ ശകുനി.

**ഗാന്ധാരി**—ഗാന്ധാരരാജാവായ സുബലന്റെപുത്രി, ധൃതരാഷ്ട്രന്റെ ഭാൎയ്യ. ഭൎത്താവ് കുരുടനായിരുന്നതുകൊണ്ടു അവളും കണ്ണുകെട്ടിക്കൊണ്ടുനടന്നു രണ്ടുപേരും വാൎദ്ധക്യത്തിൽ കാട്ടുതീയിൽപെട്ടു നശിച്ചുപോയി, വ്യാസനോടു കാണിച്ച ആതിത്ഥ്യംനിമിത്തം ഗാന്ധാരിക്കു അവൻ ഒരു വരംകൊടുക്കാമെന്നു പറഞ്ഞാറെ അവൾ നൂറുപുത്രന്മാരെ ചോദിച്ചു. പിന്നെ അവൾ രണ്ടുവൎഷം ഗൎഭമായിരുന്നശേഷം ഒരു മാംസപിണ്ഡം പ്രസവിച്ചു, വ്യാസൻ അതെടുത്തു നൂറെറാന്നായി ഖണ്ഡിച്ച് നൂറെറാന്നു ഭരണികളിലായി വെച്ചു, കാലക്രമംകൊണ്ടു മഹാഭയങ്കരആകൃതികളോടുകൂടി. ദുൎയ്യോധനൻ ഒന്നിൽനിന്നു ജനിച്ചു. ഒരുമാസംകഴിഞ്ഞിട്ടു തൊണ്ണൂറെറാൻപതുപുത്രന്മാരും ദുശ്ശളാ എന്നൊരു പുത്രിയും മറെറവയിൽനിന്നും ഉണ്ടായി, ഗാന്ധാരിക്കു സൌബലി, സൌബലേയീഎന്നും പേരുകളുണ്ടു്.

**ഗായത്രി**—ഋഗ്വേദത്തിലെ ഏററവും വിശുദ്ധിയുള്ളതായി വിചാരിക്കപ്പെട്ടുവരുന്ന ഒരു മന്ത്രം. എല്ലാ ബ്രാഹ്മണരുടെയും സന്ധ്യാ (രാവിലെയും വൈകുന്നേരവും) വന്ദനങ്ങളിൽ അംഗന്യാസങ്ങളോടുകൂടെ വെള്ളത്തിലോ അതിനുസമീപത്തോ നിന്നുകൊണ്ടു ചൊല്ലേണ്ടതു. "ഓം ഭൂൎഭുവസ്സ്വഃ തത്സവിതുൎവ്വരേണ്യം ഭൎഗ്ഗോദേവസ്യധീമഹിധിയോയോനഃ പ്രചോദയാൽ" ഒരു സൂൎയ്യപ്രാൎത്ഥന. എന്നാൽ പരബ്രഹ്മസംബന്ധമുള്ളതായി വേദാന്തികൾ വ്യാഖ്യാനിക്കുന്നു.

**ഗാരുഡപുരാണം**—ഒരു പുരാണം കിളിപ്പാട്ടായി ദാമോദരൻകൎത്താവു തൎജ്ജമചെയ്തിട്ടുണ്ടു്.

**ഗാലവൻ**—വിശ്വാമിത്രന്റെ ഒരു ശിഷ്യൻ, പഠിത്തം കഴിഞ്ഞശേഷം അവൻ ഗുരുവിനോടു എന്തു ദക്ഷിണവേണമെന്നു ചോദിച്ചു, വിശ്വാമിത്രൻ മുഷിഞ്ഞു ഓരോ കറുത്തചെവിയുള്ള ൮൦൦ വെള്ളക്കുതിരകളെ വേണമെന്നുപറഞ്ഞു, ഗാലവൻ വിഷമിച്ചു് ഗരുഡനോടു ചോദിച്ചപ്പോൾ ഗരുഡൻ അവനെ യയാതിരാജാവിന്റെ അടുക്കൽ കൊണ്ടുചെന്നു, ആവശ്യപ്പെട്ട കുതിരകളെ കൊടുക്കാൻ കഴിയാഞ്ഞിട്ടു യയാതി തന്റെ മകൾ മാധവിയെ ഗാലവനു കൊടുത്തു. ഗാലവൻ അവളെ ഒന്നാമതു് അയോദ്ധ്യാരാജാവായ ഹൎയ്യശ്വനും പിന്നെ കാശിരാജാവായ ദിവോദാസനും അതിൽപിന്നെ ഭോജരാജാവായ ഉശീനരനും കൊടുത്തു അവരോടു ൨൦൦ കുതിരകൾവീതമായി ൬൦൦ കുതിരകളെവാങ്ങി, അവൾ മൂന്നുപ്രാവശ്യം വിവാഹംചെയ്യപ്പെടുകയും ഓരോരുത്തൎക്കു വിനും ഓരോ പുത്രനെ പ്രസവിക്കയും ചെയ്തെങ്കിലും ഒരു വരംനിമിത്തം അവളുടെ കൌമാരീത്വം പോയില്ല, പിന്നെ ഗാലവൻ അവളെയും ൬൦൦ കുതിരകളെയും കൊണ്ടുചെന്നു വിശ്വാമിത്രനു ദക്ഷിണയായിട്ടു കൊടുത്തു. വിശ്വാമി

ത്രൻ ദക്ഷിണ സ്വീകരിക്കയുംചെയ്തു. മാധവിയിൽ വിശ്വാമിത്രനു അഷ്ടകൻ എന്നൊരു പുത്രൻ ഉണ്ടായി. വിശ്വാമിത്രൻ വനത്തിലേക്കു പോയശേഷം ഗാലവൻ മാധവിയെ യയാതിയുടെ അടുക്കൽതന്നെ തിരികെകൊണ്ടാക്കി. ഹരിവംശപ്രകാരം ഗാലവൻ വിശ്വാമിത്രന്റെ പുത്രനായിരുന്നു.

**ഗിരീശൻ**—൧. ശിവൻ. ൨. ഹിമാലയം.

**ഗിരിജാ**—പാർവ്വതി.

**ഗിരിജ്വരം, ഗിരികണ്ടകം**—ഇന്ദ്രന്റെ വജ്രായുധം.

**ഗിരിനന്ദിനി, ഗിരിഭൂ**—൧. പാർവ്വതി. ൨. ഗംഗാ.

**ഗീതാ**—ഏതെങ്കിലും പ്രത്യേകധർമ്മവിഷയത്തെയോ തത്വത്തെയോ വ്യാഖ്യാനിക്കുന്നതിനായി പദ്യരൂപമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള പുസ്തകം ഉദാഹരണങ്ങൾ ശിവഗീത, രാമഗീത, ഭഗവൽഗീത എന്നാൽ ഭഗവൽഗീതയെയാണ് സാധാരണയായി ഗീതയെന്നു പറഞ്ഞുവരുന്നതു,

**ഗീതഗോവിന്ദം**—കൃഷ്ണന്റെ ബാല്യത്തെക്കുറിച്ച് ജയദേവൻ ഉണ്ടാക്കിയ ഒരു കാവ്യം( ശൃംഗാരരസം പ്രധാനം. ശ്രീകൃഷ്ണന്റെയും രാധയുടെയും അനുരാഗം വിഷയം. ജീവാത്മാവും പരമാത്മാവുംതമ്മിലുള്ള സംബന്ധം ഗൂഢാർത്ഥംഎന്നു ചിലർ പറയുന്നു. പന്ത്രണ്ടുസർഗ്ഗവും ഓരോന്നിൽ ൨൪ അഷ്ടപദികളും ഉണ്ട്. ജയദേവൻ കൃഷ്ണഭക്തനായിരുന്നു. അദ്ദേഹം കൃഷ്ണപ്രതിമമുമ്പാകെ ഗീതങ്ങൾ പാടുകയും ഭാര്യ അതിനൊപ്പിച്ചു നൃത്തം ചെയ്കയും ചെയ്തുവന്നു. രാമപുരത്തുവാരിയർ മലയാളത്തിൽ തർജ്ജമചെയ്തിട്ടുണ്ട്.

**ഗുഡാകേശൻ**—൧. ഭഗവൽഗീതയിൽ അർജ്ജുനന്റെ ഒരു സാധാരണപേരു. ൨. ശിവൻ.

**ഗുണങ്ങൾ**—തത്വശാസ്ത്രത്തിൽ സത്വഗുണം, രജോഗുണം, തമോഗുണം ഇങ്ങനെ മൂന്നുണ്ട്. സത്വഗുണം അധികമുള്ളവർ മരണശേഷം ദേവകളായി ജനിക്കുന്നു. രജോഗുണമധികമുള്ളവർ മനുഷ്യരായിതന്നെ, എങ്കിലും മുമ്പത്തേതിനു ഹീനരായി ജനിക്കുന്നു. തമോഗുണമധികമുള്ളവർ വിവേകമില്ലാത്ത മൃഗങ്ങളായി ജനിക്കുന്നു.

**ഗുണ്ടർട്ട് റെവറണ്ട് ഡോക്ടർ എച്ച്**—(൧൮൧൪ — ൧൮൯൩) മലബാറിൽ ബാസൽജെർമ്മൻ മിഷ്യനിലെ ഒരു മിഷ്യനറി ആയിരുന്നു. കുറേകാലം പള്ളിക്കൂടം ഇൻസ്പെക്ടർ ജോലിയും നോക്കിയിരുന്നു. മലയാളഭാഷയുടെ അഭിവൃദ്ധിക്കായി വളരെ പ്രയത്നിച്ചിട്ടുണ്ട്. തന്റെ ജീവിതോദ്ദേശംതന്നെ അതായിരുന്നു എന്നു പറയാം. മലയാളഭാഷയ്ക്കു വ്യാകരണം എന്ന പേരിനു അർഹതയുള്ള ഒരു പുസ്തകം ആദ്യം ഉണ്ടാക്കിയതു ഇദ്ദേഹമാണ്. മലയാളത്തിൽ വിരാമങ്ങളുടെ ഉപയോഗം നടപ്പിൽ വരുത്തിയതും ഇദ്ദേഹമാണ്. മലയാളത്തിൽ വളരെ പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ട്. പ്രധാന കൃതി ഒരു മലയാളനിഘണ്ടു. വേദപുസ്തകത്തിൽ (വേദപുസ്തകംനോക്കുക) പുതിയ നിയമവും പഴയനിയമത്തിൽ സങ്കീർത്തനങ്ങൾ തുടങ്ങിയുള്ള പുസ്തകങ്ങളും തർജ്ജമചെയ്തിട്ടുണ്ട്. ജെർമ്മൻ രാഗത്തിൽ ഇപ്പോഴും പ്രചാരത്തിലുള്ള അനേകം മലയാളഗീതങ്ങളും ഈ ശ്രേഷ്ഠൻ രചിച്ചിട്ടുണ്ട്.

**ഗുപ്തൻ**—വൈശ്യരുടെ പേരുകളോടുകൂടിസാധാരണയായി ചേൎക്കുന്ന ഒരു പദം.

**ഗുഹൻ**—൧. കാൎത്തികേയൻ. ൨. ശൃംഗിവേരരാജാവും രാമചന്ദ്രസഖിയും ആയ ഒരു നിഷാദൻ. ൩. വിഷ്ണു.

**ഗുഹ്യകർ**—കുബേരന്റെ ദ്രവ്യം സൂക്ഷിക്കുന്ന ദേവതകൾ.

**ഗൃത്സമദൻ**—ഋഗ്വേദത്തിലെ ചില ഗീതങ്ങളുടെ കൎത്താവായ ഒരു ഋഷി.

**ഗൃഹസ്ഥാശ്രമം, ഗൃഹാശ്രമം**—ബ്രാഹ്മണരുടെ ജീവൽകാലത്തിന്റെ രണ്ടാമത്തെ ഭാഗം. ബ്രാഹ്മണ ആശ്രമം നോക്കുക.

**ഗോകുലാഷ്ടമി**—കൃഷ്ണജയന്തി.

**ഗോപതി**—൧. ഇന്ദ്രൻ ൨. കൃഷ്ണൻ. ൩. ശിവൻ ൪. വരുണൻ.

**ഗോപതിഋഷഭൻ**—൧. ശിവൻ ൨. കൃഷ്ണൻ വധിച്ച ഒരുഅസുരൻ.

**ഗോപാലൻ, ഗോവിന്ദൻ**—കൃഷ്ണൻ.

**ഗോപാലനെഴുത്തച്ഛൻ**—കരുണാകരനെഴുത്തച്ഛന്റെയും സൂൎയ്യനാരായണനെഴുത്തച്ഛന്റെയും ശിഷ്യൻ. പാൎവ്വതീസ്വയംവരം എന്നൊരു കിളിപ്പാട്ടു് എഴുതിയിട്ടുണ്ടു്.

**ഗോപികൾ**—കൃഷ്ണന്റെ ബാല്യത്തിലെ സഖികൾ.

**ഗോവൎദ്ധനം**—വൃന്ദാവനത്തിലെ ഒരു പൎവ്വതം, കൃഷ്ണന്റെ സഖികളായ ഗോപികളും മററും കൃഷ്ണന്റെ ഉപദേശപ്രകാരം ഇന്ദ്രനെ വന്ദിക്കുന്നതിനു പകരം ഈ പൎവ്വതത്തെ വന്ദിച്ചതുകൊണ്ടു ഇന്ദ്രൻ അതിനെയും അതിന്റെ പൂജക്കാരെയും നശിപ്പിച്ചുകളവാൻ വൎഷം പെയ്യിച്ചു. എന്നാൽ കൃഷ്ണൻ ഏഴുദിവസം തന്റെ ചെറുവിരലിന്മേൽ മലയെ ഉയൎത്തിപ്പിടിച്ചുകൊണ്ടു എല്ലാവരേയും രക്ഷിച്ചു.

**ഗോവൎദ്ധനധരൻ**—കൃഷ്ണൻ.

**ഗോവിന്ദപ്പിള്ള, ദിവാൻ ബഹദൂർ എ**—(൧൮൪൯-൧൯൧൭). തിരുവിതാംകൂറിൽ പല ഉദ്യോഗങ്ങളിലിരുന്നു പ്രശസ്തിനേടി ഒടുവിൽ ഹൈക്കോർട്ടുജഡ്ജിയായി. ഔദ്യോഗികജോലിയില്ലാത്തസമയം സാഹിത്യനിൎമ്മാണത്തിൽ കഴിച്ചു സംസ്കൃതത്തിൽനിന്നു തൎജ്ജമചെയ്ത ഭഗവൽഗീതയും തമിഴിൽനിന്നുള്ള തിരുക്കുറളും ഇംഗ്ലീഷിൽ നിന്നുള്ള ലീയർരാജാവു എന്ന നാടകവും പ്രധാനകൃതികൾ സ്തവരത്നമാല മുതലായി ഇദ്ദേഹത്തിന്റെ വേറെയും അനേകം കൃതികൾ ഉണ്ടു്.

**ഗോവിന്ദപ്പിള്ള പി. ബി. എ**—വലിയകൊട്ടാരം സൎവ്വാധികാൎയ്യക്കാരായിരുന്നു. ഇദംപ്രഥമമായി മലയാളഭാഷാചരിത്രം ഉണ്ടാക്കി. ഭാഷാചരിത്രത്തെപററി ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങളെല്ലാം സ്വീകാൎയ്യങ്ങളല്ലെങ്കിലും

വളരെ അദ്ധ്വാനംചെയ്തു എഴുതീട്ടുള്ള ഈ പുസ്തകം ഭാഷയ്ക്കു ഒരു അമൂല്യസമ്പത്തുതന്നെയാണ്.

**ഗോളദീപിക**—പുരാണങ്ങളെ അടിസ്ഥാനപ്പെടുത്തി തമിഴിൽ ഒരു ഭൂമിശാസ്ത്രപുസ്തകം.

**ഗൌതമൻ (ഗോതമൻ)**—൧. ഭരദ്വാജൻ. ൨. ന്യായദർശനത്തിന്റെ സ്ഥാപകനായ ശതാനന്ദൻ. ൩. അഹല്യയുടെ ഭർത്താവ്. ൪. കൃപൻ. ൫. ബുദ്ധൻ.

**ഗൌതമീ**—൧. ദ്രോണന്റെ ഭാര്യയായ കൃപാ. ൨. ദുർഗ്ഗാ. ൩. ഒരു ഭയങ്കര രാക്ഷസീ.

**ഗൌരീ**—൧. പാർവ്വതി; ശിവന്റെ ഭാര്യയാകുന്നതിനുമുമ്പുള്ള പേര്. ൨. വരുണന്റെ ഭാര്യ.

**ഗൌരീപരിണയം**—പാർവ്വതിയുടെ വിവാഹത്തെപ്പറ്റി ചക്രകവിയുടെ ഒരു നാടകം.

**ഗൌരീവ്രതം**—ഭാദ്രപദമാസം ശുക്ലപക്ഷത്തിലെ തൃതീയദിവസം കൊണ്ടാടുന്ന ഒരു ഉത്സവം.

**ഗ്രന്ഥം**—ശീഖരുടെ വേദപുസ്തകം. ൨. തമിഴിൽ സംസ്കൃതം എഴുതുന്നതിനു ഉപയോഗിക്കുന്ന അക്ഷരം.

**ഗ്രഹങ്ങൾ**—ഇവ ഒമ്പതുണ്ട്.

സൂര്യശ്ചന്ദ്രോമംഗലശ്ച ബുധശ്ചാപിബൃഹസ്പതിഃ।
ശുക്രഃ ശനൈശ്ചരോരാഹുഃ കേതുശ്ചേതിഗ്രഹാനവ॥

## ഘ

**ഘടകർപ്പരൻ**—വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒരുവനായ ഒരു കവി. ഘടകർപ്പരം എന്ന ഒരു ചെറിയ കാവ്യം ഉണ്ടാക്കിയിട്ടുണ്ട്. ശ്ലോകങ്ങൾ യമകങ്ങളാണ്.

**ഘടിഘടൻ (ഘണ്ടൻ)**—ശിവൻ.

**ഘടോൽകചൻ**—രാക്ഷസിയായ ഹിഡിംബിയിൽ ഭീമന്റെ പുത്രൻ. ഭാരതയുദ്ധത്തിൽ പാണ്ഡവരുടെ ഭാഗം യുദ്ധം ചെയ്തു. ഒടുവിൽ കർണ്ണനാൽ അവനു ഇന്ദ്രനിൽനിന്നു കിട്ടിയ ശക്തികൊണ്ടു കൊല്ലപ്പെട്ടു.

**ഘർഘരി, ഘൂകനാദിനി, ഘൃണിനിധി**—ഗംഗാ.

**ഘൃതാചി**—ഒരു അപ്സരസ്ത്രീ, രൌദ്രാശ്വനാൽ പത്തു പുത്രന്മാരുണ്ടായി. ഒരു കഥപ്രകാരം അവൾക്കു നൂറു പുത്രിമാരുണ്ടായിരുന്നു. വായു അവരെ ആകാശത്തിലേക്കു തന്നോടുകൂടെ ചെല്ലുന്നതിനു ക്ഷണിച്ചാറെ ചെല്ലാഞ്ഞി

**നവശായകർ**—ഒൻപതു് അധമജാതികൾ.

ഗോപോ മാലീ തഥാ തൈലീ തന്ത്രീ മോദക വാരുജീ।
കുലാലഃ കർമ്മകാരശ്ച നാപിതോ നവശായകാഃ॥

**നവസാഹസാങ്കചരിതം**— സിന്ധുരാജനെ പ്രശംസിച്ചു പത്മഗുപ്തൻെറ ഒരു കാവ്യം.

**നഹുഷൻ**—ആയുസ്സിൻെറ പുത്രൻ. യയാതിയുടെ പിതാവു്. ഘോരമായ തപസ്സുചെയ്തും മററും മൂന്നുലോകത്തിനും നാഥനായി. ബ്രാഹ്മണനായ വൃത്രാസുരനെ കൊന്നിട്ടു ഇന്ദ്രൻ ഒളിച്ചിരിക്കുമ്പോൾ നഹുഷനെ തൽകാലത്തെ ക്കു ഇന്ദ്രസ്ഥാനത്താക്കി. അപ്പോൾ ഇന്ദ്രാണിയെ അപഹരിച്ചുകൊണ്ടു പോരണമെന്നു വിചാരിച്ചു ആയിരം മഹർഷിമാരെക്കൊണ്ടു (ഒരു കഥയിൽ സപ്തർഷികളെക്കൊണ്ടു) തൻെറ പല്ലക്കു വഹിപ്പിച്ചുകൊണ്ടു അവളുടെ ഭവനത്തിലേക്കു പോയി. പോകുമ്പോൾ പല്ലക്കുവാഹികളോടു വേഗം പോകുന്നതിനായി സർപ്പ, സർപ്പ, എന്നു പറകയും അവരിൽ ഒരുവനായ അഗസ്ത്യമഹർഷിയെ കാലുകൊണ്ടു ചവിട്ടുകയും ചെയ്തു. അപ്പോൾ അഗസ്ത്യൻ "സർപ്പമേനീവീണാപോം" എന്നു പറകയും നഹുഷൻ ആകാശത്തിൽ തൻെറ മഹിമയേറിയ വാഹനത്തിൽ നിന്നു പാമ്പായി താഴത്തു വീണുപോകയും ചെയ്തു. നഹുഷൻെറ യാചനയാൽ അഗസ്ത്യൻ തൻെറ ശാപത്തിനു ഒരു അവധി നിശ്ചയിക്കയും അതു കഴിഞ്ഞാറെ നഹുഷൻ സ്വന്തശരീരത്തിൽ സ്വർഗ്ഗാരോഹണം ചെയ്കയും ചെയ്തു. ശാപനിവൃത്തി വന്നതു യുധിഷ്ഠിരനാൽ ആണെന്നും ഒരു കഥയുണ്ടു.

**നാകനാഥൻ (നായകൻ, ഈശൻ)**—ഇന്ദ്രൻ.

**നാഗങ്ങൾ**—മനുഷ്യമുഖങ്ങളുള്ള സർപ്പങ്ങൾ. പാതാളത്തിൽ വസിക്കുന്നതിനായി കശ്യപനു കദ്രുവിലുണ്ടായ മക്കൾ. നാഗസ്ത്രീകൾ അഴകുള്ളവരായിരുന്നതുകൊണ്ടു മനുഷ്യർ അവരെ പരിഗ്രഹിച്ചുവന്നു. അർജ്ജുനൻെറ ഭാര്യ ഉലൂപി ഒരു നാഗസ്ത്രീയായിരുന്നു.

**നാഗചൂഡൻ, (ഭൂഷണൻ)**—ശിവൻ.

**നാഗദ്വീപം**—ഭാരതവർഷത്തിൻെറ ഒരു ഭാഗം.

**നാഗപഞ്ചമി**—ആഷാഢമാസം കൃഷ്ണപക്ഷത്തിൽ പഞ്ചമിയും ശ്രാവണമാസത്തിൽ ശുക്ലപക്ഷത്തിൽ പഞ്ചമിയും. അന്നു സർപ്പക്കാവുകളിൽ പൂജ. ഗരുഡപഞ്ചമി എന്നും പറയും.

**നാഗപാശം**—വരുണൻെറ ആയുധം. ഒരു കണി.

**നാഗഭൂഷണൻ**—ശിവൻ.

**നാഗരി**—ദേവനാഗരി നോക്കുക.

**നാഗലോകം**—നാഗങ്ങളുടെ പാർപ്പുസ്ഥലമായ പാതാളം.

**നാഗവർമ്മ**—ഒരു കർണ്ണാടകഗ്രന്ഥകർത്താവു് കാവ്യാചനയെപ്പററി ഛന്ദസ്സ്, കാവ്യാവലോകനം എന്നു രണ്ടു പുസ്തകങ്ങളും ഒരു സംസ്കൃതകർണ്ണാടകനിഘണ്ടുവും ഉണ്ടാക്കീട്ടുണ്ടു്.

**നാഗാധിപൻ** (ഈശൻ, പതി, രാജാവു്)—ശേഷൻ.

**നാഗാനന്ദം**—ബുദ്ധമതസംബന്ധമായി ശ്രീഹർഷദേവനോ അദ്ദേഹത്തിന്റെ ആശ്രിതനായ ധാവകനോ ഉണ്ടാക്കിയ ഒരു നാടകം. വിദ്യാധരരാജാവായ ജീമൂതവാഹനൻ രാജ്യം ഉപേക്ഷിച്ചു പിതൃശുശ്രൂഷയ്ക്കായി കാട്ടിൽ പോകുന്നു. മലയപർവ്വതത്തിൽവെച്ചു ഗന്ധർവ്വരാജാവിന്റെ പുത്രിയെക്കണ്ടു അവളെ വിവാഹം ചെയ്യുന്നു. ഒരിക്കൽ നാഗരാജാവു ഗരുഡനു ദിനംപ്രതി ഒരു നാഗത്തെ കൊടുത്തുകൊള്ളാമെന്നു ഉടമ്പടി ചെയ്തതായി അറിഞ്ഞു മനസ്സലിഞ്ഞു, അന്നത്തെ നാഗത്തെ രക്ഷിക്കുവാൻ നിശ്ചയിച്ചുകൊണ്ടു അതിനുപകരം ചെല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. താൻ കൊന്നതു നാഗത്തെയല്ല ജീമൂതവാഹനനെയാണെന്നു ഗരുഡൻ വ്യസനിക്കയും അഹിംസയാണു ഉത്തമധർമ്മമെന്നു അറികയും ചെയ്യുന്നു. അനന്തരം ഗൗരിവന്നു ജീമൂതവാഹനനെ ജീവിപ്പിക്കുന്നു.

**നാഗാന്തകൻ** (അരാതി, അരി, അശനൻ, വാരികൻ)—ഗരുഡൻ.

**നാഗേന്ദ്രൻ**—൧. ഐരാവതം. ൨, ശേഷൻ.

**നാഗേശൻ**—൧. ശേഷൻ. ൨. പരിഭാഷേന്ദുശേഖരം മുതലായ പുസ്തകങ്ങളുടെ കർത്താവു്. ൩. പതഞ്ജലി.

**നാടകം**—രൂപകം, ഉപരൂപകം നോക്കുക.

**നാനാർത്ഥരത്നാകരം**—നാനാർത്ഥങ്ങളുള്ള സംസ്കൃതവാക്കുകളുടെ ഒരു നിഘണ്ടു. ദേവോത്തമൻ ഉണ്ടാക്കിയതു്.

**നാന്ദി**—നാടകങ്ങളുടെ ആരംഭത്തിലുള്ള ആശീർവ്വാദം.

**നാഭിജൻ** (ജന്മാ, ഭൂ)—ബ്രഹ്മാവു്.

**നാമം**—വൈഷ്ണവർ നെററിയിൽ ധരിക്കുന്ന അടയാളം. ഗോപിമുകളിൽനിന്നു കീഴോട്ടു രണ്ടു വെള്ളവരയും മദ്ധ്യത്തിൽ ചുവപ്പോ മഞ്ഞയോ വരയും; വെള്ളരേഖകൾ വിഷ്ണുവിന്റെ പാദങ്ങളും മദ്ധ്യരേഖ ലക്ഷ്മിയും ആകുന്നു. ഈ അടയാളം നെഞ്ഞത്തും തോളുകളുംകൂടെ ധരിക്കാറുണ്ടു്. വീട്ടുവാതുക്കലും വരയ്ക്കാറുണ്ടു്. ശൈവർ ഇതിനുപകരം തിലകവും കുറിയും വിഭൂതിയും ധരിക്കുന്നു.

**നാരദൻ**—സപ്തർഷികളിൽ ഒരുവനായ ഒരു പ്രജാപതി. ബ്രഹ്മാവിന്റെ നെററിയിൽനിന്നു (തുടയിൽനിന്നു) ജനിച്ചു എന്നും കശ്യപന്റെ പുത്രനാണെന്നും കണ്വകുലത്തിൽ ഉള്ളവനാണെന്നും പല കഥകളുണ്ടു്. ലോകത്തിൽ ജനങ്ങളെ ഉണ്ടാക്കുവാൻ ദക്ഷൻ ചെയ്ത ശ്രമങ്ങൾക്കു വിഘ്നം വരുത്തുകയാൽ രണ്ടാമതും നാരദൻ സ്ത്രീയിൽനിന്നു ജനിക്കണമെന്നു ദക്ഷൻ ശപിച്ചു. ബ്രഹ്മാവു മദ്ധ്യസ്ഥത പറകയാൽ ദക്ഷന്റെ ഒരു പുത്രിയിൽ ബ്രഹ്മാവിന്റെ പുത്രനായിത്തന്നെ ജനിച്ചു. അതുകൊണ്ടു് ബ്രാഹ്മണനെന്നും ദേവബ്രഹ്മാവു എന്നും പേരുകൾ സിദ്ധിച്ചു. നാരദൻ വീണയെ കണ്ടുപിടിച്ചു. സ്വർഗ്ഗത്തിലെ സംഗീതക്കാരായ ഗന്ധർവ്വരുടെ ഗുരുവാ

യി. ഒരിക്കൽ പാതാളത്തിൽ ചെന്നാറെ അവിടെ കണ്ടതെല്ലാം അവനെ ഏറ്റവും സന്തോഷിപ്പിച്ചുവത്രെ. നാരദൻ കൃഷ്ണന്റെ അവതാരത്തെക്കുറിച്ചു കംസനു മുന്നറിവു കൊടുത്തു. ഒരിക്കൽ ബ്രഹ്മാവു നാരദനോടു അവൻ വിവാഹം ചെയ്യണമെന്നു പറഞ്ഞപ്പോൾ ഭാഗ്യത്തിനുള്ള മാർഗ്ഗം കൃഷ്ണന്റെ സേവയാകകൊണ്ടു ബ്രഹ്മാവു ഒരു കള്ളഗുരുവാണെന്നു പറഞ്ഞു ബ്രഹ്മാവിനെ നിന്ദിച്ചു. അതുകൊണ്ടു നാരദൻ സ്ത്രീകൾക്കു അധീനനായി വിഷയാസക്തനായിത്തീരുമെന്നു ബ്രഹ്മാവു ശപിച്ചു. ബ്രഹ്മാവു തന്റെ സ്വന്തപുത്രിയിൽ പ്രേമംവെച്ചു് പൂജയ്ക്കു അയോഗ്യനായി തീരുമെന്നു നാരദൻ ബ്രഹ്മാവിനേയും ശപിച്ചു എന്നു നാരദപാഞ്ചരാത്രത്തിൽ ഒരു കഥയുണ്ടു്. നാരദനു് കപിവക്ത്രൻ, പിശുനൻ എന്നും അന്യോന്യം വിരോധങ്ങളെ ഉണ്ടാക്കിത്തീർക്കുന്നതിൽസമർത്ഥനാകകൊണ്ടു കലികാരകനെന്നും പേരുകളുണ്ടു്.

**നാരദപുരാണം**—വിഷ്ണുവിൽ ഭക്തി ജനിപ്പിക്കാനായി നൂതനമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഒരു പുസ്തകം പുരാണമെന്നു പേരല്ലാതെ സാക്ഷാൽ ഒരു പുരാണമല്ല.

**നാരായണൻ**—ഉപനിഷത്തുകൾപ്രകാരം പരബ്രഹ്മം. പ്രളയാനന്തരം വെള്ളത്തിന്മീതേ ആവസിച്ചു. പൊക്കിളിൽനിന്നു ഒരു താമര ഉത്ഭവിച്ചു. അതിൽ ബ്രഹ്മാവു ജനിച്ചു. വീണ്ടും സൃഷ്ടി ആരംഭിച്ചു. വിഷ്ണുവിന്റെ പേരായും ഉപയോഗിക്കാറുണ്ടു്. വെള്ളത്തിന്മീതേ ശേഷസർപ്പത്തിന്മേൽ കിടക്കുന്നു.

**നാരായണഭട്ടതിരിപ്പാടു, മേല്പത്തൂരു്**—കൊല്ലം എട്ടാംശതവർഷം പൊന്നാനി താലൂക്കിൽ ജനനം. നാരായണീയം പ്രധാനകൃതി. ഇതുകൂടാതെ പ്രക്രിയാസർവ്വസ്വം എന്നൊരു സംസ്കൃതവ്യാകരണവും അതിന്റെ അനുബന്ധമായി ധാതുക്കളെ ഉദാഹരിക്കുന്നതിനായി ധാതുകാവ്യവും, പാഞ്ചാലീസ്വയംവരം, ദക്ഷയാഗം, സ്വാഹാസുധാകരം, രാജസൂയം, സുഭദ്രാഹരണം, സ്യമന്തകം മുതലായ പ്രബന്ധങ്ങളും സംസ്കൃതത്തിൽ ഉണ്ടാക്കീട്ടുണ്ടു്,

**നാരായണീയം**—നാരായണഭട്ടതിരിപ്പാട്ടു് നോക്കുക.

**നാരായണൻ (ഭട്ട)**—വേണീസംഹാരത്തിന്റെ കർത്താവു്. ക്രിസ്താബ്ദം ഒമ്പതാംനൂറ്റാണ്ടിനു മുമ്പായി ജീവിച്ചിരുന്നു.

**നാലടിയാർ**—കുറളിനു തുല്യമായി വിചാരിച്ചുവരുന്ന ൪00 ശ്ലോകങ്ങൾ ഉള്ള ഒരു തമിഴ് സന്മാർഗ്ഗസൂത്രങ്ങൾ തമിഴ്സംഘത്തിലെ ഏതൊ ഒരു ജൈനകവി രചിച്ചതു നാനൂറുകവികൾകൂടി ഉണ്ടാക്കിയതെന്നും ഐതിഹ്യമുണ്ടു്.

**നാലായിരപ്രബന്ധം**—തിരുവായ്മൊഴി, ആഴ്വാർ നോക്കുക.

**നികഷാ**—ഒരു രാക്ഷസി, രാവണന്റെ അമ്മ.

**നികുംഭൻ**—൧. രാമനോടു യുദ്ധംചെയ്ത ഒരു രാക്ഷസൻ. കുംഭകർണ്ണന്റെ പുത്രൻ. ൨. വിഷ്ണുവിനാൽ മാത്രമെ കൊല്ലപ്പെട്ടു എന്നു ബ്രഹ്മാവിൽനിന്നു ഒരു വരം ലഭിച്ച ഒരു അസുരൻ. മന്ത്രശക്തികൊണ്ടു ഒരു സമയംതന്നെ പല രൂപങ്ങൾ എടുപ്പാൻ കഴിയുമായിരുന്നു. ബ്രഹ്മദത്തന്റെ പുത്രിമാരെ

മോഷ്ടിച്ചുകൊണ്ടുപോകകൊണ്ടു അയാൾ പലപ്രാവശ്യം അവനെ ഓരോരോ രൂപത്തിൽ കൊന്നു. ഒടുവിൽ കൃഷ്ണനാൽ മുഴവനെയും കൊല്ലപ്പെട്ടു.

**നിക്ഷുഭാ** — സൂര്യന്റെ ഭാര്യ.

**നിഗമം** — നാലുവേദങ്ങൾ. ആഗമം നോക്കുക.

**നിഘണ്ടു** — കോശം നോക്കുക.

**നിടലാക്ഷൻ** — ശിവൻ.

**നിദാഘൻ** — പുലസ്ത്യന്റെ പുത്രനായ ഒരു ബ്രാഹ്മണൻ. ഋഭുവിന്റെ ശിഷ്യൻ.

**നിദ്രാ** — ബ്രഹ്മാവിന്റെ സ്ത്രീരൂപമെന്നു ചിലരും പാലാഴിമഥനത്തിൽ ഉണ്ടായതെന്നു മറ്റു ചിലരും പറയുന്നു.

**നിദ്രാലു** — വിഷ്ണു.

**നിധി** — നവനിധികൾ നോക്കുക.

**നിധിശാസ്ത്രം** — കുഴിച്ചിടപ്പെട്ട നിധികൾ കണ്ടുപിടിക്കുന്നതിനെ പററിയുള്ള ശാസ്ത്രം.

**നിമി** — ഇക്ഷ്വാകുരാജാവിന്റെ പുത്രൻ. മിഥിലയിൽ വാണു. നിമിയും വസിഷ്ഠനും അന്യോന്യം ശപിക്കയാൽ ഇരുവരും ശരീരത്യാഗം ചെയ്യേണ്ടിവന്നു. വസിഷ്ഠൻ മിത്രാവരുണന്മാരുടെ പുത്രനായി ജനിച്ചു. നിമിയുടെ ശരീരം സുഗന്ധങ്ങൾ പൂശി രക്ഷിച്ചുവച്ചിരുന്നാറെ ശാശ്വതമായി അങ്ങിനെതന്നെ ഇരിക്കുമെന്നു വിചാരിപ്പാൻ സംഗതികണ്ടിട്ടു ദേവകൾ അവന്നു വീണ്ടും ജീവൻ കൊടുക്കാമെന്നു പറഞ്ഞു. എന്നാൽ ശരീരത്തോടുകൂടിയുള്ള ജീവൻ ദുഃഖാവഹമാകകൊണ്ടു നിമിക്കു പുനർജ്ജീവനം മനസ്സില്ലാഞ്ഞു, അതുകൊണ്ടു ദേവകൾ നിമിയെ എടുത്തു മനുഷ്യരുടെയും മററും കണ്ണുകളിൽ വെച്ചു, അതുകൊണ്ടാണപോൾ എല്ലാവരും സദാ കണ്ണടയ്ക്കയും തുറക്കയും ചെയ്തുകൊണ്ടിരിക്കുന്നതു.

**നിയമം** — ഒരു സാധാരണവ്രതമൊ പ്രതിജ്ഞയോ. യോഗാഭ്യാസത്തിൽ രണ്ടാംപടി. യമത്തെപ്പോലെ ചെയ്യണമെന്നു നിർബന്ധമില്ല. നിയമങ്ങൾ പത്തുണ്ടു.

ശൌചമിജ്യാതപോദാനം സ്വാദ്ധ്യായോപസ്ഥനിഗ്രഹഃ ।
വ്രതമൌനോപവാസംച സ്നാനംചനിയമാദശ. ॥

**നിരുക്തം** — ഒരു വേദാംഗം. വേദത്തിലെ കഠിനപദങ്ങളുടെ വ്യാഖ്യാനംകൊടുക്കുന്ന നിഘണ്ടു കോശം നോക്കുക.

**നിരൃതി** — മരണം. അധർമ്മത്തിന്റെ ഭാര്യയാണെന്നും, പുത്രിയാണെന്നും അഭിപ്രായങ്ങളുണ്ടു. അഷ്ടദിക്പാലകരിൽ ഒരാൾ.

**നിർവാണം** — ബുദ്ധരുടെ മോക്ഷം. വീണ്ടും ജനനം ഇല്ലാതെയാക.

**നിവാതകവചർ**—സമുദ്രത്തിൽ ജീവിക്കുന്ന ഒരുകൂട്ടം ദൈത്യർ—൩൦,൦൦൦,൦൦൦ പേർ ഉണ്ടായിരുന്നു. അവരെ അർജ്ജുനൻ നശിപ്പിച്ചുകളകയും ചെയ്തു.

**നിശുംഭൻ**—ദുർഗ്ഗാദേവി കൊന്ന ഒരു അസുരൻ.

**നിഷധരാജ്യം**—നളൻെറ രാജ്യം.

**നിഷാദർ**—വേണൻെറ തുടയിൽനിന്നുത്ഭവിച്ച ഒരു ഹീനജാതി—ബ്രാഹ്മണരാൽ ശൂദ്രസ്ത്രീകളുടെ മക്കൾ.

**നീതിനെറിവിളക്കം**—കുറളിനെ അനുകരിച്ചു നാലു പുരുഷാർത്ഥങ്ങളെപ്പററി കമാരഗുരു പരദേശികൻെറ ഒരു തമിഴ് സന്മാർഗ്ഗകാവ്യം.

**നീതിമഞ്ജരി**—സന്മാർഗ്ഗവിഷയമായ സംസ്കൃത ശ്ലോകങ്ങൾ. ഋഗ്വേദത്തിൽ നിന്നെടുത്തിട്ടുള്ള കഥകളാൽ ഉദാഹരിച്ചിട്ടുണ്ട്.

**നീതിസാരം**—ഘടകർപ്പരൻെറ സന്മാർഗ്ഗോപദേശങ്ങളടങ്ങിയ ഒരു ചെറിയ സംസ്കൃതകാവ്യം ഒരു സിംഹവും പന്നിയും തമ്മിൽ ഉള്ള സംഭാഷണമായിട്ടാണ്.

**നീലകണ്ഠൻ**—അപ്പയ്യദീക്ഷിതരുടെ കുലത്തിൽ ജാതനായ ഒരു കവി. നീലകണ്ഠവിജയം എന്നൊരു ചമ്പുവും ശിവലീലാർണ്ണവം എന്നു ശിവൻെറ ലീലകൾ വർണ്ണിക്കുന്ന ഒരു ദീർഘകാവ്യവും ഗംഗ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിൽ വന്നതിൻെറ വിവരണമായ ഗംഗാവതരണവും, കലിവിഡംബനം, സഭാരഞ്ജനം, അന്യാപദേശശതകം, എന്ന ലഘുകാവ്യങ്ങളും ഈ കവിയുടെ കൃതികളാണ്.

**നീലൻ**—ശ്രീരാമൻെറ സൈന്യത്തിലുണ്ടായിരുന്ന ഒരു വാനരയോദ്ധാവു.

**നീലകണ്ഠൻ, നീലലോഹിതൻ**—സമുദ്രമഥനത്തിൽ കിട്ടിയ വിഷം കുടിച്ചിട്ടു കണ്ഠം നീലമായിപ്പോയതിനാൽ ശിവൻെറ പേരു്.

**നീലകണ്ഠസന്ദേശം**—കാളിദാസൻെറ മേഘസന്ദേശത്തെ അനുകരിച്ചു പുന്നശ്ശേരി ശ്രീധരൻനമ്പി ഉണ്ടാക്കിയ ഒരു സംസ്കൃതകാവ്യം.

**നീലകരദൻ**—ഗരുഡൻ.

**നീലമണി (മാധവൻ)**—കൃഷ്ണൻ.

**നൃഗൻ**—വൈവസ്വതമനുവിൻെറ ഒരു പുത്രൻ. ബ്രഹ്മാവിനാൽ ശപിക്കപ്പെട്ടിട്ടു ഒരു ഓന്തായിത്തീൎന്നു.

**നേത്രയോനി**—ഇന്ദ്രൻ. ഗൌതമമുനിയുടെ ശാപത്താൽ ഈ പേരു സിദ്ധിച്ചു.

**നേമിദൂതം**—വിക്രമനെന്നൊരു കവി ഉണ്ടാക്കിയതു. നേമി ലോകം ഉപേക്ഷിച്ചു കാളിദാസന്റെ യക്ഷൻ പാൎത്ത ആശ്രമത്തിൽ തന്നെ പോയി പാൎത്തു. നേമിയുടെ ഭാൎയ്യ ഒരു പൎവ്വതം മുഖാന്തരം ഭൎത്താവിനയച്ച സന്ദേശമാകുന്നു ഇതിലെ വിഷയം. സമസ്യാപൂരണസാമൎത്ഥ്യത്തിന്റെ ഒരു ഉത്തമദൃഷ്ടാന്തം. എല്ലാശ്ലോകത്തിന്റേയും നാലാം പാദം മേഘസന്ദേശത്തിലെ ശ്ലോകങ്ങളുടെ നാലാം പാദം ആകുന്നു.

**നൈകഷേയർ**—രാവണന്റെ അമ്മയായ നികഷയിൽ നിന്നുണ്ടായ മാംസഭോജികളായ പിശാചുക്കൾ.

**നൈമിഷാരണ്യം**—സൌതി ഋഷികൾക്കു മഹാഭാരതം ഉപദേശിച്ച സ്ഥലമായ ഗോമതീതീരത്തിലെ ഒരു വനം. ഇവിടെവെച്ചു ഗൌരമുഖൻ എന്ന ഋഷി ഒരു അസുരസൈന്യത്തെ ഒരു നിമിഷത്തിൽ നശിപ്പിച്ചു.

**നൈഷധം**—ശ്രീഹൎഷൻ ഉണ്ടാക്കിയ നളന്റെ ചരിത്രം മഹാകാവ്യങ്ങളിൽ ഒന്നു. ഇപ്പോൾ ൨൨ സൎഗ്ഗങ്ങൾ ഉണ്ടു. ൧൨൦ സൎഗ്ഗങ്ങൾ ഉണ്ടായിരുന്നു എന്നു ഐതിഹ്യം. നൈഷധീയചരിതം എന്നും പറയും. നളൻ, നളചരിതം, നോക്കുക.

**ന്യായം**—ഷഡ്ദൎശനങ്ങളിൽ ഒന്നു. ഗൌതമമുനി സ്ഥാപിച്ചതു. ഇതിന്റെ തത്വങ്ങളെപ്പറ്റി ഗൌതമന്റെ ന്യായസൂത്രങ്ങൾ, അവയുടെ വ്യാഖ്യാനമായ ന്യായസൂത്രവൃത്തി, തൎക്കസംഗ്രഹം, ഭാഷാപരിച്ഛേദം അതിന്റെ വ്യാഖ്യാനമായ സിദ്ധാന്തമുക്താവലി ഇത്യാദി പുസ്തകങ്ങളാണു പ്രധാനമായുള്ളവ. ഉദയനാചാൎയ്യന്റെ കുസുമാഞ്ജലി ഈ ദൎശനത്തിന്റെ ഒരു നല്ല സംഗ്രഹമാകുന്നു.

## പ

**പക്ഷം**—കറുത്തവാവുമുതൽ വെളുത്തവാവുവരെ ശുക്ലപക്ഷം, വെളുത്തവാവുമുതൽ കറുത്തവാവുവരെ കൃഷ്ണപക്ഷം. പുരട്ടാശിമാസത്തിലെ കൃഷ്ണപക്ഷം മഹാലയപക്ഷം.

**പക്ഷിപ്രവരൻ (ഇന്ദ്രൻ, രാജാവു സ്വാമി)**—ഗരുഡൻ.

**പക്ഷിപുംഗവൻ**—ജടായുസ്സ്.

**പങ്‌ക്തിഗ്രീവൻ**—രാവണൻ.

**പങ്‌ക്തിരഥൻ**—ദശരഥൻ.

**പഞ്ചകൎമ്മങ്ങൾ**—അഞ്ചുവിധം ചികിത്സകൾ; വമനം, രേചനം, നസ്യം, അനുവാസനം, നിരൂഹം:

**പഞ്ചകോശങ്ങൾ**—ആത്മാവിനെ ചുറ്റിയിട്ടുള്ള അഞ്ചു കോശങ്ങൾ; അന്നമയകോശം പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം, ആനന്ദമയകോശം. ഇവയിൽ അന്നമയകോശം സ്ഥൂലശരീരം, അ

നന്ദമയകോശം, കാരണശരീരം, ബാക്കിമൂന്നും സൂക്ഷ്മശരീരം ഇവയിൽനിന്നുള്ള സ്വാതന്ത്ര്യം മോക്ഷം.

**പഞ്ചഗവ്യം** — ക്ഷീരം ദധിതഥാ ചാജ്യം മൂത്രം ഗോമയമേവ ച.

**പഞ്ചഗുണങ്ങൾ** — രൂപം, രസം, ഗന്ധം, സ്പർശം, ശബ്ദം.

**പഞ്ചഗൌഡം** — വിന്ധ്യന്റെ വടക്കുള്ള രാജ്യങ്ങൾ. കന്യാകുബ്ജം, ഗൌഡം, മിഥിലാ, ഉൽകലാ, സാരസ്വതം. പഞ്ചദ്രാവിഡം നോക്കുക.

**പഞ്ചചൂഡാ** — രംഭാ.

**പഞ്ചജനൻ** — ഒരു ശംഖിന്റെ രൂപത്തിൽ സമുദ്രത്തിൽ വസിച്ചിരുന്ന ഒരു രാക്ഷസൻ കൃഷ്ണന്റെ ഗുരുവായ സാന്ദീപനിയുടെ മകനെ പിടിക്കകൊണ്ടു കൃഷ്ണൻ അവനെ കൊന്നു കുട്ടിയെ രക്ഷിക്കയും ശംഖു് എടുത്തു് തന്റെ കാഹളമായിട്ടു ഉപയോഗിക്കയും ചെയ്തു.

**പഞ്ചജനങ്ങൾ** — ൧. ദേവകൾ, മനുഷ്യർ, ഗന്ധർവർ, നാഗങ്ങൾ, പിതൃക്കൾ, ൨. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ, നിഷാദർ.

**പഞ്ചതത്വം** — പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം..

**പഞ്ചതന്ത്രം** — വിഷ്ണുശർമ്മാവുണ്ടാക്കിയ ഒരു കഥാപുസ്തകം, ഒരു രാജാവിന്റെ പുത്രന്മാർ വിദ്യാഭ്യാസത്തിൽ വിമുഖന്മാരായിരുന്നു. അവരെ രാജ്യതന്ത്രം പഠിപ്പിക്കാൻ ഉണ്ടാക്കിയതു്. മിത്രഭേദം, സുഹൃല്ലാഭം, സന്ധിവിഗ്രഹം, ലബ്ധനാശം, അസംപ്രേക്ഷ്യകാരിത്വം ഇങ്ങനെ അഞ്ചു തന്ത്രങ്ങളായി ഭാഗിച്ചിട്ടുള്ളതുകൊണ്ടു പഞ്ചതന്ത്രം എന്നു പേർ. അറബി, പാർസി, എബ്രായ ലത്തീൻ മുതലായ പല ഭാഷകളിലും പണ്ടേതന്നെ തർജ്ജമചെയ്തിട്ടുണ്ടു്. ആധുനിക പ്രധാന ഭാഷകളിൽ മിക്കതിലും ഉണ്ടു്. മലയാളത്തിൽ കുഞ്ചൻനമ്പ്യാരും കല്ലേങ്ങര രാഘവപ്പിഷാരടിയും കിളിപ്പാട്ടായി തർജ്ജമ ചെയ്തിട്ടുണ്ടു്. ഹിതോപദേശം നോക്കുക.

**പഞ്ചതപസ്സ്** — വേനൽക്കാലത്തിൽ നാലു അഗ്നികളുടെമദ്ധ്യത്തിൽ തലയ്ക്കു വെയിലുംകൊണ്ടു കൊണ്ടിരുന്നു തപസ്സുചെയ്യുന്നവൻ.

**പഞ്ചദേവതകൾ** —

ആദിത്യംഗണനാഥം ച ദേവീംരുദ്രംചകേശവം।
പഞ്ചദൈവതമിത്യുക്തം സർവകർമ്മസുപൂജയേൽ॥

**പഞ്ചദ്രാവിഡം** — വിന്ധ്യന്റെ തെക്കുള്ള രാജ്യങ്ങൾ. ദ്രാവിഡം, കർണ്ണാടം, ഗുർജ്ജരം, മഹാരാഷ്ട്രം, തൈലംഗം. പഞ്ചഗൌഡം നോക്കുക.

**പഞ്ചപക്ഷിശാസ്ത്രം** — പുള്ളു, ചെമ്പോത്തു (ഉപ്പൻ), കോഴി, കാക്ക, മയിൽ ഇവയെ നോക്കി ലക്ഷണം പറയുന്ന ശാസ്ത്രം.

**പഞ്ചപർവ്വങ്ങൾ** —

ചതുർദ്ദശ്യഷ്ടമീചൈവ അമാവാസ്യാ ച പൂർണ്ണിമാ।
പർവാണ്യേതാനി രാജേന്ദ്ര രവിസംക്രാന്തിരേവ ച॥

**പഞ്ചപിതൃക്കൾ**—

ജനകശ്ചോപനേതാ ച യശ്ചകന്യാംപ്രയച്ഛതി।
അന്നദാതാഭയത്രാതാപഞ്ചൈതേപിതരഃസ്മൃതാഃ॥

**പഞ്ചപ്രാണങ്ങൾ**—പ്രാണവായു, അപാനവായു, വ്യാനവായു, ഉദാനവായു, സമാനവായു

**പഞ്ചബാണങ്ങൾ**—(ശരം, ഇഷു), കാമദേവന്റെ

൧. അരവിന്ദമശോകംച ചൂതംചനവമല്ലികാ।
നീലോല്പലംചപഞ്ചൈതേപഞ്ചബാണസ്യസായകാഃ॥

൨. സമ്മോഹനോന്മാദനൌചശോഷണസ്താപനസ്തഥാ
സ്തംഭനശ്ചേതികാമസ്യ പഞ്ചബാണാഃ പ്രകീർത്തിതാഃ॥

**പഞ്ചബാഹു**—ശിവൻ.

**പഞ്ചഭൂതം**—പഞ്ചതത്വം നോക്കുക.

**പഞ്ചമകാരം (പഞ്ചതത്വം)**—തന്ത്രികൾക്കു അവരുടെ പൂജയ്ക്കു ആവശ്യമുള്ളവയും മകാരത്തിൽ തുടങ്ങുന്നവയും ആയ അഞ്ചു വസ്തുക്കൾ മദ്യം മാംസം, മത്സ്യം, മുദ്രാ, മൈഥുനം,

**പഞ്ചമഹാപാതകങ്ങൾ**—

ബ്രഹ്മഹത്യാസുരാപാനം സ്തേയം ഗുർവംഗനാഗമഃ
മഹാന്തിപാതകാന്യാഹു സ്തത്സം സർഗ്ഗശ്ച പഞ്ചമഃ

**പഞ്ചമഹായജ്ഞങ്ങൾ**—മഹായജ്ഞങ്ങൾ നോക്കുക.

**പഞ്ചരത്നങ്ങൾ**—

൧. നീലകംവജ്രകംചേതി പത്മരാഗശ്ചമൌക്തികം।
പ്രവാളംചേതിവിജ്ഞേയം പഞ്ചരത്നംമനീഷിഭിഃ॥

൨. സുവർണ്ണംരജതംമുക്താരാജാവർത്തംപ്രവാളകം।
രത്നപഞ്ചകമാഖ്യാതം ഋഷിഭിഃപൂർവ്വദർശിഭിഃ॥

൩. കനകംഹീരകംനീലം പത്മരാഗശ്ചമൌക്തികം।
പഞ്ചരത്നമിദംപ്രോക്തം ഋഷിഭിഃപൂർവ്വദർശിഭിഃ॥

൪. മഹാഭാരതത്തിലെ അഞ്ചു പ്രധാനകഥകൾ.

**പഞ്ചലക്ഷണങ്ങൾ**—പുരാണങ്ങളുടെ.

സർഗ്ഗശ്ചപ്രതിസർഗ്ഗശ്ച വംശോമന്വന്തരാണിച।
വംശാനുചരിതംചൈവ പുരാണംപഞ്ചലക്ഷണം॥

**പഞ്ചവടി**—ഗോദാവരീതീരത്തിൽ ശ്രീരാമൻ സീതയോടുകൂടി അധികനാൾ വസിച്ചിരുന്ന സ്ഥലം.

പഞ്ചവൃക്ഷങ്ങൾ, സ്വർഗ്ഗത്തിലെ—മന്ദാരം, പാരിജാതകം, സന്താനം, കല്പവൃക്ഷം, ഹരിചന്ദനം.

പഞ്ചശതി—കാഞ്ചിയിലെ മൂകൻ എന്നൊരു കവി ഉണ്ടാക്കിയ ഒരു സംസ്കൃതകാവ്യം. ആര്യാ, പാദാരവിന്ദ, സ്തുതി, കടാക്ഷ, മന്ദസ്മിതശതകങ്ങൾ; ഇങ്ങനെ അഞ്ചു ശതകങ്ങളടങ്ങിയ ദേവീസ്തുതിയാകുന്നു.

പഞ്ചശുദ്ധി—ശൈവരുടെ ശുദ്ധീകരണമാർഗ്ഗങ്ങൾ സ്നാനം, മന്ത്രം, അഭിഷേകം, ലിംഗപൂജ, ജപം.

പഞ്ചസിദ്ധാന്തികാ—അഞ്ചു ജ്യോതിശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ സംക്ഷേപം. വരാഹമിഹിരൻ ഉണ്ടാക്കിയതു്.

പഞ്ചസുഗന്ധകം—

> കർപ്പൂരകക്കോലലവംഗപുഷ്പ ഗുവാകജാതീഫലപഞ്ചകേന।
> സമാംശഭാഗേന ച യോജിതേന മനോഹരം പഞ്ചസുഗന്ധകംസ്യാൽ॥

പഞ്ചാക്ഷരം—ശൈവരുടെ മന്ത്രം. നമശ്ശിവായ.

പഞ്ചാഗ്നികൾ—ദക്ഷിണം, ഗാർഹപത്യം, ആഹവനീയം, സഭ്യം, ആവസഥ്യം.

പഞ്ചാംഗം—തിഥി, വാരം, നക്ഷത്രം, യോഗം, കരണം ഇവയടങ്ങിയിട്ടുള്ള പുസ്തകം.

പഞ്ചാപ്സരസ്സ്—മന്ദകർണ്ണിമുനി സൃഷ്ടിച്ച ഒരു തടാകം.

പഞ്ചാമൃതം—ദുഗ്ദ്ധം, ച ശർക്കരാ ചൈവ ഘൃതം ദധി തഥാ മധു.

പഞ്ചായുധം—വിഷ്ണുവിന്റെ അഞ്ചു ആയുധങ്ങൾ. ചക്രം, ധനുസ്സ്, ഖഡ്ഗം, ഗദ, ശംഖ്.

പഞ്ചാവയവങ്ങൾ—തൎക്കത്തിൽ പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയം, നിഗമനം.

പഞ്ചാനനൻ(ആസ്യൻ, മുഖൻ, വകത്രൻ)—ശിവൻ. ശിവന്റെ ഓരോ മുഖത്തിൽനിന്നു ഓരോ ആമ്നായം (ശാസ്ത്രം) പുറപ്പെട്ടു.

പഞ്ചികാ—മനുഷ്യരുടെ പ്രവൃത്തികളെ എഴുതിവെയ്ക്കുന്ന യമന്റെ പുസ്തകം.

പടീരൻ—കാമദേവൻ.

പതഞ്ജലി—യോഗം സ്ഥാപിച്ച ഒരു ഋഷി. മഹാഭാഷ്യത്തിന്റെ

കൎത്താവു്. പാണിനിയുടെ ഉള്ളങ്കൈയിൽ ഒരു ചെറിയ സൎപ്പമായി സ്വൎഗ്ഗത്തിൽനിന്നും വീണതുകൊണ്ടു് പതഞ്ജലി എന്നു പേരുവന്നു.

പത്മം—കുബേരന്റെ നവനിധികളിൽ ഒന്നു്.

പത്മൻ—രാമൻ.

പത്മനാഭസ്വാമി—തിരുവിതാംകൂറിൽ വിഷ്ണുവിന്റെ പേരു. തിരുവനന്തപുരത്തു പത്മനാഭസ്വാമിക്ഷേത്രം.

പത്മാ—ലക്ഷ്മീ, പത്മാലയാ, പത്മകരാ, പത്മഹസ്താ, പത്മവാസാ.

പത്മാക്ഷൻ—(കരൻ, ഹസ്തൻ, ഗൎഭൻ, നാഭൻ, പാണി, ഹാസൻ) വിഷ്ണു.

പത്മാവതി—൧. ലക്ഷ്മീ ൨. വിന്ധ്യപൎവ്വതത്തിലുള്ള ഒരു നഗരം.

പത്മാസനൻ (ഗൎഭൻ, ഭാസൻ)—ശിവൻ.

പത്മലാഞ്ഛനൻ—കുബേരൻ.

പത്മലാഞ്ഛനാ—൧. ലക്ഷ്മീ ൨. സരസ്വതീ ൩. താരാ.

പത്മസ്നുഷാ—൧. ഗംഗാ ൨. ലക്ഷ്മീ. ൩. ദുൎഗ്ഗാ.

പത്മകല്പം—ബ്രഹ്മാവിന്റെ ഒടുവിൽ കഴിഞ്ഞ കല്പവൎഷം.

പത്മപുരാണം—പുരാണങ്ങളിൽ രണ്ടാമത്തേതു വൈഷ്ണവം ഇതിൽ വിഷ്ണുവിന്റെ ഗുണങ്ങളെ ശിവൻ പാൎവ്വതിയെ വൎണ്ണിച്ചുകേൾപ്പിക്കുന്നു.

പപ്പുപിള്ള, കെ. ബി, എ—ഒരു തഹസിൽദാരായിരുന്നു. അനേകം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടു്. പ്രധാനം രത്നാംഗുലീയം എന്ന നോവൽ.

പമ്പാ—ദണ്ഡകാരണ്യത്തിലെ ഒരു തടാകം. നദി.

പയോഷ്ണീ—വിന്ധ്യാപൎവ്വതത്തിൽനിന്നുത്ഭവിക്കുന്ന ഒരു നദീ.

പയ്യനൂർപട്ടോല—ഉത്തരകേരളത്തിൽ ഉള്ള ഒരു പഴയ പാട്ടു. നൂറിലധികം ശ്ലോകങ്ങളുണ്ടു. രാമചരിതത്തെക്കാൾ പുരാതനം.

പരം—ബ്രഹ്മാവിന്റെ ആയുഷ്കാലം. നൂറു ബ്രഹ്മവൎഷം.

പരവാണി—കാൎത്തികേയന്റെ മയിലു്.

പരഞ്ജനൻ (പരഞ്ജയൻ)—വരുണൻ.

പരഞ്ജം—ഇന്ദ്രന്റെ വാളു്.

പരബ്രഹ്മം—പരാപരവസ്തു. ആത്മാവു പുനൎജ്ജന്മം ഇല്ലാതാകുമ്പോൾ പരബ്രഹ്മത്തിൽ ലയിക്കുന്നു. ശങ്കരാചാൎയ്യരുടെ കാലംമുതൽ ശിവന്റെ പേരായി ഉപയോഗിക്കാറുണ്ടു്. ആധുനികകാലങ്ങളിൽ ശ്രീരാമനെപ്പറ്റിയും-

പരബ്രഹ്മം എന്നു പറയാറുണ്ട്. അപ്പോൾ സീതയ്ക്കു പരാശക്തി എന്നും പേർ പറയും.

**പരമഹംസൻ**—യോഗത്താൽ ഇന്ദ്രിയങ്ങളെ ജയിച്ചവൻ.

**പരമാത്മാവു**—വിശ്വത്തിന്റെ ആത്മാവു. പരബ്രഹ്മം, പരാപര വസ്തു നോക്കുക. മനുഷ്യന്റെ ആത്മാവു ജീവാത്മാവു. ഇവ ഒന്നോ രണ്ടോ എന്നുള്ള വാദമാണു ദ്വൈതവും അദ്വൈതവും.

**പരമാണു**—ഏററവും ചെറിയ അണു. മുപ്പതു പരമാണുക്കൾ സൂര്യ രശ്മിയിലെ ഒരു പൊടി.

**പരമാൎത്ഥം**—ആത്മാവിനെപററിയുള്ള സൂക്ഷ്മജ്ഞാനം. ലോകജ്ഞാനമില്ലാത്ത വിഡ്ഢികൾക്കും പറയും. പരമാൎത്ഥഗുരുകഥ വീരമാമുനിയുടെ ഒരു തമിഴ് പുസ്തകമാണ്.

**പരമേശ്വരൻ**—൧. വിഷ്ണു. ൨. ശിവൻ. ൩. ഇന്ദ്രൻ. ൪. പരബ്രഹ്മം.

**പരമേഷ്ഠി**—൧. വിഷ്ണു. ൨. ശിവൻ. ൩. ബ്രഹ്മാവു്. ൪. ഗരുഡൻ. ൫. അഗ്നി.

**പരശു**—പരശുരാമന്റെ ആയുധം.

**പരശുരാമൻ**—വിഷ്ണുവിന്റെ ആറാമത്തെ അവതാരം. ത്രേതായുഗത്തിന്റെ ആരംഭത്തിങ്കൽ രേണുകയിൽ ജമദഗ്നിയുടെ പുത്രനായി ജനിച്ചു. ബാല്യത്തിൽ ശിവൻ ആയുധശാസ്ത്രം പഠിപ്പിച്ചു ഒരു പരശു സമ്മാനം കൊടുത്തു. ജമദഗ്നിയുടെ കല്പനപ്രകാരം മാതാവിനെ കൊന്നു. ഒരിക്കൽ കാൎത്തികേയനോടുള്ള മത്സരം നിമിത്തം ക്രൌഞ്ചപൎവ്വതം പിളൎന്നു കളഞ്ഞു. കാൎത്തവീൎയ്യനെ കൊന്നതിനു അവന്റെ മക്കൾ ജമദഗ്നിയെ കൊല്ലുകയും അതുനിമിത്തം പരശുരാമൻ ഇരുപത്തൊന്നു പ്രാവശ്യം ക്ഷത്രിയരെയെല്ലാം ലോകത്തിൽനിന്നു നശിപ്പിച്ചു അവരുടെ രക്തംകൊണ്ടു സമന്തപഞ്ചകം എന്ന തടാകങ്ങൾ നിറയ്ക്കയും ചെയ്തു രാമചന്ദ്രൻ ശിവന്റെ വില്ലു മുറിക്കകൊണ്ടു പരശുരാമനും രാമചന്ദ്രനും തമ്മിൽ യുദ്ധം ഉണ്ടാകയും പരശുരാമൻ തോററുപോകയും ചെയ്തു. കേരളം പരശുരാമൻ സമുദ്രത്തിൽ നിന്നു കരയാക്കി എടുത്തതാണെന്നു ഒരു കഥയുണ്ട്. പരശുരാമൻ ഒരു ചിരഞ്ജീവിയാണ്. ഇപ്പോഴും മഹേന്ദ്രഗിരിയിൽ തപസ്സുചെയ്തുകൊണ്ടിരിക്കയാണത്രേ. പരശുരാമനു ഖണ്ഡപരശു എന്നും നൃക്ഷത്രൻ എന്നും പേരുകളുണ്ട്. രേണുക നോക്കുക.

**പരശുരാമമാഹാത്മ്യം**—പരശുരാമന്റെ ബാല്യംമുതൽക്കുള്ള ചരിത്രം. ബ്രഹ്മാണ്ഡപുരാണത്തിൽ ഉള്ളതു്. വരുണനോടു, ആനു എയ്തു വീണടത്തോളം സ്ഥലം മേടിച്ചതും ഇതിൽ ഉണ്ട്. അവിടെ ബ്രാഹ്മണരെക്കൊണ്ടു വന്നു പാൎപ്പിച്ചു. കേരളോല്പത്തിൽ ബ്രാഹ്മണരെക്കൊണ്ടുവന്നതു മയൂരവൎമ്മനാണ്.

**പരശുരാമശകം**—കൊല്ലവർഷം. തിരുവിതാംകൂറിൽ ചിങ്ങം ൧-ാം

തീയതിയും മലബാറിൽ കന്നി ൧-ാം തീയതിയും ആരംഭം. ക്രിസ്ത്വാബ്ദം ൮൨൫-ൽ ആരംഭിച്ചു.

**പരശുരാമസൃഷ്ടി**—കേരളം. ഗോകർണ്ണം മുതൽ കന്യാകുമാരി വരെ പശ്ചിമഘട്ടത്തിനു പടിഞ്ഞാറുള്ള സ്ഥലം. പരശുരാമൻ നോക്കുക.

**പരാപരവസ്തു**—പരബ്രഹ്മം—രൂപങ്ങൾ പലവിധത്തിലുള്ളു. ഉള്ളടത്തു ശൈവർ അവരുടെ തത്വങ്ങൾ അനുസരിച്ചും വൈഷ്ണവർ അവരുടെ തത്വങ്ങൾ അനുസരിച്ചും ഉണ്ടാക്കുന്നു ആരാധനയ്ക്കു വിഷയമല്ല. തലയിൽ സൂര്യചന്ദ്രന്മാർ മകുടം. ഇരുവശവും പന്ത്രണ്ടു ലോകങ്ങളുടെ പടമുള്ള വസ്ത്രം കൊണ്ടു മൂടപ്പെട്ടിരിക്കുന്നു ലോകങ്ങൾ നെഞ്ചത്താണ്. മുകളിലത്തേതിൽ ബ്രഹ്മാവും സരസ്വതിയും ദേവേന്ദ്രനും നില്പുണ്ട്. താഴത്തേതിൽ ദേവേന്ദ്രൻ ഇരിക്കുന്നു. അതിനു താഴെ ശരീരത്തിൽ വൈകുണ്ഠം. അവിടെ വിഷ്ണു ലക്ഷ്മിയോടും ഭൂമിദേവിയോടുംകൂടെ ഇരിക്കുന്നു. അതിനു താഴെ കൈലാസം. അവിടെ ശിവൻ പാർവ്വതിയോടും നന്ദികേശ്വരനോടും കൂടെ ഇരിക്കുന്നു. സുബ്രഹ്മണ്യൻ, ഗണേശൻ മുതലായവരും ഉണ്ട്. ഇതിൽ എല്ലാംകൂടെ മഹാമേരു കടന്നുപോകുന്നു. അതിന്റെ കൊടുമുടി മകുടം കടന്നുനില്ക്കുന്നു. താഴെ പരബ്രഹ്മത്തെ അഷ്ടദിഗ്ഗജങ്ങളും അഷ്ടസർപ്പങ്ങളും വഹിച്ചുകൊണ്ടു കൂർമ്മത്തിന്മേൽ നിൽക്കുന്നു. കൂർമ്മത്തിനു താഴെ പരബ്രഹ്മത്തിന്റെ പാദങ്ങൾ കാണാം. എല്ലാറ്റിനും ആധാരം പരബ്രഹ്മമെന്നു അർത്ഥം.

**പരാപര**—പാർവ്വതി.

**പരാശക്തി**—പരാപരവസ്തുവിന്റെ ശക്തിയായ സ്ത്രീ.

**പരാശരൻ**—കപിലന്റെ ശിഷ്യനായ ഒരു ഋഷി. സത്യവതിയിൽ കൃഷ്ണദ്വൈപായനന്റെ (വ്യാസന്റെ) പിതാവ്. കല്മാഷപാദരാജാവ് ശക്തിയെ വഴിയിൽനിന്നു മാറിനില്ക്കാഞ്ഞതുകൊണ്ടു അടിക്കയും അതുകൊണ്ടു ശക്തി ശപിക്കയാൽ ഒരു രാക്ഷസനായി തീരുകയും ഉടൻതന്നെ ശക്തിയെ ഭക്ഷിച്ചുകളകയും ചെയ്തു. ശക്തിയുടെ മരണശേഷം അവന്റെ ഭാര്യയായ അദൃശ്യന്തി പരാശരനെ പ്രസവിച്ചു പരാശരൻ തന്റെ പിതാവ് മരിച്ച വിവരം കേട്ടാറെ രാക്ഷസന്മാരെ എല്ലാം കൊല്ലുന്നതിനായി ഒരു യാഗം നിശ്ചയിച്ചു. എന്നാൽ വസിഷ്ഠനും മറ്റും കൂടി അവനെ അതിൽനിന്നു വിരമിപ്പിച്ചു.

**പരിക്ഷിൽ**—ഉത്തരയിൽ അഭിമന്യുവിന്റെ പുത്രൻ. അർജ്ജുനന്റെ പൌത്രൻ ഗർഭത്തിൽവെച്ചുതന്നെ അശ്വത്ഥാമാവ അവനെ കൊന്നുകളഞ്ഞതുകൊണ്ടു ഉതനായിജനിച്ചു എന്നാൽ കൃഷ്ണൻ അവനെ ജീവിപ്പിച്ചു. യുധിഷ്ഠിരന്റെശേഷം ഹസ്തിനപുരത്തിൽ രാജാവായി. വിഷംതീണ്ടി മരിച്ചു.

**പരിവ്രാജകൻ**—നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ.

**പരീക്ഷിൽ**—പരിക്ഷിൽ.

**പർജന്യൻ**—൧. ഇന്ദ്രൻ. (മഴയുടെ ദേവൻ) ൨. വിഷ്ണു.

**പർവ്വം**—മഹാഭാരതത്തിൽ ഓരോ അദ്ധ്യായത്തിനു പേര്. അദ്ധ്യായ

ത്തിന്നു ഉല്ലാസം സമുദ്രം, ദീപം, സ്തബകം, ഇത്യാദി പല പേരുകൾ ഉപയോഗിക്കാറുണ്ട്.

**പർശുപാണി** — ൧. ഗണേശൻ ൨. പരശുരാമൻ.

**പലവേശം** — അക്രമിയും മോഷ്ടാവുമായ ഒരു മറവൻ. ഇപ്പോൾ തിരുനൽവേലിയിലെ ചാന്നാന്മാരുടെ ഒരു "ദൈവം"

**പവണന്തി** — നന്നൂലിന്റെ കർത്താവു. ജൈനൻ ആയിരുന്നു.

**പവനാത്മജൻ (തനയൻ സുതൻ)** — ൧. ഹനുമാൻ ൨. ഭീമൻ.

**പവനവ്യാധി** — കൃഷ്ണന്റെ സഖിയും ആലോചനക്കാരനുമായ ഉദ്ധവൻ

**പവി:** — ഇന്ദ്രന്റെ വജ്രായുധം.

**പശുഗായത്രി** — ബലി കഴിക്കാൻപോകുന്ന മൃഗത്തിന്റെ ചെവിയിൽ ചൊല്ലിക്കൊടുക്കുന്ന ഒരു മന്ത്രം:

**പശുനാഥൻ (പതി)** — ശിവൻ.

**പശുപതിപാശം** — ജീവൻ, ഈശ്വരൻ, മായ ഇവയെ സൂചിപ്പിക്കുന്ന ഒരു സംജ്ഞ.

**പഹ്ളവർ, പഹ്ളികർ** — മഹാഭാരതപ്രകാരം വസിഷ്ഠന്റെ പശുവിന്റെ വാലിൽനിന്നും രാമായണപ്രകാരം അവളുടെ ശ്വാസത്തിൽനിന്നും ഉണ്ടായ ഒരു ജാതി.

**പാകശാസനൻ** — ഇന്ദ്രൻ.

**പാകശാസനി** — ൧. ജയന്തൻ. ൨. ബാലി. ൩. അർജ്ജുനൻ.

**പാഞ്ചജന്യം** — കൃഷ്ണന്റെ ശംഖ്. പഞ്ചജനരാക്ഷസനെ കൊന്നെടുത്തത്.

**പാഞ്ചരാത്രം** — വൈഷ്ണവരുടെ ഒരു പ്രധാനഗ്രന്ഥം. ഇതിൽ വാസുദേവനാണ പരബ്രഹ്മം. മോക്ഷപ്രാപ്തിക്കു ഈശ്വരനെ (ശ്രീകൃഷ്ണനെ) ധ്യാനിക്കണമെന്നു ഉപദേശം.

**പാഞ്ചാലി** — പാഞ്ചാലരാജകുമാരിയായ ദ്രൗപദി.

**പാടലീപുത്രം** — നന്ദരാജാക്കന്മാരുടെയും മൌര്യരുടെയും പ്രധാന നഗരം. പുഷ്പപുരം എന്നും കുസുമപുരം എന്നും പേരുകളുണ്ട്.

**പാണിനി** — സംസ്കൃതഭാഷയുടെ പ്രധാന വ്യാകരണമായ പാണിനീയത്തിന്റെ കർത്താവ്. വ്യാകരണം ശിവനോടുതന്നെയാണത്രെ പഠിച്ചത്. ജനനം ക്രിസ്താബ്ദം നാലാംശതാബ്ദത്തിൽ ഉത്തരഇന്ത്യയിൽ.

**പാണ്ഡ്യരാജാക്കൾ** — ഒരു തമിഴ്ഗദ്യപുസ്തകം. ഒരു ഭാഗം മധുരയിലെ

തമിഴ്സംഘക്കാരെപ്പററി അത്ഭുതകരകഥകളാണ്. അവർ സംസ്കൃതാക്ഷരങ്ങളുടെ അവതാരങ്ങളായിരുന്നു. അവർക്കു ഗർവ്വം വർദ്ധിക്കയാൽ ശിവൻ തിരുവള്ളുവനായി ജനിച്ചു കുറൾ എന്ന കാവ്യം ഉണ്ടാക്കി അവരെ തോല്പിച്ചു.

**പാണ്ഡവർ**—പാണ്ഡുവിന്റെ മക്കൾ. യുധിഷ്ഠിരൻ. ഭീമൻ, അർജ്ജുനൻ, നകുലൻ, സഹദേവൻ.

**പാണ്ഡവവിജയം**—ഇന്ത്യയിലെ പ്രധാനസ്ഥലങ്ങളുടെ വിവരണങ്ങളും അവയെപ്പററിയുള്ള കഥകളും ഐതിഹ്യങ്ങളും അടങ്ങിയ ഒരു പുസ്തകം. മഹാഭാരതത്തേക്കാൾ വലിയതു്. കർത്താവാരെന്നു നിശ്ചയമില്ല.

**പാണ്ഡവായനൻ**—കൃഷ്ണൻ.

**പാണ്ഡു**—അംബാലികയിൽ വ്യാസന്റെ പുത്രൻ. പാണ്ഡവരുടെ മാതാക്കന്മാരുടെ ഭർത്താവ്. അംബാലിക വ്യാസനോടു കൂടിയിരിക്കുമ്പോൾ വിരൂപതകണ്ടു മുഖം പുതച്ചതിനാൽ ഭയപ്പെട്ടു വിളറിപ്പോകകൊണ്ടു പാണ്ഡുവിന്നു ജനിച്ചപ്പോൾ പാണ്ഡുനിറമുണ്ടായിരുന്നു. ഒരു ശാപം നിമിത്തം പാണ്ഡുവിനു മക്കളുണ്ടാവാൻ പാടില്ലാഞ്ഞതുകൊണ്ടു ദുർവ്വാസസ്സുമുനി കുന്തിക്കു കൊടുത്ത വരത്താൽ അവൾക്കും മാദ്രിക്കും അഞ്ചു പുത്രന്മാർ ജനിച്ചു. ഒരുദിവസം ഈ ശാപമുള്ളതു ഓർക്കാതെ പാണ്ഡു മാദ്രിയെ ആലിംഗനംചെയ്യുകയും ഉടൻതന്നെ വീണു മരിക്കയും ചെയ്തു.

**പാതംഗി**—ക. ശനി. . യമൻ. ഗ. കർണ്ണൻ. ഘ. സുഗ്രീവൻ.

**പാതാളം**—നാഗങ്ങൾ, ദൈത്യർ, ദാനവർ, യക്ഷർ മുതലായവർ പാർക്കുന്ന സ്ഥലം. വിഷ്ണുപുരാണപ്രകാരം ഭൂമിക്കു കീഴിൽ അതലം, വിതലം, നിതലം, ഗഭസ്തിമത്, മഹാതലം, സുതലം, പാതാളം ഇങ്ങനെ ഏഴു സ്ഥലങ്ങളുണ്ടു്. പല പുരാണങ്ങളിൽ പല പേരുകൾ ഉണ്ടു്. ശിവപുരാണപ്രകാരം എട്ടുണ്ടു്. ഒന്നിൽ പേരുകൾ അതലം, വിതലം, സുതലം, രസാതലം, തലാതലം, മഹാതലം, പാതാളം എന്നിവയാകുന്നു. നാരദൻ പാതാളം കണ്ടിട്ടുവന്നു ഇന്ദ്രന്റെ സ്വർഗ്ഗത്തേക്കാൾ വിശേഷമാണെന്നു പറഞ്ഞു.

**പാദുകസഹസ്രം**—വേദാന്തദേശികൻ നോക്കുക.

**പാപനാശനൻ**—ക. ശിവൻ. ഖ. വിഷ്ണു.

**പാപപുരുഷൻ**—സകലവിധ പാപങ്ങളുടേയും ഒരു മൂർത്തി. തല (ബ്രഹ്മഹത്യ) ഭുജങ്ങൾ ഗോഹത്യ, മൂക്കു സ്ത്രീഹത്യ ഇത്യാദി അവയവങ്ങൾ അങ്ങുള്ളതു്.

**പാരസ്കരൻ**—ഗൃഹ്യസൂത്രങ്ങളുടെ കർത്താവ്.

**പാരാശരപുരാണം**—പുരാണം നോക്കുക.

**പാരാശര്യൻ**—വ്യാസൻ.

**പാരിക്ഷിതൻ**—ജനമേജയൻ.

**പാരിജാതം**—പാലാഴിമഥനത്തിൽ കിട്ടിയ വൃക്ഷം. കൃഷ്ണൻ ഇന്ദ്രനെ കാണുന്നതിനായി സ്വൎഗ്ഗത്തിൽ ചെന്നപ്പോൾ സത്യഭാമ അതിനെക്കണ്ടു മോഹിക്കകൊണ്ടു കൃഷ്ണൻ ആ വൃക്ഷത്തെ ഭൂമിയിലേക്കു കൊണ്ടുപോന്നു. അതിനാൽ കൃഷ്ണനും ഇന്ദ്രനും തമ്മിൽ യുദ്ധം ഉണ്ടാകയും ഇന്ദ്രൻ തോററുപോകയും ചെയ്തു. ദ്വാരകയിൽ കൊണ്ടുവന്നു സത്യഭാമയുടെ തോട്ടത്തിൽ നടപ്പെട്ട വൃക്ഷം കൃഷ്ണന്റെ മരണാനന്തരം ഇന്ദ്രസ്വൎഗ്ഗത്തിലേക്കുതന്നെ മടങ്ങിപ്പോയി.

**പാരിജാതഹരണം**—നാരദൻ ശ്രീകൃഷ്ണനു കൊടുത്ത പാരിജാത പുഷ്പം ശ്രീകൃഷ്ണൻ രുഗ്മിണിക്കു കൊടുത്തു. സത്യഭാമയ്ക്കു ദ്വേഷ്യമായി. അവളെ സമാധാനപ്പെടുത്താനായി കുറെ പുഷ്പംകൂടെ കൊടുത്തയക്കുന്നതിനു കൃഷ്ണൻ ഇന്ദ്രനോടു ആവശ്യപ്പെട്ടു. ഇന്ദ്രൻ അയച്ചില്ല; ഇതുനിമിത്തം കൃഷ്ണനും ഇന്ദ്രനും തമ്മിൽ യുദ്ധം ഉണ്ടായി. കൃഷ്ണൻ വൃക്ഷംതന്നെ അപഹരിച്ചുകൊണ്ടുപോന്നു. ഈ വിഷയത്തെപ്പററി ഉമാപതിധരന്റെ ഒരു നാടകം. ഈ വിഷയത്തെപ്പററിത്തന്നെ മലയാളത്തിൽ ചിററൂർ സുബ്രഹ്മണ്യശാസ്ത്രികളുടെ ഒരു ആട്ടക്കഥയുണ്ടു.

**പാരിപാത്രം (പാരിയാത്രം)**—വിന്ധ്യപൎവ്വതത്തിൽ ഇന്ദ്രനും കൃഷ്ണനും തമ്മിൽ യുദ്ധം ഉണ്ടായ സ്ഥലം.

**പാൎത്ഥൻ, പൃഥയുടെ (കുന്തിയുടെ) പുത്രൻ**—സാധാരണയായി അൎജ്ജുനന്റെ പേരായി ഉപയോഗിച്ചുവരുന്നു.

**പാൎത്ഥസാരഥി**—കൃഷ്ണൻ.

**പാൎത്ഥിവി**—ഫ. സീതാ. വ. ലക്ഷ്മി.

**പാൎവ്വതി**—ശിവന്റെ ഭാൎയ്യ; ഹിമാലയപൎവ്വതത്തിന്റെ പുത്രി. ദേവി നോക്കുക.

**പാൎവ്വതീനന്ദനൻ**—ഫ. കാൎത്തികേയൻ. വ. ഗണേശൻ.

**പാൎവ്വതീപരിണയം**—അഞ്ചു അങ്കത്തിൽ ഒരു നാടകം. കാദംബരീകൎത്താവായ ബാണൻ ഉണ്ടാക്കിയതെന്നു വിചാരിച്ചുവരുന്നു. പാൎവ്വതിയുടെയും ശിവന്റെയും അനുരാഗം വിഷയം. കുമാരസംഭവത്തെ അടിസ്ഥാനമാക്കി എഴുതിയതു്.

**പാൎവ്വതീസ്വയംവരം**—ഗോപാലൻ എഴുത്തച്ഛൻ ഉണ്ടാക്കിയ ഒരു കിളിപ്പാട്ടു്.

**പാൎശ്വപരിവൎത്തനം**—വിഷ്ണുവിന്റെ ഉറക്കത്തിൽ ഒരു ഭാഗം തിരിഞ്ഞു കിടക്കുന്നതിനെ കൊണ്ടാടുന്ന ഒരു ഉത്സവം.

**പാൎഷതൻ**—ഫ. ദ്രുപദൻ. വ. ധൃഷ്ടദ്യുമ്നൻ.

**പാലാഴിമഥനം**—അമൃതം നോക്കുക.

**പാലകാപ്യൻ**—കരേണുവിന്റെ പുത്രനായ ഒരു ഋഷി. ഒരു വൈദ്യ

പുസ്തകം ഉണ്ടാക്കീട്ടുണ്ടു്. ധന്വന്തരിയുടെ ഒരു അവതാരമാണെന്നു വിചാരിച്ചുവരുന്നു.

പാലകാപ്യം — ഗജശാസ്ത്രം.

പാവകീ — ൧. അഗ്നിയുടെ ഭാൎയ്യ. ൨. സരസ്വതി.

പാശപാണി (ധരൻ, ഭൃൽ, ഹസ്തൻ) — വരുണൻ.

പാശുപതം — ശൈവരുടെ ഒരു മതവിഭാഗം.

പാശുപതാസ്ത്രം — ശിവൻ അൎജ്ജുനനു കൊടുത്ത അസ്ത്രം.

പിംഗലൻ — ൧. ഒരു നാഗരാജാവു. ൨. ഛന്ദശ്ശാസ്ത്രകൎത്താവു്.

പിടകം — ബൌദ്ധമതക്കാരുടെ വേദപുസ്തകത്തിന്റെ ഒരു ഭാഗം. സൂത്രം വിനയം, അഭിധൎമ്മം ഇങ്ങനെ മൂന്നു പിടകങ്ങളുണ്ടു്.

പിതാമഹൻ — ബ്രഹ്മാവു്.

പിതൃക്കൾ — ൧. പ്രജാപതികൾ. ൨. ദേവന്മാരുടെ മക്കൾ. ൩. മനുഷ്യരുടെ മരിച്ചുപോയ പൂൎവ്വികന്മാർ.

പിതൃപതി — യമൻ.

പിതൃബന്ധുക്കൾ —

പിതുഃ പിതുഃ സ്വസുഃ പുത്രാഃ പിതുൎമ്മാതുഃ സ്വസുസ്സുതാഃ।
പിതുൎമ്മാതുല പുത്രാശ്ച വിജ്ഞേയാഃ പിതൃബാന്ധവാഃ॥

പിനാകം — ശിവന്റെ വില്ലു്.

പിള്ളെയാർ — ഗണപതി.

പിള്ളെത്തമിഴ് — ൧. മഹാദേവസഹായൻ ഉണ്ടാക്കിയ ഒരു പുസ്തകം. സുബ്രഹ്മണ്യന്റെ ശൈശവകാലചരിത്രം. ൨. കമാരഗുരുപരദേശികൻ ഉണ്ടാക്കിയതു്. മീനാക്ഷിയുടെ ശൈശവകാലചരിത്രം.

പിള്ളെത്ത്യാഗർ — ശിവൻ. അറുപത്തുമൂവരായ ശിവഭക്തരിൽ ഒരുത്തന്റെ ഭക്തി പരീക്ഷിക്കാനായി ശിവൻ ഒരു ഭിക്ഷുവായി വന്നു, അവന്റെ പുത്രനെ കൊന്നു മാംസം പാകംചെയ്തുകൊടുക്കണമെന്നു പറഞ്ഞു; അവൻ അപ്രകാരം ചെയ്തു. ശിവൻ തുഷ്ടനായി പുത്രനെ പുനൎജ്ജീവിപ്പിച്ചുകൊടുത്തു.

പിശാചുക്കൾ — രാക്ഷസരിലും അധമരായ ദുരാത്മാക്കൾ. പുരാണങ്ങൾപ്രകാരം ക്രോധവശയിൽ കശ്യപന്റെ മക്കൾ.

**പിശിതാശനർ**—നികഷയുടെ മനുഷ്യമാംസഭോജികളായ മക്കൾ.

**പീഠസ്ഥാനങ്ങൾ**—ശിവൻ സതിയുടെ ശരീരം കഷണങ്ങളാക്കി
അങ്ങുമിങ്ങും കൊണ്ടുനടന്നപ്പോൾ കഷണങ്ങൾ വീണ സ്ഥലങ്ങൾ. അമ്പത്തൊ
ന്നുണ്ടു്.

**പീതാബ്ധി**—അഗസ്ത്യൻ.

**പീതാംബരൻ**—വിഷ്ണു.

**പുണ്യകാലം**—നക്ഷത്രങ്ങളുടെ സംഗമംമൂലം വിശുദ്ധമായി വിചാ
രിക്കപ്പെടുന്ന ദിവസം. ഉത്തരായണപുണ്യകാലം, വിഷുപുണ്യകാലം മുതലാ
യവ.

**പുണ്യക്ഷേത്രം**—(ഭൂ, ഭൂമി) ആൎയ്യാവൎത്തം.

**പുണ്യപ്രാണി**—ദേവകളുടെ വാഹനങ്ങൾ മുതലായപുണ്യജന്തുക്കൾ.
വാഹനം, ധ്വജം, നോക്കുക.

**പുണ്യശ്ലോകൻ**—ഏ. കൃഷ്ണൻ. ദ്വ. യുധിഷ്ഠിരൻ. ത്രി. നളൻ.

**പുണ്യശ്ലോകാ**—ഏ. സീതാ, ദ്വ. ദ്രൌപദി.

**പുണ്യൌഷധി**—ദേവകളുടെ വാസസ്ഥലമായിട്ടും മററും വിചാരിക്ക
പ്പെട്ടുവരുന്ന വൃക്ഷങ്ങൾ. അശ്വത്ഥവും (അരയാൽ) വടവും (പേരാൽ) വിഷ്ണു
വിന്റെതു; വില്വം ശിവന്റെതു; ഇലഞ്ഞി, താന്നി, തുളസി, നെല്ലി ഇവയും
പുണ്യൌഷധികളാണ്.

**പുണ്ഡരീകാക്ഷൻ**—വിഷ്ണു.

**പുനംനമ്പൂരി**—ഉദ്ദണ്ഡശാസ്ത്രികളുടെ സമകാലീനനായിരുന്ന ഒരു
വിശിഷ്ടകവി. പ്രധാനപ്പെട്ട ചമ്പുക്കളിൽ അധികവും ഈ കവിയുടേതാണെ
ന്നു വിശ്വസിച്ചുപോരുന്നു.

**പുൽ**—പുത്രരില്ലാത്തവർ പോകുന്ന നരകം.

**പുരരിപു** (അരാതി, അരി, ജിൽ, മഥനൻ, ശാസനൻ)—ശി
വൻ.

**പുരഞ്ജയൻ**—സൂൎയ്യവംശത്തിലെ ഒരു രാജാവു്; വികുക്ഷിയുടെ പുത്രൻ.
ത്രേതായുഗത്തിൽ ദേവന്മാർ അസുരരാൽ തോല്പിക്കപ്പെടുകകൊണ്ടു ദേവന്മാർ
ചെന്നു വിഷ്ണുവിൽ അഭയം പ്രാപിച്ചു. വിഷ്ണു അവരെ പുരഞ്ജയന്റെ സഹാ
യം ചോദിക്കുന്നതിനായി പറഞ്ഞയച്ചു. ഇന്ദ്രൻ ഒരു കാളയുടെ രൂപത്തിൽ
വന്നു അതിന്റെ അംസകൂടത്തിന്മേൽ തന്നെ കൊണ്ടുപോകുമെങ്കിൽ സഹാ
യത്തിനു ചെല്ലാമെന്നു പുരഞ്ജയനും പറഞ്ഞു. ഇന്ദ്രൻ അപ്രകാരം ചെയ്കയാൽ
പുരഞ്ജയൻ അവന്റെ പുറത്തു കയറിച്ചെന്നു ദേവന്മാരുടെ ശത്രുക്കളെ എല്ലാം
തോല്പിച്ചു. ഇതിനാൽ പുരഞ്ജയനു കകുൽസ്ഥൻ എന്നു പേരുണ്ടായി.

**പുരന്ദരൻ**—ഏ. ഇന്ദ്രൻ. ദ്വ. ശിവൻ. ത്രി. അഗ്നി. ച. വിഷ്ണു.

**പുരന്ദരാ**—ഗംഗ.

**പുരള്ളാ**—ദുൎഗ്ഗാ.

**പുരാണം**—നാലു വേദങ്ങളുടെയും അദ്ധ്യയനം, ശൂദ്രക്കും അവരിൽ താണജാതിക്കാൎക്കും സ്ത്രീകൾക്കും വിരോധിച്ചിരുന്നതിനാൽ അവരുടെ ഉപദേശത്തിനും അദ്ധ്യയനത്തിനുമായി പുരാണങ്ങൾ രചിക്കപ്പെട്ടു. ഹിന്തുക്കളിൽ ജനസാമാന്യത്തിന്റെ മതവിശ്വാസങ്ങളും ആചാരങ്ങളും അവയിന്മേലാണ സ്ഥാപിച്ചിരിക്കുന്നതു്. പുരാണങ്ങളെ ജനസാമാന്യത്തിനു വേദങ്ങൾക്കു പകരം ഉണ്ടാക്കിയതാകയാൽ അവയെ അഞ്ചാംവേദമെന്നു വിളിക്കാറുണ്ടു്. പുരാണങ്ങളെ സങ്കലനം ചെയ്തതു വേദങ്ങളേയും മഹാഭാരതത്തേയും സങ്കലനംചെയ്തയാളും വേദാന്തസ്ഥാപകനുമായ വ്യാസൻതന്നെയാണെന്നാണു് പറയുന്നതു്. എന്നാൽ വ്യാസൻ എന്നുള്ള പദത്തിനു ഗ്രന്ഥങ്ങളെ സങ്കലനം ചെയ്യുന്നവൻ എന്നൎത്ഥമുള്ളതും ഓൎമ്മിക്കേണ്ടുന്ന ഒരു സംഗതിയാണു്. ഇപ്പോൾ വിദ്വാന്മാർ അംഗീകരിച്ചിട്ടുള്ളവയായി പതിനെട്ടു പുരാണങ്ങളും അവയിൽ എല്ലാംകൂടി ൪00000 ശ്ലോകങ്ങളും ഉണ്ടു്. ഓരോ പുരാണവും ലോകത്തിന്റെ സൃഷ്ടി (സൎഗ്ഗം)നാശം പുനഃസൃഷ്ടി (പ്രതിസൎഗ്ഗം), ദേവകളുടെ വംശപാരമ്പൎയ്യം, മന്വന്തരങ്ങൾ, രാജാക്കന്മാരുടെ വംശാനുചരിതം ഈ അഞ്ചു വിഷയങ്ങളേപ്പററി പ്രതിപാദിക്കേണ്ടതു് ആവശ്യമാകയാൽ പുരാണത്തിനു പഞ്ചലക്ഷണം എന്നും പേരുണ്ടു്. എന്നാൽ പുരാണങ്ങൾ എന്നു വിളിച്ചുവരുന്ന ചില നൂതന കൃതികളും ഉണ്ടു്. പഞ്ചലക്ഷണങ്ങൾ മുഴുവനും ഇല്ലാത്തവയും ഉണ്ടു്. പുരാണങ്ങൾ പതിനെട്ടുള്ളവ സത്വഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ സാത്വികപുരാണങ്ങൾ, തമോഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ താമസപുരാണങ്ങൾ, രജോഗുണം പ്രധാനമായിട്ടുള്ളവ അല്ലെങ്കിൽ രാജസപുരാണങ്ങൾ, ഇങ്ങനെ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. വൈഷ്ണവ നാരദീയ, ഭാഗവത, ഗാരുഡ, പാദ്മ, വാരാഹപുരാണങ്ങൾ, സത്വഗുണം പ്രധാനമായി വിഷ്ണുവിനെ പുകഴ്ത്തുന്നവയും, മത്സ്യ, കൂൎമ്മ, ലിംഗ, ശിവ, സ്കന്ദ, അഗ്നിപുരാണങ്ങൾ തമോഗുണം പ്രധാനമായിട്ടുള്ള ശൈവപുരാണങ്ങളും ബ്രഹ്മ, ബ്രഹ്മാണ്ഡ, ബ്രഹ്മവൈവൎത്ത, മാൎക്കണ്ഡേയ, ഭവിഷ്യ, വാമനപുരാണങ്ങൾ രജോഗുണം പ്രധാനമായിട്ടുള്ളവയും ബ്രഹ്മാവിനെയോ, കൃഷ്ണൻ, കാളി, ഗണേശൻ മുതലായവരെയോ പുകഴ്ത്തുന്നവയും ആകുന്നു. ചിലർ പതിനെട്ടു പുരാണങ്ങളിൽ അഗ്നിപുരാണത്തെ തിരസ്കരിച്ചിട്ടു് വായുപുരാണത്തെ ചേൎക്കാറുണ്ടു്. പുരാണങ്ങളിൽവെച്ചു് ഏററവും പ്രചാരമുള്ളവ ഭാഗവതപുരാണവും വിഷ്ണുപുരാണവും ആകുന്നു. അവയെ മഹാപുരാണങ്ങളെന്നു വിളിച്ചുവരുന്നു. ഭാഗവതത്തിന്റെ ദശമസ്കന്ധം ശ്രീകൃഷ്ണന്റെ ചരിത്രവും സുപ്രസിദ്ധിയുള്ളതും. വിഷ്ണുപുരാണം പഞ്ചലക്ഷണങ്ങൾ ശരിയായിട്ടുള്ളതുമാകുന്നു. ശ്രുതിപ്പെട്ട ദേവീമാഹാത്മ്യം മാൎക്കണ്ഡേയപുരാണത്തിന്റെയും അദ്ധ്യാത്മരാമായണം ബ്രഹ്മാണ്ഡപുരാണത്തിന്റെയും ഭാഗങ്ങളാകുന്നു. ഈ പുരാണങ്ങൾക്കു പതിനെട്ടു ഉപപുരാണങ്ങളും ഉണ്ടു്. അഷ്ടാദശപുരാണങ്ങൾ അഷ്ടാദശോപപുരാണങ്ങൾ നോക്കുക.

സംസ്കൃതം ലത്തീൻ ഗ്രീക്കു ഈ ഭാഷകൾ പുരാതനകാലത്തു ഒന്നായിരുന്നു എന്നു ഭാഷകളുടെ സാമ്യംകൊണ്ടു അനുമാനിക്കുന്നു. അവ സംസാരിച്ചിരുന്നവരും ഒന്നായിരിക്കണം. അവരുടെ ഇടയിൽ ഉണ്ടായിരുന്ന കഥകളും ഒന്നായിരുന്നു എന്നു അവരുടെ ദേവന്മാരുടെയും കഥാപാത്രങ്ങളുടേയും സാമ്യത്തിൽനിന്നു അനുമാനിക്കാം. ഈ സാമ്യം താഴെ കാണിച്ചിരിക്കുന്നു.

ഇന്ദ്രൻ—Jupiter
ശിവൻ— Zeus.
പാവ്വതി—Juns
കൃഷ്ണൻ—Apollo
ശ്രീ—Ceres
പൃഥ്വി— Cybele.
വരുണൻ—Neptune-Uranus
സരസ്വതി—Mineror.
കാൎത്തികേയൻ—Mars.
യമൻ — Pluto.
കുബേരൻ—Plutus.
വിശ്വകൎമ്മാവു— Vulcan
കാമദേവൻ— Cupid.
രതി —Venus.
നാരദൻ— Mercury.
ഹനുമാൻ—Pan.
ഉഷസ്സ് — Eos.
അരുണൻ—Aurora
വായു—Aeolus.
ഗണേശൻ —Janus.
അശ്വിനികൾ—Caster and Pollux (Dioscuri).
ബലരാമൻ—Hercules.
ഭീമൻ—Ajax.
പാതാളം—Tartarus.
ഗരുഡഭേരുണ്ഡം—Griffui Gryphon.
ദൈത്യർ – Titans.
പുരാണപുരുഷൻ—വിഷ്ണു.

പുരു —ഫ. സ്വർഗ്ഗം. വ. ഇന്ദ്രൻ കൊന്ന ഒരു രാക്ഷസൻ. ന. ചന്ദ്ര വംശത്തിലെ ആറാമത്തെ രാജാവ്. ശർമ്മിഷ്ഠയിൽ യയാതിയുടെ പുത്രൻ. കൌരവരുടെയും പാണ്ഡവരുടേയും ഒരു പൂൎവ്വികൻ. തന്റെ യൌവനംകൊടുത്ത്

ട്ട് പിതാവിൻെറ വാൎദ്ധക്യം വാങ്ങി. ആയിരം വൎഷം കഴിഞ്ഞശേഷം യൌവ്വനം തിരികെ പ്രാപിച്ചു രാജാവായി.

**പുരുകുത്സൻ**—മാന്ധാതാവിൻെറ പുത്രൻ. മൌനേയരെ നശിപ്പിച്ചു.

**പുരുഷൻ**—ഒ. പരമാത്മാവ്. ര. ബ്രഹ്മാവ്.

**പുരുഷവാഹനൻ**—ഒ. ഗരുഡൻ. ര. കുബേരൻ.

**പുരുഷസൂക്തം**—ഋഗ്വേദത്തിലെ ഒരു ഗീതം. ഇതിലാണു് നാലു ജാതികളുടെ പേരുകൾ ആദ്യം പറഞ്ഞിട്ടുള്ളതു്. വേദത്തിലെ മറ്റു ഗീതങ്ങളെക്കാൾ വളരെ നൂതനമായിട്ടുള്ളതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

**പുരുഷകേസരി**—നരസിംഹാവതാരത്തിൽ വിഷ്ണു.

**പുരുഷവാഹനൻ**—കുബേരൻ.

**പുരുഷാദ്യൻ**—വിഷ്ണു.

**പുരുഷാൎത്ഥം**—ധൎമ്മം, അൎത്ഥം, കാമം, മോക്ഷം.

**പുരുഷാൎത്ഥസാധനങ്ങൾ**—കൎമ്മം, ഭക്തി, ജ്ഞാനം.

**പുരുഷോത്തമൻ**—വിഷ്ണു.

**പുരുഹൂതൻ**—ഇന്ദ്രൻ.

**പുരൂരവസ്**—വിക്രമോൎവ്വശീയനാടകത്തിലെ നായകൻ. ആയുസ്സിൻെറ പിതാവു്. മിത്രാവരുണന്മാരുടെ ശാപത്താൽ ഉൎവ്വശി ഭൂമിയിലേക്കു വരികയും അവളും പുരൂരവസ്സും തമ്മിൽ അനുരാഗം ഉണ്ടായി അവൾ കുറേക്കാലം അവൻെറ ഭാൎയ്യയായി ഇരിക്കയും ചെയ്തു. കഥ പലടത്തും പലവിധമാണുള്ളതു്.

**പുരോചനൻ**—ദുൎയ്യോധനൻെറ ഗൂഢദൂതൻ. പാണ്ഡവരുടെ ഭവനത്തിനു തീവെപ്പാൻ ശ്രമിച്ചു. ഭീമൻ അവൻെറ ഭവനത്തിനു തീവെക്കയും അവൻ അതിൽ വെന്തുപോകയും ചെയ്തു.

**പുളകാംഗം**—വരുണൻെറ പാശം.

**പുളകാലയൻ**—കുബേരൻ.

**പുലസ്ത്യൻ**—ഒരു പ്രജാപതി. കുബേരൻെറയും രാവണൻെറയും പിതാവായ വിശ്രവസ്സിൻെറ പിതാവു്. രാക്ഷസരെല്ലാം അവൻെറ സന്തതിയാണു്.

**പുലഹൻ**—ഒ. ഒരു പ്രജാപതിയുടെ പേരു്. ക്ഷമയുടെ ഭൎത്താവു്. ര. ഒരു ഗന്ധൎവ്വൻ.

**പുലോമാവ്**—ഇന്ദ്രൻെറ ഭാൎയ്യയായ ശചിയുടെ പിതാവായ ഒരു ദാനവൻ. മകളെ അപഹരിച്ചുകൊണ്ടുപോകകൊണ്ടു ഇന്ദ്രനെ ശപിക്കയും ഇന്ദ്രൻ അവനെ കൊന്നുകളകയും ചെയ്തു.

TRAINING SCHOOL KOTTAYAM LOWER GRADE

പുലോമജാ — ഇന്ദ്രന്റെ ഭാര്യയായ ശചീ.

പുലോമാ — ഭൃഗുവിന്റെ ഭാര്യ. ച്യവനന്റെ മാതാവു്.

പുഷ്കരൻ — ൧. കൃഷ്ണൻ. ൨. ശിവൻ. ൩. നളന്റെ സഹോദരൻ. ൪. ഭരതന്റെ പുത്രനായ ഒരു ഗാന്ധാരരാജാവു്

പുഷ്കരം — ൧. സപ്തദ്വീപങ്ങളിൽ ഒന്നു. ൨. ചില പുണ്യനദികളിൽ പന്ത്രണ്ടുവർഷത്തിലൊരിക്കൽ കൊണ്ടാടുന്ന ഉത്സവം.

പുഷ്കരാക്ഷൻ — വിഷ്ണു, പുഷ്കരനാഭൻ.

പുഷ്കലൻ — ൧. ശിവൻ. ൨. മേരുപർവ്വതം.

പുഷ്പകം — കുബേരനു ബ്രഹ്മാവിൽനിന്നു സമ്മാനം കിട്ടിയ ഒരു വിശാലമായ വിമാനം. കുബേരന്റെ കൈവശത്തിൽനിന്നു രാവണൻ പിടിച്ചുപറിച്ചുകൊണ്ടുപോയി. രാവണനെ കൊന്നശേഷം ശ്രീരാമനും സീതയും ലക്ഷ്മണനും സഖികളും അയോദ്ധ്യയിലേക്കു ഇതിൽ പോയി. അതിന്റെശേഷം കുബേരന്റെ അടുക്കൽത്തന്നെ അതു തിരികെ പോയി.

പുഷ്പദന്തൻ — ൧. ഒരു ദിഗ്ഗജം. ൨. മഹിമസ്തോത്രത്തിന്റെ കർത്താവു. ൩. ശിവന്റെ ഒരു പ്രധാന പരിചാരകൻ. ശിവൻ പാർവ്വതിയോടു സ്വകാര്യം പറഞ്ഞതിനെ ഒളിച്ചുനിന്നുകേട്ടു പ്രസിദ്ധമാക്കിയതിനാൽ ശപിക്കപ്പെട്ടിട്ടു വ്യാകരണനായ കാത്യായനനായി ജനിച്ചു.

പുഷ്പധ്വജൻ (ബാണൻ) — കാമദേവൻ.

പുഷ്പധാരണൻ (ഫാസൻ) — വിഷ്ണു.

പുഷ്പമിത്രൻ — മൌര്യക്കുശേഷം വന്ന ശുംഗരാജാക്കന്മാരിൽ ഒന്നാമത്തവൻ. പാടലീപുത്രത്തിൽ വാണു. ഈ രാജാവിന്റെ കാലത്താണു് പതഞ്ജലി ജീവിച്ചിരുന്നതു്.

പുഷ്പോൽകടാ — മഹാഭാരതപ്രകാരം വിശ്രവസ്സിന്റെ ഭാര്യയും രാവണന്റെയും കുംഭകർണ്ണന്റെയും അമ്മയും ആയ ഒരു രാക്ഷസി.

പുറയന്നൂർ ഭാസ്കരൻനമ്പൂരിപ്പാടു് — മഹാ വിദ്വാനും വേദജ്ഞനുമായ ഒരു കവി. വളരെ കൃതികൾ ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുന്നുവെങ്കിലും (ഭാഗവതം) ദശമംകിളിപ്പാട്ടു മാത്രമേ കിട്ടിയിട്ടുള്ളു. ഇതു് ഒരു ഉത്തമമായ കൃതിയാണു്. കവി, കൊല്ലം പത്താംശതവർഷത്തിൽ ജീവിച്ചിരുന്നു.

പൂജ — ശിവക്ഷേത്രങ്ങളിൽ ദിനംപ്രതി മൂന്നുപ്രാവശ്യം പൂജ ഉണ്ടു്. ഓരോ പ്രാവശ്യവും അഭിഷേകം, ധൂപം, നിവേദ്യം ഇവ അവശ്യമാണു്.

പൂത്കാരീ — ൧. സരസ്വതി. ൨. നാഗങ്ങളുടെ പ്രധാനസ്ഥലം.

പൂതനാ — ബലിയുടെ പുത്രിയായ ഒരു രാക്ഷസി; ശിശുവായ കൃഷ്ണനു പാലുകൊടുത്തു കൊല്ലുവാനായി ചെന്നു. എന്നാൽ ശിശു പാലുകുടിച്ചു അവളെ കൊന്നു.

**പൂതനാരി (സൂദനൻ, ഹാവു്)**—കൃഷ്ണൻ.

**പൂന്താനത്തുനമ്പൂരി**—ഒരു ഭക്തനായ കവി. മലയാളത്തിൽ ജ്ഞാനപ്പാനയും സന്താനഗോപാലംപാനയും സംസ്കൃതത്തിൽ ശ്രീകൃഷ്ണകർണ്ണാമൃതവും ഉണ്ടാക്കീട്ടുണ്ട്.

**പൂന്തോട്ടത്തുനമ്പൂരി**—പ്രസിദ്ധനായ ഒരു ഭാഷാകവി. ധാരാളം ഒററശ്ലോകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അധികവും ശൃംഗാരശ്ലോകങ്ങളാണ്. "കാലകേയവധം" തുള്ളൽ എന്നൊരു അപൂർണ്ണഗ്രന്ഥം എഴുതിയിട്ടുണ്ട്, കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ പൂർത്തിയാക്കി.

**പൂർവ്വമീമാംസ**—ഷഡ്ദർശനങ്ങളിൽ ഒന്നു്. ഇതിനെപ്പററി ജൈമിനിമഹർഷിയുടെ ജൈമിനിസൂത്രങ്ങളും അവയ്ക്കു ശബരസ്വാമിയും കുമാരിലഭട്ടനും ഉണ്ടാക്കിയ വ്യാഖ്യാനങ്ങളും ഉണ്ട്. മാധവാചാര്യന്റെ ജൈമിനീയന്യായമാലാവിസ്താരം പൂർവ്വമീമാംസയുടെ ഒരു സംഗ്രഹമാകുന്നു.

**പൂഷൻ**—നാല്ക്കാലികളുടെ ദേവൻ, മന്ത്രാദികളുടെ ദേവൻ, ഇന്ദ്രന്റെ സഹോദരൻ. സൂര്യൻ, ഒരു ആദിത്യൻ. ഇങ്ങനെ പൂഷാവിനെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ട്. പൂഷാവിനു പല്ലില്ലാത്തതുകൊണ്ട് ബലികൊടുക്കുന്നതു എന്തെങ്കിലും പൊടിച്ചു കഞ്ഞിപോലെ പാകംചെയ്യവേണം. മഹാഭാരതത്തിൽ ദക്ഷന്റെ യാഗത്തിനു തന്നെ ക്ഷണിക്കാഞ്ഞതുകൊണ്ടുള്ള കോപംനിമിത്തം ശിവൻ അവിടെ ചെന്നു് ഭഗന്റെ കണ്ണുകൾ ഇടിച്ചു തെറിപ്പിച്ചുകളകയും ഭക്ഷിച്ചുകൊണ്ടിരുന്ന പൂഷാവിനെ ചവുട്ടി പല്ലുപറിച്ചുകളകയും മററും ചെയ്തു എന്നു കാണുന്നു. യാഗത്തിനു തന്നെ ക്ഷണിക്കാഞ്ഞതുകൊണ്ടു് ശിവൻ ഒരമ്പെടുത്തു ഹവിസ്സിനുനേരെ എയ്തു എന്നും അതിന്റെ ഒരു പങ്കു് പൂഷാവു് തിന്നപ്പോൾ പല്ലുപറിഞ്ഞുപോയി എന്നും തൈത്തിരീയസംഹിതയിൽ കാണുന്നു. വിവാഹക്രിയയിൽ മണവാട്ടിയെ അനുഗ്രഹിക്കുന്നതിനായി പൂഷാവിനോടു ഒരു പ്രാർത്ഥനയുണ്ട്. പൂഷാവിനു, ആഘൃണി, ദസ്രൻ, ദസ്മൻ, ദസ്മവർച്ചസ്സ്, എന്നും പേരുകളുണ്ട്.

**പൃതനാ**—൨൪൩ ആനകളും ൨൪൩ രഥങ്ങളും ൭൨൯ കുതിരകളും ൧൨൧൫ കാലാളുകളും ഉള്ള ഒരു സൈന്യം.

**പൃഥാ**—കുന്തി. പാണ്ഡുവിന്റെ ഒരു ഭാര്യ.

**പൃഥാജൻ (തനയൻ, സുതൻ, സൂനു)**—പാണ്ഡവൻ, പ്രത്യേകം അർജ്ജുനൻ.

**പൃഥിവീ**—ഭൂമി. പൃഥുവിൽനിന്നു ജീവൻ പ്രാപിച്ചതുകൊണ്ടു ഈ പേരുണ്ടായി.

**പൃഥു**—൧. അഗ്നി. ൨. വിഷ്ണു. ൩. സൂര്യവംശത്തിലെ ഒരു രാജാവു.

**പൃഥു, പൃഥി, പൃഥിവൈന്യൻ**—വേനന്റെ പുത്രൻ. ദുഷ്ടനായ വേനനെ ഋഷിമാർ കശപ്പുല്ലുകൊണ്ടു കൊന്നശേഷം രാജാവില്ലാഞ്ഞതുകൊണ്ടു ഭൂമിയിൽ അക്രമം വർദ്ധിക്കയും അതിനാൽ വേനനു സന്തതിയുണ്ടാവാൻവേണ്ടി ഋഷിമാർ വേനന്റെ തുട മർദ്ദനംചെയ്കയും അപ്പോൾ വേനനു ദുഷ്ടതയുടെ മൂർത്തിയായ ഒരു പുത്രൻ ഉണ്ടാകയും ചെയ്തു. പിന്നെ അവർ അവന്റെ

വലംകൈ മൎദ്ദനം ചെയ്തു അപ്പോൾ അതിൽനിന്നു അഗ്നിയെപോലെ ശോഭിക്കുന്ന പൃഥു ഉണ്ടായി. അവൻ സകലത്തിന്റെയും രാജാവായി അങ്ങിനെ ഇരിക്കെ അവന്റെ പ്രജകൾ ഭൂമി അവൎക്കാവശ്യമുള്ള ഫലമൂലാദികളെ അവൎക്കു കൊടുക്കായ്കകൊണ്ടു വന്നു രാജാവിനോടു ആവലാധിപറഞ്ഞു. രാജാവു ക്രുദ്ധനായി തന്റെ വില്ലെടുത്തപ്പോൾ ഭൂമി ഭയപ്പെട്ടു ഒരു പശുവിന്റെ വേഷമെടുത്തു തന്റെ മുമ്പെ ഓടി. രാജാവു പിന്തുടൎന്നതുകൊണ്ടു പശു തനിക്കൊരു കുട്ടിയെ കൊടുത്താൽ ആവശ്യമുള്ളതൊക്കെയും കൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു. അപ്പോൾ പൃഥു സ്വായംഭുവമനുവിനെ ഒരു കിടാവാക്കി ഭൂമിയെ കറന്നു. പാലിൽനിന്നു പലവിധ ധാന്യങ്ങളും സസ്യങ്ങളും ഉണ്ടായി. ഈ ഉദാഹരണത്തിൽനിന്നു ദേവകൾ, മനുഷ്യർ, ഋഷികൾ, അസുരർ, നാഗങ്ങൾ മുതലായവർ പലപ്രാവശ്യം തങ്ങളിൽനിന്നു ഒരാളെ കിടാവാക്കി ഭൂമിയെ കറന്നു തങ്ങൾക്കു ആവശ്യമുള്ളതൊക്കെയും എടുത്തിട്ടുള്ളതായി കാണുന്നു. ഈ കഥ ഭൂമി ഒരു പശുവിനു തുല്യമാകുന്നെന്നുള്ള ഉപമയിൽനിന്നു ഉത്ഭവിച്ചതായിരിക്കാം

പൃശ്നി—ഭൂമി; പശു, ദേവകി.

പൃഷതൻ—ഫ. ദ്രുപദന്റെ പിതാവു. വ. വായുവിന്റെ വാഹനമായ കൃഷ്ണമൃഗം.

പൃഷദ്ബലൻ—വായുവിന്റെ അശ്വം.

പൃഷധ്രൻ—വൈവസ്വതന്റെ പുത്രൻ ഗുരുവിന്റെ പശുവിനെ കൊല്ലുകയാൽ ശൂദ്രനായിപ്പോയി.

പൃഷ്ടശൃംഗി—ഭീമൻ.

പേയാഴ്വാർ—ആഴ്വാർ നോക്കുക.

പേശലൻ—വിഷ്ണു.

പേശി—ഇന്ദ്രന്റെ വജ്രായുധം.

പൌണ്ഡ്രം, പൌണ്ഡ്രകം—ഭീഷ്മന്റെ ശംഖ്.

പൌണ്ഡ്രകൻ—ഒരു വസുദേവന്റെ മകനാകകൊണ്ടു കൃഷ്ണന്റെ പേരും സ്ഥാനവും എടുത്തു കൃഷ്ണനാണെന്നു നടിച്ചതിനാൽ കൃഷ്ണനാൽ കൊല്ലപ്പെട്ടു. കാശിരാജാവു അവനു സഹായിച്ചതുകൊണ്ടു കാശിയും ചുട്ടുകളഞ്ഞു.

പൌരവർ—പുരുവിന്റെ സന്തതി.

പൌലസ്ത്യൻ—ഫ. രാവണൻ. വ. കുബേരൻ. ന. വിഭീഷണൻ.

പൌലസ്തി—ശൂൎപ്പണഖാ.

പൌലോമൻ—ഫ. ഇന്ദ്രൻ. വ. പുലോമയിൽ കശ്യപന്റെ സന്തതിയായ ദാനവർ; അൎജ്ജുനനാൽ നശിപ്പിക്കപ്പെട്ടു.

പൌലോമി—ഇന്ദ്രന്റെ ഭാൎയ്യയായ ശചി.

പ്രകാശകർ—വിഷ്ണുവിന്റെ ദൂതന്മാർ.

**പ്രകൃതി**—സാംഖ്യദർശനപ്രകാരം ലോകംമുതലായ സ്ഥൂലവസ്തുക്കൾ ഇതിൽനിന്നുണ്ടായി.

**പ്രക്രിയാസർവ്വസ്വം**—ഒരു സംസ്കൃതവ്യാകരണം. മേൽപത്തൂർ നാരായണൻഭട്ടതിരിപ്പാട ഉണ്ടാക്കിയതു്.

**പ്രചണ്ഡപാണ്ഡവം**—കൌരവർ ദ്രൌപദിയോട കാണിച്ച അവിവേകം വിഷയമായി രാജശേഖരൻ ഉണ്ടാക്കിയ ഒരു നാടകം.

**പ്രചേതസ്സ്**—൧. വരുണൻ. ൨. ഒരു പ്രജാപതി.

**പ്രജാപതി**—ബ്രഹ്മാവു്, വിഷ്ണു, സ്വായംഭുവമനു, ഇന്ദ്രൻ, സൂര്യൻ, സോമൻ, ഹിരണ്യഗർഭൻ ഇത്യാദി ദേവകൾക്കൊക്കെ പ്രജാപതികൾ എന്ന പേരു പറയാറുണ്ടു്. എന്നാൽ മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, പ്രചേതസ് (ദക്ഷൻ), ഭൃഗു, നാരദൻ ഈ പത്തു ഋഷികളെയുമാണ് പ്രജാപതികളെന്നു സാധാരണയായി പറയാറു്. ചിലപ്പോൾ ഈ പദം സപ്തർഷികൾക്കു മാത്രമേ ഉപയോഗിക്കാറുള്ളൂ. മഹാഭാരതപ്രകാരം ൨൧ പ്രജാപതികൾ ഉണ്ടു്.

**പ്രജാഗരൻ**—കൃഷ്ണൻ.

**പ്രണവം**—ഓം എന്ന ശബ്ദം.

**പ്രതർദ്ദനൻ**—കാശിരാജാവായ ദിവോദാസന്റെ മകൻ. വീതഹവ്യനെന്ന രാജാവു് ദിവോദാസന്റെ കുടുംബത്തെ അശേഷം നശിപ്പിച്ചുകളകയും അതിന്റെശേഷം ദിവോദാസൻ ഭൃഗുവിനെക്കൊണ്ടു യാഗംചെയ്യിച്ചു് പ്രതർദ്ദനൻ എന്നൊരു പുത്രനെ പ്രാപിക്കയും ചെയ്തു. പ്രതർദ്ദനൻ ഒരു വലിയ യോദ്ധാവായിത്തീർന്നു തന്റെ പിതാവിനോടു വീതഹവ്യൻ ചെയ്ത അനീതിയെ പകരം വീട്ടി. വീതഹവ്യൻ ഭൃഗുവിങ്കൽ അഭയം പ്രാപിക്കയും ഭൃഗു അവനെ ഒരു ബ്രഹ്മർഷിയാക്കയും ചെയ്തു.

**പ്രതാപരുദ്രയശോഭൂഷണം**—അലങ്കാരങ്ങളെപ്പറ്റി വിദ്യാനാഥന്റെ ഒരു സംസ്കൃതഗ്രന്ഥം.

**പ്രതിനായകൻ**—കാവ്യങ്ങളിൽ നായകന്റെ എതിരാളി. രാമായണത്തിൽ രാവണൻ, മാഘത്തിൽ ശിശുപാലൻ.

**പ്രതീപൻ**—ഭീഷ്മന്റെ പിതാമഹൻ.

**പ്രഥമൈകാദശി**—ജ്യേഷ്ഠമാസത്തിൽ ശുക്ലപക്ഷത്തിൽ ഏകാദശി ദിവസം വിഷ്ണുവിന്റെ നിദ്ര ആരംഭിച്ച ഒന്നാമത്തെ ഏകാദശി. ശയനഏകാദശി എന്നും പേരുണ്ടു്. കാർത്തികമാസത്തിൽ ഉത്ഥാനൈകാദശിദിവസം ഉണരും.

**പ്രദോഷം**—സമുദ്രമഥനത്തിൽ ഉണ്ടായ വിഷം കുടിച്ചിട്ടു് ശിവൻ ബോധരഹിതനായി ശുക്ലപക്ഷം ഏകാദശിമുതൽ പ്രദോഷം (സന്ധ്യ)വരെ ബോധരഹിതനായി കിടന്നു. പ്രദോഷസമയം ചാടിഎഴുന്നേറ്റു ശൂലംപിടിച്ചുകൊണ്ടു നൃത്തംചെയ്തു. അതുകൊണ്ടു പ്രദോഷം പുണ്യക്രിയകൾക്കു ഉത്തമം.

**പ്രദ്യുമ്നൻ**—രുഗ്മിണിയിൽ കൃഷ്ണന്റെ പുത്രൻ. ആറുദിവസം (വയസ്സ്) പ്രായമായപ്പോൾ അവനാൽ തന്റെ മരണം ഉണ്ടാകുമെന്നറിഞ്ഞിട്ട് ശംബരാസുരൻ അവനെ മോഷ്ടിച്ചുകൊണ്ടുപോയി കടലിലെറിഞ്ഞു കളഞ്ഞു. അവിടെ നിന്നും ഒരു മത്സ്യം വിഴുങ്ങിക്കൊണ്ടുപോയി; ഒടുക്കം ആ മത്സ്യത്തെ തന്നെ ശംബരന്റെ ഭാൎയ്യയായ മായാവതി പിടിച്ചു കീറാനിടവന്നപ്പോൾ അതിന്റെ ഉള്ളിൽ അഴകേറിയ ഈ കുഞ്ഞിനെ കണ്ടിട്ട് എടുത്തു വളൎത്തി, അവൻ വളൎന്നു വലുതായപ്പോൾ അവൻ ആരാണെന്നും ശംബരൻ എങ്ങനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നും മായാവതി അവനെ അറിയിക്കയും തന്നെ ഭാൎയ്യയാക്കിക്കൊള്ളേണമെന്നു അപേക്ഷിക്കയും ചെയ്തു. പ്രദ്യുമ്നൻ അതറിഞ്ഞു ശംബരനെ യുദ്ധംചെയ്തു കൊന്നിട്ട് മായാവതിയോടു കൂടെ ആകാശത്തിൽ കൂടി പോയി തന്റെ പിതാവിന്റെ കൊട്ടാരത്തിനുള്ളിൽ ചെന്നിറങ്ങി. പ്രദ്യുമ്നൻ ആരാണെന്നു നാരദനിൽ നിന്നു നേരറിഞ്ഞു അവനെയും മായാവതിയെയും രുഗ്മിണി അംഗീകരിച്ചു. പിന്നെ പ്രദ്യുമ്നൻ രുഗ്മിയുടെ പുത്രിയായ കകുദ്മതിയെയും വിവാഹംചെയ്കയും അവളിൽ അനിരുദ്ധൻ എന്നൊരു പുത്രൻ ഉണ്ടാകയുംചെയ്തു. പ്രദ്യുമ്നൻ കൃഷ്ണന്റെ പുത്രനായി ജനിച്ചു എങ്കിലും ശിവന്റെ നോട്ടത്താൽ ദഹിച്ചുപോയ കാമദേവന്റെ ഒരു ജന്മം ആയിരുന്നു, മായാവതി രതിയുമായിരുന്നു. പ്രദ്യുമ്നനു വജ്രനാഭന്റെ പുത്രിയായ പ്രഭാവതി എന്നും ഒരു ഭാൎയ്യയുണ്ടായിരുന്നു. അവൻ അവളെ ആദ്യം കാണ്മാൻ പോയതു് അവൾക്കു കൊണ്ടുപോയ ഒരു പുഷ്പമാലയിൽ ഒരു തേനീച്ചയുടെ രൂപമെടുത്തിരുന്നിട്ടാണു്.

**പ്രദ്യുമ്നവിജയം**—പ്രദ്യുമ്നൻ വജ്രനാഭദൈത്യനെ ജയിച്ചതിനെ കുറിച്ചു ശങ്കരദീക്ഷിതരുടെ ഒരു നാടകം. വാക്യഭംഗി ഉണ്ടെങ്കിലും കവിതാരസം കുറയും. കഥ ഹരിവംശത്തിൽ നിന്നെടുത്തതു്.

**പ്രപന്നപാലൻ**—കൃഷ്ണൻ.

**പ്രപിതാമഹൻ**—൧. കൃഷ്ണൻ. ൨. ബ്രഹ്മാവു്. ൩. പരമാത്മാവു്.

**പ്രബോധചിന്താമണി**—എൺപതുകഥകളടങ്ങിയ ഒരു പുസ്തകം. മേരുതുംഗൻ കൎത്താവു് ൧൪-ാം ശതാബ്ദം.

**പ്രബഭ്രൻ**—ഇന്ദ്രൻ.

**പ്രബോധചന്ദ്രോദയം**— പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന എന്നു വിചാരിക്കപ്പെട്ടുവരുന്ന. കൃഷ്ണമിശ്രൻ ഉണ്ടാക്കിയ വേദാന്ത സംബന്ധമായ ഒരു നാടകം ഇതിലെ പാത്രങ്ങൾ വിശ്വാസം, സങ്കല്പം, ധ്യാനം, വസ്തുഹം, ഭക്തി, അഹങ്കാരം, കപടഭക്തി, കാമം, ക്രോധം, മോഹം ഇത്യാദികളാകുന്നു. കവി ഒരു സന്യാസി ആയിരുന്നു. തന്റെ ശിഷ്യന്മാരിൽ ഒരുത്തൻ അദ്വൈതതത്വങ്ങൾ പഠിക്കുന്നതിനു മനസ്സില്ലാതെ നാടകത്തിലും ശൃംഗാരത്തിലും രസിച്ചുകണ്ടതിനാൽ അവനെ രസിപ്പിച്ചു അദ്വൈതം പഠിപ്പിക്കാൻ ഈ നാടകം ഉണ്ടാക്കി എന്നു ഐതിഹ്യം. ഈ നാടകം ശൈവമതക്കാരുടേതാണ്. വൈഷ്ണവൎക്ക ഇതുപോലെ സങ്കല്പസൂൎയ്യോദയം എന്നൊരു നാടകം ഉണ്ടു്.

**പ്രബോധിനി**—വിഷ്ണു തന്റെ നാലുമാസത്തെ ഉറക്കത്തിൽ നിന്നു ഉണരുന്ന ദിവസം. കാൎത്തികമാസത്തിൽ.

**പ്രഭാ**—൧. ദുൎഗ്ഗാ. ൨. കുബേരന്റെ നഗരം. ൩. ഒരു അപ്സരസ്ത്രീ.

**പ്രഭാവതി**—പ്രദ്യുമ്നന്റെ ഭാൎയ്യ.

**പ്രഭാസം**—ദ്വാരകയ്ക്കു സമീപം ഉണ്ടായിരുന്ന ഒരു പുണ്യസ്ഥലം.

**പ്രഭവൻ**—വിഷ്ണു.

**പ്രഭു**—൧. വിഷ്ണു. ൨. ശിവൻ. ൩. ബ്രഹ്മാവു. ൪. ഇന്ദ്രൻ.

**പ്രഭുലിംഗലീല**—ഒരു കൎണ്ണാടകപുസ്തകം. അലമപ്രഭുവിന്റെ കഥ. ക൪. ലിംഗായത്ത്‌വൎഗ്ഗക്കാരുടേതു. കൎത്താവിന്റെ പേരുവിവരമില്ല.

**പ്രമഥർ**—ശിവന്റെ പരിചാരകന്മാരായ ഒരുക്കൂട്ടം ഭൂതങ്ങൾ.

**പ്രമഥാധിപൻ (നാഥൻ, പതി)**—ശിവൻ.

**പ്രമത്തനൻ**—വിഷ്ണു.

**പ്രമീളാ**—സ്ത്രീകൾ മാത്രമുള്ള ഒരു രാജ്യത്തെ രാജ്ഞി. പാണ്ഡവരുടെ അശ്വമേധയാഗത്തിനുള്ള കുതിര ആ രാജ്യത്തിൽ ചെല്ലുകയും അതുനിമിത്തം ഉണ്ടായ യുദ്ധത്തിൽ അൎജ്ജുനൻ അവളെ തോല്പിച്ചു ഭാൎയ്യയാക്കുകയും ചെയ്തു.

**പ്രമോദിതൻ**—കുബേരൻ.

**പ്രമ്ലോചാ**—കണ്ഡുമഹൎഷിയുടെ തപസ്സിനു വിഘ്നംവരുത്തുവാനായി ഇന്ദ്രൻ അയച്ച ഒരു അപ്സരസ്ത്രീ. ഋഷി നൂറുവൎഷം അവളോടുകൂടി പരമാനന്ദത്തിൽ കഴിച്ചുകൂട്ടി. പിന്നെ താൻ അകപ്പെട്ട ആപത്തറിഞ്ഞിട്ടു അവളെ തന്റെ മുമ്പിൽ നിന്നു ഓടിച്ചുകളഞ്ഞു, അവൾ ഓടിപോകുമ്പോൾ അവളുടെ ഗൎഭത്തിലുണ്ടായിരുന്ന കുഞ്ഞു വിയൎപ്പിൻ തുള്ളികളായി വൃക്ഷങ്ങളുടെ ഇലകളിൽ വീഴുകയും അവ തങ്ങളത്തു കട്ട പിടിച്ചപ്പോൾ അതിസുന്ദരിയായ മാരിഷാ ആയി തീരുകയും ചെയ്തു.

**പ്രയാഗം**—ഗംഗയും യമുനയും കൂടിച്ചേരുന്ന സ്ഥലത്തുള്ള ഒരു പുണ്യസ്ഥലം. അലഹബാദിനു സമീപം.

**പ്രയാഗൻ (പ്രയാഗഭയൻ)**—ഇന്ദ്രൻ.

**പ്രലംബൻ**—കംസന്റെ ആശ്രിതനായ ഒരു അസുരൻ. ബാലരായ കൃഷ്ണനെയും ബലരാമനെയും കൊല്ലുന്നതിനായി അവരുടെ കളിസ്ഥലത്തുചെന്നു അവരുടെ കളിയിൽ കൂടെ കൂടി; കളിയിൽ തോററാലുള്ള ശിക്ഷ ജയിച്ചആളെ എടുത്തു തോളിന്മേൽ വെച്ചുകൊണ്ടു പോകയായിരുന്നു. പ്രലംബൻ ബലരാമനാൽ തോല്പിക്കപ്പെടുകകൊണ്ടു ബലരാമനെ എടുത്തുകൊണ്ടു കളിസ്ഥലത്തുനിന്നു പാഞ്ഞുപോകയും പോകുമ്പോൾ തന്റെ സാക്ഷാലുള്ള ഭയങ്കരരൂപത്തെത്തന്നെ ധരിക്കയും ചെയ്തു. ബലരാമൻ ഭയപ്പെട്ടു കൃഷ്ണനെ സഹായത്തിനായി വിളിച്ചാറെ കൃഷ്ണൻ ബലരാമനോടു തന്റെ മനുഷ്യസ്വഭാവത്തെ തൽക്കാലത്തേക്കു വിട്ടുംവെച്ചു ന്യായമായതു പ്രവൎത്തിക്കാൻ ഉപദേശിച്ചു ബലരാമൻ കാലുകൾകൊണ്ടു പ്രലംബന്റെ കഴുത്തിനു ഞെക്കിയും കൈകൾകൊണ്ടു തലക്കിടിച്ചും അവനെ വധിച്ചു.

**പ്രലംബഘ്നൻ (മഥനൻ, ഹാ)**—ബലരാമൻ.

**പ്രളയം**—ഓരോ കല്പാവസാനത്തിൽ ഉള്ള ലോകനാശം.

**പ്രവർഗ്ഗൻ**—വിഷ്ണു.

**പ്രവേശകം**—ഒരു സംസ്കൃതവ്യാകരണഗ്രന്ഥം. തൃക്കുള്ളിയൂർ അച്യുതപ്പിഷാരടി രചിച്ചത്.

**പ്രസന്നരാഘവം**—ജയദേവൻ ഉണ്ടാക്കിയ ഒരു നാടകം. രാമായണകഥ എന്നാൽ രാമായണത്തിൽ ഇല്ലാത്ത പല സംഗതികളും സങ്കല്പിച്ചു ചേർത്തിട്ടുണ്ട്.

**പ്രസാദം**—വിഗ്രഹത്തിന്റെ മുമ്പാകെ അർപ്പിച്ച നിവേദ്യം മുതലായ എന്തെങ്കിലും സാധനം.

**പ്രസൂതി**—മനുവിന്റെ ഒരു പുത്രി. ദക്ഷന്റെ ഭാര്യ.

**പ്രസേനൻ**—നിംഘ്നന്റെ പുത്രൻ. സത്രാജിത്തിന്റെ സഹോദരൻ. സ്യമന്തകം കൊണ്ടുപോകുമ്പോൾ ഒരു സിംഹത്താൽ കൊല്ലപ്പെട്ടു.

**പ്രഹസ്തൻ**—രാവണന്റെ ഒരു സേനാനായകൻ.

**പ്രഹ്ലാദൻ**—ഹിരണ്യകശിപുവിന്റെ പുത്രനും ബലിയുടെ പിതാവുമായ ഒരു ദൈത്യൻ. ഹിരണ്യകശിപു ദേവകളോടു യുദ്ധംചെയ്തു ഇന്ദ്രനോടു സ്വർഗ്ഗം പിടിച്ചടക്കി അവിടെ വാണു; പ്രഹ്ലാദൻ ബാല്യത്തിലേ വിഷ്ണുഭക്തനായിത്തീരുകയാൽ അവനെ കൊന്നുകളവാൻ ഹിരണ്യകശിപു കല്പിച്ചു എന്നാൽ ദൈത്യരുടെ ആയുധങ്ങൾക്കാകട്ടെ സർപ്പങ്ങൾക്കാകട്ടെ സ്വർഗ്ഗീയ ഗജങ്ങൾക്കാകട്ടെ അഗ്നിക്കാകട്ടെ അവനെ കൊല്ലുവാൻ കഴിയാഞ്ഞതുകൊണ്ടു അവനെ അവന്റെ ഗുരുവിന്റെ അടുക്കൽ തന്നെ പറഞ്ഞയച്ചു. അവിടെ അവൻ വിഷ്ണുഭക്തിയിൽ വളന്നു നിർവ്വാണം പ്രാപിച്ചു. പ്രഹ്ലാദനെ ഉപദ്രവിച്ചതിനും തന്നെ നിസ്സാരമാക്കിയതിനും വേണ്ടി ഹിരണ്യകശിപുവിനെ ശിക്ഷിപ്പാനാണ് വിഷ്ണു നരസിംഹാവതാരം ചെയ്തത്. ഹിരണ്യകശിപുവിന്റെ മരണാനന്തരം പ്രഹ്ലാദൻ ദൈത്യരാജാവായി വാണു എന്നൊരു കഥയുണ്ട്. പത്മപുരാണപ്രകാരം അവൻ മരണത്തോളം ഇന്ദ്രസ്ഥാനം വഹിച്ചിരുന്നു. മുൻജന്മത്തിൽ പ്രഹ്ലാദൻ സോമശർമ്മാവെന്ന ഒരു ബ്രാഹ്മണനായിരുന്നെന്നും വിഷ്ണുവിൽ ലയിക്കുന്നതിനായി തപസ്സുചെയ്തെന്നും തപസ്സിന്റെ മദ്ധ്യേ ദൈത്യരുടെ ഭയധ്വനികൊണ്ടു തപസ്സിനു വിഘ്നംവന്നു എന്നും അതിനാൽ ഒരു ദൈത്യനായി ജനിച്ചു എന്നും അന്നു ദേവകളോടുള്ള യുദ്ധത്തിൽ ദൈത്യരുടെ ഭാഗം നില്ക്കയാൽ വിഷ്ണു തന്റെ ചക്രംകൊണ്ടു അവനെ കൊന്നുവെന്നും അതിന്റെ ശേഷമാണ് ഹിരണ്യകശിപുവിന്റെ പുത്രനായി ജനിച്ചതെന്നും കൂടി ആ പുരാണത്തിൽ പറഞ്ഞിട്ടുണ്ട്.

**പ്രാകാമ്യം**—ശിവന്റെ ഒരു സിദ്ധി.

**പ്രാകൃതം**—സംസ്കൃതം ദുഷിച്ചുണ്ടായ ഒരു ഭാഷ. സംസ്കൃത നാടകങ്ങളിൽ സ്ത്രീകളും ഹീനപാത്രങ്ങളും ഈ ഭാഷയാണ് സംസാരിക്കുന്നത്.

**പ്രാചേതസൻ**—൧. മനു. ൨. ദക്ഷൻ. ൩. വാല്മീകി.

**പ്രാണാഭരണം**—കാമരൂപരാജാവായ പ്രാണനാരായണന്റെ മാഹാത്മ്യം വർണ്ണിക്കുന്ന ഒരു കാവ്യം ജഗന്നാഥപണ്ഡിതരാജൻ കർത്താവ്.

**പ്രാതിശാഖ്യങ്ങൾ** — വേദത്തിലെ ശ്ലോകങ്ങളുടെയും പദങ്ങളുടെയും ഉച്ചാരണത്തെപ്പററിയുള്ള പുസ്തകങ്ങൾ. ഋഗ്വേദത്തിനു ശൌനകൻ ഉണ്ടാക്കിയ ശാകല പ്രാതിശാഖ്യവും യജുർവേദത്തിൻ തൈത്തിരീയ പ്രാതിശാഖ്യവും വാജസനേയി പ്രാതിശാഖ്യവും അഥർവവേദത്തിനു ശൌനകീയ ചതുരദ്ധ്യായികയും ഉണ്ടു്. സാമവേദത്തിനു ഒരു പ്രാതിശാഖ്യമുള്ളതായി കാണുന്നില്ല.

**പ്രാഭഞ്ജനി** — ൧. ഹനുമാൻ ൨. ഭീമൻ.

**പ്രാൎത്ഥനീയം** — ദ്വാപരയുഗം.

**പ്രിയകൃൽ (അഘൻ)** — വിഷ്ണു.

**പ്രിയദൎശനൻ** — ഒരു ഗന്ധൎവരാജാവു്.

**പ്രിയദൎശികാ** — ശ്രീഹർഷദേവന്റെ ഒരു ചെറിയ നാടകം. കഥ രത്നാവലിയെപ്പോലെ അംഗരാജാവു തന്റെ പുത്രി പ്രിയദർശികയെ ഉദയനരാജാവിനു ഭാൎയ്യയായികൊടുക്കാൻ നിശ്ചയിക്കുന്നു. കലിംഗരാജാവു് അവനെ തോല്പിച്ചു തടവിലാക്കുന്നു. പുത്രി രക്ഷപെട്ടു ഉദയനന്റെ അടുക്കൽ എത്തി ആരണ്യക എന്ന പേരോടുകൂടി രാജ്ഞിയുടെ ദാസി ആകുന്നു. ഉദയനൻ അവളെക്കണ്ടു സ്നേഹിക്കുകയാൽ, രാജ്ഞി അവളെ തടവിലാക്കുന്നു. ഒടുവിൽ അവൾ പ്രിയദൎശികയാണെന്നറിഞ്ഞു രാജ്ഞിതന്നെ അവളെ ഉദയനനു ദാനം ചെയ്യുന്നു.

**പ്രിയധന്വാവു്** — ശിവൻ.

**പ്രിയമധു** — ബലരാമൻ.

**പ്രിയശ്രവസ്** — കൃഷ്ണൻ.

**പ്രിയംവദൻ** — ഗന്ധൎവരാജാവിന്റെ പുത്രനായ ഒരു വിദ്യാധരൻ.

**പ്രിയംവദാ** — ശകുന്തളയുടെ ഒരു സഖി.

**പ്രിയവ്രതൻ** — ബ്രഹ്മാവിന്റെ ഒരു പുത്രൻ. സ്വായംഭുവമനുവിന്റെ ഒരു പുത്രനാണെന്നു ചിലരുടെ അഭിപ്രായം. സൂൎയ്യശോഭയാൽ ഭൂമിയുടെ ഒരു ഭാഗം മാത്രം ഒരേ സമയം പ്രകാശിക്കുന്നതു പോരാ എന്നു വിചാരിച്ചിട്ടു പ്രിയവ്രതൻ സൂൎയ്യനോടു തുല്യവേഗമുള്ള തന്റെ അഗ്നിരഥത്തിൽ കയറി ഏഴുപ്രാവശ്യം ബ്രഹ്മാവ് വിരോധിച്ചതുവരെ, ഭൂമിയുടെ ചുററും സൂൎയ്യന്റെ പിന്നാലെ പോയി രഥത്തിന്റെ ചക്രംകൊണ്ടുണ്ടായ കുഴികളാണു് ഭൂമിയുടെ ചുററുമുള്ള ഏഴു സമുദ്രങ്ങൾ.

**പ്രീതി** — രതിയുടെ വിരോധിനിയായ കാമദേവന്റെ ഒരു ഭാൎയ്യ.

**പ്രീതിജുഷാ** — അനിരുദ്ധന്റെ ഭാൎയ്യ.

**പ്രീതിവൎദ്ധനൻ** — വിഷ്ണു.

**പ്രേതാധിപൻ (ഈശ്വരൻ, പതി, രാജാവു്)** — യമൻ.

**പ്രേംഖണം** — നായകനും സൂത്രധാരനും മററും ഇല്ലാത്ത ഒരങ്കത്തിലുള്ള ഒരു നാടകം. ബാലിവധം ഒരുദാഹരണം.

**പ്രൌഢരാജകഥ**—പ്രൌഢരാജാവിന്റെ ലിംഗായത്തവർഗ്ഗക്കാരുടെ
തത്വങ്ങൾ ശരിയാണെന്നു ബോദ്ധ്യപ്പെടുത്തുവാൻ പറഞ്ഞ കഥകൾ. കർണ്ണാടകം.
അദഷാൻ എന്നൊരാൾ ഉണ്ടാക്കി.

## ഫ

**ഫണധരൻ**—ശിവൻ.

**ഫണീന്ദ്രൻ (ഈശ്വരൻ)**—൧. ശേഷൻ. ൨. പതഞ്ജലി.

**ഫബ്രീസിയസ്**—ഒരു യൂറോപ്യൻ പാദ്രി തമിഴിൽ ക്രിസ്തീയവേദപു
സ്തകം ഭാഷാന്തരംചെയ്തു

**ഫൽഗുനൻ**—൧. ഇന്ദ്രൻ ൨. അർജ്ജുനൻ.

**ഫാലൻ**—൧. ബലരാമൻ. ൨. ശിവൻ.

**ഫാലഗുപ്തൻ**—ബലരാമൻ.

**ഫേനാശനി**—ഇന്ദ്രൻ.

## ബ

**ബകൻ**—൧. കുബേരൻ ൨. കൃഷ്ണൻ കൊന്ന ഒരു അസുരൻ. ൩. ഏ
കചക്രനഗരത്തിനു സമീപം വസിച്ചിരുന്ന ഒരു അസുരൻ അവനെ ഭയന്നു
അവിടത്തെ രാജാവ് ദിനംപ്രതി അവനു വേണ്ടുന്ന ഭക്ഷണസാധനങ്ങൾ കൊ
ടുത്തയച്ചുവന്നു എന്നാൽ ബകൻ ആ സാധനങ്ങൾ മാത്രമല്ല അവയെ കൊണ്ടു
ചെന്നവരെയും ഭക്ഷിച്ചുകളക പതിവായിരുന്നു. ഒരു ദിവസം ഭീമൻ ഭക്ഷണ
ങ്ങൾ കൊണ്ടുചെന്നു. ബകൻ ഭീമനെ തിന്മാൻ ഭാവിച്ചപ്പോൾ അവർ തമ്മിൽ
ഘോരമായ യുദ്ധം ഉണ്ടാകയും ഭീമൻ ബകനെ കാലിനുപിടിച്ചു വലിച്ചുകീറിക്ക
ളകയും ചെയ്തു.

**ബദരികാശ്രമം**—ഹിമാലയത്തിൽ ഗംഗയുടെ ഉത്ഭവത്തിനുസമീപ
മുള്ള ഒരു വിഷ്ണുക്ഷേത്രം. നരനാരായണന്മാരുടെ ആശ്രമം.

**ബഭ്രു**—൧. ശിവൻ. ൨. വിഷ്ണു. ൩. ഒരു യാദവൻ.

**ബഭ്രുവാഹനൻ**—ചിത്രാംഗദയിൽ അർജ്ജുനന്റെ പുത്രൻ. മാതാവി
ന്റെ ദേശമായ മണിപുരത്തിൽ വാണു. യുധിഷ്ഠിരൻ അശ്വമേധയാഗത്തിനു
നിശ്ചയിച്ചിരുന്ന കുതിര അവിടെ ചെല്ലുകയും അപ്പോൾ അവിടത്തെ ഉ
ദ്യോഗസ്ഥന്മാർ അതിനെ പിടിച്ചുകെട്ടി ബഭ്രുവാഹനന്റെ അടുക്കൽ കൊണ്ടു
ചെന്നേല്പിക്കയുംചെയ്തു. കുതിരയുടെ നെററിമേൽ ഉണ്ടായിരുന്ന എഴുത്തുകണ്ടി
ട്ടു അതു പാണ്ഡവരുടെ കുതിരയാണെന്നും അർജ്ജുനൻകൂടെ വന്നിട്ടുണ്ടെന്നും
അറിഞ്ഞു ബഭ്രുവാഹനൻ വേഗംചെന്നു നമസ്കരിച്ചു കുതിരയോടുകൂടെതന്റെ
രാജ്യവും ധനവും എല്ലാം അർജ്ജുനനു കൊടുക്കാൻ താൻ ഒരുക്കമാണെന്നു പറ
ഞ്ഞു. അന്നേരം അർജ്ജുനൻ അവൻ ഭീരുവാണെന്നും അവന്റെ പ്രവൃത്തി
തന്റെ പുത്രനായ ഒരു രാജാവിനു യോഗ്യമല്ലെന്നും പറഞ്ഞു ശകാരിച്ചു അവ

നെ അടിച്ചു. അതിനാൽ അവർ തമ്മിൽ യുദ്ധം ഉണ്ടായി അൎജ്ജുനനെ ബഭ്രുവാഹനൻ കൊന്നു. അനന്തരം ബഭ്രുവാഹനൻ തന്റെ പ്രവൃത്തിയെക്കുറിച്ചു മനസ്താപപ്പെട്ടു ആത്മഹത്യചെയ്വാൻ വിചാരിച്ചപ്പോൾ ഉലൂപി എന്ന നാഗരാജ്ഞി അവന്നു ഒരു രത്നം കൊടുക്കയും അതുകൊണ്ടു അൎജ്ജുനൻ വീണ്ടും ജീവനെ പ്രാപിക്കയുംചെയ്തു.

**ബലൻ** — ഇന്ദ്രൻ കൊന്ന ഒരു അസുരൻ.

**ബലരാമൻ** — കൃഷ്ണന്റെ ജ്യേഷ്ഠൻ. കൃഷ്ണൻ സാക്ഷാൽ വിഷ്ണുതന്നെയായിരുന്നെന്നും ബലരാമൻ വിഷ്ണുവിന്റെ എട്ടാമത്തെ അവതാരമായിരുന്നെന്നും വൈഷ്ണവർ പറഞ്ഞുവരുന്നു. ബലരാമൻ ശേഷസൎപ്പത്തിന്റെ അവതാരമായിരുന്നെന്നും അവൻ മരിച്ചപ്പോൾ ആ സൎപ്പം അവന്റെ വായിൽക്കൂടി ഇറങ്ങിപ്പോയി എന്നും ഒരു കഥയും ഉണ്ട്. മഹാഭാരതപ്രകാരം ബലരാമനും കൃഷ്ണനും വിഷ്ണുവിന്റെ രണ്ടു രോമങ്ങളിൽ (ഒന്നു വെളുത്തതും ഒന്നു കറുത്തതും) നിന്നു ദേവകിയുടെ പുത്രരായി ജനിച്ചവരാകകൊണ്ടു സമന്മാരാണ്. ബലരാമൻ ജനിച്ച ഉടനെ കംസൻ കൊന്നുകളയാതിരിപ്പാൻവേണ്ടി ഗോകുലത്തിൽ കൊണ്ടുപോയി രോഹിണിയുടെ പുത്രനായി നന്ദനാൽ വളൎത്തപ്പെട്ടു. ബലരാമൻ ഒന്നാമതു ചെയ്ത പരാക്രമപ്രവൃത്തി ഒരു കഴുതയുടെ രൂപമെടുത്തു തന്നെ കൊല്ലുവാൻ വന്ന ധേനുകാസുരന്റെ വധമായിരുന്നു. അതിന്റെശേഷം അവൻതന്നെ തോളത്തു കയററി കൊണ്ടുപോയി കൊന്നുകളവാൻ വിചാരിച്ചുവന്ന പ്രലംബാസുരനെ അവന്റെ തോളത്തിരുന്നു തന്നെ തലയ്ക്കു ഇടിച്ചുകൊന്നു. പിന്നെ കൃഷ്ണനോടുകൂടെ മധുരയ്ക്കുപോയി കംസനെ വധിപ്പാൻ സഹായിച്ചു. ഒരിക്കൽ ബലരാമൻ മദ്യം സേവിച്ചിരിക്കുമ്പോൾ തനിക്കു കുളിക്കുന്നതിനായി യമുനാനദിയോടു അടുത്തുവരുവാൻ കല്പിക്കയും അതു അനുസരിക്കാഞ്ഞതുകൊണ്ടു തന്റെ ഹലായുധംകൊണ്ടു അതിലെ ജലത്തെ തന്റെ പിന്നാലെ അങ്ങുമിങ്ങും വലിച്ചുകൊണ്ടു നടക്കയും പിന്നീടു യമുനാ ഒരു സ്ത്രീരൂപം ധരിച്ചുവന്നു ബലരാമനോടു മാപ്പു ചോദിക്കയും ചെയ്തു. ഇതുകൊണ്ടു ബലരാമനു യമുനാഭിദ് എന്നും കാളിന്ദീകൎഷണൻ എന്നും പേരുകളുണ്ടായി. ദുൎയ്യോധനൻ ശാംബനെ ഹസ്തിനാപുരത്തിൽ തടവുകാരനായി പാൎപ്പിച്ചിരുന്നപ്പോൾ ബലരാമന്റെ കല്പനപ്രകാരം അവനെ കൌരവർ വിട്ടയയ്ക്കാഞ്ഞതുകൊണ്ടു ബലരാമൻ തന്റെ ആയുധംകൊണ്ട് നഗരത്തോടുകൂടെ അവരെ തന്റെ അടുക്കലേക്കു വലിച്ചെടുക്കയാൽ അവർ ഭയന്നു ശാംബനെ വിട്ടയച്ചു. ഒടുവിൽ തന്റെ ആയുധങ്ങളെ മോഷ്ടിച്ചുകൊണ്ടുപോയ ദ്വിവിദൻ എന്ന വാനരത്തെയും വധിച്ചു. ബലരാമനാണ് ദുൎയ്യോധനനെയും ഭീമനെയും ഗദയുടെ ഉപയോഗം പഠിപ്പിച്ചതു. അവനു കൌരവരോടു അധികം സ്നേഹം ഉണ്ടായിരുന്നെങ്കിലും ഭാരതയുദ്ധത്തിൽ ഇരുകക്ഷികൾക്കും സഹായിച്ചില്ല. ഭീമൻ ദുൎയ്യോധനനെ യോദ്ധാക്കൾക്കു അയോഗ്യമായ വിധത്തിൽ അരയ്ക്കുകീഴിൽ അടിച്ചു ബലഹീനപ്പെടുത്തിയതു കണ്ടപ്പോൾ ബലരാമനുണ്ടായ കോപം കൃഷ്ണൻ പ്രയാസപ്പെട്ടു ശമിപ്പിച്ചില്ലെങ്കിൽ അവൻ പാണ്ഡവരെ എല്ലാവരെയും നശിപ്പിച്ചുകളയുമായിരുന്നു. ബലരാമൻ മദ്യപ്രിയനും കോപശീലനും ആയിരുന്നു. കൃഷ്ണനോടുപോലും ചിലപ്പോൾ കോപിക്കാറുണ്ടായിരുന്നു. അവൻ കൃഷ്ണന്റെ മരണത്തിനു അല്പം മുമ്പായി ദ്വാരകയ്ക്കു പുറത്തു ഒരാലിന്റെ ചുവട്ടിൽവെച്ചു മരിച്ചു. അവനു രൈവത രാജാവിന്റെ പുത്രിയായ രേവതിമാത്രമേ ഭാൎയ്യയായി ഉണ്ടായിരുന്നുള്ളു. അവളിൽ നിശഠൻ എന്നും ഉൽമുകൻ എന്നും രണ്ടു പുത്രന്മാരുണ്ടായി. അവന്റെ ആയുധങ്ങൾ ഖേടകം അല്ലെങ്കിൽ സൌനന്ദം, ഹലം, മുസലം ഇവയായിരുന്നു.

**പേരുകൾ** — താലധ്വജൻ, ഗുപ്തചരൻ, കാമപാലൻ, സംവൎത്തകൻ, ലാംഗലി, ഹലഭൃൽ, ഹലൻ.

ബലഭദ്രഃ പ്രലംബഘ്നോ ബലദേവോƒച്യുതാഗ്രജഃ ।
രേവതീരമണോ രാമഃ കാമപാലോ ഹലായുധഃ ॥
നീലാംബരോ രൗഹിണേയസ്താലാങ്കോ മുസലീ ഹലീ ॥
സംകർഷണസ്സീരപാണിഃ കാളിന്ദീഭേദനോ ബലഃ ॥

ബലാഹകൻ—വിഷ്ണുവിന്റെ ഒരു കുതിര.

ബലി—പ്രഹ്ലാദന്റെ പുത്രനായ വിരോചനന്റെ പുത്രനായി ഒരു ധർമ്മശാലിയായ ദൈത്യരാജാവു്. വിന്ധ്യാവലി അവന്റെ ഭാര്യയായിരുന്നു. തപസ്സുചെയ്തു ഇന്ദ്രനെ തോല്പിച്ചു മൂന്നു ലോകത്തിനും നാഥനായി. ദേവകൾ പോയി വിഷ്ണുവിങ്കൽ അഭയംപ്രാപിക്കയാൽ വിഷ്ണു വാമനനായി അവതാരം ചെയ്തു. വിഷ്ണു ഒരു വാമനനായി വന്നു് ബലിയോടു മൂന്നടിസ്ഥലം ചോദിക്കയും ബലി സമ്മതിച്ചപ്പോൾ വിഷ്ണു ശരീരം ദീർഘമാക്കി ഒരടി ഭൂമിയിലും ഒന്നു സ്വർഗ്ഗത്തിലുംവെച്ചു ആ രണ്ടു ലോകങ്ങളും ദേവകൾക്കു തിരികെ കൊടുക്കയും ചെയ്തു. ബലിയുടെ തപസ്സും പിതാമഹനായ പ്രഹ്ലാദന്റെ ഗുണവും ഓർത്തു് മൂന്നാമത്തെ അടി വെക്കാതെ ബലിക്കു പാതാളം മാത്രം വിട്ടുകൊടുത്തു. ഒരു കഥയിൽ, മൂന്നാമത്തെ അടി ബലിയുടെ തലമേൽവെച്ചു് അവനെയും അവന്റെ കൂട്ടരേയും പാതാളത്തിലേക്കു ഓടിച്ചുകളഞ്ഞു. ബലിക്കു മഹാബലിഎന്നും പേരുണ്ടു്. ബലി ചിരജീവികളിൽ ഒരുവനാണു്. കേരളത്തിൽ തിരുവോണവും മൈസൂരിൽ നവരാത്രി അവസാനദിവസവും ബലിക്കു പ്രധാനം.

ബലിധ്വംസി (ബന്ധനൻ, ദമൻ)—വിഷ്ണു.

ബല്ലവൻ (വലലൻ)—അജ്ഞാതവാസത്തിൽ ഭീമൻ സ്വീകരിച്ച പേരു്.

ബഹുമാർഗ്ഗഗാ—ഗംഗാ.

ബഹുരൂപൻ—൧. ശിവൻ. ൨. വിഷ്ണു. ൩. ബ്രഹ്മാവു്. ൪. കാമദേവൻ.

ബാണൻ—൧. ഒരു ശ്രുതിപ്പെട്ട ഗ്രന്ഥകർത്താവു്. ആറാംശതാബ്ദത്തിന്റെ അവസാനത്തിലോ ഏഴാംശതാബ്ദത്തിന്റെ ആരംഭത്തിലോ ഹർഷവർദ്ധന രാജാവിനെ ആശ്രയിച്ചു ജീവിച്ചിരുന്നു. ഹർഷചരിതം, കാദംബരി, ചണ്ഡികാശതകം മുതലായ പുസ്തകങ്ങൾ ഉണ്ടാക്കി. പാർവ്വതീപരിണയവും രത്നാവലിയും ബാണന്റെ കൃതികളാണെന്നു ചിലർ വിചാരിക്കുന്നു.

൨. ബലിയുടെ പുത്രനായ ആയിരം കൈകളുള്ള ഒരു ദൈത്യൻ. ശിവന്റെ ഭക്തനും വിഷ്ണുവിന്റെ ശത്രുവും ആയിരുന്നു. അവന്റെ മകൾ ഉഷയ്ക്കു കൃഷ്ണന്റെ പുത്രനായ അനിരുദ്ധനിൽ അനുരാഗം ഉണ്ടായിട്ടു മന്ത്രശക്തികൊണ്ടു അനിരുദ്ധനെ തന്റെ അടുക്കൽ വരുത്തി. അനിരുദ്ധനെ രക്ഷിച്ചുകൊണ്ടു പോരുന്നതിനായി കൃഷ്ണനും ബലരാമനും പ്രദ്യുമ്നനും അവിടെ ചെന്നപ്പോൾ ശിവനും സ്കന്ദനും സഖികളായി ബാണൻ അവരെ എതിർത്തു. ശിവനെ കൃഷ്ണൻ തോല്പിച്ചു. സ്കന്ദനു മുറിവേറ്റു. കൃഷ്ണന്റെ അസ്ത്രങ്ങൾകൊണ്ടു ബാണന്റെ കൈകളെല്ലാം മുറിഞ്ഞുപോകയുംചെയ്തു. ശിവൻ അപേക്ഷിക്കകൊണ്ടു കൃഷ്ണൻ ബാണനെ കൊന്നില്ല. ബാണനു വൈരോചി എന്നും പേരുണ്ടു്.

ബാണജിൽ (ഹന്താവു്)—വിഷ്ണു.

ബാണഗംഗാ—രാവണന്റെ അസ്ത്രംകൊണ്ടുണ്ടായ ഒരു നദി.

ബാണയുദ്ധം — രാമശാസ്ത്രികൾ ഉണ്ടാക്കിയ ഒരു ആട്ടക്കഥ.

ബാദരായണൻ — വേദാന്തസ്ഥാപകനായ വേദവ്യാസൻ.

ബാദരായണി — വ്യാസന്റെ പുത്രനായ ശുകൻ.

ബാർഹദ്രഥൻ (ഥി) — ജരാസന്ധരാജാവു്.

ബാലകൃഷ്ണൻ — ബാലഗോപാലൻ ശിശുവായ കൃഷ്ണൻ അശ്വത്ഥതലയുള്ള സർപ്പത്തിന്മേൽ കാലിന്റെ തള്ളവിരൽ വായിൽവെച്ചുകൊണ്ടിരിക്കുന്നതായിട്ടാണ പ്രതിമ.

ബാലഭാരതം — ൧ പതിമൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന അമരചന്ദ്രൻ രചിച്ച ഒരു കാവ്യം. ഭാരതകഥ. അമരചന്ദ്രന്റേതായി ഛന്ദോരത്നാവലി എന്നും ജിതേന്ദ്രചരിതം എന്നും വേറെ രണ്ടു കൃതികളും ഉണ്ടു്. ൨. രാജശേഖരന്റെ ഒരു നാടകം. ഭാരതകഥാവിഷയം, കഥ മുഴുവനായിട്ടില്ല. രണ്ടു അങ്കമേ തീർന്നിട്ടുള്ളൂ. അതിൽ ദ്രൗപദിയുടെ സ്വയംവരവും വസ്ത്രാപഹരണവും വിവരിച്ചിരിക്കുന്നു.

ബാലരാമായണം — രാജശേഖരന്റെ ഒരു നാടകം. സംസ്കൃതനാടകങ്ങളിൽവെച്ചു ഏററവും വലിയതു്. രാമായണകഥ മുഴുവനും ഉണ്ടു്. സീതാസ്വയംവരത്തിനു രാവണനും പോയിരുന്നു എന്നും ആരംഭംമുതല്ക്കേ, ശ്രീരാമന്റെ ശത്രുവാണെന്നും ഇതിൽ കാണിച്ചിരിക്കുന്നു.

ബാലി — കിഷ്കിന്ധയിലെ വാനരരാജാവു്. ശ്രീരാമൻ അവനെ കൊന്നു അവന്റെ രാജ്യം സുഗ്രീവനു കൊടുത്തു. ഇന്ദ്രന്റെ പുത്രനാണെന്നും അമ്മയുടെ രോമത്തിൽനിന്നു ജനിച്ചു എന്നും ചിലർ പറയുന്നുണ്ടു്. അവന്റെ ഭാൎയ്യയുടെ പേർ താരാ എന്നും പുത്രന്മാരുടെ പേരുകൾ അംഗദൻ, താരൻ എന്നും ആയിരുന്നു.

ബാസവപുരാണം — കല്യാണപുരരാജാവിന്റെ മന്ത്രിയായ ബാസവന്റെ കഥകൾ. കന്നടകം, ഭീമൻ എന്നൊരാൾ കൎത്താവു്.

ബാഹു, ബാഹുകൻ — സൂൎയ്യകുലത്തിലെ ഒരു രാജാവു്. ഹൈഹയരാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.

ബാഹുകൻ — നളൻ അയോദ്ധ്യാരാജാവായ ഋതുപൎണ്ണന്റെ പരിചാരകനായിരുന്നപ്പോഴത്തെ പേരു്.

ബിന്ദുസാരൻ — ചന്ദ്രഗുപ്തന്റെ പുത്രനും പിൻവാഴിയും.

ബിഭീഷണൻ — വിഭീഷണൻ.

ബില്ഹണൻ — പതിനൊന്നാം ശതാബ്ദത്തിന്റെ ഒടുവിൽ ജീവിച്ചിരുന്ന ഒരു ഗ്രന്ഥകൎത്താവു്. മഹാകാവ്യമായ വിക്രമാങ്കദേവചരിതവും ചൌരപഞ്ചാശികയും കൎണ്ണസുന്ദരി എന്നൊരു നാടകവും ഉണ്ടാക്കീട്ടുണ്ടു്. ശ്രുതിപ്പെട്ട വൈയ്യാകരണൻ ആയിരുന്നു.

ബീജാക്ഷരം — മന്ത്രങ്ങളുടെ ആദ്യാക്ഷരം.

ബീഭത്സു — അൎജ്ജുനൻ.

**ബുദ്ധൻ**—ശുദ്ധോദനന്റെ പുത്രൻ. കപിലവസ്തുവിൽ ജനിച്ചു. സ്വന്തപേരു നിശ്ചയമില്ല. കുടുംബപ്പേരു ശാക്യൻ. അദ്ദേഹത്തിന്റെ മതം പ്രബലപ്പെട്ടുവരുന്നതു കണ്ടപ്പോൾ ഹിന്തുക്കൾ അദ്ദേഹത്തെ വിഷ്ണുവിന്റെ ഒമ്പതാമത്തെ അവതാരമായി സ്വീകരിച്ചു ബുദ്ധമതം പ്രബലപ്പെട്ടു് ഹിന്തുക്കൾ ഹിംസ അനുഭവിച്ചപ്പോൾ അവർ അദ്ദേഹത്തിനു പകരം ബലരാമനെ ഒമ്പതാമത്തെ അവതാരമാക്കി. മൈത്രേയൻ എന്നു പേരായി ഒരു ബുദ്ധൻ വരാനുണ്ടെന്നു ബുദ്ധമതക്കാരുടെ വിശ്വാസം. ബുദ്ധമതം ഇപ്പോൾ ചീനത്തും ബൎമ്മയിലും സിലോണിലും പ്രബലപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ ജൈനമതം അതിൽനിന്നുണ്ടായതാണു്. ബുദ്ധമതക്കാൎക്കു പത്തുപ്രമാണങ്ങൾ പ്രധാനം. അഞ്ചു സാധാരണമനുഷ്യരായ ഉപാസകന്മാൎക്കു കൊലചെയ്യരുതു്, മോഷ്ടിക്കരുതു്, വ്യഭിചാരം ചെയ്യരുതു്, അസത്യം പറയരുതു്, മദ്യം സേവിക്കരുതു്. അഞ്ചു സന്യാസിമാരായ ശ്രമണന്മാർ അനുസരിക്കേണ്ടതു്. അവയുടെ ഉദ്ദേശം കൎമ്മഫലം നശിപ്പിച്ചു നിൎവ്വാണം പ്രാപിക്ക. ദാനം, ശീലം, ക്ഷാന്തി, വീൎയ്യം, ധ്യാനം, പ്രജ്ഞ ഇവയും മോക്ഷമാൎഗ്ഗങ്ങൾ. ബുദ്ധമതത്തിൽ ജാതിവ്യത്യാസം ഇല്ല. ബുദ്ധന്റെ ഉപദേശങ്ങൾ സൂത്രപിടകം, വിനയപിടകം, അഭിധൎമ്മപിടകം. ഇങ്ങനെ മൂന്നു പിടകങ്ങൾ ഉള്ള ത്രിപിടകത്തിൽ ശേഖരിച്ചിരിക്കുന്നു.

> സൎവ്വജ്ഞഃ സുഗതോ ബുദ്ധോ ധൎമ്മരാജസ്തഥാഗതഃ।
> സമന്തഭദ്രോ ഭഗവാൻ മാരജില്ലോകജിജ്ജിനഃ॥
> ഷഡഭിജ്ഞോ ദശബലോഽദ്വയവാദീ വിനായകഃ।
> മുനീന്ദ്രഃ ശ്രീഘനഃ ശാസ്താമുനിഃ ശാക്യമുനിസ്തുയഃ॥
> സ ശാക്യ സിംഹഃസൎവ്വാൎത്ഥസിദ്ധഃ ശൌദ്ധോദനിശ്ചസഃ।
> ഗൌതമശ്ചാൎക്ക ബന്ധുശ്ച മായാദേവീ സുതശ്ചസഃ॥

**ബുദ്ധചരിതം**—അശ്വഘോഷൻ രചിച്ച ഒരു മഹാകാവ്യം. വളരെ പുരാതനം. വിഷയം ശ്രീബുദ്ധന്റെ ചരിത്രം.

**ബുധൻ**—ബൃഹസ്പതിയുടെ ഭാൎയ്യയായ താരയിൽ ചന്ദ്രന്റെ പുത്രൻ.
ചന്ദ്രൻ താരയെ വശീകരിച്ചുകൊണ്ടു പോകകൊണ്ടു ചന്ദ്രനും ബൃഹസ്പതിയും
തമ്മിൽ താരകാമയം എന്ന യുദ്ധം ഉണ്ടായി. ഉശനസ്സ്, രുദ്രൻ, ദൈത്യർ, ദാ
നവർ ഇവരെല്ലാം ചന്ദ്രന്റെ ഭാഗവും ഇന്ദ്രനും ദേവകളും ബൃഹസ്പതിയുടെ
ഭാഗവും യുദ്ധം ചെയ്തു. അനന്തരം ബ്രഹ്മാവിന്റെ നിൎബന്ധത്താൽ താര
യെ സോമൻ വിട്ടുകൊടുത്തു അവൾ ഭൎത്താവിന്റെ അടുക്കൽ ചെന്നപ്പോൾ
ഗൎഭിണിയായിരുന്നു പിന്നെ അവൾ പ്രസവിച്ച പുത്രൻ അതിസുന്ദരനും
മഹായോഗ്യനുമായിരുന്നതുകൊണ്ടു അവൻ തന്റെ പുത്രനാണെന്നു ബൃഹസ്പതി
യും അങ്ങനെയല്ല തന്റെ പുത്രനാണെന്നു ചന്ദ്രനും വാദിച്ചു. താരാ വസ്തുത
ഏതാണെന്നു അറിയിക്കാഞ്ഞതുകൊണ്ടു തൎക്കം കഠിനമായപ്പോൾ പുത്രൻ ശ
പിക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തുകയാലും ബ്രഹ്മാവു കല്പിക്കയാലും അവൻ
സോമന്റെ പുത്രനാണെന്നു താര സമ്മതിച്ചു. സോമൻ അവനു ബുധനെന്നു
നു പേരിട്ടു ബുധനു രൌഹിണേയൻ എന്നും സൌമ്യൻ എന്നും പേരുകളുണ്ടു്.

**ബൃഹതി**—നാരദന്റെ വീണയുടെ പേരു്. വിശ്വാവസുവിന്റെ വീണ.

**ബൃഹൽകഥാ**—ഗുണാഢ്യന്റെ ഒരു കഥാസംഗ്രഹം. കഥാസരിൽസാഗരത്തിന്റെ മൂലം.

**ബൃഹൽകഥാമഞ്ജരി**—കഥാസരിൽസാഗരം നോക്കുക.

**ബൃഹജ്ജാതകം**—വരാഹമിഹിരന്റെ ജ്യോതിഷഗ്രന്ഥം.

**ബൃഹദ്ദേവതാ**—ഋഗ്വേദത്തിലെ ദേവതകളെക്കുറിച്ചു ശൌനകന്റെ ഒരു പുസ്തകം.

**ബൃഹദംബാ, പാൎവ്വതി**—പുതുക്കോട്ടരാജാവിന്റെ പേരു് ബൃഹദംബാദാസൻ എന്നാണു്.

**ബൃഹദാരണ്യകം**—ശതപഥബ്രാഹ്മണത്തിന്റെ ഒടുവിലത്തെ ഭാഗമായ ഒരു ശ്രുതിപ്പെട്ട പുസ്തകം.

**ബൃഹദ്രഥൻ**—൧ ഇന്ദ്രൻ. ൨ മൌൎയ്യകുലത്തിലെ ഒടുവിലത്തെ രാജാവു്.

**ബൃഹന്നടൻ (നളൻ)**—അജ്ഞാതവാസത്തിൽ അൎജ്ജുനൻ എടുത്ത പേരു്.

**ബൃഹൽഭട്ടാരികാ**—ദുൎഗ്ഗാ.

**ബൃഹൽസംഹിതാ**—ജ്യോതിശാസ്ത്രസംബന്ധമായി വരാഹമിഹിരന്റെ ശ്രുതിപ്പെട്ട ഒരു പുസ്തകം.

**ബൃഹസ്പതി**—ദേവകളുടെ പുരോഹിതൻ ഇദ്ദേഹത്തിന്റെ ഭാൎയ്യയായ താരയെ സോമൻ വശീകരിച്ചുകൊണ്ടു പോകയാൽ താരകാമയം എന്ന യുദ്ധം ഉണ്ടായി. ബുധൻ നോക്കുക. ബൃഹസ്പതിക്കു ഉചത്ഥ്യന്റെ ഭാൎയ്യയായമമതയിൽ ഭരദ്വാജൻ എന്നൊരു പുത്രൻ ഉണ്ടായി.

ബൃഹസ്പതിഃ സുരാചാൎയ്യോ ഗീഷ്പതിൎധിഷണോഗുരുഃ।
ജീവ ആംഗിരസോവാചസ്പതിശ്ചിത്രശിഖണ്ഡിജഃ॥

**ബെയിലി, റെവറണ്ടുബെഞ്ചമിൻ**—കോട്ടയത്തു ചൎച്ചു് മിഷ്യൻ പാദ്രി ആയിരുന്നു. തിരുവിതാംകൂറിൽ ആദ്യമായി ഒരു അച്ചുക്കൂടം സ്ഥാപിച്ചു. തന്റെ മേലന്വേഷണത്തിൽ ക്രിസ്തീയ വേദപുസ്തകം മുഴുവനും മലയാളത്തിൽ തൎജ്ജമചെയ്യിച്ചു അച്ചടിപ്പിച്ചു. വേദപുസ്തകം നോക്കുക. മലയാളം ഇംഗ്ലീഷ്, ഇംഗ്ലീഷ്മലയാളം നിഘണ്ടുക്കളും വേറേ ചെറിയ ചില പുസ്തകങ്ങളും ഉണ്ടാക്കീട്ടുണ്ടു.

**ബെസ്കി**—വീരമാമുനി നോക്കുക.

**ബോധവാസരം**—വിഷ്ണു നാലുമാസത്തെ ഉറക്കം കഴിഞ്ഞു ഉണരുന്ന ദിവസം.

**ബോധിവൃക്ഷം**—അരയാൽ. ഇതിന്റെ ചുവട്ടിൽവെച്ചു ഗൌതമൻ ജ്ഞാനം പ്രാപിച്ചു ബുദ്ധനായി

**ബോധിസത്വൻ**—ബുദ്ധമതത്തിൽ, ബുദ്ധനാവാൻ ഒരു ജന്മംകൂടെ മതിയാകുന്ന സന്യാസി.

ബൈബിൾ — വേദപുസ്തകം നോക്കുക.

ബ്രഹ്മചൎയ്യം — ബ്രാഹ്മണരുടെ ഒരാശ്രമമായ ശിഷ്യകാലം ആശ്രമം നോക്കുക.

ബ്രഹ്മഗുപ്തൻ — ബ്രഹ്മഗുപ്തസിദ്ധാന്തത്തിന്റെ കൎത്താവായ ഒരു ജ്യോതിശ്ശാസ്ത്രി. ക്രിസ്തുവൎഷം ൫൯൮-ൽ ജനിച്ചു.

ബ്രഹ്മപുരാണം — ഒന്നാമത്തെ പുരാണം. ബ്രഹ്മാവു് മരീചിക്കു ഉപദേശിച്ചതു. ഒരുഭാഗം സൂൎയ്യസ്തുതിയാകകൊണ്ടു സൌരപുരാണം എന്നും പേരുണ്ടു്.

ബ്രഹ്മയുഗം — കൃതയുഗം.

ബ്രഹ്മവേദം — അഥൎവ്വണവേദം.

ബ്രഹ്മവൈവൎത്തപുരാണം — കൃഷ്ണന്റെ മഹിമയെ കുറിച്ചു സാവൎണ്ണി നാരദനു ഉപദേശിച്ചതു്.

ബ്രഹ്മസാവൎണ്ണി — പത്താമത്തെ മനു.

ബ്രഹ്മസിദ്ധാന്തം — ബ്രഹ്മഗുപ്തന്റെ ഒരു ജ്യോതിഷഗ്രന്ഥം. ഏഴാംശതാബ്ദം.

ബ്രഹ്മസൂത്രങ്ങൾ — വേദാന്തത്തെക്കുറിച്ചുള്ള വ്യാസന്റെ സൂത്രങ്ങൾ.

ബ്രഹ്മാണ്ഡപുരാണം — ബ്രഹ്മാണ്ഡത്തിന്റെ മഹിമയെക്കുറിച്ചു. അ
ദ്ധ്യാത്മരാമായണം ഇതിന്റെ ഒരു ഭാഗമാണ്. ഇതിന്റെ ഒരുഭാഗം കരുണാ
കരൻ എഴുത്തച്ഛനും അദ്ധ്യാത്മരാമായണം രാമാനുജൻ എഴുത്തച്ഛനും കിളി
പ്പാട്ടായി ഭാഷാന്തരം ചെയ്തിട്ടുണ്ട്.

ബ്രഹ്മാദികം — ബ്രഹ്മാവിന്റെ അവതാരം. ഇങ്ങനെ ഒമ്പതു ദേവ
താരങ്ങൾ ചെയ്തു ഓരോ വംശം സ്ഥാപിച്ചു. അവരിൽനിന്നു മനുഷ്യർ ഉണ്ടാ
യി. പ്രജാപതികളെയും സപ്തൎഷികളേയും പറ്റിയും ഇങ്ങനെ പറയു
ന്നുണ്ടു്.

ബ്രഹ്മപുരം — മേരുപൎവ്വതത്തിന്റെ മുകളിൽ ബ്രഹ്മാവിന്റെ സ്വൎഗ്ഗം.
ചുറ്റും ഗംഗാനദി ഒഴുകുന്നു

ബ്രഹ്മാവ് — ത്രിമൂൎത്തികളിൽ ഒന്നു രജോഗുണമൂൎത്തിയായ സൃഷ്ടിക
ൎത്താവു്. ബ്രഹ്മാവിന്റെ സൃഷ്ടിവേലയെക്കുറിച്ചു പല കഥകൾ ഉണ്ടു്.
ഒരു കഥയിൽ ബ്രഹ്മാവു് ആദ്യം വെള്ളത്തെ സൃഷ്ടിച്ചു അതിൽ ഒരു ബീജം ഇ
ട്ടു എന്നും ആ ബീജം ഒരു സ്വൎണ്ണമുട്ടയായി തീൎന്നു എന്നും അതിൽനിന്നു ബ്ര
ഹ്മാവുതന്നെ ജനിച്ചു എന്നും മുട്ടത്തോടിനെ രണ്ടായി പിളൎന്നു ആകാശവും ഭൂമി
യും സൃഷ്ടിച്ചു എന്നും അതിന്റെ ശേഷം പത്തു പ്രജാപതികളെയും സൃഷ്ടിച്ചു
എന്നും കാണുന്നു. രാമായണത്തിൽ ബ്രഹ്മാവു ആകാശത്തിൽ നിന്നു ജനിച്ചു
എന്നും മരീചി ബ്രഹ്മാവിന്റെ പുത്രനും കശ്യപൻ മരീചിയുടെ പുത്രനും ആയി
രുന്നെന്നും പറഞ്ഞിരിക്കുന്നു ഇനിയൊരു കഥപ്രകാരം ബ്രഹ്മാവു മുട്ടയിൽ

നിന്നും വിരിഞ്ഞാറെ തന്നത്താൻ സ്ത്രീപുരുഷന്മാരായി വേർപിരികയും അവരിൽനിന്നു വിരാജനും അവനിൽനിന്നു മനുവും ജനിക്കയും ചെയ്തു. ഭേദത്തിൽ, ബ്രഹ്മാവു് വിഷ്ണുവിന്റെ പൊക്കിളിൽനിന്നു വളരുന്ന താമരയിൽനിന്നു ജനിച്ചു എന്നും, തന്റെ പുത്രിയായ സരസ്വതിയോടു ന്യായരഹിതസംയോഗംചെയ്തു സർവ്വത്തെയും സൃഷ്ടിച്ചതായും പറഞ്ഞിരിക്കുന്നു.

ബ്രഹ്മാവിന്റെ ഒരുദിവസം മനുഷ്യരുടെ ൪൩൨൦,൦൦൦,൦൦൦വർഷങ്ങളാകുന്നു. ഓരോ ദിവസാവസാനത്തിൽ ദേവകളും ഋഷികളും പഞ്ചഭൂതങ്ങളും ഒഴികെ ശേഷമുള്ളവയെല്ലാം നശിച്ചുപോകുന്നു. ബ്രഹ്മാവിന്റെ ആയുഷ്കാലം തന്റെ ൧൦൦ വർഷങ്ങളാകുന്നു അതിന്റെ അവസാനത്തിൽ സർവ്വവും നശിച്ചുപോകയും വീണ്ടും ബ്രഹ്മാവു പരബ്രഹ്മത്തിന്റെ അണ്ഡത്തിൽ നിന്നു ജനിച്ചു മുമ്പലത്തെപ്പോലെതന്നെ സകലവും സൃഷ്ടിക്കയും ചെയ്യുന്നു. ഭാരതഖണ്ഡത്തിൽ ഇപ്പോൾ ഒരു ബ്രഹ്മക്ഷേത്രമേയുള്ളത്രെ. നാരദന്റെയോ ഭൃഗുവിന്റെയോ ശാപത്താൽ മനുഷ്യരുടെ പൂജയ്ക്കു അയോഗ്യനായിത്തീർന്നതാണു കാരണം. ബ്രഹ്മാവിനു അഞ്ചുതലകളുണ്ടായിരുന്നു; ഒന്നു ശിവനെ നിന്ദിക്കയാൽ ശിവൻ തന്റെ മൂന്നാമത്തെ കണ്ണുകൊണ്ടു് ഭസ്മീകരിച്ചുകളകയാൽ ഇപ്പോൾ നാലുതലകളേയുള്ളു. ബ്രഹ്മാവിന്റെ ഭാര്യ സരസ്വതിയും വില്ലു പരിവീതവും, വാഹനം ഹംസവും വാസസ്ഥലം ബ്രഹ്മവൃന്ദവുമാകുന്നു.

പേരുകൾ—

ബ്രഹ്മാത്മഭൂഃ സുരജ്യേഷ്ഠഃ പരമേഷ്ഠീപിതാമഹഃ ।
ഹിരണ്യഗർഭോ ലോകേശഃ സ്വയംഭൂശ്ചതുരാനനഃ ॥
ധാതാബ്ജയോനിർദ്രുഹിണോവിരിഞ്ചഃ കമലാസനഃ ।
സ്രഷ്ടാപ്രജാപതിർവേധാ വിധാതാവിശ്വസൃഡ്വിധിഃ ॥
നാഭിജന്മാണ്ഡജഃ പൂർവ്വോനിധനഃ കമലോത്ഭവഃ ।
സദാനന്ദോരജോമൂർത്തിഃ സത്യകോ ഹംസവാഹനഃ ॥

ബ്രഹ്മാവർത്തം—ദിവ്യനദികളായ സരസ്വതിയുടേയും ദൃഷദ്വതിയുടേയും മദ്ധ്യേ ഉള്ള സ്ഥലം.

ബ്രഹ്മം—പരമാത്മാവു. ഇതിനെ ആരും വന്ദിക്കുന്നില്ലെങ്കിലും ഇതിനെ ധ്യാനിച്ചു ഇതിൽ ലയിക്കുവാനായിട്ടാണു് ഋഷിമാർ തപസ്സുചെയ്യുന്നതു്.

ബ്രാഹ്മണർ—ജാതികളിൽ വെച്ചു് ഒന്നാമത്തവർ, ഭൂദേവർ, മനുവിന്റെ നിയമപ്രകാരം ഒരു ബ്രാഹ്മണന്റെ ജീവൽകാലം നാലായി വിഭാഗിക്കപ്പെട്ടിരിക്കുന്നു.

൧. ബ്രഹ്മചാരി. ഒരു ഗുരുവിന്റെ കീഴിൽ വേദം പഠിക്കുന്ന കാലം.

൨. ഗൃഹസ്ഥൻ. ഒരു ഭാര്യയോടുകൂടി ഗൃഹകൃത്യങ്ങൾ ചെയ്കയും വേദം പഠിപ്പിക്കയും ബലികൾ കഴിക്കയും ദാനങ്ങൾ കൊടുക്കയും ചെയ്യേണ്ടുന്ന കാലം.

൩. വാനപ്രസ്ഥൻ. ധ്യാനത്തിനായും ഇന്ദ്രിയനിഗ്രഹത്തിനായും വനത്തിൽ പോയി വസിക്കേണ്ടുന്ന കാലം.

൪. സന്യാസി. ജന്മമോഹങ്ങളേയും ദുഃഖസന്തോഷങ്ങളേയും ത്യജിച്ചു പരമാത്മാവിൽ ലയിക്കുവാനുള്ള ആശമാത്രം ഉള്ളവനായി ഭിക്ഷയാൽ ഉപജീവിക്കേണ്ടുന്ന കാലം

ബ്രാഹ്മണരുടെ പേരുകൾ, ദ്വിജാതി, അഗ്രജന്മാ, ഭൂദേവൻ, ബാഡവൻ, വിപ്രൻ.

ബ്രാഹ്മണർ രണ്ടുശാഖകളുണ്ട്. വിന്ധ്യപർവ്വതത്തിനു വടക്കുള്ളവരും അതിനുതെക്കുള്ളവരും ഇവ ഓരോന്നും അഞ്ചായി വിഭജിക്കപ്പെട്ടിരിക്കുന്നു.

മഹാരാഷ്ട്രാന്ധ്രദ്രാവിഡാഃ കർണ്ണാടാശ്ചൈവഗൂർജ്ജരാഃ।
ദ്രാവിഡാഃപഞ്ചധാപ്രോക്താ വിന്ധ്യദക്ഷിണവാസിനഃ॥
സാരസ്വതാഃ കാന്യകുബ്ജാ ഗൌഡോത്കലമൈഥിലാഃ
ഗൌഡാഃ പഞ്ചവിധാഃപ്രോക്താ വിന്ധ്യോത്തരവാസിനഃ।

**ബ്രാഹ്മണങ്ങൾ**—മന്ത്രങ്ങളോളം പുരാതനങ്ങൾ അല്ല. അവ ഗദ്യത്തിൽ എഴുതീട്ടുള്ളവയും ആചാരക്രമങ്ങളും വ്യാഖ്യാനങ്ങളും കഥകളും അടങ്ങിയവയും ആകുന്നു. ഋഗ്വേദത്തിന് ഐതരേയം അല്ലെങ്കിൽ ആശ്വലായനബ്രാഹ്മണം, കൌശീതകി അല്ലെങ്കിൽ സാംഖ്യായനബ്രാഹ്മണം എന്നു രണ്ടും, യജുർവേദത്തിനു തൈത്തരീയം, ശതപഥം ഇങ്ങനെ രണ്ടും, സാമവേദത്തിനു പഞ്ചവിംശം, ഷഡ്വിംശം, താണ്ഡ്യം മുതലായി എട്ടും, അഥർവ്വവേദത്തിനു ഗോപഥം എന്നു ഒന്നും ബ്രാഹ്മണങ്ങൾ ഉണ്ട്. മന്ത്രങ്ങളെപ്പോലെതന്നെ ബ്രാഹ്മണങ്ങളുടെയും ഗ്രന്ഥകാരന്മാർ ആരെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല. ചിലതു ഓരോ ഋഷിമാരുടെ പേരുകളോടു യോജിപ്പിച്ചു കാണുന്നതിൽനിന്നു ആ ഋഷിമാർ അവയെ സംഗ്രഹിച്ചു എന്നോ രചിച്ചു എന്നോ അനുമാനിക്കാനേ പാടുള്ളു. ഐതരേയബ്രാഹ്മണത്തിലാണ് നരബലിയെപ്പററി ആദ്യം പ്രസ്താവനയുള്ളതു്.

**ബ്രാഹ്മണജീവികാ**—ബ്രാഹ്മണനു ഉപജീവനത്തിനു ന്യായമായ തൊഴിലുകൾ.

അദ്ധ്യാപനഞ്ചാദ്ധ്യയനം യജനംയാജനംതഥാ।
ദാനംപ്രതിഗ്രഹശ്ചൈവ ഷട്കർമ്മാണ്യഗ്രജന്മനഃ॥
ഷണ്ണാം തുകർമ്മണാമസ്യ ത്രീണികർമ്മാണിജീവികാ।
യാജനാദ്ധ്യാപനേചൈവ വിശുദ്ധശ്ചപ്രതിഗ്രഹഃ॥

**ബ്രാഹ്മണിപ്പാട്ടു**—ഭദ്രകാളിസേവയ്ക്കും കല്യാണത്തിനും ഉപയോഗിക്കുന്ന പഴയ മലയാളപാട്ടുകൾ. സീതാസ്വയംവരം, പാഞ്ചാലീസ്വയംവരം സുഭദ്രാഹരണം മുതലായവയാണ് വിഷയം. വേദസ്വരത്തിൽ ബ്രാഹ്മണിയെക്കൊണ്ടു പാടിക്കുന്നതിനാൽ ഈ പേരുണ്ടായി.

## ഭ

**ഭൻ**—ശുക്രൻ.

**ഭക്തവത്സലൻ**—ക. വിഷ്ണു: ഖ. ശിവൻ.

**ഭക്തിരസായനം**—ശൈവമതതത്വങ്ങൾ പ്രതിപാദിക്കുന്ന ഒരു കിളിപ്പാട്ടുകാവ്യം. സഹജാനന്ദൻ കർത്താവു്.

**ഭഗൻ**—വേദത്തിലെ ഒരു ദേവത. ധനം ദാനംചെയ്കയും വിവാഹങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യുന്നു.

**ഭഗം** — ശിവന്റെ ഒരു സിദ്ധി.

**ഭഗഘ്നൻ (ഭഗനേത്രഘ്നൻ)** — ദക്ഷയാഗത്തിങ്കൽ ഭഗന്റെ കണ്ണു ഇടിച്ചു തെറിപ്പിച്ചുകളഞ്ഞതുകൊണ്ടു ശിവന്റെ ഒരു പേരു്.

**ഭഗവതി** — ൧. ദുർഗ്ഗാ. ൨. ലക്ഷ്മി.

**ഭഗവൽഗീതാ** — കൃഷ്ണനും അർജ്ജുനനും തമ്മിൽ ആത്മികവിഷയങ്ങളെപ്പററിയുണ്ടായ സംഭാഷണം. മഹാഭാരതത്തിന്റെ ഏററവും ശ്രുതിപ്പെട്ട ഭാഗം. കഥയോടു പറയത്തക്ക ബന്ധം ഇല്ല. മഹാഭാരതത്തേക്കാൾ നൂതന കൃതിയെന്നു പാശ്ചാത്യപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഗ്രന്ഥകർത്താവു ആരെന്നു നിശ്ചയമില്ല. ആത്മികവിഷയമായ സംഭാഷണരൂപേണ ഭക്തിയെ പ്രധാനമാക്കി എല്ലാ ദർശനങ്ങളിൽനിന്നും ഗ്രന്ഥകർത്താവിനു നല്ലതായും ശരിയായും തോന്നിയതെല്ലാം എടുത്തു സംഗ്രഹിച്ചു എഴുതിയതു്. ഇതിനെ അനുകരിച്ചു ഗാണപത്യർ എന്നൊരു വർഗ്ഗക്കാർ കൃഷ്ണനു പകരം ഗണേശനെ ചേർത്തു ഗണേശഗീത എന്നൊരു പുസ്തകം ചമച്ചിട്ടുണ്ടു്. ഭഗവൽഗീത മലയാളത്തിൽ അർത്ഥത്തോടു പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനുപുറമെ നെയ്യൂർ കുമാരപിള്ള, തെക്കുമ്മാർവീട്ടിൽ അനന്തൻനായർ മുതലായവർ ഭാഷാന്തരം ചെയ്തിട്ടുമുണ്ടു്.

**ഭഗവാൻ** — ൧. വിഷ്ണു. ൨. ശിവൻ. ൩. ബുദ്ധൻ.

**ഭഗീരഥൻ** — സൂര്യകുലത്തിലെ ഒരു രാജാവു്. സഗരന്റെ പുത്രന്റെ പൌത്രൻ വളരെ പ്രയത്നവും തപസ്സും ചെയ്തു കപിലൻ ഭസ്മീകരിച്ചുകളഞ്ഞ സഗരന്റെ ൬൦,൦൦൦ പുത്രന്മാരെ ശുദ്ധീകരിച്ചു മോക്ഷത്തിനു യോഗ്യരാക്കേണ്ടുന്നതിനായി, ഗംഗയെ സ്വർഗ്ഗത്തിൽനിന്നും ഭൂമിയിലേക്കു കൊണ്ടുവന്നു. ഇതിൽനിന്നു ഏതെങ്കിലും അസാധാരണപ്രയത്നത്തിനു ഭഗീരഥപ്രയത്നം എന്നു പേരുവന്നു.

**ഭട്ടികാവ്യം** — രാമചരിതം വിഷയമായി ഭട്ടികവി ഉണ്ടാക്കിയ ഒരു കാവ്യം; രാവണവധം എന്നും പേരുണ്ടു്. അതിന്റെ മുഖ്യഉദ്ദേശം അലങ്കാരശാസ്ത്രവും വ്യാകരണസൂത്രങ്ങളും ഉദാഹരിക്കുവാനാണു്. ഭട്ടികവി ക്രിസ്താബ്ദം ആറാം നൂററാണ്ടിൽ ജീവിച്ചിരുന്നു. ഭട്ടികാവ്യം ഭർത്തൃഹരി ഉണ്ടാക്കിയതാണെന്നും ഒരഭിപ്രായം ഉണ്ടു്.

**ഭദ്രൻ** — ശിവൻ.

**ഭദ്രം** — മേരുപർവ്വതം.

**ഭദ്രകാളി** — ദ്രാവിഡരുടെ ഒരു ഗ്രാമദേവത. ഇപ്പോൾ ദുർഗ്ഗാദേവിയായി ആര്യന്മാർ വിചാരിച്ചുവരുന്നു. ഭദ്രകാളി ശിവന്റെ ഭാര്യ ആയിരുന്നു, അഹങ്കാരംനിമിത്തം ഭൂമിയിലേക്കു തള്ളപ്പെട്ടിട്ടു ഭൂതങ്ങളുടെ രാജ്ഞിയായി, ഭദ്രകാളിക്ഷേത്രങ്ങളിൽ ദിനംപ്രതി പൂജയുണ്ടു്. അതു ബ്രാഹ്മണർ കഴിക്കും, പുറമെ വെച്ചു ബലികഴിക്കുന്നതു ശൂദ്രരൊ പഞ്ചമന്മാരൊ ആയിരിക്കും. ക്ഷുദ്രപ്രയോഗത്തിലും ഭദ്രകാളിയെ സേവയുണ്ടു്. ആര്യ, ഭൈരവി, കാളി, ചാമുണ്ഡി, കങ്കാളി, മധുപതി, മാലിനി, മാതാ, മാതംഗി, മുക്കണ്ണി, ശൂലി, ശൂരി, വീരി, വേതാളി, എൺതോളി എന്നും പേരുകളുണ്ടു്. കാളികോവിലുകൾ നരബലികഴിച്ചാണു സ്ഥാപിച്ചിരിക്കുന്നതെന്നു ഐതിഹ്യം. ദേവി നോക്കുക.

**ഭദ്രകാളിപ്പാട്ട്** — ഭദ്രകാളിക്ഷേത്രങ്ങളിൽ അത്തു പരദേവതയെ പുകഴ്ത്തിപ്പാടുന്ന ചില പഴയ പാട്ടുകൾ.

**ഭദ്രചാരു** — കൃഷ്ണന്റെയും രുഗ്മിണിയുടേയും പുത്രൻ.

**ഭദ്രദീപം** — തിരുവനന്തപുരത്തു ഒരു ഉത്സവം, പാണ്ടിയിൽ പൊങ്കലിനു സമം. കൎക്കടകം ൧-ാംനു-യും മകരം ൧-ാംനു-യും സൂൎയ്യന്റെ അയനമാറ്റത്തിൽ, തെറ്റുകൾ വന്നുപോയിട്ടുണ്ടെങ്കിൽ തീരുന്നതിനു ആറുകൊല്ലത്തിലൊരിക്കൽ മുറജപം, മുറജപാവസാനത്തിൽ ലക്ഷദീപം. മുറജപം നോക്കുക.

**ഭദ്രബലനൻ, ഭദ്രാംഗൻ** — ബലരാമൻ.

**ഭദ്രരേണു** — ഇന്ദ്രന്റെ ആന.

**ഭദ്രശാഖൻ** — കാൎത്തികേയൻ.

**ഭദ്രസോമാ** — ഗംഗാ.

**ഭദ്ര** — ൧. കൃഷ്ണന്റെ സഹോദരിയായ സുഭദ്രാ. ൨. ഉതഥ്യന്റെ ഭാൎയ്യ.

**ഭദ്രാശ്വം** — ൧. ഒരു ദ്വീപു. ൨. ഒരു ശ്രുതിപ്പെട്ട കുതിര, ഉച്ചൈശ്ശ്രവസ്സിന്റെ പുത്രൻ.

**ഭയാപഹൻ (ഭയകൃൽ, ഭയനാശനൻ)** — വിഷ്ണു.

**ഭരണി** — മീനമാസത്തിൽ ഭരണിനാൾ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ ഉത്സവം അന്നു കോഴിബലി പ്രധാനം. ബെങ്കാളത്തിലെ ഹോളി ഉത്സവത്തിനും തമിഴരുടെ കാമൻ പണ്ടികയ്ക്കും സമം.

**ഭരണിദീപം** — കാൎത്തികമാസം ഭരണിനാളിൽ വിഷ്ണുസേവയ്ക്കായി ഒരു ദീപക്കാഴ്ച.

**ഭരതൻ** — ൧. പ്രഥമമന്വന്തരത്തിലെ ഒരു രാജാവു്. വിഷ്ണുവിനെ ഭജിക്കുന്നതിനായി രാജ്യം ഉപേക്ഷിച്ചുംവെച്ചു വനത്തിൽ പോയിപാൎത്തു. ഒരുദിവസം കുളിക്കുന്നതിനായി ആശ്രമത്തിൽനിന്നു നദിയിൽ ചെന്നപ്പോൾ ഒരു ഗൎഭിണിയായ മാൻപേട ഒരു സിംഹത്തെക്കണ്ടു ഭയപ്പെടുകയും ഭയംനിമിത്തം ഉടൻതന്നെ പ്രസവിക്കയും കുട്ടി വെള്ളത്തിൽ വീണുപോകയും ചെയ്തു. ഭരതൻ കുട്ടിയെ എടുത്തു ആശ്രമത്തിൽ കൊണ്ടുവന്നു വളൎത്തി എന്നാൽ അതിനെ അധികം സ്നേഹിക്കയാൽ അതു ഭരതന്റെ തപസ്സിനു ഒരു വിഘ്നമായിത്തീൎന്നു. മാൻകുട്ടിയും ഭരതനെ തന്റെ പിതാവെന്നപോലെ സ്നേഹിച്ചു. ഇങ്ങനെ ഭരതൻ മരിച്ചപ്പോൾ ആ മാൻകുട്ടിയെ സ്മരിച്ചുകൊണ്ടു മരിച്ചു. അതുകൊണ്ടു ഭരതൻ പിന്നെ ഒരു മാനായിട്ടു ജനിക്കയും താൻ മുമ്പുചെയ്ത തെറ്റിനു വേണ്ടുന്ന പ്രതിശാന്തി ചെയ്കയുംചെയ്തു. പിന്നത്തെ ജന്മത്തിൽ ഭരതൻ വിഭ്രാന്തനും ദാസവൃത്തിക്കാരനും ആയ ഒരു ബ്രാഹ്മണനായി ജനിച്ചു. ഈ പ്രാവശ്യം വിഷ്ണുവിന്റെ ശക്തിയെക്കുറിച്ചുള്ള ജ്ഞാനം വരികയാൽ മുക്തിയെ പ്രാപിച്ചു.

൨. ശ്രീരാമന്റെ സഹോദരൻ. കൈകേയിയിൽ ദശരഥന്റെ പുത്രൻ. മാണ്ഡവിയുടെ ഭൎത്താവു്. ദശരഥന്റെ ശേഷക്രിയകൾ ചെയ്തതിന്നു ഉടനെ തനി

ക്കവേണ്ടി രാജ്യഭ്രഷ്ടനാക്കപ്പെട്ട രാമന്റെ പിന്നാലെ ഭരതൻ വനത്തിലേക്കു പോയി, തിരിച്ചുവന്നു രാജ്യഭാരം ഏറ്റുകൊള്ളുവാൻ രാമനെ നിർബന്ധിച്ചു. അവധിക്കു മുമ്പായി താൻ തിരിച്ചുവരികയില്ലെന്നു രാമൻ പറഞ്ഞതുകൊണ്ടു ഭരതൻ രാജ്യത്തിലേക്ക് മടങ്ങിവന്ന് രാമന്റെ നാമത്തിൽ രാജ്യം ഭരിച്ചു. ഭരതൻ മൂന്നുകോടി ഗന്ധർവ്വന്മാരെ കൊന്ന് അവരുടെ രാജ്യവും പിടിച്ചടക്കി.

൩. ശകുന്തളയിൽ ദുഷ്യന്തരാജാവിന്റെ പുത്രൻ. കൌരവരുടെയും പാണ്ഡവരുടെയും ഒരു പൂർവികൻ. ഈ രാജാവിൽ നിന്നു ഇന്ത്യയ്ക്കു ഭാരതഖണ്ഡം എന്നും ഭാരതവർഷം എന്നും പേരുകളുണ്ടായി.

൪. നാട്യശാസ്ത്രത്തെ നിർമ്മിച്ച ഒരു ഋഷി

**ഭരതവാക്യം**—എല്ലാ നാടകത്തിന്റെയും ഒടുവിലത്തെ ആശീർവാദവാക്കുകളായ ശ്ലോകം. ഭരതന്റെ യശസ്സിനെ ഉദ്ദേശിച്ചു ചേർക്കുന്നതാണത്രേ.

**ഭരദ്വാജൻ**— ബൃഹസ്പതിയുടെ പുത്രൻ. പാണ്ഡവരുടെ ഗുരുവായ ദ്രോണന്റെ പിതാവ്. ഉചഥ്യന്റെ ഭാര്യ തന്റെ ഭർത്താവിനാലും ബൃഹസ്പതിയാലും ഗർഭിണിയായിരുന്നു. ഭർത്താവിനാൽ ഉത്പാദിതനായ ദീർഘതമസ്സ് അവധിക്കുമുമ്പായി ബൃഹസ്പതിയുടെ പുത്രനെ ചവിട്ടി ഗർഭപാത്രത്തിൽനിന്നു പുറത്താക്കി; അപ്പോൾ കുഞ്ഞിന്റെ അമ്മയോടു ബൃഹസ്പതി "ഭരദ്വാജം" എന്നു പറകകൊണ്ടു കുഞ്ഞിന് ഭരദ്വാജൻ എന്നു പേരു വന്നു.

**ഭരു**—൧. ശിവൻ ൨. വിഷ്ണു.

**ഭർഗ്ഗൻ**—൧. ശിവൻ ൨. ബ്രഹ്മാവ്.

**ഭർത്തൃഹരി**—ഒരു കവി. ശൃംഗാരശതകം, നീതിശതകം, വൈരാഗ്യശതകം, ഇങ്ങനെ മൂന്നു ശതകങ്ങളും വാക്യപദീയം എന്നൊരു വ്യാകരണവും ഉണ്ടാക്കീട്ടുണ്ടു. ക്രിസ്ത്വബ്ദം ആറാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്നു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു. ഭട്ടികാവ്യം ഈ കവിയുടെതാണെന്നു ചിലരുടെ അഭിപ്രായം. ശതകങ്ങളുടെ പ്രധാനം. മൂന്നുശതകങ്ങളും ഓരോരുത്താവു മലയാളത്തിൽ തർജ്ജമചെയ്തിട്ടുണ്ടു.

**ഭല്ലടശതകം**—ഭർത്തൃഹരിയുടെ നീതിശതകത്തെ അനുകരിച്ചു കാശ്മീരകവിഭല്ലടൻ ഉണ്ടാക്കിയതു.

**ഭവൻ**—ശിവൻ

**ഭവഭൂതി**—ഒരു ശ്രുതിപ്പെട്ട കവി. മഹാവീരചരിതം, ഉത്തരരാമചരിതം, മാലതീമാധവം എന്നു മൂന്നു വിശേഷപ്പെട്ട നാടകങ്ങളുടെ കർത്താവ്. ക്രിസ്ത്വാബ്ദം ഏഴാംനൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ചിരുന്നു.

**ഭവാനീശങ്കരൻ**— പാർവ്വതിയും ശിവനും അർദ്ധനാരി.

**ഭവാനീ**—പാർവ്വതീ.

**ഭവാനീഗുരു** —ഹിമാലയപർവ്വതം.

**ഭവാനീപതി**—ശിവൻ.

**ഭവിഷ്യപുരാണം** — പേരുകൊണ്ടു ഒരു പ്രവാചക പുസ്തകമാണെങ്കിലും സൂക്ഷ്മത്തിൽ ചില കൎമ്മങ്ങളും ആചാരങ്ങളും മാത്രം വിവരിക്കുന്ന ഒരു ശൈവപുരാണം. പഞ്ചലക്ഷണങ്ങൾ എല്ലാം ഇല്ല.

**ഭസ്മപ്രിയൻ, ഭസ്മശായി** — ശിവൻ.

**ഭാഗവതപുരാണം** — പുരാണങ്ങളിൽവെച്ചു ഏററവും മുഖ്യമായിട്ടുള്ളതു. വൈഷ്ണവം. ഇതിൻെറ പത്താമദ്ധ്യായം ആയ കൃഷ്ണചരിതം ഏററവും വിശേഷപ്പെട്ടതായി വിചാരിക്കപ്പെട്ടുവരുന്നു. ദേവഗിരിരാജാവായ ഹേമാദ്രിയുടെ സഭയിലുണ്ടായിരുന്ന വൈയാകരണനായ ബോപദേവൻ ഉണ്ടാക്കിയതു. തുഞ്ചത്തെഴുത്തച്ഛൻ കിളിപ്പാട്ടായി മലയാളത്തിലും [illegible] എന്നൊരു കവി കൎണ്ണാടകത്തിലും തൎജ്ജമ ചെയ്തിട്ടുണ്ടു. എഴുപുന്നതരണനാട്ടുമേനോൻ ഭാഗവതസംഗ്രഹം എന്ന പേരായി ദശമംവരെയുള്ള കഥ കിളിപ്പാട്ടായി ചുരുക്കി എഴുതീട്ടുണ്ടു. ഏകാദശം കിളിപ്പാട്ടായി തൎജ്ജമയും ചെയ്തിട്ടുണ്ടു.

**ഭാഗീരഥി** — സഗരൻെറ പുത്രന്മാരുടെ ഭസ്മം ശുദ്ധീകരിക്കുന്നതിനായി ഭഗീരഥൻ വളരെ പ്രയത്നപ്പെട്ടിട്ടു സ്വൎഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു കൊണ്ടുവന്നതുകൊണ്ടു ഗംഗയ്ക്കു ഭാഗീരഥി എന്ന പേരുണ്ടായി.

**ഭാനുമതി** — ദുൎയ്യോധനൻെറ ഭാൎയ്യ.

**ഭാമതി** — ബ്രഹ്മസൂത്രങ്ങൾക്കു വാചസ്പതിമിശ്രൻെറ ഒരു വ്യാഖ്യാനം.

**ഭാമാ** — സത്യഭാമയുടെ ഒരു പേരു.

**ഭാമിനീവിലാസം** — ജഗന്നാഥപണ്ഡിതരുണ്ടാക്കിയ ഒരു കാവ്യം സ്ത്രീകളുടെ പ്രേമവൎണ്ണനയാണു.

**ഭാരതൻ** — ഭരതൻെറ പുത്രൻ.

**ഭാരതം** — ൧. മഹാഭാരതം നോക്കുക. ൨. നാടകശാസ്ത്രം.

**ഭാരതചമ്പു** — ഗദ്യവും പദ്യവുമായി ഭാരതകഥ: അനന്തഭട്ടർ കൎത്താവു.

**ഭാരതതാല്പൎയ്യനിൎണ്ണയം** — പദ്യത്തിൽ ഭാരതകഥാസംക്ഷേപം. തൻെറ മതങ്ങളെ പ്രചരിപ്പിക്കുവാൻ അനന്തതീൎത്ഥർ എഴുതിയതു.

**ഭാരതമഞ്ജരി** — മഹാഭാരതകഥയുടെ സംക്ഷേപം. കാശ്മീരദേശത്തിലെ കവി ക്ഷേമേന്ദ്രൻ ഉണ്ടാക്കിയതു.

**ഭാരതവൎഷം** — ഇന്ത്യ, ഭരതൻെറ രാജ്യം, ഒൻപതുവൎഷങ്ങളായി വിഭജിച്ചിരുന്നു. വിന്ധ്യപാദത്തിനു തെക്കോട്ടുള്ള സ്ഥലം ഉൾപ്പെടുകയില്ല.

**ഭാരതീ** — സരസ്വതി.

**ഭാരദ്വാജൻ** — ൧. ദ്രോണർ. ൨. അഗസ്ത്യൻ. ൩. ഒരു വൈയാകരണൻ.

**ഭാരവി** — കിരാതാർജ്ജുനീയത്തിൻെറ കൎത്താവു്. കാളിദാസൻെറ കാലത്തുതന്നെ ജീവിച്ചിരുന്നെന്നു തോന്നുന്നു.

**ഭാർഗ്ഗവൻ** — (ഭൃഗുവിൻെറ സന്തതി) ൧. ജമദഗ്നി. ൨. പരശുരാമൻ. ൩. ശുക്രൻ. ൪. ശിവൻ. ൫. മാർക്കണ്ഡേയൻ.

**ഭാർഗ്ഗവി** — ൧. ലക്ഷ്മി. ൨. പാൎവ്വതി. ൩. ദേവയാനി.

**ഭാഷ** — മനുഷ്യൎക്കു പതിനെട്ടു ഭാഷകളേ ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ളു എന്നു ദ്രാവിഡരുടെ വിശ്വാസം. അംഗം (ബെംഗാൾ,) അരുണം (ആസ്സാം), കലിംഗം (തെലുങ്കു), കാംബോജം (ഉത്തരേന്ത്യ), ചീനം (ചീനദേശം), കൊങ്കണം (കോങ്കണദേശം), കോസലം (അയോദ്ധ്യ), കൌശികം (കച്ഛ്), ദ്രാവിഡം (തമിഴ്), മാഗധം (മഗധദേശം), മരാടം (മഹാരാഷ്ട്രം), പപ്പരാ (ഗുജരാത്തി), ശാവകം (ജാവാ), സിംഹളം (സിങ്കാളി), സിന്ധു (സിന്ധുദേശം), യോനകം (ഹിന്ദുസ്ഥാനി), തുളവം (തുളുരാജ്യം), വംഗം (കിഴക്കൻ ബെംഗാൾ).

**ഭാഷാനൈഷധചമ്പു** — മലയാളത്തിലെ ഒരു ഉൽകൃഷ്ടഗ്രന്ഥം. ഗദ്യവും പദ്യവും. നളചരിതം വിഷയം, മഴമംഗലം നമ്പൂതിരി ഉണ്ടാക്കിയതു്.

**ഭാഷ്യം** — പാണിനിസൂത്രങ്ങളുടെ വ്യാഖ്യാനം. പതഞ്ജലി ഉണ്ടാക്കിയതു്.

**ഭാസൻ** — ക്രിസ്താബ്ദം ഏഴാംനൂററാണ്ടിനു മുമ്പു ജീവിച്ചിരുന്ന ഒരു മഹാകവി. ഈ കവി ഇരുപത്തുനാലു രൂപകങ്ങൾ ഉണ്ടാക്കി എന്നു പറഞ്ഞുവരുന്നെങ്കിലും എല്ലാം നഷ്ടമായിപ്പോയി എന്നു വിചാരിച്ചിരുന്നു. ധാവകനും ഘടകർപ്പരനും ഭാസൻതന്നെയാണെന്നു ചിലർ അഭിപ്രായപ്പെട്ടിരുന്നു. ഇയ്യിടെ ചിലതു കണ്ടുകിട്ടി, അനന്തശയനസംസ്കൃതഗ്രന്ഥാവലിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അഭിഷേകനാടകം, അവിമാരകം, സ്വപ്നവാസവദത്തം, പഞ്ചരാത്രം, ബാലചരിതം, പ്രതിജ്ഞായൌഗന്ധരായണം, ചാരുദത്തം, പ്രതിമാനാടകം, മുതലായവ ഭാസൻേറതെന്നു വിചാരിച്ചുവരുന്നു.

**ഭാസ്കരൻ** — ൧. സൂൎയ്യൻ. ൨. ശിവൻ.

**ഭാസ്കരാചാൎയ്യൻ** — ബീജഗണിതം, ലീലാവതി, സിദ്ധാന്തശിരോമണി ഇവയുടെ കൎത്താവായ ഒരു ഗണിതശാസ്ത്രജ്ഞൻ. പതിനൊന്നാംനൂററാണ്ടടുപ്പിച്ചു ജീവിച്ചിരുന്നു

**ഭിക്ഷു** — നാലാമത്തെ ആശ്രമത്തിൽ പ്രവേശിച്ച ഒരു ബ്രാഹ്മണൻ.

**ഭിദകം** — ഇന്ദ്രൻെറ വജ്രായുധം.

**ഭീമൻ** — ൧. ശിവൻ. ൨. പരമാത്മാവു. ൩. നളൻെറ ഭാൎയ്യയായ ദമയന്തിയുടെ പിതാവു്.

**ഭീമൻ, ഭീമസേനൻ** — പഞ്ചപാണ്ഡവരിൽ രണ്ടാമത്തവൻ. കുന്തിയിൽ വായുവിൻെറ പുത്രൻ. അസാധാരണ വലിപ്പവും വലിപ്പത്തിനു തക്ക ശക്തിയും ധൈൎയ്യവും ഉണ്ടായിരുന്നു. തൻെറ സഹോദരന്മാരോടും ഭാൎയ്യയുംകൂ

ടി ഭക്ഷിക്കുന്നേടത്തോളം ഭക്ഷണം ഭീമനുതന്നെ വേണ്ടിവന്നു ഭക്ഷണപ്രിയനാകകൊണ്ടു ഭീമനു വൃകോദരനെന്നു പേരുണ്ടായിരുന്നു. ഭീമന്റെ ആയുധം ഒരു ഗദയും അതിന്റെ ഉപയോഗം പഠിപ്പിച്ചതു ദ്രോണനും ബലരാമനും ആയിരുന്നു. ഗദയുടെ പ്രയോഗത്തിൽ ഭീമന്റെ വിദഗ്ദ്ധത കണ്ടിട്ടു ദുര്യോധനനു അവനോടു മത്സരം ഉണ്ടായി ഒരിക്കൽ അവനു വിഷംകൊടുത്തു ശരീരം ഗംഗയിൽ എറിഞ്ഞുകളഞ്ഞു. ശരീരം മുങ്ങി നാഗലോകത്തിൽ ചെല്ലുകയും അവിടെനിന്നു ശക്തിയും ആരോഗ്യവും പ്രാപിച്ചു ഹസ്തിനാപുരത്തിലേക്കു തിരികെ വരികയുംചെയ്തു. പിന്നെ പാണ്ഡവർ വാരണാവതത്തിൽ വസിക്കുമ്പോൾ അവരെ ദഹിപ്പിച്ചുകളവാൻ ദുര്യോധനൻ എടുത്ത ഉപായം നിറവേറ്റുവാൻ ഭരമേററിരുന്ന പുരോചനന്റെ ഭവനത്തിനു കാവൽനിന്ന ഭീമൻ അവനെ ഭവനത്തോടുകൂടി ചുട്ടുകളഞ്ഞു. ഇതിന്റെശേഷം ഭീമൻ ഹിഡിംബാസുരനെ കൊന്നു അവന്റെ സഹോദരിയായ ഹിഡിംബിയെ ഭാര്യയാക്കി. ബകനെ കാലിനുപിടിച്ചു വലിച്ചു കീറിക്കളഞ്ഞു. കിമ്മീരനെയും മററു അസുരരെയും തോല്പിച്ചു അവർ മനുഷ്യരെ പിന്നെ ഉപദ്രവിക്കയില്ലെന്നു ഉടമ്പടി ചെയ്യിച്ചു. പാണ്ഡവർ ഇന്ദ്രപ്രസ്ഥത്തിൽ രാജ്യഭാരം സ്ഥാപിച്ചശേഷം ഭീമൻ ജരാസന്ധനോടു യുദ്ധം ചെയ്തു അവനെ കൊന്നു വായുവിന്റെ പുത്രനും അതിനാൽ ഹനുമാന്റെ സഹോദരനുമായ ഭീമനു തീവ്രവേഗതയോടെ പറക്കാമായിരുന്നു അങ്ങനെ ഒരിക്കൽ പറന്നുചെന്നു കുബേരനെ കണ്ടിട്ടുവന്നു. ദ്രൌപദിയെ അപഹരിച്ചു കൊണ്ടുപോവാൻ ശ്രമിച്ച ജയദ്രഥനെ രഥത്തിൽ നിന്നു വലിച്ചിട്ടു ചവിട്ടി അപമാനിച്ചയച്ചു. പാണ്ഡവർ വിരാടരാജാവിനെ ആശ്രയിച്ചു പാക്കുമ്പോൾ ഭീമൻ ശ്രുതിപ്പെട്ട മല്ലനായ ജീമൂതനെ കൊന്നു കീർത്തി സമ്പാദിച്ചു ദ്രൌപദിയെ അപമാനിപ്പാൻ വിചാരിച്ച കീചകനെ വധിച്ചു. ദ്രൌപദി കീചകന്റെ ചിതയിൽ കയറി മരിക്കണമെന്നുണ്ടായ വിധി ഭീമൻ വേഷംമാറി ചെന്നു ദ്രൌപദിയെ രക്ഷിച്ചു നിഷ്പ്രയോജനപ്പെടുത്തി. അതിൽ പിന്നെ വിരാടരാജാവിനെ തോല്പിച്ചു തടവുകാരനാക്കി കൊണ്ടുപോയ ത്രിഗത്തരാജാവായ സുശമ്മാവിനെ പിന്തുടർന്നു തോല്പിച്ചു വിരാടരാജാവിനു സ്വാതന്ത്ര്യംകൊടുക്കയും സുശമ്മാവിനെ അവന്റെ അടിമയാക്കുകയും ചെയ്തു. കൌരവരും പാണ്ഡവരും തമ്മിലുള്ള യുദ്ധത്തിൽ ഭീമൻ വളരെ ധീരപ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഒന്നാംദിവസം ഭീഷ്മനോടു യുദ്ധംചെയ്തു. രണ്ടാം ദിവസം മഗധരാജാവിനെയും അവന്റെ രണ്ടു പുത്രന്മാരെയും കൊന്നു. പതിന്നാലാം ദിവസം രാത്രിമുതൽ ഉദയംവരെ ദ്രോണനോടു യുദ്ധംചെയ്തു. എന്നാൽ ധൃഷ്ടദ്യുമ്നനാൽ ആണ്. ദ്രോണൻ കൊല്ലപ്പെട്ടത്. പതിനേഴാം ദിവസം ഭീമൻ ദുശ്ശാസനനെ കൊന്നു അവന്റെ രക്തം കുടിച്ചു തന്റെ ഒരു ശപഥത്തെ നിവൃത്തിയാക്കി പതിനെട്ടാംദിവസം യുദ്ധക്കളത്തിൽ നിന്നോടിപ്പോയ ദുര്യോധനനുമായി യുദ്ധംചെയ്തു ദ്രൌപദിക്കുവേണ്ടി ശപഥംചെയ്ത പ്രകാരം ദുര്യോധനന്റെ തുടതല്ലിത്തകത്തു അവൻ വീണപ്പോൾ കോപം സഹിയാഞ്ഞു അവന്റെ തലയ്ക്കു ചവിട്ടി. ഈ അയോഗ്യപ്രവൃത്തി നിമിത്തം യുധിഷ്ഠിരൻ ഭീമന്റെ കന്നത്തടിക്കയും ബലരാമൻ പാണ്ഡവരുടെ വിരോധിയായി തീരുകയും ചെയ്തു ബലരാമൻ അന്നു ഭീമനു ജിഹ്മയോധി എന്നു പേരിട്ടു. യുദ്ധം അവസാനിച്ചശേഷം ധൃതരാഷ്ട്രൻ ഭീമനെ തന്റെ അടുക്കൽ കൊണ്ടുവരണമെന്നു പറകയും കൃഷ്ണനു കാരണം മനസ്സിലായതുകൊണ്ടു അവന്റെ അടുക്കൽ ഒരു ഇരുമ്പുബിംബത്തെ കൊണ്ടുചെല്ലുകയും അവൻ അതിനെ പിടിച്ചു ഞെക്കി പൊടിച്ചുകളകയുംചെയ്തു ഭീമന്റെ നിന്ദ സഹിയാഞ്ഞിട്ടാണ് ധൃതരാഷ്ട്രൻ അത്രവേഗം രാജ്യം വിട്ടു വനത്തിൽ പൊയ്ക്കളഞ്ഞത്. ഭീമനു ദ്രൌപദിയിൽ ശ്രുതസോമനെന്നും ഹിഡിംബിയിൽ ഘടോൽകചനെന്നും കാശിരാജാവിന്റെ പുത്രിയായ ബലന്ധരയിൽ സർവ്വഗനെന്നും പുത്രന്മാരുണ്ടായിരുന്നു. അവ

ഭീമസേനൻ, ബാഹുശാലി, ജരാസന്ധജിത്തു എന്നും മറ്റും പേരുകളുണ്ടായിരുന്നു.

**ഭീമരഥി**—ഒരു മനുഷ്യന്റെ ൭൭-ാം വയസ്സിൽ ൭-ാം മാസം 7-ാം ദിവസം രാത്രി. അവന്റെ അപകടകരമായ സമയം

സപ്തസപ്തതിതമെവർഷെ സപ്തമെമാസി സപ്തമീ।
രാത്രിർഭീമരഥീനാമ നരാണാമതിദുസ്തരാ॥

സ്വാഭാവിക ജീവിതകാലം അവസാനിക്കയാൽ പിന്നീട് ആചാരങ്ങൾ ഒന്നും അനുഷ്ഠിക്കണമെന്നില്ല. ഈ സമയത്തിനു ഭീമരാത്രി എന്നും പറയും

**ഭീഷണൻ, ഭീഷ്മൻ**—ശിവൻ.

**ഭീഷ്മൻ**—ഗംഗയിൽ ശന്തനുരാജാവിന്റെ പുത്രൻ: അതുകൊണ്ടു ശാന്തനവൻ, ഗാംഗേയൻ, നദീജൻ എന്ന പേരുകൾ സിദ്ധിച്ചു. തന്റെ വാർദ്ധക്യത്തിൽ ശന്തനുരാജാവു ഒരു യുവതിയെ വിവാഹംചെയ്വാൻ ആഗ്രഹിക്കയും അതുപ്രകാരം ഭീഷ്മൻ തന്റെ പിതാവിനു സുന്ദരിയായ ഒരു യുവതിയെ തിരഞ്ഞെടുക്കയും ചെയ്തു. എന്നാൽ രാജ്യത്തിനു അവകാശി ഭീഷ്മനാകകൊണ്ടു സത്യവതിയുടെ മാതാപിതാക്കന്മാൎക്കു മനസ്സില്ലാതിരിക്കയും ഭീഷ്മൻ തന്റെ പിതാവിന്റെ ആഗ്രഹനിവൃത്തിക്കായി താൻ രാജപട്ടം ഏല്ക്കയോ വിവാഹം ചെയ്കയോ, മക്കളെ ജനിപ്പിക്കയോ ചെയ്കയില്ലെന്നു വാഗ്ദത്തംചെയ്തു അവരെ സമ്മതിപ്പിക്കയും ചെയ്തു. ശന്തനു സത്യവതിയെ വിവാഹംചെയ്തിട്ടു രണ്ടു പുത്രന്മാരുണ്ടായി. ശന്തനുവിന്റെ മരണശേഷം ഭീഷ്മൻ അവരിൽ മൂത്തവനെ രാജാവായി അഭിഷേകം ചെയ്തു. എന്നാൽ അവൻ ബാല്യത്തിൽ തന്നെ ഒരു യുദ്ധത്തിൽ മരിച്ചുപോകകൊണ്ടു ഭീഷ്മൻ ഇളയപുത്രനായ വിചിത്രവീൎയ്യനെ രാജാവാക്കി കാശിരാജാവിന്റെ രണ്ടു പുത്രിമാരെ അവനെക്കൊണ്ടു വിവാഹംചെയ്യിപ്പിച്ചു എന്നാൽ വിചിത്രവീൎയ്യനും മക്കളില്ലാതെ മരിച്ചു. അതുകൊണ്ടു അവന്റെ വിധവമാരെ ഭീഷ്മൻ രക്ഷിക്കയും ഭീഷ്മന്റെ ആലോചനപ്രകാരം പരാശരമഹർഷിയാൽ സത്യവതിയുടെ പുത്രനായ വ്യാസൻ അവരെ പരിഗ്രഹിക്കയും അവൎക്കു പാണ്ഡു എന്നും ധൃതരാഷ്ട്രൻ എന്നും രണ്ടുപുത്രന്മാരുണ്ടാകയുംചെയ്തു. എന്നാറെ ഭീഷ്മൻ അവരെ വളൎത്തി അവൎക്കുവേണ്ടി ഹസ്തിനാപുരത്തിൽ രാജ്യഭാരം ചെയ്തു. അവരുടെ പുത്രരായ പാണ്ഡവരുടെയും കൌരവരുടെയും വിദ്യാഭ്യാസവും ഭീഷ്മന്റെ ആലോചനപ്രകാരം തന്നെ ചെയ്തുവന്നു. യുദ്ധം ഉണ്ടായപ്പോൾ ഭീഷ്മൻ കൌരവരുടെ ഭാഗം നിന്നു. അൎജ്ജുനനോടു യുദ്ധംചെയ്വാൻ തന്നോടു ആവശ്യപ്പെടുകയില്ലെന്നുള്ള വാഗ്ദത്തത്തിന്മേൽ അവരുടെ സേനാനായകനായി എന്നാൽ യുദ്ധത്തിന്റെ പത്താംദിവസം ദുൎയ്യോധനന്റെ ഉത്സാഹവും പരിഹാസവും നിമിത്തം അൎജ്ജുനനോടെതിൎത്തു. അപ്പോൾ ശിഖണ്ഡി അവനെ യോദ്ധാക്കൾക്കു അയോഗ്യമായ വിധത്തിൽ മുറിവേല്പിക്കയും അവൻ അൎജ്ജുനൻ എയ്തുണ്ടായ അസംഖ്യം അമ്പുകൾ ഏറ്റു വീഴുകയുംചെയ്തു. ദേഹത്തിന്മേൽ കൊണ്ടിരുന്ന അമ്പുകൾ നിമിത്തം ശരീരം നിലത്തൊടാതെ കിടന്നു. തന്റെ മരണസമയം നിശ്ചയിപ്പാനുള്ള ശക്തി തനിക്കുണ്ടായിരുന്നതുകൊണ്ടു ഭീഷ്മൻ അമ്പത്തെട്ടു ദിവസങ്ങൾകൂടി ജീവിച്ചിരിക്കയും ആ സമയം അനേകം ഉപദേശങ്ങൾ കൊടുക്കയും പ്രസംഗങ്ങൾ കഴിക്കയും ചെയ്തു. ആദ്യം മുതൽ അവസാനംവരെ ഭീഷ്മൻ നീതിമാനും സുകൃതവാനും ഭക്തിമാനും വിശ്വസ്തനും ആയിരുന്നു. അവനു തപ്പ്ണേച്ശു എന്നും തലോകജ്ഞ എന്നും കൂടി പേരുകളുണ്ടു.

**ഭീഷ്മഏകാദശി**—മാഘമാസത്തിൽ ഏകാദശിദി, സം. അന്നക്രിയകൾക്കു എള്ളു പ്രധാനം.

**ഭീഷ്മകൻ**—൧. ശിവൻ. ൨. ഗംഗയിൽ ശന്തനുവിന്റെ ഒരു പുത്രൻ. ൩. രുഗ്മിണിയുടെപിതാവായ വിദർഭരാജാവു്.

**ഭുജംഗേശൻ**—൧. വാസുകി. ൨. ശേഷൻ. ൩. പതഞ്ജലി. ൪. പിംഗലമഹർഷി.

**ഭുവനേശ്വരം**—നശിച്ചുകിടക്കുന്ന അനേകം ശിവക്ഷേത്രങ്ങളുള്ള ഒറിശായിലെ ഒരു നഗരം. ഏകാമ്രകാനനം എന്നു പേരുണ്ടായിരുന്നു.

**ഭൂഗർഭൻ**—൧. വിഷ്ണു. ൨. ഭവഭൂതി.

**ഭൂഗോളശാസ്ത്രം**—കീഴിൽ ഏഴു, മീതെ ഏഴു, ഇങ്ങനെ പതിനാലു ലോകങ്ങൾ ഉണ്ടു്. ലോകം നോക്കുക. ഇവയെ എട്ടു ഗജങ്ങളും എട്ടു സർപ്പങ്ങളും വഹിക്കുന്നു. ഗജങ്ങൾ ഐരാവതം. പുണ്ഡരീകൻ, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ, സാർവ്വഭൌമൻ, സുപ്രതീകൻ, ഇവരാണു്. സർപ്പങ്ങൾ, അനന്തൻ, കാർക്കോടകൻ, ഗുളികൻ, പത്മൻ, മഹാപത്മൻ, ശംഖൻ, തക്ഷകൻ, വാസുകി ഇവരെല്ലാം കൂടി ൧൦൦൦ തലയുള്ള ശേഷസർപ്പമാണെന്നു ചിലരുടെ മതം. മദ്ധ്യത്തിൽ മഹാമേരു, (മേരു നോക്കുക.) ഭൂലോകം ഏഴുസമുദ്രങ്ങളാൽ ചുററപ്പെട്ടു ഏഴു ദ്വീപുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. (ദ്വീപുകൾ നോക്കുക) ഈ ദ്വീപുകളെയും സമുദ്രങ്ങളെയും ചുററി വൃത്താകാരത്തിൽ ചക്രവാളഗിരി കിടക്കുന്നു. അതിനു കിഴക്കു ഉദയഗിരി. ജംബുദ്വീപത്തിന്റെ അതിരുകൾ ഉദയഗിരി, അസ്തഗിരി, ഹിമാലയം, ക്ഷീരാർണ്ണവം ഇവയെപ്പററിയുള്ള വിവരങ്ങൾ പുരാണങ്ങളിൽ, പ്രത്യേകം വിഷ്ണുപുരാണത്തിൽ ഭുവനകോശം എന്ന ഭാഗത്തു കാണാം.

**ഭൂധരൻ**—൧. ശിവൻ. ൨. കൃഷ്ണൻ.

**ഭൂപതി**—൧. ശിവൻ. ൨. ഇന്ദ്രൻ.

**ഭൂപുത്രൻ(സുതൻ)**—നരകാസുരൻ. ഭൂമിജൻ.

**ഭൂപുത്രി (സുതാ)**—സീതാ. ഭൂമിജാ.

**ഭൂതചാരി (നാഥൻ, പതി, ഭർത്താവു, മഹേശ്വരൻ, വാഹനൻ)** ശിവൻ.

**ഭൂതേശൻ, ഭൂതേശ്വരൻ**—സർവ്വസൃഷ്ടിയുടേയും ഈശ്വരൻ എന്നുള്ള അർത്ഥത്തിൽ വിഷ്ണുവിനും ബ്രഹ്മാവിനും ഭൂതങ്ങളുടെ ഈശ്വരൻ എന്നുള്ള അർത്ഥത്തിൽ ശിവനും ഉള്ള പേരു്.

**ഭൂപരിക്രമണം**—പുരാണങ്ങളിലെ ഭൂമിശാസ്ത്രം അനുസരിച്ചു അംഗദേശം തുടങ്ങി അമ്പത്താറു രാജ്യങ്ങളെ വർണ്ണിക്കുന്ന ഒരു പുസ്തകം. വിദ്യാപതി എന്നൊരാൾ കർത്താവു്.

**ഭൂമിദേവി**—വിഷ്ണുവിന്റെ ഒരു ഭാര്യ. അവൾക്കു ക്ഷേത്രങ്ങളോ പൂജയോ ഇല്ല.

**ഭൂരി**—൧. വിഷ്ണു ൨. ബ്രഹ്മാവ്. ൩. ശിവൻ. ൪. ഇന്ദ്രൻ.

**ഭൂരിശ്രവസ്സ്**—കൌരവരുടെ ഒരു സഹായി. ഭാരതയുദ്ധത്തിൽ സാത്യകിയാൽ കൊല്ലപ്പെട്ടു.

**ഭൂഷണൻ**—വിഷ്ണു.

**ഭൃഗു**—ഒരു പ്രജാപതിയും മഹർഷിയും, ജമദഗ്നിയുടെയും പരശുരാമന്റെയും ഭാൎഗ്ഗവകുലം സ്ഥാപിച്ചു. ദക്ഷയാഗത്തിൽ പുരോഹിതനായിരുന്നു അന്നു ശിവൻ അവന്റെ മീശ വലിച്ചുപിഴുതുകളഞ്ഞു. നഹുഷൻ തന്റെ രഥം വഹിച്ചുകൊണ്ടുപോയ അഗസ്ത്യമഹർഷിയെ ചവിട്ടിയപ്പോൾ ആ മഹർഷിയുടെ ജടയിൽ ഒളിച്ചിരുന്ന ഭൃഗു നഹുഷനെ ശപിച്ചു ഒരു സൎപ്പമാക്കിയെന്നു ഭാരതത്തിൽ പറഞ്ഞിരിക്കുന്നു. പത്മപുരാണത്തിൽ താഴെ പറയുന്ന കഥ കാണുന്നു. ഒരിക്കൽ ഒരു യാഗത്തിനു കൂടിവന്നിരുന്ന ഋഷികൾ തമ്മിൽ ത്രിമൂൎത്തികളിൽവെച്ചു ആരാണു പൂജായോഗ്യനെന്നു ഒരു വാദം ഉണ്ടായിട്ടു അതു പരിക്ഷിച്ചു തീൎച്ചപ്പെടുത്തേണ്ടതാണെന്നുവെച്ചു ഭൃഗുവിനെ നിയമിച്ചയച്ചു. ഭൃഗു ശിവന്റെ അടുക്കൽ ചെന്നപ്പോൾ ശിവൻ പത്നീസഹിതം ഇരിക്കയാൽ കാണ്മാൻ നേരമില്ലെന്നു പറഞ്ഞയച്ചതുകൊണ്ടു ഭൃഗു ശിവനെ ലിംഗരൂപനായി പോകട്ടെ എന്നും നല്ലവർ ആരും അവനെ വന്ദിക്കരുതെന്നും ശപിച്ചിട്ടു മടങ്ങി. അവിടെനിന്നും ഭൃഗു ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു അപ്പോൾ ബ്രഹ്മാവ് അനേകം ഋഷിമാരുടെ മദ്ധ്യത്തിൽ വലിയ പ്രതാപത്തോടുകൂടിയിരിക്കയായിരുന്നതുകൊണ്ട് ഭൃഗുവിനെ അത്ര സാരമാക്കിയില്ല. ബ്രഹ്മാവ് ഇങ്ങനെ അഹംഭാവം ഉള്ളവനാകകൊണ്ടു ബ്രാഹ്മണരുടെ പൂജയ്ക്കു യോഗ്യനല്ലെന്നു പ്രത്യക്ഷമായി. അവിടെനിന്നു ഭൃഗു വിഷ്ണുവിന്റെ അടുക്കൽ ചെന്നു ചെന്നസമയം വിഷ്ണു ഉറങ്ങിക്കിടക്കയായിരുന്നു. ഇങ്ങനെ മടിയനായി കിടക്കുന്നതുകണ്ടിട്ടു ഭൃഗു കോപിച്ചു ഇടത്തെ കാല്കൊണ്ടു വിഷ്ണുവിന്റെ നെഞ്ഞത്തു ചവിട്ടി ഉണൎത്തി. വിഷ്ണു ഉണൎന്നു കോപിക്കുന്നതിനുപകരം ബ്രാഹ്മണന്റെ കാല്‌ തന്റെ ശരീരത്തിന്മേൽ കൊണ്ടതല്ലോ എന്നുവെച്ചു സന്തോഷിക്കയും ഭൃഗുവിന്റെ കാലുതടവി വേദനയായോ എന്നു ചോദിക്കയുംചെയ്തു. ഭൃഗു വിഷ്ണുവിന്റെ താഴ്മ കണ്ടു സന്തോഷിച്ചു ശാന്തികൊണ്ടും കരുണകൊണ്ടും കൃപകൊണ്ടും ജയിക്കുന്ന സൽഗുണമൂൎത്തിയായ വിഷ്ണുവാണ് സാക്ഷാൽ ദൈവവും പൂജായോഗ്യനും എന്നു തീൎച്ചപ്പെടുത്തികൊണ്ടു ലോകത്തിലേക്കു മടങ്ങിപ്പോന്നു. മറ്റേ ഋഷിമാരും ഭൃഗുവിന്റെ അഭിപ്രായത്തെ സ്വീകരിച്ചു.

**ഭൃഗുനന്ദനൻ (ഉദ്വഹൻ, പതി, സത്തമൻ, ശാൎദ്ദൂലൻ, ശ്രേഷ്ഠൻ, സുതൻ, സൂനു)**—പരശുരാമൻ. (ഇവയിൽ ചിലതു ശുക്രന്റെയും പേരുകളാണ്.)

**ഭൃംഗി, ഭൃംഗിരിടി**—ശിവന്റെ ഒരു വിരൂപനായ ദാസൻ.

**ഭൈമി**—ദമയന്തി.

**ഭൈരവൻ**—ഭയങ്കരരൂപത്തിൽ ശിവൻ. എട്ടു രൂപങ്ങൾ ഉണ്ട്. അസിതാംഗൻ, കാളൻ, ചന്ദ്രചൂഡൻ, ക്രോധൻ, മഹാൻ, രുരു, സംഹാരകൻ, താമ്രചൂഡൻ, ഈ രൂപങ്ങളിൽ ശ്വാവു വാഹനം. അതിനാൽ ശ്വാശ്വൻ എന്നും പേരു്.

**ഭൈരവി**—ഭദ്രകാളി.

ഭോഗവതി—ഫ. പാതാളഗംഗാ. വ. നാകലോകത്തിലെ പ്രധാന സ്ഥലം; പുൽകരി എന്നും പേരുണ്ട്.

ഭോഗപണ്ടിക—സൂൎയ്യോത്സവം. മാർകഴിമാസം അവസാനദിവസം. മതസംബന്ധആചാരങ്ങൾ ഇല്ല.

ഭോജൻ—ഫ. ഒരു ഗ്രന്ഥകർത്താവും ഗ്രന്ഥകർത്താക്കന്മാരുടെ സഖാവും സഹായിയും ആയിരുന്ന ഒരു രാജാവ്. പത്താംശതാബ്ദത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നു. സരസ്വതീകണ്ഠാഭരണം മുതലായ പുസ്തകങ്ങളുടെ കർത്താവാണെന്നു വിചാരിച്ചുവരുന്നു. ഈ രാജാവിനെക്കുറിച്ചു അനേകം കഥകൾ ഭോജപ്രബന്ധം എന്ന പുസ്തകത്തിൽ ഉണ്ട്.

ഭോജൻ—വിദർഭരാജാവ്.

ഭോജപ്രബന്ധം—ഭോജരാജാവിന്റെ ചരിത്രത്തെ വിവരിച്ചു ബല്ലാലൻ ഉണ്ടാക്കിയ ഒരു പുസ്തകം.

ഭോജാധിപൻ—ഫ. കംസൻ. വ. കൃഷ്ണൻ.

ഭോജനൻ—ഫ. ശിവൻ. വ. വിഷ്ണു.

ഭൌത്യൻ—പതിന്നാലാമത്തെ മനു.

ഭൌമൻ—ഭൂമിയുടെ പുത്രൻ. നരകാസുരൻ. വ. അത്രി.

ഭ്രമരസന്ദേശം—പ്രണയവിഷയമായി മേഘസന്ദേശത്തെ അനുകരിച്ചു വാസുദേവൻ എന്നൊരു ബ്രാഹ്മണൻ ഉണ്ടാക്കിയ ഒരു കാവ്യം.

ഭ്രാജിഷ്ണു—ഫ. ശിവൻ. വ. വിഷ്ണു.

## മ

മൻ—ഫ. ബ്രഹ്മാവ്. വ. വിഷ്ണു. ന. ശിവൻ. ര. യമൻ.

മകരം—വരുണന്റെ വാഹനം. കാമദേവന്റെ ധ്വജം. കുബേരന്റെ നവനിധികളിൽ ഒന്ന്.

മകരധ്വജൻ (കേതനൻ, കേതു, അങ്കൻ)—കാമദേവൻ.

മകരീപത്രം (ലേഖാ)—ലക്ഷ്മിയുടെ മുഖത്തുള്ള ഒരു അടയാളം.

മകാരങ്ങൾ—തന്ത്രികളുടെ ശക്തിപൂജയ്ക്കു ആവശ്യമുള്ള മദ്യം, മാംസം, മത്സ്യം, മുദ്ര, മൈഥുനം. തന്ത്രം നോക്കുക.

മഘലം—കന്നിമാസത്തിൽ ഓണംപോലെ ഘോഷിക്കുന്ന ഒരു ഉത്സവം. ഭദ്രകാളിസേവ. മഹാമഘം നോക്കുക.

മംഗലൻ—കാർത്തികനക്ഷത്രം. ശിവന്റെയും ഭൂമിയുടെയും പുത്രൻ.

അംഗാരകൻ, കുജൻ, ഭൌമൻ, ലോഹിതാംഗൻ, മഹീസുതൻ, ഭൂമീപുത്രൻ, ശിവഘർമ്മജൻ നവാർച്ചി, ഋണാന്തകൻ എന്നും പേരുകളുണ്ട്.

മംഗലാ, മംഗല്യാ—ദുർഗ്ഗാ.

മംഗലാദേവി—ലക്ഷ്മി.

മഞ്ജുനാശി—൧. ദുർഗ്ഗാ. ൨. ശചി.

മണികർണ്ണികാ—കാശിയിലെ ഒരു ശുദ്ധിയുള്ള കുളം.

മണിദ്വീപം—൧. അനന്തസർപ്പത്തിൻെറ പത്നി. ൨. അമൃതസമുദ്രത്തിലെ ഒരു ദ്വീപ്.

മണിപുഷ്പകം—സഹദേവൻെറ ശംഖ്.

മണിപൂരം—ബഭ്രുവാഹനൻെറ നഗരം.

മണിഭിത്തി—(മണ്ഡപം) ശേഷസർപ്പത്തിൻെറ വാസസ്ഥലം.

മണിമാൻ—ഭീമൻ കൊന്ന ഒരു രാക്ഷസൻ.

മതംഗൻ—ഒരു ബ്രാഹ്മണനായി വളർത്തപ്പെട്ട ചണ്ഡാളൻ. ഒരിക്കൽ മതംഗൻ ഒരു കഴുതക്കുട്ടിയോടു വളരെ ക്രൂരത കാണിച്ചപ്പോൾ അതിൻെറ അമ്മ മതംഗൻ ചണ്ഡാളനാകകൊണ്ടു അവനിൽ ഇങ്ങിനെയുള്ള പ്രവൃത്തികൾ മാത്രമെ കാണ്മാൻ പാടുള്ളു എന്നുപറഞ്ഞു. ഇതുകേട്ട് മതംഗൻ അതെങ്ങിനെയാണെന്നു ചോദിച്ചപ്പോൾ അവൻെറ അമ്മ മദ്യംസേവിച്ചിരിക്കുമ്പോൾ ഒരു ക്ഷൗരകനോടു സംസർഗ്ഗംചെയ്തുണ്ടായ പുത്രനാണ അവനെന്നു കഴുത മറുപടി പറഞ്ഞു. അതുകൊണ്ടു മതംഗൻ ഒരു ബ്രാഹ്മണനാവാൻവേണ്ടി ഘോരതപസ്സുചെയ്വാൻ തുടങ്ങി. ദേവകൾക്കൊക്കെയും ഭീതിപിടിച്ചു എന്നാലും ഇന്ദ്രൻ അവനെ ബ്രാഹ്മണനായി സ്വീകരിച്ചില്ല. അതിൻെറശേഷം മതംഗൻ തള്ളവിരലിന്മേൽ മാത്രംനിന്നു ൧൦൦ വർഷം തപസ്സുചെയ്തു ശരീരം ക്ഷയിച്ചു വീഴാറായപ്പോൾ ഇന്ദ്രൻ ചെന്നു താങ്ങിയുംകൊണ്ടു ബ്രാഹ്മണനാകുന്ന കാൎയ്യം അസാദ്ധ്യമാകയാൽ പക്ഷിയെപ്പോലെ യഥേഷ്ടം സഞ്ചരിക്കുന്നതിനും ഇഷ്ടംപോലെ രൂപം മാറ്റുന്നതിനും ഉള്ള ശക്തി കൊടുത്തു. രാമനും സീതയും അവരുടെ സഞ്ചാരത്തിൽ ഒരിക്കൽ ഋഷ്യമൂകപൎവ്വതത്തിൽ മതംഗൻെറ ആശ്രമത്തിൽ ചെന്നിരുന്നു.

മത്സ്യാവതാരം—അവതാരം നോക്കുക.

മത്സ്യഘാ, (നാരി, ഉദരി)—സത്യവതി.

മത്സ്യപുരാണം—പതിനെട്ടു പുരാണങ്ങളിൽ ഒന്ന്. മത്സ്യാവതാരത്തിൽ വിഷ്ണു മനുവിനു ഉപദേശിച്ചത്. മിക്കവാറും ശൈവം.

മഥനാചലം (പൎവ്വതം)—സമുദ്രമഥനത്തിനുപയോഗിച്ച മന്ദരപൎവ്വതം.

മഥുരാ—യമുനാനദിയുടെ വലത്തേ തീരത്തിലുണ്ടായിരുന്ന ഒരു നഗ

രം. കൃഷ്ണന്റെ ജനനസ്ഥലം. പുണ്യസ്ഥലങ്ങളായ സപ്തനഗരങ്ങളിൽ ഒന്നു. ശത്രുഘ്നൻ സ്ഥാപിച്ചതു്.

**മദനൻ** — കാമദേവൻ.

**മദനഗോപാലൻ (മോഹനൻ)** — കൃഷ്ണൻ.

**മദനാന്തകൻ (അരി, ദമനൻ, ദഹനൻ, നാശനൻ, രിപു —)** ശിവൻ.

**മദയന്തി** — കല്മാഷപാദരാജാവിന്റെ പത്നി. ഭർത്താവിന്റെ സമ്മതത്തോടുകൂടി വസിഷ്ഠനോടു സംസർഗ്ഗംചെയ്തു ഒരു പുത്രനുണ്ടായി.

**മദ്ധ്യദേശം** — ഹിമവാന്റെയും വിന്ധ്യപർവ്വതത്തിന്റെയും മദ്ധ്യേയുള്ള സ്ഥലം:

**മധു** — വിഷ്ണു കൊന്ന. ഒരു രാക്ഷസൻ. ഈ രാക്ഷസനെയോ ഈ പേരുള്ള വേറൊരു രാക്ഷസനെയോ ശത്രുഘ്നനും കൊന്നിട്ടുണ്ട്.

**മധുകശാ** — ആദിത്യരുടെ അമ്മ. വസുക്കളുടെ പുത്രി. സർവ്വജന്തുക്കളുടെയും ജീവൻ.

**മധുകാനനം (വനം)** — മധുവിന്റെ വാസസ്ഥലം. അവനെക്കൊന്നശേഷം ശത്രുഘ്നൻ അവിടെ മധുരാപുരി സ്ഥാപിച്ചു.

**മധുജിൽ (ദ്വിഷൻ, നിഷൂദനൻ, മഥനൻ, രിപു, ശത്രു, സൂദനൻ)** — വിഷ്ണു.

**മധുപതി** — ഭദ്രകാളി.

**മധുപർക്കം** — അതിഥിസല്ക്കാരത്തിനു പ്രധാനമായ ഒരു ഭക്ഷണവിശേഷം. ദധി സർപ്പിർജലം ക്ഷൌദ്രം സിതാ ചൈതൈശ്ച പഞ്ചഭിഃ പ്രോച്യതേ മധുപർക്കഃ

**മധുരാസംഘം** — മധുരയിൽ വംശശേഖരപാണ്ഡ്യൻ സ്ഥാപിച്ച കവികളുടെ ഒരു സംഘം. നല്ല കവിതയെന്നു അവർ വിചാരിക്കുന്ന കാവ്യങ്ങ
ളുടെ കർത്താക്കന്മാർക്കു മാത്രം അവരുടെ കൂടെ ഇരിപ്പാനൊക്കും. ൪൯ കവികൾ
ഈ സംഘത്തിൽ ഉണ്ടായിരുന്നു. തിരുവള്ളുവരുടെ കുറൾ അവർ നല്ലതായി
ഗണിച്ചില്ല- ആ പുസ്തകംതന്നെ വിസ്തീർണ്ണമായി അവരെ പീഠങ്ങളിൽനിന്നു
തള്ളിയിട്ടുകളഞ്ഞു. ഇങ്ങനെ വിസ്മയകരമാംവിധത്തിൽ അവർ പരാജിത
രായതിനാൽ അവർ കുളത്തിൽചാടി മരിച്ചു. അങ്ങനെ സംഘവും അവസാ
നിച്ചു. അവർ നല്ലതെന്നു വിധിച്ചഗ്രന്ഥങ്ങളെല്ലാം ജൈനരുടേതാണ്.

**മധുരാനിരുദ്ധം** — ശയനി ചന്ദ്രശേഖരൻ ഉണ്ടാക്കിയ ഒരു സംസ്കൃതനാടകം. അനിരുദ്ധന്റെയും ബാണന്റെ പുത്രി ഉഷയുടെയും പ്രേമവും ബാണന്റെ വധവും അവരുടെ വിവാഹവും വിഷയം.

**മദ്ധ്യദേശം** — ഹിമാലയത്തിനു തെക്കും വിന്ധ്യനു വടക്കും പ്രയാഗയ്ക്കു കിഴക്കും വിനാശനത്തിനു പടിഞ്ഞാറും ഉള്ള പ്രദേശം.

**മധ്യാഷ്ടമി**—ഭാദ്രപദമാസം കൃഷ്ണപക്ഷത്തിൽ അഷ്ടമിദിവസം. അന്നു ശ്രാദ്ധം കഴിച്ചാൽ ആ പക്ഷത്തിൽ എല്ലാ ദിവസവും കഴിച്ച ഫലം.

**മധ്വാചാരി**—ഒരു വൈഷ്ണവൻ. പരമാത്മാവും ജീവാത്മാവും വേറെ വേറെയാണെന്നുള്ള ദ്വൈതം ഉപദേശിച്ചു. പന്ത്രണ്ടാം ശതാബ്ദം. അനന്തതീർത്ഥൻ എന്നും പേരുണ്ട്. മാധവാചാര്യൻ അല്ല.

**മനസാ, മനസാദേവി**—ശേഷസർപ്പത്തിന്റെ സഹോദരി. ജരൽകാരുവിന്റെ ഭാര്യ. കശ്യപന്റെ പുത്രി. ജഗൽഗൌരി, നിത്യാ. പത്മാവതി എന്നും വിഷം ഇറക്കാനുള്ള ശക്തിയുള്ളതുകൊണ്ടു വിഷഹരാ എന്നും പേരുകളുണ്ട്.

**മനസിജൻ (ശയൻ)**—കാമദേവൻ.

**മനസ്താലൻ**—ദേവിയുടെ വാഹനമായ സിംഹം.

**മനസ്വിനി**—൧. ദുർഗ്ഗ. ൨. ചന്ദ്രന്റെ അമ്മ.

**മനു**—ഈ പേരു പതിനാലുപേർക്കുണ്ട്. അവരുടെ പേരുകൾ. ൧. സ്വായംഭുവൻ ൨. സ്വാരോചിഷൻ. ൩. ഔത്തമി ൪ താമസൻ. ൫. രൈവതൻ. ൬. ചാക്ഷുഷൻ ൭. വൈവസ്വതൻ ൮. സാവർണ്ണി ൯. ദക്ഷസാവർണ്ണി ൧൦. ബ്രഹ്മസാവർണ്ണി ൧൧ ധർമ്മസാവർണ്ണി ൧൨. രുദ്രസാവർണി ൧൩ രൗചസാവർണി ൧൪. ഇന്ദ്രസാവർണി, (ഭൗത്യൻ) ഇവയാകുന്നു. ഓരോ മനുവിനും ഒരു മന്വന്തരകാലമായ ൩൬൭൨൦൦൦൦ മനുഷ്യവർഷത്തേക്കു അധികാരമുണ്ട്. ഇങ്ങനെ ബ്രഹ്മാവിന്റെ ഒരു ദിവസത്തിൽ പതിനാലുമന്വന്തരങ്ങൾ ഉണ്ടു. ഒന്നാമത്തെ മനു സ്വയംഭൂവിൽനിന്നു തന്റെ പുത്രിയായ ശതരൂപയിൽ ജനിച്ച സ്വായംഭുവനാണ്. ഇദ്ദേഹം പത്തു പ്രജാപതികളുടെ പിതാവുമാണ്. ബ്രഹ്മാവു സ്ത്രീപുരുഷന്മാരായി തന്നെത്താനെ ഭാഗംചെയ്തു എന്നും അവരിൽനിന്നു സ്വായംഭുവമനു ജനിച്ചു എന്നും ഒരു കഥയുണ്ട്. ഇപ്പോഴത്തെ മനു സൂര്യന്റെ പുത്രനും സൂര്യകുലസ്ഥാപകനുമായ വൈവസ്വതൻ അല്ലെങ്കിൽ സത്യവ്രതൻ ആകുന്നു. ജലപ്രളയവും മത്സ്യാവതാരവും ഈ മനുവിന്റെ കാലത്തുണ്ടായി.

**മനുസ്മൃതി, മനുസംഹിതാ**—സ്മൃതികളിൽ ഏറ്റവും പ്രധാനവും പുരാതനവുമായതു മനുസ്മൃതി ആകുന്നു. മനുസ്മൃതി ബ്രഹ്മാവിൽനിന്നു മനു പഠിച്ചിട്ടു ഭൃഗുമഹർഷിക്കുപദേശിക്കയും ഭൃഗു മറ്റുള്ള ഋഷിമാരെ പഠിപ്പിക്കയും ചെയ്തതായിട്ടാണു അതുകൊണ്ടു കാണുന്നതു്. മനുസ്മൃതി അതിന്റെ ഇപ്പോഴത്തെ രൂപത്തിൽ ഉണ്ടാക്കപ്പെട്ടതു് ക്രിസ്ത്വാബ്ദത്തിനു അഞ്ചുശതവർഷം മുമ്പാണെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. അതിലെ പ്രധാനവിഷയങ്ങൾ വേദം, ആത്മവിദ്യ, ആചാരം, വ്യവഹാരം, പ്രായശ്ചിത്തം കർമ്മഫലം ഇവയാകുന്നു. കുല്ലൂകഭട്ടന്റെ മന്വർത്ഥമുക്താവലി മനുസ്മൃതിയുടെ ഒരു വ്യാഖ്യാനമാണ്. വേറെയും വ്യാഖ്യാനങ്ങൾ ഉണ്ട്.

**മനോദ്ദൂതികാവ്യം**—വ്രജനാഥൻ എന്നൊരു കവി രചിച്ച ഒരു സംസ്കൃതസന്ദേശകാവ്യം. ദുര്യോധനസഭയിൽവെച്ചു ദുശ്ശാസനൻ ദ്രൗപദിയുടെ വസ്ത്രം ഉരിവാൻ ശ്രമിച്ചപ്പോൾ ദ്രൗപദി മനസ്സുമുഖാന്തിരം ശ്രീകൃഷ്ണനു ദൂതയച്ചതും (ധ്യാനിച്ചതും) അവളുടെ വസ്ത്രം ഉരിയുന്തോറും വേറെ വസ്ത്രങ്ങൾ

ഉണ്ടായിവന്നതും വിഷയം. ഈ കാവ്യം കാളിദാസൻെറ മേഘസന്ദേശത്തെ അനുകരിക്കുന്നെങ്കിലും മന്ദാക്രാന്താവൃത്തത്തിലല്ല.

മന്ത്രം — വേദത്തിൻെറ ഒരു ഭാഗം പദ്യത്തിൽ സ്തുതികളും പ്രാൎത്ഥനകളും ആകുന്നു. മന്ത്രങ്ങളിൽ സ്തുതിക്കപ്പെടുകയോ പ്രാൎത്ഥിക്കപ്പെടുകയോ ചെയ്യുന്ന പ്രധാനദേവതകൾ ഇന്ദ്രൻ, വരുണൻ, വായു, അഗ്നി, സൂൎയ്യൻ, ഉഷസ്സ്, കാലം, രാത്രി ഇവരാകുന്നു. മന്ത്രങ്ങളിൽ ത്രിമൂൎത്തികളുടേയും ഗണപതി, സുബ്രഹ്മണ്യൻ ഇവരുടേയും മറ്റും പേരുകളില്ലാത്തതിനാൽ അവരിലുള്ള വിശ്വാസം പുരാണങ്ങളുടെ കാലത്തു മാത്രമേ പ്രബലമായി തീൎന്നുള്ളു എന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

മന്ത്രമൂൎത്തി — ശിവൻ.

മന്ഥരാ — രാമചന്ദ്രനെ വനത്തിൽ അയച്ചിട്ടു ഭരതനെ അഭിഷേകം ചെയ്യിപ്പാൻ കൈകേയിയോടു ഉപദേശിച്ചവിരൂപയായ ഒരു ദാസി.

മന്ദകൎണ്ണി — ദണ്ഡകാരണ്യത്തിൽ വസിച്ച ഒരു ഋഷി. ൧൦,000 വൎഷം ഒന്നും ഭക്ഷിക്കാതെ വെള്ളത്തിൽനിന്നു തപസ്സുചെയ്വാൻ ആരംഭിച്ചു. ദേവകൾ ഭയപ്പെട്ടു അവനെ വശീകരിപ്പാനായി അഞ്ചു അപ്സരസ്ത്രീകളെ അയച്ചു. അവർ കുറേക്കാലം അവൻെറ ഭാൎയ്യമാരായി ഒരു തടാകത്തിൽ ഒരു ഭവനത്തിൽ പാൎത്തു. ആ തടാകത്തിനു അന്നുമുതൽ പഞ്ചാപ്സരസ് എന്നു പേരുണ്ടായി.

മന്ദപാലൻ — പുത്രനില്ലാത്ത ഒരു സന്യാസി വളരെക്കാലം തപസ്സു ചെയ്തശേഷം മരിച്ചു യമാലയത്തിലേക്കു പോയി. നരകത്തിൽനിന്നുതന്നെ രക്ഷിപ്പാൻ പുത്രനില്ലാഞ്ഞതുകൊണ്ടു ശാൎങ്ഗികാ എന്ന പക്ഷിയുടെ രൂപമെടുത്തു അതിൻെറ സ്ത്രീയായ ജരിതയിൽ നാലുപുത്രന്മാരുടെ പിതാവായി.

മന്ദരപൎവ്വതം — സമുദ്രം മഥനം ചെയ്യുന്നതിനു ഉപയോഗിച്ച പൎവ്വതം അമൃതം, അവതാരം, നോക്കുക.

മന്ദാകിനി — ഗംഗാ.

മന്ദാരം — സ്വൎഗ്ഗത്തിലെ ഒരു വൃക്ഷം.

മന്ദേഹാസന്മാർ — സൂൎയ്യനെ വിഴുങ്ങിക്കളവാൻ യത്നിച്ച ഒരു കൂട്ടം ഭയങ്കരരാക്ഷസന്മാർ.

മന്ദോദരി — രാവണൻെറ പ്രധാന ഭാൎയ്യ. ഇന്ദ്രജിത്തിൻെറ മാതാവു. അഹല്യയെപ്പോലെ പാതിവ്രത്യമുള്ള ഒരു സ്ത്രീ സീതയെ വിട്ടയയ്ക്കുന്നതിനായി രാവണനോടു വളരെ ഗുണദോഷം പറഞ്ഞു എന്നാൽ അവൻ സമ്മതിച്ചില്ല

മന്മഥൻ — കാമദേവൻ.

മന്മഥാ — ദാക്ഷായണി.

മന്യു — ൧. ശിവൻ ൨. അഗ്നി.

മന്വന്തരം — ഒരു മനുവിൻെറ ജീവിതകാലം ൩൦൬൭൨0000 വൎഷം. യുഗം നോക്കുക.

മമ്മടൻ—കാവ്യപ്രകാശം എന്ന പുസ്തകത്തിൻെറ കൎത്താവ്.

മയൻ—അസുരന്മാരുടെ ശില്പാശാരി വിപ്രചിത്തിയുടെ പുത്രൻ. ദുന്ദു ഭിക്കും മായാവിയുടെയും മണ്ഡോദരിയുടെയും പിതാവ്. ത്രിപുരവും പാണ്ഡവൎക്ക ഒരു വിശേഷപ്പെട്ട കൊട്ടാരവും പണിതു.

മയിൽവാഹനൻ—സുബ്രഹ്മണ്യൻ.

മയൂരൻ—ഒരു കവി ബാണൻെറ ശ്വശുരനും സഹജീവിയും തൻെറ കുഷ്ഠരോഗം പൊറുക്കുന്നതിനായി സൂൎയ്യശതകം ഉണ്ടാക്കി.

മരീചി—൧. കശ്യപൻെറ പിതാവായ ഒരു പ്രജാപതി. ൨. ഒരു ന്യായദാതാവ്. ൩. കൃഷ്ണൻ

മരുത്തൻ—വൈവസ്വതമനുവിൻെറ സന്തതിയായി സൂൎയ്യകുലത്തിലെ ഒരു രാജാവ്. ഇദ്ദേഹം കഴിച്ചമാതിരി വിശേഷപ്പെട്ട യാഗം ലോകത്തിൽ വേറെ ആരും കഴിച്ചിട്ടില്ലത്രെ- യാഗത്തിനു പരിചാരകന്മാർ ദേവന്മാർആയിരുന്നു. യാഗം അവസാനിച്ച ഉടനെ മരുത്തനെയും ബന്ധുക്കളെയും പുരോഹിതനായ സംവൎത്തൻ സ്വൎഗ്ഗത്തിലേക്ക കൊണ്ടുപോയി.

മരുത്തുകൾ—ഇന്ദ്രൻെറ ഇഷ്ടന്മാർ. അവരുടെ ഉത്ഭവം പല പുസ്തകങ്ങളിൽ പലവിധം കാണുന്നു. ദിതി നോക്കുക. മിന്നലും ഇടിയും അവരുടെ ആയുധങ്ങളാണ്. അവരുടെ ലോകമായ മാരുതം വൈശ്യരുടെ സ്വൎഗ്ഗവുമാണ്.

മരുത്തനയൻ (പുത്രൻ, സുതൻ, സൂനു)—൧. ഹനുമാൻ. ൨. ഭീമൻ.

മരുത്വാൻ—൧. ഇന്ദ്രൻ. ൨. ഹനുമാൻ.

മരുദ്വാഹൻ—൧. ഇന്ദ്രൻ ൨. അഗ്നി.

മരുത്യമുഖൻ—മനുഷ്യൻെറ മുഖവും മൃഗത്തിൻെറ ശരീരവും ഉള്ള കുബേരൻെറ ദാസനായ കിന്നരൻ.

മല്ലികാമാരുതം—ഉദ്ദണ്ഡശാസ്ത്രിയുടെ ഒരു പ്രകരണം. പത്തങ്കമുണ്ട്. കഥ മാലതീമാധവത്തെ അനുകരിച്ചുണ്ടാക്കിയതു, കവി വേണീസംഹാരത്തിൽനിന്നും വിക്രമോൎവ്വശീയത്തിൽനിന്നും ചില സന്ദൎഭങ്ങൾ എടുത്തിട്ടുണ്ട്.

മല്ലികാൎജ്ജുനൻ—ശിവൻ. ൨. ഒരു തെലുങ്കുജ്യോതിശ്ശാസ്ത്രി.

മല്ലിനാഥൻ—ഒരു പണ്ഡിതൻ. രഘുവംശം മുതലായ അനേകം ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചിട്ടുണ്ട്.

മഹതി—നാരദൻെറ വീണ.

മഹർലോകം—ഭൂമിയിൽനിന്നു മേലോട്ടു നാലാമത്തെ ലോകം.

മഹൎഷി — ഋഷികൾ നോക്കുക.

മഹാകവികൾ — കാളിദാസൻ, ഭവഭൂതി, ബാണൻ, ഭാരവി മുതലായവർ.

മഹാകാവ്യങ്ങൾ — സാധാരണയായി അഞ്ചു കാവ്യങ്ങളെ മാത്രം മഹാകാവ്യങ്ങളായി വിചാരിക്കപ്പെട്ടുവരുന്നു. എവയെന്നാൽ രഘുവംശം, കുമാരസംഭവം, കിരാതാൎജ്ജുനീയം, ശിശുപാലവധം, നൈഷധചരിതം. ഇവയോടുകൂടി മേഘദൂതവും ചിലർ കൂട്ടാറുണ്ട്. എന്നാൽ ഭട്ടികാവ്യം, വിക്രമാങ്കദേവചരിതം, ഹരവിജയം മുതലായ ചില കാവ്യങ്ങളും മഹാകാവ്യങ്ങളെന്നു വിളിക്കപ്പെടുവാൻ യോഗ്യതയുള്ളവയാണ്.

മഹാക്ഷൻ(അംഗൻ, അന്തകൻ, അംബകൻ, അൎണ്ണവൻ, ആചാൎയ്യൻ, ആയുധൻ, ഈശൻ, ഉരസ്കൻ, ഓഷ്ഠൻ, കംബു, കാന്തൻ, കാനൻ, കേതു, കേശൻ, ക്രോധൻ, ഗീതൻ, ഗൎഭൻ, ഗത്തൻ, ഗ്രീവൻ, ജടൻ, ജത്രു, ജിഹ്വൻ, ജ്വാലനു, ത്യാഗൻ, ദന്തൻ, ദംഭൻ, ദേവൻ, ധാതു, നടൻ, നാദൻ, നാസൻ, നേത്രൻ, പഥൻ, പാദൻ, പ്രഭു, മണി, മായൻ, മൃത്യു, മേധൻ, യോഗി, രുദ്രൻ, രൂപൻ, ലിംഗൻ, വിഭൂതി, ശക്തി, ഹസ്തൻ) — ശിവൻ.

മഹാഗുരുക്കൾ — പിതാവ്, മാതാവ്, ആചാൎയ്യൻ.

മഹാജടാ — ശിവന്റെ ജടാ.

മഹാദേവൻ — ശിവൻ.

മഹാദേവി — കാളി, ദുൎഗ്ഗാ.

മഹാനവമി — നവരാത്രി നോക്കുക.

മഹാനാടകം — ഹനുമന്നാടകം.

മഹാപഞ്ചവിഷം —

> ശൃംഗീ ച കാളകൂടശ്ച മുസ്തകോ വത്സനാഭകഃ।
> ശംഖകൎണ്ണീതിയോഗോയം മഹാപഞ്ചവിഷാഭിധഃ॥

മഹാപത്മം — കുബേരന്റെ നവനിധികളിൽ ഒന്നു.

മഹാപത്മൻ — ൧ നാരദൻ. ൨ ഒരു ദിഗ്ഗജം. ൩ നന്ദൻ. ൪ കുബേരന്റെ ആശ്രിതനായ ഒരു കിന്നരൻ.

മഹാപാതകം — പഞ്ചമഹാപാതകം നോക്കുക.

മഹാപുരാണങ്ങൾ — വിഷ്ണുപുരാണവും ഭാഗവതപുരാണവും.

മഹാപ്രളയം — ഒരു കല്പാവസാനത്തിൽ ലോകങ്ങൾ, മഹൎഷികൾ, ദേ

വകൾ, ബ്രഹ്മാവു് ഇങ്ങനെ എല്ലാവരും നശിച്ചുപോകുന്ന കാലം; ജഹനകം, കനിതി, സംഹാരം എന്നും പേരുകളുണ്ടു്.

**മഹാഭാഗവതം**— പതിനെട്ടു പുരാണങ്ങളിൽ ഒന്നു. ഭാഗവതം നോക്കുക.

**മഹാഭാരതം**—ലോകത്തിലെ കാവ്യങ്ങളിൽവെച്ചു് ഏറ്റവും വലിയതാകുന്നു. ഇതു രാമായണം ഉണ്ടായതിനു ഒരു ശതവർഷത്തിനുശേഷം ഉണ്ടായതാണെന്നു വിചാരിച്ചുവരുന്നു. ഇതിന്റെ കർത്താവു കൃഷ്ണദ്വൈപായനൻ (വ്യാസൻ) ആണെന്നു പറയപ്പെടുന്നു. എന്നാൽ അദ്ദേഹം മുമ്പുണ്ടായിരുന്ന അനേകം കഥകളെ ഒന്നായി കൂട്ടിച്ചേർക്കമാത്രമേ ചെയ്തിട്ടുള്ളു എന്നു വിചാരിപ്പാൻ സംഗതിയുണ്ടു്. വ്യാസൻ എന്ന പദത്തിനു സങ്കലനംചെയ്യുന്നവൻ എന്നർത്ഥമുള്ളതുകൊണ്ടു വ്യാസൻ ഒരു പ്രത്യേക പുരുഷനാണോ എന്നും സംശയിപ്പാൻ സംഗതിയുണ്ടു്. മഹാഭാരതത്തെ വ്യാസൻ തന്റെ ശിഷ്യനായ വൈശമ്പായനനെ പഠിപ്പിക്കയും, അവൻ ഒരുത്സവദിവസം ജനമേജയരാജാവിന്റെ മുമ്പാകെ ആഖ്യാനം ചെയ്കയും ചെയ്തു. അതിലെ മുഖ്യവിഷയം കൌരവരും പാണ്ഡവരും തമ്മിലുണ്ടായ മഹായുദ്ധം ആണു്. എന്നാൽ നളചരിതം, രാമചരിതം മുതലായ അനേകം കഥകളും ഭഗവൽഗീതയും ഹരിവംശം മുതലായ കാവ്യങ്ങളും അതിൽ അടങ്ങീട്ടുണ്ടു്. പുസ്തകത്തിന്റെ ഏകദേശം മുക്കാൽഭാഗവും ഈ വിധം കഥകളും തത്വശാസ്ത്രനിരൂപണങ്ങളുമാണു്. ൧൦൦൦൦൦ ശ്ലോകങ്ങളിൽ ൨൦൦൦൦ മാത്രമെ ഭാരതയുദ്ധം സംബന്ധിച്ചുള്ളു. ഓരോ പർവ്വങ്ങളുടെ സാരം മാത്രം ഇവിടെ ചേർക്കുന്നു.

൧. **ആദിപർവ്വം**—ധൃതരാഷ്ട്രന്റെയും പാണ്ഡുവിന്റെയും വംശപാരമ്പര്യം, ജനനം, വിവാഹം; ധൃതരാഷ്ട്രനു നൂറും പാണ്ഡുവിന്റെ ഭാര്യമാർക്കു അഞ്ചും പുത്രന്മാർ ജനിക്കുന്നു. അവർ തമ്മിലുള്ള മത്സരവും ശത്രുതയും; ദ്രൌപദിയുടെ സ്വയംവരത്തിൽ അവൾ അർജ്ജുനനെ വരിക്കയും പാണ്ഡവർ അഞ്ചുപേരുടേയും ഭാര്യയായിത്തീരുകയും ചെയ്യുന്നു.

൨. **സഭാപർവ്വം**—ഹസ്തിനാപുരത്തിൽ കൂടിയ രാജസഭ യുധിഷ്ഠിരന്റെ രാജ്യം ശത്രുവിന്റെ ഉപായത്താൽ അവനു നഷ്ടമാകയും പാണ്ഡവർ രാജ്യത്തിൽ നിന്നു് ഭ്രഷ്ടരാക്കപ്പെടുകയും ചെയ്യുന്നു.

൩. **വനപർവ്വം**—കാമ്യകവനത്തിൽ പാണ്ഡവരുടെ വാസം. അതിദീർഘമായ ഈ പർവ്വത്തിൽ നളചരിതം, രാമായണം മുതലായ അനേകം കഥകൾ അടങ്ങിയിരിക്കുന്നു.

൪. **വിരാടപർവ്വം**—പാണ്ഡവരുടെ അജ്ഞാതവാസം. അവർ വിരാടരാജാവിന്റെ പണിയിൽ യുധിഷ്ഠിരൻ ഒരു സാമർത്ഥ്യമുള്ള ധൂർത്തനായും, ഭീമൻ പാചകനായും, അർജ്ജുനൻ സംഗീതവും നൃത്തവും പഠിപ്പിക്കുന്ന ഒരു നപുംസകനായും, നകുലൻ ഒരു അശ്വവിനേതാവായും, സഹദേവൻ ഒരു ഗോരക്ഷകനായും ദ്രൌപദി രാജ്ഞിയുടെ ദാസിയായും പ്രവേശിക്കുന്നു.

൫. **ഉദ്യോഗപർവ്വം**—ഇരുഭാഗക്കാരും യുദ്ധത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നു.

൬. **ഭീഷ്മപർവ്വം**—കൌരവരുടെ നായകനായി ഭീഷ്മന്റെ യുദ്ധങ്ങൾ. ഭീഷ്മൻ അർജ്ജുനനാൽ മുറിവേറ്റു വീഴുന്നു.

൭. ദ്രോണപർവ്വം—ദ്രോണൻ കൗരവസൈന്യത്തിന്റെ അധിപനായി യുദ്ധം ചെയ്യുന്നു. ധൃഷ്ടദ്യുമ്നൻ അവനെ വധിക്കുന്നു.

൮. കർണ്ണപർവ്വം—കർണ്ണന്റെ സേനാനായകത്വവും അർജ്ജുനനാൽ മരണവും.

൯. ശല്യപർവ്വം—ശല്യന്റെ സേനാനായകത്വം. ദുര്യോധനൻ ഭീമനാൽ മുറിവേല്ക്കുന്നു. യുദ്ധം ചെയ്വാൻ ഇനിയും പ്രാപ്തിയുള്ളവരായി കൗരവരിൽ മൂന്നുപേർ മാത്രം ശേഷിക്കുന്നു.

൧൦. സൗപ്തികപർവ്വം—മേല്പടി മൂന്നുപേരുംകൂടി രാത്രിയിൽ പാണ്ഡവവാസസ്ഥലങ്ങളെ ആക്രമിച്ചു അവരുടെ സൈന്യത്തെ നശിപ്പിക്കുന്നു.

൧൧. സ്ത്രീപർവ്വം—ഗാന്ധാരിയും മററു സ്ത്രീകളും യുദ്ധത്തിൽ വീണുപോയവരെപ്പററി വിലപിക്കുന്നു.

൧൨. ശാന്തിപർവ്വം—യുധിഷ്ഠിരൻ രാജാവായി അഭിഷേകം ചെയ്യപ്പെടുന്നു, അവനെ ആശ്വസിപ്പിക്കുന്നതിനായി ഭീഷ്മൻ രാജധർമ്മം, ആപദ്ധർമ്മം, മോക്ഷധർമ്മം ഇവയെപ്പററി പ്രസംഗിക്കുന്നു.

൧൩. അനുശാസനപർവ്വം—ഭീഷ്മന്റെ പ്രസംഗം തുടർച്ച: അവന്റെ മരണം.

൧൪. അശ്വമേധികപർവ്വം—യുധിഷ്ഠിരൻ അശ്വമേധയാഗം കഴിക്കുന്നു.

൧൫. ആശ്രമവാസപർവ്വം—ധൃതരാഷ്ട്രർ, ഗാന്ധാരി, കുന്തി മുതലായവർ വനവാസം ചെയ്വാൻ പോകുന്നു. കാട്ടുതീയിൽ മരിക്കുന്നു.

൧൬. മൗസലപർവ്വം—കൃഷ്ണന്റെയും ബലരാമന്റെയും മരണം. ദ്വാരക സമുദ്രം കയറി നശിക്കുന്നു. യാദവർ മുസലം കൊണ്ടു യുദ്ധംചെയ്തു അന്യോന്യം നശിപ്പിക്കുന്നു.

൧൭. മഹാപ്രസ്ഥാനികപർവ്വം യുധിഷ്ഠിരൻ സിംഹാസനത്യാഗം ചെയ്തിട്ടു സഹോദരന്മാരോടുകൂടെ ഇന്ദ്രസ്വർഗ്ഗത്തിലേക്കു യാത്രപോകുന്നു.

൧൮. സ്വർഗ്ഗാരോഹണപർവ്വം—യുധിഷ്ഠിരനും സഹോദരന്മാരും ദ്രൗപദിയും സ്വർഗ്ഗാരോഹണം ചെയ്യുന്നു.

കൃഷ്ണന്റെ വംശം, ജനനം, ലീലകൾ മുതലായ ജീവചരിത്രം അടങ്ങിയ ഹരിവംശം എന്ന കാവ്യം മഹാഭാരതത്തിന്റെ അനുബന്ധമായി വിചാരിച്ചുവരുന്നു. എന്നാൽ മഹാഭാരതത്തെക്കാൾ ഒരു നൂതനകൃതിയാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

മഹാഭാരതത്തിനു സർവ്വജ്ഞനാരായണൻ, അർജ്ജുനമിശ്രൻ, നീലകണ്ഠൻ ഇങ്ങനെ മൂന്നുപേർ വ്യാഖ്യാനങ്ങൾ എഴുതീട്ടുണ്ടു്. രാമായണത്തിലെപ്പോലെ തന്നെ മഹാഭാരതത്തിലെ കഥകളെ അടിസ്ഥാനപ്പെടുത്തിയും അനേകം കാവ്യങ്ങളും രൂപകങ്ങളും രചിച്ചിട്ടുണ്ടു്. മഹാഭാരതം അനുപദമായി കൊടുങ്ങല്ലൂർ

കുഞ്ചിക്കുട്ടൻതമ്പുരാനും ചുരുക്കി കിളിപ്പാട്ടായി എഴുത്തച്ഛനും മലയാളത്തിൽ ഭാഷാന്തരപ്പെടുത്തീട്ടുണ്ടു്.

ഒടുവിലത്തെ രണ്ടു പൎവ്വങ്ങളുടെയും കഥമാത്രം എത്രയും ചുരുക്കത്തിൽ ഇവിടെ ചേൎക്കുന്നു.

യുദ്ധം അവസാനിച്ചശേഷം ഇരുകക്ഷികളും തമ്മിൽ ഉള്ള വിരോധം ശമിക്കയും യുധിഷ്ഠിരൻ ഹസ്തിനാപുരത്തിൽവെച്ചു് അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ തന്റെ ശത്രുക്കളോടു താൻ രമ്യതപ്പെട്ടു എങ്കിലും ധൃതരാഷ്ട്രൻ തന്റെമക്കളുടെ—പ്രത്യേകംദുൎയ്യോധനന്റെ— നഷ്ടംസഹിയാഞ്ഞിട്ടു തന്റെ ഭാൎയ്യയായ ഗാന്ധാരിയോടും പാണ്ഡവരുടെ അമ്മയായ കുന്തിയോടും തന്റെ മന്ത്രികളിൽ ചിലരോടുംകൂടെ നാടു് ഉപേക്ഷിച്ചിട്ടു വനത്തിൽ പോയി പാൎക്കയും അവിടെ രണ്ടുവൎഷം പാൎത്തശേഷം വനത്തിനുപിടിച്ചതീയിൽ എല്ലാവരും വെന്തുപോകയും ചെയ്തു. ഇതിനാൽ പാണ്ഡവൎക്കു കഠിനവ്യസനവും അനുതാപവും ഉണ്ടായി. യുധിഷ്ഠിരൻ തന്റെ അധികാരത്തെ ത്യജിച്ചുംവെച്ചു് സഹോദരന്മാരോടും ദ്രൗപദിയോടുംകൂടെ ഇന്ദ്രസ്വൎഗ്ഗത്തിൽ പോകേണ്ടതിനായി ഹിമാലയത്തിലേക്കു യാത്രപുറപ്പെട്ടു. ഹസ്തിനാപുരത്തിൽനിന്നു ഒരു നായും അവരുടെ കൂടെ പോയി പാപങ്ങളും പോരായ്മകളും നിമിത്തം യാത്രക്കാരുടെ എണ്ണം ദിനമ്പ്രതി കുറഞ്ഞുപോയി. ഒന്നാമതായി അൎജ്ജുനനോടുള്ള അമിതമായ സ്നേഹംനിമിത്തം ദ്രൗപദി മരിച്ചുവീണു. പിന്നെ തനിക്കു തുല്യരായുമില്ലെന്നു വിചാരിച്ച സഹദേവൻ മരിച്ചു. പിന്നെ തന്നോളം അഴകുള്ളവരില്ലെന്നു വിചാരിച്ച നകുലനും പിന്നെ തന്റെ ശത്രുക്കളെയെല്ലാം ഒരു ദിവസംകൊണ്ടു സംഹരിച്ചുകളയുമെന്നു വമ്പു പറഞ്ഞ അൎജ്ജുനനും പിന്നെ ശത്രുക്കളെ കണ്ടപ്പോൾ ശപിക്കയും അയോഗ്യമായി ജയിക്കയും ചെയ്ത ഭീമനും വീണു സത്യവാനായ യുധിഷ്ഠിരൻ മാത്രം തങ്ങളോടുകൂടെ വന്ന നായോടുകൂടെ യാത്രചെയ്തു് സ്വൎഗ്ഗവാതുക്കൽ എത്തി. ഇന്ദ്രൻ വന്നു ശരീരത്തോടുകൂടെ സ്വൎഗ്ഗത്തിൽ പ്രവേശിച്ചു കൊൾവാൻ യുധിഷ്ഠിരനെ ക്ഷണിച്ചു. എന്നാൽ തന്റെ സഹോദരന്മാരെയും ദ്രൗപദിയെയും കൂടാതെ താൻ ഒരുനാളും പ്രവേശിക്കയില്ലെന്നു യുധിഷ്ഠിരൻ മറുപടി പറഞ്ഞു. അവർ അവനെക്കാൾ മുമ്പായിത്തന്നെ സ്വൎഗ്ഗത്തിൽ വന്നിരിക്കുന്നു എന്നു പറഞ്ഞു യുധിഷ്ഠിരനെ ഇന്ദ്രൻ പിന്നെയും ക്ഷണിച്ചു. യുധിഷ്ഠിരൻ അപ്പോൾ തന്റെ നായെക്കൂടി കയറ്റണമെന്നു ഇന്ദ്രനോടപേക്ഷിച്ചു. ഇതു അസാദ്ധ്യമാണെന്നു ഇന്ദ്രൻ പറഞ്ഞപ്പോൾ യുധിഷ്ഠിരൻ തന്നെ ഇത്രത്തോളം വിശ്വസ്തതയോടെ പിന്തുടൎന്ന നായെ താൻ എന്തു ദുഃഖംതന്നെ വരിട്ടാലും ഉപേക്ഷിക്കയില്ലെന്നു ശപഥം ചെയ്തുകൊണ്ടു മടങ്ങിപ്പോവാൻ ഭാവിച്ചു. ഒടുവിൽ ഇന്ദ്രൻ സമ്മതിച്ചിട്ടു യുധിഷ്ഠിരൻ നായോടുകൂടി തന്നെ സ്വൎഗ്ഗത്തിൽ കയറി. എന്നാൽ അയ്യോ കഷ്ടം! തന്റെ പ്രാണവൈരികളായ ദുൎയ്യോധനാദികളല്ലാതെ താൻ കാണുന്നതിനായി എത്രയോ ആശിച്ചുവന്ന തന്റെ പ്രിയപ്പെട്ട സഹോദരന്മാരും ദ്രൗപദിയും അവിടെ ഇല്ലായിരുന്നു. യുധിഷ്ഠിരൻ അവരെ കൂടാതെ സ്വൎഗ്ഗത്തിൽപോലും പാൎക്കയില്ല അതുകൊണ്ടു അവിടെനിന്നു അവരെ അന്വേഷിച്ചു നരകത്തിലേക്കു പോയി. അവിടെ അവൻ ഭയങ്കര കാഴ്ചകൾ കാണുകയും അസഹ്യമായ വിലാപങ്ങളും നിലവിളികളും കേൾക്കയും ചെയ്തു. ഈ അരിഷ്ടാവസ്ഥയെ കാണാതിരിപ്പാനായി യുധിഷ്ഠിരൻ തിരിച്ചു പോരുവാൻ ഭാവിച്ചു. എന്നാൽ അപ്പോൾ തന്റെ പ്രിയപ്പെട്ടവരുടെ ശബ്ദം സഹായത്തിനായി വിളിക്കുന്നതും വേദന കുറയ്ക്കുന്നതിനായി യാചിക്കുന്നതും കേട്ടു. യുധിഷ്ഠിരൻ ശത്രുക്കളോടുകൂടി സ്വൎഗ്ഗത്തിൽ വാഴുന്നതിനെക്കാൾ താൻ സ്നേഹിക്കുന്നവരോടുകൂടി നരകത്തിൽ കഷ്ടമനുഭവിക്കുന്നതു നല്ലതെന്നു നിശ്ചയിച്ചു. ഈ

നിശ്ചയത്താൽ യുധിഷ്ഠിരൻ തന്റെ ഭയങ്കരപരീക്ഷയെ ജയിച്ച ഉടനെ താൻ കണ്ടതെല്ലാം മായയുടെ ലീലകൾ മാത്രമാണെന്നു അവനു ബോധ്യംവന്നു. അവനും അവന്റെ സഹോദരന്മാരും ദ്രൌപദിയും ഇന്ദ്രനോടുകൂടെ സ്വർഗ്ഗത്തിൽ പരമാനന്ദത്തിൽ വാഴുവാൻ തുടങ്ങി.

കൃഷ്ണൻ, യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ, ദ്രൌപദീ, ധൃതരാഷ്ട്രർ, പാണ്ഡു, അഭിമന്യു, ബലരാമൻ, ദുര്യോധനൻ, ഭീഷ്മർ, കർണ്ണൻ, ദ്രോണൻ, ശല്യർ. നോക്കുക.

മഹാഭാരതവും യവനഭാഷയിലുള്ള ഇലിയഡ് (Iliad) എന്ന മഹാകാവ്യവും തമ്മിൽ വളരെ സാമ്യമുണ്ട്—താഴെകാണുന്ന പ്രധാന പാത്രങ്ങൾ സമഗുണങ്ങളുള്ളവരാണു.

ധൃതരാഷ്ട്രർ—(Priam)
ദുര്യോധനൻ—(Paris)
ദ്രൌപദി—(Helen)
യുധിഷ്ഠിരൻ—(Menelaus)
കൃഷ്ണൻ—(Achilles)
ഭീമൻ—(Ajax)
സഹദേവൻ—(Diomedes)

മഹാഭാരതം പല ഭാഷകളിലും ഭാഷാന്തരം ചെയ്തിട്ടുണ്ട്—ജാവാദ്വീപിൽ അവിടത്തെ ഭാഷയിൽ ബ്രതായുദ്ധാ (ഭാരതകഥാ) എന്ന പേരിൽ ഭാരതകഥയുണ്ട്. യുദ്ധവും മറ്റും ജാവാദ്വീപിൽതന്നെ പകലോങ്കം എന്ന സ്ഥലത്തു നടന്നതായിട്ടാണു വിവരണം.

മഹാഭാഷ്യം—പാണിനിസൂത്രങ്ങൾക്കു പതഞ്ജലി ഉണ്ടാക്കിയ വ്യാഖ്യാനം

മഹാമഘം—ദുഷിച്ചുപോയ മാമാങ്കം. പന്ത്രണ്ടുവർഷത്തിലൊരിക്കൽ മാശി (കുംഭ)മാസത്തിൽ സ്നാനത്തിനു പ്രധാനം. കുംഭകോണത്തേതു പ്രസിദ്ധിപ്പെട്ടതു. കേരളത്തിൽ തിരുനാവായ എന്ന സ്ഥലത്തും മാമാങ്കം ഉണ്ടായിരുന്നു. മഘം നോക്കുക.

മഹാമുനി—൧. വ്യാസൻ. ൨. ബുദ്ധൻ. ൩. അഗസ്ത്യൻ.

മഹായജ്ഞം—ഒരു ഗൃഹസ്ഥൻ ദിനംപ്രതി ചെയ്യേണ്ടുന്ന അഞ്ചു ശ്രുതിവിഷയക പ്രവൃത്തികൾ.

അദ്ധ്യാപനം ബ്രഹ്മയജ്ഞഃ പിതൃയജ്ഞസ്തു തർപ്പണം।
ഹോമോ ദൈവോ ബലിർഭൌതോ നൃയജ്ഞോഽതിഥിപൂജനം॥

മഹായുഗം—൪൩൨0000 വർഷങ്ങളുള്ള ഒരു യുഗം.

മഹാരോഗങ്ങൾ:—

ഉന്മാദോ രാജയക്ഷ്മാച ശ്വാസസ്ത്വഗ്ദോഷ ഏവച।
മധുമേഹശ്ചാശ്മരീച തഥോദരഭഗന്ദരൌ॥

മഹാലയപക്ഷം—ഭാദ്രപദമാസത്തിൽ കൃഷ്ണപക്ഷം അമാവാസിദിവസങ്ങളിൽ ചെയ്യേണ്ടുന്ന ശ്രാദ്ധങ്ങളിൽ വീഴ്ചകൾ വരുത്തീട്ടുള്ളവരും ശ്രാദ്ധതീയതികൾ നിശ്ചയമില്ലാത്തവരും ഈ പക്ഷത്തിൽ ചെയ്താൽ മതിയാകും. മഹാഭരണി, മദ്ധ്യാഷ്ടമി, വ്യതീപാതം ഈ ദിവസങ്ങൾ ബ്രാഹ്മണർ പ്രത്യേകം ആചരിക്കണം.

മഹാലയ അമാവാസി—മഹാലയപക്ഷത്തിലെ അമാവാസി.

മഹാവാക്യം—വേദാന്തത്തിൽ സൃഷ്ടി, പ്രളയം, ഇവയെപ്പററി ഉൽകൃഷ്ടവിവരണങ്ങൾ.

മഹാവീരൻ—൧. വിഷ്ണു. ൨. ഗരുഡൻ. ൩. ഹനുമാൻ. ൪. ഇന്ദ്രന്റെ വജ്രായുധം.

മഹാവീരചരിതം—ഭവഭൂതിയുടെ ഒരു നാടകം. രാമായണം കഥ. വീരരസം പ്രധാനം

മഹാശിവരാത്രി—മാഘമാസത്തിൽ കൃഷ്ണപക്ഷത്തിൽ ചതുർദ്ദശിദിവസം. അമൃതത്തിനായി ദേവകൾ സമുദ്രമഥനം ചെയ്തപ്പോൾ ഉണ്ടായിവന്ന കാളകൂടം ശിവൻ ലോകം നശിക്കാതിരിക്കാനായി കുടിച്ച് കുറേക്കാലം ബോധരഹിതനായി കിടന്നു. ഈ സംഭവംനിമിത്തം ഈ ഉത്സവം ശിവഭക്തന്മാൎക്ക ഏററവും പ്രധാനം. തിഥി മുഴുവനും ഉപവസിക്കയും രാത്രി ഉറങ്ങാതെ ശിവപൂജ ചെയ്കയും വേണം.

മഹാശംഖം—കുബേരന്റെ നവനിധികളിൽ ഒന്നു.

മഹാസംക്രാന്തി—ഉത്തരായന ആരംഭം പൊങ്കൽ.

മഹാസത്യൻ—യമൻ.

മഹാസാരഥി—അരുണൻ.

മഹാസേനൻ—കാൎത്തികേയൻ.

മഹാസുരി (ഈശാനി, ഈശ്വരി, കാളി, ചണ്ഡാ, ദേവീ; നിശാ, ഭോഗാ, മാരീ, മേധാ, മോഹാ, രാജ്ഞീ, രൌദ്രി, ശ്വേതാ,—) ദേവി.

മഹിതം—ശിവന്റെ ശൂലം.

മഹിമ—ശിവന്റെ അഷ്ടസിദ്ധികളിൽ ഒന്നു.

മഹിഷം—പോത്ത്, യമന്റെ വാഹനം.

മഹിഷധ്വജൻ (വാഹനൻ) യമൻ.

മഹിഷമർദ്ദിനി—ദുർഗ്ഗാദേവി.

മഹിഷമംഗലം നമ്പൂരി—മഴമംഗലത്തു നമ്പൂരിയെന്നും പറയും (മഴമംഗലത്തു നമ്പൂരിയെന്നു ചിലർ പറയുന്നുണ്ട്.) നൈഷധചമ്പൂ എന്ന പ്രസിദ്ധ ചമ്പൂകാവ്യത്തിൻെറ കർത്താവ്. മഴമംഗലം ഭാണം എന്ന ശൃംഗാരകാവ്യം ഈ കവിയുടേതാണ്. രാജരത്നാവലീയം, ബാണയുദ്ധം, കോടിവിരഹം (സംസ്കൃതം), മുതലായ ചമ്പൂരത്നങ്ങളും ഈ അദ്വിതീയകവിയുടെ കൃതികളായിരിക്കാമെന്ന് ഊഹിക്കപ്പെടുന്നുമുണ്ട്. കൊല്ലം ഒമ്പതാംശതവർഷത്തിൽ ജീവിച്ചിരുന്നു.

മഹിഷാസുരൻ—൧. കാർത്തികേയൻ കൊന്ന ഒരു അസുരൻ. ൨. ദുർഗ്ഗാദേവി കൊന്ന ഒരു അസുരൻ.

മഹീകമ്പം—മഹാകായങ്ങളായ ജലജന്തുക്കളാൽ ഉണ്ടാകുന്നു. അഷ്ടദിഗ്ഗജങ്ങൾ അല്പനേരം സുഖമെടുക്കുന്നതിനാൽ ഉണ്ടാകുന്നു. ധൂമധ്വാവങ്ങൾ കൂട്ടിമുട്ടി ഭൂമിയെ അടിക്കുന്നതിനാൽ ഉണ്ടാകുന്നു. ഇങ്ങനെ പല അഭിപ്രായങ്ങൾ ഉണ്ട്. ചിറകുള്ള പർവ്വതങ്ങൾ എഴുന്നേററു പറക്കുന്നതിനാലും പിന്നെ വന്നുവീഴുന്നതിനാലും ഭൂമി പണ്ടു ഇളകിയിരുന്നു. അചലാ എന്ന പേരിട്ടിട്ടു ഇങ്ങനെ ചലിക്കാൻ അനുവദിക്കുന്നതു സങ്കടമാണെന്നു ഭൂമി ബ്രഹ്മാവിനോടു പറഞ്ഞു. ബ്രഹ്മാവിൻെറ ആജ്ഞപ്രകാരം ഇന്ദ്രൻ വജ്രായുധംകൊണ്ടു പർവ്വതങ്ങളുടെ ചിറകുകൾ മുറിച്ചുകളഞ്ഞു.

മഹീജൻ (പുത്രൻ, സുതൻ)—നരകാസുരൻ.

മഹീജാ (പുത്രീ, സുതാ)—സീതാ.

മഹീധരൻ—വിഷ്ണു.

മഹേന്ദ്രനഗരി—അമരാവതി.

മഹേന്ദ്രമന്ത്രീ—ബൃഹസ്പതി.

മഹേശ്വരൻ—ശിവൻ.

മഴമംഗലംഭാണം—ശൃംഗാരവിഷയമായി മഴമംഗലം നമ്പൂതിരി ഉണ്ടാക്കിയ ഒരു ഭാണം.

മഴമംഗലത്തു നമ്പൂരി—മഹിഷമംഗലത്തു നമ്പൂതിരി നോക്കുക.

മാ—ലക്ഷ്മി.

മാകലി—ഇന്ദ്രസാരഥിയായ മാതലി.

മാഘൻ—ശിശുപാലവധം അല്ലെങ്കിൽ മാഘകാവ്യം ഉണ്ടാക്കിയ ഒരു കവി. ഈ കവിയെക്കുറിച്ചു ഇങ്ങനെ ഒരു പ്രശംസശ്ലോകം ഉണ്ട്.

ഉപമാകാളിദാസസ്യ ഭാരവേരർത്ഥഗൌരവം।
ദണ്ഡിനഃ പദലാളിത്യം മാഘേസന്തിത്രയോഗുണാഃ॥

**മാണിക്കവാചകൻ**—ഒരു ശിവഭക്തനും കവിയും. അരിമൎദ്ദനപാണ്ടിയന്റെ മന്ത്രിയായിരുന്നു. കുതിരകളെ വാങ്ങാൻ കൊടുത്ത പണംകൊണ്ടു തിരുപെരുന്തുറ എന്ന സ്ഥലത്തു ശിവക്ഷേത്രം പണിതു അതിനു തടവിലാക്കപ്പെട്ടു എങ്കിലും ആ സമയം വൈഗയാററിൽ വെള്ളപ്പൊക്കം ഉണ്ടായതിനാൽ മോചിക്കപ്പെട്ടു. പിന്നെ ചിദംബരത്തു താമസിച്ചു ബുദ്ധമതപ്രസംഗികന്മാരെ തോല്പിച്ചു. ശിവസ്തോത്രങ്ങളായ തിരുവാചകം പ്രധാനകൃതി. ചിററമ്പലക്കോവ എന്നു പേരായി ശിവന്റെയും പാൎവ്വതിയുടെയും കല്യാണപ്പാട്ടും ഉണ്ടാക്കീട്ടുണ്ട്. മലയാളത്തുവന്നു അന്നത്തെ ഒരു രാജാവിന്റെ മന്ത്രിയായിരുന്ന ദേവശിഖാമണി എന്ന ക്രിസ്ത്യാനിയെ കൊല്ലിച്ചതിനെപ്പററി ദേവശിഖാമണിപാട്ടൽ എന്നൊരു ഗ്രന്ഥവും ഒരു നാടകവും ഉണ്ട്. മാണിക്കവാചകർ മുപ്പത്തുരണ്ടാംവയസ്സിൽ ചിദംബരത്തുവെച്ചു മരിച്ചു

**മാണ്ഡവി**—കുശധ്വജന്റെ പുത്രി. ഭരതന്റെ ഭാൎയ്യ.

**മാതരിശ്വാവ്**—ഭൃഗുക്കൾക്കുവേണ്ടി ആകാശത്തിൽ നിന്നു അഗ്നി കൊണ്ടുവന്ന ആൾ.

**മാതലി**—ഇന്ദ്രന്റെ സാരഥി.

**മാതാ**—൧. ലക്ഷ്മി. ൨. ദുൎഗ്ഗ. ൩. രേവതി.

**മാതൃക്കൾ**—സ്കന്ദന്റെ ഏഴു വളൎത്തമ്മമാർ.

> ബ്രാഹ്മീ മാഹേശ്വരീചൈവ കൌമാരീ വൈഷ്ണവീതഥാ।
> മാഹേന്ദ്രീചൈവ വാരാഹീ ചാമുണ്ഡാ സപ്തമാതരഃ॥

ചിലരുടെ അഭിപ്രായത്തിൽ എട്ടും ചിലരുടെ അഭിപ്രായത്തിൽ പതിനാറും പേരുണ്ട്.

**മാതൃബന്ധുക്കൾ**—

> മാതുഃ പിതുഃ സ്വസുഃ പുത്രാഃ മാതുൎമ്മാതുഃ സ്വസുഃ സുതാഃ।
> മാതുൎമ്മാതുല പുത്രാശ്ച വിജ്ഞേയാ മാതൃബന്ധവാഃ॥

**മാദ്രി**—പാണ്ഡുവിന്റെ രണ്ടാമത്തെ ഭാൎയ്യ. നകുലന്റെയും സഹദേവന്റെയും അമ്മ.

**മാധവൻ**—൧. കൃഷ്ണൻ. (വിഷ്ണു) ൨. ഇന്ദ്രൻ. ൩. പരശുരാമൻ.

**മാധവാചാൎയ്യൻ**—മായനാചാൎയ്യന്റെ പുത്രനും സായനാചാൎയ്യന്റെ സഹോദരനുമായ ഒരു വൈഷ്ണവപണ്ഡിതൻ. പതിനാലാംനൂററാണ്ടിൽ ജീവിച്ചിരുന്നു. സൎവ്വദൎശനസംഗ്രഹം, സംക്ഷേപശങ്കരവിജയം മുതലായ അനേകം കൃതികളുണ്ട്. സായനാചാൎയ്യനോടുകൂടെ ഋഗ്വേദത്തിന്റെ വ്യാഖ്യാനം ഉണ്ടാക്കി. ശങ്കരാചാൎയ്യരുടെ അദ്വൈതം പഠിപ്പിച്ചു. ഇദ്ദേഹത്തിന്റെ പിൻഗാമികളാണ് ശൃംഗേരിമഠത്തിലെ ജഗൽഗുരുക്കൾ. സൎവ്വദൎശനസംഗ്രഹത്തിൽ ചാൎവ്വാകംമുതൽ യോഗംവരെ എല്ലാദൎശനങ്ങളെയും യഥാക്രമം വിവരിച്ചിരിക്കുന്നു.

**മാധവി** — ലക്ഷ്മി.

**മാനവകല്പസൂത്രം** — വൈദികാചാരങ്ങളെക്കുറിച്ചു മനുവിന്റെ ഒരു പുസ്തകം.

**മാനവധൎമ്മശാസ്ത്രം** — മനു ഉണ്ടാക്കിയ ധൎമ്മശാസ്ത്രപുസ്തകം. പന്ത്രണ്ടുഭാഗങ്ങളിലായി ആറു പ്രധാനവിഷയങ്ങൾ. വേദം, വേദാന്തം, ആചാരം, വ്യവഹാരം, പ്രായശ്ചിത്തം, കൎമ്മഫലം.

**മാനവി, മാനായി** — മനുവിന്റെ ഭാൎയ്യ.

**മാനവേദൻ രാജാവു, കോഴിക്കോട്ടു** — കൊല്ലം ൯-ാം ശതാബ്ദം. കൃഷ്ണാട്ടം ഏൎപ്പെടുത്തി അതിന്നായി ശ്രീകൃഷ്ണചരിതം എട്ടുദിവസത്തെ കഥയായി ഉണ്ടാക്കി.

**മാനസൻ** — ൧. പരമാത്മാവു്. ൨. വിഷ്ണു.

**മാനസപുത്രർ** — പ്രജാപതികൾ.

**മാനസസരോവരം** — വായുപുരാണപ്രകാരം സമുദ്രം ആകാശത്തിൽനിന്നു മേരുപൎവ്വതത്തിന്മേൽ വീഴുകയും അവിടെനിന്നു നാലു ഭാഗങ്ങളായി ഒഴുകി അരുണോദം, സിതോദം, മഹാഭദ്രം, മാനസം എന്ന നാലു തടാകങ്ങളായി തീരുകയും ചെയ്തു. പുരാണപ്രകാരം ഗംഗാനദി മാനസസരോവരത്തിൽ ഉത്ഭവിക്കുന്നു. സൂക്ഷ്മത്തിൽ യാതൊരു നദിയും അതിൽ ഉത്ഭവിക്കുന്നില്ല. ഹംസങ്ങളുടെ ജന്മസ്ഥലം എന്നു പറയപ്പെടുന്നു.

**മാനസാരം** — തച്ചുശാസ്ത്രത്തെപ്പററി ദക്ഷിണേന്ത്യയിൽ പ്രാബല്യം ഉള്ള ഒരു സംസ്കൃതഗ്രന്ഥം. അമ്പത്തെട്ടു അദ്ധ്യായം. ക്ഷേത്രങ്ങൾ പണിയുന്നതിനെപ്പററിയാണ് അധികഭാഗവും.

**മാന്ധാതാവു്** — സൂൎയ്യകുലത്തിലെ ഒരു രാജാവായ യുവനാശ്വന്റെ സ്വന്തപുത്രൻ. യുവനാശ്വനു മക്കളില്ലാഞ്ഞിട്ടു ചില ഋഷിമാരെക്കൊണ്ടു പുത്രലബ്ധിക്കായി ബലി കഴിപ്പിച്ചു. ഒരു രാത്രി ഋഷിമാർ ഒരു പാത്രത്തിൽ വെള്ളം ശുദ്ധീകരിച്ചു ബലിപീഠത്തിന്മേൽ വെച്ചിട്ടുപോയി. യുവനാശ്വൻ രാത്രിയിൽ ഉണൎന്നപ്പോൾ ദാഹിച്ചിട്ടു് ആ വെള്ളം എടുത്തു കുടിക്കയും അതിനാൽ അവനു ഗൎഭമുണ്ടാകയും ചെയ്തു. ശിശുവിനെ പ്രസവിക്കേണ്ടും കാലമായപ്പോൾ അതു യുവനാശ്വന്റെ വലത്തുഭാഗത്തുകൂടി പുറത്തുവന്നു. കുഞ്ഞിനു പാലുകൊടുക്കാൻ ആരുമില്ലാഞ്ഞിട്ടു "കം ഏഷ ധാസ്യതി" എന്നു ഋഷികൾ ചോദിക്കയും അപ്പോൾ ഇന്ദ്രൻ വന്നു "മാം ധാസ്യതി" എന്നു പറഞ്ഞുകൊണ്ടു കുഞ്ഞിനു കുടിപ്പാൻ തന്റെ വിരലുകൊടുക്കയുംചെയ്തു. ഇന്ദ്രൻ ഉപയോഗിച്ച മൂന്നു വാക്കുകൾ ലോപിച്ചു് മന്ധാതാവു് എന്നു പേരുണ്ടായി. മാന്ധാതാവിനു മൂന്നു പുത്രന്മാരും അമ്പതു പുത്രിമാരും ഉണ്ടായി. ഒരുദിവസം സൌഭരി എന്ന പേരായ ഒരു കിഴവൻസന്ന്യാസി വന്നു് ഒരു മകളെ തനിക്കു ഭാൎയ്യയായി കൊടുക്കണമെന്നു മാന്ധാതാവിനോടു ചോദിച്ചു. എന്നാൽ മാന്ധാതാവിനു തന്റെ പുത്രിയെ മെലിഞ്ഞു ശോഷിച്ച കിഴവനു കൊടുക്കാൻ മനസ്സില്ലായിരുന്നെങ്കിലും നിഷേധിപ്പാൻ ധൈൎയ്യമില്ലാതെ തന്റെ പുത്രിമാരിൽ ആൎക്കെങ്കിലും മനസ്സുണ്ടെങ്കിൽ തനിക്കും വിരോധമില്ലെന്നു പറഞ്ഞു. അപ്പോൾ സൌഭരി ഒരു അഴകുള്ള യൌവനരൂപം ധരിക്കയും കന്യകമാരിൽ സൌഭരിക്കുവേണ്ടി അന്യോന്യം

പിന്നക്കും ഉണ്ടാകയും അതുകൊണ്ടു സൌഭരി അവരെ എല്ലാവരെയും ഭാൎയ്യമാരായി പരിഗ്രഹിക്കയും ചെയ്തു.

**മാപൻ (പതി)**—വിഷ്ണു.

**മായാ**—൧. ലക്ഷ്മി. ൨. ബുദ്ധന്റെ അമ്മ.

**മായാവതീ (മായാദേവി)**—ശംബരാസുരന്റെ ഭാൎയ്യ. കൃഷ്ണന്റെ പുത്രനായ പ്രദ്യുമ്നൻ കാമദേവന്റെ അവതാരമാണെന്നും. മായാവതീ രതിയാണെന്നും കഥയുണ്ട്.

**മാരൻ**—കാമദേവൻ.

**മാരിയമ്മൻ**—പകൎച്ചവ്യാധികളുടെ പ്രത്യേകം മസൂരിദീനത്തിന്റെ അധിദേവത ഗ്രാമക്കാരുടെ സൌകൎയ്യംപോലെ കോവിലുകളിൽ എട്ടുദിവസം ഉത്സവം. ആടു കോഴി മുതലായവയെ ബലിയും കഴിക്കും..

**മാരിഷാ**—പ്രംലോചാ എന്ന അപ്സരസ്ത്രീയിൽ കണ്ഡുമഹൎഷിയുടെ പുത്രി. ദക്ഷന്റെ അമ്മ. അവളുടെ വിസ്മയകര ജനനത്തെപ്പറ്റി പ്രാലോചാ നോക്കുക.

**മാരീചൻ**—൧. കശ്യപപ്രജാപതി. ൨. താടകയിൽ സുന്ദാസുരന്റെ പുത്രൻ. ചതിവായി ഒരു പൊന്മാനിന്റെ രൂപമെടുത്തു രാമനും സീതയും പാൎത്തിരുന്ന ആശ്രമത്തിൽ ചെന്നു. സീതയ്ക്കുവേണ്ടി അതിനെ പിടിപ്പാനായി രാമൻ അതിന്റെ പിന്നാലെ പോകയും അപ്പോൾ രാവണൻ വന്ന് സീതയെ പിടിച്ചുകൊണ്ടുപോകയും ചെയ്തു.

**മാരുതി**—൧. ഹനുമാൻ. ൨. ഭീമൻ.

**മാൎകഴിതിരുമജ്ജനം**—ആൎദ്രാദൎശനം നോക്കുക.

**മാൎക്കണ്ഡൻ (മാൎക്കണ്ഡേയൻ)**—മൃകണ്ഡുവിന്റെ പുത്രനായ ഒരു ഋഷി. മാൎക്കണ്ഡേയപുരാണത്തിന്റെ കൎത്താവ്. വളരെക്കാലം ജീവിച്ചിരുന്നതുകൊണ്ട് ദീൎഘായുസ്സെന്നും പേരുണ്ട്.

**മാൎക്കണ്ഡേയപുരാണം**—ഈ പുരാണത്തിൽ ആചാരക്രമങ്ങളും സദാചാരവാക്യങ്ങളും അധികമൊന്നുമില്ല നീതിന്യായങ്ങളെക്കുറിച്ചറിവുള്ള പക്ഷികൾ മുതലായ പല കഥകളുണ്ട്.

**മാലതീമാധവം**—ഭവഭൂതിയുടെ ഒരു ശ്രുതിപ്പെട്ട നാടകം. കഥ കല്പിതം. ഉജ്ജയിനിയിലെ മന്ത്രിയുടെ പുത്രി മാലതിയുടെയും വേറൊരു രാജ്യത്തിലെ മന്ത്രിയുടെ പുത്രൻ മാധവന്റെയും അനുരാഗം വിഷയം. രാജാവു മാലതിയെ തന്റെ നൎമ്മസചിവനു കൊടുക്കാൻ നിശ്ചയിക്കുന്നു. മാലതിക്കു മനസ്സില്ല. മാധവന്റെ സ്നേഹിതൻ മകരന്ദൻ മാലതിയുടെ വേഷത്തിൽ നൎമ്മസചിവനാൽ വിവാഹം ചെയ്യപ്പെടുന്നു. ഒരു ബുദ്ധസന്യാസിയുടെ അനുകൃത്യത്താൽ ശുഭമായി അവസാനിക്കുന്നു. മലയാളത്തിൽ കൊട്ടാരത്തിൽ ശങ്കുണ്ണി അവൎകൾ തൎജ്ജമ ചെയ്തിട്ടുണ്ട്.

**മാളവികാഗ്നിമിത്രം**—കാളിദാസന്റെ ഒരു നാടകം. കാളിദാസന്റെ മറ്റു കൃതികളുടെ വിശേഷതയില്ലാത്തതിനാൽ കാളിദാസന്റേതല്ലെന്നു

ചിലരുടെ മതം. ഒരു രാജകുമാരിയായ മാളവികാ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടശേഷം രക്ഷപ്പെട്ടു അഗ്നിമിത്രന്റെ രാജ്ഞിയുടെ പരിചാരികയായിത്തീരുന്നു അഗ്നിമിത്രൻ അവളെക്കണ്ടു സ്നേഹിക്കുന്നു വളരെ പ്രയാസങ്ങൾക്കുശേഷം അവൾ രാജകുമാരിയാണെന്നു വെളിപ്പെടുകയും അഗ്നിമിത്രൻ അവളെ വിവാഹംചെയ്കയും ചെയ്യുന്നു.

**മാലിനീ**—൧. ദുർഗ്ഗാ. ൨. ആകാശഗംഗാ. ൩. വിഭീഷണന്റെ അമ്മ. ൪. അജ്ഞാതവാസത്തിൽ ദ്രൗപദിയുടെ പേരു്.

**മാല്യവാൻ**—സുകേതുവിന്റെ പുത്രൻ രാവണന്റെ മാതുലനും ഒരു മന്ത്രിയും. തപസ്സുചെയ്തു ബ്രഹ്മാവിന്റെ പ്രീതി സമ്പാദിക്കുകയും ബ്രഹ്മാവു് ലങ്കാനഗരം പണിയിച്ചു കൊടുക്കയും ചെയ്തു. വളരെക്കാലം അവിടെ സഹോദരന്മാരോടുകൂടെ പാർത്തശേഷം അതിനെ വിട്ടുപോയി പിന്നെ കുബേരൻ അവിടെ ചെന്നു പാർത്തു. കുബേരനെ ഓടിച്ചുംവെച്ചു് രാവണൻ ലങ്കയെ കൈവശപ്പെടുത്തിയപ്പോൾ മാല്യവാൻ പിന്നെയും അവിടെ വന്നു പാർത്തു് രാവണനു പലവിധ സഹായങ്ങൾ ചെയ്തു.

**മാവാരതംപാട്ടു്**—ഒരു പ്രാചീനകൃതി. മഹാഭാരതകഥയാണു വിഷയം കർത്താവിനെ നിശ്ചയമില്ല അയ്യംപിള്ളആശാൻ രാമചരിതപ്പാട്ടിന്റെ കാലത്തുണ്ടാക്കിയിട്ടുള്ളതാണെന്നു ചിലർക്കു അഭിപ്രായമുണ്ടു്. ദ്രാവിഡപദങ്ങളും പ്രാകൃതങ്ങളും ഈ കൃതിയിൽ സുലഭങ്ങളാണ്.

**മാസങ്ങൾ**—

**മലയാളമാസങ്ങൾ**—(൧) മേടം (൨) ഇടവം (൩) മിഥുനം (൪) കർക്കടകം (൫) ചിങ്ങം (൬) കന്നി (൭) തുലാം (൮) വൃശ്ചികം (൯) ധനു (൰) മകരം (൰൧) കുംഭം (൰൨) മീനം.

തമിഴമാസങ്ങൾ—(൧) ചിത്തിര (൨) വൈകാശി (൩) ആനി (൪) ആടി (൫) ആവണി (൬) പുരട്ടാശി (൭) അല്പശി (൮) കാർത്തിക (൯) മാർകഴി (൰) തൈ (൰൧) മാശി (൰൨) പൈങ്കുനി.

സൌരമാനമാസങ്ങൾ—(൧) മേഷം (൨) വൃഷഭം (൩) മിഥുനം (൪) കർക്കടകം (൫) സിംഹം (൬) കന്യാ (൭) തുലാം (൮) വൃശ്ചികം (൯) ധനു (൰) മകരം (൰൧) കുംഭം (൰൨) മീനം.

നക്ഷത്രങ്ങൾ—(൧) അശ്വതി, ഭരണി (൨) കാർത്തിക, രോഹിണി, മകയിരം (൩) തിരുവാതിര, പുണർതം (൪) പൂയം, ആയില്യം (൫) മകം, പൂരം (൬) ഉത്രം, അത്തം (൭) ചിത്ര, ചോതി, വിശാഖം (൮) അനിഴം, തൃക്കേട്ട (൯) മൂലം, പൂരാടം (൰) ഉത്രാടം, തിരുവോണം (൰൧) അവിട്ടം, ചതയം, പൂരുരുട്ടാതി (൰൨) ഉത്രട്ടാതി, രേവതി.

മേഷാദികൾക്കു് ഒത്ത ഇംഗ്ലീഷ്മാസങ്ങൾ (൧) ഏപ്രിൽ-മെയി (൨) മെയി ജൂൻ (൩) ജൂൻ ജൂലായി (൪) ജൂലായി-ആഗസ്റ്റ് (൫) ആഗസ്റ്റ് സെപ്റ്റെമ്പർ (൬) സെപ്റ്റെമ്പർ ഒക്ടോബർ (൭) ഒക്ടോബർ നവംബർ (൮) നവംബർ ഡിസെമ്പർ (൯) ഡിസെംബർ ജനവരി (൰) ജനവരി ഫെബ്രുവരി (൰൧) ഫെബ്രുവരി മാർച്ച് (൰൨) മാർച്ച് ഏപ്രിൽ.

**മാഹാത്മ്യം**.—സ്ഥലപുരാണം നോക്കുക.

മാഹിഷ്മതി — ഹൈഹയരാജാക്കന്മാരുടെ പ്രധാന നഗരം.

മാഹേശ്വരി — സപ്തമാതൃക്കൾ നോക്കുക.

മിഞ്ജികർ, മിഞ്ജികം — രുദ്രന്റെ ബീജം ഒരു പൎവ്വതത്തിന്മേൽവീണുണ്ടായവർ. മക്കളുടെ ഗുണമാലോചിച്ചു ചിലർ ഇവരെ പൂജിക്കാറുണ്ടു്.

മിതാക്ഷരാ — യാജ്ഞവല്ക്യസ്മൃതിയുടെ ഒരു ശ്രുതിപ്പെട്ട വ്യാഖ്യാനം. വിജ്ഞാനേശ്വരൻ ഉണ്ടാക്കിയതു്. മദ്ധ്യഇന്ത്യയിൽ പ്രചാരമുള്ളതു്.

മിത്രൻ — ഒരു ആദിത്യൻ. എല്ലായ്പോഴും വരുണനെക്കൂടി കൂട്ടിയാണ് പറയാറു്.

മിഥില — വിദേഹരാജ്യത്തിന്റെ പ്രധാനസ്ഥലം. ജനകന്റെ രാജ്യം.

മീനാക്ഷി — മധുരയിൽ പാൎവ്വതിയുടെ പേരു്.

മീമാംസാ — ഒരു ദൎശനം. ആദ്യം രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. ജൈമിനി സ്ഥാപിച്ച പൂൎവ്വമീമാംസ അല്ലെങ്കിൽ കൎമ്മമീമാംസയും ബാദരായണൻ സ്ഥാപിച്ച ഉത്തരമീമാംസാ അല്ലെങ്കിൽ ബ്രഹ്മമീമാംസയും; പൂൎവ്വമീമാംസ വേദത്തിലെ ആചാരങ്ങളെയും അവയുടെ അൎത്ഥത്തെയും സംബന്ധിച്ചും ഉത്തരമീമാംസ പരമാത്മാവിന്റെ സ്വഭാവത്തെ സംബന്ധിച്ചും ആകകൊണ്ടു അന്യോന്യം സംബന്ധം ഇല്ലാത്ത ഈ രണ്ടു ഭാഗങ്ങളും വെവ്വേറായി വിചാരിക്കപ്പെട്ടുവരുന്നു. ഇങ്ങനെ പൂൎവ്വമീമാംസയ്ക്കു മീമാംസയെന്നും ഉത്തരമീമാംസയ്ക്കു വേദാന്തം എന്നും പേരുകളുണ്ടായി.

മൃ — ശിവൻ.

മുകുന്ദൻ — കൃഷ്ണൻ.

മുകുന്ദം — കുബേരന്റെ നവനിധികളിൽ ഒന്നു്.

മുക്തി — പരമാത്മാവിൽ ലയം, പിന്നെ ജനനം ഇല്ല.

മുഗ്ദ്ധബോധം — വോപദേവനുണ്ടാക്കിയ ഒരു വ്യാകരണം.

മുചുകുന്ദൻ — മാന്ധാതാവിന്റെ പുത്രനായ ഒരു രാജാവു; അസുരരോടുള്ള യുദ്ധത്തിൽ ദേവകൾക്കു സഹായിക്കയാൽ വളരെക്കാലം വിഘ്നം കൂടാതെ കിടന്നുറങ്ങുന്നതിനുള്ള വരം പ്രാപിച്ചു. ആരെങ്കിലും ഉറക്കത്തിനു ഭംഗം വരുത്തിയാൽ അവന്റെ ശരീരത്തിൽനിന്നു അഗ്നി പുറപ്പെട്ടു അവനെ ഭസ്മീകരിച്ചുകളയും. കൃഷ്ണന്റെ ഉപായത്താൽ കാലയവനൻ മുചുകുന്ദൻ ഉറങ്ങിയിരുന്ന ഗുഹയിൽ ചെന്നു അവനെ ഉണൎത്തി അപ്പോൾ മുചുകുന്ദൻ അവനെനോക്കുകയും അവൻ ഭസ്മമായിപ്പോകയും ചെയ്തു. അതിന്റെശേഷം മുചുകുന്ദൻ കൃഷ്ണനെ വന്ദിക്കയും ഇഷ്ടമുള്ളേടത്തുപോയി സ്വൎഗ്ഗീയസന്തോഷങ്ങൾ അനുഭവിച്ചുകൊള്ളുവാൻ കൃഷ്ണൻ അവനു കൊടുത്ത ഒരു വരപ്രകാരം അവൻ ഗന്ധമാദനത്തിൽപോയി തപസ്സുചെയ്കയും ചെയ്തു.

മുച്ചന്തിമൂപ്പൻ — തമിഴരുടെ ഒരു പിശാചു്.

**മുഞ്ജകേശൻ**— ഫ. ശിവൻ. വ. വിഷ്ണു.

**മുണ്ഡമാല**—ശിവൻെറ കപാലമാല.

**മുണ്ഡകം**—അഥർവ്വവേദത്തിൻെറ ഒരു ഉപനിഷത്ത്.

**മുണ്ഡൻ**— ഫ. കേതുവിൻെറ ഒരു പേര. വ. ദുർഗ്ഗാദേവി കൊന്ന ഒരു അസുരൻ.

**മുദ്ഗലൻ**— ഒരു പ്രാവിനെപ്പോലെ അങ്ങുനിന്നും ഇങ്ങുനിന്നും ഓരോരോ ധാന്യം പെറുക്കിക്കൊണ്ടുവന്ന് അതുകൊണ്ടു അനേകം ബ്രാഹ്മണർക്കു ഭക്ഷണം കൊടുത്തുവന്ന ഒരു സന്യാസി. അവൻ ഒരുക്കിവെച്ച ഭക്ഷണം എത്രതന്നെ എടുത്തു ചെലവു ചെയ്താലും കുറയാതിരുന്നു. അവൻെറ ശാന്തശീലം പരീക്ഷിക്കുന്നതിനായി ദുർവ്വാസസ്സ് ഒരിക്കൽ അവിടെ ചെന്ന് ആറുപ്രാവശ്യം അവൻെറ കൈയിലുണ്ടായിരുന്ന ഭക്ഷണസാധനങ്ങളെല്ലാം ഭക്ഷിച്ചു തീർത്തുകളഞ്ഞു. മുദ്ഗലനു കോപം വരാഞ്ഞതുകണ്ടു വിസ്മയിച്ചു ദുർവ്വാസസ്സ് അവൻ ശരീരത്തോടെ സ്വർഗ്ഗത്തിൽ പോകുമെന്നു വരം കൊടുത്തു. എന്നാൽ അവനെ കൊണ്ടുപോകുന്നതിനു ഇന്ദ്രൻെറ ദൂതൻ വന്നപ്പോൾ അവനോടു സ്വർഗ്ഗത്തിലെ വിശേഷങ്ങളെല്ലാം ചോദിച്ചാറെ അവിടത്തെ സന്തോഷങ്ങൾക്കും അവസാനമുണ്ടെന്നറിഞ്ഞിട്ടു ദൂതനോടുകൂടെ പോകാതെ ലോകാഗ്രഹങ്ങളെയെല്ലാം ഉപേക്ഷിച്ചുംവെച്ചുപോയി തപസ്സുചെയ്തു നിർവ്വാണം പ്രാപിച്ചു.

**മുദ്രാരാക്ഷസം**—പന്ത്രണ്ടാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വിശാഖദത്തൻ ഉണ്ടാക്കിയ ഒരു നാടകം. ചന്ദ്രഗുപ്തൻ ഇതിലെ പ്രധാനപാത്രം. ഇതിൽ പ്രധാനപാത്രങ്ങളായി സ്ത്രീകൾ ഇല്ല. ശൃംഗാരരസവും ഇല്ല. രാക്ഷസൻ നന്ദനെവിട്ടു ചന്ദ്രഗുപ്തൻെറ ഭാഗത്തു ചേരുവാൻ ചാണക്യർ ചെയ്ത ഉപായങ്ങളാണു വിഷയം. ഇതു എം. സി. നാരായണപിള്ള മലയാളത്തിൽ ഭാഷാന്തരം ചെയ്തിട്ടുണ്ടു. കഥ കിളിപ്പാട്ടായി ചാണക്യസൂത്രം എന്നപേരിലും ഉണ്ടാക്കീട്ടുണ്ട്.

**മുനി**— ഫ. അഗസ്ത്യൻ. വ. വ്യാസൻ. ന. ബുദ്ധൻ ര. പാണിനി.

**മുനിത്രയം**—പാണിനി, കാത്യായനൻ, പതഞ്ജലി.

**മുമ്മുരൻ**— ഫ. കാമദേവൻ. വ. സൂര്യൻെറ ഒരു കുതിര.

**മുരൻ, മുരു**— ൭000 പുത്രന്മാരുണ്ടായിരുന്ന ഒരു രാക്ഷസൻ. പ്രാഗ്ജ്യോതിഷനഗരത്തിൽ വാണ നരകാസുരൻെറ സ്നേഹിതൻ. ആ നഗരത്തെ കൃഷ്ണൻ അവരോധംചെയ്തപ്പോൾ മുരൻ നഗരത്തിനു ചുറ്റും അതിമൂർച്ചയുള്ള കണി കൾവെച്ചു. എന്നാൽ കൃഷ്ണൻ തൻെറ ചക്രംകൊണ്ടു അവയെ എല്ലാം മുറിച്ചുക ളഞ്ഞിട്ടു നഗരത്തിൽ പ്രവേശിച്ചു മുരനെ കൊല്ലുകയും അവൻെറ ൭൦൦൦ പുത്ര ന്മാരെയും ചക്രത്തിൻെറ ജ്വാലകൊണ്ടു ഭസ്മീകരിച്ചുകളകയുംചെയ്തു.

**മുരാരി**— ഫ. കൃഷ്ണൻ വ, അനർഘരാഘവത്തിൻെറ കർത്താവ്. ഒമ്പതാം ശതാബ്ദത്തിനു മുമ്പായി ജീവിച്ചിരുന്നു.

**മുറജപം**—തിരുവനന്തപുരത്തു അറുവർഷത്തിലൊരിക്കൽ ധനു മകരം മാസങ്ങളിൽ നടത്തുന്ന ഒരു ഉത്സവം. നമ്പൂതിരിമാർ വെള്ളത്തിൽനിന്നു മന്ത്രം ജപിക്കും. രാജ്യരക്ഷയും ക്രമമായ മഴയും ഉദ്ദേശം ഭദ്രദീപം നോക്കുക.

**മുഷ്ടികൻ**—കംസന്റെ ആശ്രിതനായ ഒരു മല്ലൻ. ബലരാമനാൽ കൊല്ലപ്പെട്ടു.

**മുസലം**—ബലരാമന്റെ ഗദ. അതിന്റെ പേരു സൌനന്ദം എന്നായിരുന്നു.

**മുസലായുധൻ**—ബലരാമൻ

**മൂകൻ**—ഉപസുന്ദന്റെ പുത്രനായ ഒരു ദാനവൻ. അൎജ്ജുനനെ കൊല്ലുന്നതിനായി ഒരു കാട്ടുപന്നിയുടെ രൂപമെടുത്തു. എന്നാൽ കിരാതവേഷം ധരിച്ചുചെന്ന ശിവൻ അവനെ കൊന്നു.

**മൂതുരൈ**—അവ്വയുടെ സന്മാൎഗ്ഗസൂത്രങ്ങളടങ്ങിയ അഞ്ചു തമിഴ്കാവ്യങ്ങളിൽ ഒന്നു.

**മൂദേവി**—ലക്ഷ്മിയുടെ ജ്യേഷ്ഠസഹോദരി. ഉദാംഭരികൾ, കള്ളന്മാർ, വേശ്യകൾ മുതലായവരുടെ കൂടെയും ആട്ടിൻകൂട്ടത്തിലും മരിച്ചവരുടെ മുഖത്തും വാസം.

**മൂലമന്ത്രം**—പഞ്ചാക്ഷരം.

**മൂഷികരഥൻ (അങ്കൻ, അഞ്ചനൻ)**—ഗണേശൻ.

**മൃഗാങ്കലേഖാ**—വിശ്വനാഥൻ ഉണ്ടാക്കിയ ഒരു നാടകം.

**മൃച്ഛകടീ**—ശൂദ്രകരാജാവുണ്ടാക്കിയ ഒരു നാടകം. സംസ്കൃതനാടകങ്ങളിൽവെച്ചു ഏററവും പുരാതനമായിട്ടുള്ളതു്. ഒന്നാംശതാബ്ദത്തിൽ ഉണ്ടാക്കപ്പെട്ടതാണെന്നു ചിലരുടെ അഭിപ്രായം. ചാരുദത്തൻ, ദരിദ്രനായൊരു ബ്രാഹ്മണവ്യാപാരിനായകൻ. ധനികയായ വസന്തസേനനായിക. ഹാസ്യരസം അധികമുണ്ടു. മലയാളത്തിൽ ചാരുദത്തൻ എന്ന പേരോടുകൂടി തൎജ്ജമചെയ്തിട്ടുണ്ടു്.

**മേഘദൂതം**—മന്ദാക്രാന്താവൃത്തത്തിൽ കാളിദാസന്റെ ശ്രുതിപ്പെട്ട ഒരു കാവ്യം. ഒരു യക്ഷൻ ഭ്രഷ്ടനായി രാമഗിരിയിൽ പാൎക്കേണ്ടിവന്നു. അവിടെ വളരെ കഷ്ടപ്പെട്ടപ്പോൾ ഒരു മേഘത്തെക്കണ്ടു ഭാൎയ്യക്കു മേഘം മുഖാന്തരം ദൂതയക്കുന്നു. ഒന്നാംഭാഗത്തിൽ മേഘം പോകേണ്ടവഴിയും രണ്ടാംഭാഗത്തിൽ ഭാൎയ്യയുടെ വാസസ്ഥലത്തെയും അവളെയും വൎണ്ണിക്കുന്നു. താൻ ജീവനോടിരിക്കുന്നു എന്നും ദുഃഖം അവസാനിച്ചു ഒന്നിച്ചു കൂടിവരുമെന്നാണു ദൂത. ഇതു മലയാളത്തിൽ ഭാഷാന്തരംചെയ്തിട്ടുണ്ടു്. കാവ്യത്തിന്റെ വിശേഷതനിമിത്തം അതിനെ അനുസരിച്ചു നേമിദൂതം, ശുകസന്ദേശം, ഭ്രമരസന്ദേശം, വിപ്രസന്ദേശം, മനോദൂതീകാവ്യം, മയൂരസന്ദേശം മുതലായി അനേകം കാവ്യങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്.

**മേഘനാദൻ**—൧. വരുണൻ. ൨. രാവണന്റെ പുത്രനായ ഇന്ദ്രജിത്തു

**മേദിനീ**—൧. ഭൂമി. ൨. അമരകോശംപോലെ ഒരു നിഘണ്ടു.

**മേധാതിഥി**—ഒരു ഋഷി. തപസ്സുകണ്ടു സന്തോഷിച്ചു ഇന്ദ്രൻ അവനെ ഒരു ആടിന്റെ രൂപത്തിൽ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോയി.

**മേനാ, മേനകാ**—൧. വിശ്വാമിത്രന്റെ തപസ്സിന്നു വിഘ്നംവരുത്തുവാൻ അയക്കപ്പെട്ട ഒരു അപ്സരസ്ത്രീ വിശ്വാമിത്രനാൽ ശകുന്തളയുടെ മാതാവു. ൨. ഹിമാലയത്തിന്റെ ഭാര്യ. ഒരിക്കൽ ഇന്ദ്രൻതന്നെ ഹിമവാന്റെ രൂപം എടുത്തു അവളെ കാമിച്ചുപോൽ.

**മേനകാത്മജാ**—പാൎവ്വതി.

**മേരു**—ലോകത്തിന്റെ മദ്ധ്യത്തിലുള്ള പൎവ്വതം. ഇന്ദ്രസ്വൎഗ്ഗം ഇതിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു ഒരു കൊടുമുടി കൈലാസം. ൧൬൦൦,൦൦൦,൦൦൦,൦൦൦ കാതം ഉയരവും അത്രയും വിസ്താരവും ഉണ്ടു. സൂൎയ്യൻ അതിനെ ചുററുന്നു, ഒരു കണക്കിൻപ്രകാരം ൮൪൦൦൦ യോജന ഉയരം. അതിൽ ൧൬൦൦൦ ഭൂമിക്കടിയിൽ ആകുന്നു. മേരുപൎവ്വതം പൊന്നും രത്നങ്ങളും കൊണ്ടു ഉണ്ടാക്കപ്പെട്ടിരിക്കുന്നു. സുമേരു, ഹേമാദ്രി, രത്നസാനു, കൎണ്ണികാചലം, അമരാദ്രി, ദേവപൎവ്വതം, സുരാലയം, കനകാചലം എന്നും പേരുകളുണ്ടു്.

**മൈത്രാവരുണൻ (ണി)**—൧. വാത്മീകി. ൨. അഗസ്ത്യൻ. ൩. വസിഷ്ഠൻ.

**മൈത്രേയൻ**—കുശാരവന്റെ മകനും പരാശരന്റെ ശിഷ്യനും ആയ ഒരു ഋഷി.

**മൈത്രേയി**—യാജ്ഞവല്ക്യന്റെ ഭാൎയ്യ.

**മൈനാകം**—കൈലാസത്തിന്നു വടക്കുള്ള ഒരു പൎവ്വതം. ഹിമവാന്റെയും മേനകയുടെയും പുത്രൻ. ഇന്ദ്രൻ പൎവ്വതങ്ങളുടെ ചിറകുകളെ മുറിച്ചപ്പോൾ മൈനാകം മാത്രം രക്ഷപെട്ടു.

**മൈന്ദൻ**—കൃഷ്ണൻ കൊന്ന ഒരു അസുരൻ.

**മൈരാവണചരിത്രം**—ജൈമിനി ഭാരതത്തിൽ ഹനുമാന്റെ ഒരു കഥ. ദക്ഷിണേന്ത്യയിൽ പ്രചാരമുണ്ടു്. മൈരാവണൻ രാവണന്റെ ഒരു സഖാവായിരുന്നു. രാവണന്റെ ദുഃഖം കണ്ടു മൈരാവണൻ വിഭീഷണന്റെ വേഷത്തിൽ വന്നു കാവൽനിന്ന ഹനുമാനെ ചതിച്ചിട്ടു, ഉറങ്ങിക്കിടന്ന രാമലക്ഷ്മണന്മാരെ എടുത്തു ഒരു പെട്ടിയിലാക്കി പാതാളത്തിലേക്കു കൊണ്ടുപൊയ്ക്കളഞ്ഞു. ഹനുമാൻ ചെന്നു മൈരാവണനോടു യുദ്ധംചെയ്തു. അവനെ കൊന്നിട്ടും കൊന്നിട്ടും ചാകാതെ പിന്നെയും ജീവൻ വരും. അവന്റെ ജീവൻ തേനീച്ചകളുടെ രൂപത്തിൽ ഒരു ഗുഹയിൽ കൂടുകെട്ടി ഇരിക്കയായിരുന്നു. ഹനുമാൻ ഈ വിവരമറിഞ്ഞു തേനീച്ചകളെ നശിപ്പിച്ചപ്പോൾ മൈരാവണനും മരിച്ചു. അനന്തരം ഹനുമാൻ രാമലക്ഷ്മണന്മാരെ പെട്ടിയോടെ എടുത്തുകൊണ്ടുപോന്നു. ഈ സംഭവങ്ങൾ അഗസ്ത്യമുനി പറഞ്ഞാണു് ശ്രീരാമൻ അറിഞ്ഞതു്.

**മോദകപ്രിയൻ**—വിഘ്നേശ്വരൻ.

**മോഹമുദ്ഗരം**—വേദാന്തം വ്യാഖ്യാനിക്കുന്ന ഒരു ചെറിയകാവ്യം.

**മോഹിനീ**—൧. ഒരു അപ്സരസ്ത്രീ. ൨. പാലാഴിമഥനത്തിൽ കിട്ടിയ

അമൃതത്തെ അസുരർ കൈവശപ്പെടുത്താതിരിപ്പാൻ വിഷ്ണു ഒരു മോഹിനിയുടെ വേഷത്തിൽ ചെന്നു അവരെ മോഹിപ്പിച്ചു. ശിവൻ അവളെ കണ്ടു മോഹിച്ചു പോയി. ശിവനു അവളിൽ ഒരു പുത്രൻ ജനിച്ചു. പുത്രനു ഉത്തരേന്ത്യയിൽ ഹരിഹരനെന്നും ദക്ഷിണേന്ത്യയിൽ അയ്യനാർ എന്നും പേരു.

**മൌനേയർ**—കശ്യപന്റെ മക്കളായ ഒരുകൂട്ടം ഗന്ധർവന്മാർ. അവർ നാഗങ്ങളെ തോല്പിച്ച് അവരുടെ ലോകം പിടിച്ചടക്കിയതുകൊണ്ടു നാഗങ്ങൾ വിഷ്ണുവിനോടു സഹായം ചോദിക്കയും വിഷ്ണു പുരുകുത്സനെ അയച്ച് അവരെ നശിപ്പിക്കയും ചെയ്തു

**മൌര്യർ**—പാടലീപുത്രത്തിൽ ചന്ദ്രഗുപ്തൻ സ്ഥാപിച്ച രാജവംശം. ഈ വംശത്തിൽ ചന്ദ്രഗുപ്തൻ, ബിന്ദുസാരൻ, അശോകവർദ്ധനൻ, സുയശസ്സ്, ദശരഥൻ, സംഗതൻ, ശാലിശൂകൻ, സോമശർമ്മാവ്, ശശധർമ്മാവ്, ബൃഹദ്രഥൻ ഇങ്ങനെ പത്തു രാജാക്കന്മാരുണ്ടായിരുന്നു. ചില പുസ്തകങ്ങളിൽ ഈ പേരുകൾ വ്യത്യാസപ്പെട്ടും കാണും.

## യ

**യൻ**—യമൻ.

**യക്ഷർ**—കുബേരന്റെ പരിചാരകന്മാരും നിധികൾ സൂക്ഷിക്കുന്നവരും ആയ ഒരുകൂട്ടം ആത്മാക്കൾ. ആരെയും ഉപദ്രവിക്കാത്തതുകൊണ്ടു പുണ്യജനങ്ങൾ എന്നും പേരുണ്ട്.

**യക്ഷി, യക്ഷിണീ**—൧. കുബേരന്റെ ഭാര്യ. ൨. ദേവിയുടെ ഒരു ദാസി.

**യക്ഷരാജാവ്**—കുബേരൻ.

**യജുർവേദം**—വേദങ്ങളിൽവെച്ചു രണ്ടാമത്തേത്. പ്രത്യേകം യാഗങ്ങളെ സംബന്ധിച്ചുള്ളത്. തൈത്തിരീയം അല്ലെങ്കിൽ കൃഷ്ണയജുർവേദം വാജസനേയി അല്ലെങ്കിൽ ശുക്ലയജുർവേദം ഇങ്ങനെ രണ്ടായി വിഭാഗിക്കപ്പെട്ടിരിക്കുന്നു.

**യജ്ഞൻ**—൧. രുചിയുടെ പുത്രൻ. ദക്ഷിണയുടെ ഭർത്താവ്. ഒരു മാനിന്റെ തലയുണ്ടായിരുന്നു. ദക്ഷയാഗത്തിങ്കൽവെച്ച് വീരഭദ്രനാൽ കൊല്ലപ്പെട്ടു. ൨. അഗ്നി. ൩. വിഷ്ണു.

**യജ്ഞം**—ഗൃഹസ്ഥന്മാർ ദിനംപ്രതി അനുഷ്ഠിക്കേണ്ട ആചാരങ്ങൾ. മനുസ്മൃതിപ്രകാരം ബ്രാഹ്മണർക്കു അഞ്ചു യജ്ഞങ്ങൾ ഉണ്ട്. ൧. ബ്രഹ്മയജ്ഞം (വേദോപദേശവും വേദോച്ചാരണവും) ൨. ദേവയജ്ഞം (ഹോമം മുതലായവ) ൩. പിതൃയജ്ഞം (പിതൃക്കൾക്കു തർപ്പണം മുതലായവ) ൪. മനുഷ്യയജ്ഞം (അതിഥിസൽക്കാരം മുതലായവ) ൫. ഭൂതയജ്ഞം (മന്ത്രോച്ചാരണത്തോടുകൂടെ അന്നം വാതുക്കൽ എറിയുക.) ശ്ലോകത്തിനു മഹായജ്ഞം നോക്കുക. വേദകാലങ്ങളിൽ പിതൃമേധം, സൌത്രാമണി, അഗ്നിഷ്ടോമം, വാജപേയം, രാജസൂയം, അശ്വമേധം, പുരുഷമേധം ഇവ കല്പിക്കപ്പെട്ടിരുന്നു. യാഗം നോക്കുക.

**യജ്ഞസേനൻ**—ദ്രുപദരാജാവു്.

**യജ്ഞിയം**—ദ്വാപരയുഗം.

**യതി**—സന്യാസി. ഇവർ മരിച്ചാൽ ശവം ദഹിപ്പിക്കയില്ല. തലയോട്ടു
തേങ്ങാകൊണ്ടു തല്ലിപ്പൊട്ടിച്ചശേഷം ശരീരം ഉപ്പും കമ്മായവും കൊണ്ടു മൂടി
ഇരുത്തിക്കുഴിച്ചിടുന്നു.

**യദു**—യയാതിയുടെ പുത്രൻ. തന്റെ യൌവനം കൊടുത്തു പിതാ
വിന്റെ വാൎദ്ധക്യം ഏറ്റുകൊള്ളാഞ്ഞതുകൊണ്ടു ശപിക്കപ്പെട്ടു.

**യദുകുലോത്ഭവൻ (നന്ദനൻ, ശ്രേഷ്ഠൻ)**—കൃഷ്ണൻ.

**യമൻ**—വിവസ്വാന്റെ പുത്രൻ. മരിച്ചാൽ യമന്റെ ആലയത്തി
ലേക്കു (യമധാനിയിലേക്കു) പോകുന്നു. ഋഗ്വേദത്തിൽ യമനു ദുഷ്ടന്മാരെ ശി
ക്ഷിക്കാനുള്ള അധികാരം ഉള്ളതായി പറഞ്ഞിട്ടില്ല. യമനു നാലു കണ്ണുകൾ ഉള്ള
ഒരുനാളും തൃപ്തിവരാത്ത രണ്ടു നായ്ക്കൾ ഉണ്ടു. (സരമാ നോക്കുക) യമൻ ഒരി
ക്കൽ തന്റെ പിതാവിന്റെ ദാസിയായ ഛായയെ ചവിട്ടാൻ കാലുയൎത്തിയതു
കൊണ്ടു അവൾ അവനെ ശപിക്കയും അതുനിമിത്തം അവന്റെ കാലു വ്രണ
പ്പെട്ടു പുഴുത്തുപോകയും ചെയ്തു. അതുകൊണ്ടു പുഴുക്കളെ കൊത്തിപ്പെറുക്കി വ്ര
ണം പൊറുപ്പിക്കാനായി ഒരു പൂവൻകോഴിയെ സൂൎയ്യൻ യമനു കൊടുത്തു. യ
മൻ തന്റെ ഭാൎയ്യമാരായ ഹേമമാലാ, സുശീലാ, വിജയാ ഇവരോടുകൂടി യമ
പുരിയിൽ കാളീചി എന്ന കൊട്ടാരത്തിൽ വിചാരഭൂ എന്ന സിംഹാസനത്തി
ന്മേൽ ഇരുന്നുകൊണ്ടു മനുഷ്യരുടെ പ്രവൃത്തികളെ എഴുതിവെച്ചിട്ടുള്ള അഗ്രസ
ന്ധാനീ എന്ന പുസ്തകത്തോടുകൂടി ഹാജരുള്ള തന്റെ ലേഖകനായ ചിത്രഗുപ്ത
ന്റെ സഹായത്തോടുകൂടിയും മഹാചണ്ഡനാലും കാലപുരുഷനാലും ശുശ്രൂഷി
ക്കപ്പെട്ടുകൊണ്ടും യമദൂതന്മാർ കൊണ്ടുവരുന്ന വാതൽ കാവല്ക്കാരനായ വൈധ്യ
താന്റെ അനുമതിയോടുകൂടി തന്റെ സന്നിധിയിൽ നിറുത്തുന്ന ആത്മാക്കളെ
നീതിയോടെ വിസ്തരിച്ചു തനിക്കു ധൎമ്മരാജാവെന്നുള്ള പേരു സിദ്ധിപ്പാൻ ത
ക്കവണ്ണം ശരിയായ തീൎപ്പുകൊടുക്കുന്നു.

ധൎമ്മരാജഃ പിതൃപതിഃ സമവൎത്തീ പരേതരാട് ।
കൃതാന്തോ യമുനാഭ്രാതാ ശമനോ യമരാഡ്യമഃ ॥
കാലോ ദണ്ഡധരഃ ശ്രാദ്ധദേവോ വൈവസ്വതോന്തകഃ ।

**യമങ്ങൾ**—എല്ലാവരും ആചരിക്കേണ്ടുന്ന കൎമ്മധൎമ്മങ്ങൾ. അവ
ഏതെല്ലാമാണെന്നും എത്രയുണ്ടെന്നും നാഭിപ്രായഭേദമുണ്ടു്.

1. ബ്രഹ്മചൎയ്യം ദയാ ക്ഷാന്തിൎദാനം സത്യമകല്കതാ ।
അഹിംസാസ്തേയമാധുൎയ്യേ ദമശ്ചേതി യമാഃ സ്മൃതാഃ ॥
2. ആനൃശംസ്യം ദയാ സത്യം അഹിംസാ ക്ഷാന്തിരാൎജവം ।
പ്രീതിഃ പ്രസാദോ മാധുൎയ്യം മാൎദ്ദവം ച യമാ ദശ ॥
3. അഹിംസാ സത്യവചനം ബ്രഹ്മചൎയ്യമകല്കതാ ।
അസ്തേയമിതി പഞ്ചൈതേ യമാഖ്യാനി വ്രതാനി ച ॥

**യമി**—യമന്റെ സഹോദരി. ഇരട്ടപെറ്റതു്.

**യമുനാ** — ഒരു നദി. സംജ്ഞയിൽ സൂൎയ്യന്റെ പുത്രി. യമന്റെ സഹോദരി. ഒരിക്കൽ ബലരാമൻ മദ്യംകുടിച്ചിരിക്കുമ്പോൾ ഈ നദിയോടു തനിക്കു കളിക്കുന്നതിന്നായി അടുത്തുവരുവാൻ കല്പിച്ചു അവൾ ആ കല്പന അനുസരിക്കാഞ്ഞതുകൊണ്ടു ബലരാമൻ ദേഷ്യപ്പെട്ടു തന്റെ ഹലായുധം എടുത്തു അവളെ തന്റെ അടുക്കൽ പിടിച്ചു വലിച്ചുവരുത്തി താൻ പോകുന്നിടത്തൊക്കെയും തന്റെ പിന്നാലെ ചെല്ലുവാൻ ഇടവരുത്തി. അതുകൊണ്ടു അവൾ ഒരു മനുഷ്യരൂപം എടുത്തു വളരെനാൾ മാപ്പുചോദിച്ച ശേഷം മാത്രം ബലരാമൻ അവളെ വിട്ടയച്ചു. യമുനയ്ക്കു കാളിന്ദീ, സൂൎയ്യതനയാ, സൂൎയ്യജാ, ശമനസ്വസാ, ത്രിയാമാ എന്നും പേരുകളുണ്ടു്.

**യയാതി** — ചന്ദ്രവംശത്തിലെ ഒരു രാജാവു്. നഹുഷന്റെ പുത്രൻ. ദേവയാനി എന്നും ശൎമ്മിഷ്ഠ എന്നും രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നു. യദുവംശസ്ഥാപകനായ യദു ദേവയാനിയുടെയും പൌരവകുലസ്ഥാപകനായ പൂരു ശൎമ്മിഷ്ഠയുടെയും പുത്രന്മാരാണു്. യയാതിക്കു ദ്രുഹ്യു, തുൎവ്വസു, അണു എന്നു വേറെമൂന്നു പുത്രന്മാരും ഉണ്ടായിരുന്നു. ദേവയാനിയോടു കാണിച്ച അവിശ്വസ്തത നിമിത്തം അവളുടെ പിതാവായ ശുക്രൻ ശപിക്കയാൽ വയസ്സാകുംമുമ്പേ വാൎദ്ധക്യം പ്രാപിച്ചു. പിന്നീടു ഈ വാൎദ്ധക്യം മക്കളിൽ ആൎക്കെങ്കിലും കൊടുത്തിട്ടു അവന്റെ യൌവനം പകരം വാങ്ങിക്കൊള്ളുവാൻ ശുക്രൻ യയാതിക്കു അനുവാദം കൊടുത്തു. എന്നാൽ വാൎദ്ധക്യം വാങ്ങി യൌവനം കൊടുപ്പാൻ പൂരുവിനു മാത്രമേ സമ്മതം ഉണ്ടായിരുന്നുള്ളു. പൂരുവിന്റെ യൌവനംകൊണ്ടു ആയിരം വൎഷം ഉല്ലാസസന്തോഷങ്ങളിൽ കഴിച്ചിട്ടു യയാതി യൌവനത്തെ തിരികെ കൊടുത്തു് അവനെ രാജാവാക്കിയും വെച്ചു് വനത്തിൽ പോയി തപസ്സുചെയ്തു. ഇതു വിഷ്ണുപുരാണത്തിലെ കഥയാണു്. പത്മപുരാണത്തിൽ കഥ വേറെ പ്രകാരത്തിൽ പറഞ്ഞിരിക്കുന്നു. ഒരിക്കൽ യയാതിയെ ക്ഷണിച്ചു്, സ്വൎഗ്ഗത്തിൽ കൊണ്ടുചെല്ലുന്നതിന്നായി ഇന്ദ്രൻ മാതലിയെ അയച്ചു. പോകുംവഴി മാതലിയുമായി ഉണ്ടായ സംഭാഷണത്തിൽ നിന്നു് യയാതിക്കു അനേകം സദുപദേശങ്ങൾ കിട്ടുകയാൽ തിരിച്ചുവന്നു ചെയ്ത രാജ്യഭാരരീതിയുടെ വിശേഷത്താൽ ജനങ്ങളെല്ലാം ദുൎമ്മോഹങ്ങളെയെല്ലാം വിട്ടു ശരീരത്തിനു ക്ഷയമില്ലാത്തവരായിത്തീൎന്നു. അതുകൊണ്ടു മനുഷ്യർ ആരും മരിക്കുന്നില്ലെന്നു യമൻ പോയി ഇന്ദ്രനോടു സങ്കടം പറഞ്ഞു. എന്നാറെ ഇന്ദ്രൻ യയാതിയുടെ മനസ്സിൽ സ്ത്രീവിഷയമോഹം ജനിപ്പിക്കുന്നതിന്നായി കാമദേവനെയും തന്റെ പുത്രിയായ അശ്രുവിന്ദുമതിയെയും പറഞ്ഞയച്ചു. യയാതി അവളെക്കണ്ടു മോഹിച്ചു അവളോടു രമിക്കുന്നതിന്നായി തന്റെ വാൎദ്ധക്യത്തിനു പകരം അവരുടെ യൌവനം കൊടുക്കുന്നതിന്നായി തന്റെ പുത്രന്മാരോടു ആവശ്യപ്പെട്ടു. പൂരുമാത്രം സമ്മതിച്ചു. കുറേനാൾ കഴിഞ്ഞശേഷം യയാതി പൂരുവിനു തന്റെ രാജ്യത്തോടുകൂടി യൌവനം തിരികെ കൊടുത്തുംവെച്ചു് അശ്രുവിന്ദുമതിയോടുകൂടി സ്വൎഗ്ഗത്തിലേക്കു പോയി. ഹരിവംശത്തിൽ വേറൊരുകഥയും കാണുന്നു. അതുപ്രകാരം യയാതിക്കു ഇന്ദ്രൻ ഒരു രഥം കൊടുക്കയും അവൻ അതുകൊണ്ടു ലോകം മുഴുവനും ആറു രാത്രികൊണ്ടു കീഴടക്കയും അതു ഗാൎഗ്ഗ്യന്റെ ശാപംനിമിത്തം ജനമേജയന്റെ കൈവശത്തിൽ നിന്നു പൊയ്പോകയും ചെയ്തു.

**യയാതിചരിതം** — രുദ്രദേവന്റെ ഒരു സംസ്കൃതനാടകം. യയാതി ശൎമ്മിഷ്ഠയെ വിവാഹം ചെയ്തതും ദേവയാനിയോടു രമ്യമായതും വിഷയം.

**യവക്രീതൻ** — ഭരദ്വാജന്റെ പുത്രൻ. അദ്ധ്യയനം കൂടാതെ വേദജ്ഞാനം ഉണ്ടാകേണ്ടതിന്നായി തപസ്സുചെയ്തു ഇന്ദ്രനിൽ നിന്നു അതിനുള്ള വ

രം പ്രാപിച്ചു. അതിന്റെ ശേഷം വലിയ അഹങ്കാരമുള്ളവനായി തീൎന്നു മറ്റുള്ള ഋഷിമാരെ നിസ്സാരമാക്കിക്കളഞ്ഞു. ഒരിക്കൽ രൈഭന്റെ പുത്രനായ പരാവസുവിന്റെ ഭാൎയ്യയെ വശീകരിപ്പാൻ നോക്കുകയാൽ ആ ഋഷി കോപിച്ചു ഒരു യാഗം കഴിക്കയും ആ യാഗത്തിൽനിന്ന് ഒരു ഭയങ്കരരാക്ഷസൻ ഉണ്ടായി യവക്രീതനെ കൊല്ലുകയും ചെയ്തു. മകനോടുള്ള വാത്സല്യംനിമിത്തം ഭരദ്വാജൻ മകന്റെ ചിതയിൽ കയറി പരാവസു അവന്റെ പിതാവിന്റെ ഘാതകനായി തീരുമെന്നു ശപിച്ചുകൊണ്ടു തന്നത്താൻ മരിച്ചു. പിന്നെ രൈഭ്യൻ ഒരു മാനാണെന്നു വിചാരിച്ചു അറിയാതെ പരാവസു അവനെ കൊല്ലുന്നു സംഗതിയായി. പിന്നെ രൈഭ്യന്റെ വേറൊരു പുത്രനായ അൎവാവസുവിന്റെ ഭക്തിനിമിത്തം ദേവകളാൽ അവർ മൂന്നുപേരും ജീവിപ്പിക്കപ്പെട്ടു.

യവനർ — ൧. ഗ്രേക്കർ. ൨. മുഹമ്മദീയർ. യവനയുവതികൾ (യവനികകൾ) രാജാക്കന്മാരുടെ അമ്പും വില്ലും സൂക്ഷിക്കുന്നതിനായി പണ്ടു നിയമിക്കപ്പെട്ടുവന്നു എന്നു നാടകങ്ങൾ കൊണ്ടു കാണുന്നു.

യശോദാ — നന്ദന്റെ ഭാൎയ്യ. കൃഷ്ണന്റെ വളൎത്തമ്മ.

യാ — ലക്ഷ്മി.

യാഗം — പ്രത്യേക സന്ദൎഭങ്ങളിൽ കഴിക്കുന്ന ബലി. ഇഷ്ടി, പശുബന്ധം, സോമം, ഹോമം ഇങ്ങനെ നാലുണ്ടായിരുന്നു. യജ്ഞംനോക്കുക.

യാഗസന്താനൻ — ജയന്തൻ.

യാജൻ — ഒരു പുണ്യവാനായ ബ്രാഹ്മണൻ. ഒരു കോടി പശുക്കളെ കൊടുത്തു ദ്രുപദരാജാവ് ഈ ബ്രാഹ്മണനെക്കൊണ്ടു ഒരു യാഗം കഴിപ്പിച്ചു. ബലിപീഠത്തിൽനിന്നു ദ്യുമ്നനും ദ്രൌപദിയും ഉണ്ടായി.

യാജ്ഞവല്ക്യൻ — ശതപഥബ്രാഹ്മണം ബൃഹദാരണ്യകം യാജ്ഞവല്ക്യസ്മൃതി ഇവയുടെ കൎത്താവായ ഒരു ശ്രുതിപ്പെട്ട ഋഷി. യോഗം സ്ഥാപിച്ചു. യാജ്ഞവല്ക്യസ്മൃതി മനുസ്മൃതി മൂന്നുഭാഗങ്ങളായി ചുരുക്കി എഴുതിയിരിക്കുന്നു. ആചാരം, വ്യവഹാരം, പ്രായശ്ചിത്തം വ്യവഹാരഭാഗം അഗ്നിപുരാണത്തിൽ കൊടുത്തിട്ടുണ്ട്.

യാജ്ഞസേനി — ദ്രൌപദി.

യാതുധാനർ — നായ്ക്കൾ, കഴുകൻ മുതലായ ജന്തുക്കളുടെ രൂപത്തിൽ സഞ്ചരിക്കുന്ന ദുരാത്മാക്കൾ, വായുപുരാണപ്രകാരം സുരസയിൽ കശ്യപന്റെ മക്കൾ.

യാദവർ — യദുവിന്റെ സന്തതി. കൃഷ്ണൻ ഈ കുലത്തിൽ ജനിച്ചു.

യാദവാഭ്യുദയം — വേദാന്തദേശികൻ നോക്കുക.

യാമ്യൻ — ൧. അഗസ്ത്യൻ ൨. ശിവൻ. ൩. വിഷ്ണു.

യുഗം — ഒരു മഹായുഗം അല്ലെങ്കിൽ മന്വന്തരത്തിനു നാലു യുഗങ്ങൾ ഉണ്ട്. അവയുടെ പേരും ദേവവൎഷപ്രകാരം ദൈൎഘ്യവും താഴെചേ

ത്തിരിക്കുന്നു. ഓരോ യുഗത്തിന്റെ മുമ്പും പിമ്പും ആ യുഗത്തിന്റെ പത്തി ലൊരോഹരി കാലം ദൈർഘ്യമുള്ള സന്ധ്യയും സന്ധ്യാംശവും ഉണ്ട്.

| | | | | | |
|---|---|---|---|---|---|
| 1. | കൃതയുഗം .. | ... | ... | ... | ...4000 |
| | സന്ധ്യാ... | ... | ... | ... | ...400 |
| | സന്ധ്യാംശം | ... | ... | ... | ...400—4800. |
| 2. | ത്രേതായുഗം | ... | ... | ... | ...3000 |
| | സന്ധ്യാ... | ... | ... | ... | ...300 |
| | സന്ധ്യാംശം | ... | ... | ... | ...300—3600. |
| 3. | ദ്വാപരയുഗം | ... | ... | ... | ...2000 |
| | സന്ധ്യാ... | ... | ... | ... | ...200 |
| | സന്ധ്യാംശം | ... | ... | ... | ...200—2400. |
| 4 | കലിയുഗം | ... | ... | ... | ...1000 |
| | സന്ധ്യാ... | ... | ... | ... | ...100 |
| | സന്ധ്യാംശം | ... | ... | ... | ...100—1200. |
| | | | | | ആകെ 12000. |

ഒരു ദേവവർഷം 360 മനുഷ്യവർഷങ്ങൾ ആകകൊണ്ടു

| | | | | |
|---|---|---|---|---|
| കൃതയുഗത്തിനു ... | ... | ... | ... | ...1728000 |
| ത്രേതായുഗത്തിനു | ... | ... | ... | ...1296000 |
| ദ്വാപരയുഗത്തിനു | ... | ... | ... | ...864000 |
| കലിയുഗത്തിനു ... | ... | ... | ... | ...432000 |

ഇങ്ങനെ ആകെ 4320000 മരു മഹായുഗം ആണ്. 2000 മഹായുഗങ്ങൾ അല്ലെങ്കിൽ 8640000000 വർഷം ഒരു കല്പം അല്ലെങ്കിൽ ബ്രഹ്മാവിന്റെ ഒരു രാവും പകലും. ഇപ്പോഴത്തെ കല്പം ശ്രീശ്വേത വാരാഹകല്പം ആകുന്നു.

യുഗങ്ങളെ കുറിച്ചോ യുഗങ്ങളുടെ ദീർഘതയെക്കുറിച്ചോ ഋഗ്വേദത്തിൽ ഒന്നു മില്ല.

മഹാഭാരതത്തിൽ ഹനുമാന്റെ വിവരണപ്രകാരം, കൃതയുഗം നീതിയും ന്യാ യവും ശരിയായി നടന്ന യുഗം ആയിരുന്നു. അന്നു അസൂയ, പക, ദുഃഖം, വേദന, ഭയം, ക്രൂരത ഇവയൊന്നുമില്ലയിരുന്നു. വേദം ഒന്നും മനുഷ്യായുസ്സ് 4000 വർഷവുമായിരുന്നു.

ത്രേതായുഗത്തിൽ നീതിന്യായങ്ങൾ കാലംശം കുറഞ്ഞു മനുഷ്യരുടെ പ്ര വൃത്തികളെല്ലാം എന്തെങ്കിലും ആന്തരത്തോടുകൂടിയവയായിരുന്നു. മനുഷ്യർ ബലികൾ കഴിപ്പാൻ ആരംഭിച്ചു. അവരുടെ ആയുസ്സ് 3000 വർഷം ആ യിത്തീൎന്നു.

ദ്വാപരയുഗത്തിൽ നീതിന്യായങ്ങൾ പകുതിയോളം കുറഞ്ഞു. ചിലർ മാ ത്രം സത്യം ആചരിച്ചു. വേദങ്ങൾ നാലായി. രോഗങ്ങളും മറ്റും ഉണ്ടായി മനുഷ്യായുസ്സ് 2000 വർഷം മാത്രമായി.

കലിയുഗത്തിൽ നീതിന്യായങ്ങൾ കാലംശം മാത്രം ശേഷിച്ചിട്ടുണ്ട്. ദുർവി കാരങ്ങളും കഷ്ടസങ്കടങ്ങളും വർദ്ധിച്ചു മനുഷ്യായുസ്സ് കുറഞ്ഞ് നിശ്ചയമില്ലാത്ത തായി തീൎന്നിരിക്കുന്നു.

കൃതയുഗത്തിൽ ബ്രാഹ്മണർ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ക്ഷത്രിയർ ത്രേ തായുഗത്തിൽ മാത്രം ഉണ്ടായി എന്നും ഒരിടത്തു പറഞ്ഞിരിക്കുന്നു.

**യുഗാദ്ധ്യക്ഷൻ**—൧. ശിവൻ. ൨. പ്രജാപതി.

**യുധാജിൽ**—ഒരു കേകയരാജാവു്. ഭരതന്റെ മാതുലൻ.

**യുധിഷ്ഠിരൻ**—പഞ്ചപാണ്ഡവരിൽ മൂത്തവൻ. ധർമ്മന്റെ പുത്രൻ.

യുധിഷ്ഠിരന്റെ ഗുണങ്ങൾ കണ്ടിട്ടു ധൃതരാഷ്ട്രർ തന്റെ പുത്രനായ ദുര്യോധനനെ തിരഞ്ഞെടുക്കാതെ യുധിഷ്ഠിരനെ യുവരാജാവായി തിരഞ്ഞെടുത്തു. അതിനാൽ രാജകുമാരന്മാർ തമ്മിൽ മുമ്പുതന്നെ ഉണ്ടായിരുന്ന വിരോധം ഉജ്ജ്വലിക്കയും പാണ്ഡവർ വനവാസംചെയ്വാനിടവരികയും ചെയ്തു. യുധിഷ്ഠിരന്റെ ബുദ്ധിശക്തികൊണ്ടു പാണ്ഡവരെ ഭവനത്തോടുകൂടെ നശിപ്പിക്കുന്നതിനു ദുര്യോധനൻ ചെയ്ത ഉപായം അവർ അറികയും ഭീമൻ അതിനെ നിഷ്ഫലമാക്കുകയും ചെയ്തു. അർജ്ജുനൻ അറിയാതെ ദ്രൌപദിയെക്കുറിച്ചുള്ള നിയമം ലംഘിക്കകൊണ്ടു അവരെവിട്ടു സഞ്ചരിപ്പാൻ നിശ്ചയിച്ചപ്പോൾ യുധിഷ്ഠിരൻ, പ്രയോജനമില്ലാതെയെങ്കിലും, വളരെ വിരോധം പറഞ്ഞു. പാണ്ഡവർ വനവാസത്തിൽനിന്നു തിരിച്ചുവന്നാറെ യുധിഷ്ഠിരൻ ഇന്ദ്രപ്രസ്ഥത്തിൽ ജനങ്ങൾക്കു ഏറ്റവും ക്ഷേമകരമാംവണ്ണം രാജ്യഭാരംചെയ്തു. അർജ്ജുനൻ തിരിച്ചുവന്നാറെ പാണ്ഡവർ രാജസൂയയാഗം കഴിച്ചു. അതിനാൽ ജരാസന്ധനുമായുണ്ടായ യുദ്ധത്തിൽ അവനെ തോല്പിച്ചു കൊന്നു. യാഗം കഴിച്ചതിനാൽ ദുര്യോധനന്റെ വിരോധം വർദ്ധിച്ചു് യുധിഷ്ഠിരനെ ചൂതുകളിക്കക്ഷണിച്ചു് കള്ളംചെയ്തു് തോല്പിച്ചു അവരെയും ദ്രൌപദിയെയും തന്റെ അടിമകളാക്കി. ധൃതരാഷ്ട്രർ ദ്രൌപദിയോടുംമറ്റും തന്റെ മക്കൾ ചെയ്ത അക്രമങ്ങൾ അറിഞ്ഞപ്പോൾ അവൎക്കുവേണ്ടി മാപ്പുചോദിച്ചു് അവരെ വിട്ടയച്ചു. ദുര്യോധനന്റെ ഉത്സാഹത്താൽ അവർ പിന്നെയും ചൂതുകളിച്ചു് യുധിഷ്ഠിരൻ തോല്ക്കയും ആദ്യത്തെ നിശ്ചയപ്രകാരം പന്ത്രണ്ടു വർഷം വനവാസത്തിനും ഒരുവർഷത്തെ അജ്ഞാതവാസത്തിനും പോയി. വനവാസസമയം ദ്രൌപദിയെ അപമാനിച്ച ജയദ്രഥനെ യുധിഷ്ഠിരൻ ജീവനോടെ വിട്ടയപ്പാൻ ശ്രമിച്ചു. പതിമൂന്നാംവർഷം യുധിഷ്ഠിരൻ വിരാടരാജാവിന്റെ പണിയിൽ ഒരു ധൂർത്തന്റെ നിലയിൽ പ്രവേശിച്ചു. വനവാസം കഴിഞ്ഞപ്പോൾ തന്റെ രാജ്യം തിരികെ കിട്ടുന്നതിനായി ഒരു ദൂതനെ ഹസ്തിനാപുരത്തിൽ ദുര്യോധനാദികളുടെ അടുക്കലേക്കു അയച്ചു. ദൂതു് നിഷ്ഫലമായി പോകയാൽ യുദ്ധം ചെയ്യാതെ നിവൃത്തിയില്ലെന്നുവന്നു. യുധിഷ്ഠിരൻ സമാധാനമായി കാര്യം തീർക്കണമെന്നു വളരെ ആഗ്രഹിച്ചിട്ടും സാധിച്ചില്ല. യുധിഷ്ഠിരൻ യുദ്ധം ചെയ്തു എങ്കിലും തന്റെ സഹോദരന്മാരെപ്പോലെ വീരപ്രവൃത്തികൾ ഒന്നും ചെയ്തില്ല. ദ്രോണനെ അധൈര്യപ്പെടുത്തുന്നതിനുവേണ്ടി അവന്റെ പുത്രനായ അശ്വത്ഥാമാവു മരിച്ചുപോയി എന്നു് അവനെ അറിയിക്കണമെന്നു് കൃഷ്ണനും മറ്റും നിശ്ചയിച്ചപ്പോൾ അവൻ വിശ്വസിക്കുന്നതിനായി സത്യവാദി എന്നു ഖ്യാതിപ്പെട്ടവനായ യുധിഷ്ഠിരൻ വേണം അതു പറയാനെന്നും അവർ തീർച്ചയാക്കി. എന്നാൽ ഇങ്ങനെ ഒരു കള്ളവു പറവാൻ യുധിഷ്ഠിരനു മനസ്സില്ലാഞ്ഞു. അശ്വത്ഥാമാ എന്ന പേരുള്ള ഒരു ആനയെ കൊന്നിട്ടു അവർ യുധിഷ്ഠിരനെക്കൊണ്ടു "അശ്വത്ഥാമാ മരിച്ചുപോയി" എന്നു പറയിച്ചു. യുദ്ധം അവസാനിച്ചശേഷം ആധിപത്യം സ്വീകരിപ്പാൻ യുധിഷ്ഠിരനു മനസ്സില്ലാഞ്ഞു. രാജാവായശേഷം അശ്വമേധയാഗം കഴിച്ചു് സർവ്വാധിപത്യം സ്ഥാപിച്ചു. ധൃതരാഷ്ട്രർ രാജ്യംവിട്ടു പോയി വനത്തിൽവെച്ചു നശിച്ചുപോയതുകൊണ്ടും കൃഷ്ണൻ ദ്വാരകയിൽവെച്ചു് മരിച്ചുപോകകൊണ്ടും തങ്ങളുടെ ബന്ധുക്കൾക്കു സംഭവിച്ചതെല്ലാം ഓർത്തും ദുഃഖം സഹിയാഞ്ഞു് അർജ്ജുനന്റെ പൌത്രനായ പരീക്ഷിത്തിനെ രാജാവാക്കിയുംവെച്ചു് പാണ്ഡവർ അഞ്ചുപേരും ദ്രൌ

പടിയോടുകൂടെ ഇന്ദ്രസ്വൎഗ്ഗത്തിലേക്കു യാത്രപുറപ്പെട്ടു. അവരുടെ യാത്രയുടെ ഒരു വിവരണത്തിനു മഹാഭാരതം നോക്കുക. യുധിഷ്ഠിരനു ദ്രൌപദിയിൽ പ്രതിവിന്ധ്യൻ എന്നും ദേവികാ എന്ന ഭാൎയ്യയിൽ യൌധേയൻ എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. യുധിഷ്ഠിരനു ധൎമ്മൻ, ധൎമ്മരാജൻ, അജാതശത്രു എന്നും പേരുകളുണ്ടു്.

**യുധിഷ്ഠിരവിജയം**—വാസുദേവകവിയുടെ ഒരു കാവ്യം.

**യുയുത്സു**—ഒരു വൈശ്യദാസിയിൽ ധൃതരാഷ്ട്രന്റെ പുത്രൻ. യുദ്ധം അടുത്തപ്പോൾ അവൻ കൌരവരെ വിട്ടു പാണ്ഡവരോടു ചേൎന്നു. യുധിഷ്ഠിരൻ രാജ്യം ഉപേക്ഷിച്ചുംവെച്ചു് പോയപ്പോൾ യുയുത്സുവിനെയാണു് ഇന്ദ്രപ്രസ്ഥത്തിൽ രാജാവാക്കിയതു്.

**യുയുധാനൻ**—൧. ഇന്ദ്രൻ. ൨. സാത്യകി.

**യുവനാശ്വൻ**—സൂൎയ്യകുലത്തിലെ ഒരു രാജാവു്. മാന്ധാതാവിനെ ഗൎഭം ധരിച്ചു പ്രസവിച്ചു

**യൂദകുലശേഖരൻ**—Prince of the House of David എന്ന വിശിഷ്ടപുസ്തകത്തിന്റെ തൎജ്ജമ ഇതിനു കേരളത്തിൽ വളരെ പ്രചാരം ഉണ്ടായിട്ടുണ്ടു്. തൎജ്ജമക്കാരൻ റവറണ്ടു് കെ. കോരുതു്.

**യെല്ലമ്മ**—ഒരു ഗ്രാമദേവത. രേണുക നോക്കുക.

**യോഗം**—പതഞ്ജലി സ്ഥാപിച്ച ഒരു ദൎശനം. സാംഖ്യത്തിന്റെ ഒരു ഭാഗമായി എണ്ണപ്പെടുന്നു. ആത്മാവിന്റെ സായുജ്യപ്രാപ്തിക്കായോ അമാനുഷശക്തികൾ (സിദ്ധി) പ്രാപിക്കുന്നതിനായോ ഉള്ള മാൎഗ്ഗത്തിന്റെ മൂന്നാമത്തെ പടി. ആസനം, ധാരണം, ധ്യാനം, നിയമം; പ്രത്യാഹാരം, പ്രാണായാമം, സമാധി, യമം ഇങ്ങനെ എട്ടുവിധമുണ്ടു്. യോഗത്തെപ്പറ്റി പതഞ്ജലിയുടെ യോഗസൂത്രങ്ങളും അവയ്ക്കു ഭോജദേവൻ, വാചസ്പതിമിത്രൻ, വിജ്ഞാനഭിക്ഷു, നാഗോജിഭട്ടൻ ഇവർ എഴുതീട്ടുള്ള വ്യാഖ്യാനങ്ങളും ഉണ്ടു്.

**യോഗകന്യാ**—യശോദയുടെ ശിശു. കൃഷ്ണനു പകരം അവൾ ദേവകിയുടെ അടുക്കൽ കൊണ്ടുചെന്നു കിടത്തപ്പെടുകയും കംസനാൽ കൊല്ലപ്പെടാതെ ആകാശത്തിൽ അന്തൎദ്ധാനംചെയ്യുകയും ചെയ്തു.

**യോഗതാരകാ**—ഒരു നക്ഷത്രത്തിലെ പ്രധാനതാരകാ.

**യോഗനിദ്രാ**—ഒരു യുഗാവസാനത്തിൽ വിഷ്ണുവിന്റെ ഉറക്കം.

**യോഗരത്നസമുച്ചയം**—സംസ്കൃതത്തിൽ ഒരു പുരാതന വൈദ്യഗ്രന്ഥം. കൎത്താവാരെന്നു നിശ്ചയമില്ല.

**യോഗി**—൧. ശിവൻ. ൨. വിഷ്ണു. ൩. അൎജ്ജുനൻ. ൪. യാജ്ഞവൽക്യൻ.

**യോഗിനികൾ**—ദേവിയുടെ പരിചാരികമാരായ എട്ടു സ്ത്രീകൾ:—മാൎജ്ജനീ, കൎപ്പൂരതിലകാ, മലയഗന്ധിനീ കൌമുദികാ, ഭേരുണ്ഡാ, മാതാലീ,

നായകീ, ജയാ, അല്ലെങ്കിൽ ശുഭാചാരാ, ഇവരെ കൂടാതെ സുലക്ഷണാ, സുന ന്ദ എന്നും രണ്ടു പേരുണ്ട്.

**യോജനാഗന്ധാ** — ൧. സത്യവതീ. ൨. സീത.

**യൌവ്വനാശ്വൻ** — യുവനാശ്വന്റെ പുത്രനായ മാന്ധാതാവ്.

# ര

**രക്തവീജൻ** — ദേവിയുമായി യുദ്ധംചെയ്ത ഒരു അസുരൻ. അവന്റെ രക്തത്തിന്റെ ഓരോ തുള്ളിയും നിലത്തു വീണപ്പോളൊക്കെയും ഓരോ അസു രനായിത്തീൎന്നു. അതുകൊണ്ടു അവൾ അവന്റെ രക്തം കുടിച്ചു് മാംസം ഭ ക്ഷിച്ചുകളഞ്ഞു.

**രഘു** — ദിലീപന്റെ പുത്രനായ സൂൎയ്യകുലത്തിലെ ഒരു രാജാവു്. അജ ന്റെ പിതാവു്, ദശരഥന്റെ പിതാമഹൻ ലോകം മുഴുവനും ജയിച്ചശേഷം വി ശ്വജിൽ യാഗം കഴിക്കയും തന്റെ സൎവ്വസമ്പത്തും ബ്രാഹ്മണൎക്കു ദാനംചെയ്ക യുംചെയ്തു. രഘുവിൽനിന്നു ശ്രീരാമനു രാഘവൻ എന്നും രഘുപതി എന്നും പേരുകൾ സിദ്ധിച്ചു.

**രഘുനാഥൻ (പതി, രാമൻ. വീരൻ)** — ശ്രീരാമൻ

രഘുവീരഗദ്യം=വേദാന്തദേശികൻ നോക്കുക.

ഉൾ

**രഘുവംശം** — ശ്രീരാമന്റെ വംശപാരമ്പര്യവും ചരിത്രവും ദിലീ ങ്ങിയ, കാളിദാസന്റെ ശ്രുതിപ്പെട്ട കാവ്യം. ൧൯ സൎഗ്ഗങ്ങളുള്ളതിൽ ൯ സൎഗ്ഗങ്ങൾ ശ്രീരാ പൻമുതൽ ൪ രാജാക്കന്മാരുടെയും ൬ ശ്രീരാമന്റെയും ശേഷം മന്റെശേഷം അയോദ്ധ്യയിൽ വാണ രാജാക്കന്മാരുടെയും ചരിത്രമാകുന്നു. അഗ്നി വൎണ്ണന്റെ മരണംവരെ അനേകം വ്യാഖ്യാനങ്ങൾ ഉണ്ടു. മല്ലിനാഥന്റെ സഞ്ജീ വനിയും ദിനകരമിശ്രന്റെ സുബോധിനിയും ശ്രുതിപ്പെട്ടവ. മലയാളത്തിൽ തൎജ്ജമചെയ്തിട്ടുണ്ടു്.

**രഘുവംശതിലകം** — രാമചന്ദ്രൻ.

**രജതാദ്രി (പ്രസ്ഥം)** — കൈലാസം.

ധീമന്മാരായ ൫൦൦ പുത്രന്മാരുണ്ടായിരു

**രജി** — ആയുസ്സിന്റെ പുത്രൻ. ന്നു. ദേവകളും അസുരരും തമ്മിലുണ്ടായ ഒരു യുദ്ധത്തിൽ രജി ഏതുഭാഗം ചേരുമോ ആ ഭാഗം ജയിക്കുമെന്നു ബ്രഹ്മാവു് തീൎപ്പാക്കി. ആദ്യം അസുരർ ചെ ന്നു രജിയോടു സഹായം ചോദിച്ചാറെ ജയിച്ചാൽ തന്നെ അവരുടെ രാജാവാ ക്കുമോ എന്നു രജി ചോദിക്കയും അതിനവൎക്കു മനസ്സില്ലാതെ അവർ മടങ്ങി പ്പോകയും ചെയ്തു. അതിന്റെശേഷം ദേവകൾചെന്നു ജയിച്ചാൽ രജിയെ ഇന്ദ്രനാക്കിക്കൊള്ളാമെന്നു വാഗ്ദത്തം ചെയ്തു. രജി അസുരരെ തോല്പിച്ചിട്ടു ദേവകളുടെ രാജാവായി ഇന്ദ്രൻപോലും തന്നെ സേവചെയ്കയും ചെയ്തു. അ തിന്റെ ശേഷം ഇന്ദ്രനെ തന്റെ പ്രതിനിധിയാക്കിയുംവെച്ചു് രജി സ്വന്ത രാജ്യത്തിലേക്കു മടങ്ങിപ്പോന്നു. രജിയുടെ മരണാനന്തരം അവന്റെ പുത്രന്മ

രുടെ പിന്തുടച്ച്രാവകാശത്തെ സമ്മതിക്കാതെ ഇന്ദ്രൻ ബൃഹസ്പതിയുടെ സഹായത്താൽ തന്റെ ആധിപത്യം തിരികെ പ്രാപിച്ചു.

**രതി**—ദക്ഷന്റെ പുത്രി. കാമദേവന്റെ ഭാൎയ്യ. ശിവൻ തപസ്സു ചെയ്തിരിക്കുമ്പോൾ കാമദേവൻ ബാണം എയ്തു. ശിവൻ കാമനെ ലലാടനേത്രംകൊണ്ടു നോക്കി ഭസ്മീകരിച്ചുകളഞ്ഞു. രതി ചെന്നു സങ്കടം പറകയാൽ ശിവൻ കാമദേവനെ പുനൎജ്ജീവിപ്പിച്ചു. എന്നാൽ രതിക്കുമാത്രമേ കാണാവു. ആർദ്രാദർശനം.

**രത്നം**—പഞ്ചരത്നങ്ങൾ, നവരത്നങ്ങൾ, ചതുർദ്ദശരത്നങ്ങൾ നോക്കുക.

**രത്നകരൻ (ഗർഭൻ)**—കുബേരൻ.

**രത്നനാഭൻ (നിധി)**—വിഷ്ണു.

**രത്നനിധി (സാനു)**—മേരു.

**രത്നാകരൻ**—ഹരവിജയം എന്ന മഹാകാവ്യത്തിന്റെ കൎത്താവായ ഒരു കവി. ൯-ാം ശതാബ്ദത്തിൽ അവന്തിവൎമ്മരാജാവിനെ ആശ്രയിച്ചു ജീവിച്ചു.

**രത്നാംകം**—വിഷ്ണുവിന്റെ രഥം.

**രത്നാവലി**—കാശ്മീരരാജാവായ ശ്രീഹർഷദേവൻ ഉണ്ടാക്കിയ ഒരു നാടകം. ഈ കഥയ്ക്കും മാളവികാഗ്നിമിത്രത്തിലെ കഥയ്ക്കും സാമ്യമുണ്ട്. രത്നാവലി കപ്പൽ മുങ്ങിയിടത്തുനിന്നു രക്ഷപ്പെട്ടു. ഉദയനന്റെ രാജധാനിയിൽ എത്തി രാജ്ഞി വാസവദത്തയുടെ പരിചാരിക ആകുന്നു. അന്നസാഗരിക എന്നു പേരു രാജാവിന്റെ അനുരാഗംനിമിത്തം രാജ്ഞി അവളെ ഹിംസിക്കുന്നു. ഒടുവിൽ അവൾ രത്നാവലി ആണെന്നറിഞ്ഞു രാജാവു അവളെ വിവാഹം ചെയ്യുന്നു.

**രന്തിദേവൻ**—ചന്ദ്രവംശത്തിലെ ഭക്തന്മാരും മഹാധനികനും ഔദാൎയ്യവാനും ആയ ഒരു രാജാവ്. ഭരതനിൽനിന്നു ൬-ാമത്തവൻ. അവനു ൨൦൦൦൦൦ പാചകന്മാരുണ്ടായിരുന്നു. അവർ ദിനംപ്രതി ൨൦൦൦ കന്നുകാലികളെയും ൨൦൦൦ വേറെ മൃഗങ്ങളെയും കൊന്നു പാകംചെയ്തു വേണ്ടുന്ന വേറെ ഭക്ഷണസാധനങ്ങളോടുകൂടി ദരിദ്രൎക്കു കൊടുത്തുവന്നു. ഇങ്ങനെ ഭക്ഷണത്തിനായും യാഗത്തിനായും കൊല്ലപ്പെട്ട മൃഗങ്ങളുടെ രക്തം ഒരു നദിയായി ഒഴുകിയിരുന്നു. നദിയുടെ പേരു ചൎമ്മണ്വതീ എന്നും ആയിരുന്നു.

**രമാ**—ലക്ഷ്മി.

**രംഭാ**—സമുദ്രമഥനത്തിൽ ഉണ്ടായ ഒരു അപ്സരസ്ത്രീ. സ്ത്രീസൌന്ദൎയ്യത്തിന്റെ ഒരു മൂൎത്തി. വിശ്വാമിത്രനെ വശീകരിക്കുന്നതിനായി ഇന്ദ്രനാൽ അയക്കപ്പെട്ടിട്ടു ആ ഋഷിയാൽ ശപിക്കപ്പെടുകയും ൧൦൦൦ വർഷം കല്ലായ്പോകയും ചെയ്തു. രാവണൻ ഒരിക്കൽ കൈലാസത്തിൽ ചെന്നപ്പോൾ അവളെ കണ്ടു മോഹിച്ചു അവൾ കുബേരന്റെ പുത്രനായ നളകൂബരന്റെ ഭാൎയ്യയാണെന്നറിഞ്ഞിട്ടും അവളോടു ബലാൽസംഗം ചെയ്തു.

**രവി**—സൂര്യൻ.

**രവിജൻ (തനയൻ, പുത്രൻ, സൂനു)**—൧. കർണ്ണൻ. ൨. ബാലി. ൩. വൈവസ്വതമനു. ൪. യമൻ. ൫. സുഗ്രീവൻ.

**രവിവർമ്മക്കോയിത്തമ്പുരാൻ**—കൊല്ലം പത്താം ശതാബ്ദം. രുഗ്മിണീസ്വയംവരം എന്നും കംസവധം എന്നും രണ്ടു ആട്ടക്കഥകളുടെ കർത്താവ്.

**രസങ്ങൾ**—സാധാരണയായി എട്ട്.

ശൃംഗാരഹാസ്യകരുണരൌദ്രവീരഭയാനകാഃ।
ബീഭത്സാത്ഭുതസംജ്ഞൌ ചേത്യഷ്ടൌ നാട്യരസാഃ സ്മൃതാഃ॥

ഇവയോടുകൂടി ശാന്തരസവും ചിലപ്പോൾ വാത്സല്യരസവും ചേർക്കാറുണ്ട്.

സിംഹഭൂപാലന്റെ രസാർണ്ണവസുധാകരം, പ്രഭാകരന്റെ രസാലങ്കാരരഹസ്യം രസപ്രദീപം ജഗന്നാഥന്റെ രസഗംഗാധരം, രാമചന്ദ്രന്റെ രസികരഞ്ജനം, ഇവ രസങ്ങളെപ്പററിയുള്ള പുസ്തകങ്ങൾ ആകുന്നു.

**രസഗംഗാധരം**—രസങ്ങളെപ്പററി ജഗന്നാഥന്റെ ഒരു ഉത്തമ ഗ്രന്ഥം.

**രസരത്നാകരം**—കാവ്യത്തെപ്പററിയും നാടകത്തെപ്പററിയും സാലപന്റെ ഒരു കൃതി.

**രസാതലം**—ഭൂമിക്കു കീഴെയുള്ള സപ്തലോകങ്ങളിൽ ഒന്നു.

**രസികരഞ്ജനം**—രാമചന്ദ്രൻ എന്നു പേരായ ഒരു മഹാരാഷ്ട്രബ്രാഹ്മണൻ മൂന്നാം ശതാബ്ദത്തിൽ ഉണ്ടാക്കിയ ഒരു കാവ്യം. എല്ലാ ശ്ലോകങ്ങൾക്കും രണ്ടു അർത്ഥം ഉണ്ട്. ഒരർത്ഥം ശൃംഗാരവും ഒരർത്ഥം സന്യാസവും പുകഴ്ത്തീട്ടാകുന്നു.

**രാകാ**—വിശ്രവസ്സിന്റെ ഭാര്യയും ഖരന്റെയും ശൂർപ്പണഖയുടെയും അമ്മയുമായ ഒരു രാക്ഷസി.

**രാക്ഷസൻ**—മുദ്രാരാക്ഷസത്തിൽ നന്ദന്റെ മന്ത്രി.

**രാക്ഷസർ**—ചിലരുടെ അഭിപ്രായപ്രകാരം രാവണനെപ്പോലെ പുലസ്ത്യസന്തത്യരും മററു ചിലരുടെ അഭിപ്രായപ്രകാരം ബ്രഹ്മാവിന്റെ പാദത്തിൽ നിന്നുത്ഭവിച്ചവരും വിഷ്ണുപുരാണപ്രകാരം ദക്ഷന്റെ പുത്രിയായ ഖശയിൽ കശ്യപപ്രജാപതിയുടെ സന്തത്യരും ആയ ഒരു കൂട്ടം ദുരാത്മാക്കൾ. അവർ പലതരക്കാരുമുണ്ട്. ചിലർ ആരെയും ഉപദ്രവിക്കയില്ല. ചിലർ ദേവന്മാരുടെ ശത്രുക്കൾ മാത്രമാണ്. ചിലർ രാവണനെയും കൂട്ടരെയും പോലെ പരമദുഷ്ടന്മാരുമാണ്. ഹനുമാൻ പൂച്ചയുടെ രൂപത്തിൽ ലങ്കയിൽ ചെന്നപ്പോൾ രാക്ഷസന്മാരെ വിരൂപികൾ, സുന്ദരന്മാർ, മുണ്ടന്മാർ, അതിദീർഘന്മാർ, ഒററക്കണ്ണന്മാർ, ഒററച്ചെവിയന്മാർ, മൂന്നുകാലുള്ളവർ, നാലുകാലുള്ളവർ, കഴുതമുഖമുള്ളവർ, ആനത്തലയന്മാർ, കുതിരത്തലയന്മാർ, സർപ്പത്തലയന്മാർ,

നീണ്ടപല്ലുള്ളവർ, വലിയവയറുള്ളവർ, ഇങ്ങനെ പല ആകൃതിയിലും പലവേഷത്തിലും അവിടെ കണ്ടു.

പേരുകൾ—

രാക്ഷസഃ കൗണപഃ ക്രവ്യാൽ ക്രവ്യാദോസ്രപ ആശരഃ ।
രാത്രിഞ്ചരോ രാത്രിചരഃ കർബ്ബുരോ നികഷാത്മജഃ ।
യാതുധാനഃ പുണ്യജനോ നൈരൃതോ യാതുരക്ഷസീ ॥

**രാഗങ്ങൾ**—പ്രധാനമായി ആറു. ഓരോ രാഗത്തിനു ആറാറു രാഗിണികളും ഉണ്ട്.

ഭൈരവഃ കൗശികശ്ചൈവ ഹിന്ദോളോ ദീപകസ്തഥാ ।
ശ്രീരാഗോ മേഘരാഗശ്ച രാഗാഃ ഷഡിതി കീർത്തിതാഃ ॥

**രാഗലതാ**—രതി.

**രാഘവൻ**—രഘുവിന്റെ സന്തതി. രാമചന്ദ്രൻ.

**രാഘവപാണ്ഡവീയം**—കവിരാജന്റെ ഒരു ശ്രുതിപ്പെട്ട എല്ലാശ്ലോകങ്ങൾക്കും ദ്വയാർത്ഥമുള്ള ഒരു കാവ്യം. ഒരർത്ഥം എടുത്താൽ രാമായണകഥയും മറ്റേ അർത്ഥം എടുത്താൽ മഹാഭാരതകഥയും കിട്ടും.

**രാഘവപ്പിഷാരൊടി, കല്ലെക്കുളങ്ങര**—പഞ്ചതന്ത്രം കിളിപ്പാട്ട്, വേതാളചരിതം കിളിപ്പാട്ട്, സേതുമാഹാത്മ്യം കിളിപ്പാട്ടു, രാവണോത്ഭവം ആട്ടക്കഥ ഇവയുടെ കർത്താവ്.

**രാഘവൻനമ്പ്യാർ, കലക്കത്തു**—ഒരു മലയാളകവി. കൊല്ലം ൧൦-ാം ശതവർഷം കാളിദാസന്റെ ശാകുന്തളം ഒമ്പതുദിവസത്തെ ആട്ടക്കഥയായി മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുണ്ട്.

**രാഘവവിലാസം**—സാഹിത്യദർപ്പണത്തിന്റെ കർത്താവായ വിശ്വനാഥൻ ഉണ്ടാക്കിയ ഒരു കാവ്യം. വിഷയം രാമചരിതം.

**രാജഗൃഹം**—മഗധരാജ്യത്തിന്റെ തലസ്ഥാനം.

**രാജതരംഗിണി**—കല്ഹണപണ്ഡിതന്റെ ശ്രുതിപ്പെട്ട ഒരു കാശ്മീരരാജ്യചരിത്രം. സംസ്കൃതത്തിൽ രാജ്യചരിത്രം ആയ പുസ്തകം ഇതൊന്നേയുള്ളു. എന്നു പറയാം. ഏകദേശം ൧൧൪൮-ൽ ഉണ്ടാക്കപ്പെട്ടു.

**രാജരത്നാവലീയം**—മാതൃഭൂപാലാപദാനങ്ങളെ അധികരിച്ചുള്ള ഒരു വിശിഷ്ടചമ്പൂകാവ്യം. മഴമംഗലത്തിന്റേതായിരിക്കാമെന്നു ചിലർ സംശയിക്കുന്നു

**രാജരാജവർമ്മ കോയിത്തമ്പുരാൻ ഏ. ആർ. എം. ഏ.**—കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഭാഗിനേയനും ശിഷ്യനും ഭാഷയുടെ ശുദ്ധിക്കും ഐകരൂപ്യത്തിനും വേണ്ടി വളരെ യത്നിച്ചു. കേരളപാണിനീയം അവിടത്തെ പ്രധാന വ്യാകരണഗ്രന്ഥം. ഭാഷാഭൂഷണം സാഹിത്യസാഹ്യം മദ്ധ്യമവ്യാകരണം ഇവ ഭാഷാസംബന്ധമായ വേറെ ഗ്രന്ഥങ്ങൾ. മേഘസന്ദേ

ശാ, കുമാരസംഭവം മുതലായ സംസ്കൃതകാവ്യങ്ങളും മണിപ്രവാളത്തിലാക്കീട്ടുണ്ടു്. സംസ്കൃതത്തിൽ പ്രധാനകൃതി ആംഗലസാമ്രാജ്യം മഹാകാവ്യം ഇതു ഇൻഡ്യാചരിത്രമാണു്. പരവൂർ കേശവപിള്ള ഇതു മലയാളത്തിൽ തൎജ്ജിമചെയ്തിട്ടുണ്ടു്.

**രാജൎഷി**—വിശ്വാമിത്രൻ, ജനകൻ, പുരൂരവസ്സ് മുതലായവരെപ്പോലെ തപസ്സുചെയ്തു ഋഷിയായ ക്ഷത്രിയൻ.

**രാജശേഖരൻ**—ഏഴും പത്തും ശതാബ്ദങ്ങൾക്കു മദ്ധ്യേ ജീവിച്ചിരുന്ന ഒരു കവി. വിദ്ധസാലഭഞ്ജികാ, പ്രചണ്ഡപാണ്ഡവം, കൎപ്പൂരമഞ്ജരീ, ബാലരാമായണം, ബാലഭാരതം മുതലായ നാടകങ്ങളും മററും ഉണ്ടാക്കി.

**രാജശേഖരവിലാസം**—കൎണ്ണാടകഭാഷയിൽ ഒരു പ്രധാനകാവ്യം. ചോളരാജാവായ രാജശേഖരന്റെ ചരിത്രം. ഷഡക്ഷരിദേവൻ കൎത്താവു്.

**രാജസൂയം**—ചക്രവൎത്തിമാരുടെ പട്ടാഭിഷേകസമയം കഴിക്കപ്പെട്ടുന്ന ഒരു യാഗം.

**രാജസൂയം**—പൂന്തോട്ടം നമ്പൂതിരി ഉണ്ടാക്കിയ ഒരു ആട്ടക്കഥ. വടക്കൻ രാജസൂയം എന്നു പറഞ്ഞുവരുന്നു.

**രാധാ, രാധിക**—൧. അധിരഥന്റെ ഭാൎയ്യ, കൎണ്ണന്റെ വളൎത്തമ്മ. ൨. വൃന്ദാവനത്തിൽ കൃഷ്ണൻ ഗോപാലനായി പാൎക്കുമ്പോൾ ഉണ്ടായിരുന്ന ഇഷ്ടസഖി. ഗീതഗോവിന്ദത്തിന്റെ നായിക. ഗോപാലനായ അയനഘോഷന്റെ ഭാൎയ്യയായിരുന്നു. ലക്ഷ്മിയുടെ അവതാരമാണെന്നുവെച്ചു ചിലർ സേവിച്ചുവരുന്നു.

**രാധാപതി (രമണൻ)**—കൃഷ്ണൻ.

**രാധേയൻ, രാധാസുതൻ**—കൎണ്ണൻ.

**രാമക്കുറുപ്പു് കെ. ബി. എ)**—ഇക്കാലത്തു ജീവിച്ചിരുന്ന ഒരു സഹൃദയപണ്ഡിതൻ. രാജകീയപാഠശാലയിൽ മുൻഷിയായിരുന്നു. കേരളവൎമ്മ വലിയകോയിത്തമ്പുരാന്റെ ശാകുന്തള തൎജ്ജമയ്ക്കുശേഷം അനുകരണഭ്രാന്തന്മാരായ ചില കുകവികൾ എഴുതിക്കൂട്ടിത്തുടങ്ങിയ ക്ഷുദ്രനാടകങ്ങളുടെ പെരുപ്പംകണ്ടു് പ്രസിദ്ധമായ 'ചക്കീചങ്കര'ത്താൽ കൈരളിയെ അനുഗ്രഹിച്ച മഹാൻ.

**രാമൻ**—ഈ പേരുള്ളവർ മൂന്നുപേരുണ്ടു്. പരശുരാമൻ. രാമചന്ദ്രൻ ബലരാമൻ.

**രാമൻ, രാമചന്ദ്രൻ**—ത്രേതായുഗാവസാനത്തിങ്കൽ വിഷ്ണുവിന്റെ ഏഴാമത്തെ അവതാരം. ദശരഥന്റെ മൂത്തപുത്രനായി ജനിച്ചു. കഥ മഹാഭാരതത്തിന്റെ വനപൎവ്വത്തിൽ ചുരുക്കമായും രാമായണത്തിൽ വളരെ വിസ്താരമായും പറഞ്ഞിരിക്കുന്നു. തന്നെ രാക്ഷസന്മാരുടെ ഉപദ്രവത്തിൽനിന്നു രക്ഷിക്കുന്നതിനായി വിശ്വാമിത്രൻ രാമലക്ഷ്മണന്മാരെ ബാല്യത്തിൽ തന്നെ തന്റെ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. പോകുമ്പോൾ രാമൻ താടക എന്ന അസുരസ്ത്രീയെ വധിച്ചു. വിശ്വാമിത്രനോടുകൂടെ മിഥിലയിൽ പോയി. ശിവന്റെ വില്ലുമുറിച്ചതുകൊണ്ടു ജനകന്റെ പുത്രിയായ സീതയെ ഭാൎയ്യയായി പ്രാ

പിച്ചു. എന്നാൽ ആ വില്ലുമുറിക്കനിമിത്തം ശിവഭക്തനും വിഷ്ണുവിന്റെ ആറാമത്തെ അവതാരവുമായ പരശുരാമനുമായി യുദ്ധം ഉണ്ടായി. പരശുരാമനെ തോല്പിച്ചു രാമനു പ്രായമായപ്പോൾ ദശരഥൻ അവനെ യുവരാജാവായി വാഴിക്കേണ്ടതിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു. എന്നാൽ മന്ഥരാ എന്ന ദാസി കൈകേയിയെ ഉപദേശിച്ചു രാജ്യം അവളുടെ പുത്രനായ ഭരതനു കൊടുക്കേണമെന്നും രാമൻ പതിനാലുവർഷം രാജ്യംവിട്ടു പാൎക്കണമെന്നുംചോദിപ്പിച്ചു ദശരഥൻ കൈകേയിക്കു ഒരിക്കൽ കൊടുത്തിട്ടുണ്ടായിരുന്ന വാഗ്ദത്തപ്രകാരം അവളുടെ അപേക്ഷയെ ഉപേക്ഷിപ്പാൻ പാടില്ലാഞ്ഞതുകൊണ്ടു ദശരഥൻ അവളുടെ ഇഷ്ടപ്രകാരം സമ്മതിച്ചു രാമൻ അയോദ്ധ്യവിട്ടു സീതയോടും ലക്ഷ്മണനോടുംകൂടെ പുറപ്പെട്ടു ദണ്ഡകാരണ്യത്തിൽ ചിത്രകൂടം എന്ന സ്ഥലത്തുചെന്നു പാൎത്തു രാമൻ പോയി അല്പംകഴിഞ്ഞപ്പോൾ ദുഃഖനിമഗ്നനായിരുന്ന ദശരഥൻ കാലവശംഗതനായി. രാമനുള്ളപ്പോൾ താൻ രാജാവാകയില്ലെന്നു ശപഥം ചെയ്തുകൊണ്ടു രാമനെ തിരിച്ചു കൊണ്ടുവരുന്നതിനായി ഭരതൻ ഒരു സേനയോടുകൂടി പുറപ്പെട്ടു ചെന്നു. എന്നാൽ പിതാവു നിശ്ചയിച്ച പതിനാലുവർഷം കഴിയുംമുമ്പെ തിരിച്ചു വരികയില്ലെന്നു രാമൻ തീൎച്ചയായി പറഞ്ഞതുകൊണ്ടു ഭരതൻ മടങ്ങിപ്പോയി രാമന്റെ പ്രതിനിധിയായി രാജ്യഭാരം ചെയ്തു പത്തുവർഷം രാമനും മറ്റും ചില ആശ്രമങ്ങൾതോറും സഞ്ചരിച്ച ശേഷം വിന്ധ്യപൎവ്വതത്തിന്റെ സമീപം ഉള്ള അഗസ്ത്യാശ്രമത്തിൽ ചെന്നു, അവിടെനിന്നും അഗസ്ത്യമഹർഷിയുടെ ഉപദേശപ്രകാരം ഗോദാവരീതീരത്തിങ്കൽ പഞ്ചവടിയിൽ വന്നു പാൎത്തു. അവിടെവെച്ചു രാമന്റെ ആജ്ഞപ്രകാരം ലക്ഷ്മണൻ ശൂൎപ്പണഖയെ അംഗഹീനയാക്കിതീൎത്തു. അതുകൊണ്ടു അവൾ പോയി ഒരു രാക്ഷസസേനയോടുകൂടെ അവളുടെ സഹോദരന്മാരായ ഖരനേയും ദൂഷണനേയും കൊണ്ടുവന്നു. എന്നാൽ രാമലക്ഷ്മണന്മാർ അവരെയും സേനയേയും നശിപ്പിച്ചുകളഞ്ഞു. അതിന്റെശേഷം ശൂൎപ്പണഖ ലങ്കക്കുപോയി സീതയുടെ രൂപലാവണ്യത്തെ രാവണനോടുപറഞ്ഞു അവൻ മദനാന്ധനായി പഞ്ചവടിയിൽ മാരീചനോടുകൂടെ വന്നു. മാരീചൻ ഒരു പൊന്മാൻവേഷം ധരിച്ചുവന്നു രാമനെ ആശ്രമത്തിൽ നിന്നു ദൂരെ ആകൎഷിച്ചു കൊണ്ടുപോകയും അപ്പോൾ രാവണൻ ഒരു സന്യാസിയെപ്പോലെവന്നു സമയം നോക്കി സീതയെ അപഹരിച്ചു കൊണ്ടുപോകയും ചെയ്തു. രാമൻ. തിരിച്ചുവന്നപ്പോൾ സീതയെ കാണാഞ്ഞതുകൊണ്ടു അവനുണ്ടായ ദുഃഖം വിവരിച്ചാൽ തീരുന്നതല്ല. അവനും ലക്ഷ്മണനുംകൂടി സീതയെ അന്വേഷിച്ചു നടക്കുംവഴി രാവണനാണ അവളെ കൊണ്ടുപോയതെന്നും ജടായുസ്സിൽനിന്നും അവളെ തിരികെ കിട്ടേണ്ടതിനു സുഗ്രീവന്റെ സഖ്യം ആവശ്യമെന്നും അവർ കൊന്ന കബന്ധൻ എന്ന രാക്ഷസനിൽനിന്നും അറിഞ്ഞു. രാമലക്ഷ്മണന്മാർ പിന്നീടുപോയി ബാലിയെകൊന്നു സുഗ്രീവന്റെ രാജ്യം തിരികെ കൊടുപ്പിച്ചു അവന്റെ സ്നേഹം സമ്പാദിച്ചു. വാനരരാജാവായ സുഗ്രീവനുമായുള്ള സ്നേഹം നിമിത്തം രാമനു കപിപ്രഭുഎന്നും കപിരഥൻ എന്നും പേരുകളുണ്ടായി. സുഗ്രീവന്റെ സഹായത്താൽ ഹനുമാന്റെ വലിയ സഹായവും അവനു സിദ്ധിച്ചു. പിന്നെ അവർ രാമസേതു പണിതു് അതിൽകൂടി ലങ്കയിൽ കടന്നു അനേകം ഭയങ്കരയുദ്ധങ്ങൾ ചെയ്തു രാവണനെ കൊന്നു സീതയെ രക്ഷിച്ചു. സീതയെ വീണ്ടെടുത്തതിനാൽ രാമനു വളരെ സന്തോഷമുണ്ടായി എങ്കിലും അവൾക്കു പാതിവ്രത്യഭംഗം വന്നിട്ടുണ്ടോ എന്നു സംശയിച്ചതിനാൽ അവളെ ഭാൎയ്യയായി സ്വീകരിച്ചില്ല. അതിനാൽ അവൾ അഗ്നിയിൽ പ്രവേശിച്ചു തന്റെ വിശുദ്ധതയെ തെളിയിച്ചു. യുദ്ധം കഴിഞ്ഞു് സഖികളോടുകൂടി അയോദ്ധ്യയിൽവന്നു ബഹു ഘോഷത്തോടെ പട്ടാഭിഷേകം ചെയ്യപ്പെടുകയും വളരെ തേജസ്സോടും ക്ഷേമത്തോടുംകൂടി ഏറെകാലം രാജ്യഭാരം ചെയ്കയും ചെയ്തു. ഉത്തരരാമായണത്തിലെ കഥയുടെ ചുരുക്കത്തിനു സീതാ നോക്കുക.

**രാമചന്ദ്രോദയം**—സംസ്കൃതത്തിൽ ഒരു ദീർഘകാവ്യം രാമായണകഥ. കവി വെങ്കടേശ്വരൻ. ൧൭-ാം ശതാബ്ദത്തിന്റെ ആദ്യം ജീവിച്ചിരുന്നു.

**രാമചരിതം**—മലയാളഭാഷയിൽ ഏറ്റവും പഴക്കമുള്ള ഒരു ഗ്രന്ഥം. കൊല്ലവർഷം ൫-ാം ശതാബ്ദത്തിൽ ആദിത്യവർമ്മ മഹാരാജാവു ഉണ്ടാക്കിയെന്നു ചിലരുടെ അഭിപ്രായം. സംസ്കൃതപദങ്ങൾ ചുരുക്കം. സംസ്കൃതപദങ്ങൾ ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടു ഇതിനുശേഷമാണ് സംസ്കൃതപദങ്ങൾ സ്വീകരിച്ചതെന്നു അനുമാനം.

**രാമദൂതൻ**—ഹനുമാൻ.

**രാമൻപിള്ള സി വി, ബി എ**—തിരുവനന്തപുരം സർക്കാർ അച്ചുക്കൂടം സൂപ്രണ്ടായിരുന്നു. കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു സാഹിത്യകുശലൻ എന്ന സ്ഥാനം കൊടുത്തു. ആധുനികഗദ്യമെഴുത്തുകാരിൽ ഒരു പ്രഥമഗണനീയൻ. മലയാളത്തിൽ ചരിത്രസംബന്ധമായ നോവൽ ഇദ്ദേഹമാണ് ആദ്യം എഴുതിയത്. മാർത്താണ്ഡവർമ്മ, ധർമ്മരാജാ, രാമരാജബഹദൂർ ഇവ തിരുവിതാംകൂർ ചരിത്രസംബന്ധമായ നോവലുകളും പ്രേമാമൃതം ഒരു സാമുദായികനോവലും ആകുന്നു. ചില പ്രഹസനങ്ങളും എഴുതീട്ടുണ്ട്.

**രാമപുരത്തുവാര്യർ**—പ്രസിദ്ധകൃതിയായ കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ കർത്താവ്. പേരു രാമവാര്യർ എന്നാണ് കൊല്ലം പത്താംശതവർഷത്തിൽ ജീവിച്ചിരുന്നു.

**രാമഭദ്രൻ**—൧൦-ാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്തു ജീവിച്ചിരുന്ന ഒരു കവി. ജനനം കുംഭകോണത്തു. ജാനകീപരിണയം നാടകം പ്രധാനകൃതി. ശൃംഗാരതിലകം ഭാണം, രാമബാണസ്തവം, പതഞ്ജലിചരിതം ഇവയും ഉണ്ടാക്കീട്ടുണ്ട്.

**രാമശേഷൻ**—ബലരാമൻ. ആദിശേഷന്റെ അവതാരമെന്നു കഥയുണ്ട്.

**രാമസഖൻ**—സുഗ്രീവൻ

**രാമസേതു**—വിശ്വകർമ്മാവിന്റെ പുത്രനായ നളൻ ലങ്കയെ ആക്രമിക്കുന്നതിനായി ലങ്കയിലേക്കു ഇട്ട പാലം.

**രാമാനുകരണം**—പുതിയിൽ തമ്പാന്റെ ഒരു ആട്ടക്കഥ.

**രാമാനുജൻ എഴുത്തച്ഛൻ, തുഞ്ചത്ത്**—മലയാളത്തിലെ പ്രധാനകവി. കൊല്ലം ൮-ാം ശതവർഷത്തിൽ ജീവിച്ചിരുന്നു. പൊന്നാനിതാലൂക്കിൽ തൃക്കണ്ടിയൂരെന്ന സ്ഥലത്തു ജനിച്ചു. മലയാളത്തിനു ആര്യ എഴുത്തുണ്ടാക്കിയതും കിളിപ്പാട്ടു എന്ന കവിതാരീതി ഉണ്ടാക്കിയതും ഈ കവിയാണ്. അനേകം കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. എല്ലാം സംസ്കൃതത്തിൽനിന്നു തർജ്ജമയോ സംസ്കൃതത്തെ അടിസ്ഥാനമാക്കി എഴുതീട്ടുള്ളവയോ ആകുന്നു. പ്രധാനകൃതികൾ. അദ്ധ്യാത്മരാമായണം, മഹാഭാരതം, ഭാഗവതം രാമായണം ഇരുപത്തിനാലുവൃത്തം ശിവപുരാണം, ദേവീമാഹാത്മ്യം, ഹരിനാമകീർത്തനം, ചിന്താരത്നം, കേരളനാടകം, ശതമുഖരാമായണം, പാതാളരാമായണം. കടവിൽപറഞ്ഞ മൂന്നും എഴുത്തച്ഛന്റേതല്ലെന്നും ഇരുപത്തുനാലുവൃത്തം നാരായണീയകർത്താവിന്റേതാണെന്നും ചിലരുടെ അഭിപ്രായം.

**രാമാനുജാചാൎയ്യർ**—ഒരു വൈഷ്ണവ നവീകരണക്കാരൻ ൧൧-ാംശതാബ്ദത്തിൻെറ അവസാനത്തിൽ ജീവിച്ചിരുന്നു. വിശിഷ്ടാദ്വൈതം പ്രചാരപ്പെടുത്തി അനുഗാമികൾ ശ്രീവൈഷ്ണവർ. വളരെ പുസ്തകങ്ങൾ രചിച്ചിട്ടുണ്ടു. ഭഗവൽഗീതയ്ക്കും ഉത്തരമീമാംസയ്ക്കും വ്യാഖ്യാനങ്ങൾ എഴുതീട്ടുണ്ടു. ആദിശേഷൻെറ അവതാരമെന്നു വിശ്വാസം.

**രാമായണം**—വാല്മീകിമഹർഷി ഉണ്ടാക്കിയതും മിക്കവാറും അനുഷ്ടുപ്പ്വൃത്തത്തിൽ ൨൪൦൦൦ ശ്ലോകങ്ങൾ ഉള്ളതുമാകുന്നു. വാല്മീകി ജീവിച്ചിരുന്നതു എന്നാണെന്നു തീൎച്ചയാക്കുവാൻ മാൎഗ്ഗമില്ല. ഇപ്പോഴത്തെ രൂപത്തിൽ രാമായണം രചിക്കപ്പെട്ടതു ക്രിസ്ത്വബ്ദത്തിനു മൂന്നു ശതവൎഷം മുമ്പായിരിക്കണമെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. അതിൽ വിഷ്ണു രാമചന്ദ്രനായി ദശരഥൻെറ പുത്രനായി അവതരിച്ചതും സീതയെ വിവാഹം ചെയ്തതും രാവണൻ സീതയെ കട്ടുകൊണ്ടുപോയതും രാമൻ തൻെറ വാനരസഖന്മാരോടുകൂടി രാവണനോടു യുദ്ധം ചെയ്തു അവനെ വധിച്ചതും സീതയെ വിട്ടുവിച്ചതും എല്ലാം അടങ്ങിയിരിക്കുന്നു. അതു ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം ആരണ്യകാണ്ഡം, കിഷ്കിന്ധാകാണ്ഡം. സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം ഇങ്ങനെ ഏഴു കാണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. രാമചരിതം അടിസ്ഥാനമായിട്ടുള്ള അനേകം പുസ്തകങ്ങളിൽ ചിലതു ഭവഭൂതിയുടെ മഹാവീരചരിതവും ഉത്തരരാമചരിതവും, മുരാരിയുടെ അനൎഘരാഘവവും ജയദേവൻെറ പ്രസന്നരാഘവവും, സുന്ദരമിശ്രൻെറ അഭിരാമമണിയും ക്ഷേമേന്ദ്രൻെറ രാമായണമഞ്ജരിയും ഭോജരാജാവിൻെറ ചമ്പൂരാമായണവും രാജശേഖരൻെറ ബാലരാമായണവും കവിരാജൻെറ രാഘവപാണ്ഡവീയവും ഭട്ടിയുടെ രാവണവധവും (ഭട്ടികാവ്യം) മിശ്രദാമോദരൻെറ മഹാനാടകവും ഉദാത്തരാഘവം, ഛലിതരാമം, ദൂതാംഗദം, രാഘവാഭ്യുദയം, രാഘവവിലാസം, രാമവിലാസം, രാമചന്ദ്രചരിത്രസാരം ഇവയും ആകുന്നു. പുരാണങ്ങളിൽ മിക്കതിലും രാമചരിതം ചുരുക്കത്തിൽ കാണുന്നുണ്ടു. ശ്രുതിപ്പെട്ട അദ്ധ്യാത്മരാമായണം ബ്രഹ്മാണ്ഡപുരാണത്തിൻെറ ഒരു ഭാഗമാണ്. യോഗവാസിഷ്ഠം വസിഷ്ഠൻ ബാലനായ രാമനു കൊടുത്തിട്ടുള്ള വേദാന്തവിഷയമായ ഉപദേശങ്ങളാകുന്നു. ഇതും രാമായണത്തിനു അനുബന്ധമായി വാല്മീകിമഹർഷിതന്നെ ഉണ്ടാക്കിയതായിട്ടാണ് പറഞ്ഞുവരുന്നതു. ലയാളത്തിൽ (വടക്കൻ) കോട്ടയത്തു കേരളവൎമ്മതമ്പുരാൻ കിളിപ്പാട്ടായി തൎജ്ജിമചെയ്തിട്ടുണ്ടു. മുഴുവനായിട്ടില്ല. വള്ളത്തോൾ നാരായണമേനോൻ മണിപ്രവാളശ്ലോകങ്ങളായും ഭാഷാന്തരപ്പെടുത്തീട്ടുണ്ടു. കൎണ്ണാടകത്തിൽ കുമാരവാല്മീകി തൎജ്ജമചെയ്തു. കാവ്യംമൂലം കവിക്കു ആ പേരുണ്ടായി.

**രാമായണചമ്പൂ**—ഭോജരാജാവു ഉണ്ടാക്കിയതെന്നു വിചാരിച്ചുവരികയാൽ ഭോജചമ്പു എന്നും പേരുണ്ടു. കാളിദാസനോ വേറെ വല്ല കവിയൊ ഉണ്ടാക്കി ഭോജരാജാവിൻെറ പേരുവെച്ചെന്നു ചിലരുടെ അഭിപ്രായം.

**രാമായണമഞ്ജരി**—രാമായണംകഥയുടെ ഒരു സംക്ഷേപം. ക്ഷേമേന്ദ്രൻ രചിച്ചതു്.

**രാമോപാഖ്യാനം**—മഹാഭാരതം വനപൎവ്വത്തിൽ അടങ്ങീട്ടുള്ള രാമചരിതം.

**രാവണൻ**—ലങ്കാധിപനായ ഒരു രാക്ഷസൻ. നികഷനിൽ വിശ്രവസ്സിൻെറ പുത്രൻ. കുബേരൻെറ സഹോദരൻ. പുലസ്ത്യമഹർഷിയുടെ പൗ

ത്രൻ. കുബേരനെ ഓടിച്ചിട്ട ലങ്കയിൽ രാജാവായി. കുബേരൻ യക്ഷരുടെ
രാജാവായിരിക്കുന്നപ്രകാരം രാവണൻ രാക്ഷസരിൽ പ്രധാനനാണ്. പതി
നായിരം വർഷം തപസ്സുചെയ്യുകയും ഓരോ സഹസ്രവർഷത്തിന്റെ അവസാ
നത്തിൽ തന്റെ ഓരോ തല ബ്രഹ്മാവിനു ബലികഴിക്കയും ഇങ്ങനെ പത്താമ
ത്തെ തല അറ്റിപ്പാൻ ഭാവിച്ചപ്പോൾ സന്തുഷ്ടനായ ബ്രഹ്മാവിൽനിന്നു, ദേവ
കളിൽനിന്നും അസുരരിൽനിന്നും മരണമുണ്ടാകയില്ലെന്നുള്ള വരം പ്രാപിക്ക
യും ചെയ്തു. ഈ വരത്തോടുകൂടെത്തന്നെ ഏതുരൂപവും ഇഷ്ടംപോലെ ധരി
പ്പാനുള്ള ശക്തിയും പ്രാപിച്ചു. രാക്ഷസരിൽതന്നെയും ഇത്ര ദുഷ്ടനായ ഒരു
വൻ ഉണ്ടായിട്ടില്ല. അവനു പത്തു തലകളും ഇരുപതു ഭുജങ്ങളും ശോഭയുള്ള
പല്ലുകളും മലപോലുള്ള ശരീരവും ശരീരത്തിന്മേൽ ദേവകളോടുള്ള യുദ്ധങ്ങ
ളിൽ ഇന്ദ്രന്റെ വജ്രായുധം ഐരാവതത്തിന്റെ കൊമ്പുകൾ വിഷ്ണുവിന്റെച
ക്രം ഇവകൊണ്ടും മററും ഉണ്ടായ അനേകം മുറിവുകളുടെ വടുക്കളും മലകളെ
ഭേദിപ്പാനും സമുദ്രങ്ങളെ ഇളക്കുവാനും ഉള്ള ശക്തിയും പർവ്വതംപോലെ ഉയരവും
ഉണ്ടായിരുന്നു. ചിലപ്പോൾ അവൻ കൈനീട്ടി സൂര്യചന്ദ്രന്മാരെതടുത്തുവെ
ച്ച് പിറെറദിവസം ഉദിക്കാൻ സമ്മതിക്കയില്ല. അഗ്നിയെ തന്റെ ഭക്ഷ
ണം തയ്യാറാക്കുന്നതിനും വരുണനെ വെള്ളംകൊണ്ടുവരുന്നതിനും വായുവിനെ
മുററവും മററും അടിച്ചുവാരുന്നതിനും കുബേരനെ പണം സൂക്ഷിക്കുന്നതിനും
മററുദേവകളെ മററോരോ വീട്ടുപണിക്കും അവൻ നിയമിച്ചു. ഇങ്ങനെ രാവ
ണന്റെ ദുഷ്ടത വർദ്ധിക്കയാൽ ദേവകൾ ചെന്നു വിഷ്ണുവിനോടു സങ്കടം പറ
ഞ്ഞു. ബ്രഹ്മാവു വരം കൊടുത്തപ്പോൾ രാവണൻ അഹങ്കാരംനിമിത്തം മനു
ഷ്യരിൽനിന്നു രക്ഷ ചോദിക്കാത്തതുകൊണ്ടു മനുഷ്യരെക്കൊണ്ടു അവനെ കൊ
ല്ലിക്കാനുള്ള മാർഗ്ഗം ഉണ്ടായിരുന്നതിനാൽ വിഷ്ണു ദശരഥന്റെ പുത്രനായ രാമച
ന്ദ്രനായി അവതരിച്ചു. രാവണൻ സീതയെ അപഹരിച്ചുകൊണ്ടുപോയതു
യുദ്ധത്തിനു ഒരു തൽക്കാല കാരണമായി തീരുകയും ചെയ്തു. രാമൻ തന്റെ
സഹായക്കളായ സുഗ്രീവനോടും ഹനുമാനോടും അവരുടെ വാനരസേനകളോടും
കൂടെ ലങ്കയിൽ കടന്നു അനവധി രാക്ഷസന്മാരെയും മററും വധിച്ചു. ഒടു
വിൽ ലങ്കാനഗരത്തിൽവെച്ചു രാവണൻ രാമനോടെതിർത്തു. രാമൻ രാവണ
ന്റെ ഓരോ തല വെട്ടിക്കളയുംതോറും അതിനു പകരം വേറെ തലകൾ ഉണ്ടാ
യിവന്നു. ഇങ്ങനെ അധികനേരം ഒരു തീർച്ചയില്ലാതെ യുദ്ധം ചെയ്തശേഷം
രാമൻ തന്റെ ബ്രഹ്മാസ്ത്രം പ്രയോഗിച്ചു. അതു രാവണന്റെ നെഞ്ഞത്തുകൊ
ണ്ടു പുറത്തുകൂടി കടന്നു സമുദ്രത്തിൽ ചെന്നു മുങ്ങി വെടിപ്പായി രാമന്റെ അ
ടുക്കൽതന്നെ തിരിച്ചുവന്നു. രാവണൻ വീണു മരിക്കയും ചെയ്തു. രാവണൻ
രാക്ഷസനെങ്കിലും ബ്രാഹ്മണനായിരുന്നതുകൊണ്ടു അവന്റെ ശരീരം ബ്രാഹ്മ
ണർക്കു വേണ്ടുന്ന കർമ്മങ്ങളോടുകൂടി ദഹിപ്പിക്കപ്പെട്ടു. അവന്റെ ഭാര്യമാരായ
മണ്ഡോദരിയും മററും അവന്റെ ചിതയിൽ കയറി മരിച്ചു.

രാവണൻ ഒരിക്കൽ മദ്യംകുടിച്ചു ലഹരിപിടിച്ചു മാഹിഷ്മതീ നഗരത്തിൽ
ചെന്നു എന്നും അപ്പോൾ അവിടത്തെ രാജാവായ കാർത്തവീര്യൻ അവനെപി
ടിച്ചു നഗരത്തിന്റെ ഒരു മൂലയ്ക്കു കെട്ടിയിട്ടു എന്നും വിഷ്ണുപുരാണത്തിൽ ഒരു
കഥ പറഞ്ഞിരിക്കുന്നു. രാവണൻ ഒരിക്കൽ ശിവനുമായി വഴക്കുണ്ടായിട്ടു
കൈലാസം പിഴുതു എറിഞ്ഞുകളവാൻ നോക്കി എന്നും ശിവൻ പർവ്വതം ചവി
ട്ടി താഴ്ത്തി രാവണന്റെ കൈവിരൽ ചതച്ചുകളകയാൽ അവൻകരഞ്ഞുകൊ
ണ്ടു ആയിരം വർഷം ശിവസ്തുതിചെയ്തെന്നും കരഞ്ഞ രവത്തിൽനിന്നു രാവ
ണൻ എന്ന പേരുണ്ടായി എന്നും രാമായണത്തിൽ ഒരു കഥയുണ്ട്. നന്ദീശൻ
നോക്കുക. രാവണന്റെ പുത്രന്മാർ ഇന്ദ്രജിത്തെന്ന പേരു സമ്പാദിച്ച മേഘ
നാദനും, ത്രിശിരസ്സും വേദാന്തകനും, നരാന്തകനും, അതികായനും, ആയിരു

ന്നു. "രാമരാവണയോർയുദ്ധം രാമരാവണയോരിവ" എന്നൊരു പഴഞ്ചൊല്ലുണ്ട്.

**രാവണഗംഗാ** — ലങ്കയിലെ ഒരു നദി.

**രാവണി** — ഇന്ദ്രജിത്ത്.

**രാശികൾ** —

മേഷോവൃഷോഥമിഥുനാകർക്കടഃ സിംഹകന്യകാ।
തുലാചവൃശ്ചികോധനുർമകരഃ കുംഭമീനകൌ॥

**രാസം, രാസക്രീഡാ, രാസമണ്ഡലം** — കൃഷ്ണനും വൃന്ദാവനത്തിലെ ഗോപികളുമായി ഉള്ള ഒരു നൃത്തനം.

**രാസേശ്വരി** — രാധാ.

**രാഹു** — നാലുകൈകളും വാലും ഉള്ള ഒരു ദൈത്യൻ. സിംഹികയിൽ വിപ്രചിത്തിയുടെ പുത്രൻ വേഷം മാറി ദേവകളുടെ ഇടയിൽ ചെന്നു സമുദ്രമഥനത്തിൽ കിട്ടിയ അമൃതത്തിൽ കുറെ കുടിച്ചുകളഞ്ഞതു സൂൎയ്യനും ചന്ദ്രനും അറിഞ്ഞു വിഷ്ണുവിനെ അറിയിച്ചു. വിഷ്ണു അതുകൊണ്ടു അവന്റെ രണ്ടു കൈകളും തലയും വെട്ടിക്കളഞ്ഞു. എന്നാൽ അമൃതം കുടിച്ചു അമർത്ത്യത സമ്പാദിച്ചുപോയതുകൊണ്ട് അവന്റെ ശരീരത്തെ നക്ഷത്രമണ്ഡലത്തിൽ ആക്കി. സൂൎയ്യചന്ദ്രന്മാരോടുള്ള വിരോധംനിമിത്തം ചിലപ്പോൾ അവരെ വിഴുങ്ങിക്കളയുന്നു. പുരാണപ്രകാരം ഇതാകുന്നു ഗ്രഹണങ്ങളുടെ കാരണം. രാഹുവിനു തമസ്സ്, സ്വർഭാനു, സൈംഹികേയൻ, വിധുന്തുദൻ, അഭ്രപിശാചു, ഭരണീഭൂ, ഗ്രഹൻ, കബന്ധൻ എന്നും പേരുകളുണ്ട്.

**രിക്തതിഥി** — ഓരോ പക്ഷത്തിലും ചതുൎത്ഥി, നവമി, ചതുർദ്ദശി ഈ ദിവസങ്ങൾ.

**രുക്മരഥൻ (വാഹനൻ)** — ദ്രോണൻ.

**രുഗ്മിണൻ** — ഭീഷ്മകരാജാവിന്റെ പുത്രനായ വിദർഭരാജാവു്. കൌരവരെയും പാണ്ഡവരെയും സഹായിക്കാമെന്നു പറഞ്ഞു. എന്നാൽ അവൎക്കു വമ്പുപറയുന്നവനാകകൊണ്ടു ഇരുകക്ഷികളും അവന്റെ സഹായം നിഷേധിച്ചു. തന്റെ സഹോദരിയായ രുഗ്മിണിയെ കൃഷ്ണൻ ഗൂഢമായി ഭാൎയ്യയാക്കി കൊണ്ടുപോയപ്പോൾ രുഗ്മിണൻ സേനാസഹിതം പിന്നാലെ ചെന്നു എന്നാൽ കൃഷ്ണനാൽ തോല്പിക്കപ്പെട്ടു. ഒടുവിൽ ബലരാമനാൽ കൊല്ലപ്പെട്ടു.

**രുഗ്മിണി** — ഭീഷ്മകന്റെ പുത്രി. രുഗ്മിണന്റെ സഹോദരി. കൃഷ്ണൻ അവളെ വിവാഹത്തിനു ചോദിച്ചാറെ രുഗ്മിണനു മനസ്സില്ലാതെ അവളെ ചേദിരാജാവായ ശിശുപാലനു കൊടുക്കാൻ നിശ്ചയിച്ചു. വിവാഹത്തിനു നിശ്ചയിക്കപ്പെട്ട ദിവസം രുഗ്മിണി ദേവാലയത്തിലേക്കു പോകുമ്പോൾ കൃഷ്ണൻ അവളെകണ്ടു കൈക്കുപിടിച്ചു രഥത്തിൽ കയററിക്കൊണ്ടു പൊയ്ക്കളഞ്ഞു. അവളെ വിടുവിച്ചു കൊണ്ടുവരുന്നതിനായി രുഗ്മിണനും ശിശുപാലനും സേനാസഹിതം ചെന്നാറെ കൃഷ്ണൻ അവരെ തോല്പിച്ചുംവെച്ചു രുഗ്മിണിയെ ദ്വാരകയ്ക്കു കൊണ്ടുപോയി. രുഗ്മിണി കൃഷ്ണന്റെ പ്രധാനഭാൎയ്യയായിരുന്നു. കൃഷ്ണൻ മരിച്ചപ്പോൾ രുഗ്മിണിയും വേറെ ഏഴു ഭാൎയ്യമാരും ചിതയിൽക്കൂടി ദ

ഹിപ്പിക്കപ്പെട്ടു. രുഗ്മിണിക്ക് കൃഷ്ണനാൽ ചാരുമതി എന്നൊരു പുത്രിയും ചാരു, സുചാരു, ചാരുദേഷ്ണൻ, സുദേഷ്ണൻ, ചാരുദേഹൻ, സുഷേണൻ, ചാരുഗുപ്തൻ, ഭദ്രചാരു, ചാരുവിന്ദൻ, പ്രദ്യുമ്നൻ എന്ന പത്തു പുത്രന്മാരും ഉണ്ടായിരുന്നു

**രുഗ്മിണീപരിണയം** — രാമവർമ്മരാജാവുണ്ടാക്കിയ ഒരു നാടകം. ശ്രീകൃഷ്ണന്റെയും രുഗ്മിണിയുടെയും വിവാഹം വിഷയം.

**രുദ്രൻ, രുദ്രർ** — രുദ്രന്റെ ഉത്ഭവത്തെപ്പററി പല കഥകൾ ഉണ്ട്. രുദ്രൻ ബ്രഹ്മാവിന്റെ നെററിയിൽ നിന്നുണ്ടായി എന്നും, പിന്നീട ബ്രഹ്മാവിന്റെ കല്പനപ്രകാരം സ്ത്രീപുരുഷന്മാരായി വിഭാഗിക്കപ്പെട്ടു എന്നും അങ്ങനെ പതിനൊന്നുപേരായി പെരുകി എന്നും വിഷ്ണുപുരാണത്തിൽ കാണുന്നു. രുദ്രർ കശ്യപന്റെയും സുരഭിയുടേയും പതിനൊന്നു മക്കളാണെന്നു ഒരിടത്തു കാണുന്നു. ബ്രഹ്മാവിനു ഒരു പുത്രനെ സൃഷ്ടിപ്പാൻ ആഗ്രഹമുണ്ടായി എന്നും അപ്പോൾ ഒരു കുഞ്ഞുണ്ടായി എന്നും കുഞ്ഞു കരഞ്ഞുകൊണ്ടു ഒരു പേരുചോദിച്ചു എന്നും അപ്പോൾ ബ്രഹ്മാവു അവനെ രുദ്രനെന്നു വിളിച്ചു എന്നും കുഞ്ഞു പിന്നെയും ഏഴു പ്രാവശ്യം കരഞ്ഞു എന്നും അതുകൊണ്ടു അവന് ഓരോ പ്രാവശ്യം ഭവൻ, ശർവ്വൻ, ഈശാനൻ, പശുപതി, ഭീമൻ, ഉഗ്രൻ, മഹാദേവൻ, എന്നും പേരുകളുണ്ടായി എന്നും വിഷ്ണുപുരാണത്തിൽ തന്നെ വേറൊരിടത്തു കാണുന്നു. ശിവനും രുദ്രനും ഒന്നാണെന്നും, ശിവൻ രുദ്രരിൽ പ്രധാനിയാണെന്നും അഭിപ്രായങ്ങളുണ്ട്.

**രുദ്രാക്ഷം** — അസുരന്മാരോടുള്ള യുദ്ധത്തിൽ ശിവൻ ത്രിപുരങ്ങളെ ഭസ്മീകരിച്ചശേഷം ജീവഹാനി വരുത്തിയതിനെപ്പററി ഖേദിച്ചു അശ്രുക്കൾ പൊഴിച്ചു. അശ്രുക്കൾ നിലത്തുവീണു മുളച്ചു. വൃക്ഷങ്ങളായി ഈ വൃക്ഷങ്ങളുടെ കായാണ് രുദ്രാക്ഷം.

**രുദ്രാണി** — പാർവ്വതി.

**രുദ്രസാവർണ്ണൻ** — പന്ത്രണ്ടാമത്തെ മനു.

**രുമാ** — വാനരരാജാവായ സുഗ്രീവന്റെ ഭാര്യ.

**രൂപകം** — ആര്യന്മാരുടെ ശാസ്ത്രങ്ങളെല്ലാം ഓരോ മഹർഷിമാർ സ്ഥാപിച്ചതായിട്ടാണ് പറഞ്ഞുവരുന്നത്. നാട്യശാസ്ത്രവും ഇതിൽനിന്നു വ്യത്യസ്തമല്ല. അതിനെ ഭരതമഹർഷി ഉണ്ടാക്കിയതാണെന്നു പറഞ്ഞുവരുന്നു. സംസ്കൃതനാട്യശാസ്ത്രത്തിന്റെ ആദികർത്താവു ആരായിരുന്നാലും അതു എത്രയോ പുരാതനമായിട്ടുള്ളതാണെന്നു നിർവ്വിവാദമാണ്. ഇപ്പോൾ ഉള്ളതിൽ ഏററവും പുരാതനമായുള്ള നാടകം മൃച്ഛകടികയാകുന്നു. അതു ക്രിസ്ത്വാബ്ദത്തിനു മുമ്പോ അതിന്റെ ആരംഭത്തിലോ എഴുതപ്പെട്ടിട്ടുള്ളതാണ്. എങ്കിലും യൂറോപ്യഭാഷകളിലെ നവീനനാടകങ്ങൾക്കുള്ള പരിഷ്കാരമൊക്കെ അതിനുമുണ്ട്. ആക്കാലത്ത് അത്ര പരിഷ്കൃതരീതിയിലുള്ള നാടകം ഉണ്ടാകണമെങ്കിൽ നാട്യശാസ്ത്രം അതിനു എത്രയോ ശതവർഷം മുമ്പു ഉണ്ടായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. നാടകത്തെക്കുറിച്ചുള്ള ഏററവും പുരാതന ഗ്രന്ഥം ഭരതസൂത്രങ്ങളാകുന്നു. അവയെ അടിസ്ഥാനപ്പെടുത്തിയും കാവ്യത്തിനും നാടകങ്ങൾക്കും ആവശ്യമായ അലങ്കാരങ്ങളേക്കുറിച്ചും അനേകം പുസ്തകങ്ങളുണ്ട്. അലങ്കാരങ്ങളോ... രൂപകങ്ങൾ പത്തും ഉപരൂപകങ്ങൾ പതിനെട്ടും ഉണ്ട്. രൂപകങ്ങൾ ഏവയെന്നാൽ:—

1. നാടകം—ഇതിന്നു അഞ്ചുമുതൽ പത്തുവരെ അങ്കങ്ങൾ ഉണ്ടായിരിക്കണം. കഥ (വസ്തു) രാമചരിതംപോലെ ശ്രുതിപ്പെട്ടതായി സൽപ്രവൃത്തികളടങ്ങിയതും സദുപദേശത്തെ കൊടുക്കുന്നതും വാചകം ഭംഗിയുള്ളതും ആയിരിക്കണം. അഞ്ചു സന്ധികളും നാലുവിധം വൃത്തിയും അറുപത്തുനാലു അംഗങ്ങളും മുപ്പത്താറു ലക്ഷണങ്ങളും ഉണ്ടായിരിക്കണം. നായകൻ ധീരോദാത്തനായി ദുഷ്യന്തനെപ്പോലെ രാജർഷിയോ ശ്രീകൃഷ്ണനെപ്പോലെ ദിവ്യനോ അർജ്ജുനനെപ്പോലെ ദിവ്യാദിവ്യനോ രാമചന്ദ്രനെപ്പോലെ നരാഭിമാനിയോ ആയിരിക്കണം. ശൃംഗാരരസമോ വീരരസമോ പ്രധാനമായിരിക്കണം. നിർവ്വഹണത്തിൽ അത്ഭുതരസവും വേണം. അങ്കങ്ങളുടെ ദീർഘത ഗോപുച്ഛാഗ്രംപോലെ കുറഞ്ഞുകുറഞ്ഞു വരണം. നാടകത്തിന്നു നാലു പതാകാസ്ഥാനകങ്ങളും പത്തു അങ്കങ്ങളും ഉണ്ടായിരുന്നാൽ മഹാനാടകമായി. നാടകത്തിന്റെ ഒരു ഉദാഹരണം ശാകുന്തളവും മഹാനാടകത്തിന്റെ ഉദാഹരണം ബാലരാമായണവും ആകുന്നു. ഹനുമന്നാടകം പതിനാലങ്കത്തിൽ ഒരു മഹാനാടകം ആണ്.

2. പ്രകരണം—ഏകദേശം നാടകംപോലെ തന്നെയാണ്. എന്നാൽ കഥ ലൌകികവും കവികല്പിതവും പ്രധാനരസം ശൃംഗാരവും നായകൻ ധീരപ്രശാന്തനായ ബ്രാഹ്മണനോ, മന്ത്രിയോ, വ്യാപാരിയോ ആയും നായികാ കുലസ്ത്രീയോ വേശ്യയോ ആയും ഇരിക്കണം. ഉദാഹരണങ്ങൾ മൃച്ഛകടികാ, മാലതീമാധവം, പുഷ്പഭൂഷിതം.

3. ഭാണം—ഒരങ്കത്തിലായും വസ്തു കവികല്പിതമായും സന്ധികളിൽ മുഖവും നിർവ്വഹണവും മാത്രമുള്ളതായും ഇരിക്കണം. ലീലാമധുകരവും വസന്തതിലകവും ഭാണങ്ങളാണ്.

4. വ്യായോഗം—ഇതു് ഒരങ്കത്തിലും കഥ പ്രസിദ്ധിയുള്ളതും പാത്രങ്ങളിൽ സ്ത്രീകൾ ചുരുക്കമായും നായകൻ വീരോദ്ധതനായും കഥ ഹാസ്യശൃംഗാരശാന്തരസങ്ങളോടു കൂടിയതായും ഇരിക്കണം. ധനഞ്ജയവിജയം ഒരു ഉദാഹരണമാണ്.

5. സമവകാരം—പലവിഷയങ്ങൾ കൂടി കലൎന്നിട്ടുള്ള ഈ രൂപകത്തിൽ നാലങ്കങ്ങൾ ഉണ്ടായിരിക്കയും കഥ ദേവകളേയും അസുരരെയും സംബന്ധിച്ചതും ആയിരിക്കണം. സമുദ്രമഥനം സമവകാരത്തിന്റെ ഒരു ഉദാഹരണമാണ്.

6. ഡിമം ഇതിന്നു നാലങ്കങ്ങളും പതിനാറു നായകന്മാരും വേണം. പ്രധാനരസം രൗദ്രവും കഥ ശ്രുതിപ്പെട്ടതും ആയിരിക്കണം. ത്രിപുരദാഹവും വീരഭദ്രവിജയവും ഉദാഹരണങ്ങളാണ്.

7. ഈഹാമൃഗം ഇതിന്നും നാലങ്കങ്ങൾ വേണം. കഥ മിശ്രവൃത്തമായി കവികല്പിതഭാഗങ്ങളോടു കൂടിയിരിക്കണം. നായകനും പ്രതിനായകനും മനുഷ്യരോ ദേവകളോ ആയിരിക്കണം. ചിലരുടെ അഭിപ്രായത്തിൽ ആറു നായകന്മാർ വേണം. കുസുമശേഖരവിജയം ഇതിന്റെ ഒരു ഉദാഹരണമാണ്.

8. അങ്കം അല്ലെങ്കിൽ ഉൽസൃഷ്ടികാങ്കം ഇതിന്നു ഒരങ്കമേയുള്ളൂ. നായകന്മാർ പ്രാകൃതനരരായും പ്രധാനരസം കരുണരസമായും ഇരിക്കണം. ഇതിന്റെ സൃഷ്ടി (രൂപം) സാധാരണ നിയമങ്ങളെ അതിക്രമിച്ചിരിക്കയും വേണം. ശർമ്മിഷ്ഠായയാതി ഒരു അങ്കമാണ്.

9. **വീഥി** ഒരങ്കത്തിൽ ഒരു വീഥി (മാല) പോലെ പലവിധ രസങ്ങളോടുകൂടിയും പതിമ്മൂന്നു അംഗങ്ങളുള്ളതായും ഇരിക്കണം. ഒരു പാത്രം മാത്രമെ രംഗത്തിൽ വരൂ. ആകാശഭാഷിതം കൊണ്ടു കഥ പൂരിപ്പിക്കുന്നു. മാളവികം ഇതിന്റെ ഒരു ഉദാഹരണം.

10. **പ്രഹസനം** ഇതിനും ഒരങ്കമേയുള്ളൂ. കഥ കവികല്പിതവും പാത്രങ്ങൾ നിന്ദ്യരും പ്രധാനരസം ഹാസ്യവും ആയിരിക്കണം. കന്ദർപ്പകേളി ഒരു ശുദ്ധപ്രഹസനത്തിന്റെയും ധൂർത്തസമാഗമം ഒരു സങ്കീർണ്ണപ്രഹസനത്തിന്റെയും ഉദാഹരണങ്ങളാണ്.

**രേണുകാ** — പ്രസേനജിത്തിന്റെ പുത്രി. ജമദഗ്നിയുടെ ഭാര്യ. പരശുരാമന്റെ മാതാവ്. പാതിവ്രത്യനിഷ്ഠനിമിത്തം കയ്യിൽ വെള്ളം കട്ടിയായതു ഉരുകിപ്പോകയില്ല. ഒരിക്കൽ വെള്ളം കൊണ്ടുവന്നതു അല്പം ഉരുകിക്കണ്ടു. ഇങ്ങനെ പാതിവ്രത്യഭംഗം ഉണ്ടെന്നു സംശയിക്കയാൽ അവളെ കൊന്നുകളവാനായി ജമദഗ്നി തന്റെ പുത്രന്മാരോടാവശ്യപ്പെട്ടു മൂത്തമക്കളായ രുമന്വാനും സുഷേണനും വസുവും പിതാവിന്റെ ആജ്ഞയെ നിഷേധിക്കയും ജമദഗ്നി അവരെ ശപിക്കയും അവർ ഭ്രാന്തന്മാരായി പോകയും ചെയ്തു. നാലാമത്തെ പുത്രനായ പരശുരാമൻ പിതാവിന്റെ ഇഷ്ടപ്രകാരം അമ്മയുടെ തലവെട്ടിക്കളഞ്ഞു. അതുകൊണ്ടു ജമദഗ്നി സന്തോഷിച്ച് പരശുരാമനു എന്തു വരമെങ്കിലും കൊടുക്കാമെന്നു പറഞ്ഞു. പരശുരാമൻ തന്റെ അമ്മയെ മരിച്ചുപോയി എന്നു അറിവില്ലാതെയും വിശുദ്ധതയിലും ജീവിപ്പിക്കണമെന്നും തന്റെ സഹോദരന്മാർക്കു വീണ്ടും സുബുദ്ധി കൊടുക്കണമെന്നും മറ്റും ചോദിച്ചു. ജമദഗ്നി ഈ അപേക്ഷകളെയെല്ലാം സമ്മതിക്കയും ചെയ്തു. രേണുകയെ ജീവിപ്പിക്കുന്നതിനു ഒരു പറച്ചിയുടെ ശിരസ്സാണു വെച്ചതു. രേണുകയുടെ ശിരസ്സു പറച്ചിക്കും വെച്ചു. അതിനാൽ രേണുകയെ യെല്ലമ്മ എന്ന പേരിൽ പാറയർ ഒരു ദേവിയായി ആരാധിക്കുന്നു. രേണുകയ്ക്കു കൊങ്കണാ എന്നും പേരുണ്ടായിരുന്നു.

**രേവതി** — രൈവതരാജാവിന്റെ പുത്രി, ബലരാമന്റെ ഭാര്യ. അതിസുന്ദരിയായ അവൾക്കു തക്കതായ ഒരു ഭർത്താവിനെ ഭൂമിയിൽ കിട്ടുകയില്ലെന്നു വിചാരിച്ചു രൈവതൻ അവൾക്കു ഒരു ഭർത്താവിനെ തിരഞ്ഞെടുക്കുന്ന കാര്യത്തെപ്പറ്റി ആലോചിപ്പാനായി ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു. ബ്രഹ്മാവ് വിഷ്ണുവിനെ വളരെ സ്തുതിച്ചു പറഞ്ഞിട്ട് വിഷ്ണുവിന്റെ ഒരംശം ദ്വാരകയിൽ ബലരാമനായി അവതാരം ചെയ്തിട്ടുണ്ടെന്നു രൈവതനോടു പറഞ്ഞു. ബ്രഹ്മലോകത്തിൽ വളരെക്കാലം താമസിച്ചശേഷം രൈവതൻ താനറിയാതെ ഭൂമിയിങ്കലേക്കു തിരിച്ചു വന്നപ്പോൾ മനുഷ്യരുടെ വലിപ്പം കുറഞ്ഞും ശക്തി ക്ഷയിച്ചും ബുദ്ധി മന്ദിച്ചും കണ്ടു. രൈവതൻ രേവതിയെ ബലരാമനു കൊടുത്തു. എന്നാൽ രേവതിക്കു നീളം അധികമായിപ്പോകയാൽ ബലരാമൻ തന്റെ ഹലായുധംകൊണ്ടു അവളുടെ നീളം കുറച്ചശേഷം അവളെ ഭാര്യയായിഎടുത്തു.

**രേവന്തൻ** — സൂര്യന്റെയും സംജ്ഞയുടെയും പുത്രൻ. ഗുഹ്യകരുടെ പ്രധാനൻ. ഹയവാഹനനെന്നും പേരുണ്ട്.

**രേവാ** — ൧. നർമ്മദാ നദി. ൨. കത്തന്റെ ഭാര്യ. ൩. രതീ.

**രൈഭ്യൻ** — ഭരദ്വാജന്റെ സ്നേഹിതനായ ഒരു ഋഷി. അർവാവസു എന്നും പരാവസു എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഭരദ്വാജന്റെ ഒരു ശാപ

ത്താൽ പരാവസു തന്റെ പിതാവിനെ ഒരു മാനാണെന്നു വിചാരിച്ചു കൊല്ലാൻ സംഗതിയായി. സഹോദരന്റെ പാപം മോചിച്ചു കിട്ടുവാനായി അർവ്വാവസു വനത്തിൽ പോയി തപസ്സുചെയ്തു. തിരികെ വന്നപ്പോൾ പിതാവിനെ കൊന്നതു അർവ്വാവസുവാണെന്നു പരാവസു പറകയാൽ അവൻ വീണ്ടും വനത്തിൽ പോയി തപസ്സുചെയ്തു. ദേവകൾക്കു ഇതുകൊണ്ടു സന്തോഷമുണ്ടായിപരാവസുവിനെ രാജ്യത്തിൽനിന്നു ഭ്രഷ്ടനാക്കുകയും രൈഭ്യനെ വീണ്ടും ജീവിപ്പിക്കയും ചെയ്തു. യവക്രീതൻ നോക്കുക.

**രൈവതൻ**—രേവതന്റെ പുത്രൻ. സുന്ദരിയായ രേവതിയുടെ പിതാവു്. ബ്രഹ്മാവിന്റെ ഉപദേശപ്രകാരം രേവതിയെ ബലരാമനു ഭാര്യയായി കൊടുത്തു. ൨. അഞ്ചാമത്തെ മനു.

**രോഹിണി**—൧. കശ്യപന്റെയും സുരഭിയുടെയും പുത്രി. കാമധേനു തുടങ്ങി എല്ലാ കന്നുകാലികളുടെയും മാതാവു്. ൨. ദക്ഷന്റെ പുത്രി. ചന്ദ്രന്റെ ഇഷ്ടഭാര്യ. ൩. വസുദേവന്റെ ഒരു ഭാര്യ. ബലരാമന്റെ മാതാവു. ൪. കൃഷ്ണന്റെ ഒരു ഭാര്യ.

**രോഹിതൻ, രോഹിതാശ്വൻ**—ഹരിശ്ചന്ദ്രരാജാവിന്റെ പുത്രൻ.

**രൗക്മിണേയൻ**—പ്രദ്യുമ്നൻ.

**രൗദ്രൻ**—൧. കാൎത്തികേയൻ. ൨. യമൻ.

**റീവു്**— ഒരു യൂറോപ്യൻ പാദ്രി. കൎണ്ണാടക-ഇംഗ്ലീഷു്, ഇംഗ്ലീഷ്-കൎണ്ണാടക ഇങ്ങനെ രണ്ടു വിശേഷനിഘണ്ടുക്കളുടെ കൎത്താവു്.

**റോബർട്ടുഡിനോബിലി**—തത്വബോധകർ നോക്കുക.

## ല

**ലൻ**—ഇന്ദ്രൻ.

**ലക്ഷദ്വീപം**—ഭദ്രദ്വീപം നോക്കുക.

**ലക്ഷ്മണൻ**—൧. ദുൎയ്യോധനന്റെ പുത്രൻ. അഭിമന്യു കൊന്നു. ൨. സുമിത്രയിൽ ദശരഥന്റെ പുത്രൻ. അദ്ധ്യാത്മരാമായണപ്രകാരം ശേഷസൎപ്പത്തിന്റെ അവതാരം. ബാല്യത്തിൽ രാമനോടുകൂടി വിശ്വാമിത്രന്റെ ആശ്രമത്തിലേക്കു പോയി. സീതയുടെ സഹോദരിയായ ഊൎമ്മിളയെ വിവാഹം ചെയ്തു. അംഗദൻ എന്നും ചന്ദ്രകേതു എന്നും രണ്ടു പുത്രന്മാരുണ്ടായി. ദണ്ഡകാരണ്യത്തിൽവെച്ചു് രാവണന്റെ സഹോദരിയായ ശൂൎപ്പണഖയുടെ മൂക്കും മുലയും മുറിച്ചുകളഞ്ഞു. രാവണനോടുള്ള യുദ്ധത്തിൽ ശ്രീരാമനു വളരെ സഹായങ്ങൾ ചെയ്തു. ദുൎവ്വാസസ്സു മഹൎഷിയുടെ ശാപത്തിൽനിന്നു് രാമനെ രക്ഷിക്കുന്നതിനുവേണ്ടി അവനും കാലനും തമ്മിലുള്ള രഹസ്യസംഭാഷണത്തിനു, അങ്ങിനെ ചെയ്യുന്നതിന്റെ ഗുണദോഷം അറിഞ്ഞുംകൊണ്ടു, വിഘ്നം വരുത്തുകയാൽ ലോകത്തിൽ പിന്നെ പാൎക്കുന്നതു അസാദ്ധ്യമായി തീൎന്നതുകൊണ്ടു് ദേവകൾ വന്നു് ലക്ഷ്മണനെ ശരീരത്തോടെ സ്വൎഗ്ഗത്തിലേക്കു കൊണ്ടുപോയി.

**ലക്ഷ്മി**—തൈത്തിരീയസംഹിതാപ്രകാരം ലക്ഷ്മിയും ശ്രീയും ആദിത്യന്റെ ഭാര്യമാരാണു്. പുരാണങ്ങൾപ്രകാരം ലക്ഷ്മീ അല്ലെങ്കിൽ ശ്രീ വിഷ്ണുവിന്റെ ഭാര്യയും കാമദേവന്റെ മാതാവുമാണു്. രാമായണപ്രകാരം സമുദ്രമഥനത്തിങ്കൽ വെള്ളത്തിന്റെ പതയിൽനിന്നുണ്ടായി. പേരുകൾ:—

ലക്ഷ്മീഃ പത്മാലയാ പത്മാ കമലാ ശ്രീർഹരിപ്രിയാ ॥
ഇന്ദിരാ ലോകമാതാ മാ ക്ഷീരോദതനയാ രമാ ।
ഭാർഗവീ ലോകജനനീ ക്ഷീരസാഗരകന്യകാ ॥

**ലക്ഷ്മീകാന്തൻ (ഈശൻ, നാഥൻ, പതി, രമണൻ)**—വിഷ്ണു.

**ലക്ഷ്മീദാസൻ നമ്പൂതിരി**,—കരിങ്ങമ്പുള്ളി കൊല്ലം ൧-ാം ശതവർഷം. കൊച്ചി സംസ്ഥാനം കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചു ശുകസന്ദേശം എന്നൊരു കാവ്യം രചിച്ചു. രാമേശ്വരത്തുനിന്നു ഒരു കിളി മുഖാന്തരം കൊച്ചിയിൽ തന്റെ ഭാര്യക്കു ഒരു സന്ദേശം അയയ്ക്കുന്നതായിട്ടാണു കാവ്യം. കാവ്യത്തിനു ചില വ്യാഖ്യാനങ്ങൾ ഉണ്ടു്.

**ലക്ഷ്മീപുത്രൻ**—ഏ. കുശൻ. ൨. ലവൻ. ൩. കാമദേവൻ.

**ലക്ഷ്മീസഹോദരൻ**—ഇന്ദ്രന്റെ കുതിര.

**ലഘുകൌമുദി**—പാണിനിയുടെ വ്യാകരണം വരദരാജൻ ചുരുക്കി ലഘുവാക്കി ചമച്ചതു്.

**ലങ്കാ**—കുബേരനു പാർപ്പാനായി വിശ്വകർമ്മാവു് പൊന്നുകൊണ്ടുണ്ടാക്കിയ നഗരം. കുബേരനോടു രാവണൻ പിടിച്ചുപറിച്ചു. ഭാഗവതപുരാണപ്രകാരം ലങ്കാനഗരം മേരുപർവതത്തിന്റെ ഒരു ശിഖരമാണു്. വായു ശിഖരം പൊട്ടിച്ചു് സമുദ്രത്തിലേക്കു എറിഞ്ഞതു ലങ്കാദ്വീപായി തീർന്നു.

**ലംബാ**—ഏ. ദുർഗ്ഗാ. ൨. ലക്ഷ്മീ.

**ലംബോദരൻ**—ഗണേശൻ.

**ലളിതവിസ്താരം**—ബുദ്ധന്റെ ചരിത്രവും ഉപദേശങ്ങളും അടങ്ങിയ കാവ്യം.

**ലവൻ**—രാമചന്ദ്രന്റെ ഒരു പുത്രൻ. കുശനോടുകൂടി വാല്മീകിയാൽ വളർത്തപ്പെട്ടു. ശ്രാവസ്തിയിൽ വാണു.

**ലവണൻ**—രാവണന്റെ സഹോദരിയും വിശ്രവസ്സിന്റെ പുത്രിയും ആയ കുംഭീനസിയിൽ മധുവിന്റെ പുത്രനായ ഒരു രാക്ഷസൻ. മധുരരാജാവു്.
ശിവൻ മധുവിനു കൊടുത്ത ശൂലം കൈവശം ഉണ്ടായിരുന്നപ്പോൾ ഒരിക്കലും അവന്റെ
ആക്കും തോല്പിക്കാൻ കഴികയില്ലായിരുന്നു. ഒരിക്കൽ ആ ശൂലം
കൈവശം ഇല്ലാതിരുന്നപ്പോൾ ശത്രുഘ്നനാൽ വധിക്കപ്പെട്ടു.

**ലവണാസുരവധം**—പാലക്കാട്ടുദേശക്കാരനായ അമൃതശാസ്ത്രികൾ ഉണ്ടാക്കിയ ആട്ടക്കഥ.

**ലാക്ഷകീ**—സീത.

ലാംഗലി — ബലരാമൻ.

ലിംഗം — ശിവനെ ഈ രൂപത്തിലാണു പൂജിക്കുന്നതു്. ഇന്ത്യയിൽ പ്രധാനലിംഗപ്രതിഷ്ഠകൾ പന്ത്രണ്ടാണു്. സോമനാഥൻ (ഗുജരാത്തു്), മല്ലികാർജ്ജുനൻ (കർണ്ണൂൽജില്ല), മഹാകാളൻ (ഉജ്ജയിനി), ഓങ്കാരൻ (നർമ്മദാതീരം), വൈദ്യനാഥൻ (ബങ്കാൾ), രാമേശൻ (രാമേശ്വരം), ഭീമശങ്കരൻ (രാജമന്ത്രി), വിശ്വേശ്വരൻ (കാശി) ത്ര്യംബകൻ (ഗൗതമീതീരം), ഗൌതമീശൻ (സ്ഥലം നിശ്ചയമില്ല), കേദാരനാഥൻ (ഹിമാലയം), അമരേശ്വരൻ (ഉജ്ജയിനി) ഇപ്പോൾ പ്രാബല്യത്തിലുള്ളവ രാമേശ്വരവും ശ്രീശൈലവും (മല്ലികാർജ്ജുനൻ) ആകുന്നു.

ലീലാതിലകം — കേരളഭാഷാശാസ്ത്രവിഷയകമായി സംസ്കൃതത്തിലുണ്ടാക്കിയിട്ടുള്ള ഒരു വിശിഷ്ട വ്യാകരണഗ്രന്ഥം. പാണിനീയത്തെ അനുകരിച്ചു സൂത്രങ്ങളും വൃത്തികളും. കണ്ണശ്ശപ്പണിക്കരുടെ കാലത്തുള്ളതെന്നു സങ്കല്പം.

ലീലാവതി — ൧. ഭദ്ര്. ൨. മയാസുരന്റെ ഭാര്യ. ൩. ഭാസ്കരാചാര്യന്റെ സിദ്ധാന്തശിരോമണിയിൽ കണക്കുശാസ്ത്രത്തെപ്പററിയുള്ള ശ്രുതിപ്പെട്ട ഭാഗത്തിന്റെ പേരു്.

ലീലാശുകൻ — കൃഷ്ണകർണ്ണാമൃതത്തിന്റെ കർത്താവു്. ഈ കവി മരിച്ചശേഷം ജയദേവനായി ജനിച്ചു്, ഗീതഗോവിന്ദം ഉണ്ടാക്കിയെന്നും പിന്നെ നാരായണതീർത്ഥനായി ജനിച്ചു് കൃഷ്ണലീലാതരംഗിണി ഉണ്ടാക്കിയെന്നും ഐതിഹ്യം.

ലോകം — സാധാരണമായി സ്വർഗ്ഗം, ഭൂമി, പാതാളം ഇങ്ങനെ മൂന്നു ലോകങ്ങൾ ഉണ്ടു്. ചില പുരാണങ്ങൾപ്രകാരം പതിനാലു ലോകങ്ങൾ ഉണ്ടു്. അവയിൽ ഏഴു പാതാളത്തിൽ ഉൾപ്പെട്ടവയാണു്. മറേറ ഏഴു ലോകങ്ങളുടെ പേരുകൾ ൧. ഭൂലോകം അല്ലെങ്കിൽ ഭൂമി. ൨. ഭുവർലോകം അല്ലെങ്കിൽ ഭൂമിക്കും സൂര്യനും മദ്ധ്യേ മുനിമാർ സിദ്ധർ മുതലായവർ ഉള്ളസ്ഥലം. ൩. സ്വർല്ലോകം അല്ലെങ്കിൽ ഇന്ദ്രന്റെ സ്വർഗ്ഗം. ൪. മഹർല്ലോകം അല്ലെങ്കിൽ ഭൃഗു മുതലായ ഋഷിമാരുടെ വാസസ്ഥലം. ൫. ജനലോകം അല്ലെങ്കിൽ ബ്രഹ്മാവിന്റെ പുത്രന്മാരായ സനകൻ, സനന്ദൻ, സനൽകുമാരൻ ഇവരുടെ വാസസ്ഥലം ൬. തപോലോകം അല്ലെങ്കിൽ വൈരാഗികൾ പാർക്കുന്നസ്ഥലം. ൭ സത്യലോകം അല്ലെങ്കിൽ ബ്രഹ്മാവിന്റെ ലോകം. സത്യലോകത്തിൽ എത്തിയാൽ പിന്നെ പുനർജ്ജന്മം ഇല്ല ആദ്യത്തെ മൂന്നു ലോകങ്ങളും ഓരോ കല്പത്തിന്റെ അവസാനത്തിൽ നശിച്ചുപോകുന്നു. നാലാമത്തെ ലോകം കല്പാവസാനത്തിൽ നശിച്ചുപോകുന്നില്ലെങ്കിലും മറേറ ലോകങ്ങൾ ദഹിക്കുമ്പോഴുള്ള ഉഷ്ണംനിമിത്തം അവിടം പാർക്കാൻ പാടില്ലാത്തതായിത്തീരുന്നു. ഒടുവിലത്തെ മൂന്നു ലോകങ്ങൾ ബ്രഹ്മാവിന്റെ ജീവാവസാനത്തിങ്കലും നശിച്ചുപോകുന്നു. വേദാന്തികൾ ൧ ബ്രഹ്മലോകം, ൨. പിതൃലോകം, ൩. സോമലോകം, ൪. ഇന്ദ്രലോകം, ൫. ഗന്ധർവ്വലോകം, ൬ രാക്ഷസലോകം. ൭. യക്ഷലോകം, ൮. പിശാചലോകം ഇങ്ങനെ എട്ടു ലോകങ്ങൾ ഉണ്ടെന്നു പറയുന്നു.

ഭൂമിക്കു കീഴുള്ള ലോകങ്ങളുടെ പേരുകൾ അതലം, വിതലം, സുതലം, രസാതലം, തലാതലം, മഹാതലം, പാതാളം ഇവയാകുന്നു.

**ലോകപാലർ** — അഷ്ടദിക്കുകളിൽനിന്നു ലോകത്തെ പാലിക്കുന്ന ദേവകൾ. ൧. കിഴക്കു, ഇന്ദ്രൻ. ൨. തെക്കുകിഴക്കു, അഗ്നി. ൩. തെക്കു, യമൻ. ൪. തെക്കുപടിഞ്ഞാറു, സൂൎയ്യൻ. ൫. പടിഞ്ഞാറു, വരുണൻ. ൬. വടക്കുപടിഞ്ഞാറു, വായു. ൭. വടക്കു, കുബേരൻ. ൮. വടക്കുകിഴക്കു സോമൻ. ചിലർ നാലാമതു നിരൃതിയും എട്ടാമതു ഈശാനരൂപത്തിൽ ശിവനുമാണെന്നു പറയുന്നുണ്ടു്. ഈ അഷ്ടദിക്പാലകന്മാൎക്കും ലോകപാലർ എന്നു തന്നെ പേരുള്ള എട്ടു ആനകൾ അല്ലെങ്കിൽ അഷ്ടദിഗ്ഗജങ്ങളും ഉണ്ടു്. അവയുടെയും അവയുടെ സ്ത്രീകളുടെയും പേരുകൾ:—൧ ഇന്ദ്രന്റെ ആന ഐരാവതം, സ്ത്രീ അഭ്രമു. ൨. അഗ്നിയുടെ ആന പുണ്ഡരീകൻ, സ്ത്രീ കപിലാ. ൩. യമന്റെ ആന വാമനൻ, സ്ത്രീ പിംഗലാ. ൪. സൂൎയ്യന്റെ ആന കുമുദൻ, സ്ത്രീ അനുപമാ. ൫. വരുണന്റെ ആന അഞ്ജനൻ, സ്ത്രീ അഞ്ജനാവതീ. ൬ വായുവിന്റെ ആന പുഷ്പദന്തൻ, സ്ത്രീ ശുഭദതീ. ൭. കുബേരന്റെ ആന സാൎവ്വഭൌമൻ, സ്ത്രീ അഞ്ജനാ. ൮. സോമന്റെ ആന സുപ്രതീകൻ, സ്ത്രീ താമ്രകൎണ്ണി. രാമായണത്തിൽ ഒരിടത്തു് ഇന്ദ്രന്റെ ആന വിരൂപാക്ഷനും, വരുണന്റെ ആന സൌമനസനും, യമന്റെ ആന മഹാപത്മനും, കുബേരന്റെ ആന ഹിമപാണ്ഡുരനുമാണെന്നു പറഞ്ഞിട്ടുണ്ടു്.

**ലോകമാതാ** — ൧. സരസ്വതി. ൨. ലക്ഷ്മി.

**ലോകാലോകം** — സ്വാദൂദകജലസമുദ്രത്തിനു പുറമെ ഭൂമിയെ ചുററിയിരിക്കുന്ന ഒരു പൎവ്വതം. അതിനപ്പുറമെല്ലാം ഇരുട്ടാണു്.

**ലോപാമുദ്രാ** — തന്റെ ഭാൎയ്യയാക്കുന്നതിനുവേണ്ടി അഗസ്ത്യൻ അനേകം മൃഗങ്ങളുടെ അഴകുള്ള ഭാഗങ്ങൾ എടുത്തു സൃഷ്ടിച്ച ഒരു സ്ത്രീ. അവൾക്കു കൌശീതകീ എന്നും വരപ്രദാ എന്നും പേരുകൾ ഉണ്ടു്. ലോപാമുദ്രയെ സന്തോഷിപ്പിക്കുന്നതിനായി അഗസ്ത്യൻ ഇല്വലൻ എന്ന രാക്ഷസനെ കൊന്നു അവന്റെ അനവധി ധനം അവൾക്കു കൊടുത്തു.

**ലോമപാദൻ** — ഒരു അംഗരാജാവു്. രാജ്യത്തിൽ കുറേനാൾ മഴയില്ലാഞ്ഞിട്ടു ചില യുവതികളെ അയച്ചു ഋശ്യശൃംഗനെ വനത്തിൽനിന്നു വശീകരിച്ചുകൊണ്ടുവന്നു, തന്റെ പുത്രിയെ അവനു ഭാൎയ്യയായി കൊടുത്തു. എന്നാറെ ഋഷ്യശൃംഗൻ മഴ പെയ്യിച്ചു.

**ലോഹിതാ** — അഗ്നിയുടെ ഒരു ജിഹ്വാ.

# വ

**വൻ** — ൧. വരുണൻ. ൨. വരുണന്റെ വാസസ്ഥലം(വം) ന. രാജ്യം.

**വകൻ** — ബകൻ നോക്കുക.

**വക്രോക്തിപഞ്ചാശികാ** — ശിവനും പാൎവ്വതിയും തമ്മിൽ നടന്ന സംഭാഷണരൂപത്തിൽ ചില വക്രോക്തികളുടെ ഒരു സംഗ്രഹം. ഹരവിജയകൎത്താവായ രത്നാകരൻ ഉണ്ടാക്കിയതു്

**വചസാംപതി** — ബൃഹസ്പതി.

**വജ്റം**—ഇന്ദ്രന്റെ ആയുധം. ദധീചിമുനിയുടെ അസ്ഥികൾകൊണ്ടുണ്ടാക്കപ്പെട്ടു. പേരുകൾ:—

ഹ്രാദിനീ വജ്രമസ്ത്രീസ്യാൽ കലിശം ഭിദുരം പവിഃ।
ശതകോടിഃ സ്വരുഃ ശംബോ ദംഭോളി രശനിർദ്വയോഃ॥

അഭോഘം, ബഹുധാരം, ഭിദിരം, ക്ഷിദകം, ജമ്സരി, ഫേനവാഹി, ഷട്കോണം.

**വജ്രൻ**—അനിരുദ്ധന്റെ പുത്രൻ. സുഭദ്രയുടെ പുത്രനാണെന്നു ചിലടത്തും, ഉഷയുടെ പുത്രനാണെന്നു ചിലടത്തും കാണുന്നു. കൃഷ്ണൻ തന്റെ മരണത്തിനു കുറെ മുമ്പെ വജ്രനെ യാദവരുടെ രാജാവായി നിയമിച്ചു.

**വജ്രകാലികാ**—ശാക്യമുനിയുടെ മാതാവു്.

**വജ്രനാഭം**—കൃഷ്ണന്റെ ശ്രുതിപ്പെട്ട ചക്രം. പാണ്ഡവവനം ദഹിപ്പിച്ച് ഇന്ദ്രനെ തോല്പിക്കുവാൻ സഹായിച്ചതുകൊണ്ടു അഗ്നി കൊടുത്തു.

**വടകലർ**—ശ്രീവൈഷ്ണവരിൽ വേദാന്താചാരിയുടെ അനുഗാമികൾ. തെങ്കലവർഗ്ഗം മണവാളമാമുനിയുടെ അനുഗാമികൾ ആകുന്നു.

**വടമൊഴി**—സംസ്കൃതം. തെൻമൊഴി തമിഴ്.

**വടവാസികൾ**—യക്ഷന്മാർ—(വാസിനികൾ=യക്ഷികൾ.

**വട്ടെഴുത്തു**—തഞ്ചാവൂരിനു തെക്കോട്ടും കേരളത്തിലും മുമ്പു ഉപയോഗിച്ചിരുന്ന എഴുത്ത്. കേരളത്തിൽ പതിനാംശതാബ്ദത്തിന്റെ അവസാനംവരെ ഉപയോഗിച്ചിരുന്നു. അക്ഷരത്തിന്റെ ആകൃതിയിൽനിന്നു പേരു്. വട്ടെഴുത്തിനുമുമ്പു കോലെഴുത്തു ഉപയോഗിച്ചിരുന്നു. ഇതായിരുന്നു ശാസനങ്ങളിൽ ഉപയോഗിച്ചുവന്നതു്. ഇപ്പോൾ ഉപയോഗിക്കുന്നതു് ആര്യഎഴുത്ത്.

**വത്സപാലൻ**—ഌ. കൃഷ്ണൻ. ൨. ബലരാമൻ.

**വത്സരാജാവു**—ഉദയനൻ.

**വപുഷ്മാൻ**—സൂര്യകലത്തിലെ രാജാവായ മരുത്തനെ കൊന്നതുകൊണ്ടു മരുത്തന്റെ പുത്രൻ ആയ ദമൻ വപുഷ്മാനെ കൊന്നു് അവന്റെ രക്തംകൊണ്ടു ബലികഴിക്കയും മാംസം രാക്ഷസസന്തതിയായ ചില ബ്രാഹ്മണരെ തീറ്റുകയും ചെയ്തു.

**വരദാ**—സരസ്വതി.

**വരരുചി**—ഌ. ഒരു വൈയാകരണൻ. കാത്യായനൻ തന്നെയാണത്രെ ൨. വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒരുവൻ. ൩. ഗണിതശാസ്ത്രത്തിലാവശ്യമുള്ള വാക്യവും പരല്പേരും ഉണ്ടാക്കിയിട്ടുള്ള ഒരു ബ്രാഹ്മണൻ. ഒരു ബ്രാഹ്മണൻ എടുത്തു സ്വന്തപുത്രിയെപ്പോലെ വളർത്തിയ ഒരു പറച്ചിയെ വിവാഹംചെയ്തു ഇവരുടെ മക്കളാണ് "പറച്ചിപെറ്റ പന്തിരുകുലം" "പറച്ചിപെററ പന്ത്രണ്ടു മഹാന്മാർ."

**വരലക്ഷ്മീവ്രതം**—ശ്രാവണമാസത്തിൽ പൌർണ്ണമാസിക്കു മുമ്പുള്ള വെള്ളിയാഴ്ച സ്ത്രീകൾ ആചരിക്കുന്ന ഒരു വ്രതം. ഉദ്ദേശം വൈധവ്യം വരാതി

രിപ്പാൻ. ഒരിക്കൽ ആചരിച്ചാൽ അവരും അവരുടെ സന്താനവും ശാശ്വതമായി ആചരിക്കണം.

**വരവൎണ്ണിനീ**—൧. ദേവി. ൨. ലക്ഷ്മി. ൩. സരസ്വതി.

**വരാഹം**—വിഷ്ണുവിന്റെ ഒരവതാരം. അവതാരം നോക്കുക.

**വരാഹകല്പം**—ഇപ്പോഴത്തെ കല്പവൎഷത്തിന്റെ പേര്.

**വരാഹപുരാണം**—വരാഹാവതാരത്തിൽ വിഷ്ണു ഭൂമിദേവിക്ക് ഉപദേശിച്ച ഒരു പുരാണം.

**വരാഹമിഹിരൻ**—വിക്രമാദിത്യസഭയിലെ നവരത്നങ്ങളിൽ ഒരുവനായ ഒരു ജ്യോതിശ്ശാസ്ത്രി. ബൃഹൽസംഹിതയുടെയും ബൃഹൽജാതകത്തിന്റെയും കൎത്താവ്. ഉജ്ജയിനിയിൽ ൫൦൫-ൽ ജനിച്ചു. ൫൮൭-ൽ മരിച്ചു. ഗ്രഹണത്തെപ്പറ്റി ശരിയായ ജ്ഞാനം ഉണ്ടായിരുന്നു.

**വരീഷു**—കാമദേവൻ.

**വരുണൻ**—ലോകപാലരിൽ ഒരുവനായ വെള്ളങ്ങളുടെ ദേവൻ. മകരം വാഹനവും പാശം ആയുധവുമാണ്. വരുണൻ കൎദ്ദമന്റെ പുത്രനും പുഷ്കരന്റെ പിതാവും ആണെന്നും ഉതത്ഥ്യന്റെ ഭാൎയ്യയായ ഭദ്രയെ അവൻ കട്ടുകൊണ്ടുപോയി എന്നും മഹാഭാരതത്തിൽ കാണുന്നു.

**വരുണാനീ, വരുണീ**—വരുണന്റെ ഭാൎയ്യ; മദ്യത്തിന്റെ ദേവി. മദാ എന്നും സുരാ എന്നും പേരുകളുണ്ട്.

**വരുണാവി**—ലക്ഷ്മി.

**വൎണ്ണം, ജാതി**—നാലു ജാതികൾ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ ഇവരാകുന്നു. ഇവരിൽ ആദ്യത്തെ ജാതികൾ മൂന്നും ദ്വിജന്മാരാണ്. ബ്രാഹ്മണരുടെ പേരുകളോടു ശൎമ്മാ, ദേവൻ എന്നും, ക്ഷത്രിയരുടെ പേരുകളോടു വൎമ്മാ, ത്രാതാ എന്നും, വൈശ്യരുടെ പേരുകളോടു ഗുപ്തൻ, ഭൂതി, ദത്തൻ എന്നും, ശൂദ്രരുടെ പേരുകളോടു ദാസൻ എന്നും സാധാരണയായി ചേൎക്കാറുണ്ട്.

ശൎമ്മാദേവശ്ചവിപ്രസ്യ വൎമ്മാത്രാതാചഭൂഭുജഃ।
ഭൂതിൎദ്ദത്തശ്ചവൈശ്യസ്യ, ദാസഃശൂദ്രസ്യകാരയേൽ॥

ബ്രഹ്മാവ ജപത്തിനും വായനയ്ക്കും ഉപദേശത്തിനുമായി ബ്രാഹ്മണരെ തന്റെ മുഖത്തുനിന്നും ഉണ്ടാക്കി. വില്ലു ഉപയോഗിക്കുന്നതിനും യുദ്ധംചെയ്യുന്നതിനും ഭരിക്കുന്നതിനുമായി ക്ഷത്രിയരെ ഭുജത്തിൽനിന്നുണ്ടാക്കി. കൃഷികൊണ്ടും വ്യാപാരംകൊണ്ടും പോഷിപ്പിക്കുന്നതിനായി വൈശ്യരെ തുടയിൽനിന്നുണ്ടാക്കി. ശുശ്രൂഷിക്കുന്നതിനും വേലചെയ്യുന്നതിനുമായി ശൂദ്രരെ കാലുകളിൽനിന്നും ഉണ്ടാക്കി ഇപ്പോൾ ജാതികൾ അനേകം ഉണ്ട്.

**വൎണ്ണമാതൃകാ**—സരസ്വതീ.

**വർഷം**—ലോകത്തിന്റെ ഒരു ഭാഗം. കുരു, ഹിരണ്മയ, രമ്യക, ഇളാവൃത, ഹരികേതുമാല, ഭദ്രാശ്വ, കിന്നര, ഭാരത ഇങ്ങനെ ഒമ്പതു വർഷങ്ങളായി ലോകം വിഭാഗിക്കപ്പെട്ടിരിക്കുന്നു.

**വർഷഗിരി**—ലോകത്തിന്റെ വർഷങ്ങളെ അന്യോന്യം വേർതിരിക്കുന്ന പർവതം. ഇങ്ങനെ ഏഴു പർവതങ്ങൾ ഉണ്ട്.

ഹിമവാൻഹേമകൂടശ്ച നിഷധോമേരുരേവച।
ചൈത്രഃകർണ്ണീചശൃംഗീച സപ്തൈതേവർഷപർവതാഃ॥

**വറുഗീസുമാപ്പിള, കണ്ടത്തിൽ**—മലയാളഭാഷയുടെ അഭിവൃദ്ധിക്കായി വളരെ യത്നിച്ചിട്ടുള്ള ഒരു ഗ്രന്ഥകർത്താവ്. മലയാളമനോരമപ്പത്രവും ഭാഷാപോഷിണി മാസികയും സ്ഥാപിച്ചു. ദുഷ്യവിച്ഛേദനം ആട്ടക്കഥയും എബ്രായക്കുട്ടിനാടകവും ഉണ്ടാക്കീട്ടുണ്ട്. കലഹിനീദമനകംനാടകം സച്ചരിതശതകം ഗാനമാല വേറെ കൃതികൾ. പലരെയും ഗ്രന്ഥനിർമ്മാണത്തിൽ ഉത്സാഹിപ്പിച്ചു ഭാഷയെ അഭിവൃദ്ധിപ്പെടുത്തുകയാൽ ഭാഷാചരിത്രത്തിൽ ഒരു മുഖ്യസ്ഥാനത്തിനും അവകാശി.

**വല്ലഭദേവൻ**—൧൬-ാംശതാബ്ദത്തിൽ ജീവിച്ചിരുന്ന അതിവീരരാമപാണ്ഡിയൻ എന്ന പേരായ രാജാവ്. തമിഴിൽ നൈഷധം മുതലായ കാവ്യങ്ങൾ ഉണ്ടാക്കി. വെററിവെർക്കൈ എന്ന ചെറിയ കാവ്യമാണു പ്രധാനകൃതി.

**വല്ലഭാചാര്യർ**—വൈഷ്ണവമതത്തിന്റെ ശ്രുതിപ്പെട്ട സ്ഥാപകൻ.

**വല്ലി, വള്ളി**—സുബ്രഹ്മണ്യന്റെ ഭാര്യ. ഓരോ സ്ഥലങ്ങളിൽ ഈ പേരു വേറെ പദങ്ങളോടു ചേർത്തു ഉപയോഗിക്കുന്നു. വേദവല്ലി, കനകവല്ലി; പങ്കജവല്ലി, അംബുജവല്ലി, കോമളവല്ലി, വിജയവല്ലി, ചമ്പകവല്ലി, സുന്ദരവല്ലി ഇത്യാദി.

**വസന്തസേനാ**—മൃച്ഛകടികാനാടകത്തിന്റെ നായികാ.

**വസിഷ്ഠൻ**—സപ്തർഷികളിൽ ഒരുവനായ ഒരു പ്രജാപതി. മിത്രനും വരുണനും ഉർവശിയെക്കണ്ടു മോഹിക്കയും അപ്പോൾ അവരിൽനിന്നു ബീജം വീഴുകയും നിലത്തുവീണ ബീജത്തിൽനിന്നു വസിഷ്ഠനും ഒരു ഭരണിയിൽവീണതിൽനിന്നു അഗസ്ത്യനും ഉണ്ടാകയുംചെയ്തു. വസിഷ്ഠൻ ഇക്ഷ്വാകു മുതൽ അറുപത്തൊന്നു തലമുറയോളം സൂര്യകുലരാജാക്കന്മാരുടെ പുരോഹിതനായിരുന്നു.

വസിഷ്ഠന്റെയും വിശ്വാമിത്രന്റെയും ശത്രുതയെപ്പററി അനേകം കഥകളുണ്ട്. കല്മാഷപാദൻ എന്ന രാജാവ് വസിഷ്ഠന്റെ പുത്രനായ ശക്തിയുടെ ശാപത്താൽ ഒരു രാക്ഷസനായിതീരുകയും വിശ്വാമിത്രന്റെ ഉപായത്താൽ നരമാംസഭോജിയായ ഒരു രാക്ഷസനായിതീരുകയും അങ്ങനെ ശക്തി മുൾപ്പെടെ വസിഷ്ഠന്റെ എല്ലാ പുത്രന്മാരെയും ഭക്ഷിച്ചുകളകയുംചെയ്തു. വസിഷ്ഠൻ വ്യസനം സഹിക്കാൻ കഴിയാഞ്ഞിട്ടു ആത്മഹത്യചെയ്യാൻഭാവിച്ചു. മേരുപർവതത്തിന്റെ മുകളിൽനിന്നു താഴത്തോട്ടുചാടി എന്നാൽ അവൻ വന്നുവീണപാറ പഞ്ഞിപോലെ മാർദ്ദവമുള്ളതായിത്തീർന്നു, എരിയുന്ന ഒരു വനത്തിൽ കൂടി നടന്നു; എന്നാൽ അവൻ പോയവഴി അഗ്നിക്കു ചൂടില്ലായിരുന്നു; കഴുത്തിൽ കല്ലുകെട്ടിയുംകൊണ്ടു സമുദ്രത്തിൽ ചാടി എന്നാൽ തിരകൾ കരയ്ക്കുകൊണ്ടാക്കി

കയ്യും കാലും കെട്ടിക്കൊണ്ട ഒരു നദിയിൽചാടി എന്നാൽ കെട്ടുകൾ താനേ
അഴിഞ്ഞു അവൻ കരകേത്തി (ആ നദിക്കു ഈ സംഭവത്തിൽനിന്നു വിപാ
ശാ എന്നു പേരുണ്ടായി); മുതലകൾഉള്ള ഒരു നദിയിൽ ഇറങ്ങി എന്നാൽ നദി
നൂറുവഴിയായി ഓടിക്കളഞ്ഞു (നദിക്കു ശതദ്രു എന്നു പേരുവന്നു): ഇങ്ങനെഒരു
വിധവും മരിക്കാൻ കഴിയാഞ്ഞിട്ട ആശ്രമത്തിലേക്കു തിരിച്ചുവരുമ്പോൾ
കല്മാഷപാദനെകണ്ട ശാപത്തിൽനിന്നു ഉദ്ധരിച്ചു അയച്ചു.

വിശ്വാമിത്രൻ ഒരിക്കൽ വസിഷ്ഠനെ കൊല്ലുന്നതിനായി തന്റെ അടുക്കൽ
കൊണ്ടുവരുവാൻ സരസ്വതീനദിയോട കല്പിച്ചു. സരസ്വതീനദി വസിഷ്ഠൻ
തന്നെ പറഞ്ഞിട്ട അവനെ കൊല്ലുവാൻ ആയുധപാണിയായി നിന്ന വിശ്വാ
മിത്രന്റെ അടുക്കലേററം അവനെ കൊണ്ടുചെന്നിട്ടു വേറൊരുവഴിയായി പൊ
യ്ക്കളഞ്ഞു.

വസിഷ്ഠന്റെയും വിശ്വാമിത്രന്റെയും ശത്രുത രാമായണത്തിലാണ തെളി
വായി കാണുന്നത്. വിശ്വാമിത്രൻ അനേകായിരം വർഷം ഭൂമിയിൽ ഒരു
രാജാവായിരുന്നു. ഒരിക്കൽ വസിഷ്ഠന്റെ ആശ്രമത്തിൽ കണ്ട കാമധേനുവി
നെ മോഹിക്കയും വസിഷ്ഠൻ കൊടുക്കാഞ്ഞിട്ട ബലത്താൽ പിടിച്ചുകൊണ്ടു
പോവാൻ ശ്രമിക്കയുംചെയ്തു. അതിനാൽ വിശ്വാമിത്രന്റെസേനകളും തന്റെ
യജമാനന്റെ സഹായത്തിനായി കാമധേനുവിൽനിന്നുണ്ടായ സേനകളും
തമ്മിൽ യുദ്ധം ഉണ്ടാകയും വിശ്വാമിത്രൻ തോററ് വസിഷ്ഠന്റെ ശാസ
ത്താൽ അവന്റെ നൂറുപുത്രന്മാരും നശിച്ചുപോകയും ചെയ്തു. അതിനാൽ
അവൻ രാജ്യം ഉപേക്ഷിച്ചുംവെച്ച ഹിമാലയത്തിൽപോയി തപസ്സുചെയ്തു.
കുറച്ചുനാൾ കഴിഞ്ഞാറെ വിശ്വാമിത്രനും വസിഷ്ഠനും തമ്മിൽപിന്നെയുംകണ്ടു
മുട്ടിദ്വന്ദ്വയുദ്ധം ചെയ്തു അതിൽ ബ്രാഹ്മണനായ വസിഷ്ഠൻ ജയിക്കകൊണ്ടു
വിശ്വാമിത്രൻ ബ്രാഹ്മണനാവാൻവേണ്ടി പോയി പിന്നെയും തപസ്സുചെയ്തു
ബ്രാഹ്മണനായിതീൎന്നു. പിന്നീട ഒരിക്കൽ വസിഷ്ഠന്റെ മക്കൾ വിശ്വാമിത്രൻ
ക്ഷത്രിയനാകകൊണ്ട ബ്രാഹ്മണത്വം ഇല്ലെന്നു പറഞ്ഞ് നിന്ദിക്കകൊണ്ട വി
ശ്വാമിത്രൻ അവർ ൧൦൦ പേരും ഹീനജാതികളായി ജനിക്കട്ടെ എന്നു ശപി
ച്ചു. ഒടുവിൽ ദേവതകളുടെ ഉത്സാഹത്താൽ വിശ്വാമിത്രനും വസിഷ്ഠനും
തമ്മിൽ രമ്യമായി വിശ്വാമിത്രനെ ഒരു ബ്രഹ്മൎഷിയായി വസിഷ്ഠൻ സ്വീകരി
ക്കുകയുംചെയ്തു.

ഒരിക്കൽ വിശ്വാമിത്രൻ ഹരിശ്ചന്ദ്രരാജാവിനോട വളരെ ക്രൂരമായി പ്രവ
ൎത്തിക്കയാൽ വസിഷ്ഠൻ അവനെ ശപിച്ചു ഒരു പക്ഷിയാക്കിതീൎത്തു. വസി
ഷ്ഠനെ വിശ്വാമിത്രനും ശപിച്ചു ഒരുപക്ഷിയാക്കി പക്ഷികൾതമ്മിൽ ഘോരമാ
യയുദ്ധമുണ്ടായി ലോകം ഞെട്ടങ്ങി അനേകംപേർ നശിച്ചു. അതുകൊണ്ടു
ബ്രഹ്മാവ് അവരെ ശാപത്തിൽനിന്നും ഉദ്ധരിച്ചു, സ്വാന്തരൂപങ്ങൾകൊടുത്തു
അവരെ രമ്യതപ്പെടുത്തി അയയ്ക്കുകയുംചെയ്തു.

വസുക്കൾ — ഇന്ദ്രന്റെ പരിചാരകരായ എട്ടുദേവതകൾ.

ധരോധ്രുവശ്ചസോമശ്ച അഹശ്ചൈവാനിലോനലഃ ।
പ്രത്യൂഷശ്ചപ്രഭാസശ്ചവസവോഷ്ടൌവിതിസ്മൃതാഃ ॥
ചിലപ്പോൾ അഹന്നപകരം ആപനെ ചേൎക്കാറുണ്ട്.
രാമായണപ്രകാരം വസുക്കൾ അദിതിയുടെ മക്കളാണ്.

വസുദേവൻ — ദുകമഹാരാജാവായ ശൂരന്റെ പുത്രൻ. കൃഷ്ണന്റെ
പിതാവ് കുന്തിയുടെ സഹോദരൻ. ആഹുകന്റെ ഏഴ പുത്രിമാരെ വിവാഹം
ചെയ്തു. അവരിൽ ഇളയവളായ ദേവകിയാണ് കൃഷ്ണന്റെ അമ്മ. വസുദേ

വനും ദേവകിയും രോഹിണിയും ദ്വാരകയിൽവെച്ച് അഗ്നിപ്രവേശംചെയ്തു. വാസുദേവനു, ആനകദുന്ദുഭി, ഭൂകശ്യപൻ, ശൂരു എന്നും പേരുകളുണ്ടു.

**വസുധാരാ (ഭാരാ, സ്ഥലീ, ഔകസാരാ)**—കുബേരന്റെ നഗരം.

**വസുഷേണൻ**—കർണ്ണൻ,

**വസ്വൌകസാരാ**—൧. അമരാവതി. ൨. അളകാപുരി. ൩. അമരാവതിയിലും അളകാപുരിയിലുംകൂടി ഒഴുകുന്ന ഒരു നദി.

**വാക്യപദീയം**—ഭർത്തൃഹരിയുടെ സംസ്കൃതവ്യാകരണം.

**വാഗീശൻ**—൧. ബൃഹസ്പതി. ൨. ബ്രഹ്മാവു.

**വാക്, വാഗീശാ വാഗ്ദേവതാ (ദേവീ)**—സരസ്വതീ.

**വാചസ്പത്യം**—താരാനാഥതർക്കവാചസ്പതിപണ്ഡിതരുടെ ഒരു വിശേഷപ്പെട്ട സംസ്കൃതനിഘണ്ടു.

**വാജസനൻ**—൧. വിഷ്ണു. ൨. ശിവൻ.

**വാജസനേയൻ**—ശുക്ലയജുർവ്വേദത്തിന്റെ കർത്താവോ സ്ഥാപകനോ ആയ യാജ്ഞവല്ക്യൻ.

**വാഡവാനലൻ**—സമുദ്രത്തിലെ തീ.

**വാണി, വാണീ**—സരസ്വതീ.

**വാതപുത്രൻ**—൧. ഭീമൻ. ൨. ഹനുമാൻ.

**വാതാപി**—വാതാപിയും ഇല്വലനും ഹ്രാദന്റെയോ വിപ്രചിത്തിയുടെയോ മക്കളായ ദണ്ഡകാരണ്യത്തിലെ രണ്ടു രാക്ഷസന്മാരായിരുന്നു, വാതാപി ഒരു ആടിന്റെ രൂപത്തിൽ ബ്രാഹ്മണരുടെ അടുക്കൽ ചെല്ലുകയും അവർ പിടിച്ചു ബലികഴിച്ച് അവന്റെ മാംസം ഭക്ഷിക്കയും അപ്പോൾ ഇല്വലൻ വാതാപിയെ വിളിക്കയും വാതാപി ബ്രാഹ്മണരുടെ വയറുപറിച്ചു ചീന്തി പുറത്തുവരികയുംചെയ്യുവനു. ഒരിക്കൽ ഈ സൂത്രം അവർ അഗസ്ത്യമഹർഷിയോടു പ്രയോഗിച്ചു നോക്കി, എന്നാൽ ആ മഹർഷി വാതാപിയെ ഭക്ഷിച്ചാറെ ഇല്വലൻ വിളിക്കുംമുമ്പെ അവൻ ദഹിച്ചുപോയി. വാതാപിയെ വിളിച്ചാറെ പുറത്തു വരാഞ്ഞതുകൊണ്ടു ഇല്വലൻ മുനിയോടു കലഹത്തിനുചെന്നു. മുനിയുടെ കണ്ണുകളിൽനിന്നു പുറപ്പെട്ട അഗ്നിയാൽ ദഹിച്ചുപോകയുംചെയ്തു.

**വാത്സ്യായനൻ**—കാമസൂത്രങ്ങൾ എന്ന പുസ്തകത്തിന്റെ കർത്താവ്.

**വാനപ്രസ്ഥം**—ബ്രാഹ്മണരുടെ മൂന്നാമത്തെ ആശ്രമം. ആശ്രമം നോക്കുക.

**വാനരധ്വജം**—അർജ്ജുനന്റെ കൊടി.

**വാനരേന്ദ്രൻ** — ൧. സുഗ്രീവൻ. ൨. ഹനുമാൻ.

**വാമൻ** — ൧. ശിവൻ. ൨. കാമദേവൻ.

**വാമദേവൻ** — ൧. ശിവൻ. ൨. വിസ്മയകരമായതയുള്ള രണ്ടു വാമൃശങ്ങളുടെ ഉടമസ്ഥൻ. ൩. വേദത്തിലെ പല ഗീതങ്ങളുടെ കൎത്താവായ ഒരു ഋഷി. അവൻ ഗർഭത്തിൽ ഉല്പാദിച്ച ഉടനെതന്നെ സാധാരണ ക്രമം വിട്ടു അമ്മയുടെ ഒരു ഭാഗത്തുകൂടി ജനിക്കണമെന്നു നിശ്ചയിച്ചു.

**വാമനൻ** — ൧. വിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരം. അവതാരം നോക്കുക. ൨. ഒരു ദിഗ്ഗജം. ൩. പാണിനി സൂത്രങ്ങളുടെ വ്യാഖ്യാനമായ കാശികാവൃത്തിയുടെ കൎത്താവു്.

**വാമനപുരാണം** — ഇതിൽ വാമനാവതാരത്തിന്റെ ഒരു വിവരണം അടങ്ങിയിരിക്കുന്നു. പുരാണത്തിന്റെ ലക്ഷണങ്ങളെല്ലാം ഇല്ല. ശിവനെയും വിഷ്ണുവിനെയും ഒരുപോലെ സ്തുതിക്കുന്നു.

**വാമാ** — ൧. ഗൌരീ. ൨. ലക്ഷ്മീ. ൩. സരസ്വതി.

**വായു** — വിഷ്ണുപുരാണപ്രകാരം ഗന്ധർവരാജാവു്. ഭീമന്റെയും ഹനുമാന്റെയും പിതാവു്. ഒരിക്കൽ നാരദൻ വായുവിനെ മേരുപർവ്വതത്തിന്റെ ശിഖരം ഒടിച്ചുകളവാൻ ഉത്സാഹിപ്പിച്ചു. എന്നാൽ ഗരുഡൻ തന്റെ ചിറകുകൾകൊണ്ടു മറച്ചു് ആ പർവ്വതത്തെ രക്ഷിച്ചു. അതുകൊണ്ടു നാരദന്റെ ഉപദേശപ്രകാരം വായു, ഗരുഡൻ ഇല്ലാത്ത സമയംനോക്കി. ശക്തിയോടെ അടിച്ചു ശിഖരം പൊട്ടിച്ചു് സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞു. ആ ശിഖരം ലങ്കാദ്വീപമായിതീൎന്നു.

ശരീരത്തിൽ പ്രാണവായു, അപാനവായു, സമാനവായു, ഉദാനവായു, വ്യാനവായു, ഇങ്ങനെ അഞ്ചുവായുഭേദങ്ങൾ ഉണ്ടു.

വായുക്കൾ ഒന്നിനുമേൽ ഒന്നായി ഏഴുതരം ഉണ്ടു.

ആവഹഃപ്രവഹശ്ചൈവസംവഹശ്ചോദ്വഹസ്തഥാ ।
വിവഹാഖ്യഃ പരിവഹഃപരാവഹഇതിക്രമാൽ ॥

**വായുവിന്റെ പേരുകൾ** —

ശ്വസനഃസ്പർശനോവായുർമാതരിശ്വാസദാഗതിഃ ।
പൃഷദശ്വോഗന്ധവഹോഗന്ധവാഹാനിലാശുഗാഃ ॥
സമീരമാരുതമരുജ്ജഗൽപ്രാണസമീരണാഃ ॥
നഭസ്വദ്വാതപവനപവമാനപ്രഭഞ്ജനാഃ ।

**വായുപുരാണം** — പതിനെട്ടു പുരാണങ്ങളിൽ ഒന്നു: ശിവനെ പുകഴ്ത്തുന്നതിനായി ഉണ്ടാക്കപ്പെട്ടതു.

**വാരണാവതം** — പാണ്ഡവന്മാർ രാജ്യഭ്രഷ്ടരാക്കപ്പെട്ടശേഷം പാൎത്തിരുന്ന നഗരം.

**വാരാണസീ** — കാശീ.

**വാരുണം**—ജംബൂദ്വീപത്തിന്റെ ഒരു ഖണ്ഡം.

**വാർക്ഷീ**—പത്തു ഭർത്താക്കന്മാരുണ്ടായിരുന്ന സുകൃതമുള്ള ഒരു സ്ത്രീ.

**വാർത്രഘ്നൻ**—അർജ്ജുനൻ.

**വാർഷ്ണേയൻ**—൧. കൃഷ്ണൻ. ൨. നളന്റെ സാരഥി.

**വാലഖില്യർ**—ക്രതുവിൽ സമ്നതിയുടെ പുത്രരായ വിരലോളം വലിപ്പവും സുകൃതവും ഭക്തിയും സൂര്യരശ്മിപോലെ ശോഭയും അതിവേഗതയും ഉള്ള ൬൦൦൦൦ ഋഷികൾ. സൂര്യന്റെ രഥത്തെ കാക്കുന്നു.

**വാലി**—ബാലി നോക്കുക.

**വാല്മീകി**—രാമായണത്തിന്റെ കർത്താവായ ഒരു ഋഷി. ജനനത്താൽ ഒരു ബ്രാഹ്മണനായിരുന്നു. എന്നാൽ ശൈശവത്തിൽതന്നെ മാതാപിതാക്കന്മാർ ഉപേക്ഷിച്ചുകളകയും ചില ചോരന്മാരാൽ വളർത്തപ്പെട്ടിട്ടു അവരെപ്പോലെ ഒരു വലിയ കള്ളനായി തീരുകയും ചെയ്തു. ഇങ്ങനെ വഴിയാത്രക്കാരെ മോഷ്ടിച്ചും ചിലപ്പോൾ അവരെ കൊന്നും വളരെക്കാലം ഉപജീവിച്ചു ഒരു ദിവസം ഒരു ഋഷിയെ കണ്ടിട്ടു അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നതു ഒക്കെയും കൊടുക്കാൻപറഞ്ഞു. ഋഷി അപ്പോൾ വാല്മീകിയോടു വീട്ടിൽ പോയി തന്റെ പാതകങ്ങളുടെ ഒരു ഓഹരി അവർ എടുക്കുമോ എന്നു ഭാര്യാപുത്രന്മാരോടുചോദിച്ചറിയുന്നതിനായി പറഞ്ഞപ്രകാരം വാല്മീകി പോയി ചോദിച്ചാറെ അവർക്കു മനസ്സില്ലെന്നു അറികയാൽ വിസ്മയിച്ചു ഋഷിയുടെ അടുക്കൽ തിരിച്ചുവന്നു. എന്നാറെ ഋഷി അവനോടു മരാ, മരാ, (രാമ, രാമ എന്ന പദം തിരിച്ചു) ജപിക്കാൻ പറഞ്ഞിട്ടുപോയി തന്റെ പാതകങ്ങളുടെ വലിപ്പം മനസ്സിലായ വാല്മീകി വളരെക്കാലം മരാ, മരാ, എന്നു ജപിച്ചുകൊണ്ടു തന്റെ ശരീരം ചിതല്പുറ്റുകൊണ്ടു മൂടിപ്പോകുന്നതുവരെ ആ സ്ഥലത്തുതന്നെ ഇരുന്നു. അതിന്റെശേഷം ഋഷി തിരിച്ചുവന്നു വാല്മീകിയെ തന്നെ മൂടിയിരുന്ന വല്മീകത്തിൽ നിന്നു വലിച്ചെടുത്തു. അന്നു അവൻ വാല്മീകി എന്ന പേരോടുകൂടി ഒരു ഋഷിയായി തീൎന്നു ഒരിക്കൽ വാല്മീകി രണ്ടു ക്രൌഞ്ചപക്ഷികളിൽ ഒന്നിനെ ഒരു വേടൻ കൊന്നതു കണ്ടിട്ടു അവനെ ശപിച്ചു. ശാപം യഥാൎത്ഥയാം.

മാനിഷാദപ്രതിഷ്ഠാം ത്വമഗമശ്ശാശ്വതീഃ സമാഃ।
യൽക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം॥

ഇങ്ങനെ ശ്ലോകരൂപത്തിലായിരുന്നു. അതിന്റെശേഷം ഈ രൂതനരൂപത്തിൽ ആദ്യകാവ്യമായ രാമായണം എഴുതുവാൻ ബ്രഹ്മാവ് അവനോടുപദേശിച്ചു. രാമൻ സീതയെ ഉപേക്ഷിച്ചപ്പോൾ സീത വാല്മീകിയുടെ ആശ്രമത്തിലാണ് പാൎത്തതു് വാല്മീകി കുശലവന്മാരുടെ ഗുരുവായും തീൎന്നു.

**വാസന്തികാതിലകം**—ഒരു സംസ്കൃതനാടകം. വാസന്തികാ എന്ന വനദേവതയുടെയും അഹോബലീശ്വരന്റെയും വിവാഹം വിഷയം.

**വാസവദത്താ**—൧. ഉജ്ജയിനീരാജാവിന്റെ പുത്രി. സ്വപ്നത്തിൽ ഉദയനനെക്കണ്ടു മോഹിച്ചു് അവനെ വശീകരിച്ചു തന്റെ അടുക്കൽ വരുത്തിയതറിഞ്ഞു രാജാവു അവനെ തടവിൽ പാൎപ്പിക്കയും, അവൻ, രാജാവിന്റെ മന്ത്രിയുടെ സഹായത്താൽ തടവിൽനിന്നു രക്ഷപ്പെട്ടു് വാസവദത്തയോടുകൂടെ സ്വന്തരാജ്യത്തിലേക്കു പോകയും ചെയ്തു. ൨. സുബന്ധുവിന്റെ വാസവദത്താ എന്ന പുസ്തകത്തിന്റെ നായികാ.

**വാസുകി**—കശ്യപന്റെ പുത്രനായ നാഗരാജാവു്.

**വാസുദേവൻ**—കൃഷ്ണൻ.

**വാസുദേവഭട്ടതിരി,** കൊച്ചിയിൽ പെരുമരത്തു—യുധിഷ്ഠിരവിജയകാവ്യം യമകമായി ഉണ്ടാക്കിയിട്ടുണ്ടു്.

**വാസ്തോഷ്പതി**—ബ്രഹ്മാവിനു തന്റെ പുത്രിയിലുണ്ടായ ഒരു പുത്രൻ. ഭവനങ്ങളുടെ അധിദേവത. വ. ഇന്ദ്രൻ.

**വാഹനം**—ബ്രഹ്മാവിന്റെ വാഹനം, ഹംസം; വിഷ്ണുവിന്റെ, ഗരുഡൻ; ശിവന്റെ, കാള (നന്ദി); ഇന്ദ്രന്റെ, ആന; യമന്റെ, പോത്തു്; കാർത്തികേയന്റെ, മയിൽ; കാമദേവന്റെ, മകരം; അഗ്നിയുടെ ആടു്; വരുണന്റെ, മത്സ്യം; ഗണേശന്റെ, എലി; വായുവിന്റെ, മാൻ; ശനിയുടെ, പരുന്തു്; ദുർഗ്ഗയുടെ, കടുവാ (നരി); വീരഭദ്രന്റെ, നായ്; സരസ്വതിയുടെ, മയിൽ യമന്റെ വാഹനം തത്ത എന്നുമുണ്ടു്.

**വാഹിനീ**—൮൧ ആനകളും, ൮൧ രഥങ്ങളും, ൨൪൩ അശ്വങ്ങളും, ൪൦൫ കാലാളുകളും ചേർന്ന ഒരു സൈന്യം.

**വാഹുകൻ (ബാഹുകൻ)**—നളൻ. വേഷംമാറി ഋതുപർണ്ണന്റെ സാരഥിയായപ്പോഴത്തെ പേരു്.

**വികർണ്ണൻ**—ധൃതരാഷ്ട്രന്റെ ഒരു പുത്രൻ.

**വികുണ്ഠാ**—വിഷ്ണുവിന്റെ അമ്മ.

**വികുക്ഷി**—സൂര്യകുലത്തിലെ ഒരു രാജാവു്. വേട്ടചെയ്തു ബലിക്കു് മാംസംകൊണ്ടുവരുവാൻ അയച്ചാറെ വിശപ്പുനിമിത്തം ഒരു മുയലിനെ തിന്നതുകൊണ്ടു ശശാദൻ എന്നു പേരുണ്ടായി. അവൻ കൊണ്ടുവന്ന മാംസം ബലികഴിപ്പാൻ കൊള്ളുകയില്ലെന്നു വസിഷ്ഠൻ അഭിപ്രായപ്പെട്ടു.

**വിക്രമാദിത്യൻ**—ഉജ്ജയിനിയിൽ വാണ ഒരു ശ്രുതിപ്പെട്ട രാജാവു്. സംവൽ വർഷത്തിന്റെ സ്ഥാപകൻ കാളിദാസൻ മുതലായ നവരത്നങ്ങൾ ഈ രാജാവിന്റെ സഭയിലാണുണ്ടായിരുന്നതു്.

**വിക്രമചരിതം**—സിംഹാസനദ്വാത്രിംശികാ നോക്കുക.

**വിക്രമാങ്കദേവചരിതം**—ഒരു മഹാകാവ്യം. ബില്ഹണൻ ഉണ്ടാക്കിയതു്. താൻ ആശ്രയിച്ചിരുന്ന വിക്രമരാജാവിന്റെ ചരിത്രം. ബില്ഹണൻ ഈ രാജാവിന്റെ വിദ്യാപതി ആയിരുന്നു.

**വിക്രമോർവ്വശീയം**—കാളിദാസന്റെ ഒരു നാടകം. ത്രോടകവർഗ്ഗത്തിൽ പെട്ടതു്. ഉർവ്വശിയെ രാക്ഷസന്മാർ പിടിച്ചുകൊണ്ടുപോകുന്നു. പുരൂരവസ്സു് രാജാവു രക്ഷപ്പെടുത്തുന്നു. അനന്തരം തമ്മിൽ അനുരാഗം ഉണ്ടായി ട്ടു ഭരതന്റെ ശാപത്താലും ഇന്ദ്രന്റെ ദയയാലും അവൾ പുരൂരവസ്സിന്റെ ഭാര്യയാകുന്നു. പിന്നീടു ഉർവ്വശി കുമാരവനത്തിൽ കയറി ഒരു ലതയായി മറുത്തപ്പെടുകയും രാജാവു തിരഞ്ഞുനടക്കയും ഒടുവിൽ കണ്ടെത്തുകയും ചെയ്യുന്നു.

**വിഘ്നേശൻ** (ഈശാനൻ, ഈശ്വരൻ, നായകൻ, നാശകൻ, നാശനൻ, രാജാവ്, വിനായകൻ ഹാരി)—ഗണേശൻ.

**വിചാരഭൂ**—യമന്റെ സിംഹാസനം.

**വിചിത്രവീര്യൻ**—ശന്തനുരാജാവിനാൽ സത്യവതിയുടെ പുത്രൻ. ഭീഷ്മന്റെ അർദ്ധസോദരൻ അംബികാ, അംബാലികാ ഇവരുടെ ഭർത്താവ്. മക്കളില്ലാതെ മരിക്കയാൽ, സത്യവതി പറഞ്ഞിട്ടു, വ്യാസൻ വിചിത്രവീര്യനുവേണ്ടി, നിയോഗപ്രകാരം, അംബികയിലും അംബാലികയിലും പുത്രോല്പാദനം ചെയ്തു. അവരുടെ പുത്രന്മാരാണ് ധൃതരാഷ്ട്രനും പാണ്ഡുവും.

**വിജയദശമി**—നവരാത്രിപൂജയുടെ അവസാനദിവസം. മഹിഷാസുരനെ വധിച്ച ദിവസം.

**വിജയാ**—വിശ്വാമിത്രൻ രാമനു കൊടുത്ത ഒരു ഉപദേശം.

**വിട്ടലൻ**—കൃഷ്ണന്റെ (വിഷ്ണുവിന്റെ) ഒരു രൂപം.

**വിദഗ്ദ്ധമാധവം**—രൂപഗോസ്വാമി എന്ന കവിയുടെ ഒരു നാടകം. കൃഷ്ണന്റെയും രാധയുടെയും സ്നേഹം വിഷയം. വിശേഷതയൊന്നുമില്ല

**വിദർഭജാ** (തനയാ, രാജതനയാ സുഭ്രൂ)—ദമയന്തി.

**വിദുരൻ**—അംബികയുടെ ദാസിയിൽ വ്യാസന്റെ പുത്രൻ. ധൃതരാഷ്ട്രനും പാണ്ഡുവിനും രാജാവാകാൻ പാടില്ലാഞ്ഞതുകൊണ്ടു പിന്നെയും പുത്രോല്പാദനത്തിനുവേണ്ടി വ്യാസന്റെ അടുക്കൽ ചെല്ലുവാൻ സത്യവതി അംബികയോടു പറഞ്ഞാറെ വ്യാസന്റെ വിരൂപത കണ്ടു് വെറുപ്പുതോന്നി അവൾ തന്റെ ദാസിയെ അയച്ചു. ആ ദാസിയിൽ വ്യാസനു വിദുരൻ ജനിച്ചു അവൻ ബുദ്ധിമാന്മാരിൽവെച്ചു് ബുദ്ധിമാനായിരുന്നു. കൌരവർക്കും പാണ്ഡവർക്കും പല നല്ല ആലോചനകൾ പറഞ്ഞുകൊടുത്തു. എന്നാൽ യുദ്ധത്തിൽ പാണ്ഡവർക്കു സഹായിച്ചു.

**വിദൂരം**—ലങ്കയിലെ ഒരു മല. വൈഡൂര്യം ആ മലയിൽനിന്നാണത്രെ എടുക്കുന്നതു്.

**വിദേഹം**—ജനകന്റെ രാജ്യം. മിഥിലാ തലസ്ഥാനം.

**വിദ്ധശാലഭഞ്ജികാ**—രാജശേഖരന്റെ ഒരു നാടകം. ലാടരാജാവായ ചന്ദ്രവർമ്മനു പുത്രനില്ലായിരുന്നു. അതുകൊണ്ടു പുത്രി മൃഗാങ്കവല്ലിയെ ആൺവേഷത്തിൽ വിദ്യാധരരാജാവിന്റെ രാജ്ഞിയുടെ അടുക്കൽ അയയ്ക്കുന്നു. അങ്ങനെയിരിക്കെ ചന്ദ്രവർമ്മനു ഒരു പുത്രൻ ജനിക്കുന്നു. രാജകുമാരിയെ വിദ്യാധരൻ വിവാഹംചെയ്കയും ചെയ്യുന്നു.

**വിദ്യാ**—ചതുർദ്ദശ വിദ്യകൾ.

**വിദ്യാധരർ**—ഒരുകൂട്ടം സുശീലരായ ദേവകൾ. ഇന്ദ്രന്റെ പരിചാരകർ; എന്നാൽ അവരിൽതന്നെ രാജാക്കന്മാരും മറ്റും ഉണ്ടു്. മനുഷ്യരോടു വളരെ അടുപ്പമുണ്ടു്. കാമരൂപികൾ, ഖേചരർ, നഭശ്ചരർ, പ്രിയംവദർ എന്നും പേരുകളുണ്ടു്.

**വിദ്യാരണ്യൻ**—മാധവാചാൎയ്യൻ.

**വിദ്വന്മോദതരംഗിണി**—രാമദേവൻ ഉണ്ടാക്കിയ തത്വസംബന്ധമായ ഒരു പുസ്തകം.

**വിധു**—൧. ബ്രഹ്മാവു. ൨. വിഷ്ണു. ൩. ശിവൻ ൪. ചന്ദ്രൻ.

**വിനതാ**—ദക്ഷന്റെ പുത്രി. കശ്യപന്റെ ഒരു ഭാൎയ്യ. ഗരുഡന്റെയും അരുണന്റെയും അമ്മ

**വിനായകൻ**—൧. ഗണേശൻ. ൨. ഗരുഡൻ.

**വിനായകചതുൎത്ഥി**—വീടുകളിലും ശിവക്ഷേത്രങ്ങളിലും ഗണപതി പൂജ. മണ്ണുകൊണ്ടു ഗണപതിപ്രതിമകൾ ഉണ്ടാക്കി പൂജിച്ചശേഷം കുളത്തിലൊ ആററിലൊ ഇട്ടുകളയും. ഭാദ്രപദമാസം ശുക്ലപക്ഷത്തിൽ ചതുൎത്ഥിദിവസം. പിള്ളയാർചതുൎത്ഥി എന്നും തമിഴരുടെ ഇടയിൽ പേരു. ആ ദിവസം ഗണപതിക്കു പററിയ അബദ്ധം ചന്ദ്രൻ കാണ്മാനിടവന്നു അതുകൊണ്ടു അന്നു ചന്ദ്രനെ കാണുന്നവരെപ്പററി അപവാദങ്ങൾ പറയപ്പെടുമെന്നു ഐതിഹ്യം.

**വിനായികാ**—ഗരുഡന്റെ ഭാൎയ്യ.

**വിന്ധ്യൻ**—ഒരു കുലപൎവ്വതം. മദ്ധ്യദേശത്തിന്റെ തെക്കേ അതിര്. അഹങ്കാരനിമിത്തം ഹിമാലയത്തോടു അസൂയ തോന്നീട്ടു സൂൎയ്യൻ മേരുപൎവ്വതത്തെ ചുററി സഞ്ചരിക്കുംപ്രകാരം തന്നെയും ചുററി സഞ്ചരിക്കണമെന്നു കല്പിച്ചു. സൂൎയ്യൻ അനുസരിക്കാഞ്ഞിട്ടു വിന്ധ്യപൎവ്വതം അതിന്റെ വഴി തടുക്കണമെന്നു കരുതി ഉയരുവാൻ തുടങ്ങി. ദേവകൾ ഭയപ്പെട്ടു വിന്ധ്യന്റെ ഗുരുവായ അഗസ്ത്യമഹൎഷിയെ ചെന്നു കണ്ടു നമസ്കരിച്ചു സഹായം ചോദിച്ചു. അഗസ്ത്യൻ ചെന്നു തനിക്കു പ്രയാസംകൂടാതെ തെക്കോട്ടും അവിടെനിന്നു തിരിച്ചു വടക്കോട്ടും കടന്നുപോകുന്നതിന്നായി കുനിയുന്നതിന്നു വിന്ധ്യനോടു ആവശ്യപ്പെട്ടു ആവശ്യപ്രകാരം വിന്ധ്യൻ കുനിയുകയും അഗസ്ത്യൻ തെക്കോട്ടു കടന്നുപോകയും ചെയ്തു എന്നാൽ അഗസ്ത്യൻ വടക്കോട്ടു തിരിച്ചു ചെല്ലാഞ്ഞതുകൊണ്ടു വിന്ധ്യൻ കുനിഞ്ഞസ്ഥിതിയിൽ ഹിമാലയത്തെക്കാൾ അധികം ഉയരം കുറഞ്ഞതായി ഇപ്പോഴും ഇരിക്കുന്നു.

**വിന്ധ്യവാസിനി**—ദുൎഗ്ഗ.

**വിന്ധ്യാവലി**—ബലിയുടെ ഭാൎയ്യ.

**വിപാശാ**—ഒരു നദി. വസിഷ്ഠൻ അതിൽ ചാടി ആത്മഹത്യചെയ്വാൻ നോക്കി.

**വിപ്രചിത്തി**—ദാനവരുടെ പ്രമാണി. കശ്യപന്റെ പുത്രൻ.

**വിഭണ്ഡകൻ**—കശ്യപന്റെ പുത്രൻ. ഋഷ്യശൃംഗന്റെ പിതാവു.

**വിഭീഷണൻ**—രാവണന്റെ അനുജൻ. രാവണനെപ്പോലെതന്നെ തപസ്സുചെയ്തു ബ്രഹ്മാവിനോടു ഒരു വരംവാങ്ങി. എന്നാൽ ആ വരം തനിക്കെത്രയെല്ലാം കഷ്ടതകൾ നേരിട്ടാലും ഒരു ദുഷ്പ്രവൃത്തി ചെയ്വാനിടവരരുതെന്നായിരുന്നു. ഇതുനിമിത്തം അവർ തമ്മിൽ വിരോധമായി ദുഷ്ടനായ രാവണൻ സന്മാൎഗ്ഗിയായ വിഭീഷണനെ ചവിട്ടി പുറത്താക്കി. വിഭീഷണൻ ശ്രീ

ലാസത്തിൽപോയി അഭയംപ്രാപിച്ചു ശിവന്റെ ഉപദേശപ്രകാരം വന്നു ശ്രീരാമനോടു സഖ്യംചെയ്തു. രാവണന്റെ മരണശേഷം വിഭീഷണനെ രാമൻ ലങ്കാധിപതിയായി വാഴിച്ചു ഒരു ചിരംജീവിയാണു.

**വിഭു**—ഹ. ബ്രഹ്മാവ് വ. വിഷ്ണു. ന. ശിവൻ.

**വിഭൂതി**—സിദ്ധി നോക്കുക. വ. ഭസ്മം, ത്രിപുണ്ഡ്രം നോക്കുക.

**വിരജാ**—നഹുഷന്റെ ഭാൎയ്യ.

**വിരാടരാജാവ്**—ഈ രാജാവിന്റെ രാജ്യത്താണു പാണ്ഡവർ ദ്രൗപദിയോടുകൂടി അജ്ഞാതവാസം ചെയ്തതു. ഭാരതയുദ്ധത്തിൽ പാണ്ഡവൎക്കു സഹായിച്ചു. ദ്രോണനാൽ കൊല്ലപ്പെട്ടു അവന്റെ പുത്രിയായ ഉത്തരാ അഭിമന്യുവിന്റെ ഭാൎയ്യയും പരീക്ഷിത്തിന്റെ അമ്മയും ആയിരുന്നു.

**വിരാധൻ**—ശതഹ്രദയിൽ കാലന്റെ പുത്രനായ മഹാഭയങ്കരനും ക്രൂരനും ദീൎഘശരീരിയും നരമാംസഭോജിയുമായ ഒരു രാക്ഷസൻ. തപസ്സു ചെയ്തു ബ്രഹ്മാവിൽനിന്നു വജ്രശരീരതയെ പ്രാപിച്ചു രാമലക്ഷ്മണന്മാർ അവനെ ദണ്ഡകാരണ്യത്തിൽ കണ്ടെത്തുകയും അവൻ അവരെ നിന്ദിക്കയും സീതയെ പിടിക്കുവാൻ ശ്രമിക്കയുംചെയ്തു. അവർ അവന്റെ നേരെ അസ്ത്രം എയ്തതൊക്കെ അവൻ ഓടിച്ചെന്നു അവരെ എടുത്തു തോളത്തുകേറി ഓടിക്കളഞ്ഞു. അവർ തോളത്തിരുന്നുകൊണ്ടു അവന്റെ കൈകൾ അടിച്ചൊടിക്കയും ഇടിച്ചു ഉരുട്ടിയിടുകയുംചെയ്തു എന്തെല്ലാം ചെയ്തിട്ടും കൊല്ലാൻ കഴിയാഞ്ഞിട്ടു അവർ ഒരു കുഴി കുഴിച്ചു അവനെ അതിൽ ജീവനോടെ മൂടി. അപ്പോൾ അവനെ മൂടിയസ്ഥലത്തുനിന്നു ഒരു അതിസുന്ദരനായ ഗന്ധൎവ്വൻ എഴുന്നേറ്റു വന്നു ഗന്ധൎവ്വനായ താൻ കുബേരന്റെ ശാപംനിമിത്തം രാക്ഷസനായിപ്പോയതാണെന്നുപറഞ്ഞു അവരെ നമസ്കരിച്ചു. വിരാധനു തുംബുരു എന്നും പേരുണ്ടു.

**വിരിഞ്ചൻ, വിരിഞ്ചനൻ, വിരിഞ്ചി**—ഹ. ബ്രഹ്മാവ്. വ. വിഷ്ണു. ന. ശിവൻ.

**വിരൂപാക്ഷൻ**—ശിവൻ.

**വിരോചനൻ**—ഒരു അസുരൻ. ബലിയുടെ പിതാവു. ഭൂമിയെ അസുരർ കറന്നപ്പോൾ വിരോചനനെയാണു കിടാവയി ഉപയോഗിച്ചതു.

**വിലാസിക**—ശൃംഗാരരസം പ്രധാനമായ ഒരങ്കത്തിലുള്ള ഒരു രൂപകം.

**വിവാഹം**—ഹിന്ദുശാസ്ത്രപ്രകാരം എട്ടുവിധം വിവാഹങ്ങൾ ഉണ്ടു.

ബ്രാഹ്മോ ദൈവസ്തഥൈവാൎഷഃ പ്രാജാപത്യസ്തഥാസുരഃ ।
ഗാന്ധൎവ്വോ രാക്ഷസശ്ചൈവ പൈശാചശ്ചാഷ്ടമോധമഃ ॥
( ബ്രാഹ്മോ ദൈവ സ്തഥാ ചാൎഷഃ പ്രാജാപത്യസ്തഥാസുരഃ ।
ഗാന്ധൎവ്വോ രാക്ഷസശ്ചൈവ പൈശാചശ്ചാഷ്ടമഃ സ്മൃതഃ ॥ )

**ബ്രാഹ്മം**—ഇതിൽ സ്ത്രീ ആഭരണങ്ങളാൽ അലങ്കരിക്കപ്പെട്ടവളായി പ്രതിഫലം കൂടാതെ പുരുഷനു കൊടുക്കപ്പെടുന്നു.

ദൈവം — ഇതിൽ സ്ത്രീയുടെ പിതാവു്, യാഗസമയം പുരോഹിതന്നു അവളെ ദാനംചെയ്യുന്നു.

ആർഷം — ഇതിൽ സ്ത്രീയുടെ പിതാവ് പുരുഷനോടു ഒന്നോ രണ്ടോ പശുക്കളെ പ്രതിഫലമായി വാങ്ങുന്നു. ഇപ്രകാരം വിവാഹം ചെയ്യപ്പെട്ട സ്ത്രീക്കു ആർഷോഢാ എന്നു പേർ.

പ്രാജാപത്യം — ഇതിൽ സ്ത്രീയുടെ പിതാവു് അവളുടെ ഭാഗ്യം കരുതീട്ടു മാത്രം അവളെ യാതൊരു പ്രതിഫലവുംകൂടാതെ പുരുഷനു നൽകുന്നു.

ആസുരം — ഇതിൽ പുരുഷൻ സ്ത്രീയെ വിലയ്ക്കുവാങ്ങുന്നു.

ഗാന്ധർവ്വം — ഇതിൽ സ്ത്രീപുരുഷന്മാർ അന്യോന്യസ്നേഹംനിമിത്തം ബന്ധുക്കളോടും മററും ആലോചിക്കാതെയും കർമ്മങ്ങൾ കൂടാതെയും വിവാഹം ചെയ്യുന്നു.

രാക്ഷസം — ഇതിൽ പുരുഷൻ സ്ത്രീയുടെ ബന്ധുക്കളെ യുദ്ധത്തിൽ തോല്പിച്ചിട്ടു അവളെ ഭാര്യയാക്കുന്നു.

പൈശാചം — ഈ അധമതരവിവാഹത്തിൽ പുരുഷൻ സ്ത്രീയെ അവളുടെ മനസ്സുകൂടാതെ ബലാല്ക്കാരേണ ഭാര്യയാക്കുന്നു.

വിവിന്ധ്യൻ — കൃഷ്ണന്റെ പുത്രനായ ചാരുദേഷ്ണൻ കൊന്ന ഒരു ദാനവൻ.

വിവേകചിന്താമണി — നിഗമാഗമതത്വങ്ങളെ പ്രതിപാദിക്കുന്ന ഒരു കർണ്ണാടകപുസ്തകം.

വിശാഖദത്തൻ — മുദ്രാരാക്ഷസത്തിന്റെ കർത്താവു. ഏഴാംശതാബ്ദത്തിൽ ജീവിച്ചിരുന്നു.

വിശിഷ്ടാദ്വൈതം. ജീവാത്മാവും പരമാത്മാവും ഒരേവസ്തുവാണ. എങ്കിലും മനുഷ്യരെസംബന്ധിച്ചെടത്തോളം വ്യത്യാസമുണ്ടു്. ഇതുസ്ഥാപിച്ചതു രാമാനുജാചാര്യരാണ. അതുകൊണ്ടു ഈ മതക്കാർക്ക രാമാനുജീയർ എന്നും ശ്രീവൈഷ്ണവരെന്നും പേരുണ്ടു്. അവർ വ്യാസന്റെ വേദാന്തം സമ്മതിക്കുന്നു. എന്നാൽ ജീവാത്മാവും പരമാത്മാവും കേവലം ഒന്നുതന്നെയാണെന്നു ശ്രീശങ്കരാചാര്യർ ഉപദേശിച്ചതു അംഗീകരിക്കുന്നില്ല. ജീവാത്മാവും പരമാത്മാവും കേവലം രണ്ടാണെന്നുള്ള ദ്വൈതവാദവും അവർ സ്വീകരിക്കുന്നില്ല. അവരുടെ മതം, വിശിഷ്ടാദ്വൈതം രണ്ടിനും മദ്ധ്യേ കിടക്കുന്നു.

വിശ്രവസ് — പ്രജാപതിയായ പുലസ്ത്യന്റെ മകൻ. ബ്രാഹ്മണിയായ ഇഡാവിഡാ എന്ന ഭാര്യയിൽ കുബേരനും രാക്ഷസിയായ നികഷാ അല്ലെങ്കിൽ കൈകശീ എന്ന ഭാര്യയിൽ രാവണനും കുംഭകർണ്ണനും വിഭീഷണനും ശൂർപ്പണഖയും വിശ്രവസ്സിന്റെ മക്കളാണ്. വിഷ്ണുപുരാണപ്രകാരം ഒരു ഭാര്യയുടെ പേരു കേശിനീ ആണ്. ഭാരതത്തിൽ രാവണന്റെയും കുംഭകർണ്ണന്റെയും അമ്മയുടെ പേരു പുഷ്പോല്കടാ എന്നും വിഭീഷണന്റെ അമ്മയുടെ പേരു മാലിനീ എന്നും ഖരന്റെയും ശൂർപ്പണഖയുടെയും അമ്മയുടെ പേരു രാകാ എന്നും ആണ്.

**വിശ്വകർമ്മാവ്**—ദേവന്മാരുടെ ശില്പശാസ്ത്രി. ഒരു വസുവായ പ്രഭാസന്റെ മകൻ: രാമസേതു കെട്ടിയ നളന്റെ പിതാവ്. രാക്ഷസർക്കുവേണ്ടി ലങ്കാപുരിപണിതു: വിശ്വകർമ്മാവിന്റെ പുത്രിയായ സംജ്ഞയെ സൂര്യൻ വിവാഹംചെയ്തു. എന്നാൽ സംജ്ഞയ്ക്കു സൂര്യന്റെ ശോഭ സഹിക്കാൻ കഴിയാഞ്ഞതുകൊണ്ടു വിശ്വകർമ്മാവ് സൂര്യനെ കടഞ്ഞു അരയ്ക്കാലംശം ശോഭ എടുത്തുകളഞ്ഞു. ആ അരയ്ക്കാലുകൊണ്ടു വിഷ്ണുവിന്റെ ചക്രവും, ശിവന്റെ ശൂലവും, കുബേരന്റെ ആയുധവും, കാർത്തികേയന്റെ കുന്തവും, മററു ദേവകളുടെ പലവിധ ആയുധങ്ങളും ആഗ്നേയാസ്ത്രങ്ങളും ഉണ്ടാക്കി. അവനു കാരു, തക്ഷകൻ, ദേവവർദ്ധകി സുധന്വാവ് എന്നും പേരുകളുണ്ടു്.

**വിശ്വഗുണാദർശം**—ഒരു നൂതനതമിഴ്ഗ്രന്ഥം. വെങ്കിടാചാരി എന്നൊരാൾ കർത്താവു. അയാൾ പതിനേഴാംശതവർഷാരംഭത്തിൽ ജീവിച്ചിരുന്നു. രണ്ടു ഗന്ധർവ്വന്മാർ ഇന്ത്യയിൽ സഞ്ചരിക്കുന്നു. ഒരാൾ കാണുന്നതെല്ലാം പുകഴ്ത്തുന്നു. മറേറയാൾ എല്ലാം നിസ്സാരമാക്കിപറയുന്നു.

**വിശ്വദേവകൾ**—ഒരുകൂട്ടം ഗണദേവതകൾ. പത്തുപേരുണ്ടു്.

> വസുഃ സത്യഃ ക്രതുർദക്ഷഃ കാലഃ കാമോധൃതിഃ കുരുഃ ॥
> പുരൂരവാമാദ്രവാശ്ച വിശ്വദേവാഃ പ്രകീർത്തിതാഃ ॥

**വിശ്വജിൽ**—വരുണന്റെ കുണി.

**വിശ്വരൂപൻ (ഭാവനൻ, യോനി, ജിൽ)**—വിഷ്ണു.

**വിശ്വാമിത്രൻ**—ക്ഷത്രിയനായി ജനിച്ചു തപസ്സുചെയ്തു. രാജർഷി, പിന്നെ ഋഷി, പിന്നെ മഹർഷി; ഒടുവിൽ ബ്രഹ്മർഷി ആയ സപ്തർഷികളിൽ ഒരുവൻ. കന്യാകുബ്ജരാജാവായ ഗാധിയുടെ പുത്രൻ. ജമദഗ്നി നോക്കുക. ഋഗ്വേദപ്രകാരം രാജാവായ കുശികന്റെ പുത്രൻ. വിശ്വാമിത്രനെക്കുറിച്ചുള്ള കഥകളിൽ മുഖ്യമായിട്ടുള്ളതു് വസിഷ്ഠനോടുള്ള പോരാട്ടം ആകുന്നു. കല്മാഷപാദൻ ഒരു രാക്ഷസനായിതീർന്നപ്പോൾ, വിശ്വാമിത്രന്റെ ഉപായത്താൽ അവൻ വസിഷ്ഠന്റെ പുത്രന്മാരെ ഭക്ഷിച്ചുകളഞ്ഞു. വിശ്വാമിത്രൻ ശുനശ്ശേഫനെ ദത്തെടുത്തപ്പോൾ അവന്റെ പുത്രന്മാരിൽ അമ്പതുപേർ സമ്മതിക്കകൊണ്ടു അവരെ അനുഗ്രഹിക്കയും മററവർ സമ്മതിക്കാഞ്ഞതുകൊണ്ടു് അവരെ ശപിക്കയുംചെയ്തു. കാമധേനുവിനെ സംബന്ധിച്ചുണ്ടായ യുദ്ധത്തിൽ വസിഷ്ഠൻ വിശ്വാമിത്രന്റെ നൂറു പുത്രന്മാരെ തന്റെ ശാപംകൊണ്ടു ദഹിപ്പിച്ചുകളഞ്ഞു. ആ യുദ്ധത്തിൽ വിശ്വാമിത്രൻ തോററുപോയതുകൊണ്ടു് അവൻ ബ്രാഹ്മണനാവാനുള്ള യത്നങ്ങൾ ചെയ്തുതുടങ്ങി. ഒരിക്കൽ വിശ്വാമിത്രൻ വസിഷ്ഠനെ തന്റെ അടുക്കൽ കൊണ്ടുചെല്ലുവാൻ സരസ്വതീനദിയോടു കല്പിക്കയും അതു അവനെ അടുത്തുകൊണ്ടുചെന്നിട്ടു വേറൊരുവഴി പൊയ്ക്കളകയും അതിനാൽ അവൻ ശപിച്ചു് അതിലെ വെള്ളം രക്തമാക്കിതീർക്കയുംചെയ്തു. ഒരിക്കൽ വിശ്വാമിത്രൻ സത്യവ്രതൻ അല്ലെങ്കിൽ ത്രിശങ്കുവിനെ ശരീരത്തോടെ സ്വർഗ്ഗത്തിലേക്കു അയച്ചു. ഇതു് സ്വർഗ്ഗത്തിൽ ശരീരത്തോടെ പ്രവേശം കിട്ടേണ്ടതിനു ഒരു യാഗം ചെയ്യണമെന്നു സത്യവ്രതൻ വസിഷ്ഠനോടാവശ്യപ്പെട്ടാറെ കഴികയില്ലെന്നുപറഞ്ഞു് മടക്കുകയും വസിഷ്ഠന്റെ മക്കൾ അവനെ ശപിച്ചു ചണ്ഡാലനാക്കുകയും ചെയ്തപ്പോൾ വിശ്വാമിത്രനു അവന്റെ മേൽ കരുണതോന്നീട്ടാണെന്നും ഒരിക്കൽ ഒരു ക്ഷാമമുണ്ടായപ്പോൾ വിശ്വാമിത്രന്റെ ഭാര്യാമക്കളെ രക്ഷിക്കകൊണ്ടാണെന്നും, സത്യവ്രതൻ വസിഷ്ഠന്റെ കാമധേനുവിനെകൊന്നുഭക്ഷിച്ചുകളകകൊണ്ടു സന്തോഷിച്ചിട്ടാണെന്നും മററും പല കഥകളുണ്ടു്. വി

ശ്വാമിത്രന്റെ തപസ്സിനു വിഘ്നംവരുത്തുവാൻ ഇന്ദ്രൻ മേനകയെ അയച്ചു എന്നും അവളിൽ വിശ്വാമിത്രനു ശകുന്തള ജനിച്ചു എന്നും ഭാരതത്തിൽ പറഞ്ഞിരിക്കുന്നു. രംഭയും ഒരിക്കൽ വിശ്വാമിത്രനെ വശീകരിച്ചു അവന്റെ തപസ്സിനു വിഘ്നംവരുത്തി. വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെക്കൊണ്ടു അസത്യം പറയിക്കാൻ ചെയ്ത യത്നങ്ങൾ നിഷ്ഫലമായിപ്പോയപ്പോൾ വസിഷ്ഠനു തന്റെ തപസ്സിൻ ഫലത്തിൽ പാതി കൊടുക്കേണ്ടിവന്നു. വിശ്വാമിത്രൻ രാവണൻ മുതലായ രാക്ഷസരിൽനിന്നു ബ്രാഹ്മണരുടെ രക്ഷയ്ക്കുവേണ്ടി ശ്രീരാമനെ തന്റെ ആശ്രമത്തിൽ കൊണ്ടുപോയി പല ഉപദേശങ്ങളും മറ്റുംകൊടുത്തു. വിശ്വാമിത്രനു ഗാധിജൻ, ഗാധിനന്ദനൻ, എന്നും പേരുകളുണ്ട്.

വിശ്വാവസു—ഇന്ദ്രസ്വർഗ്ഗത്തിൽ ഗന്ധർവ്വരുടെ ഒരു പ്രമാണി.

വിശ്വേശ്വരൻ—ശിവൻ.

വിഷു—ജ്യോതിശ്ശാസ്ത്രപ്രകാരം വത്സരാരംഭം. അന്നു ആദ്യം കാണുന്നതിനനുസരിച്ചു സംവത്സരം മുഴുവനും ഭാഗ്യമോ നിർഭാഗ്യമോ ഉണ്ടായിരിക്കുമെന്നു വിശ്വാസം.

വിഷ്ണു—ത്രിമൂർത്തികളിൽ സത്വഗുണമൂർത്തി. പ്രജാപതിയായ പരമാത്മാവിന്റെ നിലയിൽ മൂന്നു അവസ്ഥകൾ ഉണ്ട്:—൧. ബ്രഹ്മാവ്. വിഷ്ണുവിന്റെ നാഭിയിൽനിന്നു വളരുന്ന താമരയിൽ നിന്നുണ്ടായി. ൨. വിഷ്ണു ലോകരക്ഷയെ ഉദ്ദേശിച്ച് ലോകത്തിൽ പല പ്രാവശ്യം അവതാരം ചെയ്തു. ൩. ശിവൻ അല്ലെങ്കിൽ രുദ്രൻ. വിഷ്ണുവിന്റെ നെറ്റിയിൽനിന്നു പുറപ്പെടുന്നു.

ഗംഗാനദി വിഷ്ണുവിന്റെ പാദത്തിൽനിന്നു പുറപ്പെടുന്നു. വിഷ്ണുവിന്റെ രക്ഷാപ്രവൃത്തി അദ്ദേഹത്തിന്റെ അവതാരങ്ങളിൽ ആണ് പ്രത്യക്ഷമായി കാണുന്നത്. വിഷ്ണുവിന്റെ ഭാര്യ ലക്ഷ്മി അല്ലെങ്കിൽ ശ്രീയും; സ്വർഗ്ഗം വൈകുണ്ഠവും; വാഹനം ഗരുഡനും; അശ്വങ്ങൾ ശൈബ്യൻ, സുഗ്രീവൻ, മേഘപുഷ്പൻ, ബലാഹകൻ ഇവരും; സാരഥി, ദാരുകനും; മന്ത്രി, ഉദ്ധവനും ആണ്. വിഷ്ണുവിനു നാലു കൈകൾ ഉള്ളവയിൽ ഒന്നിൽ പാഞ്ചജന്യം എന്ന ശംഖും, ഒന്നിൽ സുദർശനം അല്ലെങ്കിൽ വജ്രനാഭം എന്ന ചക്രവും ഒന്നിൽ കൌമോദകി എന്ന ഗദയും നാലാമത്തതിൽ ഒരു പത്മവും പിടിച്ചിരിക്കുന്നു. വിഷ്ണുവിനു ശാർങ്ഗം എന്ന വില്ലും നന്ദകം എന്ന വാളും നെഞ്ചത്തു ശ്രീവത്സം എന്ന അടയാളവും കൌസ്തുഭം എന്ന രത്നവും കഴുത്തിന്മേൽ സ്യമന്തകം എന്ന രത്നവും ഉണ്ട്. ചില ചിത്രങ്ങളിൽ വിഷ്ണു ശേഷസർപ്പത്തിന്മേൽ ശയിക്കുന്നതായി കാണിച്ചിരിക്കുന്നു. വിഷ്ണുവിനു ആയിരത്തിൽ പരം പേരുകളുള്ളവയിൽ ചിലത് അമരകോശത്തിൽ കൊടുത്തിട്ടുള്ളവ താഴെ ചേർക്കുന്നു.

വിഷ്ണുർന്നാരായണഃകൃഷ്ണോവൈകുണ്ഠോവിഷ്ടരശ്രവാഃ।
ദാമോദരോഹൃഷീകേശഃകേശവോമാധവഃസ്വഭൂഃ॥
ദൈത്യാരിഃപുണ്ഡരീകാക്ഷോഗോവിന്ദോഗരുഡധ്വജഃ।
പീതാംബരോച്യുതഃശാർങ്ഗീവിഷ്വക്സേനോജനാർദ്ദനഃ॥
ഉപേന്ദ്രഇന്ദ്രാവരജശ്ചക്രപാണിശ്ചതുർഭുജഃ।
പത്മനാഭോമധുരിപുർവ്വാസുദേവസ്ത്രിവിക്രമഃ॥
ദേവകീനന്ദനഃശൌരിഃശ്രീപതിഃപുരുഷോത്തമഃ।
വനമാലീബലിധ്വംസീകംസാരാതിരധോക്ഷജഃ॥
വിശ്വംഭരഃകൈടഭജിദ്വിധുഃശ്രീവത്സലാഞ്ഛനഃ।

പുരാണപുരുഷോയജ്ഞപുരുഷോനരകാന്തകഃ ॥
ജലശായീവിശ്വരൂപോമുകുന്ദോമുരമർദ്ദനഃ ।

**വിഷ്ണു** — ഒരു ധർമ്മശാസ്ത്രപുസ്തകത്തിന്റെ കർത്താവു്.

**വിഷ്ണുചിത്തീയം** — തെലുങ്കിൽ വിഷ്ണുചിത്തന്റെ കഥ. അലസാനി പെദ്ദന്ന ഉണ്ടാക്കിയതു്. അറിബിക്കഥകൾപോലെ. ഒരു രാക്ഷസൻ ഒരു ദാസിയെ പിടിച്ചു കൊല്ലാൻ ഭാവിച്ചപ്പോൾ അവൾ ചില കഥകൾ പറവാൻ അനുവാദം വാങ്ങി, പുരാണകഥകൾ പറയുന്നു.

**വിഷ്ണുപുരാണം** — പരാശരൻ ഉപദേശിച്ചതു്. പഞ്ചലക്ഷണങ്ങൾ എല്ലാം ഉള്ള ഒരു പ്രധാന പുരാണം. ഇതിലെ കഥകൾ രുദ്രൻ കണ്ണാടകത്തിൽ രചിച്ചിട്ടുണ്ടു്.

**വിസ്ഥാപനം** — ഗന്ധർവ്വരുടെ ആകാശത്തിലുള്ള നഗരം.

**വീജഗണിതം** — ഭാസ്കരാചാര്യ്യൻ ഉണ്ടാക്കിയ സിദ്ധാന്തശിരോമണിയുടെ ഒരു ഭാഗം.

**വീതഹവ്യൻ** — ഒരു ഹൈഹയരാജാവു്. അവന്റെ പുത്രന്മാർ കാശിരാജാവായ ദിവോദാസന്റെ കുടുംബത്തെയെല്ലാം കൊന്നുകളകയും അതുകൊണ്ടു അതിന്റെശേഷം ദിവോദാസനുണ്ടായ പ്രതർദ്ദനൻ എന്ന പുത്രൻ ഹൈഹയരെ ആക്രമിക്കയും വീതഹവ്യൻ ഭൃഗുവിന്റെ അടുക്കൽ ചെന്നു് അഭയംപ്രാപിക്കയും ചെയ്തു. പ്രതർദ്ദനൻ അവന്റെ പിന്നാലെ ചെന്നപ്പോൾ ഭൃഗു ഒരു വാക്കുകൊണ്ടു വീതഹവ്യനെ ഒരു ബ്രഹ്മർഷിയാക്കി തീർത്തു.

**വീരചരിതം** — വിക്രമാദിത്യന്റെയും ശാലിവാഹനന്റെയും സന്തതികൾ തമ്മിലുണ്ടായ യുദ്ധങ്ങൾ വിവരിക്കുന്ന ഒരു കഥാപുസ്തകം. അനന്തൻ ഉണ്ടാക്കിയതു്.

**വീരഭദ്രൻ** — ആയിരം തലകളും ആയിരം കണ്ണുകളും ആയിരം കാലുകളും അനവധി കൈകളും കൈകളിൽ ആയിരം ഗദകളും, അമ്പും വില്ലും, ശംഖും, ചക്രവും ഉള്ളവനായി ശിവന്റെ വായിൽ (ജടയിൽ) നിന്നു ജനിച്ച ഒരു മഹാശക്തിമാനായ ദേവൻ ദക്ഷയാഗത്തിനു പോകുന്ന ദേവകളെയും മററും ഓടിച്ചുകളഞ്ഞു യാഗത്തിനു വിഘ്നം വരുത്തുവനായി സൃഷ്ടിക്കപ്പെട്ടു.

**വീരമാമുനി** — ഒരു ഇററാല്യൻപാദ്രി. ബെസ്കി എന്നാണു പേരു്. തൃശ്ശിനാപ്പള്ളിയിൽ താമസിച്ചു സംസ്കൃതം, തമീഴ്, തെലുങ്കു്, ഹിന്തുസ്ഥാനി പാർസി ഈ ഭാഷകൾ പഠിച്ചു. കുറേക്കാലം ചണ്ടാസാഹേബ് നവാബിന്റെ ദിവാനായിരുന്നു. തമിഴിൽ അനേകം കാവ്യങ്ങളും മററു പുസ്തകങ്ങളും ഉണ്ടാക്കി. പദ്യകൃതികളിൽ പ്രധാനം തേൻപാവണിയാണു്. ഗദ്യകൃതികളായി വേദിയർഒഴുക്കം വേദവിളക്കം മുതലായി പലതുണ്ടു്. ലത്തീനിൽ ഒരു തമിഴ് വ്യാകരണവും നാട്ടുകാരുടെ ഉപയോഗത്തിനായി തൊന്നൂൽ എന്നൊരു വ്യാകരണവും തമിഴും ലത്തീനും തമിഴും പോർത്തുഗീസും നിഘണ്ടുക്കളും വേറേ കൃതികളാണു്.

**വീരസേനൻ** — നളന്റെ പിതാവു്.

**വൃകൻ** — ഒരു അസുരൻ.

വൃകോദരൻ — ഭീമൻ.

വൃത്തം — ഛന്ദശ്ശാസ്ത്രത്തെക്കുറിച്ച് സംസ്കൃതത്തിൽ പുരാതനവും പ്രധാനവുമായ പുസ്തകം പിംഗലമഹർഷിയുടെ പിംഗലഛന്ദഃശാസ്ത്രം ആകുന്നു. ഇതു കൂടാതെ ശ്രുതബോധം, വാണീഭൂഷണം, വൃത്തദർപ്പണം, വൃത്തരത്നാകരം, വൃത്തകൗമുദീ, ഛന്ദോമഞ്ജരീ, സുവൃത്തതിലകം മുതലായ അനേകം പുസ്തകങ്ങളുണ്ട്. അഗ്നിപുരാണത്തിലും ഛന്ദശ്ശാസ്ത്രത്തിന്റെ ഒരു വിശദമായ വിവരണം ഉണ്ട്.

ഓരോ പാദത്തിലെ അക്ഷരസംഖ്യയെ ആശ്രയിച്ചിരിക്കുന്ന പദ്യത്തിനു വൃത്തമെന്നും മാത്രാസംഖ്യയെ ആശ്രയിച്ചിരിക്കുന്ന പദ്യത്തിനു ജാതിയെന്നും പേരു പറയും. വൃത്തങ്ങൾ നാലു പാദങ്ങളും സമമായുള്ള സമവൃത്തങ്ങൾ, പാദങ്ങൾ സമമല്ലാത്ത വിഷമവൃത്തങ്ങൾ, പര്യായപാദങ്ങൾ മാത്രം സമമായുള്ള അർദ്ധസമവൃത്തങ്ങൾ, ഇങ്ങനെ മൂന്നായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. അക്ഷരങ്ങളും ഗുരു, ലഘു, ഇങ്ങനെ രണ്ടുവിധമുണ്ട്.

സാനുസ്വാരശ്ച ദീർഘശ്ച വിസർഗ്ഗീ ച ഗുരുർഭവേൽ
വർണ്ണഃ സംയോഗപൂർവ്വശ്ച തഥാ പാദാന്തഗോപി വാ

കേട്ടാലും ഗുരു ദീർഘം കൂട്ടക്ഷരമായതിന്റെ മുൻവർണ്ണം
വിട്ടതു ഹ്രസ്വമോടെന്നതു തിട്ടമതിവ പാദമെത്തുമതുപക്ഷേ.

മാത്രാസംഖ്യ കണക്കാക്കുന്നതിൽ ഗുരുവിനു രണ്ടു മാത്രകളെന്നും ലഘുവിനു ഒരു മാത്രയെന്നും കൂട്ടണം.

ഒരു മാത്രയതാം ലഘുവിനു ഗുരുവർണ്ണത്തിനു രണ്ടുമാത്രയതാം
ഗുരുവിനു ദീർഘമതെന്നും പറയുമിതിൽ ഹ്രസ്വമെന്നു ലഘുവിനും

പദ്യങ്ങളുടെ വൃത്തത്തെ നിശ്ചയിക്കുന്നതിനായി ഛന്ദശ്ശാസ്ത്രികൾ മുമ്മൂന്നക്ഷരങ്ങളുള്ള എട്ടു ഗണങ്ങളെ ഉണ്ടാക്കീട്ടുണ്ട്.

ത്രിഗുരുഃ പ്രാഗ്ഗുരുർമദ്ധ്യഗുരുരന്തഗുരുസ്തഥാ
ത്രിലഘുഃ പ്രാഗ്ലഘുർമദ്ധ്യലഘുരന്തലഘുസ്തഥാ
മഭജാഃ സനയാ രേഫതകാരൗ ചേതി സംജ്ഞിതാഃ

അല്ലെങ്കിൽ

ജ്ഞേയോ ലഘുർലകാരസ്തു ഗകാരശ്ച ഗുരുർമതഃ
ആദിമദ്ധ്യാവസാനേഷു യരതാ യാന്തി ലാഘവം.
ഭജസാ ഗൗരവം യാന്തി മനൗ തു ഗുരുലാഘവം.

ഈ ഗണങ്ങൾ ലഘുവിനു ∪ ഈ അടയാളവും ഗുരുവിനു — ഈ അടയാളവും ഇട്ടാൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരമിരിക്കും:—

| | | | |
|---|---|---|---|
| യ ഗണം | = ∪ — — | ഭ ഗണം | = — ∪ ∪ |
| ര ,, | = — ∪ — | ജ ,, | = ∪ — ∪ |
| ത ,, | = — — ∪ | സ ,, | = ∪ ∪ — |
| മ ,, | = — — — | ന ,, | = ∪ ∪ ∪ |
| ല ,, | = ∪ | ഗ | = — |

ഒരു ശ്ലോകത്തിനു ഗണങ്ങളെ ഉപയോഗിച്ചു ഒരു ഉദാഹരണം താഴെ ചേൎക്കുന്നു വൃത്തം മന്ദാക്രാന്തയാണ്.

| | | | | | |
|---|---|---|---|---|---|
| മ | ഭ | ന | ത | ത | ഗഗ |

— — — — ∪ ∪ ∪ ∪ ∪ — — ∪ — — ∪ — —

സന്ദേഹംവേ ണ്ടപരനുപകാ രത്തിനാകാത്തതെങ്കിൽ

— — — — ∪ ∪ ∪ ∪ ∪ — — ∪ — — ∪ — —

കിന്ദേഹാകൊ ണ്ടൊരുഫലമിഹ പ്രാണിനാംക്ഷോണിതന്നിൽ

പ്രേമാലാപൈ, പ്രിയവിതരണൈഃ പ്രീണിതാലിംഗനാദ്യൈ-
ൎമന്ദാക്രാന്താതദനനിയതം വശ്യതാമേതിബാലാ

സംസ്കൃതത്തിൽ ഉണ്ടാവാൻ പാടുള്ള വൃത്തങ്ങൾക്കു സംഖ്യയില്ലെന്നുതന്നേ പറയാം. സമവൃത്തങ്ങൾതന്നെ, പാദത്തിൽ ഒന്നുമുതൽ ഇരുപത്താറു അക്ഷരങ്ങൾവരെ ഉണ്ടായിരിക്കാവുന്നതുകൊണ്ടും ഈ ഇരുപത്താറു അക്ഷരങ്ങളിൽ ഏതെങ്കിലും ഗുരുവൊ ലഘുവോ ആയിരിക്കാവുന്നതുകൊണ്ടും വ്വ,ഹംവ്വ,വ്വന്ന വിധം ഉണ്ടാകാം. ഇവയോടുകൂടി ഈ രോതുപ്രകാരംതന്നെ ഉണ്ടാവാൻ പാടുള്ള അൎദ്ധസമവൃത്തങ്ങളും വിഷമവൃത്തങ്ങളും ജാതികളും കൂട്ടിയാൽ നമ്മുടെ സങ്കല്പശക്തിയെ അതിക്രമിക്കുന്ന ഒരു സംഖ്യയാണു കിട്ടുന്നതു. അതുകൊണ്ടു പ്രധാനവൃത്തങ്ങളുടെ ഒരു ചുരുക്കമായ വിവരണം മാത്രം ഗണങ്ങളെ കുറിക്കുന്ന അക്ഷരങ്ങളെക്കൊണ്ടും യതി അല്ലെങ്കിൽ നിറുത്തു ഏതക്ഷരങ്ങളുടെ പിന്നാലെ വരണമെന്നു ആ അക്ഷരങ്ങളുടെ എണ്ണത്തെക്കാണിച്ചും ഇവിടെ ചേൎത്തിരിക്കുന്നു. മുകളിൽ കൊടുത്ത ഉദാഹരണത്തിൽ യതിയുടെ സ്ഥാനവും കാണാവുന്നതാണ്. ഓരോ വൃത്തത്തിന്റേയും താഴെ കൊടുത്തിരിക്കുന്ന വിവരണശ്ലോകങ്ങൾ അതാതിന്റെ ഉദാഹരണങ്ങളാണ്. അവയിൽ ഗണങ്ങളെ കുറിക്കുന്ന അക്ഷരങ്ങൾ ചിലപ്പോൾ ഒന്നോടൊന്നുയോജിപ്പിച്ചും ചിലപ്പോൾ അകാരം ലോപിച്ചതായും കാണും. ഉ-ംമ്രൌ=മ ര; ഭ്നൌ=ഭ. ന; തൌ=ത,ത; ജഗൌ=ജ-ഗ.

## സമവൃത്തങ്ങൾ.

| | | | |
|---|---|---|---|
| ൧ | ശ്രീ | ഒരക്ഷരം | ൧, ഗ. |
| ൨ | സ്ത്രീ | ടി | ൨, ഗഗ. |
| ൩ | ഭാരി | ടി | ൩, ഭ. |
| ൪ | സുഭഗാ | ടി | ൪, സഗ. |
| ൫ | കന്യാ<br>ഗ്മൌചേൽകന്യാ. | ടി | ൪, ഗമ. |
| ൬ | അക്ഷരപങ്ക്തി<br>ഭ്ഗൌഗിതിപങ്ക്തിഃ. | ടി | ൫, ഭഗഗ. |
| ൭ | തനുമദ്ധ്യമാ<br>ത്യൌചേത്തനുമദ്ധ്യമാ. | ടി | ൬, തയ. |
| ൮ | വിദ്യുല്ലേഖാ<br>വിദ്യുല്ലേഖാമൌമഃ. | ടി | ൬, മമ. |
| ൯ | ശശിവദനാ<br>ശശിവദനാന്യൌ. | ടി | ൬, നയ. |
| ൧൦ | സോമരാജീ | ടി | ൬, യയ, ൨. ൪. |

ഛിയാ ജസൗ ദമരാലീ.

൧൧ കമാരലലിതാ ടി ൭, ജസഗ, ൩. ൪.
കമാര ലലിതാജ്സ്ഗാഃ

൧൨ മദലേഖാ ടി ൬ മസഗ, ന. ര.
മസ്ഗൌസ്യാന്മദലേഖാ.

൧൩ മധുമതീ ടി ൬ നനഗ, ൭. ൨.
നനഗിമധുമതീ.

ആറും ഏഴും അക്ഷരങ്ങളുള്ള ശ്ലോകങ്ങളിൽ സരസ്വതി വിളങ്ങുന്നില്ല.

൧൪ ശ്ലോകം അല്ലെങ്കിൽ അനുഷ്ടുപ്പ്, അക്ഷരം ൮-ഈ ലളിതമായ ശ്ലോകത്തിലെ എല്ലാ പാദങ്ങളിലേയും എല്ലാ അക്ഷരങ്ങളുടേയും ഗുരുലഘുത്വം സമമായിരിക്കണമെന്നില്ല. ശ്ലോകത്തെക്കുറിച്ചുള്ള നിയമം.

ശ്ലോകേഷഷ്ഠംഗുരുർജ്ഞേയം സർവ്വത്രലഘുപഞ്ചമം
ദ്വിചതുഃപാദയോർഹ്രസ്വം സപ്തമംദീർഘമന്യയോഃ.

അല്ലെങ്കിൽ

ചാലേയഞ്ചാറിവശ്ലോകേ ബാലേലഘുഗുരുക്കളാം
നാലുപാദത്തിലും രണ്ടിൽനാലിൽതാനേഴതുംലഘു.

എന്നാകുന്നു. പുരാണം, ശാസ്ത്രം, ശാസ്ത്രകാവ്യം മുതലായ പുസ്തകങ്ങളിലും സഗ്ഗാരംഭത്തിലും കഥാപ്രസംഗത്തിലും ഈ വൃത്തമാണ് ഉപയോഗിക്കേണ്ടതു്. ആദ്യം കാവ്യം ഉണ്ടായതും ഈ വൃത്തത്തിലാണ്.

൧൫ ഗജഗതി ടി ൮ നഭലഗ, ര. ര.
നഭലഗാ ഗജഗതിഃ.

൧൬ പ്രമാണികാ ടി ൮ ജരലഗ, ര. ര.
പ്രമാണികാ ജരൌലഗൌ.

൧൭ മാണവകം ടി ൮ ഭതലഗ, ര. ര.
ഭാത്തലഗാ മാണവകം.

൧൮ വിദ്യുന്മാലാ ടി ൮ മമഗഗ, ര. ര.
മോമോഗോഗോ വിദ്യുന്മാലാ.

൧൯ സമാനികാ ടി ൮ രജഗല, ര. ര.
ഗ്ലൌരജൌസമാനികാതു.

൨൦ ഭുജഗശിശുഭൃതാ ടി ൯ നനമ, ൭. ൨.
ഭുജഗശിശുഭൃതാ നൌമഃ.

൨൧ ഭുജംഗസംഗതാ ടി ൯ സജര, ൩. ൩.
സജരൈർഭുജംഗസംഗതാ.

൨൨ മണിമദ്ധ്യം ടി ൯ ഭമസ, ൭. ര.
സ്യാന്മണിമദ്ധ്യം ചേദ്ഭമസാഃ.

൨൩ ത്വരിതഗതി ടി ൧൦ നജനഗ, ൭. ൭.
ത്വരിതഗതി ശ്ച നജനഗൈഃ.

൨൪ മത്താ ടി ൧൦ മഭസഗ, ര. ൩.

ജ്ഞേയാമത്താ മഭസഗസ്പൃഷ്ടം.

൨൫ രുക്മവതി (ചെമ്പകമാല) ടി — ൧൦ ഭമസഗ, ൫. ൫.

രുക്മവതീസാ യത്രഭമസ്ഗാഃ.

൨൬ ഇന്ദ്രവജ്രാ ടി — ൧൧ തതജഗഗ, ൫. ൬.

സ്യാദിന്ദ്രവജ്രാ യദിതൌജഗൌഗഃ.

൨൭ ഉപേന്ദ്രവജ്രാ ടി — ൧൧ ജതജഗഗ, ൫. ൬.

ഉപേന്ദ്രവജ്രാ പ്രഥമേലഘൌസാ.

൨൮ ഉപജാതി. ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും (ചിലപ്പോൾ വെറെ വൃത്തങ്ങളും) ഒരു പദ്യത്തിൽ കലൎന്നിരിക്കുമ്പോൾ അതിന്ന ഉപജാതിയെന്ന പേർ. നായികാരൂപവൎണ്ണനത്തിന്നും വസന്താദിവൎണ്ണനത്തിന്നും ഈ വൃത്തമാണ് പറയപ്പെട്ടിരിക്കുന്നത്.

൨൯ ദോധകം ടി — ൧൧ ഭഭഭഗഗ, ൬. ൫.

ദോധകമിച്ഛതി ഭത്രിതയാദ്ഗൌ.

൩൦ ഭ്രമരവിലസിതം ടി — ൧൧ മഭനലഗ, ൪. ൭.

മ്ഭൌന്ലൌഗഃ സ്യാദ് ഭ്രമരവിലസിതം.

൩൧ രഥോദ്ധത ടി — ൧൧ രനരലഗ, ൩. ൮. (൪. ൭)

രാത്പരൈർന്നരലഗൈ രഥോദ്ധതാ.

ചന്ദ്രോദയാദിവൎണ്ണനത്തിന്ന ഈ വൃത്തം ഉപയോഗിക്കണം.

൩൨ വാതോർമ്മീ ടി — ൧൧ മഭതഗഗ, ൪. ൭.

വാതോർമ്മീയം ഗദിതാമ്ഭൌതഗൌഗഃ

൩൩ ശാലിനീ ടി — ൧൧ മതതഗഗ, ൪. ൭.

മാത്തൌഗൌചേ ച്ഛാലിനീവേദലോകൈഃ

൩൪ സ്വാഗതാ ടി — ൧൧ രനഭഗഗ, ൩. ൮.

സ്വാഗതാ രനഭഗൈർഗ്ഗുരുണാച

൩൫ ഇന്ദ്രവംശാ ടി — ൧൨ തതജര, ൫. ൭.

തച്ചേന്ദ്രവംശാ പ്രഥമാക്ഷരേഗുരൌ (തൽ, വംശസ്ഥം ൪ത).

൩൬ ചന്ദ്രവർത്മം ടി — ൧൨ രനഭസ, ൪. ൮.

ചന്ദ്രവർത്മ നിഗദന്തിരനഭസൈഃ

൩൭ ജലധരമാലാ ടി — ൧൨ മഭസമ. ൪. ൮.

അബ്ധ്യംശൈഃസ്യാ ജ്ജലധരമാലാമ്ഭൌസ്മൌ.

൩൮ ജലോദ്ധതഗതി ടി — ൧൨ ജസജസ, ൬. ൬.

രസൈർജ്ജസജസാ ജലോദ്ധതഗതിഃ

൩൯ താമരസം ടി — ൧൨ നജജയ, ൫. ൭.

ഇഹവദ താമരസം നജജായഃ

൪൦ തോടകം ടി — ൧൨ സസസസ, ൪. ൪. ൪.

വദ തോടകമബ്ധിസകാരയുതം.

൪൧ ദ്രുതവിളംബിതം ടി — ൧൨ നഭഭര, ൪. ൮ (൪. ൪. ൪.)

ദ്രുതവിളംബിതമാഹ നഭൌഭരൌ.

൪൨ പ്രഭ (മന്ദാകിനി) ടി — ൧൨ നനരര, ൭. ൫.

സ്വരശരവിരതിർന്നനൌരൌപ്രഭാ

൨൩ പ്രമിതാക്ഷരാ ടി ൧൨ സജസസ, ൫. ൭.

പ്രമിതാക്ഷരാ സജസസൈഃ കഥിതാ.

൨൪ ഭുജംഗപ്രയാതം ടി ൧൨. യയയയ, ൬. ൬.

ഭുജംഗപ്രയാതം ചതുർഭിര്യകാരൈഃ

൨൫ മണിമാലാ ടി ൧൨ തയതയ, ൬. ൬.

ത്യൌ ത്യൌ മണിമാലാ ഛിന്നാ ഗുഹവക്ത്രൈഃ.

൨൬ മാലതി(യമുനാ) ടി ൧൨ നജജര, ൫. ൭.

ഭവതി നജാവഥ മാലതീ ജരൌ.

൨൭ വംശസ്ഥവിലം(വംശസ്ഥം) ടി ൧൨ ജതജര, ൫. ൭.

വദന്തി വംശസ്ഥ വിലം ജതൌ ജരൌ.

ശ്രേഷ്ഠഗുണവർണ്ണനത്തിനും നീതിവിഷയങ്ങൾക്കും ഈ വൃത്തം ഉപയോഗിക്കണം. ഈ വൃത്തത്തിലുള്ള ശ്രുതിപ്പെട്ട ശ്ലോകങ്ങൾ ഭാരവിയുടേതാണ്.

൨൮ വൈശ്വദേവീ. ടി ൧൨ മമയയ, ൫. ൭.

ബാണാശ്വൈശ്ഛിന്നാ വൈശ്വദേവീ മമൌ യൌ.

൨൯ സ്രഗ്വിണീ ടി ൧൨ രരരര, ൬. ൬.

കീർത്തിതൈഷാ ചതുരേഫികാ സ്രഗ്വിണീ.

൩൦ കളഹംസം( സിംഹനാദം) ടി ൧൩ സജസസഗ, ൬. ൭.

സജസാഃ സഗൌ ച കഥിതഃ കളഹംസഃ.

൩൧ ക്ഷമാ (ചന്ദ്രികാ) ടി ൧൩. നനതതഗ, ൭. ൬.

തുരഗരസയതിർന്നൌ തതൌ ഗഃ ക്ഷമാ.

൩൨ പ്രഹർഷിണീ ടി ൧൩ മനജരഗ, ൩. ൧൦.

ത്രിശേഭിർമനജരഗാഃ പ്രഹർഷിണീയം.

൩൩ മഞ്ജുഭാഷിണി (സുനന്ദിനീ) ടി ൧൩ സജസജഗ, ൬. ൭.

സജസാ ജഗൌ ച യദി മഞ്ജുഭാഷിണീ.

൩൪ മത്തമയൂരീ ടി ൧൩ മതയസഗ, ൪. ൯.

വേദൈ രന്ധ്രൈർമ്തൌ യസഗാ മത്തമയൂരഃ.

൩൫ രുചിരാ(പ്രഭാവതി) ടി ൧൩ ജഭസജഗ, ൪. ൯.

ജഭൌ സജൌ ഗിതി രുചിരാ ചതുർഗ്രഹൈഃ.

൩൬ അപരാജിതാ ടി ൧൪ നനരസലഗ, ൭. ൭.

നനരസലഘുഗൈഃ സ്വരൈരപരാജിതാ.

൩൭ അസംബാധാ ടി ൧൪ മതനസഗഗ, ൫. ൯.

മ്തൌ ന്സൌ ഗാവക്ഷഗ്രഹവിരതിരസംബാധാ.

൩൮ പഥ്യാ (മഞ്ജരി) ടി ൧൪ സജസയലഗ, ൫. ൯.

സജസാ യലൌ ച സഹ ഗേന പഥ്യാ മതാ.

൩൯ പ്രമദാ ടി ൧൪ നജഭജലഗ, ൮. ൬.

നജഭജലാ ഗുരുശ്ച ഭവതി പ്രമദാ.

൪൦ പ്രഹരണകലികാ ടി ൧൪ നനഭനലഗ, ൭. ൭.

നനഭനലഗിതി പ്രഹരണകലികാ.

൩൭ മദ്ധ്യക്ഷാമാ ടി ൧൪ മഭനയഗഗ, ൨. ൧൦.
മദ്ധ്യക്ഷാമാ യുഗ്മദശവിരമാംഭൌന്യൌഗൌ.

൩൮ വസന്തതിലകം (സിംഹോന്നതാ) ടി൧൪ തഭജജഗഗ, .൮. ൬.
ഉക്താവസന്തതിലകം തഭജാജഗൌഗഃ.

വീരരൌദ്രരസങ്ങളുടെ വർണ്ണനയ്ക്കു ഈ വൃത്തമാണ് പററിയത്. ഈ വൃത്തത്തിൽ പദ്യങ്ങൾ എഴുതീട്ടുള്ള ശ്രുതിപ്പെട്ട കവി രത്നാകരൻ.

൩൯ വാസന്തി ടി ൧൪ മതനമഗഗ, ൨. ൧൮. ൨.
മാത്തോനോമോ ഗൌയദിഗദിതാ വാസന്തീയം.

൩൨ തൂണകം ടി ൧൫ രജരജര, ൭. ൮.
തൂണകംസമാനികാ പദദ്വയംവിനാന്തിമം.

൩൫ മാലിനീ ടി ൧൫ നനമയയ, ൮. ൭.
നനമയയയുതേയം മാലിനീഭോഗിലോകൈഃ
ഈ വൃത്തം സർഗ്ഗാവസാനത്തിൽ ഉപയോഗിച്ചുവരുന്നു.

൩൬ ലീലാഖേലം ടി ൧൫ മമമമമ, ൮. ൭.
ഏകന്യൂനൌവിദ്യുന്മാലാപാദൌസ്യാല്ലീലാഖേലഃ.

൩൭ ശശികലാ ടി ൧൫ നനനനസ, ൭. ൮.
ഗുരുനിധനമനു ലഘുരിഹ ശശികലാ.

൩൮ ചിത്രം ടി ൧൬ രജരജരഗ, ൮. ൮.
ചിത്രസംജ്ഞമീരിതം രജൌരജൌരഗൌ ചവൃത്തം.

൩൯ പഞ്ചചാമരം ടി ൧൬ ജരജരജഗ, ൮. ൮.
ജാരൌജരൌതതോജഗൌ ചപഞ്ചചാമരംവദേൽ.

൪൦ വാണിനീ ടി ൧൬ നജഭജരഗ, ൧൦. ൬.
നജഭജരൈർയദാഭവതിവാണിനീഗയുക്തൈഃ.

൪൧ ചിത്രലേഖാ (അതിശായിനീ) ടി ൧൬ സസജഭജഗഗ, ൧൦. ൭.
സസജാഭജഗാഗുരികസ്വരൈർഭവതിചിത്രലേഖാ,

൪൨ നർദടകം ടി ൧൭ നജഭജജലഗ, ൮. ൯.
യദിഭവതോനജൌഭജജലാഗുരുനർദടകം.

൪൩ പൃഥ്വീ ടി ൧൭ ജസജസയലഗ, ൮. ൯.
ജസൌജസയലാവസു ഗ്രഹയതിശ്ച പൃഥ്വീഗുരുഃ.
ക്രോധധിക്കാരരസങ്ങളെ പ്രകടിപ്പിക്കുന്നതിനു ഈ വൃത്തം നല്ലതു്.

൪൪ മന്ദാക്രാന്താ ടി ൧൭ മഭനതതഗഗ: ൪. ൬. ൭.
മന്ദാക്രാന്താംബുധിരസനഗൈർമോഭനൌതൌഗയുഗ്മം.
പ്രവാസവിവരണത്തിനും വിരഹവ്യസനവിവരണത്തിനും ഉപയോഗിക്കേണ്ടതു ഈ വൃത്തമാണ്. കാളിദാസന്റെ വിശിഷ്ടത ഈ വൃത്തത്തിലാണ് പ്രത്യക്ഷമായി കാണുന്നുള്ളതു്.

൪൫ വംശപത്രപതിതം ടി ൧൭ ഭരനഭനലഗ, ൧൦. ൭.
ദിങ്മുനിവംശപത്രപതിതം ഭരനഭനലഗൈഃ.

൪൬ ശിഖരിണീ ടി ൧൭ യമനസഭലഗ, ൬. ൧൧
രസൈ രുദ്രൈശ്ഛിന്നാ യമനസഭലാഗഃ ശിഖരിണീ.

വിയോഗവിവരണത്തിനു വിശിഷ്ടമായ ഈ വൃത്തം ഭവഭൂതിയുടെ കൃതികളിൽ അസാധാരണശോഭയോടെ വിളങ്ങുന്നു.

൭൭ ഹരിണീ ടി ൧൭ നസമരസലഗ, ൬.൪. ൭.
നസമരസലാഗഃ ഷഡ്‌വേദൈർഹയൈർഹരിണീമതാ
ഔദാര്യാദി ഗുണങ്ങളെ ഈ വൃത്തത്തിൽ ആണ് വൎണ്ണിക്കേണ്ടതു്.

൭൮ കുസുമിതലതാവേല്ലിതാ ടി ൧൮ മതനയയയ, ൫. ൬. ൭.
സ്യാദ്ഭൂതർത്വശ്വൈഃ കുസുമിതലതാ വേല്ലിതാ മ്തൌ നയൌ യൌ.

൭൯ ചിത്രലേഖാ ടി ൧൮ മഭനയയയ, ൪. ൭. ൭.
മന്ദാക്രാന്താ നപരലഘുയുതാ കീർത്തിതാ ചിത്രലേഖാ

൮൦ നന്ദനം ടി ൧൮ നജഭജരര, ൧൧. ൭.
നജഭജരൈരസ്തുരേഫസഹിതൈഃ ശിവൈർഹയൈർനന്ദനം.

൮൧ നാരാചം ടി ൧൮ നനരരരര, ൮. ൧൦.
ഇഹ നനരചതുഷ്കസൃഷ്ടം തു നാരാചമാചക്ഷതേ.

൮൨ ശാർദ്ദൂലലളിതം ടി ൧൮ മസജസതസ, ൧൨. ൬.
മഃ സോജസസാദിനേശഋതുഭിഃ ശാർദ്ദൂലലളിതം.

൮൩ മേഘവിസ്ഫൂർജ്ജിതാ ടി ൧൯ യമനസരരഗ, ൬.൬. ൭.
രസർത്ത്വശ്വൈർയ്മൌ ന്സൌ രരഗുരുയുതൌ മേഘവിസ്ഫൂർജ്ജിതാ സ്യാൽ

൮൪ ശാർദ്ദൂലവിക്രീഡിതം ടി ൧൯ മസജസതതഗ, ൧൨. ൭.
സൂര്യാശ്വൈർയദി മഃ സജൌ സതതഗാഃ ശാർദ്ദൂലവിക്രീഡിതം.
നൃപന്മാരുടെ ശൌൎയ്യവും മറ്റും വൎണ്ണിക്കുന്നതിനു ഉപയോഗിക്കേണ്ടുന്ന ഈ വൃത്തം രാജശേഖരന്റെ കൃതികളിലാണ് അതിവിശേഷമായിട്ടുള്ളതു്.

൮൫ സുമധുരാ ടി ൧൯ മരഭനമനഗ, ൭. ൬. ൬.
മ്രൌ ഭ്നൌ മോ നോ ഗുരുശ്ചേദ് ഹയഋതുരസൈഃ കഥ്യതാ സുമധുരാ

൮൬ സുരസാ ടി ൧൯ മരഭനയനഗ, ൭. ൭. ൫.
മ്രൌ ഭ്നൌ യോ നൌ ഗുരുശ്ചേദ് സ്വരമുനികരണൈ രത്ര സുരസാ

൮൭ ഗീതികാ ടി ൨൦ സജജഭരസലഗ, ൩. ൭. ൧൦.
സജജാ ഭരൌ സലഗാ യദാ കഥിതാ തദാ ഖലു ഗീതികാ

൮൮ സുവദനാ ടി ൨൦ മരഭനയഭലഗ, ൭. ൭. ൬.
ജ്ഞേയാ സപ്താശ്വഷഡ്ഭിർമരഭനയയുതാ ഭ്ലൌ ഗഃ സുവദനാ

൮൯ പഞ്ചകാവലീ (സരസീ) ടി ൨൧ നജഭജജജര, ൧൧. ൧൦.
നജഭജജാ ജരൌ നരപതേ കഥിതാ ഭുവി പഞ്ചകാവലീ

൯൦ സ്രഗ്ദ്ധരാ ടി ൨൧ മരഭനയയയ, ൭. ൭. ൭.
പവനവേഗം മുതലായതു വൎണ്ണിക്കുന്നതിനു ഈ വൃത്തം ഉപയോഗിക്കണം.
മ്രഭ്നൈർയ്യാനാം ത്രയേണ ത്രിമുനിയതിയുതാ സ്രഗ്ദ്ധരാ കീർത്തിതേയം.

൯൧ മദിരാ ടി . ൨൨ ഭഭഭഭഭഭഭഗ,
സപ്തഭകാരയുതൈകഗുരുർഗദിതേയമുദാരതരാ മദിരാ

൯൨ ഹംസീ ടി ൨൨ മമതനനനസഗ, ൮. ൧൪.
മൌ ഗൌ നച്ചതുഷ്കോ ഗോ ഗോ വസുഭുവനയതിരിതി ഭവതി ഹംസീ.

൯൩ അദ്രിതനയാ ടി ൨൩ നജഭജഭജഭലഗ, ൧൧. ൧൨.
നജഭജഭാജഭൌ ലഘുഗുരൂ ബുധൈസ്തു ഗദിതേയമദ്രിതനയാ.

൯൪ തന്വീ ടി ൨൪ ഭതനസഭഭനയ, ൫.൭.൧൨.
ഭൂതമുനീനൈര്യതിരിഹഭതനാഃ സ്ഭൗഭനയാശ്ചയതിഭവതിതന്വീ

൯൫ ക്രൗഞ്ചപദം ടി ൨൫ ഭമസഭനനനനഗ, ൫.൫.൮.൭.
ക്രൗഞ്ചപദാഭ്മൗസ്ഭൗനനനനഗാവിഷുശരവസുമുനിവിരതിരിഹഭവേൽ.

൯൬ ഭുജംഗവിജൃംഭിതം ടി ൨൬ മമതനനനരസലഗ, ൮.൧൧.൭.
വസ്വീശാശ്വൈശ്ഛേദോപേതം മമതനയുഗനരസലഗൈഃ ഭുജംഗവിജൃംഭിതം.

൯൭ ദണ്ഡകം:—പാദത്തിൽ ഇരുപത്തേഴോ അതിലധികമോ അക്ഷരങ്ങളുള്ള വൃത്തത്തിന ദണ്ഡകം എന്നു പേരുപറയും. ഈ വൃത്തത്തിൽ പാദത്തിൽ ൯൯൯ അക്ഷരങ്ങൾവരെയും ആകാമത്രേ. എല്ലാഗണങ്ങളും സഗണങ്ങളായിരിക്കയോ ആദ്യത്തേതുരണ്ടും നഗണങ്ങളും ബാക്കിയുള്ളതു രഗണങ്ങളും യഗണങ്ങളും ആയിരിക്കയോ വേണം.

## അൎദ്ധസമവൃത്തങ്ങൾ.

൯൮ ഉപചിത്രം — സമപാദങ്ങൾ-ഭഭഭഗഗ.
വിഷമപാദങ്ങൾ-സസസലഗ.

൯൯ അപരവക്ത്രം — സമപാദങ്ങൾ-നജജര.
വിഷമപാദങ്ങൾ-നനരലഗ.

൧൦൦ പുഷ്പിതാഗ്രാ — സമപാദങ്ങൾ-നജജരഗ.
വിഷമപാദങ്ങൾ-നനരയ.

൧൦൧ വിയോഗിനീ(സുന്ദരീ) — സമപാദങ്ങൾ-സഭരലഗ.
വിഷമപാദങ്ങൾ-സസജഗ.

൧൦൨ വേഗവതീ — സമപാദങ്ങൾ-ഭഭഭഗ.
വിഷമപാദങ്ങൾ-സസസഗ.

൧൦൩ ഹരിണപ്ലുതാ — സമപാദങ്ങൾ-നഭഭര.
വിഷമപാദങ്ങൾ-സസസലഗ.

## വിഷമവൃത്തങ്ങൾ.

൧൦൪ ഉദ്ഗതാ. ഒന്നാം പാദം—സജസല.
രണ്ടാം പാദം—നസജഗ.
മൂന്നാം പാദം—ഭനജലഗ.
നാലാം പാദം—സജസജഗ.

വിഷമവൃത്തങ്ങളിൽ ഇതുമാത്രമേ പ്രധാനമായിട്ടുള്ളു.

## ജാതികൾ.

മുമ്പു വിവരിച്ചപ്രകാരം ജാതിയിൽ പ്രധാനമായതു് പാദങ്ങളിലെ മാത്രാസംഖ്യയാണ്. ലഘുവിന ഒരു മാത്രയും ഗുരുവിന രണ്ടുമാത്രകളുമുണ്ട്.

൧൦൫. ആൎയ്യാ — വിഷമപാദങ്ങളിൽ പന്ത്രണ്ടീതുമാത്രകളും രണ്ടാം പാദത്തിൽ പതിനെട്ടും നാലാമത്തേതിൽ പതിനഞ്ചും മാത്രകളും.

൧൦൩ ഗീതി — വിഷമപാദങ്ങളിൽ പന്ത്രണ്ടീതും സമപാദങ്ങളിൽ പതിനെട്ടീതും മാത്രകൾ.

൧൦൪ ഉപഗീതി — വിഷമപാദങ്ങളിൽ പന്ത്രണ്ടീതും സമപാദങ്ങളിൽ പതിനഞ്ചീതും മാത്രകൾ.

൧൦൫ ഉദ്ഗീതി — വിഷമപാദങ്ങളിൽ പന്ത്രണ്ടീതും രണ്ടാംപാദത്തിൽ പതിനഞ്ചും നാലാം പാദത്തിൽ പതിനെട്ടും മാത്രകൾ.

൧൦൬ ആൎയ്യാഗീതി — വിഷമപാദങ്ങളിൽ പന്ത്രണ്ടീതും സമപാദങ്ങളിൽ ഇരുപതീതും മാത്രകൾ.

വൃത്തരത്നാകരം — വൃത്തങ്ങളെപ്പററി കേദാരഭട്ടന്റെ ഒരു കൃതി.

വൃത്രാസുരൻ — അനാവൃഷ്ടിയും ക്ഷാമവും വരുത്തുന്ന അസുരൻ. ഇന്ദ്രനുമായി സദാ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു.

വൃന്ദാവനം — കൃഷ്ണൻ ഗോപാലനായി തന്റെ യൌവ്വനം കഴിച്ച സ്ഥലം.

വൃഷഭാനുജം — മഥുരാദാസന്റെ ഒരു സംസ്കൃതനാടകം. കൃഷ്ണന്റെയും രാധയുടെയും പ്രേമം വിഷയം.

വൃഷാകപായീ — ൧. ലക്ഷ്മി. ൨. ഗൌരി. ൩. ശചി. ൪. സ്വാഹാ. ൫. സൂൎയ്യന്റെ ഭാൎയ്യയായ ഉഷസ്. ൬. ഇന്ദ്രന്റെ അമ്മ.

വൃഷാകപി — ൧. സൂൎയ്യൻ. ൨. വിഷ്ണു. ൩. ശിവൻ. ൪. ഇന്ദ്രൻ. ൫. അഗ്നി.

വൃഷ്ണി — മധുവിന്റെ പുത്രൻ. കൃഷ്ണൻ ഇവന്റെ സന്തതിയിൽ ജനിച്ചതുകൊണ്ടു വാൎഷ്ണേയനെന്നും വൃഷ്ണിയെന്നും പേരുകളുണ്ടായി. ൨. ഇന്ദ്രൻ. ൩. അഗ്നി

വൃഹതീ — നാരദന്റെ വീണ. ൨. വിശ്വാവസുവിന്റെ വീണ.

വൃഹൽകഥാ — അനേകം കഥകളടങ്ങിയ ഒരു പുസ്തകം.

വൃഹൽസംഹിതാ — വരാഹമിഹിരന്റെ ജ്യോതിശ്ശാസ്ത്രപുസ്തകം.

വെൺപാ — തമിഴിൽ ഒരു പ്രധാനവൃത്തം. കുറൾ ഈ വൃത്തത്തിലാണ് രചിച്ചിട്ടുള്ളത്.

വെൺമണിനമ്പൂതിരിമാർ — അച്ഛനും മകനും ഒരുപോലെ വാസനാകവികൾ. എങ്കിലും അവരുടെ പൂരപ്രബന്ധം മുതലായ കൃതികൾ അധ്യനികാഭിപ്രായത്തോടു യോജിക്കാത്തവണ്ണം ശൃംഗാരപരമാണ്.

വെററിവേർകൈ — ഒരു തമിഴ്സന്മാൎഗ്ഗഗ്രന്ഥം. അതിവീരരാമപാണ്ടിയൻ കൎത്താവ്.

**വെള്ളം**—ഒരു മഹാവലിയ സംഖ്യ. ലക്ഷംകോടി എന്നും പത്തുലക്ഷംകോടി എന്നും പറയപ്പെടുന്നു.

**വേഗവാൻ**—൧. കൃഷ്ണന്റെ ഒരു പുത്രൻ. ൨. ശാല്വരുടെ ഭാഗം നിന്നു കൃഷ്ണനോടു യുദ്ധംചെയ്ത ഒരു ദാനവൻ. സാംബനാൽ കൊല്ലപ്പെട്ടു.

**വേണൻ**—അംഗരാജാവിന്റെ പുത്രൻ. സ്വായംഭുവമനുവിന്റെ സന്തതിയിലുള്ളവൻ. വേണൻ രാജാവായപ്പോൾ മനുഷ്യരാരും തനിക്കല്ലാതെ ബലികൾ കഴിക്കരുതെന്നു ഒരു കല്പന പ്രസിദ്ധപ്പെടുത്തുകയും ജാതിവ്യത്യാസങ്ങൾ ഇല്ലാതാക്കുകയും ചെയ്തു. ഋഷികളുടെ പ്രബോധനങ്ങളൊന്നും കൂട്ടാക്കാഞ്ഞതുകൊണ്ടു അവർ അവനെ ദർഭകൊണ്ടു കൊന്നു. പുത്രരില്ലാഞ്ഞ വേണന്റെ മരണശേഷം രാജാവില്ലാഞ്ഞതുകൊണ്ടു നാട്ടിൽ കളവുമുതലായ കുറ്റങ്ങൾ വർദ്ധിച്ചു. അതുകൊണ്ടു ഋഷിമാർ ആലോചിച്ച് വേണന്റെ തുട മർദ്ദനംചെയ്തു. അപ്പോൾ അവനിൽനിന്നു കരിപോലെ കറുത്ത് പരന്ന മുഖമുള്ള ഒരുവൻ പുറപ്പെട്ടുവന്നു. അവനോടു ഋഷിമാർ നിഷീദ (ഇരിക്ക) എന്നു പറകയും അവൻ നിഷാദനായിപ്പോകയും ചെയ്തു. അതിൽപ്പിന്നെ അവർ അവന്റെ വലങ്കൈ മർദ്ദനംചെയ്തു. അന്നേരം അഗ്നിയെപ്പോലെ ശോഭയുള്ള പൃഥു പുറപ്പെട്ടുവന്നു. അവനെ അവർ രാജാവായി അഭിഷേകംചെയ്യുകയും ചെയ്തു.

**വേണീസംഹാരം**—ഭട്ടനാരായണൻ ഉണ്ടാക്കിയ ഒരു നാടകം. ദ്രൗപദിയെ ദുശ്ശാസനൻ തലമുടിക്കു പിടിച്ച് വലിച്ചതുകൊണ്ടു അവളേടു കാണിച്ച നിന്ദയ്ക്കു പകരം വീട്ടപ്പെടുന്നതുവരെ അവൾ തലമുടി കെട്ടുകയില്ലെന്നു ശപഥംചെയ്തതും ദുശ്ശാസനൻ മരിച്ചശേഷം അവൾ തലമുടി കെട്ടിയതുമാണ് കഥ. കല്ലമ്പള്ളി വിഷ്ണുനമ്പൂതിരി മലയാളത്തിൽ പരിഭാഷപ്പെടുത്തീട്ടുണ്ട്.

**വേതാളപഞ്ചവിംശതി**—ജംഭലദത്തൻ ഉണ്ടാക്കിയ ഇരുപത്തഞ്ചു കഥകൾ. ഒരു മരത്തേൽ തൂങ്ങിക്കിടന്ന ശവത്തെ എടുത്തു യാതൊന്നും മിണ്ടാതെ ശ്മശാനത്തിലേക്കു കൊണ്ടുപോകണമെന്നു വിക്രമരാജാവിനോടു ഒരു യോഗി കല്പിക്കുന്നു. കൊണ്ടുപോകുമ്പോൾ ഒരു വേതാളം ശവത്തിൽ പ്രവേശിച്ചു ഒരു കഥ പറയുകയും അതിനെ സംബന്ധിച്ച ഒരു ചോദ്യം ചോദിക്കയും ചെയ്യുന്നു. രാജാവ് യോഗിയുടേ ആജ്ഞ ഓൎമ്മിക്കാതെ മറുപടിപറയുന്നു. ശവം രാജാവിന്റെ കയ്യിൽനിന്നു പോയി പിന്നെയും മരത്തേൽ തൂങ്ങിക്കിടക്കുന്നു. ഇങ്ങനെ ഇരുപത്തഞ്ചുപ്രാവശ്യം സംഭവിക്കയും വേതാളം ഇരുപത്തഞ്ചു കഥ പറയുകയും ചെയ്യുന്നു. കഥകളെല്ലാം ഓരോ കഠിന ചോദ്യത്തിലാണു അവസാനിക്കുന്നത്. കല്ലേക്കുളങ്ങര രാഘവപ്പിഷാരോടി മലയാളത്തിൽ പദ്യത്തിൽ ഭാഷാന്തരംചെയ്തിട്ടുണ്ട്.

**വേത്രവതീ**—വിന്ധ്യപൎവ്വതത്തിൽനിന്നാരംഭിച്ചു യമുനാനദിയിൽ ചെന്നു വീഴുന്ന ഒരു നദി.

വേദങ്ങൾ സംസ്കൃതത്തിൽ ഏറ്റവും പുരാതനമായിട്ടുള്ളതും സൎവ്വപ്രാധാന്യമുള്ളതും ആയ ഗ്രന്ഥം വേദങ്ങൾ ആകുന്നു. വേദങ്ങൾ ഋഗ്വേദം, യജുൎവ്വേദം, സാമവേദം, അഥൎവ്വവേദം ഇങ്ങനെ നാലുണ്ട്. യജുൎവ്വേദം തൈത്തരീയം അല്ലെങ്കിൽ കൃഷ്ണയജുൎവ്വേദം എന്നും വാജസനേയി അല്ലെങ്കിൽ ശുക്ലയജുൎവ്വേദം എന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. സംസ്കൃതസാഹിത്യത്തിന്റെയും ഹിന്ദുമ

ത്തിന്റെയും അടിസ്ഥാനം ഋഗ്വേദം ആകുന്നു. വേദങ്ങൾ പരബ്രഹ്മത്തിന്റെ ശ്വാസത്തിൽനിന്ന ഉണ്ടായതാണെന്ന ഹിന്ദുക്കൾ വിശ്വസിച്ചുപോരുന്നു. അഥർവ്വവേദം മററവയെപ്പോലെ പുരാതനമല്ലെന്നും മനുവിന്റെ കാലത്തു അതില്ലായിരുന്നു, അല്ലെങ്കിൽ അതിനെ ഒരു വേദമായി ഗണിച്ചിട്ടില്ലായിരുന്നുവെന്നും മനു "മൂന്ന വേദങ്ങൾ" എന്നു പറയുന്നതുകൊണ്ടു നിശ്ചയിക്കാവുന്നതാണ്. ഋഗ്വേദത്തിലെ മന്ത്രങ്ങൾ ഇപ്പോഴത്തെ മാതിരിയിൽ ശേഖരിച്ചു ക്രമീകരിക്കപ്പെട്ടതു് ക്രിസ്ത്വാബ്ദത്തിനു ഏകദേശം ൧൫൦൦ വർഷം മുമ്പായിരിക്കണമെന്നു പശ്ചാത്യവിദ്വാന്മാർ അഭിപ്രായപ്പെടുന്നു. സാമവേദവും യജുർവേദവും ഋഗ്വേദത്തിൽനിന്ന ഉത്ഭവിച്ചിട്ടുള്ളവയും അവയുടെ ചില ഭാഗങ്ങൾ ഋഗ്വേദത്തിൽ നിന്നു എടുത്തിട്ടുള്ളവയും ആകുന്നു. ഓരോ വേദവും മന്ത്രം, ബ്രാഹ്മണം, ഉപനിഷത്തു് ഇങ്ങനെ മൂന്നായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഇവ നോക്കുക.

**വേദപുസ്തകം, വിശുദ്ധ**—ലോകത്തിലെ മിക്ക ഭാഷകളിലെന്നപോലെ മലയാളഭാഷയിലും ആദ്യം അച്ചടിച്ചിട്ടുള്ള പുസ്തകം ക്രിസ്ത്യാനികളുടെ വേദപുസ്തകം (ബൈബിൾ) ആകുന്നു. (ഇപ്പോൾ അഞ്ഞൂറിൽപരം ഭാഷകളിൽ അച്ചടിച്ചിട്ടുണ്ട്. പല ഭാഷകളിലും അക്ഷരമാലയും ലിപികളും ഇല്ലായ്കയാൽ അവയെ തർജ്ജമക്കാരൻ നിർമ്മിക്കേണ്ടിവന്നു.) മലയാളത്തിൽ ഒന്നാമതു അച്ചടിച്ചതു കായംകുളത്തു പീലിപ്പോസ് റെമ്പാന്റെ നാലു സുവിശേഷങ്ങളുടെ തർജ്ജമയാണ്. അതു ൧൮൧൧-ൽ ബോംബേയിൽ അച്ചടിച്ചു. പുതിയ നിയമത്തിലെ ശേഷം പുസ്തകങ്ങൾ അദ്ദേഹം തർജ്ജമചെയ്തു അച്ചടിക്കാൻ ഇടവന്നിട്ടില്ല, ഭാഷ സുറിയാനിരീതിയിലാകയാൽ ഏതോ കേവലം അപരിഷ്കൃതമലയാളമാണെന്നു തോന്നും. പിന്നീടുണ്ടായതു ബെയിലിയുടെ തർജ്ജമ എന്നു പറഞ്ഞുവരുന്നതാണ്. ൧൮൨൯-നോടടുപ്പിച്ചു കോട്ടയത്തു അച്ചടിച്ചു. ഭാഷാരീതി അതിവിശേഷം. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾക്കു ഇപ്പോഴും ഇതിലാണു പ്രതിപത്തി. മൂലഭാഷാപരിജ്ഞാനം ഇല്ലാതെ ഇംഗ്ലീഷിൽനിന്ന മാത്രം തർജ്ജമചെയ്തതാകയാൽ തെറ്റുകൾ ഉണ്ട്. പിന്നത്തെ തർജ്ജമ ഡോക്ടർ ഗുണ്ടർട്ടിന്റേതാണ്. മൂലഭാഷയിൽ അദ്ദേഹത്തിനു നല്ല പരിജ്ഞാനം ഉണ്ടായിരുന്നതിനാൽ തെറ്റുകൾ കുറയും. എങ്കിലും ഭാഷ മലയാളികൾക്കു രുചിക്കുന്നതല്ല. ൧൮൪൧-നോടടുപ്പിച്ചു തലശ്ശേരിയിൽ കല്ലച്ചിൽ അച്ചടിച്ചു. പിന്നീടു മംഗലാപുരത്തു അച്ചുക്കൂടം സ്ഥാപിച്ചപ്പോൾ അവിടെ അച്ചടിച്ചു. അനന്തരം ബൈബിൾസംഘക്കാർ ഒരു കമ്മിററിയെ ഏല്പിച്ചു വീണ്ടും തർജ്ജമചെയ്യിച്ചു. പുതിയ തർജ്ജമ പുതിയനിയമം ൧൮൭൨-ലും പഴയ നിയമം ൧൮൮൩-ലും പ്രസിദ്ധപ്പെടുത്തി. ഇതിൽ ഭാഷയും നന്ന്, തെററുകളും കുറയും. ഭാഷയിൽ ചില വടക്കൻപ്രയോഗങ്ങൾ ഉണ്ട്.

**വേദമാതാ**—ഗായത്രി.

**വേദവതി**—കുശധ്വജന്റെ അതിസുന്ദരിയായ പുത്രി. ഹിമാലയത്തിലെ ഒരു കാട്ടിൽ വെച്ചു് രാവണൻ അവളെ കണ്ടിട്ടു അവളെ വശീകരിക്കാൻ നോക്കി എങ്കിലും അവന്റെ ആഗ്രഹം സാധിച്ചില്ല. പിന്നെ ശംഭുവിനോടു തന്നെ വിഷ്ണുവിനെ അവളെ വശീകരിപ്പാൻചെന്ന ദൈത്യരാജാവായ ശംഭുവിനോടു തന്നെ വിഷ്ണുവിനു കൊടുപ്പാനാണ് കുശധ്വജൻ നിശ്ചയിച്ചിരിക്കുന്നതെന്നു അവൾ പറകയാൽ ശംഭു കുശധ്വജനെ കൊന്നുകളഞ്ഞു. എന്നാൽ വേദവതി പിതാവിന്റെ ആഗ്രഹപ്രകാരം വിഷ്ണുവിനെ തന്റെ ഭർത്താവായി കിട്ടേണ്ടതിനു തപസ്സുചെയ്തു. പിന്നെയും രാവണൻ ചെന്നു വിഷ്ണുവിനേക്കാൾ യോഗ്യനായ തന്റെ ഭാര്യയാവാൻ വേദവതിയോടു ചോദിക്കയും തന്റെ വിരലുകൊണ്ടു അവളുടെ അ

ലമുടി തൊട്ടുനോക്കുകയുംചെയ്തു വേദവതി കോപിച്ച് തന്റെ തലമുടി മുറിച്ചു കളകയും രാവണന്റെ നാശത്തിനായി വീണ്ടും ജനിക്കും എന്നു പറഞ്ഞുകൊണ്ടു അവന്റെ മുമ്പാകെതന്നെ അഗ്നിപ്രവേശംചെയ്കയും ചെയ്തു. വേദവതിയാണ് പിന്നെ സീതയായി ജനിച്ചതു്.

**വേദാംഗങ്ങൾ**—വേദങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിനും ഉപയോഗിക്കുന്നതിനുംവേണ്ടി പഠിപ്പാൻ ആവശ്യമുള്ള ആറു വിഷയങ്ങൾ.

ശിക്ഷാകല്പംവ്യാകരണം നിരുക്തംഛന്ദസാംചയഃ।
ജ്യോതിഷാമയനംചൈവ വേദാംഗാനിഷഡേവതു॥

ശിക്ഷ, വാക്കുകളുടെ ശരിയായ ഉച്ചാരണത്തെക്കുറിച്ചും ഛന്ദസ്സ് വൃത്തത്തെക്കുറിച്ചും വ്യാകരണം ഭാഷയെക്കുറിച്ചും നിരുക്തം പദങ്ങളുടെ അൎത്ഥത്തെക്കുറിച്ചും ജ്യോതിഷം നക്ഷത്രം മുതലായവയെക്കുറിച്ചും കല്പം ആചാരക്രമങ്ങളെക്കുറിച്ചും ആകുന്നു

**വേദാന്തം**—ഷഡ്ദൎശനങ്ങളിൽ പ്രധാനം. ഇതിനെപ്പററി അധികം ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടു്. വേദാന്തത്തിന്റെ അടിസ്ഥാനം വ്യാസന്റെ ബ്രഹ്മസൂത്രങ്ങളെന്നും പേരുള്ള വേദാന്തസൂത്രങ്ങളാകുന്നു. ശങ്കരാചാൎയ്യർ തന്റെ ശ്രുതിപ്പെട്ട വ്യാഖ്യാനങ്ങൾ മൂലം വേദാന്തത്തെ പ്രബലപ്പെടുത്തി. വേദാന്തസാരവും ആത്മബോധവും വേദാന്തത്തിന്റെ സംഗ്രഹങ്ങളാകുന്നു വേദാന്തത്തിന്റെ ഉദ്ദേശം ബ്രഹ്മജ്ഞാനമാകുന്നു. വേദാന്തം തന്നെ മൂന്നുശാഖകളായി പിരിഞ്ഞിട്ടുണ്ടു്. ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം. ഇവ നോക്കുക.

**വേദാന്തദേശികൻ**—ക്രിസ്താബ്ദം ൧൨൬൮-ൽ ജനിച്ചു. ൧൦൨ വർഷം ജീവിച്ചിരിക്കയും വളരെ പുസ്തകങ്ങൾ എഴുതുകയുംചെയ്തു. മഹാവിദ്വാനായിരുന്നതിനാൽ "സൎവ്വതന്ത്രസ്വതന്ത്രൻ" എന്നാണ് എല്ലാവരും വിളിച്ചുവന്നതു്. വൈഷ്ണവർ അദ്ദേഹത്തിന്റെ പ്രതിമയെ ഇപ്പോഴും പൂജിച്ചുവരുന്നുണ്ടു്. വേദാന്തദേശികൻ പല വിഷയങ്ങളെ സംബന്ധിച്ച ൧൨൧ പുസ്തകങ്ങൾ എഴുതീട്ടുണ്ടു്. അവയിൽ പ്രധാനമായവ ശ്രീകൃഷ്ണന്റെ ചരിത്രമായ യാദവാഭ്യുദയവും ശ്രീരാമന്റെ പാദുകസ്തുതികളായ പാദുകാസഹസ്രവും ആകുന്നു. രഘുവീരഗദ്യം എന്നൊരു ഗദ്യപുസ്തകവും മേഘസന്ദേശത്തെ അനുകരിച്ച് ഹംസസന്ദേശവും, ഗോപാലവിംശതി, ഭൂസ്തുതി പ്രാൎത്ഥനാസ്തബകം, ഹയഗ്രീവസ്തോത്രം, സങ്കല്പസൂൎയ്യോദയം ഇവയും വേദാന്തദേശികന്റെ കൃതികളാകുന്നു. സങ്കല്പസൂൎയ്യോദയം പ്രബോധചന്ദ്രോദയത്തെപ്പോലെ വേദാന്തസംബന്ധമായ രൂപകം ആകുന്നു. സ്നേഹം, ഭക്തി, കാമം, ക്രോധം, ഇത്യാദിഗുണങ്ങളാണു ഇതിലെ പാത്രങ്ങൾ.

**വേമനൻ**—ഒരു തെലുങ്കു ഗ്രന്ഥകൎത്താവു. ൧൫-ാംശതാബ്ദാരംഭം. സന്മാൎഗ്ഗവിഷയകമായി ചില കവിതകൾ രചിച്ചിട്ടുണ്ടു്.

**വേലായുധൻ**—സുബ്രഹ്മണ്യൻ.

**വൈകൎത്തനൻ**—വികൎത്തനന്റെ പുത്രൻ കൎണ്ണൻ.

**വൈകുണ്ഠൻ**—൧. വിഷ്ണു. ൨. ഇന്ദ്രൻ.

**വൈകുണ്ഠം**—വിഷ്ണുവിന്റെ സ്വൎഗ്ഗം. വൈഭ്രം എന്നും പേരുണ്ടു്.

വൈകുണ്ഠഏകാദശി—മാർകഴിമാസം ശുക്ലപക്ഷത്തിൽ ഏകാദശിദിവസം വൈഷ്ണവർക്ക് ഒരു വലിയ ഉത്സവം. ശ്രീരംഗത്തുപ്രധാനം. സ്വർഗ്ഗവാതിൽ ഏകാദശി എന്നും പറയും.

വൈജയന്തം—൧. ഇന്ദ്രന്റെ കൊട്ടാരം. ൨. ഇന്ദ്രന്റെ കൊടി.

വൈജയന്തി—൧. വിഷ്ണുവിന്റെ മാല. ൨. ഒരുനീതിശാസ്ത്രപുസ്തകം. ൩. ഒരു കോശം.

വൈതരണീ—നരകത്തിലെ നദി. രക്തവും പലവിധ മലിനവസ്തുക്കളും കൊണ്ടു നിറഞ്ഞിരിക്കുന്നു.

വൈദർഭീ—൧. ദമയന്തീ. ൨. രുഗ്മിണീ. ൩. അഗസ്ത്യന്റെ ഭാര്യ.

വൈദേഹീ—സീതാ.

വൈദ്യനാഥൻ—ശിവൻ.

വൈനതേയൻ—ഗരുഡൻ.

വൈഭ്രാജം—മേരുവിന്റെ പടിഞ്ഞാറുള്ള സുപാർശ്വപർവ്വതത്തിന്മേലുള്ള ദേവകളുടെ ഒരു ഉദ്യാനം.

വൈരാഗ്യശതകം—ശാന്തരസസംബന്ധമായ നൂറു ശ്ലോകങ്ങൾ. അപ്പയ്യദീക്ഷിതർ ഉണ്ടാക്കിയതു.

വൈരോചനൻ—ബലി.

വൈവസ്വതൻ—ഏഴാമത്തെ മനു. സൂര്യന്റെ പുത്രനും സൂര്യകുലസ്ഥാപകനായ ഇക്ഷ്വാകുവിന്റെ പിതാവും.

വൈവസ്വതം—ഇപ്പോഴത്തെ മന്വന്തരം.

വൈശമ്പായനൻ—വ്യാസന്റെ ഒരു ശ്രുതിപ്പെട്ട ശിഷ്യൻ. യാജ്ഞവല്ക്യൻ തന്നോടു പഠിച്ച യജുർവേദത്തെ അവൻ ഛർദ്ദിപ്പിക്കയും അപ്പോൾ അവന്റെ മറ്റു ശിഷ്യന്മാർ തിത്തിരിപക്ഷികളായി വന്നു് അതിനെ കൊത്തിപ്പെറുക്കി എടുക്കയും ചെയ്തു. ഈ സംഭവത്തിൽനിന്നു് യജുർവേദത്തിനു തൈത്തിരീയമെന്നു പേരുണ്ടായി. വൈശമ്പായനൻ തന്റെ ഗുരുവായ വ്യാസനിൽനിന്നു് മഹാഭാരതം പഠിക്കയും അതിനെ ഒരു ഉത്സവദിവസം ജനമേജയരാജാവിന്റെ മുമ്പാകെ ആഖ്യാനംചെയ്കയുംചെയ്തു.

വൈശേഷികം—ന്യായത്തിന്റെ ഒരു ശാഖയാണെന്നുതന്നെപറയാം. കണാദ മഹർഷിയുടെ വൈശേഷികസൂത്രങ്ങളാണ് ഈ ദർശനത്തെസംബന്ധിച്ചുള്ള പ്രധാന ഗ്രന്ഥം.

വൈശ്യൻ—മൂന്നാമത്തെ ജാതി. പുരുഷന്റെ തുടകളിൽനിന്നു ഉത്ഭവിച്ചു. കച്ചവടം പ്രവൃത്തി.

വൈശ്രവണൻ—൧. കുബേരൻ. ൨. രാവണൻ.

**വോപദേവൻ**—മുഗ്ദ്ധബോധവ്യാകരണത്തിന്റെ കൎത്താവ്.

**വ്യവഹാരമാല**—ഒരു പഴയമലയാളഗ്രന്ഥം. ജന്മിയും കുടിയാനും തമ്മിൽ വസ്തുവിന്റെ ആദായം ഭാഗിക്കുന്നതിനേയും മറ്റും പറ്റിയുള്ള നിയമങ്ങൾ. ഇതെഴുതിയകാലത്തു കരം (നികുതി) ഉണ്ടായിരുന്നില്ല.

**വ്യാകരണം**—വേദസംഹിതകൾ ഋഷ്യന്മാരുടെ ഭാഷയ്ക്കു കാലക്രമേണ ഭേദങ്ങൾ വന്നപ്പോൾ ദുർഗ്രഹമായിതീൎന്നതിനാൽ അവയുടെ വ്യാഖ്യാനത്തിനു നിരുക്തങ്ങളും വ്യാകരണങ്ങളും ആവശ്യമായിവന്നു. ഇങ്ങനെ സംസ്കൃതത്തിൽ വ്യാകരണങ്ങളുണ്ടാകുന്നതിനും കാരണം വേദാദ്ധ്യയനം ആകുന്നു എന്നു പറയാം. സംസ്കൃതത്തിൽ ഇപ്പോൾ വ്യാകരണസംബന്ധമായി അനേകം പുസ്തകങ്ങൾ ഉണ്ട്. ഇപ്പോഴുള്ളവയിൽ പുരാതനമായതും പ്രാധാന്യമേറിയതും പാണിനിയുടെ സൂത്രങ്ങളാകുന്നു. പാണിനിക്കു മുമ്പ് ആപിശലി, കാശ്യപൻ, ഗാൎഗ്ഗ്യൻ, ഗാലവൻ, ചക്രവൎമ്മണൻ, ഭാരദ്വാജൻ, ശാകടായനൻ, ശാകല്യൻ, സേനകൻ, സ്ഫോടായനൻ ഇങ്ങനെവളരെ വൈയ്യാകരണന്മാർ ഉണ്ടായിരുന്നതായി പാണിനിതന്നെ പറയുന്നുണ്ട്. എന്നാൽ അവരുടെ വ്യാകരണങ്ങൾ ഒന്നും ഇപ്പോൾ ഇല്ല. പാണിനിയുടെ സൂത്രങ്ങൾ വേദത്തിലെ ഭാഷയെപ്പറ്റി ചിലപ്പോൾമാത്രം പ്രതിപാദിക്കുന്നതാകയാൽ അവയെ വേദാംഗമെന്നു പറയാൻപാടില്ല. ആ പേരിനു യോഗ്യതയുണ്ടായിരുന്ന വ്യാകരണങ്ങൾ എല്ലാം നശിച്ചുപോയി എന്നുതന്നെ വിചാരിക്കണം. പാണിനിയുടെ അഷ്ടാദ്ധ്യായിപോലെ വിശിഷ്ടമായ ഒരു വ്യാകരണഗ്രന്ഥം വേറൊരുഭാഷയിലുമില്ലെന്നാണ പാശ്ചാത്യപണ്ഡിതന്മാർ പറയുന്നത്. പാണിനി ക്രിസ്ത്വബ്ദത്തിന് ആറു ശതവൎഷം മുമ്പാണ ജീവിച്ചിരുന്നത്. ധാതുപാഠം എന്ന ധാതുക്കളുടെ ഒരു നിഘണ്ടുവും പാണിനി ഉണ്ടാക്കിയതാണെന്നു വിചാരിച്ചുവരുന്നു.

പാണിനിക്കുശേഷം കാത്യായനൻ എന്നൊരു വൈയ്യാകരണൻ ഉണ്ടായി. കാത്യായനൻ പാണിനിയുടെ സഹജീവിയായിരുന്നു എന്നും ചിലർ അഭിപ്രായപ്പെടുന്നു. കാത്യായനന്റെ വാൎത്തികങ്ങൾ അഷ്ടാദ്ധ്യായിയുടെ പരിശിഷ്ടമായി അതിലെ തെറ്റുകളെ ചൂണ്ടിക്കാണിച്ച് എഴുതീട്ടുള്ളവയാണ്.

കാത്യായനന്റെ വാൎത്തികങ്ങളെ ആക്ഷേപിച്ചും പാണിനിയുടെ സൂത്രങ്ങളെ സാധൂകരിച്ചും പതഞ്ജലി പാണിനിസൂത്രങ്ങൾക്കു മഹാഭാഷ്യം എന്നൊരു വ്യാഖ്യാനമെഴുതി. പതഞ്ജലി ക്രിസ്ത്വബ്ദത്തിനു ൧൫൦ വൎഷം മുമ്പു ജീവിച്ചിരുന്നു എന്നാണ വിദ്വാന്മാർ അഭിപ്രായപ്പെടുന്നത്.

പാണിനിയും കാത്യായനും പതഞ്ജലിയുമാണ്, സംസ്കൃതവൈയാകരണന്മാരിൽ ഏറ്റവും പ്രസിദ്ധന്മാർ. അവൎക്കു ശേഷം അനേകം വൈയാകരണന്മാർ ഉണ്ടായിട്ടുണ്ട്. എന്നാൽ അവരുടെ കൃതികൾ മേൽപറഞ്ഞവരുടെ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങളോ സംഗ്രഹങ്ങളോ അവയുടെ വ്യാഖ്യാനങ്ങളോ മാത്രമാണ്. അവയിൽ പ്രധാനമായവ കയ്യടന്റെ ഭാഷ്യപ്രദീപവും നാഗോജിഭട്ടന്റെ ഭാഷ്യപ്രദീപോദ്ദ്യോതവും പരിഭാഷേന്ദുശേഖരവും വാമനന്റെ കാശികാവൃത്തിയും ഭട്ടോജിദീക്ഷിതരുടെ സിദ്ധാന്തകൌമുദിയും ശബ്ദകൌസ്തുഭവും വൈയ്യാകരണഭൂഷണവും വരദരാജന്റെ ലഘുകൌമുദിയും വോപദേവന്റെ മുഗ്ദ്ധബോധവും ഭർത്തൃഹരിയുടെ വാക്യപദീയവും ഹേമചന്ദ്രന്റെ ഹൈമവ്യാകരണവും ശബ്ദാനുശാസനവും മാധവാചാൎയ്യന്റെ ധാതുവൃത്തിയും ര

മചന്ദ്രന്റെ പ്രക്രിയാകൌമുദിയും ജ്ഞാനേന്ദ്രസരസ്വതിയുടെ തത്വബോധിനിയും ആകുന്നു. ഇവയിൽ വിദ്യാൎത്ഥികൾക്കു ഏററവും ഉപയോഗമുള്ളതു് സിദ്ധാന്തകൌമുദിയും ലഘുകൌമുദിയും ആകുന്നു. കതേന്ത്രം എന്നു പേരോടുകൂടി സൎവ്വവൎമ്മാവുണ്ടാക്കിയ ഒരു നല്ല വ്യാകരണവും ചില പ്രദേശങ്ങളിൽ പ്രചാരത്തിൽ ഉണ്ടു്.

**വ്യാഡി**—ഒരു വ്യാകരണത്തിന്റെയും നിഘണ്ടുവിന്റെയും കൎത്താവു്.

**വ്യാസൻ**—പുരാണങ്ങൾപ്രകാരം വേദങ്ങളെ ക്രമപ്പെടുത്തുവാൻ ബ്രഹ്മാവു് ഇരുപത്തെട്ടുപ്രാവശ്യം വ്യാസനായി അവതരിച്ചു. വേദങ്ങൾ ക്രമപ്പെടുത്തുകയും മഹാഭാരതം ഉണ്ടാക്കുകയും (കൂട്ടിച്ചേൎക്കുകയും) വേദാന്തം സ്ഥാപിക്കയും പുരാണങ്ങൾ ശരിപ്പെടുത്തുകയും ചെയ്തുവന്നു (ഇതെല്ലാം ചെയ്തതു ഒരാൾ തന്നെയാണോ എന്ന സംശയമാണ്) ഒരു ചിരഞ്ജീവിയും ആയ വേദവ്യാസൻ സത്യവതിയിൽ പരാശരമഹൎഷിയുടെ പുത്രനാണ്. ന്യായമായി ഉണ്ടായ പുത്രനല്ലാത്തതുകൊണ്ടു കാനീനൻ എന്നും കറുത്തിരുന്നതുകൊണ്ടു കൃഷ്ണൻ എന്നും ഒരു ദ്വീപിൽ ജനിച്ചതുകൊണ്ടു ദ്വൈപായനൻ എന്നും പേരുകൾ ഉണ്ടായി. സത്യവതി വ്യാസനെ പ്രസവിച്ചശേഷം ശന്തനുരാജാവിനെ വിവാഹം ചെയ്തു രണ്ടു പുത്രന്മാരുണ്ടായി എന്നാൽ അവർ മക്കളില്ലാതെ മരിച്ചു. അതുകൊണ്ടു വ്യാസൻ മതവിഷയങ്ങളിൽ മനസ്സുവെച്ചവനായിരുന്നെങ്കിലും നിയമപ്രകാരം വേണ്ടതുകൊണ്ടും അമ്മ കല്പിക്കകൊണ്ടും അവരുടെ വിധവമാരെ പരിഗ്രഹിച്ചു. അവരിൽ ധൃതരാഷ്ട്രൻ എന്നും പാണ്ഡു എന്നും രണ്ടുപുത്രന്മാർ ഉണ്ടായി.

**വ്യാഹൃതികൾ**—"വേദങ്ങളിൽ നിന്നു പ്രജാപതി കറന്നെടുത്ത" മൂന്നു വാക്കുകൾ, ഇവയെ ബ്രാഹ്മണർ സന്ധ്യാവന്ദനത്തിൽ ഓം എന്ന പദത്തിന്റെ പിന്നാലെ ഉപയോഗിച്ചുവരുന്നു. ഋഗ്വേദത്തിൽനിന്നെടുത്ത "ഭൂ" ഭൂമിയായും. യജുൎവ്വേദത്തിൽനിന്നെടുത്ത "ഭുവ:" ആകാശമായും, സാമവേദത്തിൽനിന്നെടുത്ത "സ്വ:" സ്വൎഗ്ഗമായും തീൎന്നു. അഥൎവ്വവേദത്തിൽ നിന്നെടുത്തപദം "മഹ:" എന്നാണത്രെ.

**വ്യോമകേശൻ, (ഭകേശി ദേവൻ)**—ശിവൻ.

**വ്യോമാസുരവധം**—പുല്ലാക്കര നമ്പൂതിരിപ്പാട്ടിലെ ഒരു ആട്ടക്കഥ.

**വ്രജദേശം**—കൃഷ്ണൻ ഗോപാലന്മാരോടു കൂടെ തന്റെ ബാല്യം കഴിച്ച സ്ഥലം.

**വ്രജനാഥൻ**—(കിശോരൻ, മോഹനൻ വരൻ. വല്ലഭൻ) ശ്രീകൃഷ്ണൻ.

**വ്രതം**—നോമ്പു പ്രത്യേകം സ്ത്രീകൾ ധനം വിദ്യ സന്താനം ദീൎഘായുസ്സ ഇത്യാദി ലഭിക്കുന്നതിനായി അനുഷ്ഠിക്കുന്നു. ഉപവാസം പ്രധാനം പ്രധാനവ്രതങ്ങളിൽ ചിലതു വിനായകവ്രതം, വരലക്ഷ്മീവ്രതം അനന്തവ്രതം കേദാരഗൌരീവ്രതം, ഋഷിപഞ്ചമിവ്രതം ആകുന്നു.

# ശ

**ശൻ**—ശിവൻ.

**ശകടൻ**—കൃഷ്ണൻ ബാലനായിരുന്നപ്പോൾ കൊന്ന ഒരു രാക്ഷസൻ.

**ശകുനി**—ഗാന്ധാരിയുടെ സഹോദരൻ. കൌരവരുടെ മാതുലൻ. പാണ്ഡവരെ നശിപ്പിക്കുന്നതിനായി ദുൎയ്യോധനനോടുകൂടി പല യത്നങ്ങൾ ചെയ്തു. ചൂതുകളിയിൽ സമൎത്ഥനാകകൊണ്ടു യുധിഷ്ഠിരനൊടു കളിക്കാനായി തിരഞ്ഞെടുക്കപ്പെടുകയും യുധിഷ്ഠിരനെ തോല്പിക്കയും ചെയ്തു. ശകുനിക്കു സൌബലൻ എന്നും പേരുണ്ടു്.

**ശകുന്തളാ**—മേനകയിൽ വിശ്വാമിത്രന്റെ പുത്രി. കാളിദാസന്റെ ശ്രുതിപ്പെട്ട നാടകത്തിന്റെ നായിക. അമ്മ ഉപേക്ഷിച്ചിട്ടു പോയപ്പോൾ ഒരു ശകുന്തം പോററിയതുകൊണ്ടു ശകുന്തളാ എന്നു പേരുണ്ടായി. കണ്വമഹൎഷി അവളെക്കണ്ടു ആശ്രമത്തിൽ കൊണ്ടുപോയി വളൎത്തി. അവിടെ വച്ചു ദുഷ്യന്തരാജാവു് അവളെ ഗാന്ധൎവ്വവിധിപ്രകാരം വിവാഹം ചെയ്തിട്ടു ഒരു മോതിരവും കൊടുത്തുംവെച്ചു പോയി. പോയശേഷം ദുൎവ്വാസസ്സിന്റെ ശാപംനിമിത്തം ശകുന്തളയെ മറന്നുപോയി. മോതിരം ഒരു തീൎത്ഥത്തിൽ വീണുപോയതുകൊണ്ടു ശകുന്തളതന്നെ ചെന്നിട്ടും ദുഷ്യന്തൻ അവളെ ഓൎത്തില്ല. ഒടുവിൽ ഒരു മത്സ്യത്തിന്റെ വയററിൽനിന്നു് ആ മോതിരം ഒരു മുക്കവനു കിട്ടുകയും അതിനെ ദുഷ്യന്തൻ കാണ്മാൻ ഇടവരികയും അപ്പോൾ ശകുന്തളയുടെ ഓൎമ്മ ഉണ്ടാകയും അവളെ ഭാൎയ്യയായി സ്വീകരിച്ചുകൊള്ളുകയും ചെയ്തു. ഭരതഖണ്ഡത്തിനു ആ പേരു കൊടുത്ത ഭരതൻ ശകുന്തളയുടെ പുത്രനാണു്.

**ശക്തി, ശക്ത്രി**—വസിഷ്ഠന്റെ പുത്രൻ. കല്മാഷപാദരാജാവിനെ ശപിച്ചു് രാക്ഷസനാക്കി. അവനാൽ തന്നെ കൊന്നുഭക്ഷിക്കപ്പെട്ടു.

**ശക്തിപൂജ**—തന്ത്രം നോക്കുക.

**ശക്രൻ**—൧. ഇന്ദ്രൻ. ൨. ശിവൻ.

**ശക്രജിൽ**—ഇന്ദ്രജിൽ.

**ശക്രസുതൻ**—൧. ജയന്തൻ. ൨. അൎജ്ജുനൻ. ൩. വാലി.

**ശങ്കരൻ**—ശിവൻ.

**ശങ്കരാചാൎയ്യർ**—മഹാവിദ്വാനായ ഒരു വേദാന്തി. കേരളത്തിൽ കാലടി എന്ന സ്ഥലത്തു ക്രിസ്താബ്ദം ൭൮൮-ൽ ജനിച്ചു. ബാല്യത്തിൽ തന്നെ സന്ന്യസിച്ചു. കേരളം മുതൽ കാശ്മീരം വരെ സഞ്ചരിച്ചു, അങ്ങുമിങ്ങും മഠങ്ങളും സ്ഥാപിച്ചു വേദാന്തം പ്രബലപ്പെടുത്തി. പ്രധാനമഠം ശൃംഗേരിമഠം ആകുന്നു. ൮൨൦-ൽ മുപ്പത്തുരണ്ടാമത്തെ വയസ്സിൽ ഹിമാലയത്തിൽ കേദാർനാഥത്തിൽ വെച്ചു മരിച്ചു. ശിവാനന്ദലഹരി, ഭഗവൽഗീതയുടെ വ്യാഖ്യാനം ഉപനിഷത്തുകളുടെ വ്യാഖ്യാനം, സൌന്ദൎയ്യലഹരി, ശിവഭുജംഗസ്തോത്രം മുതലായി അനേകം പുസ്തകങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. അദ്വൈതം നോക്കുക. അമരുകശ

തകൾം ഇദ്ദേഹത്തിന്റെ കൃതിയാണെന്ന വിചാരിച്ചുവരുന്നു. സ്മൃതികളെ പ്രമാണമായി സ്വീകരിക്കയാൽ അനുഗാമികൾക്ക സ്മാർത്തർ എന്ന പേർ. ഇദ്ദേഹത്തെപ്പററി ശങ്കരചരിതം, ശങ്കരകഥാ, ശങ്കരവിജയം ഇങ്ങനെ മൂന്ന ജീവചരിത്രപുസ്തകങ്ങൾ ഉണ്ട്.

**ശങ്കരഭാഷ്യം** — വേദാന്തത്തെ പററി ശങ്കരാചാൎയ്യരുടെ കൃതിപ്പെട്ട പുസ്തകം.

**ശങ്കരമാരാർ** — "കൃഷ്ണവിജയം" കാവ്യത്തിന്റെ കൎത്താവ്. ഉദ്ദണ്ഡശാസ്ത്രികളുടെ സമകാലീനനായ ഒരു പണ്ഡിതൻ.

**ശങ്കരവിജയം** — ശങ്കരാചാൎയ്യരുടെ ജീവചരിത്രം. ഈ പേരായി രണ്ടു പുസ്തകങ്ങൾ ഉണ്ട്. 1. ആനന്ദഗിരി ഉണ്ടാക്കിയതും മറേറതു മാധവാചാൎയ്യർ ഉണ്ടാക്കിയതും.

**ശചി** — ഇന്ദ്രന്റെ ഭാൎയ്യ.

**ശട്ടൈമുനി** — അഗസ്ത്യമുനിയുടെ ഒരു ശിഷ്യൻ. ജ്ഞാനനൂൽ (മതം) കല്പനൂൽ (വൈദ്യം), വാതനിഘണ്ടു (രസായനം) ഈ തമിഴ്പുസ്തകങ്ങളുടെ കൎത്താവ്.

**ശതഘ്നി** — കൃഷ്ണൻ ഉപയോഗിച്ച ഒരു ആയുധം.

**ശതധന്വസ്സ്** — 1. ഹൃദീകന്റെ പുത്രനായ ഒരു യാദവൻ. സത്യഭാമയുടെ പിതാവായ സത്രാജിത്തിനെ കൊന്നതുകൊണ്ട കൃഷ്ണനാൽ കൊല്ലപ്പെട്ടു. 2. സുകൃതവും ഭക്തിയുമുള്ള ശൈബ്യയുടെ ഭൎത്താവായ ഒരു രാജാവ്. വിഷ്ണുഭക്തരായ അവർ ഒരിക്കൽ ഒരു നാസ്തികനെ കണ്ടാറെ ശതധന്വ അവനോട സംസാരിച്ചു കൊണ്ടുനിന്നു എന്നാൽ ശൈബ്യാ അവരുടെ സംഭാഷണത്തിന ശ്രദ്ധ കൊടുക്കാതെ തിരിഞ്ഞു സൂൎയ്യനെ നോക്കിക്കൊണ്ടുനിന്നു. കുറേനാൾ കഴിഞ്ഞു ശതധന്വസ്സ് മരിച്ചു. അവന്റെ ചിതയിൽ കയറി ശൈബ്യയും മരിച്ചു. പിന്നീട ശതധന്വസ്സ് ഒരു നായായും ശൈബ്യാ മുൻജന്മത്തിന്റെ ഓൎമ്മയോടുകൂടി ഒരു രാജകുമാരിയായും ജനിച്ചു. ശൈബ്യാ നായെക്കണ്ടു അതാരാണെന്നറിഞ്ഞു അവൻ മുമ്പാരായിരുന്നെന്നും അധോഗതിക്ക കാരണമെന്തെന്നും അറിയിച്ചു. ശതധന്വസ്സ് ദുഃഖംകൊണ്ടു മരിച്ചു. പിന്നെയും അവൻ ഒരു കുറുക്കനായും, ചെന്നായായും, കാക്കയായും, മയിലായും ജനിച്ചു അപ്പോളൊക്കെയും ശൈബ്യാ അവനെ തിരിച്ചറിഞ്ഞു, വസ്തുതയറിയിച്ചു, മുൻസ്ഥിതി പ്രാപിപ്പാൻ വേണ്ടുന്ന യത്നങ്ങൾ ചെയ്യാൻ ഉപദേശിച്ചു. അതിന്റെ ശേഷം ശതധന്വസ്സ് ഒരു രാജകുലത്തിൽ ജനിച്ചു. ശൈബ്യാ അവനെ തന്റെ ഭൎത്താവായി വരിക്കയും ചെയ്തു.

**ശതപഥബ്രാഹ്മണം** — ശുക്ലയജുൎവ്വേദത്തിന്റെ ബ്രാഹ്മണം.

**ശതരൂപാ** — ബ്രഹ്മാവിന്റെ പുത്രി. ബ്രഹ്മാവിനാൽതന്നെ സ്വായംഭുവ മനുവിന്റെ അമ്മ. ഒരു കഥയിൽ മനുവിന്റെ ഭാൎയ്യയാണെന്നു കാണുന്നു. സാവിത്രീ എന്നും പേരുണ്ട്.

**ശത്രുഘ്നൻ** — രാമലക്ഷ്മണന്മാരുടെ സഹോദരൻ. ശത്രുഘ്നനിൽ വിഷ്ണുവിന്റെ എട്ടിലൊരംശം അവതാരമായി. ശ്രുതകീൎത്തിയെ വിവാഹംചെയ്തു.

രാമന്റെ ഭാഗം യുദ്ധംചെയ്തു ലവണാസുരനെ കൊന്നു. ശത്രുഘ്നനു സുബാഹു എന്നും ബഹുശ്രുതൻ എന്നും രണ്ടു പുത്രന്മാരുണ്ടായിരുന്നു.

**ശത്രുഞ്ജയമാഹാത്മ്യം**—ധനേശ്വരൻ ഉണ്ടാക്കിയ ഒരു സംസ്കൃതകാവ്യം. പതിനാലു അദ്ധ്യായം. ഇതിൽ അനേകം നാട്ടുകഥകൾ ഉണ്ടു.

**ശനി**—ഒരു ദോഷവാനായ ഗ്രഹം, ഛായയിൽ സൂൎയ്യന്റെ പുത്രൻ. ഒരു കഥയിൽ ബലരാമന്റെയും രേവതിയുടെയും പുത്രനാണെന്നു പറഞ്ഞിരിക്കുന്നു. ശനിക്കു ആരൻ, കോണൻ, ക്രോധൻ, ക്രൂരലോചനൻ, മന്ദൻ, പംഗു ശനൈശ്ചരൻ, സപ്താൎച്ചിഃ, അസിതൻ എന്നു പല പേരുകളുണ്ടു.

**ശന്തനു**—ചന്ദ്രവംശത്തിലെ ഒരു രാജാവു്. പ്രതീപന്റെ പുത്രൻ. ഭീഷ്മന്റെ പിതാവു്. ഭക്തി, സ്നേഹം, വിനയം, സ്ഥിരത ഇത്യാദി ഗുണങ്ങൾക്കു ശ്രുതിപ്പെട്ടവൻ. സത്യവാചൻ എന്നും പേരുണ്ടു.

**ശബരചിന്താമണി**—ക്ഷുദ്രപ്രയോഗം സംബന്ധിച്ച ഒരു തമിഴ് പുസ്തകം.

**ശബരി**—രാമചന്ദ്രനെ വളരെ ഭക്തിയോടെ സേവിച്ചൊരു കിരാതസ്ത്രീ.

**ശബലാശ്വർ**—ഹൎയ്യശ്വർ പോയശേഷം ദക്ഷനുണ്ടായ ആയിരം പുത്രന്മാർ. ഇവരും നാരദന്റെ ഉപദേശപ്രകാരം മടങ്ങിവരാതവണ്ണം അങ്ങുമിങ്ങും ചേർതിരിഞ്ഞുപൊയ്ക്കളഞ്ഞു.

**ശബ്ദാൎത്ഥകല്പതരു**—മാമിടിവെങ്കയ്യാ ഉണ്ടാക്കിയ ഒരു സംസ്കൃത നിഘണ്ടു. അൎത്ഥം തെലുങ്കുഭാഷയിൽ

**ശംബരൻ**—ഒരു അസുരൻ. ദിവോദാസ രാജാവിനോടു യുദ്ധം ചെയ്തു തോല്ക്കയും അവന്റെ കോട്ടകളെല്ലാം ഇന്ദ്രൻ നശിപ്പിച്ചുകളകയും ചെയ്തു. പ്രദ്യുമ്നനെ എടുത്തുകൊടുത്തുകൊണ്ടുപോയി കടലിലിട്ട ഒരു ദൈത്യൻ. പ്രദ്യുമ്നനാൽ തന്നെ കൊല്ലപ്പെട്ടു.

**ശംബൂകൻ**—ഒരു ശൂദ്രൻ. തപസ്സുചെയ്കകൊണ്ടു രാമനാൽ കൊല്ലപ്പെട്ടു.

**ശംഭു**—൧. ശിവൻ. ൨. വിഷ്ണു.

**ശയനഏകാദശി**—പ്രഥമൈകാദശി നോക്കുക.

**ശരദ്വാൻ**—കൃപയുടെ പിതാവായ ഒരു ഋഷി.

**ശരഭൻ**—രാമന്റെ ഒരു വാനരസചിവൻ. പക്ഷിയെന്നുമുണ്ടു്.

**ശരഭം**—എട്ടുകാലുള്ള ഒരു മൃഗം. സിംഹത്തേക്കാൾ ബലമുള്ളതത്രെ. സിംഹത്തിന്റെ ശത്രുവുമാണു്.

**ശരഭംഗൻ**—ദണ്ഡകാരണ്യത്തിലെ ഒരു സന്ന്യാസി. രാമനെയും സീതയെയും കണ്ടപ്പോൾ തന്റെ ജന്മം സഫലമായി എന്നു പറഞ്ഞുകൊണ്ടു തീ കൂട്ടി അതിൽ പ്രവേശിച്ചു. തീയിൽ നിന്നു ഒരു സുന്ദരനായ യുവാ

വിന്റെ ശരീരത്തോടുകൂടി പുറത്തുവന്ന് അവരെ നമസ്കരിച്ചു സ്വർഗ്ഗത്തിലേക്കുപോയി.

ശരാവതീ—ഒരു നഗരം. ലവനെ രാമൻ അവിടത്തെ രാജാവാക്കി.

ശർമ്മിഷ്ഠാ—യയാതിയുടെ രണ്ടാമത്തെ ഭാര്യ. ദേവയാനി നോക്കുക.

ശർവൻ—൧. ശിവൻ ൨. വിഷ്ണു.

ശർവരീ—ഒരു ഹീനജാതിയിലെ ഭക്തിയുള്ള സ്ത്രീ. രാമാവതാരത്തിനായി കാത്തിരുന്നു. രാമനെ കണ്ടശേഷം അഗ്നിപ്രവേശം ചെയ്തു.

ശർവാണീ—പാർവ്വതീ.

ശല്യൻ—പാണ്ഡുവിന്റെ ഒരു ഭാര്യയായ മാദ്രിയുടെ സഹോദരൻ. യുദ്ധത്തിൽ പാണ്ഡവരെ വിട്ടു കൌരവരോടുചേർന്നു. കർണ്ണന്റെ സാരഥിയായി കർണ്ണൻ മരിച്ചശേഷം കൌരവരുടെ സേനാധിപനായി. യുധിഷ്ഠിരനാൽ കൊല്ലപ്പെട്ടു.

ശശാദൻ—ഇക്ഷ്വാകുവിന്റെ പുത്രനായ വികുക്ഷി.

ശശി—ചന്ദ്രൻ.

ശശിജൻ—ബുധൻ.

ശകടായനൻ—പാണിനിക്കുമുമ്പുണ്ടായിരുന്ന ഒരു വ്യാകരണക്കാരൻ.

ശാകപൂർണ്ണി—ഒരു പുരാതനവേദവ്യാഖ്യാനി.

ശാകംഭരീ—ദുർഗ്ഗ.

ശാകല്യൻ—ഒരു വൈയാകരണനും വേദവ്യാഖ്യാതാവും വേദമിത്രൻ എന്നും ദേവമിത്രൻ എന്നും പേരുകളുണ്ട്.

ശാകിനികൾ—ദുർഗ്ഗാദേവിയുടെ ദാസികൾ.

ശാകുന്തളൻ—ഭരതന്റെ ഒരു പേരു.

ശാകുന്തളം—അഭിജ്ഞാനശാകുന്തളം നോക്കുക.

ശാതവാഹനൻ—ശാലിവാഹനന്റെ ഒരു പേരു.

ശാന്തനവൻ—ഭീഷ്മൻ.

ശാന്താ—ദശരഥന്റെ പുത്രി. അംഗരാജാവായ ലോമപാദന്റെ ദത്തുപുത്രി. ഋഷ്യശൃംഗൻ വിവാഹം ചെയ്തു.

ശാന്തിശതകം—മനശ്ശാന്തിയെ കുറിച്ചു ശ്രീശിഹ്ളൻ ഉണ്ടാക്കിയ നൂറു ശ്ലോകങ്ങൾ.

ശാംബൻ—ജാംബവതിയിൽ കൃഷ്ണന്റെ പുത്രൻ. ലിംഗപുരാണപ്രകാ

ന്റെ രുഗ്മിണിയുടെ മകനാണ്. ലക്ഷണയുടെ സ്വയംവരത്തിനു ശാംബൻ അവളെ എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞതുകൊണ്ടു ദുര്യോധനനും മറ്റും അവനെ പിടിച്ചു തടവിലാക്കി. പിന്നെ ബലരാമൻ അവനെ വിടുവിച്ചു ദ്വാരകയിലേക്കു കൊണ്ടുപോന്നു. അവിടെ ശാംബൻ വിശുദ്ധകാൎയ്യങ്ങളെ എല്ലാം ത്യജിച്ചു ആഭാസനായി നടന്നു ഒരിക്കൽ വിശ്വാമിത്രൻ ദുൎവാസസ്സ്, നാരദൻ, മുതലായ മഹൎഷികളെ പരിഹസിക്കുന്നതിനായി ശാംബൻ ഗൎഭമുള്ള ഒരുസ്ത്രീയുടെ വേഷം ധരിച്ചുകൊണ്ടു അവരുടെ അടുക്കൽ ചെന്നു താൻ പ്രസവിക്കുന്ന കുഞ്ഞു ആണായിരിക്കുമോ പെണ്ണായിരിക്കുമോ എന്നു ചോദിച്ചതിനു കൃഷ്ണന്റെ പുത്രനായ അവൻ പ്രസവിക്കുന്ന കുഞ്ഞു യദുകുലത്തിന്റെ മൂലനാശം വരുത്തുവാനുള്ള ഇരുമ്പു ഗദയായിരിക്കുമെന്നു അവർ മറുപടി പറഞ്ഞു. കാലക്രമേണ ശാംബൻ ഒരു ഇരുമ്പുഗദയെ പ്രസവിച്ചു. എന്നാറെ ഉഗ്രസേനൻ അതിനെ എടുത്തുപൊടിച്ചു കടലിലെറിഞ്ഞു എന്നാൽ പൊടികളെല്ലാം ഇരുമ്പു ശരങ്ങളായി തീൎന്നു. പൊടിയാതെ കിടന്ന ഒരു കഷണം പിന്നെ ജരസൻ എന്ന വേടനു ഒരു മത്സ്യത്തിന്റെ വയററിൽനിന്നു കിട്ടുകയും അതിനെ തന്റെ അസ്ത്രത്തിന്റെ അഗ്രമായി വെക്കുകയും അതുകൊണ്ടു പിന്നെ എയ്തപ്പോൾ കൃഷ്ണന്റെ കാലിനുകൊണ്ടു കൃഷ്ണൻ മരിക്കയും ചെയ്തു. ശാംബൻ ദുൎവാസസ്സിന്റെ ശാപനിമിത്തം കുഷ്ഠരോഗിയാകയും തപസ്സുചെയ്തു സൂൎയ്യന്റെ പ്രീതി സമ്പാദിച്ചു സ്വസ്ഥതപ്പെടുകയും ചെയ്തു.

**ശാരദാ** — ഫ. ദുൎഗ്ഗാ. വ. സരസ്വതി.

**ശാൎങ്ഗം** — കൃഷ്ണന്റെ വില്ലു.

**ശാൎങ്ഗധരപദ്ധതി** — സദുക്തി കൎണ്ണാമൃതത്തെ പോലെ വിശിഷ്ട ശ്ലോകങ്ങളുടെ ഒരു സംഗ്രഹം. പതിനാലാം ശതാബ്ദം. ശാൎങ്ഗധരൻ വന്നൂറ് കവികളുടെ ൬൦൦൦ ശ്ലോകങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്.

**ശാലഗ്രാമം** — വൈഷ്ണവർ വിഷ്ണുവിന്റെ പ്രതിമയാണെന്നു വെച്ചു വന്ദിക്കുന്ന ഒരുവിധം കല്ല്.

**ശാലാകൻ** — പാണിനി.

**ശാലിവാഹനൻ** — വിക്രമാദിത്യന്റെ ശത്രുവായ തെക്കെഭാരതത്തിലെ ഒരു രാജാവ്. കാത്രൎയ്യുദ്ധത്തിൽവെച്ചു കൊല്ലപ്പെട്ടു.

**ശാലിഹോത്രൻ** — അശ്വചികിത്സയെക്കുറിച്ചു ഒരു പുസ്തകം ഉണ്ടാക്കീട്ടുള്ള ഒരു ഗ്രന്ഥകൎത്താവ്.

**ശാല്മലി** — പാതാളത്തിലെ ഒരു നദി.

**ശാസ്ത്രക്കളി** — ദേവപന്തുകൾ നീങ്ങുന്നതിനും അറിയാതെ ചെയ്തുപോകുന്ന ദോഷങ്ങൾക്കു പ്രതിവിധിയായും അസ്തമിച്ചതിനുശേഷം, വിളക്കുവെച്ചു, അതിനു ചുററും പ്രദക്ഷിണം ചെയ്തുകൊണ്ടു നാലു ബ്രാഹ്മണർ കൂടികളിക്കുന്ന ഒരുവിധം കളി. ഇതിൽ പാദങ്ങൾ, പാന, ഗണപതിപ്പാട്ടു മുതലായവ അടങ്ങിയിരിക്കും. ഭാഷാരീതികൊണ്ടു വളരെ പഴക്കമുള്ളതു്.

**ശാസ്ത്രചക്ഷുസ്സ്** — വ്യാകരണം.

**ശി** — ശിവൻ.

**ശിക്ഷ**—ഒരു വേദാംഗം. വേദത്തിലെ ഗീതങ്ങൾ ശരിയായി ഉച്ചരിക്കാതെ ഫലപ്രദങ്ങളായിരിക്കയില്ലെന്നു മനുഷ്യർ വിചാരിക്കയാൽ ഉച്ചാരണത്തെപ്പററിയുണ്ടാക്കീട്ടുള്ള നിയമങ്ങളാകുന്നു ശിക്ഷ. വേദങ്ങളെ സംബന്ധിച്ചുള്ള ഈവക നിയമങ്ങൾക്കു പ്രാതിശാഖ്യങ്ങളെന്നു പേരുപറയുന്നു. അവ സാമവേദത്തിനൊഴികെ ശേഷം വേദങ്ങൾക്കു പ്രത്യേകം പ്രത്യേകം ഉണ്ട്. ശിക്ഷയെപ്പററി പാണിനിയുടെ ഒരു ചെറിയ പുസ്തകവും തൈത്തിരീയാരണ്യകത്തിൽ ഒരദ്ധ്യായവും മാണ്ഡൂകീശിക്ഷ എന്നൊരു പുസ്തകവുമാണ് പ്രധാനമായിട്ടുള്ളവ.

**ശിഖണ്ഡി**—ശിഖണ്ഡിനി. വിചിത്രവീൎയ്യന്നു ഭീഷ്മൻ തിരഞ്ഞെടുത്ത ഭാൎയ്യമാരിൽ ഒരുത്തിയായ അംബാ ആയിരുന്നു. വിചിത്രവീൎയ്യന്റെ മരണശേഷം അവൾ വനത്തിൽവെച്ച് മരിക്കയും മരിക്കുമ്മുമ്പ് പിന്നത്തെ ജന്മത്തിൽ പുരുഷനായി ജനിച്ച് തന്റെ നിൎഭാഗ്യത്തിനു കാരണഭൂതനായ ഭീഷ്മന്റെ മരണം വരുത്തുമെന്നു പരശുരാമനിൽനിന്നു ഒരു വാഗ്ദത്തം പ്രാപിക്കയും ചെയ്തു. ഇപ്രകാരം അവൾ ദ്രുപദന്റെ പുത്രനായ ശിഖണ്ഡിയായിട്ടു ജനിച്ചു. യുദ്ധത്തിൽ ഭീഷ്മൻ ശരീരംമുഴുവനും അൎജ്ജുനന്റെ അസ്ത്രങ്ങൾ കൊണ്ടു വീണു്. എങ്കിലും മരണത്തിനു ഹേതുവായ അസ്ത്രം ശിഖണ്ഡി എയ്തതായിരുന്നു. ഒരു കഥപ്രകാരം അവൾ ദ്രുപദരാജാവിന്റെ പുത്രിയായി തന്നെയാണ് ജനിച്ചതു്.. എന്നാൽ ജനനംമുതല്ക്കു ഒരു പുരുഷനെപ്പോലെ വളൎത്തപ്പെട്ടു. പ്രായമായപ്പോൾ ഹിരണ്യവൎമ്മന്റെ പുത്രിയെ വിവാഹംചെയ്കയും അവൾ തന്റെ ഭൎത്താവ് സ്ത്രീയാണെന്നു കണ്ടിട്ടു പിതാവിനോടു സങ്കടംപറകയും അവൻ ദ്രുപദനോടു യുദ്ധം ചെയ്വാൻ നിശ്ചയിക്കയുംചെയ്തു. എന്നാൽ ശിഖണ്ഡിനി വനത്തിൽപോയി തപസ്സുചെയ്തു. ഒരു യക്ഷനു തന്റെ സ്ത്രീത്വം കൊടുത്തിട്ടു അവന്റെ പുരുഷത്വം വാങ്ങി തിരിച്ചുവന്നു ഹിരണ്യവൎമ്മാവിനെ സമാധാനപ്പെടുത്തി. ഭാരതയുദ്ധത്തിൽ ഭീഷ്മൻ ഒരു സ്ത്രീയോടു യുദ്ധംചെയ്കയില്ലെന്നു നിശ്ചയിക്കയാലാണത്രേ ശിഖണ്ഡിയാൽ കൊല്ലപ്പെടുവാൻ ഇടവന്നതു്.

**ശിനി**—ഒരു യാദവയോദ്ധാവു്.

**ശിബി, ശിവി**—ഉശീനരരാജാവു്. ധൎമ്മത്തിനും ഭക്തിക്കും ശ്രുതിപ്പെട്ടവൻ. ഒരിക്കൽ അഗ്നി ഒരു പ്രാവിനെപ്പോലെ സഞ്ചരിക്കയും അപ്പോൾ ഇന്ദ്രൻ ഒരു പുള്ളായിട്ടു അതിനെ പിടിക്കാൻ ചെല്ലുകയും ചെയ്തു. പ്രാവു് പറന്നുചെന്നു ശിബിയുടെ മടിയിൽ സങ്കേതം പ്രാപിച്ചു. പുള്ളുചെന്നു പ്രാവിനെയൊ അതിന്റെ മാംസത്തോളം ശിബിയുടെ മാംസമോ കൊടുക്കണമെന്നു നിൎബ്ബന്ധിച്ചു ശിവി പ്രാവിനെ രക്ഷിക്കുന്നതിനായി തന്റെ മാംസം മുറിച്ചു മുറിച്ചു തുലാസ്സിൽവെച്ചു തൂക്കിയാറെ ഒരിക്കലും പ്രാവോളം ഘനം തൂങ്ങാതിരുന്നതുകൊണ്ടു തന്റെ ശരീരം മുഴുവനും തുലാസ്സിൽ വെച്ചു. ഉടനെ പുള്ളു പറന്നുപൊയ്ക്കളഞ്ഞു. പിന്നൊരിക്കൽ വിഷ്ണു ശിവിയുടെ അടുക്കൽ ഒരു ബ്രാഹ്മണനെപ്പോലെ വന്നു ശിവിയുടെ പുത്രനായ വൃഹൽഗൎഭനെ കൊന്നു പാകംചെയ്തു തനിക്കു ഭക്ഷിപ്പാൻ കൊടുക്കണമെന്നു ആവശ്യപ്പെട്ടു. ശിവി അങ്ങനെ പുത്രനെക്കൊന്നു തെയ്യാറാക്കി കൊണ്ടുചെന്നപ്പോൾ ശിവിതന്നെ ഭക്ഷിക്കണമെന്നു ബ്രാഹ്മണൻ പറഞ്ഞു. ശിവി പുത്രന്റെ തലയെടുത്തു തിന്നാനായി ഭാവിച്ചപ്പോൾ ബ്രാഹ്മണൻ അവന്റെ ഭക്തിയെക്കുറിച്ച് അവനെ പുകഴ്ത്തി മകനെ ജീവിപ്പിച്ചു. അവരെ അനുഗ്രഹിച്ചുംവച്ചു് അദൃശ്യനാകയും ചെയ്തു.

**ശിവൻ**—ത്രിമൂൎത്തികളിൽവെച്ച് തമോഗുണമൂൎത്തി. വേദത്തിൽ ശിവൻ എന്ന പേരില്ല. രുദ്രൻ എന്ന ഒരു പേരു ഉപയോഗിച്ചുകാണുന്നുണ്ടു്. എ

ന്നാൽ വേദത്തിലെ രുദ്രനും പുരാണത്തിലെ ശിവനും ഒന്നുതന്നെയാണൊ എന്നു നിശ്ചയമില്ല. ശിവനു അനേകം പേരുകളും ശിവനെക്കുറിച്ച് അനേകം കഥകളും ഉണ്ട്. ശിവനു അഞ്ചു മുഖങ്ങളും നാലു കൈകളും മൂന്നു കണ്ണുകളും ഉണ്ട്. കാമൻ ഒരിക്കൽ ശിവൻ ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ പാൎവ്വതിയെക്കുറിച്ചുള്ള വിചാരം ശിവന്റെ മനസ്സിൽ വരുത്തിയതുകൊണ്ട് ശിവൻ തന്റെ നെററിയിന്മേലുള്ള കണ്ണുകൊണ്ടു നോക്കുകയും കാമൻ ഭസ്മമായിപ്പോകയും ചെയ്തു. ശിവൻ ഒരിക്കൽ ദക്ഷന്റെ യാഗത്തിനു തന്നെ ക്ഷണിക്കാഞ്ഞതുകൊണ്ടു ചെന്നു അതിനു മുടക്കം വരുത്തി ശിവൻ ദേവിയോടുകൂടി താണ്ഡവനൃത്തം ചെയ്യുന്നതിൽ വളരെ രസമുള്ളവനാണ്. സാധാരണയായി മുണ്ഡമാലയും നാഗകുണ്ഡലവും ധരിച്ചാണിരിക്കുന്നത്. പാൎവ്വതി അല്ലെങ്കിൽ ദേവി ശിവന്റെ ഭാൎയ്യയും, കപൎദ്ദം തന്റെ ജടയും, പ്രമഥർ തന്റെ പരിചാരകരും, പിനാകം തന്റെ ത്രിശൂലവും, അജഗവം തന്റെ ധനുസ്സും, ഖട്വാംഗം തന്റെ ഗദയും, നന്ദി തന്റെ കാളയും ആകുന്നു.

ശിവനു:—

അണിമാ മഹിമാ ചൈവ ഗരിമാ ലഘിമാ തഥാ।
പ്രാപ്തിഃ പ്രാകാശ്യമീശിത്വം വശിത്വം ചാഷ്ടസിദ്ധയഃ॥

ഇങ്ങനെ എട്ടു സിദ്ധികളും ഉണ്ട്.

ശിവന്റെ പേരുകൾ:—

ശംഭുരീശഃ പശുപതിഃ ശിവഃ ശൂലീ മഹേശ്വരഃ।
ഈശ്വരഃ ശൎവ്വ ഈശാനഃ ശംകരശ്ചന്ദ്രശേഖരഃ॥
ഭൂതേശഃ ഖണ്ഡപരശുൎഗ്ഗിരീശോ ഗിരിശോ മൃഡഃ।
മൃത്യുഞ്ജയഃ കൃത്തിവാസാഃ പിനാകീ പ്രമഥാധിപഃ॥
ഉഗ്രഃ കപൎദ്ദീ ശ്രീകണ്ഠഃ ശിതികണ്ഠഃ കപാലഭൃൽ।
വാമദേവോ മഹാദേവോ വിരൂപാക്ഷസ്ത്രിലോചനഃ॥
കൃശാനുരേതാഃ സൎവ്വജ്ഞോ ധൂൎജ്ജടിൎന്നീലലോഹിതഃ।
ഹരഃ സ്മരഹരോ ഭൎഗ്ഗസ്ത്ര്യംബകസ്ത്രിപുരാന്തകഃ॥
ഗംഗാധരോന്ധകരിപുഃ ക്രതുധ്വംസീ വൃഷധ്വജഃ।
വ്യോമകേശോ ഭവോ ഭീമഃ സ്ഥാണൂ രുദ്ര ഉമാപതിഃ॥

ശിവനു ദക്ഷിണേന്ത്യയിൽ അംബികാഭാഗൻ, അനന്തനാഥൻ, അന്തിവണ്ണൻ, ആൽമരകടവുൾ, കപാലി, കാലകാലൻ, കുന്നുവില്ലി, ചന്ദ്രശേഖരൻ, ഭൂതനാഥൻ, ദേവമണി, മുക്കണ്ണൻ, നന്ദികേശ്വരൻ, നടേശൻ, നിത്യൻ, നിൎമ്മലൻ, ഉമാസഹിതൻ, പരശുപാണി, പിനാകപാണി, പാണ്ഡുരങ്കൻ, സദാശിവൻ, ചുടലയാടി, താണ്ഡവമൂൎത്തി, യോഗി ഇത്യാദി അനേകം പേരുകളുണ്ട്.

**ശിവകാമീ**—പാൎവ്വതി.

**ശിവപുരാണം**—ഈ പുരാണം എഴുത്തച്ഛൻ കിളിപ്പാട്ടായി തൎജ്ജമ ചെയ്തിട്ടുണ്ട്.

**ശിവഭുജംഗസ്തോത്രം**—ശ്രീശങ്കരാചാൎയ്യരുടെ ഒരു ശിവസ്തുതി. ശ്ലോകങ്ങളുടെ വൃത്തത്തിൽനിന്നു കാവ്യത്തിന്റെ പേരു്.

**ശിവരാത്രി**—മഹാശിവരാത്രി നോക്കുക.

**ശിവലീലാൎണ്ണവം**—നീലകണ്ഠൻ നോക്കുക.

**ശിവാ, ശിവാനീ**—പാൎവ്വതി.

**ശിവാനന്ദലഹരി**—ശിവനെ സ്തുതിച്ചു ശങ്കരാചാൎയ്യർ ഉണ്ടാക്കിയ നൂറു ശ്ലോകങ്ങൾ.

**ശിശുപാലൻ**—വസുദേവന്റെ സഹോദരിയായ ശ്രുതദേവയിൽ ചേദിരാജാവായ ദമഘോഷന്റെ പുത്രൻ. ഇങ്ങനെ കൃഷ്ണന്റെ സഹോദരനായിരുന്നെങ്കിലും അവനു വിവാഹത്തിനു നിശ്ചയിച്ചിരുന്ന രുഗ്മിണിയെ കൃഷ്ണൻ വിവാഹംചെയ്തുകൊണ്ടു കൃഷ്ണന്റെ പ്രാണവൈരിയുമായിരുന്നു. ജനിച്ചപ്പോൾ ശിശുപാലനു മൂന്നു കണ്ണുകളും നാലു ഭുജങ്ങളും ഉണ്ടായിരുന്നു അതുകൊണ്ടു മാതാപിതാക്കന്മാർ അവനെ ഉപേക്ഷിച്ചുകളവാൻ വിചാരിച്ചു. എന്നാറെ അങ്ങനെ ചെയ്യരുതെന്നും ഒരാൾ ശിശുവിനെ എടുത്തു മടിയിൽ വെക്കുമ്പോൾ അധികമുള്ള അംഗങ്ങൾ പൊയ്പോകുമെന്നും ആയാൾതന്നെ അവനെ കൊല്ലുമെന്നും ഒരു അശരീരിവാക്കുണ്ടാകകൊണ്ടു അവർ ഉപേക്ഷിച്ചില്ല. കൃഷ്ണൻ അവനെക്കണ്ടു മടിയിൽ എടുത്തു വെക്കയും അപ്പോൾ അധികമുള്ള അംഗങ്ങൾ ഇല്ലാതായ്പോകയും ചെയ്തു. യുധിഷ്ഠിരന്റെ യാഗത്തിങ്കൽവെച്ചു കൃഷ്ണൻ തന്നെ അവനെ വധിക്കയും ചെയ്തു. ശിശുപാലൻ മുമ്പൊരു ജന്മത്തിൽ നരസിംഹാവതാരത്തിൽ വിഷ്ണു കൊന്ന ഹിരണ്യകശിപു ആയിരുന്നെന്നും പിന്നത്തതിൽ രാവണനായി ജനിച്ചു എന്നും രാഘവന്റെ കയ്യാൽ മരണമേൽക്കനിമിത്തം വളരെക്കാലം ആത്മാവായി സഞ്ചരിച്ചശേഷം ശിശുപാലനായി ജനിച്ചു എന്നും ഈ ജന്മത്തിൽ വിഷ്ണുവിന്റെ ബദ്ധവൈരിയായിത്തീൎന്നു എന്നും അതുകൊണ്ടാണു കൃഷ്ണനാൽ കൊല്ലപ്പെട്ടുവാൻ ഇടവന്നതെന്നും എങ്കിലും തന്റെ വിചാരങ്ങളെല്ലാം വിഷ്ണുവിന്മേലായിരുന്നതുകൊണ്ടു നിൎവ്വാണം പ്രാപിച്ചു എന്നും വിഷ്ണുപുരാണത്തിൽ പറഞ്ഞിരിക്കുന്നു. ശിശുപാലനു സുനീതനെന്നും പേരുണ്ടായിരുന്നു. ശിശുപാലന്റെ വധത്തെക്കുറിച്ചു മാഘനെന്ന കവി ഒരു ശ്രുതിപ്പെട്ട കാവ്യം ഉണ്ടാക്കീട്ടുണ്ടു.

**ശിശുപാലവധം**—ശിശുപാലൻ നോക്കുക. പത്തൊൻപതു സൎഗ്ഗമുള്ളതിൽ യമകങ്ങൾ, ചിത്രശ്ലോകങ്ങൾ മുതലായി അനേകം കൃത്രിമശ്ലോകങ്ങൾ ഉണ്ടു. മാഘൻ ഉണ്ടാക്കിയതുകൊണ്ടു മാഘം, മാഘകാവ്യം എന്നും പേരു പറയും.

**ശീതളാ**—വസൂരിയുടെ ദേവതാ.

**ശീൎണ്ണാംഘ്രി (പാദൻ)**—യമൻ.

**ശീവോള്ളിനമ്പൂതിരി**—ഒരു പ്രസിദ്ധനായ ഭാഷാകവി. ശൃംഗാരശ്ലോകങ്ങളാണധികവും. ഒററ ശ്ലോകങ്ങൾ മാത്രമേ രചിച്ചിട്ടുള്ളുവെന്നാണു അറിവു. ഭാഷ നല്ല മണിപ്രവാളം.

**ശുകൻ**—ഘൃതാചീ എന്ന അപ്സരസ്ത്രീ ഒരു തത്തയെപ്പോലെ ഭൂമിയിൽ സഞ്ചരിക്കുമ്പോൾ വ്യാസൻ അവളെക്കണ്ടു മോഹിച്ചിട്ടു അവനിൽനിന്നു വീണുപോയ ബീജത്തിൽനിന്നു ജനിച്ചു. അവൻ ജന്മനാൽതന്നെ ഒരു തത്വജ്ഞനായിരുന്നു. അവനെ വശീകരിപ്പാൻ രംഭ ചെയ്ത യത്നങ്ങളെല്ലാം നിഷ്ഫലമായിപ്പോകയും ചെയ്തു. ശുകമുനി ഭാഗവതപുരാണത്തെ പരീക്ഷിൽ രാജാവിനെ അഭ്യാസംചെയ്തു കേൾപ്പിച്ചു

**ശുകസന്ദേശം**—ലക്ഷ്മീദാസൻ നമ്പൂതിരി നോക്കുക.

**ശുകസപ്തതി**—എഴുപതു കഥകളടങ്ങിയ ഒരു പുസ്തകം. ഇന്ത്യയിലെ മിക്ക ഭാഷകളിലും തർജ്ജമയുണ്ട്. അവിശ്വസ്തയായ ഒരു സ്ത്രീ ഭർത്താവു വീട്ടിൽനിന്നു പോയ തക്കംനോക്കി ദോഷം ചെയ്വാൻ ഭാവിക്കുന്നു. ശുകം ഇതറിഞ്ഞു ഒരു കഥപറഞ്ഞ്, കഥയിലുണ്ടാകുന്ന ഒരു ദുർഘടാവസ്ഥയിൽ നിവൃത്തി എന്താണെന്നു ചോദിക്കുന്നു. ഇങ്ങനെ എഴുപതു ദിവസം കഥ പറഞ്ഞു സ്ത്രീയെ രാത്രി വീട്ടിൽനിന്നു പുറത്തിറക്കാതെ കഴിച്ചുകൂട്ടുന്നു. അപ്പോഴേക്കു ഭർത്താവു മടങ്ങി എത്തുന്നു.

**ശുക്രൻ**—ഭൃഗുവിന്റെ പുത്രൻ. ദൈത്യരുടെ ഗുരു. യയാതിയുടെ ഭാര്യയായ ദേവയാനിയുടെ പിതാവ്. അസുരന്മാരെ ദേവകൾ ഉപദ്രവിക്കാതിരിപ്പാൻവേണ്ടി ആയിരം വർഷം തല കീഴ്പോട്ടായി ഉമിയുടെ പുക ശ്വസിച്ചുകൊണ്ടു ശുക്രൻ തപസ്സുചെയ്തു. ശുക്രൻ ഇല്ലാതിരുന്നപ്പോൾ ദേവകൾ അസുരരെ ആക്രമിക്കയും വിഷ്ണു ശുക്രന്റെ അമ്മയെ കൊന്നുകളകയുംചെയ്തു. അതുകൊണ്ടു വിഷ്ണു ഏഴു പ്രാവശ്യം മനുഷ്യരുടെ ഇടയിൽ ജനിക്കണമെന്നു ശുക്രൻ ശപിച്ചിട്ടു തന്റെ അമ്മയെ ജീവിപ്പിച്ചു. ശുക്രന്റെ തപസ്സിനു വിഘ്നം വരുത്തുവാനായി ഇന്ദ്രൻ തന്റെ പുത്രിയായ ജയന്തിയെ അയച്ചു. എന്നാൽ തപസ്സു പൂർത്തിയായശേഷം മാത്രം ശുക്രൻ അവളെ വിവാഹംചെയ്തു.

**ശുക്ലപക്ഷം**—കറുത്തവാവുമുതൽ വെളുത്തവാവുവരെയുള്ള ദിവസങ്ങൾ. കൃഷ്ണപക്ഷം നോക്കുക.

**ശുനഃശേഫൻ**—ഇക്ഷ്വാകുകുലത്തിലെ ഹരിശ്ചന്ദ്രരാജാവ് തനിക്കു മക്കളില്ലാഞ്ഞിട്ടു ഒരു പുത്രനുണ്ടായാൽ അവനെ വരുണനു ബലികഴിക്കുമെന്നു ശപഥം ചെയ്തു. എന്നാൽ രോഹിതൻ എന്നൊരു പുത്രൻ ഉണ്ടായപ്പോൾ ഓരോ ഒഴികഴിവു പറഞ്ഞുണ്ടാക്കി വളരെ കാലതാമസം വരുത്തിയശേഷം അവനെ ബലികഴിക്കുന്നതിനു നിശ്ചയിച്ചു. എന്നാൽ രോഹിതൻ മരിക്കാൻ മനസ്സില്ലാതെ വനത്തിൽപോയി ആറു വർഷം പാർത്തു. അവിടെവെച്ച് മൂന്നു പുത്രന്മാരുള്ള അജീഗർത്തൻ എന്ന ഒരു ബ്രാഹ്മണനെ കണ്ടിട്ടു അയാളുടെ രണ്ടാമത്തെ പുത്രനായ ശുനഃശേഫനെ തനിക്കു പകരം ബലികഴിക്കുവാനായി നൂറു പശുക്കളെ കൊടുത്തുവാങ്ങി. വരുണൻ ഇതു സമ്മതിച്ചു എന്നാൽ ബലികഴിക്കാൻ സമയമായപ്പോൾ ശുനഃശേഫൻ ചില മന്ത്രങ്ങൾചൊല്ലി വിഷ്ണുവിനെയും ഇന്ദ്രാദിദേവകളെയും സന്തോഷിപ്പിച്ചു മരണത്തിൽനിന്നു രക്ഷപ്പെടുകയും വിശ്വാമിത്രനാൽ ദത്തെടുക്കപ്പെടുകയുംചെയ്തു. രാമായണത്തിൽ കഥവേറെയാണ്. അയോദ്ധ്യാരാജാവായ അംബരീഷൻ ഒരു യാഗം കഴിക്കുമ്പോൾ യാഗത്തിനുള്ള മൃഗത്തെ ഇന്ദ്രൻ അപഹരിച്ചുകൊണ്ടുപൊയ്ക്കളഞ്ഞു. അതിനു പകരമായി കൊല്ലപ്പെടുവാൻ ഒരു മനുഷ്യൻ വേണ്ടതാണെന്നു യജമാനന്മാർ തീർച്ചപ്പെടുത്തിയതുകൊണ്ടു അന്വേഷണങ്ങൾ കഴിച്ചിട്ടു ഋചീകന്റെ പുത്രനായ ശുനഃശേഫനെ, ലക്ഷം പശുക്കളെയും അനവധി ധനവും കൊടുത്തു വിലയ്ക്കുവാങ്ങി. അതിന്റെശേഷം ശുനഃശേഫൻ തന്റെ മാതുലനായ വിശ്വാമിത്രനെ ചെന്നുകണ്ടു രണ്ടു മന്ത്രങ്ങൾ പഠിച്ചു. കൊല്ലപ്പെടുവാനായി കെട്ടപ്പെട്ടപ്പോൾ അവൻ ആ മന്ത്രങ്ങൾചൊല്ലി വിഷ്ണുവിനെയും മററും സന്തോഷിപ്പിക്കയും അവർ അവനു ദീർഘായുസ്സ് ദാനംചെയ്കയുംചെയ്തു. അന്നുമുതൽ ശുനഃശേഫന്റെ പേരു ദേവരാതൻ എന്നായി.

**ശുനാശീരൻ**—ഇന്ദ്രൻ.

**ശൂപ്പമേനോൻ, കടിയംകുളം**—കൊല്ലവർഷം ൯൦-ാംശതാബ്ദം. കേദാരമാഹാത്മ്യം, തേനാരിമാഹാത്മ്യം, കാവേരിമാഹാത്മ്യം, കൈവല്യനവനീതം ഇങ്ങനെ നാലുകിളിപ്പാട്ടുകൾ ഉണ്ടാക്കീട്ടുണ്ട്.

**ശുഭാംഗീ**—൧. കാമദേവന്റെ ഭാര്യയായ രതി. ൨. കുബേരന്റെ ഭാര്യയായ യക്ഷി.

**ശുംഭൻ, നിശുംഭൻ**—ദുർഗ്ഗാദേവി കൊന്ന രണ്ടു അസുരന്മാർ. ശിവഭക്തന്മാരായ ഈ സഹോദരന്മാർ അമർത്യത കിട്ടേണ്ടതിനായി ൫൦൦൦ വർഷം തപസ്സുചെയ്തു ശിവൻ ആ വരം കൊടുക്കാഞ്ഞതുകൊണ്ടു അവർ പിന്നെയും ൮൦൦൦ വർഷം കൂടി ഘോരമായ തപസ്സുചെയ്തു. ദേവകൾ ഭയപ്പെട്ടു രംഭയേയും തിലോത്തമയേയും അവരുടെ അടുക്കൽ അയക്കയും അവർ വിഷയസക്തന്മാരായി അവരോടുകൂടി ൫൦൦൦ വർഷം പാർക്കയുംചെയ്തു. അനന്തരം അവൎക്കു പിണഞ്ഞതെറ്റാഷത്വം അറിഞ്ഞിട്ടു ആ അപ്സരസ്ത്രീകളെ ഓടിച്ചുകളഞ്ഞും വെച്ച് പിന്നെയും തപസ്സുചെയ്തു. ആയിരംവർഷം കഴിഞ്ഞാറെ ശിവൻ അവൎക്കു ദേവകളെക്കാൾ അധികം ശക്തിയും ധനവുംകൊടുത്തു. അതുകൊണ്ടു അവർ അഹംകരിച്ചു ദേവകളോടു യുദ്ധംചെയ്കയും, ദേവകൾ തോററിട്ടു ത്രിമൂർത്തികളിൽ ഓരോരുത്തരിൽ ഫലമില്ലാതെ സങ്കേതം അന്വേഷിക്കയും ഒടുവിൽ ശിവന്റെ ഗുണദോഷപ്രകാരം ചെന്നു ദുർഗ്ഗാദേവിയോടു സഹായം അപേക്ഷിക്കയുംചെയ്തു. ദുർഗ്ഗാദേവി സുംഭനിസുംഭന്മാരോടു യുദ്ധംചെയ്തു അവരെയും അവരുടെ സേനാനായകന്മാരായ ചണ്ഡൻ, മുണ്ഡൻ ഇവരെയും വധിക്കയുംചെയ്തു.

**ശൂദ്രൻ**—നാലാമത്തെ ജാതി; വിരാട്പുരുഷന്റെ പാദത്തിൽനിന്നു ജനിച്ചു.

**ശൂദ്രകൻ**—മൃച്ഛകടികാ എന്ന നാടകത്തിന്റെ കർത്താവായ ഒരു രാജാവ്.

**ശൂന്യമാസം**—ആ മാസത്തിൽ വിവാഹങ്ങളും മററു സൽകർമ്മങ്ങളും പാടില്ലാത്തതുകൊണ്ട് ധനുമാസത്തിന്റെ പേര്.

**ശൂരൻ**—വസുദേവന്റെയും കുന്തിയുടെയും പിതാവായ ഒരു യാദവരാജാവ്.

**ശൂൎപ്പണഖാ**—(മുറംപോലത്തെ നഖങ്ങളുള്ളവൾ) രാവണന്റെ സഹോദരി. ഈ രാക്ഷസി ശ്രീരാമന്റെ അഴകുകണ്ടു മോഹിച്ചു അവന്റെ അടുക്കൽ ചെന്നു. അവൻ അവളെ ലക്ഷ്മണന്റെ അടുക്കൽ പറഞ്ഞയച്ചു. ലക്ഷ്മണൻ വീണ്ടും അവളെ രാമന്റെ അടുക്കലേക്കുതന്നെ പറഞ്ഞയച്ചു. അവർ അവളെ പരിഹസിക്കയാണെന്നുവിചാരിച്ചിട്ടു അവൾ സീതയെ ഉപദ്രവിക്കാൻഭാവിച്ചു. അപ്പോൾ ലക്ഷ്മണൻ അവളുടെ മൂക്കും മുലയും മുറിച്ചുകളഞ്ഞു. അതിനാൽ അവൾ രാവണന്റെ അടുക്കൽചെന്നു രാമലക്ഷ്മണന്മാർ തന്നോടു ചെയ്തതും സീതയുടെ ലാവണ്യവും മററും വിവരിച്ചുപറഞ്ഞു ഇങ്ങനെ അവൾ രാവണന്റെ അധോഗതിക്കു കാരണമായിത്തീരുകയുംചെയ്തു.

**ശൂലം**—ശിവന്റെയും, ശക്തിയുടെയും ആയുധങ്ങളിൽ ഒന്ന്.

**ശൃഗാലൻ**—കൃഷ്ണൻ.

ശൃഗാലരൂപൻ—ശിവൻ.

ശൃംഗാരതിലകം—ശൃംഗാരസംബന്ധമായി ഒരു ഭട്ടന്റെ ഒരു ഭാണം. കാളിദാസന്റേതാണെന്നു ചിലരുടെ അഭിപ്രായം.

ശൃംഗാരമഞ്ജരി—അലങ്കാരശാസ്ത്രത്തെ പററി അജിതസേനയതീശ്വരന്റെ ഒരു പുസ്തകം.

ശേഷൻ—ആയിരം തലകളുള്ള ഒരു നാഗരാജാവു്. വിഷ്ണുവിന്റെ ശയ്യ. അവൻ വിജൃംഭണംചെയ്യുമ്പോൾ ഭൂകമ്പം ഉണ്ടാകുന്നു. സമുദ്രമഥനത്തിനു ഈ നാഗത്തെയാണു് കയറായി ഉപയോഗിച്ചതു. അനന്തൻ എന്നും പേരുണ്ടു. കശ്യപന്റെയും കദ്രുവിന്റെയും പുത്രൻ. അനന്തശീർഷയുടെ ഭർത്താവ്. ശേഷനാഗത്തിന്റെ പത്തി മണിദീപമെന്നും കൊട്ടാരം മണിഭിത്തി അല്ലെങ്കിൽ മണിമണ്ഡപം എന്നും വിളിക്കപ്പെട്ടുവരുന്നു.

ശേഷാധാരൻ; ശേഷശയനൻ—വിഷ്ണു.

ശൈബ്യാ—൧. ഹരിശ്ചന്ദ്രന്റെ ഭാര്യ. ൨. ജ്യാമഘന്റെ ഭാര്യ. ൩. ശതധനുസ്സിന്റെ ഭാര്യ.

ശൈലജാ (തനയാ, പുത്രീ, സുതാ)—പാർവതി.

ശൈലധരൻ—കൃഷ്ണൻ.

ശൈവ്യൻ—൧. കൃഷ്ണന്റെ ഒരു കുതിര. ൨. പാണ്ഡവസൈന്യത്തിലെ ഒരു യോദ്ധാവു്.

ശോണിതപുരം—ബാണാസുരന്റെ നഗരം.

ശൌനകൻ—ഋഗ്വേദപ്രാതിശാഖ്യം ബൃഹദ്ദേവതാ മുതലായ പല വേദസംബന്ധമായ പുസ്തകങ്ങളുടെ കർത്താവായ ഒരു ഋഷി. ആശ്വലായനന്റെ ഗുരു.

ശൌഭം—ഹരിശ്ചന്ദ്രന്റെ നഗരം.

ശൌരി—൧. വിഷ്ണു (കൃഷ്ണൻ) ൨. ബലരാമൻ. ൩. ശനി.

ശ്മശാനവാസി—ശിവൻ.

ശ്യാമശബലന്മാർ—യമന്റെ നായ്ക്കൾ. നന്നാലുകണ്ണുകളുണ്ടു്.

ശ്യാമളാദണ്ഡകം—കാളിദാസന്റെ ഒരു ചെറിയ ഗദ്യകൃതി. സരസ്വതിയുടെ സ്തുതി ആകുന്നു.

ശ്യാമാ—ദേവീ.

ശ്യാളൻ—ഒരു യാദവരാജാവു്. ഗാർഗ്ഗ്യമുനിയെ നിന്ദിക്കകൊണ്ടു യാദവരുടെ പ്രാണവിരോധിയായ കാലയവനന്റെ പിതാവായി.

ശ്യേനസന്ദേശം—കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചു വയസ്കരമൂസ്സതു് ഉണ്ടാക്കിയ ഒരു ചെറിയ കാവ്യം.

ശ്രദ്ധാ—ദക്ഷന്റെ പുത്രി. ധൎമ്മദേവന്റെ ഭാൎയ്യ. കാമദേവന്റെ അമ്മ

ശ്രാദ്ധം—പിതൃക്കൾക്കു പുറകോട്ടു മൂന്നു തലമുറവരെ ശ്രാദ്ധം കഴിക്കണം, സാധാരണയായി ഒരു ഉരുളച്ചോറാണു (പിണ്ഡം) മരിച്ചു പത്താംദിവസം ഒന്നാമത്തെ ശ്രാദ്ധം. ഒന്നാംവൎഷം മാസംതോറും. പിന്നീടു വൎഷത്തിലൊരിക്കൽ.

ശ്രാദ്ധദേവൻ (ദേവതാ)—യമൻ.

ശ്രാവണൻ—ദശരഥൻ അറിയാതെ എയ്തുകൊന്ന ഒരു വൈശ്യസന്യാസി. അവന്റെ മാതാപിതാക്കന്മാരാൽ ദശരഥൻ, മക്കളുടെ ഖേദവായിട്ടു മരിക്കുമെന്നു ശപിക്കപ്പെട്ടു.

ശ്രീ—൧. ലക്ഷ്മി. ൨. സരസ്വതി. ൩. ദേവകൾ, രാജാക്കന്മാർ, വീരന്മാർ, കീൎത്തിപ്പെട്ട മനുഷ്യർ, ശ്രുതിപ്പെട്ട പുസ്തകങ്ങൾ ഇത്യാദികളുടെ പേരുകളുടെമുമ്പാകെ ഉപയോഗിക്കുന്ന ബഹുമാനസൂചകമായ ഒരു പദം.

ശ്രീകണ്ഠൻ—൧. ഭവഭൂതി. ൨. ശിവൻ.

ശ്രീകണ്ഠചരിതം—൨൫ അദ്ധ്യായത്തിൽ മംഖന്റെ ഒരു സംസ്കൃതകാവ്യം. രുദ്രൻ ത്രിപുരങ്ങൾ നശിപ്പിച്ചതുവിഷയം.

ശ്രീകരൻ (കാന്തൻ, ഗൎഭൻ, ധരൻ, നിവാസൻ, പതി, രംഗൻ, വത്സൻ, വല്ലഭൻ, വാസൻ, ഹരി)—വിഷ്ണു.

ശ്രീചക്രം—ഇന്ദ്രന്റെ രഥത്തിന്റെ ചക്രം; സുദർശനം.

ശ്രീജയന്തി—ശ്രീകൃഷ്ണന്റെ ജന്മദിവസം കൃഷ്ണാഷ്ടമി, കൃഷ്ണജയന്തി, ഗോകുലാഷ്ടമി എന്നും പേരുകളുണ്ടു. കൃഷ്ണാഷ്ടമി നോക്കുക.


ശ്രീദാമചരിത്രം—കൃഷ്ണന്റെ സ്നേഹിതനായ ദാമന്റെ ഉന്നതിപ്രാപ്തിയെക്കുറിച്ചു സാമരാജദീക്ഷിതരുടെ ഒരു നാടകം.

ശ്രീധരസ്വാമി—ഭഗവൽഗീതാ, വിഷ്ണുപുരാണം മുതലായ പല പുസ്തകങ്ങളുടെ വ്യാഖ്യാതാവു.

ശ്രീപുത്രൻ—൧. കാമദേവൻ. ൨. ചന്ദ്രന്റെ കുതിര.

ശ്രീമാൻ—൧. വിഷ്ണു. ൨. ശിവൻ. ൩. കുബേരൻ.

ശ്രീരാമനവമി—ചൈത്രമാസം ശുക്ലപക്ഷത്തിൽ ഒമ്പതാംദിവസം ശ്രീരാമന്റെ അവതാരദിവസം. വിഷ്ണുക്ഷേത്രങ്ങളിൽ ഒമ്പതുദിവസം ഉത്സവം.

ശ്രീവത്സം—കൃഷ്ണന്റെ (വിഷ്ണുവിന്റെ) നെഞ്ചത്തു രോമം ചുരുണ്ട  ഇങ്ങനെയുള്ള ഒരു അടയാളം.

**ശ്രീവൈഷ്ണവർ**—വൈഷ്ണവരിൽ രാമാനുജന്റെ അനുകാരികൾ. രാമാനുജീയർ എന്നും ശ്രീസമ്പ്രദായികൾ എന്നും പറയും.

**ശ്രീഹർഷൻ**—നൈഷധത്തിന്റെ കർത്താവു്. ൧൨-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ ജീവിച്ചിരുന്നു എന്നു വിചാരിക്കപ്പെട്ടുവരുന്നു. നരഭാരതി എന്നും വിളിച്ചുവന്നു. നൈഷധം കൂടാതെ അർണ്ണവവർണ്ണന, സഹസാങ്കചരിതം, ശിവഭക്തസിദ്ധി മുതലായി ഏഴെട്ടു കാവ്യങ്ങൾ കൂടി രചിച്ചിട്ടുണ്ടു്.

**ശ്രീഹർഷദേവൻ, ശ്രീഹർഷവർദ്ധനൻ**—രത്നാവലി, നാഗാനന്ദം, പ്രിയദർശികാ ഈ നാടകങ്ങളുടെ കർത്താവു്.

**ശ്രുതകീർത്തി**—ശത്രുഘ്നന്റെ ഭാര്യ. സീതയുടെ പിതൃവ്യപുത്രി.

**ശ്രുതബോധം**—വൃത്തത്തെക്കുറിച്ചു് ഒരു പുസ്തകം. കാളിദാസകൃതിയാണെന്നു വിചാരിച്ചുവരുന്നു.

**ശ്രുതി**—വേദത്തിൽ മന്ത്രം, ബ്രാഹ്മണം, ഉപനിഷത്തു് ഇവ ഋഷികൾ കേട്ടു് വാങ്മൂലം പഠിപ്പിച്ചതിനാൽ ഈ പേരു്.

**ശ്രേഷ്ഠാർത്ഥവാചകങ്ങൾ**—വ്യാഘ്ര, പുംഗവ, ഋഷഭ, കുഞ്ജര, സിംഹ, ശാർദ്ദൂല, നാഗ എന്നീപദങ്ങൾ.

> സ്യുരുത്തരപദേവ്യാഘ്രപുംഗവർഷഭകുഞ്ജരാഃ।
> സിംഹശാർദ്ദൂലനാഗാദ്യാഃ പുംസിശ്രേഷ്ഠാർത്ഥവാചകാഃ॥

**ശ്വഫല്ക്കൻ**—ഗാന്ദിനിയുടെ ഭർത്താവു്. അക്രൂരന്റെ പിതാവു്. വളരെ ഭക്തിമാനായ ഇദ്ദേഹം ഉള്ളേടത്തു് ക്ഷാമം, രോഗം, മരണം ഇവയൊന്നും ഉണ്ടാകയില്ലായിരുന്നു.

**ശ്വസനൻ**—ഇന്ദ്രൻ കൊന്ന ഒരു അസുരൻ.

**ശ്വേതകുഞ്ജരം**—(ഗജം ഹയം) ഐരാവതം.

**ശ്വേതകേതു**—വിവാഹം ചെയ്യപ്പെട്ട സ്ത്രീകൾക്കു ബ്രാഹ്മണരോടും അന്യപുരുഷന്മാരോടും സംസർഗ്ഗം ഉണ്ടാകരുതെന്നു വിരോധിച്ച ഒരു ഋഷി. ശ്വേതകേതുവിന്റെ അമ്മയെ ഒരു ബ്രാഹ്മണൻ സംസർഗ്ഗം ചെയ്യുന്നതിനായി ക്ഷണിക്കയും അതു കണ്ട ഭർത്താവു് അതു സാധാരണയായി നടപ്പുള്ള കാര്യമാകയാൽ കുറ്റമല്ലെന്നു പുത്രനോടു പറകയും അപ്പോൾ അവൻ സമ്മതിക്കാതെ മേല്പറഞ്ഞ നിയമം നടപ്പാക്കുകയും ചെയ്തു.

**ശ്വേതൌഹി**—ഇന്ദ്രന്റെ ഭാര്യയായ ശചീ.

## ഷ

**ഷഡക്ഷരീദേവൻ**—കർണ്ണാടകഭാഷയിലെ പ്രധാനകവി. രാജശേഖരവിലാസം നോക്കുക.

**ഷഡംഗങ്ങൾ**—

൧. ജംഘേബാഹൂശിരോമദ്ധ്യം ഷഡംഗമിദമുച്യതേ।
൨. ശിക്ഷാകല്പംവ്യാകരണം നിരുക്തഛന്ദസാംചിതിഃ।
ജ്യോതിഷാമയനംചൈവഷഡംഗോവേദഉച്യതേ॥

൩. ഗോമൂത്രംഗോമയംക്ഷീരം സർപ്പിർദധിചരോചനാ।
ഷഡംഗമേതൻമംഗല്യം പവിത്രംസർവ്വദാഗവാം॥

**ഷഡൃതുവർണ്ണനം**—കാളിദാസൻെറ ഋതുസംഹാരത്തെ അനുകരിച്ചു വിശേഷാൽകവി ഋതുക്കളുടെ വർണ്ണനയായി ഉണ്ടാക്കിയ ഒരു കാവ്യം.

**ഷട്കർമ്മങ്ങൾ**—ബ്രാഹ്മണർ ചെയ്യേണ്ടുന്ന.

അദ്ധ്യാപനമദ്ധ്യയനംയജനംയാജനംതഥാ।
ദാനംപ്രതിഗ്രഹശ്ചൈവഷട്കർമ്മാണ്യഗ്രജന്മനഃ॥

**ഷട്തിലി**—മോക്ഷപ്രാപ്തിക്കു എള്ളുകൊണ്ടു് ആറു കർമ്മങ്ങൾ. തിലോദ്വർത്തനം, തൈലസ്നാനം, തിലഹോമം, തിലപ്രദം, തിലഭോജനം, തിലവാപനം.

**ഷഡ്ദർശനങ്ങൾ**—സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീമാംസാ, വേദാന്തം ഓരോന്നും നോക്കുക.

**ഷഡ്ബിന്ദു**—വിഷ്ണു.

**ഷഡ്ഭുജാ**—ദുർഗ്ഗാ.

**ഷഡ്വർഗ്ഗങ്ങൾ** (രിപുക്കൾ, മനുഷ്യരുടെ)—

കാമക്രോധസ്തഥാലോഭോമദോമോഹശ്ചമത്സരഃ

**ഷണ്മാതുരൻ** (ആനനൻ, വക്ത്രൻ, വദനൻ) (ഷഡ്)—കാർത്തികേയൻ.

**ഷോഡശം**—മരിച്ചു പന്ത്രണ്ടാംദിവസം പതിനാറു ബ്രാഹ്മണർക്കു കൊടുക്കുന്ന അന്നദാനം.

**ഷോഡശോപചാരങ്ങൾ**—ദേവകളെയും മറ്റും വന്ദിക്കേണ്ടുന്ന പതിനാറു വിധങ്ങൾ.

ആസനംസ്വാഗതംപാദ്യമർഘ്യമാചമനീയകം।
മധുപർക്കാചമനസ്നാനംവസനാഭരണാനിച॥
ഗന്ധപുഷ്പധൂപദീപനൈവേദ്യംവന്ദനംതഥാ।

**ഷോഡശമാതൃകകൾ**—

ഗൌരീപത്മാശചീമേധാസാവിത്രീവിജയാജയാ।
ദേവസേനാസ്വധാസ്വാഹാമാതരോലോകമാതരഃ॥
ശാന്തിഃപുഷ്ടിർധൃതിസ്തുഷ്ടിഃകുലദേവാത്മദേവതാഃ।

# സ

**സൻ**—൧. ശിവൻ. ൨. വിഷ്ണു.

**സാ**—ലക്ഷ്മി.

**സഗരൻ**—സൂൎയ്യകുലത്തിലെ ബാഹുരാജാവിന്റെ പുത്രനായ ഒരു അയോദ്ധ്യാരാജാവു്. ഹൈഹയർ രാജ്യം പിടിച്ചടക്കുകയാൽ ബാഹു ഭാൎയ്യമാരോടു കൂടി വനത്തിൽപോയി പാൎത്തു. സഗരന്റെ അമ്മ ഗൎഭിണിയായപ്പോൾ ബാഹുവിന്റെ വേറൊരു ഭാൎയ്യ അസൂയനിമിത്തം അവൾക്കു വിഷംകൊടുത്തു. അതിനാൽ അവൾ ഏഴുവൎഷം ഗൎഭിണിയായിത്തന്നെ ഇരുന്നു. ബാഹു മരിച്ചശേഷം അവൾ പ്രസവിക്കയും കുഞ്ഞിനു ഔൎവ്വമുനി സഗരൻ (വിഷമുള്ളവൻ) എന്നു പേരിടുകയും ചെയ്തു. അവൻ വളൎന്നു തന്റെ ചരിത്രമറിഞ്ഞപ്പോൾ ഔൎവ്വനിൽനിന്നു കിട്ടിയ ഒരു ആഗ്നേയാസ്ത്രംകൊണ്ടു ഹൈഹയരെ തോല്പിച്ചു രാജ്യം വീണ്ടെടുത്തു. സഗരൻ കശ്യപന്റെ പുത്രിയായ സുമതിയേയും വിദൎഭരാജാവിന്റെ പുത്രിയായ കേശിനിയേയും വിവാഹംചെയ്തു. അവരിൽ കേശിനിക്കു് അസമഞ്ജസ എന്നൊരു പുത്രനും സുമതിക്കു അറുപതിനായിരം പുത്രന്മാരും ഉണ്ടായി. സുമതി അറുപതിനായിരം വിത്തുകളുള്ള ഒരു കമ്പളങ്ങാ പ്രസവിച്ചു എന്നും വിത്തുകളെ എടുത്തു പാൽപാത്രങ്ങളിൽ വെച്ചാറെ അവയെല്ലാം കുഞ്ഞുങ്ങളായി പത്തുമാസമായപ്പോൾ ഓടിനടന്നു എന്നും ഹരിവംശത്തിൽ പറഞ്ഞിരിക്കുന്നു: ഇവരെല്ലാം ഒരുപോലെ ഭക്തിയില്ലാത്ത ദുഷ്ടന്മാരായിരുന്നു. സഗരൻ നൂറു അശ്വമേധയാഗങ്ങൾ കഴിച്ചിട്ടു നൂറാമത്തെ അശ്വമേധയാഗം ആരംഭിച്ചു. കുതിരയ്ക്കു കാവലായി ഈ അറുപതിനായിരം പേരും ഉണ്ടായിരുന്നു എങ്കിലും അതിനെ ഇന്ദ്രൻ പാതാളത്തിലേക്കു കൊണ്ടുപൊയ്ക്കളഞ്ഞു. അവർ അതിനെ അന്വേഷിച്ചു പാതാളത്തിൽ ചെന്നപ്പോൾ അതു അവിടെ നടന്നു പുല്ലുമേയുന്നതും സമീപത്തിൽ കപിലമഹൎഷി ധ്യാനംചെയ്തുകൊണ്ടിരിക്കുന്നതും കണ്ടു കപിലനാണ് കുതിരയെ മോഷ്ടിച്ചുകൊണ്ടുപോയതെന്നു പറഞ്ഞുകൊണ്ടു അവർ കപിലനെ ശിക്ഷിപ്പാൻ ഭാവിച്ചപ്പോൾ ആവൻ അവരെ നോക്കുകയും നോട്ടത്താൽ അവർ എല്ലാവരും ഭസ്മമായിപ്പോകയും ചെയ്തു. അവർ ഭസ്മമായി കിടക്കുന്നതു അസമഞ്ജസന്റെ പുത്രനായ അംശുമാൻ കണ്ടെത്തി. അംശുമാന്റെ പൌത്രൻ അവരെ രക്ഷിക്കുമെന്നു കപിലനിൽനിന്നു ഒരു വാഗ്ദത്തം പ്രാപിച്ചുകൊണ്ടു തിരികെ വന്നു സഗരന്റെ യാഗം പൂൎത്തിയാക്കുകയും ചെയ്തു. സഗരന്റെ പുത്രന്മാർ കുതിരയെ നോക്കി പോകുമ്പോൾ കഴിച്ച കുഴികൾകൊണ്ടു സമുദ്രത്തിനു സാഗരംഎന്നു പേരുണ്ടായി. അംശുമാന്റെ പുത്രൻ ദിലീപനും അവന്റെ പുത്രൻ ഭഗീരഥനും ആയിരുന്നു. ഭഗീരഥൻ ഗംഗയെ സ്വൎഗ്ഗത്തിൽനിന്നും കൊണ്ടുവന്നു അതിന്റെ വെള്ളത്താൽ മേല്പടിഅറുപതിനായിരം പേരെയും ശുദ്ധീകരിച്ചെടുത്തുസ്വൎഗ്ഗത്തിനു യോഗ്യരാക്കിത്തീൎത്തു

**സംക്രാന്തി**—സൂൎയ്യൻ ഒരു രാശിയിൽനിന്നു മറെറാരു രാശിയിലേക്കു കടക്കുന്നതു്. സംക്രാന്തി എന്നു മാത്രംപറയുമ്പോൾ മകരസംക്രാന്തിയെ സൂചിപ്പിക്കുന്നു. പൊങ്കൽ നോക്കുക.

**സംഗീതരത്നാകരം**—സംഗീതം, നൃത്തം മുതലായവയെ കുറിച്ചു ശാൎങ്ഗദേവന്റെ ഒരു കൃതി.

സഞ്ജയൻ—൧. ധൃതരാഷ്ട്രന്റെ സാരഥി, ഭാരതയുദ്ധത്തിലെ സംഭവ
ങ്ങളെയെല്ലാം ധൃതരാഷ്ട്രനെ വിവരിച്ചു കേൾപ്പിച്ചു. ൨. വാസവദത്തയുടെ
പിതാവായ ഉജ്ജയിനീ രാജാവ്.

സച്ചിദാനന്ദൻ—൧. പരമാത്മാവു്. ൨. വിഷ്ണു.

സതീ—ദക്ഷന്റെ പുത്രി. ശിവന്റെ ഭാൎയ്യ. ദക്ഷന്റെ കോപം
നിമിത്തം അവൾ ശരീരത്യാഗം ചെയ്തു പിന്നെ ഹിമവാന്റെയും മേനയുടെ
യും പുത്രിയായി ജനിച്ചു പുനഃ ശിവൻ അവളെ പിന്നെയും വിവാഹംചെയ്തു
എന്നും വിഷ്ണുപുരാണത്തിൽ കാണുന്നു.

സത്യധൃതി—ശരദ്വാന്റെ പുത്രൻ. ഉൎവ്വശിയിൽ കൃപന്റെയും കൃപി
യുടെയും പിതാവു്.

സത്യപുരം—വിഷ്ണുവിന്റെ ലോകം; വൈകുണ്ഠം.

സത്യഭാമാ—സത്രാജിത്തിന്റെ പുത്രി. കൃഷ്ണന്റെ പ്രധാനഭാൎയ്യക
ളിൽ ഒരുത്തി. കൃഷ്ണൻ ഒരിക്കൽ ഇന്ദ്രനെക്കാണുന്നതിനു പോയപ്പോൾ സത്യഭാ
മയെ കൂട്ടിക്കൊണ്ടുപോകയും തിരിച്ചുപോരുമ്പോൾ അവൾ പറഞ്ഞിട്ടു കൃഷ്ണൻ
ഇന്ദ്രന്റെ പാരിജാതവൃക്ഷം കൂട്ടിക്കൊണ്ടുപോരുകയും അതുനിമിത്തം ഉണ്ടായ
യുദ്ധത്തിൽ കൃഷ്ണൻ ഇന്ദ്രനെ തോല്പിക്കയുംചെയ്തു. സത്യഭാമയ്ക്കു ഭാനു, സുഭാനു,
സ്വഭാനു, പ്രഭാനു, ഭാനുമാൻ, ചന്ദ്രഭാനു, ബൃഹദ്ഭാനു, അതിഭാനു, ശ്രീഭാനു,
പ്രതിഭാനു, ഇങ്ങനെ പത്തുപുത്രന്മാർ ഉണ്ടായിരുന്നു.

സത്യയുഗം—യുഗം നോക്കുക.

സത്യലോകം—ലോകം നോക്കുക.

സത്യവതി—അപ്സരസ്ത്രീയായ അദ്രികയിൽ ചേദിരാജാവായ ഉപരി
ചരന്റെ പുത്രി. ഒരു കഥപ്രകാരം ഒരു മുക്കുവന്റെ മകൾ. വ്യാസന്റെ അമ്മ.
ശന്തനുരാജാവിന്റെ ഭാൎയ്യയും വിചിത്രവീൎയ്യൻ, ചിത്രാംഗദൻ ഇവരുടെ മാതാ
വുമായിരുന്നു, അവൾ ഒരു ചെറിയകുട്ടിയായിരുന്നപ്പോൾ പരാശരൻ അവളെ
ഒരിക്കൽ യമുനാനദിയിൽവെച്ചു കണ്ടു മോഹിച്ചു അവളോടു സംസൎഗ്ഗംചെയ്തു
യും അതിൽനിന്നു ജനിച്ചകുഞ്ഞായ വ്യാസനെ ആ നദിയിലെ ഒരു ദ്വീപിൽ
അവൾ പ്രസവിക്കയും അതുകൊണ്ടു ആ കുഞ്ഞിനു ദ്വൈപായനൻ എന്നു
പേരുവരികയുംചെയ്തു. ൨. നാരദന്റെ ഭാൎയ്യ. ൩. ഋചീകന്റെ ഭാൎയ്യ.

സത്യവാൻ—സാവിത്രിയുടെ ഭൎത്താവു്.

സത്യവ്രതൻ—൧. ഏഴാമത്തെ മനു. ൨. സൂൎയ്യകുലത്തിലെ ഒരു രാജാ
വ്, ഹരിശ്ചന്ദ്രന്റെ പിതാവു, ത്രിശങ്കു എന്നും പേരുണ്ടു. ഭക്തിമാനായ ഈ
രാജാവു ശരീരത്തോടെ സ്വൎഗ്ഗത്തിൽ പോകേണ്ടതിനായി ഒരു യാഗംകഴിക്ക
ണമെന്നു തന്റെ പുരോഹിതനായ വസിഷ്ഠനോടു പറഞ്ഞു. അതു പാടില്ലെ
ന്നു വസിഷ്ഠൻ പറകകൊണ്ടു ത്രിശങ്കു വസിഷ്ഠന്റെ പുത്രന്മാരോടു ചോദിച്ചു.
അവർ ത്രിശങ്കു ഇങ്ങനെ ചോദിച്ചതു അഹംഭാവനിമിത്തമാണെന്നുപറഞ്ഞു
അവനെ ശപിച്ചു ചണ്ഡാലനാക്കിതീൎത്തു, ഇതിന്റെശേഷം ത്രിശങ്കു വസിഷ്ഠ
ന്റെ പ്രാണവിരോധിയായ വിശ്വാമിത്രനോടു അപേക്ഷിക്കയും വിശ്വാമി

ത്രൻ രാജാവിന്റെ ആഗ്രഹം സാധിപ്പിച്ചുകൊടുക്കാമെന്ന വാഗ്ദത്തംചെയ്കയുംചെയ്തു. യാഗത്തിനു വിരോധികളായ വസിഷ്ഠന്റെ മക്കളെ ൧൦൦ പ്രാവശ്യം ചണ്ഡാളരായി ജനിക്കുമെന്ന ശപിച്ചു ഭസ്മീകരിച്ചുംവെച്ചു വിശ്വാമിത്രൻ യാഗം പൂൎത്തിയാക്കി ത്രിശങ്കു ശരീരത്തോടെ സ്വൎഗ്ഗത്തിലേക്കു കരേറി ഗമിച്ചു. എന്നാൽ ഇന്ദ്രനും മറ്റുദേവകളും അവൻ സ്വൎഗ്ഗത്തിൽ കയറാതെ താഴോട്ടുപിടിച്ചു തള്ളിക്കളഞ്ഞു. ഇതുനിമിത്തം വിശ്വാമിത്രൻ വേറൊരു സ്വൎഗ്ഗത്തെയും ഇന്ദ്രനെയും മറ്റും സൃഷ്ടിക്കാൻ പുറപ്പെട്ടു ചില നക്ഷത്രങ്ങളെയും മറ്റും ഉണ്ടാക്കിവെച്ചു. ദേവകൾ ഭയപ്പെട്ടു ത്രിശങ്കുവിനെ സ്വൎഗ്ഗത്തിൽ സ്വീകരിച്ചു. ഒരു കഥപ്രകാരം ത്രിശങ്കു ഇപ്പോഴും തല കീഴ്പോട്ടായി ഒരു നക്ഷത്രംപോലെ, വിശ്വാമിത്രൻ സൃഷ്ടിച്ചുവെച്ച നക്ഷത്രങ്ങളുടെ ഇടയിൽ പ്രകാശിക്കുന്നു. വിഷ്ണുപുരാണത്തിലും ഹരിവംശത്തിലും ഈ കഥ ഭേദപ്പെട്ടു കാണുന്നു.

**സത്യസന്ധൻ**—൧. രാമൻ. ൨. ഭരതൻ. ൩. ജനമേജയൻ.

**സത്യസന്ധാ**—ദ്രൗപദി

**സത്യാ**—൧. സീതാ. ൨. ദ്രൗപദി ൩. സത്യവതി. ൪. ദുൎഗ്ഗാ. ൫. സത്യഭാമാ. ൬ വിഷ്ണുവിന്റെ അമ്മ.

**സത്രാജിൽ**—നിഘ്നന്റെ പുത്രൻ. സൂൎയ്യനെ സ്തുതിക്കകൊണ്ടു സൂൎയ്യൻ ഇവനു സ്യമന്തകം എന്ന രത്നത്തെ കൊടുത്തു താൻ കളഞ്ഞുപോയ രത്നത്തെ തിരികെ വാങ്ങിക്കൊടുത്തതുകൊണ്ടു തന്റെ പുത്രിയായ സത്യഭാമയെ കൃഷ്ണനു കൊടുത്തു അതുകൊണ്ടു ശതധന്വാ സത്രാജിത്തിനെകൊന്നു സ്യമന്തകംകൊണ്ടുപൊയ്ക്കളഞ്ഞതുകൊണ്ടു കൃഷ്ണൻ അവനെയുംകൊന്നു.

**സദാചാരം**—ഗൃഹസ്ഥൻ അനുഷ്ഠിക്കേണ്ട സംസ്കാരം, സ്നാനം, ജപം, ബലി, ആതിഥ്യം, തൎപ്പണം, സന്ധ്യാവന്ദനം മുതലായ മുറകൾ.

**സദായോഗി**—കൃഷ്ണൻ.

**സദാശിവൻ**—ശിവൻ.

**സനാതനൻ**—വിഷ്ണു.

**സദുക്തികൎണ്ണാമൃതം**—സദാചാരസംബന്ധമായി ശ്രീധരദാസൻ നാനൂറ്റിനാല്പതു കവികളുടെ കൃതികളിൽനിന്ന എടുത്ത വിശിഷ്ടശ്ലോകങ്ങളുടെ ഒരു സംഗ്രഹം. പതിമ്മൂന്നാം ശതാബ്ദാരംഭം. കവികൾ അധികവും ബങ്കാളത്തുകാരാണ്.

**സനകൻ, സനന്ദൻ, സനാതനൻ, സനൽകുമാരൻ**—ബ്രഹ്മാവിന്റെ മനസിജപുത്രന്മാർ. ഇവർ വിവാഹംചെയ്യാതെ എന്നും വിശുദ്ധിയുള്ള ബാലന്മാരായിരിക്കുന്നു.

**സന്താനഗോപാലം**—പൂന്താനം നമ്പൂതിരിയുടെ ഒരു മലയാളഭാഷാഗാനം. ഈ പേരോടുകൂടി ഒരു ആട്ടക്കഥയുമുണ്ട്.

**സന്ധ്യാ**—൧. യുഗം നോക്കുക. ൨. ബ്രഹ്മാവിന്റെ പുത്രി. ശിവന്റെ ഭാൎയ്യ ശിവപുരാണത്തിൽ ഇങ്ങനെ ഒരു കഥ കാണുന്നു. ബ്രഹ്മാവ് ഒ

രിക്കൽ തന്റെ മകളോട സംസർഗ്ഗംചെയ്വാൻ ഭാവിച്ചപ്പോൾ മകൾ ഒരു മാൻപേടയുടെ രൂപമെടുത്തു ഓടിക്കളഞ്ഞു. ബ്രഹ്മാവും ഒരു മാനിന്റെ രൂപത്തിൽ അവളുടെ പിന്നാലെ ഓടിച്ചെന്നു. ശിവൻ ഇതുകണ്ട ഒരു അമ്പു എടുത്തു എയ്യുകയും അമ്പുകൊണ്ട മാനിന്റെ കഴുത്തു മുറിഞ്ഞുപോകയും ചെയ്തു. ബ്രഹ്മാവു പിന്നെ തന്റെ സ്വന്തരൂപത്തിൽ ശിവപൂജചെയ്തു. ശിവന്റെ അമ്പു ആർദ്രാ എന്ന നക്ഷത്രവും മാനിന്റെ തല മൃഗശിരസ്സ എന്ന നക്ഷത്രവുംആയിത്തീൎന്നു.

**സന്ന്യാസി**—ബ്രാഹ്മണരുടെ നാലാമത്തെ ആശ്രമം. ആശ്രമം നോക്കുക.

**സപ്താവസ്ഥകൾ**—അജ്ഞാനം, ആവരണം, വിക്ഷേപം, പരോക്ഷം, അപരോക്ഷം, ശോകനിവൃത്തി, ആനന്ദം.

**സപ്തധാതുക്കൾ**—രസാസ്രമാംസമേദോസ്ഥിമജ്ജാനഃശുക്ലസംയുതാഃ

**സപ്തനദികൾ**—ഏഴ് പുണ്യനദികൾ. ഗംഗാ, യമുനാ, സരസ്വതി, നൎമ്മദാ, കാവേരി, കുമാരീ, ഗോദാവരീ.

**സപ്തമാതൃക്കൾ**—

ബ്രാഹ്മീമാഹേശ്വരീചൈവകൌമാരീവൈഷ്ണവീതഥാ।
വാരാഹീചതഥേന്ദ്രാണീ ചാമുണ്ഡാസപ്തമാതരഃ॥

ദ്രാവിഡരുടെ ബാലശക്തി, ഭഗവതി, ഭുവനശക്തി, കാട്ടേരി, മുയൽ, കരശ്രൂരി, രക്താ, ചാമുണ്ഡി, ത്രികരശ്രൂരി.

**സപ്തൎഷികൾ**—മരീചി. അത്രി, അംഗിരസ്സ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ.

**സപ്തവധ്രി**—ഒരു ഋഷി. തന്റെ ഭാൎയ്യയോടുകൂടി സംയോഗം ചെയ്യാതിരിപ്പാൻവേണ്ടി അവന്റെ ഏഴുസഹോദരന്മാർ സപ്തവധ്രിയെ ദിനംപ്രതി വൈകുന്നേരം ഒരു കോട്ടയിൽ ഇട്ടുപൂട്ടി മുദ്രവെക്കയും രാവിലെ തുറന്നുവിടുകയും ചെയ്തുവന്നു. സപ്തവധ്രി അശ്വിനികളോട പ്രാൎത്ഥിച്ചിട്ട തന്റെ കൂട്ടിൽനിന്നു രാത്രി പുറത്തിറങ്ങുന്നതിനും ഉദയത്തിനു മുമ്പ അതിൽ തിരികെ പ്രവേശിക്കുന്നതിനും ഉള്ള വരം പ്രാപിച്ചു.

**സപ്തസപ്തി.**—സൂൎയ്യൻ.

**സപ്തശതി**—ദുൎഗ്ഗാദേവിയുടെ ജയങ്ങളെ ഘോഷിക്കുന്ന ഒരു കാവ്യം. ദേവീമാഹാത്മ്യം.

**സപ്തസാഗരയാത്രാ**—ഒരു പുണ്യദാനം. സപ്തസമുദ്രങ്ങളിലെ സാധനങ്ങളായ ക്ഷീരം, ഘൃതം മുതലായവയാണു ദാനംചെയ്യുന്നത്.

**സപ്തസിന്ധുക്കൾ**—ഏഴ് വലിയനദികൾ. ഇവയുടെ പേരുകൾ പലവിധം കാണുന്നു. വേദത്തിൽ പേരുകൾ ഗംഗാ, യമുനാ, സരസ്വതീ, ശുതുദ്രി, പരുഷ്ണീ, മരുൽവൃധാ, ആൎജ്ജികീയാ, എന്നും, മഹാഭാരതത്തിൽ ഒരിടത്തു വസ്വോകസാരി, നളിനീ, പാവനീ, ഗംഗാ, സീതാ, സിന്ധു, ജംബൂനദി എ

ന്നും വേറൊരിടത്തു ഗംഗാ, യമുനാ, പ്ലക്ഷഗാ, രഥസ്ഥാ, സരയൂ, ഗോമതീ, ഗണ്ഡകീ എന്നും രാമായണത്തിൽ ഗംഗാ ആകാശത്തിൽനിന്നു വീണതുണ്ടായ കൈവഴികളായ നളിനീ, ഹ്ളാദിനീ, പാവനീ, ചക്ഷു, സീതാ, സിന്ധു, ഭഗീരഥീ എന്നും ആകുന്നു.

**സമയമാത്രുക** — ക്ഷേമേന്ദ്രന്റെ ഒരു കാവ്യം. സ്ത്രീകളുടെ കൌശലങ്ങൾ വൎണ്ണിക്കുന്നു.

**സമാശ്രയണം** — വൈഷ്ണവർ തോളുത്തു ശംഖും ചക്രവും മുദ്രകുത്തുന്ന പതിവു്.

**സമുദ്രദേവി** — ലക്ഷ്മി.

**സമുദ്രമഥനം** — അമൃതം. ചതുർദ്ദശരത്നങ്ങൾ നോക്കുക.

**സംജ്ഞാ** — വിശ്വകൎമ്മാവിന്റെ പുത്രീ, സൂൎയ്യന്റെ ഭാൎയ്യ. സൂൎയ്യനാൽ വൈവസ്വതമനു, യമൻ, യമീ ഇങ്ങനെ മൂന്നു മക്കളുണ്ടായിരുന്നു. സൂൎയ്യന്റെ ക്രൂരത സഹിക്കാൻ കഴിയാഞ്ഞിട്ടു ഛായയെ പകരമാക്കിയുംവച്ചു സംജ്ഞ വനത്തിൽ പോയി ഒരു പെൺകുതിരയുടെ രൂപത്തിൽ ഇരുന്നുകൊണ്ടു തപസ്സു ചെയ്തു. അതറിഞ്ഞിട്ടു സൂൎയ്യനും ഒരു ആൺകുതിരയുടെ രൂപത്തിൽ ചെന്നു. അങ്ങനെ അവളിൽ സൂൎയ്യനു രണ്ടു അശ്വിനികളും രേവന്തനും ഉണ്ടായശേഷം അവൻ അവളെ തന്റെ സ്വന്തഭവനത്തിലേക്കുതന്നെ കൂട്ടിക്കൊണ്ടുപോയി. എന്നാൽ സൂൎയ്യന്റെ ശോഭ ഇനിയും അവൾക്കു അസഹ്യമായിരുന്നതിനാൽ വിശ്വകൎമ്മാവു അവന്റെ ശോഭയിൽ അരക്കാലംശം [illegible]ഞ്ഞെടുത്തുകളഞ്ഞു. സംജ്ഞയ്ക്കു ദ്യുമയി എന്നും മഹാവീൎയ്യാ എന്നും പേരുകളുണ്ടു്.

**സംപാതി** — ഗരുഡന്റെ മകനും ജടായുസ്സിന്റെ സഹോദരനും ആയ ഒരു പക്ഷി. ശ്രീരാമന്റെ സഖാക്കളിൽ ഒരുവൻ. രാവണൻ സീതയെ കൊണ്ടുപോയ വിവരം ഹനുമാനോടു പറഞ്ഞു.

**സംബന്ധൻ** — ശിവഭക്തനായ ഒരു തമിഴകവി. ബാല്യത്തിലെ കവി എന്ന പേരു സമ്പാദിച്ചു. ജൈനരുടെ പരമവിരോധിയായിരുന്നു. സുന്ദരപാണ്ഡിതേവർ ജൈനമതം അവലംബിച്ചിട്ടു സംബന്ധൻ വീണ്ടും ശൈവമതക്കാരനാകുകയും ൮൦൦൦ ജൈനരെ കൊല്ലിക്കയും ചെയ്തു. പതിനാറാമത്തെ വയസ്സിൽ വിവാഹംചെയ്കയും വിവാഹദിവസംതന്നെ ഭാൎയ്യയോടുകൂടെ മരിക്കയുംചെയ്തു. ൧൬൦൦൦ പതികങ്ങൾ രചിച്ചിട്ടുണ്ടു്.

**സംബരൻ** — ശംബരൻ.

**സംയമനീ** — യമന്റെ നഗരം.

**സംവരണൻ** — സൂൎയ്യകുലത്തിലെ ഒരു രാജാവു്. പാഞ്ചാലർ ഹസ്തിനാപുരത്തിൽനിന്നു ഈ രാജാവിനെ ഓടിച്ചുകളഞ്ഞു. വസിഷ്ഠൻ പുരോഹിതനായശേഷം രാജ്യം തിരികെ കിട്ടി.

**സംവൎത്തൻ** — ഒരു ധൎമ്മശാസ്ത്രകൎത്താവു്.

**സംവൎത്തകൻ** — ബലരാമൻ

**സംവൎത്തകം** — ബലരാമന്റെ ഹലായുധത്തിന്റെ ഒരു പേരു്.

**സംസ്കാരം**—ജന്മപാപപരിഹാരത്തിനായി എല്ലാ ദ്വിജന്മാരേയും സംബന്ധിച്ചു അനുഷ്ഠിക്കേണ്ട ആചാരങ്ങൾ ഗർഭാധാനം, പുംസവനം, സീമന്തോന്നയനം, ജാതകർമ്മം, നാമകരണം, നിഷ്ക്രമണം, അന്നപ്രാശനം, ചൌളം, ഉപനയനം, കേശാന്തം, സമാവർത്തനം, വിവാഹം.

**സരണ്യു**—നിരുക്തത്തിൽ ഇങ്ങനെ ഒരു കഥ കാണുന്നു. ത്വഷ്ടാവിന്റെ പുത്രിയായ സരണ്യു സൂൎയ്യനു രണ്ടുമക്കളെ ഇരട്ട പ്രസവിച്ചു അതിന്റെശേഷം തന്റെ ആകൃതിതന്നെയുള്ള ഒരുത്തിയെ തനിക്കു പകരം ആക്കിയുംവെച്ചു ഒരു പെൺകുതിരയുടെ രൂപമെടുത്തു് ഓടിപ്പൊയ്ക്കളഞ്ഞു. വിവസ്വാൻ ഒരു ആൺകുതിരയുടെ രൂപത്തിൽ അവളുടെ പിന്നാലെ ചെന്നു. അവരുടെ സംസൎഗ്ഗത്താൽ അശ്വിനികൾ ഉണ്ടായി. ബൃഹൽദേവതയിൽ കഥ വേറൊരു പ്രകാരമാണ "സംജ്ഞാ" നോക്കുക

**സരമാ**—൧. ഇന്ദ്രന്റെ പട്ടി. ഇതിന്റെ കുട്ടികളായ സാരമേയർ യമന്റെ വാതിൽ കാത്തുനില്ക്കുന്നു. ൨. വിഭീഷണന്റെ ഭാൎയ്യ. ലങ്കയിൽവെച്ചു സീതയുടെ കാവല്ക്കാരി. സീതയോടു വളരെ ദയകാണിച്ചു. ൩. ദക്ഷന്റെ പുത്രി. സകലവിധ കാട്ടുമൃഗങ്ങളുടേയും മാതാവു്

**സരയൂ**—ഒരു നദി. അയോദ്ധ്യാ ഇതിന്റെ തീരത്താണു്.

**സരസ്വതി**—ബ്രഹ്മാവിന്റെ ഭാൎയ്യ. വിദ്യയുടെ ദേവി. സംസ്കൃതഭാഷയും ദേവനാഗരി അക്ഷരങ്ങളും സരസ്വതി ഉണ്ടാക്കിയതാണു്. സരസ്വതിയും ലക്ഷ്മിയും ഗംഗയും വിഷ്ണുവിന്റെ ഭാൎയ്യമാരായിരുന്നെന്നും ഒരിക്കൽ ഭാൎയ്യമാർ തമ്മിൽ വഴക്കുണ്ടാകക്കൊണ്ടു സരസ്വതിയെ ബ്രഹ്മാവിനും ഗംഗയെ ശിവനും കൊടുത്തുകളഞ്ഞെന്നും വൈഷ്ണവരുടെ ഇടയിൽ ഒരു കഥയുണ്ടു്.

**സരസ്വതീകണ്ഠാഭരണം**—കാവ്യരചന മുതലായവയെക്കുറിച്ചു ഭോജരാജാവിന്റെ ഒരു കൃതി.

**സരസ്വതീപൂജാ**—നവരാത്രി ഒമ്പതാംദിവസം.

**സരിദ്വരാ**—ഗംഗാ.

**സരിൽസുതൻ**—ഭീഷ്മൻ.

**സൎപ്പപ്പാട്ടു**—സൎപ്പപ്രീതിക്കായി സൎപ്പക്കാവുകളിലും, ചിലപ്പോൾ ഗൃഹങ്ങളിലുംവെച്ചു പാടുന്ന പാട്ടുകൾ. വള്ളുവരും ചിലദിക്കിൽ കുറുപ്പന്മാരുമാണ പാടുന്നതു്.

**സൎപ്പസത്രം**—നാഗങ്ങളെ നശിപ്പിക്കുന്നതിനായി ജനമേജയരാജാവു് ചെയ്ത ഒരു യാഗം.

**സൎവദൎശനസംഗ്രഹം**—ന്യായം വൈശേഷികം മുതലായ ദൎശനങ്ങളുടെ ഒരു സംഗ്രഹം. മാധവാചാൎയ്യൻ ഉണ്ടാക്കിയതു്.

**സൎവതോഭദ്രം**—വിഷ്ണുവിന്റെ രഥം.

**സവൎണ്ണാ**—വിവസ്വാന്റെ ഭാൎയ്യയായ സരണ്യു ഓടിപ്പോയപ്പോൾ

ഇവളെയാണ പകരം നിൎത്തിയതു്. വിഷ്ണുപുരാണപ്രകാരം സവൎണാ സമുദ്രത്തിന്റെ പുത്രിയും പ്രചേതസ്സുകളുടെ അമ്മയുമാണ്.

**സവ്യസാചി**—അൎജ്ജുനന്റെ ഒരു പേരു.

**സഹദേവൻ**—പാണ്ഡവരിൽ ഇളയവൻ. മാദ്രിയുടെ അതിസുന്ദരനായ പുത്രൻ. ദ്രോണന്റെ കീഴിൽ ജ്യോതിഷം പഠിച്ചു. ദ്രൗപദിയെ ക്രൂടാതെ വിജയാ എന്നൊരു ഭാൎയ്യയും അവളിൽ സുഹോത്രൻ എന്നൊരു പുത്രനും ഉണ്ടായിരുന്നു.

**സഹസ്രാക്ഷൻ**—ഇന്ദ്രൻ.

**സഹസ്രാനനൻ (നേത്രൻ, ഭുജൻ, മൌലി, വദനൻ)**—വിഷ്ണു.

**സഹസ്രധാരം**—വിഷ്ണുവിന്റെ ചക്രത്തിന്റെ ഒരു പേരു.

**സഹസ്രയോഗം**—ഒരു പുരാതന സംസ്കൃതവൈദ്യഗ്രന്ഥം. കൎത്താവാരെന്നു വിവരമില്ല.

**സഹസ്രഹൎയ്യശ്വം**—ഇന്ദ്രന്റെ രഥം.

**സഹൃദയാനന്ദം**—നളന്റെ ചരിത്രം. കൃഷ്ണാനന്ദൻ കൎത്താവു്.

**സാ**—പു. ലക്ഷ്മി. വ. പാൎവ്വതി.

**സാംഖ്യം**—ഒരു ദൎശനം.

**സാംഖ്യത്തെ സംബന്ധിച്ചുള്ള** ഗ്രന്ഥങ്ങളിൽ പ്രധാനമായവ കപിലമഹൎഷിയുടെ സാംഖ്യസൂത്രങ്ങളും അതിന്റെ വ്യാഖ്യാനമായ സാംഖ്യപ്രവചനഭാഷ്യവുമാകുന്നു. സാംഖ്യകാരിക ഈ ദൎശനത്തിന്റെ ഒരു സംഗ്രഹമാകുന്നു.

**സാംഖ്യകാരികാ**—സാംഖ്യത്തെക്കുറിച്ചു ഈശ്വരകൃഷ്ണന്റെ ഒരു പുസ്തകം.

**സാത്യകി**—കൃഷ്ണന്റെ ബന്ധുവും സാരഥിയും. പാണ്ഡവരുടെ ഭാഗം യുദ്ധംചെയ്തു. ദ്വാരകയിൽവെച്ചു കൃതവൎമ്മാവിനെ കൊന്നതുനിമിത്തം അവൻ സ്വസഹോദരന്മാരാൽ കൊല്ലപ്പെട്ടു. ദാരുകൻ, യുയുധാനൻ, ശൈനേയൻ, എന്നും പേരുകളുണ്ടു്.

**സാത്വതൻ**—പു. വിഷ്ണു. വ. ബലരാമൻ.

**സാധാരണ ധൎമ്മങ്ങൾ**—

> അഹിംസാ സത്യമസ്തേയം ശൌചമിന്ദ്രിയനിഗ്രഹഃ।
> ദാനംക്ഷമാൎജ്ജവംദാനം ധൎമ്മംസാധാരണംവിദുഃ ॥

**സാനുമതീ**—ഒരു അപ്സരസ്ത്രീ.

**സാന്ദീപനി**—കൃഷ്ണന്റെയും ബലരാമന്റെയും ഗുരു. സാന്ദീപനിയുടെ പുത്രനെ പഞ്ചജനാസുരൻ മോഷ്ടിച്ചു കൊണ്ടുപോകകൊണ്ടു കൃഷ്ണൻ

അവനെ കൊന്നു പുത്രനെ രക്ഷിച്ചു ദക്ഷിണയായി സാന്ദീപനിക്കു കൊടുത്തു.

**സാമവേദം**—മൂന്നാമത്തെ വേദം.

**സാമുദ്രികം**—ശരീരത്തിലെ രേഖകൾ, മറുകുകൾ അവയവങ്ങളുടെ ദീൎഘം മുതലായവയിൽനിന്നു ലക്ഷണങ്ങൾ പറയുന്ന ശാസ്ത്രം. പുരുഷസാമുദ്രികലക്ഷണം എന്നൊരു പുസ്തകം സുബ്രഹ്മണ്യൻ അഗസ്ത്യമുനിക്കു ഉപദേശിച്ചതാണ്.

**സായനാചാൎയ്യർ**—ഋഗ്വേദത്തിന്റെ ശ്രുതിപ്പെട്ട ഒരു വ്യാഖ്യാതാവു. വിജയനഗരത്തിൽ പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു.

**സാരമേയർ**—സരമയുടെ പുത്രന്മാരായ യമന്റെ നായ്ക്കൾ.

**സാരസ്വതൻ**—സരസ്വതിനദിയുടെ പുത്രനായ ഒരു ഋഷി. ഒരു ക്ഷാമമുണ്ടായപ്പോൾ ബ്രാഹ്മണരൊക്കെയും ഭക്ഷണം തേടി നടന്നതുകൊണ്ടു വേദമൊക്കെയും മറന്നുപോയി. സാരസ്വതൻ മാത്രം ഉപജീവനത്തിനു തന്റെ മാതാവു മത്സ്യംകൊണ്ടു കൊടുത്തുവന്നതുകൊണ്ടു മുടക്കംകൂടാതെ വേദാദ്ധ്യയനം ചെയ്തുവന്നു. ഒടുവിൽ ക്ഷാമം കഴിഞ്ഞശേഷം ൬൦൦൦൦ ബ്രാഹ്മണരെ വേദം പഠിപ്പിച്ചു.

**സാവൎണ്ണൻ**—എട്ടാമത്തെ മനു.

**സാവിത്രി**—൧. ബ്രഹ്മാവിന്റെ പുത്രിയും ഭാൎയ്യയുമായ ശതരൂപാ. ൨. അശ്വപതിരാജാവിന്റെ പുത്രി. രാജ്യത്തിൽനിന്നു ഭ്രഷ്ടാക്കപ്പെട്ടുകൊണ്ടു വനത്തിൽ മാതാപിതാക്കന്മാരോടുകൂടി സന്ന്യാസിയായി പാൎത്തിരുന്ന സത്യവാനെ ഭൎത്താവായി തിരഞ്ഞെടുത്തു. നാരദനിൽനിന്നു സത്യവാൻ ഒരു കൊല്ലംകൂടി മാത്രമേ ജീവിച്ചിരിക്കൂ എന്നറിഞ്ഞിട്ടും അവനിൽത്തന്നെ സ്ഥിരസ്നേഹമുള്ളവളായിരുന്നു. അവൻ ആ ഒരു വൎഷാവസാനത്തിൽ വിറകിനായി കാട്ടിൽ പോയപ്പോൾ അവൾ കൂടിപ്പോയി. അവിടെവെച്ചു സത്യവാൻ സാവിത്രിയുടെ മടിയിൽ കിടന്നു മരിക്കയും യമൻ വന്നു അവന്റെ ആത്മാവിനെ കൊണ്ടുപോകയും ചെയ്തു. എന്നാറെ സാവിത്രിയും പിന്നാലെ പോയി ഓരോ വരങ്ങൾ യമൻ അവൾക്കു കൊടുത്തിട്ടും തന്റെ ഭൎത്താവിന്റെ ജീവനെ തിരിച്ചുകിട്ടുന്നവരെ അവൾ അവന്റെ പിന്നാലെതന്നെ പോയി, ജീവൻ തിരിയെ കിട്ടിയശേഷം യമൻ കൊടുത്ത വരങ്ങൾനിമിത്തം സത്യവാനു തന്റെ രാജ്യവും തിരികെ കിട്ടി. സാവിത്രി ഭൎത്തൃസ്നേഹത്തിന്റെയും പാതിവ്രത്യത്തിന്റെയും ഒരു ഉദാഹരണമാണ്. പുതുതായി വിവാഹം ചെയ്യപ്പെടുന്ന യുവതികളെ "ജന്മസാവിത്രീഭവ" എന്നു പറഞ്ഞു മറ്റുള്ളവർ അനുഗ്രഹിക്കാറുണ്ട്.

**സാവിത്രീചരിതം**—സാവിത്രിയുടെ ചരിത്രം ഒരു ആട്ടക്കഥ. മാക്കോത്തു കൃഷ്ണമേനോൻ കൎത്താവ്.

**സാഹിത്യം**—സാഹിത്യസംബന്ധമായി പല പുസ്തകങ്ങളുണ്ട്. ദശകുമാരചരിതകൎത്താവായ ദണ്ഡിയുടെ കാവ്യാദൎശം സാഹിത്യശാസ്ത്രത്തെപ്പറ്റി പൂൎണ്ണവിവരങ്ങൾ അടങ്ങിയ ആദിപുസ്തകമാകുന്നു. വാമനന്റെ കാവ്യാലങ്കാരസൂത്രവൃത്തിയും സമാനന്ദന്റെ കാവ്യാലങ്കാരവും അജിതസേനയതീശ്വരന്റെ ശൃംഗാരമഞ്ജരിയും ഭോജരാജാവിന്റെ സരസ്വതീകണ്ഠാഭരണവും മമ്മടന്റെ കാവ്യപ്രകാശവും രുയ്യകന്റെ അലങ്കാരസൎവ്വസ്വവും ചക്രകവിയുടെ ചിത്ര

ത്നാകരവും അനന്തവൎദ്ധനന്റെ ധ്വന്യാലോകവും വിദ്യാനാഥന്റെ പ്രതാപരുദ്രയശോഭൂഷണവും വിശ്വനാഥകവിരാജന്റെ സാഹിത്യദൎപ്പണവും വിദ്യാഭൂഷണന്റെ സാഹിത്യകൗമുദിയും കവികൎണ്ണപൂരന്റെ അലങ്കാരകൗസ്തുഭവും അലങ്കാരങ്ങളെപ്പററിയാകുന്നു. എന്നാൽ വിദ്യാൎത്ഥികൾക്കു നല്ല പുസ്തകങ്ങൾ ജയദേവന്റെ ചന്ദ്രാലോകവും അപ്പയ്യദീക്ഷിതരുടെ കുവലയാനന്ദവും ആകുന്നു. മമ്മടന്റെ കാവ്യപ്രകാശത്തിന്നു വിശ്വനാഥകവിരാജൻ കാവ്യപ്രകാശദൎപ്പണമെന്നും ഗോവിന്ദർ കാവ്യപ്രദീപം എന്നും, രണ്ടു വ്യാഖ്യാനങ്ങൾ എഴുതീട്ടുണ്ടു്.

**സാഹിത്യദൎപ്പണം**—കാവ്യാലങ്കാരങ്ങളെക്കുറിച്ചു വിശ്വനാഥകവിരാജന്റെ ഒരു ശ്രുതിപ്പെട്ട പുസ്തകം.

**സിദ്ധർ**—സൂൎയ്യന്നും ഭൂമിക്കും മദ്ധ്യേ ആകാശത്തിൽ പാൎക്കുന്ന ഒരു കൂട്ടം അൎദ്ധദേവകൾ. അവർ ൮൮൦൦൦ പേരുണ്ടത്രെ.

**സിദ്ധസ്ഥാലി**—ഋഷിമാരുടെ ഒരു പാത്രം ഉടമസ്ഥൻ ഏതുവിധം ഭക്ഷണം ആശിക്കുന്നുവൊ അതു വേണ്ടുവോളം ഉടനെ കൊടുക്കും.

**സിദ്ധാന്തം**—ജ്യോതിശ്ശാസ്ത്രത്തെയൊ ഗണിതശാസ്ത്രത്തെയൊ കുറിച്ചുള്ള ഒരു പുസ്തകം: ജ്യോതിഷഗ്രന്ഥങ്ങൾ പ്രധാനമായി നാലാണു. സൂൎയ്യസിദ്ധാന്തം, ബ്രഹ്മസിദ്ധാന്തം, പൌലസ്ത്യസിദ്ധാന്തം, സോമസിദ്ധാന്തം.

**സിദ്ധാന്തകൌമുദി**—ഭട്ടോജിദീക്ഷിതർ പാണിനിയുടെ വ്യാകരണം ലഘുവാക്കിയതു

**സിദ്ധാന്തശിഖാമണി**—ശിവപ്രകാശദേശികന്റെ ഒരു തത്വശാസ്ത്രഗ്രന്ഥം.

**സിദ്ധാന്തശിരോമണി**—ഭാസ്കരാചാൎയ്യന്റെ ഒരു ജ്യോതിശ്ശാസ്ത്രപുസ്തകം.

**സിദ്ധി**—ചില ദേവകളുടെ പ്രത്യേകം ശിവന്റെ എട്ടു് അമാനുഷശക്തികൾ.

(൧) അണിമാലഘിമാപ്രാപ്തിഃപ്രാകാമ്യംമഹിമാതഥാ ।
ഈശിത്വംചവശിത്വംചതഥാകാമാവസായിതാ ॥

(൨) അണിമാമഹിമാചൈവഗരിമാലഘിമാതഥാ ।
പ്രാപ്തിഃപ്രാകാമ്യമീശിത്വംവശിത്വംചാഷ്ടസിദ്ധയഃ ॥

അണിമാ=അണുവോളം ചെറുതാകാനുള്ള ശക്തി.
മഹിമാ=ഇഷ്ടംപോലെ വലുതാകാനുള്ള ശക്തി.
ഗരിമാ=ഇഷ്ടംപോലെ ഘനമുള്ളവനാകാനുള്ള ശക്തി.
ലഘിമാ=അല്പംപോലും ഘനമില്ലാത്തവനാകാനുള്ള ശക്തി.
പ്രാപ്തി=എന്താഗ്രഹവും സാധിപ്പിക്കാനുള്ള ശക്തി.
പ്രാകാമ്യം=എതിരില്ലാത്ത മനഃശക്തി.
ഈശിത്വം=പ്രഭുത്വം.
വശിത്വം=വശീകരണശക്തി.

**സിംഹയാനാ. (രഥാ)**—പാൎവ്വതീ.

**സിംഹാസനദ്വാത്രിംശികാ**—വിക്രമാദിത്യന്റെ സിംഹാസനംവ

ഹിച്ചിരുന്ന ബിംബങ്ങൾ പറഞ്ഞ മുപ്പത്തിരണ്ടു കഥകൾ. വിക്രമചരിതം
എന്നും പേരുണ്ടു്,

സിംഹികാ — ൧. ദക്ഷന്റെ പുത്രി. കശ്യപന്റെ ഭാര്യ. ൨. കശ്യപ
ന്റെ പുത്രി. വിപ്രചിത്തിയുടെ ഭാര്യ. ൩. ഹനുമാനെ വിഴുങ്ങിക്കളവാൻ
നോക്കിയ ഒരു രാക്ഷസി. തന്നെ വിഴുങ്ങുന്നതിനു ഹനുമാൻ സമ്മതിച്ചുകൊടു
ക്കയും വയററിൽ ചെന്നശേഷം വയറുകീറി പുറത്തിറങ്ങുകയുംചെയ്തു. ഈ രാ
ക്ഷസി സാധാരണയായി താൻ വിഴുങ്ങാൻ വിചാരിക്കുന്ന വസ്തുവിന്റെ നിഴ
ലുപിടിച്ചുവലിച്ചു് ആ വസ്തുവിനെ തന്റെ വായിലാക്കി വന്നിരുന്നു.

സീതാ — വിദേഹരാജാവായ ജനകന്റെ പുത്രി. ശ്രീരാമന്റെ പത്നി.
യാഗത്തിനായി ഭൂമിയെ ഉഴുമ്പോൾ ഭൂമിയിൽനിന്നുണ്ടായതുകൊണ്ടു അയോ
നിജാ, ഭൂമിജാ, ധരണീസുതാ, പാർത്ഥിവീ എന്നും മററും പേരുകളുണ്ടായി.
അവൾ സാക്ഷാൽ ലക്ഷ്മിയും കൃതയുഗത്തിൽ വേദവതിയും ആയിരുന്നു. രാ
വണന്റെ നാശത്തിനായി ഭൂമിയിൽ സീതയായി അവതരിച്ചു. ശിവന്റെ
വില്ലുവളച്ചു് രാമചന്ദ്രൻ അവളെ പരിഗ്രഹിച്ചു സീത പാതിവ്രത്യത്തിന്റെ
യും ഭർത്തൃസ്നേഹത്തിന്റെയും ഒരു മൂർത്തിയായിരുന്നു. രാവണൻ അവളെ അ
പഹരിച്ചുകൊണ്ടുപോയി കഴിയുന്ന യത്നങ്ങൾ ചെയ്തിട്ടും അവളുടെ പാതിവ്ര
ത്യത്തെ അവൾ കാത്തു രാവണന്റെ വധം കഴിഞ്ഞശേഷം അവൾ അഗ്നി
പ്രവേശംചെയ്തു് തന്റെ വിശുദ്ധതയെ തെളിയിച്ചു എന്നാലും രാമൻ രാജാ
വായശേഷം പ്രജകൾ ദോഷം പറകയാൽ അവൻ അവളെ ഗർഭിണിയായിരു
ന്നിട്ടും കരുണകൂടാതെ വനത്തിൽ അയച്ചുകളഞ്ഞു അതിൽ പിന്നെ വാല്മീ
കിയുടെ ആശ്രമത്തിൽവെച്ചു (ഒരു കഥയിൽ ഗംഗയിൽവെച്ചു) കുശൻ ലവൻ
എന്നു രണ്ടു പുത്രന്മാരെ പ്രസവിച്ചു. അവർക്കു പതിനഞ്ചു വയസ്സു തികയുംവ
രെ അവിടെ പാർത്തു. അപ്പോൾ അവരെകണ്ടു രാമൻ തന്റെ പുത്രന്മാരായി
അവരെ അംഗീകരിച്ചു. സീതയുടെ പ്രാർത്ഥനപ്രകാരം തന്റെ അമ്മയായ ഭൂ
മി പിളർന്നു അവളെ എടുത്തുകൊള്ളുകയും ചെയ്തു. ൨. ഇന്ദ്രന്റെ ഭാര്യ. ൩. ഉ
മാ. ൪. ലക്ഷ്മീ. ൫ ഗംഗയുടെ ഒരു കൈവഴി.

സീരധ്വജൻ — ജനകൻ.

സീരപാണി (ഭൃൽ) — ബലരാമൻ.

സുക്രതു — ൧. അഗ്നി. ൨. ശിവൻ. ൩. ഇന്ദ്രൻ. ൪. മിത്രൻ. ൫. വ
രുണൻ ൬ സൂര്യൻ. ൭ സോമൻ.

സുഖംഘുണം — ശിവന്റെ വടി. പിടിക്കുന്ന അററത്തു ഒരു തലയോ
ടുവെച്ചുറപ്പിച്ചിട്ടുണ്ടു്.

സുഗ്രീവൻ — ൧ കൃഷ്ണന്റെ ഒരു കുതിര. ൨. ശിവൻ. ൩. ഇ
ന്ദ്രൻ. ൪. രാവണനോടുള്ള യുദ്ധത്തിൽ രാമനു സഹായിച്ച ഒരു വാനരരാജാവു.
തന്റെ സഹോദരനായ ബാലിയാൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും രാമൻ ബാ
ലിയെ കൊന്നു സുഗ്രീവനെ വീണ്ടും രാജാവാക്കുകയും ചെയ്തു. സുഗ്രീവനു ഇ
ഷ്ടംപോലെ രൂപം മാററാനുള്ള ശക്തി ഉണ്ടായിരുന്നു. അവന്റെ ഭാര്യ രുമ
ആയിരുന്നു. സൂര്യന്റെ പുത്രനായിരുന്നതുകൊണ്ടു അവനു രവിനന്ദനൻ എ
ന്നും പേരുണ്ടു്.

സുചാരു — കൃഷ്ണന്റെയും രുഗ്മിണിയുടേയും പുത്രൻ.

**സുതീക്ഷ്ണൻ**—ദണ്ഡകാരണ്യത്തിൽ പാൎത്തിരുന്ന ഒരു സന്യാസി. രാമനും സീതയും അവനെ ഒരിക്കൽ ചെന്നു കണ്ടു.

**സുദർശനം**—കൃഷ്ണന്റെ ചക്രം. വജ്രനാഭം നോക്കുക.

**സുദാസൻ**—താൻ ചെയ്ത യാഗങ്ങൾ നിമിത്തം ശ്രുതിപ്പെട്ട ഒരു രാജാവു്. ഈ രാജാവിന്റെ സഭയിൽ വിരോധികളായ വിശ്വാമിത്രനും വസിഷ്ഠനും ഒരുമിച്ചു പാൎത്തിരുന്നു.

**സുദേഷ്ണൻ**—കൃഷ്ണന്റെയും രുഗ്മിണിയുടേയും ഒരു പുത്രൻ.

**സുദേഷ്ണാ**—൧. ഒരു വിരാടരാജാവിന്റെ ഭാൎയ്യ. ൨. ബാലിയുടെ ഭാൎയ്യ.

**സുദ്യുമ്നൻ**—വൈവസ്വതമനുവിന്റെ പുത്രൻ. ജനിച്ചപ്പോൾ സ്ത്രീയായിരുന്നു. ഇളാ എന്നു പേരും പ്രാപിച്ചു. അതിന്റെ ശേഷം പുരുഷനായി സുദ്യുമ്നൻ എന്നു പേരു കിട്ടി. ശിവന്റെ ശാപത്താൽ പിന്നെയും സ്ത്രീയായി പുരൂരവസ്സിന്റെ അമ്മയായി. വിഷ്ണുവിന്റെ പ്രീതിയാൽ വീണ്ടും പുരുഷനായി മൂന്നു പുത്രന്മാരുടെ പിതാവായി.

**സുധൎമ്മാ**—൧. ഇന്ദ്രന്റെ കൊട്ടാരത്തിലെ ആലോചനമുറി. കൃഷ്ണന്റെ കല്പനപ്രകാരം യദുകുലത്തിലുള്ളവർക്കു വന്നുകൂടുന്നതിനായി ഇന്ദ്രൻ വിട്ടുകൊടുത്തു. കൃഷ്ണന്റെ മരണശേഷം സ്വൎഗ്ഗത്തിലേക്കുതന്നെ തിരിച്ചുപോയി.

**സുധാപാണി**—ധന്വന്തരി.

**സുനന്ദാ**—നളൻ ദമയന്തിയെ ഉപേക്ഷിച്ചുംവെച്ചു പോയശേഷം ദമയന്തിയെ സഹായിച്ച ചേദിരാജ്ഞി.

**സുനാമാവു്**—ഉഗ്രസേനന്റെ പുത്രൻ. കംസന്റെ സഹോദരൻ. കൃഷ്ണൻ കംസനെ ജയിച്ചശേഷം കംസനു സഹായിക്കുന്നതിനായി സുനാമാവു ചെല്ലുകയും ബലരാമനാൽ കൊല്ലപ്പെടുകയും ചെയ്തു.

**സുന്ദൻ, ഉപസുന്ദൻ**—നിസുന്ദന്റെ പുത്രന്മാരായ രണ്ടു ദൈത്യർ തപസ്സുചെയ്തു മററാരാലും കൊല്ലപ്പെടുകയില്ലെന്നു ബ്രഹ്മാവിൽനിന്നു ഒരു വരം പ്രാപിച്ചു അതിനാൽ വലിയ അഹങ്കാരികളായിത്തീൎന്നു. അവരെ നശിപ്പിക്കുന്നതിനായി ഇന്ദ്രനാൽ അയയ്ക്കപ്പെട്ട തിലോത്തമാ എന്ന അപ്സരസ്ത്രീയെ കണ്ടിട്ടു അവളെക്കുറിച്ചു അവർ തമ്മിൽ കലഹം ഉണ്ടാകയും അവർ അന്യോന്യം കൊന്നുകളകയും ചെയ്തു.

**സുന്ദരൻ**—അറുപത്തുമൂന്നു ശിവഭക്തരിൽ ഒരുവൻ. തേവാരത്തിന്റെ (തമിഴ്) കൎത്താക്കന്മാരിൽ ഒരാൾ.

**സുന്ദരി**—പാൎവ്വതി. ഈ പേരിൽ പാൎവ്വതിസ്തോത്രമാണു ശങ്കരാചാൎയ്യരുടെ സൌന്ദൎയ്യലഹരി എന്ന കാവ്യം.

**സുപാൎശ്വൻ**—സമ്പാതിയുടെ മകനും ജടായുസ്സിന്റെ മരുമകനും ആയ ഒരു പക്ഷി.

**സുപ്രിയൻ**—ഗന്ധൎവ്വരാജാവിന്റെ ഒരു പേരു്.

**സുബന്ധു** — വാസവദത്തത്തിന്റെ കർത്താവ്. ഏഴാം ശതാബ്ദത്തിനു മുമ്പായി ജീവിച്ചിരുന്നു. ഭാഷാസാമർത്ഥ്യം വളരെ ഉണ്ട്. പുസ്തകം പ്രത്യക്ഷരം ശ്ലേഷമയമാണ്. പുസ്തകരചനയുടെ ഉദ്ദേശംതന്നെ ഈ സാമർത്ഥ്യപ്രകടനമാണെന്നു തോന്നും.

**സുബലൻ** — ൧. ഗാന്ധാരിയുടെ പിതാവായ ഗാന്ധാരരാജാവ്. ൨. ലങ്കയിലെ ഒരു പർവതം. ഹനുമാൻ ഇന്ത്യയിൽനിന്നു ചാടിയാറെ ഈ മലയിന്മേലാണു ചെന്നിറങ്ങിയതു്.

**സുബാഹു** — ൧. ധൃതരാഷ്ട്രന്റെ ഒരു പുത്രൻ. ചേദിരാജാവ്. ൨. ശത്രുഘ്നന്റെ പുത്രൻ. മധുരാരാജാവ്.

**സുബ്രഹ്മണ്യൻ** — കാർത്തികേയൻ. ഈ പേരു ദക്ഷിണ ഇന്ത്യയിൽ മാത്രം നടപ്പ്. ശിവന്റെ പുത്രൻ. കാർത്തികേയൻ, സ്കന്ദൻ, നോക്കുക. ദേവകളെ അസുരന്മാർ ഉപദ്രവിച്ചപ്പോൾ അവർ ശിവനെ അഭയം പ്രാപിച്ചു. ശിവൻ ആറു മുഖങ്ങൾ സ്വീകരിച്ചു. അപ്പോൾ ഓരോ ലലാടനേത്രത്തിൽനിന്നും പുറപ്പെട്ട തീപ്പൊരികൾ ഒരു കുളത്തിൽ വീണ് ആറു ശിശുക്കളായി. അവരെ ആറു മാതൃക്കൾ (മാതൃക്കൾ നോക്കുക) എടുത്തു വളർത്തി. പാർവതി എടുത്തപ്പോൾ ശരീരം ഒന്നായിപ്പോയി എങ്കിലും ശിരസ്സ് ആറായിത്തന്നെയിരുന്നു. സുബ്രഹ്മണ്യനു ദേവയാനി വള്ളി എന്ന ഇങ്ങനെ രണ്ടു ഭാര്യമാർ. ഉത്സവം കാർത്തികമാസത്തിൽ വിളക്കുവെയ്ക്കുക പ്രധാനം.

**സുഭദ്രാ** — കൃഷ്ണന്റെ സഹോദരി. അർജ്ജുനന്റെ ഭാര്യ. അവളെ ദുര്യോധനനു കൊടുക്കണമെന്നു ബലരാമൻ വിചാരിച്ചിരുന്നു. കൃഷ്ണന്റെ ഉപദേശപ്രകാരം അർജ്ജുനൻ അവളെ ദ്വാരകയിൽനിന്നു കൊണ്ടുപൊയ്ക്കളഞ്ഞു. അഭിമന്യുവിന്റെ മാതാവ്.

**സുഭദ്രാഹരണം** — മന്ത്രേടത്തു നമ്പൂതിരിപ്പാട്ടിലെ ഒരു ആട്ടക്കഥ.

**സുഭാനു** — സത്യഭാമയുടെ ഒരു പുത്രൻ.

**സുഭാഷിതസുധാനിധി** — എൺപത്തിനാലു പദ്ധതികളുള്ള ഒരു സുഭാഷിതസംഗ്രഹം. സുഭാഷിതങ്ങൾ അധികവും രാജധർമ്മത്തെ പറ്റിയാണ്. സായനൻ എന്നൊരാളുടെ കൃതി.

**സുഭാഷിതാവലി** — ൩൫൦ കവികളുടെ കൃതികളിൽ നിന്നു എടുത്ത ൩൫൦൦ സുഭാഷിതശ്ലോകങ്ങൾ വല്ലഭദേവൻ സംഗ്രഹിച്ചതു്.

**സുമതി** — സഗരന്റെ ഒരു ഭാര്യ. ൬൦൦൦൦. പുത്രന്മാരുണ്ടായിരുന്നു.

**സുമന്ത്രൻ** — ദശരഥന്റെ പ്രധാനമന്ത്രി.

**സുമിത്രാ** — ദശരഥന്റെ ഒരു ഭാര്യ. ലക്ഷ്മണന്റെയും ശത്രുഘ്നന്റെയും മാതാവ്.

**സുമേരു** — മേരുപർവതം

**സുയോധനൻ** — ദുര്യോധനന്റെ ഒരു പേരു.

**സുരഥോത്സവം** — ചൈത്രകുലത്തിലെ സുരഥന്റെ ചരിത്രമായ ഒരു സംസ്കൃതകാവ്യം. സോമേശ്വരൻ ഉണ്ടാക്കിയതു്.

**സുരഭി**— സമുദ്രമഥനത്തിൽ കിട്ടിയ പശു. കാമധേനു നോക്കുക.

**സുരസാ**—നാഗങ്ങളുടെ മാതാവായ ഒരു രാക്ഷസി. ഹനുമാൻ ലങ്കയിലേക്കു പോകുമ്പോൾ ഈ രാക്ഷസി ഹനുമാനെ വിഴുങ്ങിക്കളവാനായി വഴിക്കൽ നിന്നു. അതുകൊണ്ടു ഹനുമാൻ തന്റെ ശരീരം വലുതാക്കയും വലുതാക്കുന്തോറും അതിനൊപ്പിച്ചു അവളും വാ തുറന്നു. ഇങ്ങനെ അവളുടെ വായ് നൂറുയോജനവിസ്താരത്തിൽ തുറന്നപ്പോൾ ഹനുമാൻ പെട്ടെന്നു തന്റെ ശരീരം ഒരു തള്ളവിരലോളം ചെറുതാക്കി അവളുടെ വായിൽ കയറി വലത്തെ ചെവിയിൽകൂടി പുറത്തിറങ്ങി പൊയ്ക്കളഞ്ഞു.

**സുലോചനാ**—ഇന്ദ്രജിത്തിന്റെ ഭാൎയ്യ.

**സുവൃത്തതിലകം**—വൃത്തങ്ങളെപ്പററി ക്ഷേമേന്ദ്രന്റെ ഒരു കൃതി.

**സുശൎമ്മാവു**—ത്രിഗൎത്തരാജാവു്. വിരാടരാജാവിനെ തോല്പിച്ചു തടവുകാരനാക്കി. ഭീമൻ ആ രാജാവിനെ സഹായിച്ചു് സുശൎമ്മാവിനെ തടവുകാരനാക്കി.

**സുശീലാ**—൧. കൃഷ്ണന്റെ പ്രധാന.ഭാൎയ്യമാരിൽ ഒരുത്തി. ൨. യമന്റെ ഭാൎയ്യ.

**സുശ്രുതൻ**—ഒരു ശ്രുതിപ്പെട്ട വൈദ്യപുസ്തകത്തിന്റെ കൎത്താവു്. എന്നു ജീവിച്ചിരുന്നു എന്നു നിശ്ചയമില്ല. ഇദ്ദേഹത്തിന്റെ പുസ്തകം എട്ടാം ശതാബ്ദത്തിനു മുമ്പായി അറബിഭാഷയിൽ തൎജ്ജമചെയ്തതായി കാണുന്നു.

**സുഷേണൻ**—൧. രുഗ്മിണിയുടേയും കൃഷ്ണന്റേയും പുത്രൻ. ൨. രാമന്റെ സൈന്യത്തിൽ ഉണ്ടായിരുന്ന ഒരു വൈദ്യൻ. യുദ്ധത്തിൽ മരിച്ചവരെ ജീവിപ്പിക്കയും മററു പല അതിശയങ്ങൾ ചെയ്കയും ചെയ്തു.

**സുസത്യാ**—ജനകന്റെ ഭാൎയ്യ.

**സൂതൻ, സൂതതനയൻ**—കൎണ്ണൻ.

**സൂരീ**—൧. സൂൎയ്യന്റെ ഭാൎയ്യ. ൨. കുന്തി.

**സൂൎയ്യൻ**—സൂൎയ്യന്റെ ഉത്ഭവത്തെപ്പററി പല കഥകൾ ഉണ്ടു്. പുരാണപ്രകാരം കശ്യപന്റെയും അദിതിയുടെയും പുത്രൻ. രാമായണത്തിൽ ബ്രഹ്മാവിന്റെ പുത്രനാണെന്നു കാണുന്നു. വിശ്വകൎമ്മാവിന്റെ പുത്രിയായ സംജ്ഞയെ വിവാഹം ചെയ്തു. സത്രാജിത്തിനു സ്യമന്തകം സമ്മാനിച്ചു. ഒരിക്കൽ മന്ദേഹർ എന്ന ഒരുകൂട്ടം ഭയങ്കരരാക്ഷസന്മാർ സൂൎയ്യനെ വിഴുങ്ങിക്കളവാൻ നോക്കി. എന്നാൽ സൂൎയ്യൻ തന്റെ ശോഭകൊണ്ടു അവരെ ജയിച്ചു. സൂൎയ്യന്റെസാരഥി അരുണനും നഗരം വിവസ്വതിയും ഭാൎയ്യമാർ സപൎണ്ണാ,സ്വാതി, മഹാവീൎയ്യാ ഇവരും ആകുന്നു. സൂൎയ്യന്റെ രഥത്തെ ഏഴു കുതിരകളോ ഏഴു തലകളുള്ള ഒരു കുതിരയോ വലിച്ചു കൊണ്ടുപോകുന്നു. യമൻ, യമുനാ, അശ്വിനികുമാരന്മാർ, ശനി, ഇവർ സൂൎയ്യന്റെ മക്കളാണു്. പേരുകൾ:—

സൂരസൂൎയ്യാൎയ്യമാദിത്യ ദ്വാദശാത്മദിവാകരാഃ ।
ഭാസ്കരാഹസ്കരബ്രധ്ന പ്രഭാകരവിഭാകരാഃ ॥
ഭാസ്വദിവസ്വത്സപ്താ ശ്വഹരിദശ്വോഷ്ണരശ്മയഃ

വികൎത്തനാൎക്കമാൎത്താണ്ഡ മിഹിരാരുണപൂഷണഃ ॥
ദ്യുമണിസ്തരണിൎമ്മിത്രശ്ചിത്രഭാനുൎവ്വിരോചനഃ ।
വിഭാവസുൎഗ്രഹപതി സ്ത്വിഷാംപതിരഹൎപതിഃ ॥
ഭാനുൎഹംസഃ സഹസ്രാംശുസ്തപനഃ സവിതാരവിഃ ।
പത്മാക്ഷസ്തേജസാംരാശി ശ്ഛായാനാഥസ്തമിസ്രഹാ ।
കൎമ്മസാക്ഷീജഗച്ചക്ഷുൎല്ലോകബന്ധുസ്ത്രയീതനുഃ ॥
പ്രദ്യോതനോദിനമണിഃ ഖദ്യോതോലോകബാന്ധവഃ ।
ഇനോഭൎഗ്ഗോധാമനിധിശ്ചാംശുമാൻവ്യബ്ജിനീപതിഃ ॥

**സൂൎയ്യകാന്തം** — സൂൎയ്യരശ്മികൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള ഒരു കല്ല്. തൊട്ടാൽ തണുപ്പാണെങ്കിലും വളരെ ചൂടുള്ളത്.

**സൂൎയ്യനാരായണനെഴുത്തച്ഛൻ** — തുഞ്ചത്തെഴുത്തച്ഛന്റെ ശിഷ്യൻ. ആദ്ധ്യാത്മത്തിന്റെ മെതിയടിയും ഗ്രന്ഥങ്ങളും വച്ചു പൂജിച്ചുപോന്നു. സ്കാന്ദപുരാണം കിളിപ്പാട്ടിന്റെ കൎത്താവ്. സൂരി (വിദ്വാൻ) ഭജിച്ചു സൂൎയ്യൻ ആന്നായി.

**സൂൎയ്യവംശം** — സൂൎയ്യന്റെ പുത്രനായ വൈവസ്വതന്റെ പുത്രനായ ഇക്ഷ്വാകു സ്ഥാപിച്ച രാജകുലം. ശ്രീരാമൻ ഈ കുലത്തിൽ ജനിച്ചു. കുലത്തിന്റെ ഒരുഭാഗക്കാർ അയോദ്ധ്യയിലും മറെറഭാഗക്കാർ മിഥിലയിലും വാണു.

**സൂൎയ്യസിദ്ധാന്തം** — ജ്യോതിശ്ശാസ്ത്രത്തെപ്പററിയുള്ള ഒരു ശ്രുതിപ്പെട്ട പുസ്തകം. അതിന്റെ കൎത്താവിനു സൂൎയ്യനിൽനിന്നു ലഭിച്ചതാണത്രേ.

**സൃഷ്ടി** — സൃഷ്ടിയെപ്പററി പല അഭിപ്രായങ്ങളാണുള്ളത്. ബ്രഹ്മാവ് ആദ്യം പ്രകൃതിയെ സൃഷ്ടിച്ചു. അതിൽനിന്നു ത്രിമൂൎത്തികൾ ഉണ്ടായി. പഞ്ചഭൂതങ്ങൾ അടങ്ങിയിരുന്ന ബ്രഹ്മാണ്ഡം പൊട്ടി പതിന്നാലു ലോകങ്ങളും അവയിലുള്ളവയും ഉണ്ടായി. വിഷ്ണു അനന്തന്റെ മേൽ ശയിക്കുമ്പോൾ പൊക്കിളിൽനിന്നു ഒരു താമര കിളിൎത്തുവന്നു. അതിൽനിന്നു ബ്രഹ്മാവുണ്ടായി ലോകം സൃഷ്ടിച്ചു.

**സേതുബന്ധം** — ലങ്കയുടെ ആക്രമണത്തിനായി നളൻ ഇട്ട പാലം.

**സേതുമാഹാത്മ്യം** — കല്ലേക്കുളങ്ങര രാഘവപ്പിഷാരൊടിയുടെ ഒരു വലിയ കിളിപ്പാട്ട്. നാല്പത്തുമൂന്നു തീൎത്ഥങ്ങളുടെ മാഹാത്മ്യം ഓരോ കഥകൾകൊണ്ടു വൎണ്ണിച്ചിരിക്കുന്നു.

**സേനാപതി** — ൧. ശിവൻ. ൨. കാൎത്തികേയൻ.

**സൈരന്ധ്രി** — അജ്ഞാതവാസത്തിൽ ദ്രൌപദിയുടെ പേര്.

**സോമൻ** — സൂൎയ്യന്റെ ഉത്ഭവത്തെപ്പററിയെന്നപോലെ തന്നെ ചന്ദ്രന്റെ ഉത്ഭവത്തെപ്പററിയും അനേകം കഥകളുണ്ട്. ചന്ദ്രൻ അനസൂയയിൽ അത്രിമഹൎഷിയുടെ പുത്രനാണെന്നു സാധാരണയായി പറഞ്ഞുവരുന്നു. ധൎമ്മന്റെ മകനാണെന്നും സൂൎയ്യന്റെ മകനാണെന്നും പാലാഴിമഥനത്തിൽ ഉണ്ടായതാണെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ചന്ദ്രൻ ദക്ഷന്റെ ഇരുപത്തേഴു പുത്രിമാരെ (നക്ഷത്രങ്ങൾ) വിവാഹം ചെയ്തു. എന്നാൽ രോഹിണിയോടു മാത്രം അധികം സ്നേഹം കാണിക്കയാൽ മററവർ ദക്ഷനോടു ആവലാധിപറഞ്ഞു. ദക്ഷന്റെ ഗുണദോഷം ഫലമില്ലാതെ പോകകൊണ്ടു അവൻ ചന്ദ്രനെ

ശപിക്കയും ചന്ദ്രൻ മക്കളില്ലാതെ, ക്ഷയരോഗം പിടിച്ചവനായി തീരുകയും ചെയ്തു. ഇതുനിമിത്തം ഭാൎയ്യമാർ പരിതപിച്ച് ഭൎത്താവിനുവേണ്ടി പിന്നെ മദ്ധ്യസ്ഥതചെയ്തു. ശാപം മുഴുവനും പിൻവലിക്കാൻ പാടില്ലാഞ്ഞിട്ടു ദക്ഷൻ ചന്ദ്രന്റെ ക്ഷയം സ്ഥിരമായിരിക്കാതെ അനുകാലികമായിരിക്കാൻ വേണ്ടുന്ന ഏൎപ്പാടുചെയ്തു ഇതാകുന്നു ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾക്കു കാരണം. ചന്ദ്രൻ ഒരിക്കൽ ബൃഹസ്പതിയുടെ ഭാൎയ്യയായ താരയെ മോഷ്ടിച്ചുകൊണ്ടുപോയി. ഇതുനിമിത്തമുണ്ടായ യുദ്ധത്തിൽ ശിവൻ തന്റെ ശൂലംകൊണ്ടു ചന്ദ്രനെ രണ്ടായി മുറിച്ചുകളഞ്ഞു. അതിനാൽ ഭഗ്നാത്മാവെന്നു പേർ സിദ്ധിച്ചു. ചന്ദ്രന്റെ രഥത്തിനു മൂന്നു ചക്രവും അതിനെ വലിക്കുന്നതിനു പത്തു വെള്ളക്കുതിരകളും ഉണ്ട്.

ചന്ദ്രന്റെ പേരുകൾ—

ഹിമാംശുശ്ചന്ദ്രമാശ്ചന്ദ്ര ഇന്ദുഃ കുമുദബാന്ധവഃ।
വിധുഃ സുധാംശുഃ ശുഭ്രാംശു രോഷധീശോ നിശാപതിഃ॥
അബ്ജോ ജൈവാതൃകഃ സോമോ ഗ്ലൌർമൃഗാങ്കഃ കലാനിധിഃ।
ദ്വിജരാജഃ ശശധരഃ നക്ഷത്രേശഃ ക്ഷപാകരഃ॥

സോമൻ—൧. കുബേരൻ. ൨. ശിവൻ. ൩. യമൻ. ൪. സുഗ്രീവൻ.

സോമകൻ—ദ്രുപദരാജാവിന്റെ പിതാമഹൻ.

സോമകാസുരൻ – ഹയഗ്രീവൻ.

സോമപാലവിലാസം—രാജപുരിരാജാവായ സോമപാലന്റെ ചരിത്രമായ ഒരു സംസ്കൃതകാവ്യം. ജൽഹനൻ എന്നൊരു കവി രചിച്ചത്.

സോമദേവഭട്ടൻ— കഥാസരിത്സാഗരത്തിന്റെ കൎത്താവ്.

സൌഗന്ധികാഹരണം—ദ്രാവിഡദേശക്കാരനായ വിശ്വനാഥൻ എന്നൊരു കവിയുടെ ഒരു സംസ്കൃതനാടകം. ദ്രൌപദി ഒരു ഗന്ധൎവ്വന്റെ പക്കൽ ഒരു സൌഗന്ധികപുഷ്പം കണ്ടിട്ടു ആ മാതിരി പുഷ്പം കൊണ്ടുവന്നുകൊടുക്കുന്നതിന്നു ഭീമനോടാവശ്യപ്പെട്ടു. ഭീമൻ അതു പറിക്കാൻ ചെന്നപ്പോൾ ഹനുമാൻ തടുത്തു. ഇങ്ങനെ അവർ തമ്മിൽ യുദ്ധം ഉണ്ടാവാൻ ഭാവിച്ചു. കുബേരൻ അവരെ സമാധാനപ്പെടുത്തി യുധിഷ്ഠിരനു പുഷ്പം കൊടുത്തു് ആ സഹോദരന്മാർ യുദ്ധമുണ്ടാകാതെ കഴിക്കുന്നു.

സൌതി—൧ കൎണ്ണൻ. ൨. നൈമിശാരണ്യത്തിൽവെച്ചു ഋഷികൾ മുമ്പാകെ മഹാഭാരതം ആഖ്യാനംചെയ്ത ഋഷി.

സൌദാമിനീ—ഐരാവതത്തിന്റെ ഭാൎയ്യ.

സൌദാസൻ—സുദാസന്റെ പുത്രൻ. കല്മാഷപാദൻ നോക്കുക.

സൌനന്ദം—ബലരാമന്റെ ഗദ.

സൌന്ദൎയ്യലഹരി—പാൎവ്വതിയെ സ്തുതിച്ചു ശ്രീശങ്കരാചാൎയ്യർ ഉണ്ടാക്കിയ നൂറു ശ്ലോകങ്ങൾ.

സൌബലൻ—ശകുനി.

**സൌഭം**—ഹരിശ്ചന്ദ്രന്റെ വിമാനനഗരം. ഖപുരം, പ്രതിമാങ്കം എന്നും പേരുകളുണ്ട്.

**സൌഭരി**—മാന്ധാതാവിനെ നോക്കുക. മാന്ധാതാവിന്റെ ൫൦ പുത്രിമാരെ വിവാഹംചെയ്കയും അവൾക്കു ൫൦ പേൎക്കും വിശ്വകൎമ്മാവിനെക്കൊണ്ടു ഓരോ വിശേഷപ്പെട്ട കൊട്ടാരം പണിയിച്ചു കൊടുക്കയും എപ്പോഴും തന്റെ മന്ത്രശക്തികൊണ്ടു അവരിൽ ഓരോരുത്തരുടെയും കൂടെ ഉണ്ടായിരിക്കയും അവരിൽ ൧൫൦ പുത്രന്മാരുണ്ടാകയും അവർ നിമിത്തം തന്റെ ആശകൾ വൎദ്ധിച്ചുവരികകൊണ്ടു അവരെ ഉപേക്ഷിച്ചിട്ടു വനത്തിൽ പോയി വിഷ്ണുസേവ ചെയ്കയും ചെയ്തു.

**സൌമിത്രൻ(ത്രി)**—ലക്ഷ്മണൻ.

**സൌമില്ലി**—കാളിദാസനു മുമ്പു ഉണ്ടായിരുന്ന ഒരു കവി. ചില നാടകങ്ങൾ ഉണ്ടാക്കീട്ടുണ്ട്.

**സൌരി**—൧. യമൻ. ൨. കൎണ്ണൻ. ൩. സുഗ്രീവൻ. ൪. ശനി.

**സ്കന്ദൻ**—ശിവന്റെ പുത്രൻ. ഈ പേരു ഒരു പുരാണത്തിന്റെ പേരിനു കാരണമായതല്ലാതെ പ്രചാരത്തിൽ ഇല്ല. പ്രചാരത്തിൽ ഇരിക്കുന്ന പേരു ഉത്തരേന്ത്യയിൽ കാൎത്തികേയനും ദക്ഷിണേന്ത്യയിൽ സുബ്രഹ്മണ്യനും ആണ്. കാൎത്തികേയൻ, സുബ്രഹ്മണ്യൻ നോക്കുക.

**സ്കന്ദപുരാണം**—തല്പുരുഷകല്പത്തിലെ സംഭവങ്ങളെ വിവരിക്കുന്ന ഒരു പുരാണം. ഇതിന്റെ പ്രധാനഭാഗം കാശികാഖണ്ഡം ആകുന്നു. ഈ പുരാണം നൂൎന്നാരായണൻ എഴുത്തച്ഛൻ ചുരുക്കി ഭാഷാന്തരംചെയ്തിട്ടുണ്ട്.

**സ്കന്ദഷഷ്ഠി**—സ്കന്ദൻ ഒരു രാക്ഷസനെ കൊന്നതിന്റെ ഓൎമ്മയ്ക്കായി കൊണ്ടാടുന്ന ഒരു ഉത്സവം കാൎത്തികമാസം ശുക്ലപക്ഷത്തിൽ. ഉത്സവം ഏഴു ദിവസം. ആറാംദിവസം പ്രധാനം.

**സ്തുതികുസുമാഞ്ജലി**—പല ദേവകളുടെ സ്തുതികൾ. ജഗദ്ധരൻ കൎത്താവ്.

**സ്ത്രീകൾ**—രതിമഞ്ജരിപ്രകാരം. ൧. പത്മിനീ. ൨. ചിത്രിണീ. ൩. ശംഖിനീ. ൪. ഹസ്തിനീ (കരിണീ) ഇങ്ങനെ നാലുവിധം ഉണ്ട്.

൧. ഭവതികമലനേത്രാനാസികാക്ഷുദ്രരന്ധ്രാ അവിരളകുചയുഗ്മാചാരുകേശീകൃശാംഗീ ।
മൃദുവചനസുശീലാഗീതവാദ്യാനുരക്താ സകലതനുസുവേശാപത്മിനീ പത്മഗന്ധാ ॥

൨. ഭവതിരതിരസജ്ഞാനാതിഖൎവാനദീൎഘാ തിലകുസുമസുനാസാ സ്നിഗ്ദ്ധനീലോല്പലാക്ഷീ ।
ഘനകഠിനകുചാഢ്യാ സുന്ദരീബദ്ധശീലാസകലഗുണവിചിത്രാ ചിത്രിണീചിത്രവക്ത്രാ ॥

൩. ദീൎഘാതിദീൎഘനയനാവരസുന്ദരീയാ കാമോപഭോഗരസികാ ഗുണശീലയുക്താ
രേഖാത്രയേണചവിഭൂഷിതകണ്ഠദേശാ സംഭോഗകേളിരസികാ കില ശംഖിനീസാ.

൪. സ്ഥൂലാധരാ സ്ഥൂലനിതംബബിംബാ സ്ഥൂലാംഗുലിഃ സ്ഥൂലകചാ സുശീലാ
കാമോൽസുകാ ഗാഢരതിപ്രിയാ ച നിതാന്തഭോക്ത്രീ ഖലു ഹസ്തിനീ സ്യാൽ
(കരിണീമതാസോ)

**സ്ഥലപുരാണം**—പ്രധാന ക്ഷേത്രങ്ങളുടെ മാഹാത്മ്യത്തെപ്പററി പദ്യത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങൾ. ഓരോ ക്ഷേത്രങ്ങളുടെയും ചരിത്രവും വർണ്ണനയും അടങ്ങിയിരിക്കുന്നു. സൃഷ്ടിമുതൽ ആരംഭിച്ചു വിഷ്ണുവോ ശിവനൊ പുരാണപുരുഷന്മാരിൽ ആരെങ്കിലുമോ ഏതെങ്കിലും സ്ഥലത്തു പ്രത്യക്ഷനായതുകൊണ്ടു അവിടെ ക്ഷേത്രം പണിതു എന്നാണ് സാധാരണരീതി. ശ്രീരംഗത്തു കാവേരീദേവി പ്രത്യക്ഷയായി ഗംഗയ്ക്കു തുല്യയാകാനുള്ള വരം പ്രാപിച്ചു. കാഞ്ചീപുരത്തു സുബ്രഹ്മണ്യൻ ബ്രഹ്മാവിനെ പിടിച്ചു തടവിലാക്കി സൃഷ്ടിപ്രവൃത്തിചെയ്തു. തിരുപ്പതിയിലെ ഒരു കുന്നു മഹാമേരുവിന്റെ ഒരു ശിഖരമാണ്. സ്ഥലപുരാണങ്ങൾക്കു മാഹാത്മ്യം എന്നു പേരുണ്ടു്.

**സ്ഥാണു**—ശിവൻ.

**സ്ഥാപത്യവേദം**—ശില്പശാസ്ത്രം. ഉപവേദങ്ങളിൽ ഒന്നു്. ഇതിനെപ്പററി പ്രധാനപുസ്തകം മാനസാരം ആകുന്നു.

**സ്ഥൂണാ, സ്ഥൂണാകർണ്ണൻ**—ദ്രുപദന്റെ പുത്രിയായ ശിഖണ്ഡിനിക്കു കുറച്ചു നാളത്തേക്കു തന്റെ പുരുഷത്വം കൊടുത്ത ഒരു യക്ഷൻ.

**സ്ഫടികാദ്രി**—കൈലാസം.

**സ്മൃതി**—വേദാംഗങ്ങൾ, സൂത്രങ്ങൾ; രാമായണം, മഹാഭാരതം പുരാണങ്ങൾ ധർമ്മശാസ്ത്രങ്ങൾ ഇങ്ങനെയുള്ള ദർശനങ്ങളല്ലാത്ത പുസ്തകങ്ങൾക്കു സ്മൃതിയെന്നും ദർശനങ്ങളായ വേദങ്ങൾക്കു ശ്രുതി എന്നും പേരുകൾ. ഋഷികൾ ഓർമ്മയിൽനിന്നു പറഞ്ഞുകൊടുത്തതിനാൽ ഈ പേരു്. ശ്രുതിയിന്മേൽ അടിസ്ഥാനപ്പെടുത്തിയതാണെങ്കിലും അതിന്റെ പ്രാമാണ്യം ഇല്ല. സ്മൃതികൾക്കു ശങ്കരാചാര്യർ ശ്രുതിയെപ്പോലെ പ്രാമാണ്യംകൊടുത്തു. അതുകൊണ്ടു അനുഗാമികൾ സ്മാർത്തർ.

**സ്മൃതിചന്ദ്രിക**—ദ്രാവിഡക്കാരനായ ദേവണ്ണഭട്ടന്റെ ഒരു ന്യായശാസ്ത്രപുസ്തകം.

**സ്യമന്തകം**—ദിനംപ്രതി എട്ടു ചുമടു പൊന്നു കൊടുക്കയും നീതിമാനായ ഉടമസ്ഥനെ സകലവിധ ഭയങ്ങളിൽനിന്നും രക്ഷിക്കയും ചെയ്യുന്ന ഒരു ശ്രുതിപ്പെട്ട രത്നം. സൂര്യൻ സത്രാജിത്തിനു കൊടുത്തതു്. ഉടമസ്ഥൻ ദുഷ്ടനായിരുന്നാൽ അതുകൊണ്ടു അവനു ആപത്തുമേയുള്ളൂ. കൃഷ്ണൻ ആ രത്നത്തെ തന്നോടു തട്ടിപ്പറിച്ചുകൊണ്ടു പോകുമെന്നു ഭയപ്പെട്ടു സത്രാജിത്തു അതിനെ പ്രസേനന്റെ കയ്യിൽ കൊടുത്തു. പ്രസേനൻ ദുഷ്ടനായിരുന്നതുകൊണ്ടു ഒരു സിംഹം അവനെ കൊന്നു രത്നം എടുക്കയും ജാംബവാൻ സിംഹത്തെ കൊന്നു രത്നത്തെ കൈക്കലാക്കയും ചെയ്തു. കൃഷ്ണൻ യുദ്ധംചെയ്തു ജാംബവാനോടു അതു വാങ്ങി സത്രാജിത്തിനുതന്നെ കൊടുത്തു. ശതധന്വാവു് പിന്നെ സത്രാജിത്തിനെ കൊന്നു ആ രത്നത്തെ കൈവശപ്പെടുത്തി പൊയ്ക്കളഞ്ഞു. കൃഷ്ണനും ബലരാമനും പിന്തുടർന്നതുകൊണ്ടു അവൻ രത്നത്തെ അക്രൂരന്റെ കയ്യിൽ കൊടുത്തിട്ടു ഓടിപ്പോകയും പിന്നെ കൃഷ്ണനാൽ കൊല്ലപ്പെടുകയും ചെയ്തു. കൃഷ്ണന്റെ കയ്യിൽ രത്നം കാണാഞ്ഞിട്ടു ബലരാമൻ കൃഷ്ണൻ ചതിവായി ഒളിച്ചുവെച്ചിരിക്ക

യാണെന്നു വിചാരിച്ചു കോപിച്ചുപോയി ഒടുവിൽ അക്രൂരൻ അതിനെ ഹാജ
രാക്കയും കൃഷ്ണനും ബലരാമനും സത്യഭാമയും അതിനു അവകാശം പറകകൊ
ണ്ടു അക്രൂരൻതന്നെ അതിനെ സൂക്ഷിക്കണമെന്നു എല്ലാവരുംകൂടി തീർച്ചയാ
ക്കയും ചെയ്തു. ഇതിനെപ്പററി നമ്പ്യാരുടെ ഒരു തുള്ളൽകഥയുണ്ടു്.

ശ്രദ്ധാ — ദക്ഷന്റെ മകൾ. ധർമ്മന്റെ ഭാര്യ. കാമദേവന്റെ അമ്മ.

ശ്രാദ്ധദേവൻ — യമൻ.

സ്വൻ — വിഷ്ണു.

സ്വധാ — ദക്ഷന്റെയും പ്രസൂതിയുടെയും പുത്രി.

സ്വഭൂ — ഌ. ബ്രഹ്മാവ്. ൨. വിഷ്ണു. ൩. ശിവൻ.

സ്വർഗ്ഗം — മേരുപർവ്വതത്തിന്മേൽ ഇന്ദ്രന്റെയും ദേവകളുടെയും വാ
സസ്ഥലം പേരുകൾ.

സ്വരവ്യയം സ്വർഗ്ഗനാകത്രിദിവത്രിദശാലയാഃ।
സുരലോകോദ്യോദിവൌ ദേസ്ത്രിയാംക്ലീബത്രിവിഷ്ടപം॥

സ്വർഗ്ഗദ്വാര(വാതൽ)ഏകാദശി — മാർഗ്ഗശീർഷമാസത്തിൽ ശു
ക്ലുപക്ഷത്തിൽ ഏകാദശിദിവസം വിഷ്ണുവിനു പ്രധാനം. തിരുമിഴവനും ഉറ
ങ്ങാൻ പാടില്ല. വൈകുണ്ഠ ഏകാദശി എന്നും പേരുണ്ടു്. ശ്രീരംഗത്തു പ്രധാ
ന ഉത്സവം.

സ്വസ്തികം — ഒരു ശുഭാർത്ഥമുള്ള അടയാളം. ഇങ്ങനെ 卐 താന്ത്രി
കന്മാരും ജൈനരും ഉപയോഗിക്കുന്നു.

സ്വാമി — ഌ. വിഷ്ണു. ൨. ശിവൻ. ൩. കാർത്തികേയൻ. ൪. ഗരുഡൻ.
൫ വാത്സ്യായനൻ.

സ്വാരോചിഷൻ — രണ്ടാമത്തെ മനു.

സ്വാഹാ — ദക്ഷന്റെയും പ്രസൂതിയുടെയുംപുത്രി. അഗ്നിയുടെ ഭാര്യ.

## ഹ

ഹൻ — ഌ. ശിവൻ. ൨. വിഷ്ണു.

ഹനുമാൻ — കേസരി എന്ന വാനരത്തിന്റെ ഭാര്യയായ അഞ്ജന
യിൽ വായുവിന്റെ പുത്രൻ. ദീർഘശരീരവും അസാധാരണ ശക്തിയും ഉണ്ടാ
യിരുന്നു. ഒരിക്കൽ ഭാരതഖണ്ഡത്തിൽനിന്നു് ലങ്കയിലേക്കു ചാടിക്കടന്നു. രാ
വണനോടുള്ള യുദ്ധത്തിൽ ശ്രീരാമനു സഹായമായി വളരെ അത്ഭുതപ്രവൃത്തി
കൾ ചെയ്തു കാലനേമിയേയും അനേകായിരം ഗന്ധർവ്വരേയും വധിച്ചു. ഒരി
ക്കൽ രാക്ഷസന്മാർ പിടിച്ചു വാലിനു എണ്ണതേച്ചു തീകൊളുത്തിവിട്ടു എന്നാൽ
ഹനുമാൻ ലങ്കയിൽ അങ്ങുമിങ്ങും ഓടിനടന്നു ലങ്കമുഴുവനും നശിപ്പിച്ചു. അ
തിന്റെശേഷം യുദ്ധത്തിൽ മരിച്ചവരെ എല്ലാം ജീവിപ്പിപ്പാനായി ഹിമാലയ

ത്തിൽ പറന്നുചെന്നു ഔഷധങ്ങൾ കൊണ്ടുവന്നു. രാവണവധം കഴിഞ്ഞശേഷം രാമനോടുകൂടെ അയോദ്ധ്യയിൽ ചെന്നു ശാശ്വതയൌവനം പ്രാപിച്ചു. ഹനുമാനു മരുൽപുത്രൻ, ആനിലി, മാരുതി, ആഞ്ജനേയൻ, യോഗചരൻ, രജതദ്യുതി എന്നും പേരുകളുണ്ടു്.

**ഹനുമന്നാടകം**—പതിനാലു അങ്കത്തിൽ അതിദീൎഘമായ ഒരു നാടകം. രാമചരിതം ഭോജരാജാവിന്റെ കല്പനപ്രകാരം ദാമോദരമിശ്രൻ കൂട്ടിച്ചേൎത്തതു്. ഇതിന്റെ മൂലം ഹനുമാൻതന്നെ ഉണ്ടാക്കിയതാണെന്നും എന്നാൽ വാല്മീകിരാമചരിതം അതിവിശേഷമായി ഉണ്ടാക്കിയ വിവരം അറിഞ്ഞു തന്റെ കൃതി സമുദ്രത്തിൽ എറിഞ്ഞുകളഞ്ഞെന്നും അതു ഒരു മുക്കുവനുകിട്ടി ഭോജരാജാവിനു കൊടുത്തെന്നും അദ്ദേഹം പോയ ഭാഗങ്ങൾ പുതുതായി ഉണ്ടാക്കിച്ചേൎത്തു നാടകം മുഴുവനാക്കി എന്നും ഐതിഹ്യം.

**ഹനുമന്മൂലമന്ത്രം**—ശാക്തേയരുടെ ഒരു മന്ത്രം.

**ഹംസൻ, ഡിംഭകൻ**—ജരാസന്ധന്റെ ഇഷ്ടന്മാരായ രണ്ടു യോദ്ധാക്കൾ. ബലരാമൻ ഹംസൻ എന്നുതന്നെ പേരുള്ള ഒരു രാജാവിനെ കൊന്ന വൎത്തമാനം കേട്ടിട്ടു അതു തന്റെ സഹോദരനായ ഹംസൻ ആണെന്നുവിചാരിച്ചു ഡിംഭകൻ ആത്മഹത്യചെയ്തു. ഹംസൻ ഇതറിഞ്ഞപ്പോൾ യമുനയിൽ മുങ്ങി മരിച്ചു.

**ഹംസം**—വിവേകത്തിന്റെ ഒരു ഉദാഹരണം. പാലും വെള്ളവും കൂട്ടിക്കലൎത്തിയാൽ പാൽ വേറുതിരിച്ചു കടിക്കാൻ കഴിയുമെന്നു സങ്കല്പം.

**ഹംസവിംശതി**—ശൃംഗാരരസപ്രധാനമായി ഇരുപതു കഥകൾ. കഥകൾ ഒരു ഹംസം പറയുന്നതായിട്ടാണ്. കൎണ്ണാടകത്തിൽ ഗദ്യമായി പരിഭാഷപ്പെടുത്തീട്ടുണ്ടു്.

**ഹംസസന്ദേശം**—കാളിദാസന്റെ മേഘസന്ദേശത്തെ അനുകരിച്ചു വേദാന്തദേശികൻ ഉണ്ടാക്കിയ ഒരു കാവ്യം. പമ്പാസരസ്സിന്റെ തീരത്തു ഒരു ഹംസത്തെ കണ്ടിട്ടു ശ്രീരാമൻ അതുമുഖാന്തരം സീതയ്ക്കയച്ച ഒരു സന്ദേശം.

**ഹയഗ്രീവൻ**—൧. വിഷ്ണു. . ഒരു കല്പാവസാനത്തിൽ ബ്രഹ്മാവു ഉറങ്ങുമ്പോൾ തന്റെ വായിൽനിന്നു പുറപ്പെട്ട വേദത്തെ മോഷ്ടിച്ചുകൊണ്ടുപോകയും അതിനാൽ മത്സ്യാവതാരത്തിൽ വിഷ്ണുവിനാൽ കൊല്ലപ്പെടുകയും ചെയ്ത ഒരു ദൈത്യൻ.

**ഹയശിരസ്സ്**—ഔൎവ്വന്റെ സമുദ്രത്തിലെറിയപ്പെട്ട കോപം.

**ഹരവിജയം**—ഒരു മഹാകാവ്യം. രാജാനകരത്നാകരൻ ഉണ്ടാക്കിയതു്.

**ഹരൻ**—൧. ശിവൻ. ൨. അഗ്നി.

**ഹരി**—൧. വിഷ്ണു. ൨. ഇന്ദ്രൻ. ൩. ശിവൻ. ൪. ബ്രഹ്മാവു്. ൫. യമൻ. ൬. സൂൎയ്യൻ. ൭. ചന്ദ്രൻ. ൮. ഇന്ദ്രന്റെ ഒരു കുതിര.

**ഹരിചന്ദ്രൻ**—സംസ്കൃതത്തിലെ അദ്യഗദ്യകാരനു. ഇങ്ങനെ ഒരാൾ ഉണ്ടായിരുന്നെന്നു ബാണൻ മുതലായവരുടെ പുസ്തകങ്ങളിൽ കാണുന്നതല്ലാതെ അയാളുടെ കൃതികളൊന്നുമില്ല. ജീവന്ധരചമ്പു ഈ ഗ്രന്ഥകൎത്താവിന്റെതെന്നുള്ള അഭിപ്രായം ശരിയല്ല.

**ഹരിദ്വാരം**—ശ്രുതിപ്പെട്ട തീർത്ഥം. ഗംഗയുടെ ഉത്ഭവസ്ഥാനം.

**ഹരിവംശം**—ഒരു കാവ്യം. ശ്രീകൃഷ്ണചരിതം. മഹാഭാരതത്തിന്റെ ഒരു ഭാഗമായി വിചാരിച്ചുവരുന്നു. ഒരു നൂതനകൃതിയുടെ ലക്ഷണങ്ങൾ ഉണ്ട്. ഇതിന്റെ ചുരുക്കമായ ഒരു കാവ്യം ഗോവിന്ദമഖി എഴുതീട്ടുണ്ട്. ഹരിവംശസാരചരിതം എന്നു പേർ.

**ഹരിവിലാസം**—ചോലംബരാജന്റെ ഒരു സംസ്കൃതകാവ്യം. ശ്രീകൃഷ്ണചരിതം അവതാരംമുതൽ ഉദ്ധവസന്ദേശം വരെ.

**ഹരിശ്ചന്ദ്രൻ**—സത്യത്തിന്നായി അനേകം കഷ്ടതകൾ സഹിച്ച സൂര്യകുലത്തിലെ ഒരു രാജാവ്. ത്രിശങ്കുവിന്റെ പുത്രൻ. രാജസൂയയാഗം കഴിച്ചു ഇന്ദ്രസ്വർഗ്ഗം പ്രാപിച്ചു എന്നു ഭാരതത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ മാർക്കണ്ഡേയപുരാണത്തിലാണ് ഹരിശ്ചന്ദ്രന്റെ ചരിത്രം വിവരമായി കൊടുത്തിരിക്കുന്നത്. കലാവിദ്യകൾ വിശ്വാമിത്രൻ അവരെ പഠിപ്പിക്കക്കൊണ്ടു വസനിച്ചു കരഞ്ഞതു കേട്ട സ്ത്രീവിലാപം ആണെന്നു വിചാരിച്ച്, കാട്ടിൽ വേട്ടചെയ്തുകൊണ്ടിരുന്ന ഹരിശ്ചന്ദ്രൻ അവരെ രക്ഷിക്കുന്നതിന്നായി ഓടിച്ചെന്നു. അതിനാൽ വിശ്വാമിത്രൻ കോപിച്ചു വിദ്യകളെ നശിപ്പിക്കയും അന്നുമുതൽ ഹരിശ്ചന്ദ്രന്റെ ശത്രുവായി തീരുകയും ചെയ്തു. (വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെ ഉപദ്രവിച്ചതു വസിഷ്ഠൻ ഒരിക്കൽ ഇന്ദ്രസഭയിൽവെച്ചു ഹരിശ്ചന്ദ്രൻ ബഹു സത്യവാനാണെന്നു പറഞ്ഞതു കളവാക്കാൻ വേണ്ടിയായിരുന്നെന്നു ഒരു കഥയുണ്ട്) വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെക്കൊണ്ടു കളവുപറയിച്ചു അദ്ദേഹത്തെ ഹീനപ്പെടുത്തുവാൻ വേണ്ടി അദ്ദേഹത്തിന്റെ രാജ്യവും ധനവും എല്ലാം അപഹരിച്ചശേഷം ഒരു വല്ക്കലവസ്ത്രം മാത്രമുള്ളവനായി ഭാര്യയോടും പുത്രനോടുംകൂടെ രാജ്യത്തിന്നു പുറത്താക്കി. എന്നുമാത്രമല്ല രാജാവായിരുന്നപ്പോൾ വിശ്വാമിത്രന്നു യാഗത്തിന്നു കൊടുക്കാമെന്നു പറഞ്ഞിരുന്ന അനവധി ധനവും കൊടുക്കണമെന്നു നിർബന്ധമായി. ആ കടം കൊടുത്തുതീർക്കേണ്ടുന്നതിന്നു ഹരിശ്ചന്ദ്രൻ തന്റെ ഭാര്യയെയും പുത്രനെയും ഒരു ബ്രാഹ്മണന്നും തന്നെത്തന്നെ ഒരു ചണ്ഡാളനും വിറ്റു കടംവീട്ടി. ഈയിടയിൽ സത്യഭംഗം ചെയ്യിച്ചു മുൻസ്ഥിതി പ്രാപിപ്പിക്കാൻ വിശ്വാമിത്രൻ പല യത്നങ്ങൾ ചെയ്തു. എന്നാൽ അവയെല്ലാം പ്രയോജനമില്ലാതെ പോയതേയുള്ളൂ. ചണ്ഡാളൻ ഹരിശ്ചന്ദ്രനെ ഒരു ശ്മശാനകാവൽക്കാരനാക്കി. ഇങ്ങനെ അദ്ദേഹം ഒരിക്കൽ ശ്മശാനം കാത്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ വിഷം തീണ്ടി മരിച്ച മകന്റെ ശവവും കൊണ്ടു ദഹിപ്പിക്കുന്നതിന്നായി അവിടെ ചെന്നു. അവർ അന്യോന്യം അറിഞ്ഞു എങ്കിലും തന്റെ യജമാനന്നു കിട്ടേണ്ടുന്ന പണംകിട്ടാതെ ബാലനെ ദഹിപ്പിക്കുവാൻ സമ്മതിക്കയില്ലെന്നു പറഞ്ഞു ഹരിശ്ചന്ദ്രൻ അവളെ മടക്കി അയച്ചു. അവൾ പണത്തിന്നായി മടങ്ങിപ്പോകുമ്പോൾ അവിടത്തെ രാജാവിന്റെ പുത്രനെ കൊന്നതു അവളാണെന്നു വിചാരിച്ചു രാജഭടർ അവളെ പിടിച്ചുകൊണ്ടുപോയി. അവളെ ശിരച്ഛേദം ചെയ്യണമെന്നു വിധിയുമുണ്ടായി. അവളെ കൊല്ലുന്നതിന്നായി രാജാവ് ആ ചണ്ഡാളനെ ഏല്പിച്ചു. ചണ്ഡാളൻ ഹരിശ്ചന്ദ്രനെയും ഏല്പിച്ചു. നിശ്ചയിക്കപ്പെട്ട സമയത്തു ഈശ്വരസ്മരണ ചെയ്തുകൊണ്ടു സത്യവാനായ ഹരിശ്ചന്ദ്രൻ നിർദ്ദോഷയായ തന്റെ ഭാര്യയെ കൊല്ലുന്നതിന്നായി വാളെടുത്തു കഴുത്തിന്നുവെട്ടി. എന്നാൽ അതു അവളുടെ കഴുത്തിന്മേൽ ഒരു പൂമാലയായി വീണു. അപ്പോൾ ദേവകളൊക്കെയും പ്രത്യക്ഷമായി ഹരിശ്ചന്ദ്രനെ അനുഗ്രഹിക്കയും പുത്രനെ ജീവിപ്പിക്കയും ചെയ്തു. ഹരിശ്ചന്ദ്രൻ വീണ്ടും രാജാവായി ഭാര്യയോടുകൂടെ വളരെക്കാലം വാ

ശേഷം സ്വൎഗ്ഗം പ്രാപിച്ചു. മലയാളത്തിൽ ഹരിശ്ചന്ദ്രചരിതം ആട്ടക്കഥയും മണിപ്രവാളവും ഗദ്യപ്രബന്ധവും പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

**ഹരിഹരൻ**—ശിവനും വിഷ്ണുവും യോജിച്ചതു്.

**ഹരിഹരപുത്രൻ**—മോഹിനിയിൽ ശിവന്റെ പുത്രൻ. അയ്യനാർ.

**ഹര്യശ്വൻ**—കുവലയാശ്വന്റെ പുത്രൻ. ധുന്ധു എന്ന രാക്ഷസനെ കൊന്നു.

**ഹര്യശ്വർ**—ലോകത്തിൽ ജനങ്ങളെ വൎദ്ധിപ്പിക്കുന്നതിനായി ദക്ഷൻ ജനിപ്പിച്ച ൧൦൦൦ പുത്രന്മാർ. നാരദൻ അവൎക്കു സന്താനേച്ഛയില്ലാതാക്കി തിരിച്ചുവരാതവണ്ണം അങ്ങുമിങ്ങും വെവ്വേറായി അയച്ചുകളഞ്ഞു.

**ഹൎഷചരിതം**—കന്യാകുബ്ജത്തിലെ ഹൎഷവൎദ്ധനരാജാവിന്റെ ചരിത്രം. ബാണൻ കൎത്താവു്. ഗദ്യമാണെങ്കിലും അധികവും വൎണ്ണനയാണു്.

**ഹലധരൻ (ഭൃൽ, ആയുധൻ)**—ബലരാമൻ.

**ഹസ്തിഗിരിചമ്പു**—ലക്ഷ്മീനാരായണന്മാരുടെ വിവാഹം വൎണ്ണിക്കുന്ന ഒരു സാംസ്കൃതചമ്പുകാവ്യം

**ഹസ്തിനാപുരം**—കൌരവരുടെ പ്രധാനനഗരം. ഗജാഹ്വയം, നാഗസാഹ്വയം, നാഗാഹ്വം, ഹാസ്തിനം എന്നും പേരുകളുണ്ടു്.

**ഹാലാഹലം**—സമുദ്രമഥനത്തിൽ കിട്ടിയ ഒരു മഹാ വിഷം. അതിന്റെ കഠോരതയാൽ സൎവ്വവും നശിക്കാൻ തുടങ്ങിയപ്പോൾ ശിവൻ അതിനെ ഭക്ഷിച്ചുകളഞ്ഞു.

**ഹാസ്യാൎണ്ണവം**—ഭിക്ഷുക്കളുടെ വേഷമെടുത്തു നടക്കയും ദുൎമ്മാൎഗ്ഗികളായി ജീവിക്കയും ചെയ്യുന്ന ബ്രാഹ്മണരെ നിഷ്കരുണം പരിഹസിക്കുന്നതിനായി ജഗദീശപണ്ഡിതർ ഉണ്ടാക്കിയ ഒരു ചെറിയ നാടകം

**ഹിഡിംബൻ**—ഭയങ്കരനും നരമാംസഭോജിയുമായ ഒരു രാക്ഷസൻ. പാണ്ഡവരെ വശീകരിച്ചു കൊണ്ടുവരുന്നതിനായി തന്റെ സഹോദരിയായ ഹിഡിംബയെ അയച്ചു എന്നാൽ ഭീമനെ കണ്ടപ്പോൾ അവൾക്കു അവനിൽ വളരെ അനുരാഗം ജനിക്കയാൽ അവർതമ്മിൽ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ ഹിഡിംബൻ വരികയും ഭീമനുമായി യുദ്ധംചെയ്കയും ഭീമൻ അവനെ കൊല്ലുകയുംചെയ്തു. ഭീമൻ തന്റെ അമ്മയുടെ അനുഗ്രഹപ്രകാരം ഹിഡിംബയെ വിവാഹംചെയ്തു. അവളിൽ ഘടോൽകചൻ എന്നൊരു പുത്രനുമുണ്ടായി.

**ഹിഡിംബാ**—൧. ഹിഡിംബന്റെ സഹോദരി. ഭീമന്റെ ഭാൎയ്യ. ൨. ഹനുമാന്റെ ഭാൎയ്യ.

**ഹിതോപദേശം**—നീതിമാൎഗ്ഗം പഠിപ്പിക്കുന്നതിനായി വിഷ്ണുശൎമ്മാവുണ്ടാക്കിയ ഒരു ശ്രുതിപ്പെട്ട കഥാപുസ്തകം. മിക്കഭാഷകളിലും തൎജ്ജിമ ചെയ്തിട്ടുണ്ടു്. ഇതു പഞ്ചതന്ത്രത്തിന്റെ ചുരുക്കമാണു്.

**ഹിമവാൻ**—ഹിമാലയപൎവ്വതം. മേനകയുടെ ഭൎത്താവു്. ഉമയുടെയും ഗംഗയുടെയും പിതാവു്.

**ഹിരണ്യകശിപു** — നരസിംഹാവതാരത്തിൽ വിഷ്ണു കൊന്ന ഒരു അസുരൻ.

**ഹിരണ്യഗൎഭം** — ൧. ബ്രഹ്മാവു ഒരു വൎഷം ഹിരണ്യഗൎഭ (പൊൻമുട്ട) ത്തിൽ ഇരുന്നശേഷം മുട്ടയുടെ തോടു രണ്ടായി ഭാഗിച്ചു ഒരുഭാഗംകൊണ്ടു സ്വൎഗ്ഗവും മറേറതുകൊണ്ടു ഭൂമിയും ഉണ്ടാക്കി. മദ്ധ്യത്തിൽ ആകാശവും അഷ്ടദിക്കുകളും മററും സ്ഥാപിച്ചു.

൨. പഞ്ചഗവ്യം നിറച്ച ഒരു പൊൻപാത്രത്തിൽ രാജാക്കന്മാർ ഇറങ്ങി സ്നാനവും ജപവും കഴിക്കുന്ന ഒരു ആചാരം. പാത്രത്തിൻെറയും മൂടിയുടെയും സ്വൎണ്ണം പുറവും നിന്നു മന്ത്രം ജപിക്കുന്ന ബ്രാഹ്മണൎക്കു ദാനം ചെയ്യും. രാജാവിനു ജാതിയിൽ ഉന്നത്യം സങ്കല്പം.

**ഹിരണ്യാക്ഷൻ** — വരാഹാവതാരത്തിൽ വിഷ്ണു കൊന്ന ദൈത്യൻ.

**ഹുതാശനപൌൎണ്ണമി** — കാമദേവനെ ദഹിപ്പിച്ച ദിവസം.

**ഹൃഷീകേശൻ** — വിഷ്ണു.

**ഹേമകൂടം** — ഹിമാലയത്തിനും മേരുവിനും മദ്ധ്യേയുള്ള ഒരു പൎവ്വതം.

**ഹേമകേശൻ** — ശിവൻ.

**ഹേമചന്ദ്രൻ** — ഒരു ജൈനകവി. ൧൨ാം ശതാബ്ദത്തിൽ സന്യസിച്ചു. ജ്വലിക്കുന്ന തീയിൽ കൈവീട്ടിയപ്പോൾ കൈ സ്വൎണ്ണമായതിനാൽ ഹേമചന്ദ്രൻ എന്നു പേരുണ്ടായി. കുമാരപാലരാജാവിൻെറ ചരിത്രമായ കുമാരപാലചരിത്രം കാവ്യവും അഭിധാനചിന്താമണി, ദേശികനാമമാല, അനേകാൎത്ഥമാല, ഛന്ദോനുശാസനം, അലങ്കാരചൂഡാമണി, ഇവയും ഉണ്ടാക്കീട്ടുണ്ടു്.

**ഹേമാദ്രി** — സുമേരുപൎവ്വതം.

**ഹേരംബൻ** — ഗണേശൻ.

**ഹൈമവതി** — ൧. പാൎവ്വതി. ൨. ഗംഗ.

**ഹൈഹയൻ** — ൧. യദുവിൻെറ പുത്രൻെറ പൌത്രൻ. ൨. കാൎത്തവീൎയ്യാൎജ്ജുനൻ.

**ഹോളിയുത്സവം** — മേഷായനത്തിനുമുമ്പു പതിനഞ്ചു ദിവസത്തെ ഉത്സവം. ശ്രീകൃഷ്ണൻ കാമദേവനായിട്ടു പൂജിക്കപ്പെടുന്നു. ദക്ഷിണേന്ത്യയിൽ കാമൻപണ്ടിക.

**ശുഭമസ്തു.**

# ശുദ്ധിപത്രം.

| പുറം | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 2 | 43 | വിരോധിയ | വിരോധിയാ |
| 3 | 38 | കയറിപ്പേ | കയറിപ്പോ |
| 4 | 26 | ഒരുപേര | ഒരുപേർ |
| 35 | 26 | ജെനേന്ദ്രാ | ജൈനേന്ദ്രാ |
| 36 | 30 | എന്ന് | എന്നിങ്ങനെ പല |
| 37 | 16 | സമ?ം | സ്മരേ |
| ടി | ടി | മഹാ ാതക | മഹാപാതക |
| ടി | 24 | വാസ്യ | വാസ്യ |
| 38 | 4 | സദ ശിവൻ | സദാശിവൻ |
| 39 | 28 | ജനനസമയ | ജനനസമയം |
| 40 | 30 | പ ട്ടം | പാട്ടം |
| 45 | 8 | മരണമില്ല യ്മയെ | മരണമില്ലായ്മയെ |
| 46 | 11 | ൻഭിര് | ൻഭിവ്വ |
| ടി | 20 | അല ബുഷാ | അലംബുഷാ |
| 48 | 17 | ആ സ്വാദ്യമായ | ആസ്വാദ്യമയമായ |
| ടി | 18 | വിലപി ിച്ച | വിലപിച്ച |
| ടി | 35 | വിര ട ാജാ | വിരാടരാജാ |
| 49 | 19 | ചന്ദ്രമഹാസേനൻെറ | ചന്ദ്രമഹാസേനൻെറ |
| 52 | 12 | ഹിമവാൻെറയു | ഹിമവാൻെറയും |
| 57 | 30 | സന്ദശ | സന്ദർശി |
| 62 | 31 | വധിക്കപ്പേട്ടു | വധിക്കപ്പെട്ടു |
| 64 | 10 | കുണ്ണപ്രവാരണർ | കണ്ണപ്രാവരണർ |
| 69 | 12 | പോക കാണട്ടെ | പോകവേണ്ടേ |
| ടി | 29 | പുത്രനു | പുത്രൻ |
| 72 | 16 | രുദ്ര സദാനന്ദൻെറ | രുദ്രാസദാനന്ദൻെറ |
| 73 | 25 | കിഷ്കിന്ധ്യം,...എന്നാം പറയും | (കിഷ്കിന്ധ്യം.....എന്നും പറയും) |
| ടി | 26 | വിര ട | വിരാട |
| 75 | 28-9 | ആദ്യത്തെ...മലയാളത്തിൽ | (ആദ്യത്തെ......മലയാളത്തിൽ) |
| ടി | 35 | ശ്വാസം..... മറ | (ശ്വാസം......മറ) |
| 76 | 6 | നിദ്രാപദം | നിദ്രപദം |
| 77 | 5 | പണ യിച്ചു | പണിയിച്ചു. |
| ടി | 7 | അതിരാത്രയജ്വാവു് | അതിരാത്രയജ്വാൻ |
| 79 | 35 | മെല്ല ം | മെല്ലാം |
| 80 | 13 | ച രുമതിയും | ചാരുമതിയും |
| 81 | 31 | ചരിത്രവും | ചരിതവും |
| ടി | 38 | നമ്പൂതിര | നമ്പൂതിരി |
| 84 | 35 | "The......city" | "The......story" |
| 85 | 3 | വില്വലാഭ | വില്വലംഭോദി |
| ടി | 23 | സംസപ്പാട്ടു് | ഹംസപ്പാട്ടു്. |

| പുറം വരി. | | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| ടി | 26 | ക്കോട്ടർ | ക്കോട്ടർ |
| 86 | 20 | രാജ്യത്തിൽക്രൂട | രാജ്യത്തിൽക്രൂടി |
| 88 | 24 | സവൃത്തതിലകം | സൂവൃത്തതിലകം |
| 91 | 32 | ഭഗവൽഗീതയൽ | ഭഗവൽഗീതയിൽ |
| 92 | 14 | കാട്ടത്തു | കൊട്ടത്തു |
| 93 | 23 | ഉവസ്സുവഃ | ഭുവസ്സുവഃ |
| 94 | 27 | ഫവ്യ ര | ഫവ്യത്ര |
| 99 | 7 | ഖ വായി | ഖാവായി |
| ടി | 18 | ഇ ി യും | ഇനി |
| ടി | 23 | ചമ്പ നഗരം | ചമ്പനഗരം |
| 102 | 11 | ത്തകി | ത്രകി |
| 104 | 22 | അ കി അ | അ |
| 105 | 16 | ബ്ര ഹ്മണ... | ബ്രാഹ്മണ... |
| ടി | 29 | അർജ്ജു ന്റെ | അർജ്ജുനന്റെ |
| 107 | 29 | അ ിമയാണെന്ന് | അടിമയാണെന്ന് |
| 108 | 2 | ആസ്തീകൻ | ആസ്തികൻ |
| ടി | 23 | പക്ഷിണി | പക്ഷി |
| 119 | 28 | എപ്പെ ഴം | എപ്പെഴം |
| 120 | 7 | ദ്രൻ | രുദ്രൻ |
| ടി | 23 | വിവ ഹം | വിവാഹം |
| 129 | 31 | പൃത | പൂരു |
| 131 | 14 | ഹ്രാസന്മാർ | ഹ്രസ്വന്മാർ |
| 133 | 30 | ജ ിക്ക യ ൽ | ജനിക്കയാൽ |
| 134 | 26 | ഒരസുര | ഒരസുരൻ |
| 136 | 1 | ന ിന്നട ത | നിന്നടത്ത |
| 137 | 25 | ഉഹാപോഹ | ഉഹാപോഹം |
| 141 | 10 | ഭ ഷാന്തരപ്പെട്ടത്തി | ഭാഷാന്തരപ്പെടുത്തി |
| 147 | 11 | ...കനെന്നും | ...കനെന്നും |
| ടി | 36 | കൊല്ലപ്പെട്ട | കൊല്ലപ്പെട്ട |
| 148 | 14 | പാറിയുള്ള | പ്പറിയുള്ള |
| ടി | 17 | മിത്രാവരുണന്മാരുടെ | മിത്രവരുണന്മാരുടെ |
| 151 | 22 | കല്ലേള ഞര | കല്ലേറുകളെര |
| ടി | 31 | ചതുർത്ഥ്യഷ്ഠി | ചതുർദശ്യഷ്ടി |
| 153 | 24 | വക്ത്രാൻ | വക്ത്രാ |
| 155 | 22 | കൊല്ലു യും | കൊല്ലുകയും |
| ടി | 24 | സ മന്ത ഞ്ചകം | സ്യമന്തപഞ്ചകം |
| 159 | 24-25 | കാദംബബരി | കദംബരി |
| 160 | 19 | പിള്ളെള്ളയാർ | പിള്ളയാർ |
| 166 | 9 | ഡ്ദർശനങ്ങളിൽ | ഷഡ്ദർശനങ്ങളിൽ |
| ടി | 25 | എന്നും | ...ദിരി എന്നും |
| 167 | 13 | ഉത്ഭവിച്ചതായിരി | ഉത്ഭവിച്ചതായിരിക്കാം |
| ടി | 25-26 | കുഞ്ഞന്റെ ന്റെ | കുഞ്ഞന്റെ |
| 170 | 5 | കച | കഥ |

| പുറം. | വരി. | അശുദ്ധം. | ശുദ്ധം. |
|---|---|---|---|
| 171 | 3 | തൃക്കള്ളിയൂർ | തൃക്കണ്ണിയൂർ |
| 172 | 30 | വിരോധിനിയായ | വിരോധിയായ |
| 173 | 3 | അദക്ഷൻ | അദ്ധ്യക്ഷൻ |
| 174 | 21 | സവിച്ചിരിക്കുമ്പോൾ | സേവിച്ചിരിക്കുമ്പോൾ |
| ടി | 33 | കൌരവനോട | കൌരവനോട |
| ടി | 42 | നിശാൻ | നിശധൻ |
| 180 | 35 | വ | വന |
| 181 | 3 | അത | അരി |
| ടി | 29 | ബ്രാഹ്മണ | ബ്രാഹ്മണി |
| 182 | 34 | കുദ്ര . . | ക്ഷുദ്ര . . |
| 187 | 41 | കാ ണം | കാരണം |
| 190 | 7 | മിശ | മീശ |
| ടി | 12 | പൃജായോഗ | പൂജായോഗ്യ |
| 195 | 16 | ത ാകത്തിൽ | തടാകത്തിൽ |
| 196 | 23 | മരത്ത്യമുഖൻ | മർത്ത്യമുഖൻ |
| 197 | 7 | കൂട്ട റുണ്ട് | കൂട്ടാറുണ്ട് |
| 200 | 7 | എന്ന ൽ | എന്നാൽ |
| ടി | 25 | പ്രവേശിച്ച | പ്രവേശിച്ചു |
| 203 | 19 | മഹ ജൻ | മഹീജൻ |
| 205 | 22 | മാന്ധാതാവു | മാന്ധാത്രി |
| ടി | 32 | മാന്ധാതാവ് | മാന്ധാത്രി |
| 213 | 9 | മരിച്ചാൽ | മരിച്ചവർ |
| ടി | 26 | ധർമ്മരജഃ | ധർമ്മരാജഃ |
| 214 | 11 | ശ മിഷ്ഠ | ശർമ്മിഷ്ഠ |
| ടി | 44 | ഭരദ്വ ജ ന്റെ | ഭരദ്വാജന്റെ |
| 215 | 2 | വൈരഭ ന്റെ | വൈരഭ്യന്റെ |
| 216 | 20 | മരു | ഒരു |
| 218 | 29 | ായാഗനിദ്ര | യോഗനിദ്ര |
| 224 | 32 | കൊണ്ടു പായതെന്നും | കൊണ്ടുപോയതെന്ന് |
| 225 | 13 | മാർത്ത ണ്ഡവർമ | മാർത്താണ്ഡവർമ്മ |
| ടി | 28 | പുതിയി ൽ | പുതിയക്കൽ |
| 228 | 11 | വ ല്യം | വാല്യം |
| 230 | 31 | രൌദ്രവ്യ | രൌദ്രവ്യം |
| 242 | 16 | എട്ടുകര ാ | എട്ടുകരമാ |
| 247 | 24 | രാമാനുജാച ര്യ ണ. | രാമാനുജാചാര്യരാണ. |
| 251 | 27 | ഗുരുർമഃ | ഗുരുർമതഃ |
| 254 | 39 | മന്ദാകി ീ | മന്ദാകിനീ |
| 255 | 35 | മഞ്ജി | മഞ്ജരി |
| 259 | 5 | പ ദങ്ങളിൽ | പാദങ്ങളിൽ |
| 260 | 7 | സിദ്ധപ്പെടുത്തുകയും | പ്രസിദ്ധപ്പെടുത്തുകയും |
| ടി | 10 | ര ജാവില്ലാ. | രാജാവില്ല. |
| ടി | 22 | ജംഭലമതനു | ജംഭലമതാൻ |
| 261 | 18 | റൊഖൊന്റെ | റെമ്പോന്റെ |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| ടി | 37 | കാട്ടി വെച്ച് | കാട്ടിൽവെച്ച് |
| 262 | 7 | ശിക്ഷാ കല്ലേം | ശിക്ഷാകല്ലോ |
| 264 | 17 | പ ട ല്ല | പാടില്ല. |
| ടി | 26 | അഷ്ടാ ധ്യായി | അഷ്ടാധ്യായി |
| 269 | 16 | ശ കടായനൻ | ശാകടായനൻ |
| 270 | 22 | ശ്ലോകങ്ങളു ട | ശ്ലോകങ്ങളുടെ |
| 274 | 29 | സമയ മായപ്പോൾ | സമയമായപ്പോൾ |
| 275 | 15 | യുദ്ധ ചെയ്കയും | യുദ്ധംചെയ്കയും |
| ടി | 25 | വിവ ഹങ്ങളും | വിവാഹങ്ങളും |
| 277 | 20 | കൃഷ്ണ ഷ്ടമി | കൃഷ്ണാഷ്ടമി |
| ടി | 22 | ദ മന്റെ | ദാമന്റെ |
| 278 | 20 | ഭ ക്തി മനായ | ഭക്തിമാനായ |
| 279 | 12 | ഷഡ്ത ലി | ഷഡ്ത്തിലി |
| ടി | 21 | ഷ ണ്മാത്തുരൻ | ഷാണ്മാത്തുരൻ |
| ടി | 31 | ഗെരീ | ഗൌരീ |
| 286 | 12 | വിവര ില്ല | വിവരമില്ല. |
| 291 | 30 | സു തി | സുമതി |
| 293 | 8 | മാൻവൃഞ്ജനീപതിഃ | മാല്യബ്ജിനീപതിഃ |
| 300 | 19 | ഭക്ഷിച്ചുകളഞ്ഞു്. | ഭക്ഷിച്ചുകളഞ്ഞു. |
| ടി | 35 | ഹ മവാൻ | ഹിമവാൻ |
| 301 | 19 | ദേശികനാമ | ദേശിനാമ |



TRAINING SCHOOL
KOTTAYAM
LOWER GRADE
123

123